# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂൺ 25, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 194-നമ്പർ 8

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

2024 ജൂൺ 25, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

**ഉള്ളടക്കം**


I **ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.)

II **നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്**

IIi **ശ്രദ്ധ ക്ഷണിക്കൽ**

മോട്ടോർ വാഹനമേഖല നേരിടുന്ന പ്രശ്നങ്ങൾ

- ശ്രീ. കടകംപള്ളി സുരേന്ദ്രൻ

IV **റിപ്പോർട്ട് സമർപ്പണം**

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ച് മുതൽ ഇരുപത്തിയെട്ടുവരെയുള്ള റിപ്പോർട്ടുകൾ

V **ധനകാര്യം**

2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർഥന നമ്പർ XIX - കുടുംബക്ഷേമം

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

2024 ജൂൺ 25, ചൊവ്വ

---

വാല്യം 194}　　ഔദ്യോഗിക റിപ്പോർട്ട്　　{നമ്പർ 8

---

നിയമസഭ 2024 ജൂൺ മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*211)

### മത്സ്യവിഭവ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം

1 (*211) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. വി. ജോയി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിക്കപ്പെട്ട മത്സ്യവിഭവ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കൗൺസിലുകൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനതല മാനേജ്മെന്റ് കൗൺസിലിൽ മത്സ്യഫെഡ്, മത്സ്യബോർഡ് പ്രതിനിധികളെക്കൂടി പ്രത്യേക ക്ഷണിതാക്കളാക്കാൻ നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ) മത്സ്യവിഭവ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനും സുസ്ഥിരമായി മത്സ്യസമ്പത്ത് പരിപാലിക്കുന്നതിനുംവേണ്ടിയുള്ള 1980-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിൽ (കെ.എം.എഫ്.ആർ.എ.) കാലോചിതമായ ഭേദഗതികൾ വരുത്തി ഗസറ്റ് വിജ്ഞാപനംവഴി ഒരു ത്രിതല സംവിധാനമായാണ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായിട്ടുള്ളത്. പ്രസ്തുത ത്രിതല സംവിധാനം നടപ്പാക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. ആയത് താഴെപ്പറയും പ്രകാരമാണ്.

എ. ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ

ബി. ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

സി. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും 211 മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ചും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ നിശ്ചിത

ഇടവേളകളിൽ യോഗങ്ങൾ ചേരുകയും തീരുമാനങ്ങൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ 'Marine Fishing Practices' എന്ന പദ്ധതിയുടെ ഒരു ഘടകമായ പരിശീലന ബോധവൽക്കരണ പരിപാടി (Training and Awareness Programme) പ്രകാരം 9 തീരദേശ ജില്ലകളിൽ 18 ബാച്ചുകളിലായി 540 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിനായി 7,00,000/- രൂപ (എഴ് ലക്ഷം രൂപ മാത്രം) ചെലവഴിച്ചു.

2022-23 സാമ്പത്തിക വർഷത്തിൽ 9 തീരദേശ ജില്ലകളിൽ 60 ബാച്ചുകളിലായി 2519 മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിര മത്സ്യബന്ധനം, മത്സ്യത്തൊഴിലാളികളുടെ സുരക്ഷ എന്നിവ സംബന്ധിച്ച ചട്ടങ്ങൾക്കും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും മത്സ്യത്തൊഴിലാളികളുടെ ഇടയിൽ പ്രചാരം നൽകുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. 12 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു.

2023-24 വർഷത്തിൽ 100 ബാച്ചുകളിലായി 5900 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി. ഇതിനായി 20 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) 2024-25 വർഷത്തിൽ കൗൺസിലുകളുടെ കാര്യക്ഷമമായ പ്രവർത്തനം ലക്ഷ്യമിട്ടുകൊണ്ട് ജില്ലാതല കൗൺസിലുകളിലെയും വില്ലേജുതല കൗൺസിലുകളിലെയും അംഗങ്ങളെ ഉൾപ്പെടുത്തിയുള്ള മൂന്ന് മേഖലാതല സെമിനാറുകൾ സംഘടിപ്പിക്കാനുദ്ദേശിക്കുന്നു. മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിന് മത്സ്യത്തൊഴിലാളികൾക്കും സാധാരണ ജനങ്ങൾക്കുമിടയിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിവിധതരം ബ്രോഷറുകൾ, ലഘുവീഡിയോകൾ എന്നിവ തയ്യാറാക്കി പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. കൂടാതെ കൗൺസിലിന്റെ പ്രധാന കർത്തവ്യമായ ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ പ്രാരംഭപ്രവർത്തനങ്ങളും നടത്തിവരുന്നു.

കൗൺസിലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) മത്സ്യബോർഡ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങളിലെ പ്രതിനിധികളെ സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ യോഗത്തിൽ പങ്കെടുപ്പിച്ചുവരുന്നു.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, 211 മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ നിലവിൽ വന്നെങ്കിലും അവയിലെ അംഗങ്ങൾക്ക് ഇതിന്റെ പ്രാധാന്യം മനസ്സിലായതായി തോന്നുന്നില്ല. അംഗങ്ങൾക്ക് കൗൺസിലുകളുടെ പ്രവർത്തനത്തെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിന് പ്രത്യേക പരിപാടികൾ ആവിഷ്കരിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടയുടൻ പ്രാദേശിക/ജില്ലാ തലങ്ങളിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള മാനേജ്മെന്റ് കൗൺസിലുകളിലെ അംഗങ്ങൾക്ക്

ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനും കഴിയുന്നതരത്തിൽ മേഖലാതലത്തിലും മത്സ്യഗ്രാമതലത്തിലും ബോധവൽക്കരണ സെമിനാറുകളും ചർച്ചാ ക്ലാസുകളും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. അതിലെ ആദ്യ ബോധവൽക്കരണ പരിപാടി ജൂലൈ മാസം തിരുവനന്തപുരത്തുവച്ച് നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. ഈ വർഷംതന്നെ ഇത്തരത്തിലുള്ള ബോധവൽക്കരണം എല്ലാ ജില്ലകളിലും നടപ്പാക്കുന്നതാണ്. കൂടാതെ 11 ഗ്രാമങ്ങളിൽക്കൂടി ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഉടൻ രൂപീകരിച്ച് എല്ലാ മത്സ്യഗ്രാമങ്ങളിലും സമിതികൾ നടപ്പിൽവരുത്തുകയും ചെയ്യും. മത്സ്യവിഭവ സംരക്ഷണത്തിന് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും അവരുടെ പരമ്പരാഗത അറിവ് പ്രയോജനപ്പെടുത്തി നൂതനമായ പദ്ധതികൾ അവിഷ്കരിച്ച് നടപ്പാക്കാനുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, കൃത്രിമപ്പാരുകൾ മത്സ്യസമ്പത്ത് സംരക്ഷണത്തിനും പരിപാലനത്തിനും എങ്ങനെയെല്ലാം സഹായകമാകും; ഇത് വടക്കൻ കേരളത്തിലേക്കുകൂടി വ്യാപിപ്പിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, പതിനായിരത്തോളം കൃത്രിമപ്പാര് യൂണിറ്റുകൾ തിരുവനന്തപുരം ജില്ലയിൽ സ്ഥാപിച്ചുകഴിഞ്ഞതിന്റെ ഫലമായി സമുദ്രമത്സ്യോല്പാദനത്തിൽ ഇപ്പോൾ നല്ല പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം, മനുഷ്യന്റെ ഇടപെടൽ എന്നിവമൂലം കടലിൽ മത്സ്യസമ്പത്തിന് കുറവ് നേരിടുന്നതും മത്സ്യബന്ധന യാനങ്ങളുടെ അനിയന്ത്രിതമായ വർധനവുമൂലമുണ്ടാകുന്ന പ്രയാസങ്ങളും മനസ്സിലാക്കിക്കൊണ്ടാണ് സർക്കാർ ഈ നടപടികളിലേയ്ക്ക് പോകുന്നത്. ഇതിന്റെ ഭാഗമായി ജി.പി.എസ്. അധിഷ്ഠിത ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിന് കൂടുതൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തേണ്ടതായും യാനങ്ങളുടെ എണ്ണത്തിലുള്ള വർധനവ് ക്രമീകരിക്കേണ്ടതായുമുണ്ട്. പതിനായിരത്തിലധികം കൃത്രിമപ്പാര് യൂണിറ്റുകൾ തിരുവനന്തപുരം ജില്ലയിൽ സ്ഥാപിച്ചതിന്റെ ഭാഗമായി ഇപ്പോൾ

നല്ല പുരോഗതി കൈവരിച്ചിട്ടുണ്ട്. വടക്കൻ ജില്ലകളിലും ഇത് സ്ഥാപിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം കിട്ടുന്നമുറയ്ക്ക് വടക്കൻ ജില്ലകളിലും ഇത് വ്യാപകമായി സ്ഥാപിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. ജോയി: സർ, നമുക്കെല്ലാം അറിയാവുന്നതുപോലെ ലോകത്തിലെ ഏറ്റവും കഠിനമായ ഒരു തൊഴിൽ മേഖലയാണ് മത്സ്യബന്ധന മേഖല. ഇത്രയും കഠിനമായ തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർ വേണ്ടത്ര ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാത്തതിനാലാണ് പല അപകടങ്ങളും മരണത്തിലേയ്ക്ക് നയിക്കുന്ന സ്ഥിതിയുണ്ടാകുന്നത്. ജീവൻരക്ഷാ ഉപകരണങ്ങളുടെ ആവശ്യകത, ഉപയോഗം എന്നിവയെക്കുറിച്ച് മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്?

ശ്രീ. സജി ചെറിയാൻ: സർ, ഇന്നലെ മുതലപ്പൊഴിയുമായി ബന്ധപ്പെട്ട ചർച്ചാവേളയിൽ അവിടെ മാത്രം സ്വീകരിച്ച നടപടികളെ സംബന്ധിച്ച്

ഞാൻ ഭാഗികമായി പറയുകയുണ്ടായി. നമ്മുടെ ഗവൺമെന്റ് വളരെ മികച്ച നിലയിലുള്ള ജീവൻരക്ഷാ പരിപാടികളാണ് കേരളത്തിന്റെ കടൽമേഖലയിലും മത്സ്യബന്ധന മേഖലയിലും സ്വീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട വിഷയം തന്നെയാണ്. മത്സ്യബന്ധനത്തിലേർപ്പെടുന്നവർക്ക് പലപ്പോഴും അപകടമുണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് ജീവൻരക്ഷാപ്രവർത്തനത്തിന് വലിയ പ്രാധാന്യമാണ് ഗവൺമെന്റ് കൊടുക്കുന്നത്. സർക്കാർ ആവിഷ്കരിക്കുന്ന സുരക്ഷാ പദ്ധതികളും സുരക്ഷയ്ക്കാവശ്യമായ സംവിധാനങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നില്ലെന്നതാണ് വസ്തുത. ഉദാഹരണത്തിന്, 40000 ലൈഫ് ജാക്കറ്റുകളും സൗജന്യമായി രണ്ടായിരത്തോളം ലൈഫ് ബോയകളും വിവിധ സുരക്ഷാ ഉപകരണങ്ങളും സംസ്ഥാന ഗവൺമെന്റിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതിയിലുൾപ്പെടുത്തി ഇതിനോടകം വിതരണം ചെയ്തു. മത്സ്യബന്ധനത്തിനുശേഷം കരയിലേയ്ക്ക് തിരിച്ചുവരുന്ന സമയത്തും മത്സ്യബന്ധനത്തിന് കടലിലേയ്ക്ക് പോകുന്ന സ്ഥലത്തും വച്ചാണ് ഏറ്റവും

കൂടുതൽ അപകടങ്ങളുണ്ടാകുന്നത്. മത്സ്യത്തൊഴിലാളി സംഘടനകളുടെ യോഗങ്ങളെക്കുറിച്ച് എന്തെല്ലാം ആക്ഷേപം പറഞ്ഞാലും അവരുടെ യോഗങ്ങളിൽ ഏറ്റവും പ്രാധാന്യത്തോടെ ഞാൻ പറഞ്ഞ ഒരു കാര്യം, മത്സ്യബന്ധനത്തിന് പോകുമ്പോഴും മത്സ്യം പിടിച്ച് തിരിച്ചുവരുമ്പോഴും ലൈഫ് ജാക്കറ്റ് ഉപയോഗിക്കണമെന്നതാണ്. പക്ഷേ ഭൂരിപക്ഷം മത്സ്യത്തൊഴിലാളികളും അത് ഉപയോഗിക്കാറില്ല. മത്സ്യബന്ധന യാനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്ത് സുരക്ഷാ ഉപകരണങ്ങൾ നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുമ്പോൾ ഇവ കൊണ്ടുപോകുകയോ കൃത്യമായി ഉപയോഗിക്കുകയോ ചെയ്യുന്നില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇത് ഉപയോഗിച്ചാൽ മരണത്തിൽനിന്നും രക്ഷപ്പെടാൻ കഴിയുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ജീവൻരക്ഷാ ഉപകരണങ്ങളെ സംബന്ധിച്ച് മതിയായ ബോധവൽക്കരണം നൽകുന്നതിനുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് ലഘുലേഖകളും ചെറുവീഡിയോകളും തയ്യാറാക്കി മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ

തീരപ്രദേശത്ത് നടപ്പാക്കിവരുന്നു. കൂടുതൽ കാര്യക്ഷമമായി അവ നടപ്പാക്കാനുള്ള പദ്ധതികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. നടപ്പുവർഷം ഇത്തരത്തിലുള്ള സുരക്ഷയെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലഘുലേഖകളും വീഡിയോകളും തയ്യാറാക്കി മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിനും കൂടുതൽ പ്രാദേശികമായ തലത്തിലേയ്ക്ക് സമിതികളടക്കം രൂപീകരിച്ചുകൊണ്ട് അപകടരഹിതമായ മത്സ്യബന്ധനമെന്ന കാഴ്ചപ്പാടിലേയ്ക്ക് മത്സ്യത്തൊഴിലാളിയെ എത്തിക്കുന്നതിനുമുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. അതിന് എല്ലാവരുടെയും സഹകരണം ആവശ്യമാണ്.

ശ്രീ. പി. നന്ദകുമാർ: സർ, വിദേശരാജ്യങ്ങളിലും മറ്റും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി മത്സ്യബന്ധന ദിനത്തിലും യാനങ്ങളുടെ എണ്ണത്തിലും നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ ട്രോളറുകളുപയോഗിച്ചുള്ള മത്സ്യബന്ധനത്തിൽനിന്നും വിഭിന്നമായി പ്രത്യേകയിനം മത്സ്യങ്ങളെമാത്രം ലക്ഷ്യംവച്ചുള്ള ടാർജറ്റഡ് ഫിഷിംഗിനും പ്രാധാന്യം നൽകിവരികയാണ്. ഇതരമത്സ്യങ്ങൾക്കും മത്സ്യസമ്പത്തിനും

കോട്ടംവരാത്ത മത്സ്യബന്ധന രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, കാലാവസ്ഥാ വ്യതിയാനവും മനുഷ്യന്റെ ഇടപെടലുംമൂലം കടലിൽ മത്സ്യസമ്പത്തിന് കുറവ് നേരിടുന്നുണ്ട്. കേരളത്തിലെ ഉൾനാടൻ മത്സ്യോൽപാദനം 2021-22-ൽ 2.25 ലക്ഷം മെട്രിക് ടണ്ണും 2022-23-ൽ 2.29 ലക്ഷം മെട്രിക് ടണ്ണുമായിരുന്നത് 2023-24-ൽ 2.51 ലക്ഷം മെട്രിക് ടണ്ണായി വർധിച്ചത് സംസ്ഥാന ഗവൺമെന്റിന്റെ ഒരു വലിയ നേട്ടമാണ്. അതുപോലെ കടൽ മേഖലയിലും വർധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങളുടെ അനിയന്ത്രിതമായ വർധനവുമൂലം ദിനംപ്രതി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന മത്സ്യത്തിന്റെ അളവിലും കുറവ് വരുന്നുണ്ട്. മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പ്രകൃതിദത്ത പവിഴപ്പുറ്റും പാരുകളും മത്സ്യത്തിന്റെ പ്രജനന കേന്ദ്രങ്ങളും മത്സ്യലഭ്യതയുടെ പ്രധാന കേന്ദ്രങ്ങളുമായാണ് കണക്കാക്കുന്നത്. മത്സ്യസമ്പത്തിന്റെ വർധനവിന് ഇത്തരത്തിലുള്ള ആവാസ വ്യവസ്ഥകൾ

സംരക്ഷിക്കുന്നതും കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതും ഉത്തമമാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് സമുദ്രജീവികൾക്ക് ആവാസ വ്യവസ്ഥകൾ സൃഷ്ടിക്കുന്നതിന് കൃത്രിമപ്പാരുകളും മറ്റും സൃഷ്ടിച്ച് മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനും വൈവിധ്യം നിലനിർത്തുന്നതിനും സംസ്ഥാന സർക്കാർ മുൻകൈയെടുത്തിട്ടുള്ളത്. കൃത്രിമപ്പാരുകൾ മത്സ്യത്തെ ആകർഷിക്കുക മാത്രമല്ല മത്സ്യങ്ങൾക്ക് അഭയം, പ്രജനന കേന്ദ്രങ്ങൾ, തീറ്റ കണ്ടെത്തൽ സൗകര്യങ്ങൾ എന്നിവ നൽകുന്നു. ആത്യന്തികമായി പ്രാദേശിക മത്സ്യങ്ങളുടെ വളർച്ചയ്ക്ക് പിന്തുണ നൽകുന്ന ഒന്നാണിത്. ഇത് ആവാസവ്യവസ്ഥയുടെ മൊത്തത്തിലുള്ള ആരോഗ്യത്തെ സ്വാധീനിക്കുകയും മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ ഉപജീവനത്തിന് പ്രയോജനപ്പെടുകയും ചെയ്യുന്നു. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം നേരിട്ടുപോയി പിടിച്ചുകൊണ്ടുവരാൻ സാധിക്കുന്ന ഒരു വ്യവസ്ഥ കൃത്രിമപ്പാരുകൾ സൃഷ്ടിച്ച് നൽകുന്നു. കൃത്രിമപ്പാര് പദ്ധതിയുടെ വിജയത്തിന് പ്രാദേശികമായ ഇടപെടൽ അത്യന്താപേക്ഷിതമാണ്. മത്സ്യത്തൊഴിലാളി സംഘടനകൾ,

സർക്കാർ ഏജൻസികൾ എന്നിവയുടെ സഹായത്തോടുകൂടിയാണ് സംസ്ഥാനത്ത് ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പാക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, പതിനായിരത്തോളം കൃത്രിമപ്പാരുകൾ ഇതിനോടകം നിക്ഷേപിച്ചുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. എം. വിജിൻ: സർ, മത്സ്യത്തൊഴിലാളികളുടെ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും കടൽ സുരക്ഷയെ സംബന്ധിച്ച ബോധവൽക്കരണത്തിനുമായി പ്രത്യേക ലഘുവീഡിയോ തയ്യാറാക്കുമെന്ന് അങ്ങ് പറയുകയുണ്ടായി. ഇതിന് അനിമേറ്റഡ് വീഡിയോ കുറച്ചുകൂടി പ്രയോജനപ്പെടുത്താൻ സാധിക്കുന്ന ഒന്നല്ലേ; 'നമ്മളും കൃഷിയിലേയ്ക്ക് ' എന്ന പദ്ധതി പരിചയപ്പെടുത്തുന്നതിന് ഗവൺമെന്റ് 'ചില്ലു' എന്ന അണ്ണാറക്കണ്ണനെ ഭാഗ്യചിഹ്നമായി ഉപയോഗിച്ചിട്ടുണ്ട്. ഈ ബോധവൽക്കരണ പദ്ധതിക്ക് കടൽജീവികളെ ഇത്തരത്തിൽ ഭാഗ്യചിഹ്നമായി പ്രയോജനപ്പെടുത്താൻ സാധിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, 'നമ്മളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി വളരെ വിജയകരമായി കേരളത്തിൽ മുന്നോട്ടുപോകുകയാണ്. അതിന്റെ ഭാഗ്യചിഹ്നമായ 'ചില്ല' അണ്ണാനെ പരിചയപ്പെടുത്തുന്ന മാതൃകയിൽ കടലിലെ ഏറ്റവും ബുദ്ധിയുള്ളതും മനുഷ്യരുമായി ഏറ്റവും അടുത്ത് ഇടപെടുന്നതുമായ ഡോൾഫിനെ മത്സ്യത്തൊഴിലാളികളുടെ കടൽസുരക്ഷാ ബോധവൽക്കരണത്തിന് പ്രയോജനപ്പെടുത്താനാണ് ഇപ്പോൾ ആലോചിക്കുന്നത്. ലൈഫ് ജാക്കറ്റ് അണിഞ്ഞ ഡോൾഫിൻ കടൽ സുരക്ഷയെക്കുറിച്ച് പറയുന്ന ചെറുവീഡിയോകളും തയ്യാറാക്കി ഇപ്പോൾ ലക്ഷ്യത്തിലേയ്ക്കെത്താൻ ശ്രമിക്കുകയാണ്.

<u>ശ്രീമതി ദെലീമ</u>: സർ, പ്രതികൂല കാലാവസ്ഥയും കള്ളക്കടൽ പ്രതിഭാസവുംമൂലം കുറച്ചുകാലം മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാതെ ബുദ്ധിമുട്ടിലായ മത്സ്യത്തൊഴിലാളികളെ ട്രോളിംഗ് കാലത്ത് സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, സംസ്ഥാനത്ത് ഇപ്പോൾ ട്രോളിംഗ് നടന്നുവരികയാണ്. ജൂൺ 10 മുതൽ ജൂലൈ 31 വരെയുള്ള 52 ദിവസക്കാലം

ട്രോൾ വലകൾ ഉപയോഗിക്കുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങൾക്കാണ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. പരമ്പരാഗതമായ മത്സ്യബന്ധന യാനങ്ങൾക്ക് ഈ നിരോധനം ബാധകമല്ല. ട്രോളിംഗ് നിരോധനക്കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകിവരുന്നു. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 4500 രൂപ അനുവദിച്ചതിലെ ആദ്യ ഗഡുവായ 1500 രൂപ ഇതിനകം നൽകിക്കഴിഞ്ഞു.

ശ്രീ. സി. ആർ. മഹേഷ്: സർ, കാലാവസ്ഥാ മുന്നറിയിപ്പ് കാരണം തൊഴിലിനുപോകാൻ സാധിക്കാത്ത ഏക മേഖലയാണ് മത്സ്യമേഖല. കാലാവസ്ഥാ മുന്നറിയിപ്പും മറ്റ് കാരണവും നിമിത്തം ഒരു വർഷം 100 ദിവസംപോലും മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നില്ലെന്നുള്ളത് യാഥാർഥ്യമാണ്. കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്ന ദിവസങ്ങളിൽ

ഇവർക്ക് ജീവിക്കാൻവേണ്ട സഹായം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ 136 കോടി രൂപയാണ് കടലിൽ പോകാൻ സാധിക്കാത്ത ദിവസങ്ങളിൽ ദിനംപ്രതി 200 രൂപ കണക്കാക്കി ഗവൺമെന്റ് നൽകിയത്. കൂടാതെ സമ്പാദ്യ സമാശ്വാസ പദ്ധതിയായ 4500 രൂപയിലെ 1500 രൂപ ആദ്യംതന്നെ നൽകിക്കഴിഞ്ഞു. കൂടാതെ സൗജന്യമായി റേഷനും നൽകിവരുന്നു. സർക്കാരിന് ചെയ്യാവുന്ന പരമാവധി സഹായങ്ങൾ ഈ മേഖലയിൽ നിലവിൽ ചെയ്യുന്നുണ്ട്. അത് കുറച്ചുകൂടി കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്.

ശ്രീ. ആന്റണി രാജു: സർ, അപകടം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായം ലഭിക്കുന്നതിന് ഇൻഷ്വറൻസ് ആവശ്യമാണ്. സാമ്പത്തിക പരാധീനതയും മറ്റ് പല കാരണങ്ങളാലും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പലപ്പോഴും ഇൻഷ്വറൻസ് പ്രീമിയം കൃത്യസമയത്ത് അടയ്ക്കാത്തതുമൂലം മരണമടയുന്ന

കുടുംബങ്ങൾക്ക് ധനസഹായം ലഭിക്കാറില്ല. ഇത്തരം സന്ദർഭങ്ങളിൽ പലപ്പോഴും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയെയാണ് ആശ്രയിക്കുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് പ്രീമിയം ഫിഷറീസ് ഡിപ്പാർട്ടുമെന്റ് അടയ്ക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ക്ഷേമനിധി ബോർഡുവഴിയുള്ള 10 ലക്ഷം രൂപയുള്ള ഇൻഷ്വറൻസിന്റെ മുഴുവൻ പ്രീമിയവും അടയ്ക്കുന്നത് സർക്കാരാണ്. മത്സ്യഫെഡ് വഴിയുള്ള 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസിന്റെ ഏറ്റവും കൂടിയ പ്രീമിയം 500 രൂപയാണ്. ഇപ്പോൾ ഒരു മത്സ്യത്തൊഴിലാളി 500 രൂപ അടച്ചാൽ 20 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗംകൂടി പങ്കെടുത്തുകൊണ്ടാണ് ഒരു അദാലത്ത് സംഘടിപ്പിച്ചത്. ഞാൻ അതിനെക്കുറിച്ച് ഇവിടെ വിശദീകരിച്ചു. ഏതാണ്ട് 16 കോടിയോളം രൂപ നൽകിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ 20 ലക്ഷം രൂപയുടെ ക്ലെയിം നൽകാൻ നമുക്ക് കഴിയും. ഇത്രയും സൗജന്യമായി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടും നല്ലൊരു ശതമാനം മത്സ്യത്തൊഴിലാളികളും ഇപ്പോഴും അതിൽ അംഗമാകാൻ

തയ്യാറാകുന്നില്ലെന്നുള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. അപകട മരണങ്ങളുടെ ലിസ്റ്റ് പരിശോധിച്ചാൽ കുറെ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ലഭിക്കാത്തതിന്റെ കാരണം ഇതാണ്. ഇന്നലെ ബഹുമാനപ്പെട്ട ശ്രീ. എം. വിൻസെന്റ് ഇവിടെ പറഞ്ഞു, ഒരു വീട്ടിലെ രണ്ടുമക്കൾ മരണപ്പെട്ടു. ആ രണ്ട് മക്കൾക്കും ഇൻഷ്വറൻസില്ല. അതുകൊണ്ട് മുഖ്യമന്ത്രിയുടെ സി.എം.ഡി.ആർ.എഫ്.-ൽ നിന്നും ചെറിയ സഹായം നൽകി. മറ്റൊരു ദിവസം അവിടെ നാലുപേർ മരണപ്പെട്ടു. അവർക്കും ഇൻഷ്വറൻസ് ക്ലെയിമില്ല. അവർക്കും ഓരോ ലക്ഷം രൂപ വീതം നൽകി. എല്ലാവരും ചേർന്ന് ഇവരെ ബോധവൽക്കരിച്ച് 20 ലക്ഷം രൂപയുടെ പദ്ധതിക്കകത്ത് ഇവരെയുംകൂടി ഉൾപ്പെടുത്തുകയെന്നതാണ് ഏറ്റവും പരമപ്രധാനമായി ചെയ്യേണ്ടത്. മത്സ്യഫെഡ് ഇപ്പോൾ ചെറിയ പ്രീമിയമാണ് വാങ്ങുന്നത്. അത് എങ്ങനെ ഒഴിവാക്കാൻ സാധിക്കുമെന്നതിനെക്കുറിച്ചുള്ള പരിശോധന ഗവൺമെന്റ് ഇപ്പോൾ നടത്തുന്നുണ്ടെന്ന കാര്യവും പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, മുൻകാലങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ വറുതിക്കാലം ജൂൺ-ജൂലൈ മാസങ്ങളിലായിരുന്നു. എന്നാൽ ആഗോള താപനത്തിന്റെ ഭാഗമായി വേനൽക്കാലത്തുപോലും വറുതിയാണ്. ഇത്തരം സന്ദർഭങ്ങളിൽ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ മത്സ്യവിഭവ മാനേജ്മെന്റ് കൗൺസിലിന്റെ പ്രവർത്തനംകൊണ്ട് സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിലെ പട്ടികജാതി-പട്ടികവർഗ ജനവിഭാഗത്തെക്കാളും കുറച്ചുകൂടി പിന്നോക്കാവസ്ഥയിലുള്ള ഒരു ജനവിഭാഗമാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ. പ്രസ്തുത സാഹചര്യത്തിൽ അവരെ സാമൂഹ്യമായും സാമ്പത്തികമായും വളർത്തേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. ഇക്കഴിഞ്ഞ ഏഴെട്ട് വർഷക്കാലം ഈ രണ്ട് ഗവൺമെന്റുകളും അവരെ സാമ്പത്തികമായും സാമൂഹ്യമായും ഉയർത്താനാണ് ശ്രമിച്ചത്. വറുതിക്കാലം എന്നുപറയുന്നത് ജൂൺ-ജൂലൈ മാസം മാത്രമല്ല, 12 മാസവും അവർക്ക് ഭവനനിർമ്മാണ പദ്ധതികൾ,

സുരക്ഷാ പദ്ധതികൾ, അവർക്കുള്ള സാമ്പത്തിക സഹായങ്ങൾ, വ്യക്തിഗത ആനുകൂല്യങ്ങൾ എന്നിവയെല്ലാം കൊടുത്തിട്ടുണ്ട്. കഴിഞ്ഞ 7 വർഷക്കാലമായി 12,000 കോടി രൂപ മത്സ്യത്തൊഴിലാളികൾക്ക് നൽകിയ ഒരു സംസ്ഥാനമാണ് കേരളം. അതൊരു വിട്ടുവീഴ്ചയുമില്ലാതെ തുടരുമെന്ന കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, കഴിഞ്ഞ വർഷം തീരദേശ നിയമസഭാ മണ്ഡലങ്ങളിൽ തീരസദസ്സ് സംഘടിപ്പിക്കുകയുണ്ടായി. വളരെ ആഘോഷപൂർവമാണ് അത് സംഘടിപ്പിച്ചത്. മത്സ്യത്തൊഴിലാളികൾ സജീവമായി പങ്കെടുത്ത സദസ്സായിരുന്നു അത്. അങ്ങ് ആദ്യന്തം സജീവമായി ആ സദസ്സിൽ പങ്കെടുത്തിരുന്നു. ഒട്ടനവധി നിർദേശങ്ങളും ആവശ്യങ്ങളും അന്ന് ആ സദസ്സിൽ ഉന്നയിച്ചിരുന്നു. എന്നാൽ പല കാര്യങ്ങളും ഇപ്പോഴും നടന്നിട്ടില്ല. അന്ന് പറഞ്ഞ വിലപ്പെട്ട അഭിപ്രായങ്ങളും നിർദേശങ്ങളും നടപ്പാക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, അങ്ങയുടെ ചോദ്യം പ്രതീക്ഷിച്ചതാണ്. കാരണം, അത് മറുപടി പറയേണ്ടൊരു ചോദ്യം തന്നെയാണ്. ഈ

ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ ആദ്യമായി തീരദേശ ജനതയുടെ ഉന്നമനത്തിനും വികസനത്തിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം നടപ്പാക്കിയ ഒരു പദ്ധതിയാണിത്. തീരസദസ്സിൽ ധാരാളം വൻകിട പദ്ധതികൾ നിർദേശിച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. പ്രസ്തുത പദ്ധതികൾ ഘട്ടംഘട്ടമായി പരിശോധിച്ച് നടപ്പാക്കുന്നതാണ്. പക്ഷേ ഒരു കാര്യം ഞാൻ അഭിമാനത്തോടെ പറയുകയാണ്, തീരസദസ്സുവഴി 25150 പരാതികൾ ലഭിച്ചതിലെ 24785 പരാതികൾക്ക് ഫിഷറീസ് വകുപ്പുവഴി പരിഹാരം കാണാൻ തീരുമാനമെടുത്തിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങളെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. വ്യക്തിപരമായി നൽകിയ പരാതികളിൽ 90 ശതമാനത്തിൽ കൂടുതൽ പരാതികൾ പരിഹരിച്ച് സാമ്പത്തിക സഹായം നൽകിയ ഒരു ഗവൺമെന്റാണിത്; അതാണ് തീരസദസ്സിന്റെ വിജയവും. അതിൽ പറഞ്ഞിട്ടുള്ള ചില പ്രധാനപ്പെട്ട പ്രവൃത്തികളെല്ലാം ഓരോ വകുപ്പിനും കൈമാറിയിട്ടുണ്ട്. സ്കൂൾ, പാലം, റോഡ് എന്നിവ പണിയേണ്ടതായിട്ടുണ്ട്. നമ്മുടെ സാമ്പത്തിക പരിധിക്കുള്ളിൽനിന്നുകൊണ്ട്

ഓരോ വകുപ്പും അത്തരം കാര്യങ്ങൾ പരിശോധിക്കുകയും അതിനുവേണ്ടി സമ്മർദം ചെലുത്തുകയും ചെയ്യുന്നുണ്ട്. ഇതിൽ സർക്കാരിന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നതാണ്. തീരസദസ്സ് ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും വിജയകരവുമായ ഒരു പദ്ധതിയായിരുന്നുവെന്ന് ഞാൻ അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുകയാണ്.

**കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് ഫലപ്രദമായ നടപടികൾ**

2 (*212) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങളുടെ ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ അത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള ശാസ്ത്രീയ മാർഗങ്ങൾ നടപ്പാക്കുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണം സ്ഥിരമായി ഉണ്ടാകുന്നിടത്ത് റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.റ്റി.)-

ന്റെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് വിവിധ കർമ്മ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. വന്യമൃഗങ്ങളുടെ സംരക്ഷണത്തിനും ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമാവശ്യമായ കാഴ്ചപ്പാടോടുകൂടിയാണ് ഈ നടപടികൾ സ്വീകരിച്ചുവരുന്നത്. വന്യമൃഗങ്ങളുടെ സാന്നിധ്യമുള്ള ജനവാസ മേഖലയോടുചേർന്ന് സൗരോർജവേലി, ട്രഞ്ച്, ജൈവവേലികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതികളിലൂടെയും ജനജാഗ്രതാ സമിതികളിലൂടെയും കൃത്യമായ ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകുകയും മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുള്ള മേഖലകളിൽ വാച്ചർമാരെ നിയോഗിക്കുകയും നിരീക്ഷണം ശക്തമാക്കുകയും കാടിറങ്ങുന്ന വന്യമൃഗങ്ങളെ ഫലപ്രദവും ശാസ്ത്രീയവുമായ രീതിയിൽ തിരികെ

വനത്തിലേയ്ക്ക് സുരക്ഷിതമായി മടക്കി അയയ്ക്കുകയും ചെയ്തുവരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

(ബി) മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ശാസ്ത്രീയ മാർഗങ്ങൾ വനം വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേയ്ക്ക് തിരികെ വിടുന്നതിന് വാച്ചർമാരെ നിയോഗിച്ചും മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും മൃഗങ്ങൾക്ക് വനത്തിനകത്ത് ജലലഭ്യതയും ഭക്ഷണവും ഉറപ്പുവരുത്തുന്നതിനും വനത്തിനകത്ത് കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നുണ്ട്. വനാതിർത്തികളിൽ സൗരോർജവേലികൾ, സൗരോർജ തൂക്കുവേലികൾ, ആനക്കിടങ്ങുകൾ,

ആനപ്രതിരോധ മതിലുകൾ, ജൈവ വേലികൾ എന്നിവ നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്. വന്യമൃഗ സാന്നിധ്യത്തെക്കുറിച്ച് എസ്.എം.എസ്. സിസ്റ്റം വഴി ജാഗ്രതാ നിർദേശം നൽകി അപകടസാധ്യത ഒഴിവാക്കുന്നുണ്ട്. വന്യമൃഗ ആക്രമണം ഒഴിവാക്കുന്നതിനായി പ്രദേശവാസികളും വാച്ചർമാരും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ജനവാസമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജനവാസമേഖലയിലേയ്ക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദമുണ്ടാക്കിയും വെളിച്ചം കാണിച്ചും കാട്ടിലേയ്ക്ക് തിരികെവിടുന്നതിന് ആധുനിക Animal Intrusion Detection and Repellent System (ANIDERS) Alarm പ്രയോജനപ്പെടുത്തിവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷമുണ്ടാകുന്ന മേഖലകളിൽ നബാർഡ്–ആർ.ഐ.ഡി.എഫ്. തുടങ്ങിയ പദ്ധതികളിലുൾപ്പെടുത്തി സൗരോർജവേലികൾ, സൗരോർജ തൂക്കുവേലികൾ, ആനക്കിടങ്ങുകൾ എന്നിവ കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിക്കാനുള്ള വിശദമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് 'സർപ്പ' എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്.

മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലുള്ള സ്ഥലങ്ങളിൽ ആർ.ആർ.റ്റി.-യുടെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ വനം വകുപ്പിലെ വിവിധ ഡിവിഷനുകളിലായി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് (താമരശ്ശേരി), വയനാട് (സുൽത്താൻ ബത്തേരി), കൽപ്പറ്റ, നിലമ്പൂർ, മണ്ണാർക്കാട്, അട്ടപ്പാടി, പാലക്കാട്, ചാലക്കുടി, പീരുമേട്, മൂന്നാർ, റാന്നി, പുനലൂർ, പേപ്പാറ എന്നിവിടങ്ങളിലായി 15 ആർ.ആർ.റ്റി.-കൾ പ്രവർത്തിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷം 07-03-2024-ലെ G.O.(Ms)04/2024/DMD പ്രകാരം “സംസ്ഥാന സവിശേഷ ദുരന്ത”മായി പ്രഖ്യാപിച്ച സാഹചര്യത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ആർ.ആർ.റ്റി. സംവിധാനം ശാക്തീകരിക്കുന്നതിനായി

നിലവിലുള്ള ആർ.ആർ.റ്റി.-കൾക്കുപുറമേ 31-05-2024-ലെ സർക്കാർ ഉത്തരവ് (കൈ) നം. 23/2024/വനം പ്രകാരം തിരുവനന്തപുരം, പുനലൂർ, കോട്ടയം, മാങ്കുളം, കോതമംഗലം, ചാലക്കുടി, നെന്മാറ, നിലമ്പൂർ സൗത്ത്, നോർത്ത് വയനാട് എന്നീ വനം ഡിവിഷനുകളിൽ 9 ആർ.ആർ.റ്റി.-കൾകൂടി രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം വനം വകുപ്പിൽ നിലവിൽ സ്ഥിരവും താൽക്കാലികവുമായി 28 ആർ.ആർ.റ്റി.-കൾ പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: സർ, വളരെ നല്ല കാര്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടിയായി പറഞ്ഞത്. അതിനാൽ പ്രത്യേകിച്ച് ഒരു ചോദ്യത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ആലപ്പുഴ ജില്ലയിൽ മാത്രമാണ് വനമില്ലാത്തത്. ബാക്കിയുള്ള എല്ലാ ജില്ലകളിലും വനമുണ്ട്. ഞങ്ങളുടെ സഹോദരങ്ങളും പ്രിയപ്പെട്ടവരുമെല്ലാം താമസിക്കുന്നത് മലയോരപ്രദേശങ്ങളിലാണ്.

മി. സ്പീക്കർ: സ്റ്റേറ്റ്മെന്റല്ല പറയേണ്ടത്. ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. തോമസ് കെ. തോമസ്: സർ, സ്റ്റേറ്റ്മെന്റല്ല, കാര്യംകൂടി പറഞ്ഞാലല്ലേ മനസ്സിലാകുകയുള്ളൂ.

മി. സ്പീക്കർ: ചർച്ചയിലാണ് അത് പറയേണ്ടത്, ചോദ്യോത്തരവേളയിൽ അല്ല.

ശ്രീ. തോമസ് കെ. തോമസ്: സർ, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ മലയോര മേഖലകളിൽ വസിക്കുന്ന ജനങ്ങൾ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കടുത്ത ആശങ്കയിലും ഭീതിയിലുമാണ്. വയനാട്ടിൽ ആന ഒരാളെ ചവിട്ടികൊല്ലുന്നത് നമ്മൾ കണ്ടതാണ്. ഈ പ്രത്യേക സാഹചര്യത്തിൽ ഇത്തരം കാര്യങ്ങൾ പ്രതിരോധിക്കാനും മനുഷ്യർക്ക് സമാധാനപരമായി ജീവിക്കാനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആലപ്പുഴ ജില്ലയിൽ കാടില്ലെന്ന ദുഃഖമുണ്ടെങ്കിൽ അവിടെയൊരു നഗരവനം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ മറ്റ് ജില്ലകളിൽ വന്യമൃഗ ആക്രമണംമൂലം ജനങ്ങൾ പ്രയാസം അനുഭവിക്കുന്നുണ്ടെന്ന വസ്തുത കണക്കിലെടുത്താണ് ഇവിടെ ഞാൻ സൂചിപ്പിച്ചതുപോലുള്ള പ്രതിരോധനടപടികൾ സ്വീകരിച്ചുവരുന്നത്. അതിന് കുറേക്കൂടി

ശാസ്ത്രീയമായ പ്രതിരോധനടപടികൾ ആവശ്യമാണെന്ന നിർദേശമാണ് ഉയർന്നുവന്നിട്ടുള്ളത്. അതുസംബന്ധിച്ച പ്രവർത്തനങ്ങൾ അണിയറയിൽ നടന്നുകൊണ്ടിരിക്കുകയാണ്. വളരെ പെട്ടെന്നുതന്നെ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. തോമസ് കെ. തോമസ്: സർ, കാട്ടുമൃഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് വിദേശരാജ്യങ്ങളിലും മധ്യപ്രദേശ് ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളിലും സ്വീകരിക്കുന്ന മാതൃകകളുണ്ട്. വന്യജീവി ആക്രമണത്തിൽ ജീവനും കൃഷിയും നഷ്ടപ്പെടുന്നവർക്ക് സമാശ്വാസ ആനുകൂല്യങ്ങൾ കാലതാമസംകൂടാതെ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതൊരു പുതിയ ആശയമാണ്. വന്യജീവികളുടെ എണ്ണം വർധിക്കുന്നതിനനുസരിച്ച് അവയുടെ ജനന നിയന്ത്രണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുകയെന്നതാണ് ആ പുതിയ ആശയം. അത് പല രാജ്യങ്ങളും, ഇന്ത്യയിൽത്തന്നെ ഒരു സംസ്ഥാനവും പരീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ഒരു സ്ഥലത്ത്

നടപ്പാക്കുന്ന പദ്ധതിയുടെ കാർബൺ കോപ്പി മറ്റൊരു സ്ഥലത്ത് പ്രായോഗികമല്ലെന്നാണ് പലപ്പോഴും തെളിയിച്ചിട്ടുള്ളത്. ജനന നിയന്ത്രണം സാധ്യമാകുമെന്നതുസംബന്ധിച്ച് സമഗ്രമായൊരു നിർദേശമോ നിയമമോ കേന്ദ്ര വനം-വന്യജീവി സംരക്ഷണ നിയമത്തിലുണ്ടാകണം. അതിനുവേണ്ടിയുള്ള അഭ്യർത്ഥന ബഹുമാനപ്പെട്ട കേന്ദ്ര-വനം-വന്യജീവി-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്താനുദ്ദേശിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് കേരളത്തിലെ ഈ പ്രതിഭാസത്തെ സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ആ പശ്ചാത്തലത്തിൽ ദുരന്തനിവാരണ നടപടികളുടെ ഭാഗമായി സംസ്ഥാന ഗവൺമെന്റിന് പ്രത്യേകമായി എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് ഗൗരവത്തിൽ പരിശോധിക്കുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, കാട്ടുപന്നി അടക്കമുള്ള വന്യജീവികൾ നാട്ടിലിറങ്ങി സഞ്ചരിക്കുന്നതുമൂലം ബൈക്ക് യാത്രക്കാർക്ക് ഉൾപ്പെടെ മാരകമായ അപകടങ്ങളുണ്ടാകുകയാണ്. അങ്ങനെ അപകടമുണ്ടായാൽ അതിനുള്ള കോമ്പൻസേഷന് അപേക്ഷിച്ചാൽ മാസങ്ങൾ കഴിഞ്ഞാലും

മറുപടിപോലും ലഭിക്കാത്ത സ്ഥിതിയാണുള്ളത്. പ്രസ്തുത സ്ഥിതി മാറ്റിയെടുത്ത് കോമ്പൻസേഷൻ നൽകാനും യഥാവിധി നടപടികൾ സ്വീകരിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, നഷ്ടപരിഹാരവും ആശ്വാസനടപടികളും സ്വീകരിക്കുന്ന കാര്യത്തിൽ മുമ്പ് കുറെ കാലതാമസമുണ്ടായെങ്കിലും കേരള സംസ്ഥാനം വന്യജീവി ആക്രമണത്തെ പ്രത്യേക ദുരന്തമായി പ്രഖ്യാപിച്ചതിനുശേഷം അത്തരം നടപടികൾ ത്വരിതഗതിയിലാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച കോളയാട് പ്രദേശവുമായി ബന്ധപ്പെട്ട സംഭവം, അഞ്ചുമാസം മുമ്പ് കാട്ടുപന്നി ഇടിച്ച് പരിക്കുപറ്റിയ സംഭവമാണെന്ന് തോന്നുന്നു. പക്ഷെ, ഇതുവരെയും നിയമാനുസൃതമായ അപേക്ഷ ലഭിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. നിയമാനുസൃതമായ അപേക്ഷ ലഭിച്ചാലുടൻ നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ ....

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, (മൈക്ക് ഓഫ്)..... നിയമാനുസൃതമായി കത്ത് നൽകിയിട്ടുണ്ട് (മൈക്ക് ഓഫ്).....

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതാണ് എനിക്ക് കിട്ടിയ വിവരം. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം പ്രത്യേകമായി പരിശോധിച്ച് അതിന്മേൽ ഉചിത നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, വനം-വന്യജീവിയുമായി ബന്ധപ്പെട്ട് ദശാബ്ദങ്ങൾക്കുമുമ്പ് നമ്മൾ കേട്ടിരുന്ന പ്രധാനപ്പെട്ട പ്രശ്നം വന്യജീവികളുടെ വംശനാശം എന്നതാണ്. ഇന്ന് ചിത്രം മാറിയിരിക്കുകയാണ്. Man-Animal conflict വലിയ പ്രശ്നമായി മാറുമ്പോൾ വംശവർധനവ് തടയാനുള്ള ജനന നിയന്ത്രണ നടപടികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിനായി ഇതിനോടകം കേന്ദ്രവുമായി നടത്തിയിട്ടുള്ള കത്തിടപാടുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങാതെ വനത്തിനുള്ളിൽത്തന്നെ കഴിയുന്ന വിധത്തിൽ, വനത്തിനുള്ളിൽ വിഭവങ്ങളുടെ കുറവുണ്ടെങ്കിൽ അവയ്ക്ക് ഭക്ഷണ പാനീയങ്ങൾ ലഭ്യമാക്കാനുള്ള എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വംശവർധനവ് തടയുന്നതിനാവശ്യമായ നിയമങ്ങൾ ഉൾപ്പെടെ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രിയെ പലതവണ കണ്ടിരുന്നു. ഏറ്റവും അവസാനമായി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടെ പോയി കേരളത്തിന്റെ സവിശേഷ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും നിയമത്തിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ഈ ഘട്ടത്തിൽ ആലോചിക്കാൻ സാധ്യമല്ലെന്ന നിരാശാജനകമായ മറുപടിയാണ് ലഭിച്ചത്. എന്നാലും ഈ ശ്രമം തുടരുകതന്നെ വേണം. കേരള സംസ്ഥാനം വന്യജീവി ആക്രമണത്തെ സവിശേഷതയുള്ള ദുരന്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ആ നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് കേരളത്തിന് പ്രത്യേകമായി എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് നോക്കാമെന്നാണ് ഞാൻ നേരത്തെ സഭയെ അറിയിച്ചത്. ആ ശ്രമം തുടരുകതന്നെ ചെയ്യും.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഇടുക്കി, വയനാട് ജില്ലകളിൽ ആന, പുലി എന്നീ മൃഗങ്ങളുടെ ആക്രമണമാണ് കൂടുതലെങ്കിൽ കൊല്ലം,

പത്തനംതിട്ട ജില്ലകളിൽ കാട്ടുപന്നികളുടെ ആക്രമണമാണ് ഏറ്റവും കൂടുതലായുള്ളത്. കൊട്ടാരക്കര, ആയൂർ, കുന്നത്തൂർ, അടൂർ, പന്തളം എന്നിവിടങ്ങളിൽ കൂട്ടത്തോടെ കാട്ടുപന്നികൾ വരികയാണ്. എന്റെ നിയോജകമണ്ഡലത്തിൽ രണ്ടാഴ്ചയ്ക്കുമുമ്പ് എട്ടുപേർ കാട്ടുപന്നിയാക്രമണത്തിൽ ആശുപത്രിയിലായിട്ടുണ്ട്. നിലവിൽ കാട്ടുപന്നികളുടെ ആക്രമണം വർധിച്ചുവരികയാണ്. അത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കാട്ടുപന്നി, കാട്ടുപോത്ത്, കരടി, പുലി, ആന തുടങ്ങിയ മൃഗങ്ങളുടെ ആക്രമണമാണ് ജനങ്ങൾ ഇന്ന് നേരിടുന്ന പ്രശ്നം. ഇത് തടയുന്നതിനുള്ള നടപടിയുടെ ഭാഗമായി ഉയർന്നുവന്ന ഒരു നിർദ്ദേശമാണ് വംശവർധനവ് തടയാനുള്ള നടപടി സ്വീകരിക്കുകയെന്നത്. അതിനുള്ള നടപടി സ്വീകരിക്കാം. മറ്റ് പ്രത്യേക വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിന് പരിഹാരം കാണുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മനുഷ്യ-മൃഗ സംഘർഷം ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലും ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കുകയാണ്. കേരളത്തിൽ 30 ലക്ഷത്തോളം ആളുകൾ വനാതിർത്തികളിൽ ഭീതിയോടെ താമസിക്കുകയാണ്. കൃഷിനാശംമൂലം ഉപജീവനമാർഗം നഷ്ടപ്പെട്ടും കുട്ടികൾക്ക് സ്കൂളുകളിലും ആശുപത്രിയിലും പോകാനോ പുല്ലുവെട്ടാൻ പോകാനോ സാധിക്കാതെയും വലിയ പ്രതിസന്ധിയിലാണ് ആളുകൾ ജീവിക്കുന്നത്. ഓരോ ആക്രമണം ഉണ്ടാകുമ്പോഴും കടുവയെ കൂടുവച്ച് പിടിക്കുന്നുവെന്നല്ലാതെ മറ്റ് പല സംസ്ഥാനങ്ങളും ചെയ്യുന്നതുപോലെ പുതിയ ശാസ്ത്രീയമാർഗങ്ങൾ ഇവിടെ അവലംബിക്കുന്നില്ല. കർണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങൾ ധാരാളം പുതിയ ശാസ്ത്രീയരീതികൾ അവലംബിക്കുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വന്യജീവികൾ മനുഷ്യരുടെ ആവാസവ്യവസ്ഥയിലേയ്ക്ക് വരാതിരിക്കാനുള്ള ധാരാളം സംവിധാനങ്ങൾ സജ്ജീകരിക്കുന്നുണ്ട്. വയനാട്ടിലെ ബത്തേരിയിൽ അഞ്ച് കടുവകൾ ഇറങ്ങിയെന്നാണ് പറയുന്നത്. വയനാട്ടിലെ വനമേഖലയ്ക്ക് 370-380 ചതുരശ്ര കിലോമീറ്റർ

വിസ്തീർണ്ണമേയുള്ളൂ. ഒരു കടുവയ്ക്കുമാത്രം 20 ചതുരശ്ര കിലോമീറ്റർ എന്നാണ് habitat tiger conservation Authority പറയുന്ന കണക്ക്. വന്യജീവി ആക്രമണം നേരിടുന്ന സ്ഥലങ്ങളിൽ 162 കടുവകൾക്കുംകൂടി 372 ചതുരശ്ര കിലോമീറ്റർ വനഭൂമിയേയുള്ളൂ. മനുഷ്യന്റെ 95 വയസ്സാണ് കടുവയുടെ 17 വയസ്സ്. ചെറുപ്പക്കാരായ കടുവകൾ പ്രായംകൂടി ഇര തേടാൻ ബുദ്ധിമുട്ടുള്ള കടുവകളെ ആക്രമിച്ച് ഓടിക്കുകയും അവ നാട്ടിലിറങ്ങി വളർത്തുമൃഗങ്ങളെയും മനുഷ്യരെയും ആക്രമിക്കുകയുമാണ് ചെയ്യുന്നത്. ഇതിന്റെ യഥാർഥ വസ്തുത മനസ്സിലാക്കി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും മനുഷ്യ-മൃഗ സംഘർഷം പരിഹരിക്കാൻ സ്വീകരിച്ചിരിക്കുന്ന പുതിയ ശാസ്ത്രീയമാർഗങ്ങൾ ഇവിടെയും നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കേരളം ഇപ്പോൾ നേരിടുന്ന പൊതുവെയുള്ള പ്രശ്നമാണ് സഭയുടെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളത്. തമിഴ്നാട്, കർണാടകം തുടങ്ങിയ സംസ്ഥാനങ്ങൾ സ്വീകരിച്ചുവരുന്ന നടപടി സംബന്ധിച്ച് ഈ മൂന്ന് സംസ്ഥാനങ്ങളുടെയും

സംയുക്ത ആലോചനാ യോഗം നടന്നുകഴിഞ്ഞു. ഈ മാസം അവസാനം അതുസംബന്ധിച്ച തുടർചർച്ചകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. തീർച്ചയായും ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ ശാസ്ത്രീയമാർഗങ്ങളുപയോഗിച്ച് മാത്രമേ ഇത്തരം പ്രതിഭാസങ്ങളെ തടയാൻ സാധിക്കുകയുള്ളൂ എന്ന കാര്യത്തിൽ സംശയമില്ല. വനം വകുപ്പ് കൂടുതൽ ജാഗ്രതയോടുകൂടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ഇപ്പോഴത്തെ സാഹചര്യംവച്ച് ഞാൻ ആത്മവിശ്വാസത്തോടെ പറയുകയാണ്. പ്രശ്നബാധിത പ്രദേശങ്ങളിലൊരിടത്തും ഉദ്യോഗസ്ഥരുടെ അഭാവം ഇപ്പോഴില്ല. അങ്ങനെയുണ്ടായാൽ അവരുടെ പേരിൽ നടപടിയെടുക്കുന്നുണ്ട്. നിലവിലുള്ള സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിച്ച് ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ പുതിയ ശാസ്ത്രീയമാർഗങ്ങൾ അവലംബിച്ച് ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്. അക്കാര്യത്തിൽ സർക്കാർ കൂടുതൽ ശ്രദ്ധയോടുകൂടി പ്രവർത്തിക്കുന്നതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വന്യമൃഗ ശല്യം തടയുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇങ്ങനെ സ്വീകരിക്കുന്ന നടപടികളെയെല്ലാം അതിജീവിച്ച് കൃഷിസ്ഥലങ്ങളിലേയ്ക്ക് കടന്നുകയറാൻ വന്യമൃഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് വനത്തിൽത്തന്നെ വന്യമൃഗങ്ങളെ നിർത്തുകയെന്നതാണ് പ്രധാനം. ഇക്കാര്യത്തിൽ വനപ്രദേശങ്ങളിൽ കുറ്റിമുള, ഇല്ലിമുള മുതലായവ വൻതോതിൽ വച്ചുപിടിപ്പിച്ചാൽ വന്യമൃഗങ്ങളുടെ വരവിനെ തടയാൻ കഴിയുമെന്നാണ് പല വിദഗ്ധരും അഭിപ്രായപ്പെടുന്നത്. ഇക്കാര്യങ്ങൾ വനം വകുപ്പ് പരിശോധിച്ച് ആവശ്യമായ പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങി ജനങ്ങളെ ഉപദ്രവിക്കുകയും കൃഷി നശിപ്പിക്കുകയും ചെയ്യുന്ന നടപടി തുടർന്നുകൊണ്ടുപോകുകയല്ല വേണ്ടത്. മറിച്ച് വന്യമൃഗങ്ങൾ കാട്ടിൽനിന്ന് പുറത്തേയ്ക്ക് വരാതിരിക്കാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ഭക്ഷണത്തിന്റെയും വെള്ളത്തിന്റെയും ലഭ്യതക്കുറവും ആവാസ

വ്യവസ്ഥയിലുണ്ടായ മാറ്റങ്ങളുമാണ് വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് വരുന്നതിന് പ്രധാന കാരണമായി പറയുന്നത്. ആവാസ വ്യവസ്ഥയിൽ മാറ്റങ്ങളുണ്ടാകണമെങ്കിൽ വനവൽക്കരണത്തിലേയ്ക്ക് വീണ്ടും പോകേണ്ടിവരും. അതിന് അധിനിവേശ സസ്യങ്ങൾ മാറ്റി അവിടെ സാധാരണ മരങ്ങൾ വച്ചുപിടിപ്പിച്ച് കാടിനെ സമ്പന്നമാക്കുകയെന്ന പദ്ധതിയാണ് നടപ്പാക്കേണ്ടത്. കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുകയും ഭക്ഷണലഭ്യതയ്ക്ക് ഭക്ഷ്യയോഗ്യമായ മരങ്ങളും ഫലവൃക്ഷങ്ങളും വച്ചുപിടിപ്പിച്ചുകൊണ്ട് കൂടുതൽ ആഹാരസാധനങ്ങൾ വന്യമൃഗങ്ങൾക്ക് ലഭ്യമാക്കുകയും വേണം. ഇക്കാര്യങ്ങൾ ഒന്നോ രണ്ടോ ആഴ്ചകൾ കൊണ്ടോ ഒരു മാസം കൊണ്ടോ നടപ്പാക്കാൻ സാധിക്കുന്നതല്ല. പടിപടിയായി മാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഒരു മരം വച്ചുപിടിപ്പിച്ചാൽ അത് വളർന്ന് കായ്ഫലമുണ്ടാകാനുള്ള കാലതാമസമാണ് ഇപ്പോഴുള്ളത്. ഇല്ലിമുളകൾ വച്ചുപിടിപ്പിക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദേശം സംബന്ധിച്ച് ഞാൻ മനസ്സിലാക്കിയിട്ടുള്ളത് ആനകൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണ സാധനങ്ങളിലൊന്ന്

മുളയാണെന്നാണ്. അതുകൊണ്ട്, അതുംകൂടി പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ അത്തരം നടപടികളിലേയ്ക്ക് കടക്കാൻ സാധിക്കുകയുള്ളൂവെന്ന് ഖേദപൂർവം അറിയിക്കട്ടെ.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഇന്നിവിടെ ധാരാളം പ്രതിരോധപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ട്രഞ്ചുകളും കൽമതിലുകളും ഇടിച്ചുനിരത്തി ആനകൾ പുറത്തേയ്ക്ക് വരികയാണ്. ഹാങ്ങിംഗ് ഫെൻസിംഗുകളും കോടികൾ മുടക്കി നിർമ്മിച്ച റെയിൽ ഫെൻസിംഗും തകർത്ത് ആന കാട്ടിൽനിന്ന് പുറത്തുവരികയാണ്. കൂടാതെ കടുവകളുടെ എണ്ണം വർധിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ രണ്ട് ദിവസം മുമ്പാണ് എന്റെ നിയോജകമണ്ഡലത്തിൽനിന്നും ഒരു കടുവയെ കൂട്ടിലടച്ച് പിടികൂടിയത്. ഈ കടുവയെ എങ്ങോട്ട് കൊണ്ടുപോകണമെന്ന ആശങ്കയിലാണ് ഫോറസ്റ്റ് ഉദ്യോഗസ്ഥർ. മാത്രമല്ല, പിടിക്കപ്പെടുന്ന കടുവകൾ പ്രായംകൂടിയവയും ഇരതേടാൻ കഴിയാത്തവയുമാണ്. ഇന്നലെ പിടികൂടിയ കടുവയെ അവശനിലയിൽ ഫോറസ്റ്റ് സ്റ്റേഷനിൽത്തന്നെ

പാർപ്പിച്ചിരിക്കുകയാണ്. അതിന്റെ കോമ്പല്ല് നഷ്ടപ്പെട്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കുപ്പാടി എന്ന സ്ഥലത്ത് ഇത്തരത്തിൽ പിടിക്കപ്പെടുന്ന കടുവകളെ പരിചരിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനുംവേണ്ടി ഒരു പരിചരണ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. വലിയ വ്യാപ്തിയുള്ള സ്ഥലമായതുകൊണ്ട് അവിടെ ശാസ്ത്രീയമായ രീതിയിൽ ഇത് നടപ്പാക്കാൻ സാധിക്കും. അതുകൊണ്ട് ഇത്തരം കടുവകളെ പിടികൂടി പരിചരിക്കുന്നതിനുള്ള കേന്ദ്രം വിപുലപ്പെടുത്താനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, നാട്ടിലിറങ്ങുന്ന വന്യജീവികളെല്ലാം പരിക്കുപറ്റിയാണ് വരുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ പ്രായാധിക്യംമൂലം അവശനിലയിലാണ് അവ നാട്ടിലേയ്ക്ക് വരുന്നത്. അങ്ങനെയുള്ളവയെ പിടികൂടി സംരക്ഷിക്കുകയെന്നത് വനം വകുപ്പിന്റെ ഉത്തരവാദിത്വത്തിൽപ്പെട്ടതാണ്. അതിനാണ് കുപ്പാടി പോലെയുള്ള പ്രദേശങ്ങളിൽ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ തുറന്നിട്ടുള്ളത്. ആ വന്യജീവി പരിപാലന കേന്ദ്രങ്ങൾ കൂടുതൽ

ശക്തിപ്പെടുത്തി എണ്ണം വർധിപ്പിക്കുന്നതുൾപ്പെടെയുള്ള ഒരു മാസ്റ്റർ പ്ലാനാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്. ദൗർഭാഗ്യവശാൽ ആ മാസ്റ്റർ പ്ലാൻ കേന്ദ്രസർക്കാരിന് സമർപ്പിച്ചപ്പോൾ കേന്ദ്രത്തിൽനിന്ന് ലഭിച്ച മറുപടി, സംസ്ഥാനംതന്നെ അവരുടെ പരിധിയിൽനിന്നുകൊണ്ട് വിഭവ സമാഹരണം കണ്ടെത്തി പദ്ധതി നടപ്പാക്കണമെന്നാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതികളുള്ളിൽനിന്നുകൊണ്ട് ഇത്തരം കാര്യങ്ങൾ പടിപടിയായി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. ലിന്റോ ജോസഫ്: സർ, മനുഷ്യ-മൃഗ സംഘർഷത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചതിൽ പ്രധാനപ്പെട്ടത് കാട്ടുപന്നികളുടെയും ആനകളുടെയും കുരങ്ങുകളുടെയും എണ്ണം വർധിക്കുന്നുവെന്നതാണ്. ലൈഫ് സൈക്കിളിനെക്കുറിച്ച് നമുക്കെല്ലാം അറിയാവുന്നതാണ്. ലൈഫ് സൈക്കിളിൽ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ എണ്ണം കൂടിയാലും കുറഞ്ഞാലും അത് വലിയ രൂപത്തിൽ നമ്മളെ ബാധിക്കാറുണ്ട്. നേരത്തെ കാടുകളിൽ കണ്ടുവന്നിരുന്ന ചെന്നായ്ക്കളുടെ എണ്ണം ഇന്ന് വളരെ കുറവാണ്. ചെന്നായ്ക്കളുടെ എണ്ണം കുറഞ്ഞത് കാട്ടുപന്നികളുടെ എണ്ണം കൂടുന്നതിന്

പ്രധാന കാരണമായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള മൃഗങ്ങളുടെ എണ്ണം കുറയുന്നതും കൂടുന്നതും മറ്റ് മൃഗങ്ങളുടെ എണ്ണം വർധിക്കാൻ കാരണമായിട്ടുണ്ടോയെന്നത് പഠനവിധേയമാക്കിയിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വളരെ പ്രാധാന്യമേറിയ ഒരു ചോദ്യമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. വന്യജീവികളും വനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ നിരവധി നിരീക്ഷണങ്ങൾ കണ്ടുവരുന്നുണ്ട്. അവയിൽ പലതും പരസ്പരവിരുദ്ധവും അപ്രായോഗികവുമാണ്. ഏതെങ്കിലും ഒരു നിർദേശം മുന്നോട്ടുവച്ച് അത് നടപ്പാക്കാൻ ശ്രമിച്ചാൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെയുള്ള തിരിച്ചടികളുണ്ടാകും. കാട്ടിൽ ചെന്നായ്ക്കളുടെ ഭക്ഷണത്തിലുണ്ടായ കുറവ് അവയുടെ എണ്ണക്കുറവിനിടയാക്കിയിട്ടുണ്ട്. അവയാണ് കാട്ടുപന്നികളുടെ എണ്ണം ബാലൻസ് ചെയ്യിക്കുന്നത്. ഇക്കോ സിസ്റ്റത്തിലെ ബാലൻസ് തെറ്റുന്നതുകൊണ്ട് പല പ്രശ്നങ്ങളുമുണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇവിടെ ഒരു ലൈഫ് സിസ്റ്റമുണ്ട്. അതിന് മാറ്റമുണ്ടാകുകയാണ്. അതിനനുസരിച്ചുള്ള പ്രതികരണങ്ങളും പ്രവർത്തനങ്ങളുമാണ് വനമേഖലയിൽ ഇപ്പോൾ

നടന്നുകൊണ്ടിരിക്കുന്നത്. അതൊരു പ്രതിഭാസമെന്ന് വേണമെങ്കിൽ പറയാൻ സാധിക്കും. എന്നാലും നമുക്കത് നോക്കി കൈയുംകെട്ടി നിൽക്കാൻ സാധിക്കില്ല. നിലവിലുള്ള ഭൗതിക സാഹചര്യങ്ങളിലൂടെ എങ്ങനെ കർഷക സമൂഹത്തിനും നാട്ടുകാർക്കും ആശ്വാസവും സഹായവും നൽകാൻ സാധിക്കുമെന്ന നിലയിലുള്ള ചിന്ത വരുമ്പോൾ താൽക്കാലിക പരിപാടികൾക്കാണ് മുൻഗണന നൽകുന്നത്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, വയനാട് വന്യജീവി സങ്കേതത്തിൽ നൂറ്റമ്പതോളം വയലുകളുണ്ട്. കാടിന്റെ ഇക്കോ സിസ്റ്റത്തിൽ ഏറ്റവും പ്രധാനമാണത്. ജല സ്വാംശീകരണത്തിനും വിശ്രമസങ്കേതങ്ങളൊരുക്കുന്നതിനും പുല്ല് അത്യന്താപേക്ഷിതമാണ്. കഴിഞ്ഞ 10 വർഷത്തിനിടയിൽ വയനാട് വന്യജീവി സങ്കേതത്തിലെ 18 വയലുകൾ മാത്രമാണ് ക്രമീകരിച്ചിട്ടുള്ളത്. അത് മുഴവൻ കളകയറി വന്യജീവികൾക്ക് യാതൊരു ഉപകാരവുമില്ലാതെ തുടരുകയാണ്.

വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 10 ലക്ഷം രൂപ വീതം പ്രഖ്യാപിച്ചിട്ടുണ്ട്.

എന്നാൽ ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നുള്ള 10 ലക്ഷം രൂപ മാത്രമാണ് നൽകുന്നത്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടപ്പോൾ കേന്ദ്ര വിഹിതം മുഴുവൻ സംസ്ഥാന സർക്കാരിന് നൽകുന്നുണ്ടെന്നാണ് അറിയാനിടയായത്. ഇപ്പോൾ അത് നൽകുന്നില്ല. ഇപ്രകാരം ചെയ്യുന്നത് മരണമടഞ്ഞവരുടെ കുടുംബത്തോട് കാണിക്കുന്ന ഏറ്റവും വലിയ അനീതിയാണ്. പ്രൈവറ്റ് ആശുപത്രികളിലെ ചികിത്സ ഇതുവരെ സൗജന്യമാക്കിയിട്ടില്ല. ഗുരുതരമായി പരിക്കേറ്റ ആളുകൾക്ക് ഏത് ആശുപത്രിയിലും പോയി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതുകൊണ്ട് അതുമായി ബന്ധപ്പെട്ട സമ്പൂർണ്ണ സൗജന്യ ചികിത്സ എല്ലാ ആശുപത്രികളിലും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ഞാൻ ഇക്കാര്യം തുടർച്ചയായി ആവശ്യപ്പെടുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട കൽപ്പറ്റ എം.എൽ.എ. മൂന്നുനാല് പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. നഷ്ടപരിഹാരം

സംബന്ധിച്ച വിഷയത്തിൽ, 10 ലക്ഷം രൂപ കേന്ദ്രസർക്കാരും 10 ലക്ഷം രൂപ സംസ്ഥാന സർക്കാരും നൽകുന്നുണ്ടെങ്കിൽ ആകെ 20 ലക്ഷം രൂപ കൊടുക്കണ്ടേതല്ലേയെന്നാണ് അംഗം ഉന്നയിച്ചത്. അതൊരു തെറ്റിദ്ധാരണാജനകമായ പ്രചരണമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. കേന്ദ്രസർക്കാർ വിവിധ പ്രോജക്ടുകൾക്ക് പണം നൽകുകയാണ്. ഉദാഹരണത്തിന് വയനാട് പ്രോജക്ട്. ആ പ്രോജക്ടിലെ എട്ടോ ഒൻപതോ പത്തോ കണ്ടന്റുകളിൽ ഒന്നുമാത്രമാണ് നഷ്ടപരിഹാരം. ടി പ്രോജക്ട് നടപ്പാക്കാൻ 2 കോടി രൂപയാണ് തരുന്നതെങ്കിൽ ആ രണ്ട് കോടി രൂപയിലെ വിവിധ കണ്ടന്റുകളിൽ ഒന്നാണ് കേന്ദ്രവിഹിതം. ഇക്കഴിഞ്ഞ ഓരോ വർഷവും നമുക്ക് ലഭിച്ചിട്ടുള്ളത് 1.71 കോടി രൂപ മാത്രമാണ്. കേരള സർക്കാർ 28 കോടിയോളം രൂപയുടെ നഷ്ടപരിഹാരമാണ് ബഹു. മുഖ്യമന്ത്രിയുടെ നിർദേശമനുസരിച്ച് ധനകാര്യവകുപ്പുമന്ത്രിയിൽനിന്ന് പ്രത്യേക അനുവാദം വാങ്ങി ഇതിനോടകം അനുവദിച്ചത്. കേന്ദ്രസഹായം ലഭിക്കുന്നുണ്ടോയെന്ന് ചോദിച്ചാൽ ഉണ്ട്. പക്ഷെ ഇതാണ് അവസ്ഥ. പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെട്ട പ്രവർത്തനവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരമാണത്.

അത് തീർത്തും അപര്യാപ്തമാണ്. 20 ലക്ഷം രൂപ എന്നത് തെറ്റിദ്ധാരണയാണ്. ആ തരുന്ന സാമ്പത്തിക സഹായംപോലും 60:40 എന്ന അനുപാതത്തിൽ ആണെന്ന് മനസ്സിലാക്കണം. അങ്ങനെ വരുമ്പോൾ ഒരു വർഷം ഒരു പ്രോജക്ടിൽനിന്ന് മുപ്പത്തിയാറോ മുപ്പത്തിയേഴോ ലക്ഷം രൂപയാണ് നമുക്ക് കിട്ടുക. ആ തുക കൊണ്ട് ഇത് കൊടുക്കാൻ കഴിയില്ല. അത് കേന്ദ്രത്തിന്റെ ഉരുണ്ടുകളിയാണെന്ന് സഭയിൽ പറയുന്നത് ശരിയാണോയെന്ന് എനിക്കറിയില്ല. പക്ഷെ കഴിഞ്ഞ തെരെഞ്ഞെടുപ്പ് കാലത്ത് കേന്ദ്ര ഭരണകൂടത്തിന്റെ വക്താക്കൾ ആ രൂപത്തിൽ അതിശക്തമായ പ്രചരണം നടത്തിയിട്ടുണ്ട്. അതിലടങ്ങിയ വസ്തുതകളെക്കുറിച്ച് നമുക്ക് കൂടുതൽ ചർച്ചയാകാമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

**മത്സ്യബന്ധന മേഖലയിൽ നൂതന സാങ്കേതിക വിദ്യ**

3(*213) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>

<u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മത്സ്യബന്ധനം ലാഭകരമാക്കാനും സുഗമമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അതിനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ-സി) മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, സ്വീകരിച്ചിട്ടുണ്ട്. നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മത്സ്യബന്ധനം ലാഭകരമാക്കാനും സുഗമമാക്കാനും ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

I. <u>മത്സ്യബന്ധനം ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ</u>

1. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിലൂടെ ഉയർന്നമൂല്യമുള്ള സമുദ്ര വിഭവങ്ങൾ പരമാവധി ശേഖരിച്ച് അവരുടെ വരുമാനം മെച്ചപ്പെടുത്താനും അതിലൂടെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY)-യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. ഉഡുപ്പി കൊച്ചിൻ ഷിപ്പ്യാർഡിന്റെ മാൽപ്പെ കപ്പൽ നിർമ്മാണശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 യാനങ്ങൾ ആദ്യഘട്ടമായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്ത് മത്സ്യബന്ധനത്തിലേർപ്പെട്ടുവരുന്നു. ബാക്കി 4 എണ്ണം നിർമ്മാണം പൂർത്തിയായി വിതരണത്തിന് തയ്യാറായിട്ടുണ്ട്.

2. മണ്ണെണ്ണയ്ക്കുപകരം പെട്രോൾ, LPG തുടങ്ങിയ ഇന്ധനങ്ങളുപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ അനുവദിക്കുന്ന പദ്ധതികൾ.

മണ്ണെണ്ണയുടെ വിലവർധനവും ലഭ്യതക്കുറവും മലിനീകരണവും പരിഗണിച്ച് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്കുപകരം പെട്രോൾ, എൽ.പി.ജി. തുടങ്ങിയ ഇന്ധനങ്ങളുപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പാക്കിവരുന്നു.

പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്കുപകരം എൽ.പി.ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എൽ.പി.ജി. കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ 7 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽനിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ

എൽ.പി.ജി. കിറ്റുകൾ വിതരണം ചെയ്തിരുന്നു. Liquid off Take (LOT) അടിസ്ഥാനത്തിലുള്ള എൽ.പി.ജി. കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തുന്ന പരിപാടിയുടെ ഉദ്ഘാടനം 22-01-2023-ന് ഫിഷറീസ് വകുപ്പുമന്ത്രി നിർവഹിച്ചു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് എൽ.പി.ജി. ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21-01-2023-ന് എൽ.പി.ജി. കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം തിരുവനന്തപുരം ജില്ലയിലെ മര്യനാട്ടുവച്ച് വിജയകരമായി നടത്തി.

പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ 75% സബ്സിഡിയോടുകൂടി എൽ.പി.ജി. എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് 2023-24 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി

നടപ്പാക്കുന്നതിന് മത്സ്യഫെഡ് മുഖാന്തരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ 1000 മണ്ണെണ്ണ എഞ്ചിനുകൾ 50% (പരമാവധി 50,000/-രൂപ) സബ്സിഡിയോടുകൂടി പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയതുപ്രകാരം മത്സ്യഫെഡ് മുഖാന്തരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ 377 പേർ ഗുണഭോക്താക്കളാകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടംഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

3. മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം.

മത്സ്യബന്ധന യാനങ്ങളെ ആധുനികവൽക്കരിക്കുന്നതിലേയ്ക്കായി 2023-24 സാമ്പത്തിക വർഷം 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. പദ്ധതിയിൽ ഉൾപ്പെടുത്തി മരത്തടിയിൽ

നിർമ്മിച്ചതും 40 അടിയിൽ താഴെ മൊത്തം നീളമുള്ളതും 200 HP-യിൽ താഴെ പ്രൊപ്പൽഷനുള്ളതുമായ 30 പരമ്പരാഗത യാനങ്ങളെ സ്റ്റീൽ നിർമ്മിതമായ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളായി നവീകരിക്കുന്നതിനാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്.

സ്വന്തം നിലയിൽ മത്സ്യബന്ധന യാനങ്ങൾ മാറ്റുന്നതിനോ നവീകരിക്കാനോ കഴിയാതെ ദൈനംദിന ഉപജീവനത്തിനായി തടി നിർമ്മിത മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രയോജനം ചെയ്യും. പദ്ധതിപ്രകാരം 50% നിരക്കിൽ പരമാവധി 15 ലക്ഷം രൂപവരെ ഒരു യൂണിറ്റിന് സബ്സിഡി നൽകും. പദ്ധതിപ്രകാരം 22 യാനങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും 2 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 836 മത്സ്യബന്ധന യാനങ്ങളിൽ VHF മറൈൻ റേഡിയോ ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഇതുവരെ ആകെ 500 VHF മറൈൻ റേഡിയോകൾ യാനങ്ങളിൽ ഘടിപ്പിച്ചു കഴിഞ്ഞു. 336 എണ്ണം ഘടിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കും അതുവഴി ആഴക്കടലിൽ നിന്നുള്ള അധിക വിഭവങ്ങൾ പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേയ്ക്കുമായി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു.

'മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം' പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24-ൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഫിഷ് ഫൈൻഡർ ഉള്ള 550 മൗണ്ടിംഗ് ജി.പി.എസുകളും നൽകിയിട്ടുണ്ട്. നൂതനമായ സോണാർ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ജി.പി.എസ്.-കൾ മത്സ്യങ്ങളുടെ സാന്നിധ്യം കൃത്യമായി കണ്ടുപിടിക്കാൻ സഹായിക്കുന്നതിലൂടെ ഇന്ധനം ലാഭിക്കുന്നതിനും സഹായിക്കുന്നു. 'ആഴക്കടൽ മത്സ്യബന്ധനവും കടൽസുരക്ഷാ ഉപകരണങ്ങളും'

പദ്ധതിപ്രകാരം 2021-22-ൽ 777 (377 മൗണ്ടിംഗ് ജി.പി.എസും 400 ഹാന്റ് ഹെൽഡ് ജി.പി.എസും) ജി.പി.എസുകളും 2022-23-ൽ 548 ജി.പി.എസുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

4. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി.

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും കേടാകാത്ത മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 75% സബ്സിഡിയോടെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം മുതൽ 2310 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ വിതരണം ചെയ്തിട്ടുണ്ട്. 2021-22-ൽ 483-ഉം 2022-23 വർഷത്തിൽ 776-ഉം 2023-24-ൽ 1051-ഉം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ വിതരണം ചെയ്തിട്ടുണ്ട്. 2024-25-ൽ ടി പദ്ധതി തുടർന്നും നടപ്പാക്കുന്നതിനായി 800 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ

നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ജില്ലകളിൽ സ്വീകരിച്ചുവരുന്നു.

5. മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർ മെഷ് കോഡ് എന്റ് വിതരണം ചെയ്യുന്ന പദ്ധതി.

തീരത്തെ അശാസ്ത്രീയ മത്സ്യബന്ധനം നിയന്ത്രിച്ച് വർധിച്ചുവരുന്ന മത്സ്യബന്ധന സമ്മർദം കുറയ്ക്കുന്നതിനും ചെറുമത്സ്യങ്ങൾ വലകളിൽ അകപ്പെട്ട് മത്സ്യസമ്പത്ത് ശോഷിക്കുന്നത് തടയുന്നതിലേയ്ക്കുമായി കെ.എം.എഫ്.ആർ. നിയമം 2017-ൽ ഭേഗദതി ചെയ്ത് കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്തതിന്റെ ഭാഗമായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയിരുന്നു. 2019-20 സാമ്പത്തിക വർഷം മുതൽ മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർ മെഷ് കോഡ് എന്റ് വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിവരുന്നു. മത്സ്യബന്ധന സമയത്ത് ബൈക്യാച്ച് കുറയ്ക്കുന്നതിനും ഇന്ധനക്ഷമത കൂട്ടുന്നതിനും അതുവഴി വലയിൽ ലഭിക്കുന്ന

മത്സ്യത്തിന്റെ അളവുകൂട്ടി മത്സ്യബന്ധനം ലാഭകരമാക്കാനും പ്രസ്തുത ഉദ്യമം സഹായിക്കുന്നു.

6. മത്സ്യത്തൊഴിലാളികൾക്ക് Turtile Excluder Device (TED) വിതരണം ചെയ്യുന്ന പദ്ധതി.

ബോട്ടം ട്രോൾ വലകളിൽ Turtle Excluder Device (TED) നിർബന്ധമാക്കിക്കൊണ്ട് കെ.എം.എഫ്.ആർ. റൂൾ 2019-ൽ ഭേദഗതി ചെയ്തിട്ടുണ്ട്. CIFT വികസിപ്പിച്ചെടുത്തിട്ടുള്ള ടി ഉപകരണങ്ങൾ ട്രോൾ നെറ്റുകളിൽ ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഡെമോൺസ്ട്രേഷൻ MPEDA-NETFISH-ന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 11 മത്സ്യബന്ധന ഹാർബറുകൾ കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളി സംഘടനകളുടെ സഹകരണത്തോടെ നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കടലിൽ കാണപ്പെടുന്ന ആമകളുടെ സംരക്ഷണാർത്ഥം ട്രോൾ വലകളിൽ TED ഘടിപ്പിക്കണമെന്ന് അമേരിക്കൻ ഐക്യനാടുകൾ നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത നിബന്ധന പാലിക്കാത്ത രാജ്യങ്ങളിലും കടലിൽനിന്നും പിടിച്ചെടുക്കുന്ന (Wild caught) ചെമ്മീനിന്റെ ഇറക്കുമതി United States

Department നിരോധിച്ചിട്ടുണ്ട്. വലകളിൽ TED ഘടിപ്പിക്കുന്നതോടെ ആഗോള ചെമ്മീൻ കയറ്റുമതി രംഗത്ത്, പ്രത്യേകിച്ച് അമേരിക്കയിലേയ്ക്ക് ചെമ്മീൻ കയറ്റുമതി സാധ്യമാക്കുന്നതിന് ഉപകരിക്കും.

II. <u>മത്സ്യബന്ധനം സുഗമമാക്കുന്നതിനുള്ള പദ്ധതികൾ</u>

1. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതവും സുഗമവുമായ മത്സ്യബന്ധനം സാധ്യമാക്കുന്നതിലേയ്ക്കായി ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി, കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ എന്നിവ പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ 66 എക്കോസൗണ്ടറുകൾ, 1132 ലൈഫ്ബോയകൾ, 64 Distress alert Transmitter (DAT)-കൾ 2295 Hand held type GPS-കൾ, 1473 Mounting type GPS-കൾ എന്നിവ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ചുനൽകുന്ന 1500 കിലോമീറ്റർവരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 300 മെക്കനൈസ്ഡ് ബോട്ടുകളിൽ HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) ഘടിപ്പിച്ചിട്ടുണ്ട്.

2. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് കവറേജ്.

മത്സ്യബന്ധനത്തിനിടെയുണ്ടാകുന്ന അപകടങ്ങളിൽപ്പെട്ട് മത്സ്യബന്ധന യാനങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങളിൽനിന്നും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിലേയ്ക്കായി 2018-19 സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ 2023-24 വരെ 13 കോടി രൂപ ചെലവിൽ ആകെ 12263 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 2 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതിപ്രകാരം പരമാവധി

യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

3. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി. യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ എഫ്.ആർ.പി. യാനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി 320 എഫ്.ആർ.പി. യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 വീതം എഫ്.ആർ.പി. യാനങ്ങൾ, (എഞ്ചിനുകൾ, വല എന്നിവ ഉൾപ്പെടെ) യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം നൽകി ആയത് പൂർത്തീകരിച്ചുവരുന്നു.

4. മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ പരിശീലന പരിപാടികൾ

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിൽനിന്നും തിരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് ലോങ് ലൈൻ ഫിഷിംഗ്, ഗിൽ നെറ്റിംഗ് എന്നീ ആഴക്കടൽ മത്സ്യബന്ധന രീതികളിൽ CIFT-ന്റെ നേതൃത്വത്തിൽ NCDC-യുടെ സാമ്പത്തിക സഹായത്തോടെ മൂന്നുദിവസത്തെ പരിശീലനം NIFAM-ൽ വച്ച് നൽകിയിട്ടുണ്ട്. കൂടാതെ ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് എല്ലാ ഗുണഭോക്തൃ ഗ്രൂപ്പുകളിലെയും തെരഞ്ഞെടുത്ത അംഗങ്ങൾക്ക് കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ മാൽപ്പെ കപ്പൽ നിർമ്മാണശാലയിൽവച്ച് പരിശീലനം നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് അവബോധം നൽകുന്നതിനും ആനുകാലികമായി നടത്തേണ്ട അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്നതുമായ പ്രവർത്തന മാനുവൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനും ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഗുണഭോക്താക്കൾക്ക്

ശരിയായ പരിശീലനം നൽകുന്നതിലേയ്ക്കുമായി കൊച്ചിൻ ഷിപ്പ്‌യാർഡിന് നിർദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ ഗുണഭോക്തൃ ഗ്രൂപ്പുകളിലെയും അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മത്സ്യബന്ധന യാനങ്ങളിൽ തൊഴിലെടുക്കുന്ന എഞ്ചിൻ ഡ്രൈവർ, സ്രാങ്ക്, ഡെക്ക് ഹാൻഡ് എന്നിവർക്ക് മത്സ്യബന്ധന പ്രവർത്തനങ്ങളിൽ കൊച്ചിയിലെ CIFNET-ൽ വച്ച് പരിശീലനം നൽകുന്നതിന് 2023-24 സാമ്പത്തിക വർഷം 20.37 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 90 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷവും 90 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ നേതൃത്വത്തിൽ മത്സ്യഗ്രാമങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കെ.എം. എഫ്.ആർ. നിയമങ്ങളും ചട്ടങ്ങളും മത്സ്യബന്ധന യാനങ്ങളിൽ അവശ്യം

ഉണ്ടായിരിക്കേണ്ട വാർത്താവിനിമയ ജീവൻരക്ഷാ ഉപകരണങ്ങൾ, കടൽരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, സമുദ്ര ആവാസ വ്യവസ്ഥയുടെ പരിപാലനവും സംരക്ഷണവും തുടങ്ങിയ വിഷയങ്ങളിൽ, 9 തീരദേശ ജില്ലകളിലെ മത്സ്യഗ്രാമങ്ങളിലായി 2021-22, 2022-23 വർഷങ്ങളിൽ 540 പേർക്കും 2023-24-ൽ 5901 പേർക്കും സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ മുഖാന്തരം പരിശീലനം നൽകി.

5. മത്സ്യത്തൊഴിലാളികൾക്ക് ട്രാൻസ്പോണ്ടറുകൾ വിതരണം ചെയ്യുന്ന പദ്ധതി.

ഓഖി പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോഴും കാലാവസ്ഥാ മുന്നറിയിപ്പുള്ളപ്പോഴും അല്ലാതെ ടി യാനങ്ങൾ കടലിൽവച്ച് അപകടത്തിൽപ്പെടുമ്പോഴും യഥാസമയം വിവരക്കൈമാറ്റം സാധ്യമല്ലാത്ത സാഹചര്യം രാജ്യത്തുടനീളം നിലനിൽക്കുന്നു. ഇതിൽ പല യാനങ്ങളും മൂന്ന് ദിവസം മുതൽ ഒരു മാസംവരെ നീളുന്ന മത്സ്യബന്ധനത്തിൽ (Multi day fishing) ഏർപ്പെടുന്നവയാണ്. അന്താരാഷ്ട്ര അതിർത്തി കടന്ന് മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ മറ്റു രാജ്യങ്ങളുടെ സൈന്യത്തിന്റെ

പിടിയിലാകുന്ന സാഹചര്യവും കപ്പൽചാൽ തിരിച്ചറിയാൻ കഴിയാതെ കപ്പൽ ഇടിച്ച് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യവും പലപ്പോഴും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യങ്ങൾ മറികടക്കുന്നതിന് പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY)-ൽ ഉൾപ്പെടുത്തി 60:40 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും വകയിരുത്തി ഗുണഭോക്തൃ വിഹിതമില്ലാതെ 100 ശതമാനം സബ്സിഡിയോടെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ആശയവിനിമയത്തിനും നിരീക്ഷണത്തിനും നിയന്ത്രണത്തിനും മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന ദേശീയ റോളൗട്ട് പദ്ധതി നടപ്പാക്കിവരുന്നു. വൈദ്യുതി സൗകര്യമുള്ള (ബാറ്ററി ഘടിപ്പിച്ച) യാനങ്ങളിൽ മാത്രമേ ട്രാൻസ്പോണ്ടർ ഘടിപ്പിക്കാൻ കഴിയുകയുള്ളൂ. ഈ പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാന ഫിഷറീസ് വകുപ്പ് ഭൗതിക പരിശോധന നടത്തിയിട്ടുള്ള 3352 യന്ത്രവൽക്കൃത മത്സ്യബന്ധന യാനങ്ങളിലും 2648 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിലുമുൾപ്പെടെ ആകെ 6000

മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടർ ഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി 13.5993 കോടി രൂപ കേന്ദ്രവിഹിതവും 9.0662 കോടി രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടെ 22.6655 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി മുനമ്പം ഫിഷിംഗ് ഹാർബർ കേന്ദ്രീകരിച്ച് 10 യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ആദ്യഘട്ടമായി ഘടിപ്പിച്ചു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട്, കഴിഞ്ഞ സാമ്പത്തിക വർഷം ആറ് ബോട്ടുകളാണ് സർക്കാർ സഹായത്തോടുകൂടി മത്സ്യബന്ധനത്തിന് പൊയ്ക്കൊണ്ടിരുന്നത്. എന്നാൽ പ്രായോഗികമായ കാരണത്താൽ 6 ബോട്ടുകളും നിലവിൽ മത്സ്യബന്ധനം നടത്തുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. ഇവർക്ക് വർക്കിംഗ് ക്യാപ്പിറ്റലിന്റെ കുറവുണ്ട്. കൂടാതെ ഇവർ മത്സ്യം പിടിച്ചുകൊണ്ടുവന്നാൽ മറ്റ് ബോട്ടുകളിലെ മത്സ്യം

വിറ്റതിനുശേഷം മാത്രമേ ഇവർക്ക് ഹാർബറിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളൂ. അപ്പോഴേയ്ക്കും മത്സ്യക്കച്ചവടക്കാർ മത്സ്യം വാങ്ങി പൊയ്ക്കഴിഞ്ഞിരിക്കും. ഇവർ കൂടുതലും ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകേണ്ടിവരും. ഈ ബോട്ടുകളിൽ റഫ്രിജറേറ്റർ സൗകര്യമില്ല. അതുപോലെ പൊട്ടൻഷ്യൽ ഫിഷിംഗ് സോൺ എവിടെയാണെന്ന് സാറ്റലൈറ്റ് ടെക്നോളജി മുഖേന ലഭിക്കുന്നില്ല. ഇത്തരത്തിൽ പ്രായോഗികമായ ധാരാളം പ്രശ്നങ്ങളുള്ളതുകൊണ്ട് ഇവർ ഇപ്പോൾ മത്സ്യബന്ധനത്തിന് പോകുന്നില്ല. കൂടാതെ ഈയിനത്തിൽ ഭീമമായ നഷ്ടം വന്നുകൊണ്ടിരിക്കുന്നു. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് പരിഹാരമായി എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഇതിന്റെ പ്രധാനപ്പെട്ട ലക്ഷ്യം മത്സ്യബന്ധനത്തിന് ഒരു പുതിയ തലം കണ്ടെത്തുകയെന്നതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രസ്റ്റീജിയസ്

പ്രോജക്ടാണിത്. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയും കേരള മുഖ്യമന്ത്രിയും സംയുക്തമായാണ് കൊല്ലത്ത് മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്ത് ഉദ്ഘാടനം നിർവഹിച്ചത്. PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നരക്കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളാണ് നമ്മൾ വാങ്ങാൻ തീരുമാനിച്ചത്. ഓരോ ബോട്ടിലേയ്ക്കും 10 പേരെ വീതം 100 പേരെ മത്സ്യത്തൊഴിലാളി മേഖലയിൽ തിരഞ്ഞെടുത്ത് പരിശീലനം നൽകും. മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചപ്പോൾ അതൊരു സ്വകാര്യ കമ്പനിയെ അല്ല ഏല്പിച്ചത്. കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള Cochin Shipyard-നെയാണ് യാനങ്ങൾ നിർമ്മിക്കാൻ ചുമതലപ്പെടുത്തിയത്. നിർമ്മാണത്തിൽ ചില അപാകതകൾ ഉണ്ടെന്നായിരുന്നു പിന്നീട് കിട്ടിയ റിപ്പോർട്ട്. നിലവിൽ 6 യാനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് കൊടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിരവധിതവണ യോഗം ചേരുകയും Maintenance, repairing, Refrigeration തുടങ്ങി ഒട്ടനവധി വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. Udupi Cochin Shipyard Limited-ന്റെ Malpe കപ്പൽ നിർമ്മാണശാലയിൽ

മെയിന്റനൻസ് ചെയ്യാൻ തീരുമാനിച്ചു. എല്ലാ ബോട്ടുകളും അവിടെ കൊണ്ടുപോയി മെയിന്റനൻസ് നടത്തി. പക്ഷെ ഇപ്പോഴും ലാഭകരമായ ഫിഷിംഗ് നടത്താൻ കഴിയുന്നില്ലെന്ന പരാതി അവരുടെ ഭാഗത്തുനിന്നുമുണ്ടാകുന്നുണ്ട്. അങ്ങ് ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമായാണ് സർക്കാർ കാണുന്നത്. കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിച്ച ഒരു യാനത്തിന് അപാകതയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. അതിന് പരിഹാരം കാണാനുള്ള സമീപനവും ഞങ്ങൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എൽ.പി.ജി. ഉപയോഗിച്ച് ഓടുന്ന OBM ബോട്ടുകൾക്ക് ഇപ്പോൾ എൽ.പി.ജി. കിറ്റിന് സബ്സിഡി നൽകുന്നില്ല. മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്നുണ്ട്. 10 കൊല്ലം മുമ്പ് ഒരു ലിറ്ററിന് 25 ശതമാനമാണ് സബ്സിഡി കൊടുത്തത്. ഒരു രൂപ പോലും സബ്സിഡി ഇനത്തിൽ രണ്ട് സർക്കാരുകളും വർധിപ്പിച്ചിട്ടില്ല. കൂടാതെ സബ്സിഡി കുടിശ്ശികയുമുണ്ട്. അതുപോലെ എൽ.പി.ജി. ഉപയോഗിച്ച് ഓടുന്ന OBM വള്ളങ്ങൾക്ക് സബ്സിഡി കൊടുക്കുന്നതിനും സോളാർ

ബോട്ടുകൾ ഏർപ്പെടുത്തുന്നതിനും ഡീസൽ, ഇലക്ട്രിക്, ഹൈബ്രിഡ് എഞ്ചിൻ വള്ളങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, പ്രസ്തുത വിഷയം സംബന്ധിച്ച് സൂചിപ്പിക്കുകയാണെങ്കിൽ, 1 ലിറ്റർ മണ്ണെണ്ണയ്ക്ക് 45 രൂപ വിലയുള്ളപ്പോഴാണ് 25 രൂപ സബ്സിഡി അനുവദിച്ചത്. എന്നാൽ ഇന്നത് 100 രൂപയ്ക്ക് മുകളിലേയ്ക്ക് പോയി. സബ്സിഡി നൽകി പരിഹരിക്കാൻ കഴിയുന്ന വിഷയമല്ല ഇത്. നമ്മുടെ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ കേന്ദ്രമന്ത്രിയെ നേരിൽക്കണ്ട് സംസാരിച്ചപ്പോൾ മണ്ണെണ്ണ പൂർണ്ണമായും നിർത്തലാക്കുകയാണെന്നാണ് അറിയാൻ കഴിഞ്ഞത്. തുടർന്ന് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും എൽ.പി.ജി., പെട്രോൾ, ഡീസൽ എന്നിവയിലേയ്ക്കുള്ള മാറ്റം അനിവാര്യമാണെന്ന് തീരുമാനിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി, എൽ.പി.ജി., പെട്രോൾ, ഡീസൽ എഞ്ചിനുകൾ വച്ചുള്ള പരീക്ഷണം വിഴിഞ്ഞം, ഓമനപ്പുഴ തുടങ്ങി കേരളത്തിന്റെ നാനാഭാഗങ്ങളിലെ കടലുകളിലും നടത്തി. ഞങ്ങൾ നേരിട്ടെത്തി പരീക്ഷണം നടത്തി

പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത് ഏറെക്കുറെ വിജയകരമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അതേക്കുറിച്ച് കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ വർഷം പത്ത് കോടിരൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം മുതൽ ഇതിൽ മാറ്റം വരുത്താനുള്ള നടപടി ആരംഭിച്ചു. കഴിഞ്ഞ വർഷം തുക വകയിരുത്തിയിരുന്നു. ഈ വർഷം വീണ്ടും പത്തുകോടി രൂപ വച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി എല്ലാ മണ്ണെണ്ണ എഞ്ചിനുകളും എൽ.പി.ജി., പെട്രോൾ, ഡീസൽ എഞ്ചിനിലേയ്ക്ക് മാറ്റാനുള്ള ഒരു വലിയ പരിശ്രമം സംസ്ഥാന സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അത് വിജയിക്കുകതന്നെ ചെയ്യും. സബ്സിഡികൊണ്ട് പരിഹരിക്കാൻ കഴിയുന്ന പ്രശ്നമല്ലിതെന്ന കാര്യം മനസ്സിലാക്കണം. എന്നാൽ സംസ്ഥാന സർക്കാർ സാമ്പത്തിക ഭദ്രത കൈവരിക്കുന്ന മുറയ്ക്ക് ഇക്കാര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, തമിഴ്നാട്ടിലെ മത്സ്യത്തൊഴിലാളികൾക്ക് ഇരുപത്തിയഞ്ചു രൂപയ്ക്കാണ് മണ്ണെണ്ണ ലഭിക്കുന്നതെന്ന കാര്യംകൂടി

അങ്ങയുടെ ഉത്തരത്തിനോട് അനുബന്ധമായി ചേർക്കുകയാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് എല്ലാ മാസവും നറുക്കെടുപ്പിൽക്കൂടി മത്സ്യത്തൊഴിലാളികൾക്ക് ഒരു ദുർബല ജനവിഭാഗമെന്ന നിലയിൽ പ്രത്യേക ഭവനപദ്ധതിയുണ്ടായിരുന്നു. ആ ഭവനപദ്ധതിയെ ലൈഫിൽ ലയിപ്പിച്ചു. അങ്ങനെ ലയിപ്പിക്കുമ്പോൾ ലൈഫിന്റെ നോംസ് ആണ് അങ്ങേയറ്റം ദുർബല വിഭാഗങ്ങളിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും ബാധകമായിട്ടുള്ളത്. അതുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതി പഴയ രൂപത്തിലേയ്ക്ക് പുനഃസ്ഥാപിച്ച് അവർക്ക് പ്രത്യേകമായി ഭവനം നൽകുന്ന പദ്ധതിയിലേയ്ക്ക് വരുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കേരളം കൊടുക്കുന്ന സബ്സിഡിയുടെ അമ്പതിലൊന്നുപോലും ഗുണഭോക്താക്കൾ തമിഴ്നാട്ടിലില്ലെന്ന കാര്യം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം. കേരളത്തിൽ ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികൾക്കാണ് സബ്സിഡി നൽകുന്നത്. അങ്ങനെ വരുമ്പോൾ തമിഴ്നാടിന് സബ്സിഡി കുറച്ചുകൂടി നൽകാൻ കഴിയും. ഇന്ത്യയ്ക്ക് മാതൃകയായ ഒരു ഭവനപദ്ധതി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം.

അതിന്റെ ഭാഗമായി വേലിയേറ്റ രേഖയിൽനിന്ന് അമ്പതുമീറ്റർ ഉള്ളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ 2450 കോടി രൂപയുടെ പദ്ധതിയാണ് നമ്മൾ ആവിഷ്കരിച്ചത്. ആദ്യഘട്ടത്തിൽ കാരോട്, ബീമാപ്പള്ളി, കൊല്ലം ക്യു.എസ്.എസ്. കോളനി എന്നിവിടങ്ങളിൽ 390 ഭവന സമുച്ചയങ്ങൾ നിർമ്മിച്ചുനൽകി. 2016 മുതൽ നാളിതുവരെ ലൈഫ് മിഷൻ, പുനർഗേഹം എന്നീ പദ്ധതികൾവഴി മത്സ്യബന്ധന വകുപ്പിന്റെ നേതൃത്വത്തിൽ 12,830 വീടുകൾ നൽകിയിട്ടുണ്ട്. 12,830 വീടുകൾ നൽകുമ്പോൾ മത്സ്യബന്ധന വകുപ്പുവഴി കൊടുത്തതുകൂടി പറയണമല്ലോ? 2016-2021-വരെ മത്സ്യബന്ധന വകുപ്പുവഴി ധനസഹായം അനുവദിച്ച വീടുകൾ 4,295. 2021-23-വരെ ഈ ഗവൺമെന്റിന്റെ കാലത്ത് 415 അങ്ങനെ ആകെ രണ്ടു ടേമുകളിലായി 10,830 വീടുകൾ കൊടുത്തു. ഇപ്പോഴും ആ പദ്ധതിയുമായി മുന്നോട്ടുപോകുന്നു. 1,100 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് താക്കോൽ കൈമാറുന്ന ഘട്ടത്തിലേയ്ക്കാണ് നമ്മൾ എത്തിയിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾ ഗോഡൗണിൽ കിടക്കുന്നുവെന്ന് പ്രതിപക്ഷനേതാവ് നേരത്തെ നിയമസഭയിൽ ശക്തമായി

ഉന്നയിക്കുകയുണ്ടായി. ഞാൻ അഭിമാനത്തോടെ പറയുന്നു, അന്ന് അങ്ങ് ഉന്നയിച്ച പ്രശ്നം സമ്പൂർണ്ണമായി ഈ കേരളത്തിൽ പരിഹരിച്ച ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്.

ശ്രീ. എം. വിൻസെന്റ്: സർ, മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസാനുകൂല്യത്തിൽ വലിയ കുടിശ്ശിക വന്നിരിക്കുകയാണ്. കഴിഞ്ഞ വർഷം പത്താം മാസം ഫിഷറീസ് ഡയറക്ടർ തന്നെ 53.91 കോടി രൂപ കുടിശ്ശിക അനുവദിക്കണമെന്നുപറഞ്ഞ് കത്തുതന്നിട്ടുണ്ടായിരുന്നു. പക്ഷേ 16 കോടി രൂപ മാത്രമാണ് ഈ വർഷം മാർച്ച് മാസത്തിൽ അനുവദിച്ചത്. കഴിഞ്ഞ വർഷത്തെ കുടിശ്ശികയായ 37.91 കോടി രൂപ എന്ന് കൊടുത്തു തീർക്കാൻ കഴിയും?

ശ്രീ. സജി ചെറിയാൻ: സർ, നമ്മൾ വിദ്യാഭ്യാസത്തിന് വളരെയേറെ പ്രാധാന്യം കൊടുക്കുന്നവരാണ്. 'വിദ്യാതീരം' പദ്ധതിയിലൂടെ കേരളത്തിൽ എം.ബി.ബി.എസ്.-ന് പ്രവേശനം ലഭിച്ചവരും പ്രൊഫഷണൽ കോഴ്സുകൾക്ക്

പ്രവേശനം ലഭിച്ചവരുമായി 142 പേരാണുള്ളത്. അതിൽ 86 പേർ ഡോക്ടർമാരാണ്. ചരിത്രത്തിലെ ഏറ്റവും വലിയ റിസൾട്ട്

തീരദേശമേഖലയിൽ സൃഷ്ടിച്ചത് ഈ ഗവൺമെന്റാണ്. തീരദേശമേഖലയിലെ എല്ലാ സ്കൂളുകളും ഹൈടെക് ആക്കുകമാത്രമല്ല അടിസ്ഥാന സൗകര്യങ്ങളും വർധിപ്പിച്ചു .......(ബഹളം)........ തീരദേശ സ്കൂളുകളിൽ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിന് സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും 36 സ്കൂളുകൾക്ക് 70 കോടി രൂപ KIIFB-ൽനിന്നും 57 സ്കൂളുകൾക്ക് 66 കോടി രൂപ ഉൾപ്പെടെ 136 കോടി രൂപ ചെലവാക്കി പൂർത്തീകരിച്ചു. ഇതുകൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഇത്രയുമൊക്കെ ചെയ്തപ്പോൾ കുറച്ച് കുടിശ്ശികയുണ്ട്. ലംപ്സം ഗ്രാന്റ് കൊടുക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. ഞങ്ങളത് കൊടുക്കും. നിങ്ങളുടെ കാലത്ത് ചെയ്തതിന്റെ അമ്പതിരട്ടി ഈ ഗവൺമെന്റിന്റെ കാലത്ത് ചെയ്തതുകൊണ്ടാണ് ഈ ബുദ്ധിമുട്ട് വന്നത്. ഇതു ചെയ്യാതിരുന്നെങ്കിൽ ഇങ്ങനെയൊന്നും വരില്ലായിരുന്നു. പ്രതിപക്ഷത്തിന്റെ തീരദേശ എം.എൽ.എ.-മാർ അവരുടെ നിയോജകമണ്ഡലത്തിൽ മോശമായ സ്ഥിതിയിലുള്ള ഏതെങ്കിലും സ്കൂൾ ഉണ്ടോയെന്ന് പറയട്ടെ, ഞാൻ വെല്ലുവിളിക്കുന്നു. എല്ലാ സ്കൂളുകളും മെച്ചപ്പെടുത്തി അഭിമാനകരമായ നേട്ടം

കേരളത്തിന് ലഭിച്ചു. ധനപരമായ ചില ബുദ്ധിമുട്ടുകളുണ്ട്, അക്കാര്യം അടിയന്തരമായി പരിഹരിക്കും.

ശ്രീ. ടി. ജെ. വിനോദ്: സർ, പെരിയാർ നദിയിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയതിന്റെ പ്രധാന കാരണം ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ dissolved oxygen-ന്റെ ഏറ്റക്കുറച്ചിലല്ല മറിച്ച് വ്യവസായ മാലിന്യമാണെന്ന് ഇപ്പോൾ കണ്ടെത്തിയിട്ടുണ്ട്. വെള്ളത്തിന്റെയും മത്സ്യത്തിന്റെയും ചെളിയുടെയും സാമ്പിളുകൾ കുഫോസ് പരിശോധിച്ചപ്പോൾ ഖനലോഹങ്ങളുടെയും വിഷപദാർത്ഥങ്ങളുടെയും സാന്നിധ്യം കണ്ടെത്തിയിരിക്കുകയാണ്. അമിതമായ hydrogen sulphade, ammonia എന്നിവയുടെ സാന്നിധ്യമാണ് ഓക്സിജന്റെ അളവ് കുറയുന്നതിനും മത്സ്യം ചത്തുപൊങ്ങുന്നതിനും കാരണമായതെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇതിന് കാരണക്കാരായ വ്യവസായ സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; ചെളിയിൽ അടിഞ്ഞുകൂടിയിട്ടുള്ള രാസമാലിന്യം നീക്കം ചെയ്യാനുള്ള നടപടി

സ്വീകരിക്കുമോ; ഈ മത്സ്യകർഷകർക്ക് അടിയന്തരമായി സഹായമെത്തിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, ടി പ്രശ്നത്തിന്മേൽ നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറുപടി പറഞ്ഞതാണ്. ഇക്കാര്യം മത്സ്യബന്ധന വകുപ്പിന്റെ മാത്രം നിയന്ത്രണത്തിൽ വരുന്ന കാര്യമല്ല. ഇറിഗേഷൻ-വ്യവസായ വകുപ്പുകൾകൂടി ചേർന്നതാണ്. ഇതുവരെ വന്ന റിപ്പോർട്ടുകളെല്ലാം ഗവൺമെന്റ് പരിശോധിക്കും. മത്സ്യത്തൊഴിലാളികൾക്ക് പതിമൂന്ന് കോടിയോളം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അത് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. സാമ്പത്തിക പരിമിതികളുള്ളിൽനിന്നുകൊണ്ട് ത്വരിതഗതിയിൽ അത്തരം കാര്യങ്ങൾ ചെയ്യുന്നതിനുള്ള പരിശ്രമം നടത്തുമെന്ന് അറിയിക്കുന്നു.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള ഗ്രാന്റ്**

4(*214) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:

<u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് നൽകി വന്നിരുന്ന വിദ്യാഭ്യാസ ഗ്രാന്റ് നിർത്തലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദാംശം നൽകുമോ;

(സി) 2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ് ലഭിക്കാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് അത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) മുടങ്ങിപ്പോയ ഗ്രാന്റ് നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ & ബി) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. ഒ. ആർ. കേളു</u>): സർ, നിർത്തലാക്കിയിട്ടില്ല. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപവരെയുള്ള പട്ടികജാതി

വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് 40 ശതമാനം സംസ്ഥാനവും 60 ശതമാനം കേന്ദ്രവുമാണ് വഹിക്കുന്നത്. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വിദ്യാർഥികളുടെ സ്കോളർഷിപ്പ് തുക പൂർണ്ണമായും സംസ്ഥാനസർക്കാർ നൽകിവരുന്നു. 2021-22 അധ്യയന വർഷം മുതൽ വിദ്യാർഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) മുഖേന മാത്രമേ അനുവദിച്ച് നൽകാൻ പാടുള്ളൂവെന്ന് കേന്ദ്രസർക്കാർ നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് സാങ്കേതിക സഹായം നൽകാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തിയതുകാരണം സ്കോളർഷിപ്പ് കുടിശ്ശികയാകുന്ന സാഹചര്യമുണ്ടായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻ കുടിശ്ശിക അടക്കമുള്ള മുഴുവൻ തുകയും വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. വിദ്യാർഥികൾ അപേക്ഷ സമർപ്പിക്കുന്നതിലും സ്ഥാപനങ്ങൾ ഈ അപേക്ഷകൾ പരിശോധിച്ച് ഫോർവേർഡ് ചെയ്യുന്നതിലും വന്ന കാലതാമസവും കുടിശ്ശിക വരാൻ കാരണമായി. വിവിധ സർവകലാശാലകളുടെയും പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും

ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഏകീകരിച്ചുകൊണ്ട് താമസംവിനാ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) 2024-25 വർഷം പട്ടികജാതി വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് ഇ-ഗ്രാന്റ്സ് ആവശ്യത്തിനായി 223 കോടി രൂപ വകയിരുത്തിയതിൽ 30 കോടി രൂപയുടെ കുടിശ്ശിക വിതരണം ചെയ്തുകഴിഞ്ഞു. ഇതിനായി അധിക ധനസഹായം ലഭ്യമാക്കുന്നതിനും വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക വരുത്താതെ വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യഥാസമയം ഗ്രാന്റ് ലഭിക്കാത്തതിനാൽ ഈ വിദ്യാർത്ഥികളുടെ പഠനം മുടങ്ങിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കോളർഷിപ്പ് നൽകിവരുന്നതിലുള്ള കാലതാമസവും സാങ്കേതിക പ്രശ്നങ്ങളും കാരണമാണ്

ചില തടസ്സങ്ങൾ ഉണ്ടായിട്ടുള്ളത്. അക്കാര്യങ്ങൾ പരിഹരിച്ച് വളരെ വേഗത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. മാണി സി. കാപ്പൻ: സർ, പഠനച്ചെലവ് വർധിച്ചുവരുന്ന സാഹചര്യത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് നൽകിവരുന്ന ഗ്രാന്റ് വർധിപ്പിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, ടി വിഷയം പരിശോധിച്ചുവരുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

**10 am**

## II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: ഓർഡർ .... ഓർഡർ ...... കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 50-ാം ചട്ട പ്രകാരം ഇന്ന് ലഭിച്ചിരിക്കുന്ന നോട്ടീസ്, ടി. പി. ചന്ദ്രശേഖരൻ കൊലക്കേസിലെ പ്രതികൾക്ക് ശിക്ഷയിളവ് നൽകാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന നീക്കത്തെ സംബന്ധിച്ചാണ്. ഇത്തരത്തിലുള്ള നീക്കം ഉണ്ടായിട്ടില്ലെന്ന കാര്യം ഇതിനകം വ്യക്തമാക്കപ്പെട്ട സാഹചര്യത്തിൽ

ഇക്കാര്യത്തിൽ മറ്റ് അടിയന്തര പ്രാധാന്യമില്ലാത്തതിനാൽ ചട്ടം 52(v) പ്രകാരം നോട്ടീസ് നിരസിക്കുകയാണ്. എന്നാൽ അംഗം ആവശ്യപ്പെടുന്ന പക്ഷം ഇക്കാര്യം സബ്മിഷനായി ഉന്നയിക്കാൻ അനുമതി നൽകുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒന്നാമതായി, ഞങ്ങൾ ഉന്നയിച്ച ഈ വിഷയത്തിൽ സർക്കാർ നൽകേണ്ട മറുപടി ബഹുമാനപ്പെട്ട ചെയർ പറഞ്ഞതിന്റെ അനൗചിത്യം ആദ്യം ചൂണ്ടിക്കാട്ടുകയാണ്. ജയിൽ സൂപ്രണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പോലീസ് കമ്മീഷണറോട് remission list ചോദിച്ചുകൊണ്ട് നൽകിയ കത്ത് തെളിവായി ഞങ്ങളുടെ കൈയിലുണ്ട്. രണ്ടാമതായി, ശിക്ഷായിളവ് നൽകേണ്ട ആളുകൾക്ക്/വ്യക്തികൾക്ക്/ജയിൽപ്പുള്ളികൾക്ക് അവരുടെ ബന്ധുക്കളിൽനിന്നും ഇരകളായി മാറിയവരുടെ ബന്ധുക്കളിൽനിന്നും കൂടി അഭിപ്രായം രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പാനൂർ പോലീസ് അടക്കമുള്ള ...

മി. സ്പീക്കർ: യെസ് ... യെസ് ... പ്ലീസ്...അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് പറയുകയാണ്, പ്രതിപക്ഷ നേതാവായ

അങ്ങേയ്ക്ക് എല്ലാ ഘട്ടത്തിലും ആവശ്യമായ പരിഗണനയും ബഹുമാനവും നൽകിയിട്ടുണ്ട്. ഇതിൽ കൂടുതൽ സംസാരിക്കാൻ സാധിക്കില്ല, ഈ സഭയ്ക്കകത്ത് എത്രയോ തവണ ഇക്കാര്യം ചർച്ച ചെയ്തതാണ്. (......ബഹളം....) അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടുതന്നെ ഈ വിഷയം ചർച്ച ചെയ്യാൻ സാധിക്കില്ലെന്ന് പറയുകയാണ്.

ശ്രീ. വി. ഡി. സതീശൻ: നിങ്ങൾക്ക് ഭയമാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് ബഹളംവച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## III. ശ്രദ്ധക്ഷണിക്കൽ

### മോട്ടോർ വാഹനമേഖല നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പ്രതിപക്ഷ ബഹളത്തിനിടയിൽ പ്രാധാന്യം നഷ്ടപ്പെടേണ്ട ഒരു വിഷയമല്ലിത്. സംസ്ഥാനത്തെ എറ്റവും വലിയ തൊഴിൽ മേഖലകളിൽ ഒന്നാണ് മോട്ടോർ വാഹന മേഖല. മോട്ടോർ വാഹന മേഖലയിൽ ദശലക്ഷക്കണക്കിന് തൊഴിലാളികളാണ്

പണിയെടുക്കുന്നത്. ചരക്ക് ഗതാഗതം, പൊതുഗതാഗതം, സ്വകാര്യ ബസ് മേഖല, കെ.എസ്.ആർ.ടി.സി., ഓട്ടോ-ടാക്സി മേഖല, ഡ്രൈവിംഗ് സ്കൂൾ എന്നിവ ഉൾപ്പെടുന്ന വിപുലമായൊരു മേഖലയാണിത്.

കേന്ദ്രഗവൺമെന്റ് പിന്തുടരുന്ന തൊഴിലാളിവിരുദ്ധ - ജനവിരുദ്ധ നയങ്ങൾ ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് മോട്ടോർ തൊഴിലാളികളെയാണ്. അന്നന്നത്തെ അന്നത്തിനുവേണ്ടി വളയം പിടിച്ചും മറ്റ് അനുബന്ധ തൊഴിൽ ചെയ്തും ജീവിതം കരുപിടിപ്പിക്കാൻ ശ്രമിക്കുന്ന മോട്ടോർ തൊഴിലാളികളെ ശത്രുക്കളായി കണ്ടാണ് ഓരോ ദിവസവും കേന്ദ്രഗവൺമെന്റ് പുതിയ ടാക്സും നിയമങ്ങളും കൊണ്ടുവരുന്നത്. മോട്ടോർ വാഹന നിയമ ഭേദഗതിയിലെ പ്രതിലോമ വകുപ്പുകൾ കേരളത്തിൽ നടപ്പാക്കുകയില്ലെന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉറപ്പുനൽകിയതാണ്. ഇതുസംബന്ധിച്ച് ധാരണയിലെത്താൻ സർക്കാർ, തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഗതാഗത വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ചിരുന്നു. എന്നാൽ കേന്ദ്ര ഉത്തരവുണ്ടാകുമ്പോൾത്തന്നെ കേരളത്തിലെ മോട്ടോർ വാഹന വകുപ്പ് സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് വിരുദ്ധമായി

അതിവിടെ നടപ്പാക്കുകയാണ്. ഇക്കാര്യവുമായി ബന്ധപ്പെട്ട് ട്രേഡ് യൂണിയനുകളുമായി കൂടിയാലോചന നടത്താനുള്ള സാമാന്യ മര്യാദപോലും പ്രകടിപ്പിക്കാറില്ലെന്നത് സങ്കടകരമാണ്. മറ്റ് സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ നിർബന്ധബുദ്ധി പ്രകടിപ്പിക്കാതിരിക്കുകയോ കണ്ടില്ലെന്ന് നടിക്കുകയോ ചെയ്യുന്നു. പെട്രോളിന്റെയും ഡീസലിന്റെയും വില വർധനവ്, ഇൻഷ്വറൻസ് പ്രീമിയം വർധനവ്, സർവീസ് ചാർജ്ജുകളിലും സർ ചാർജ്ജുകളിലും വരുത്തിയിട്ടുള്ള ഭീമമായ വർധനവ്, വ്യക്തിഗത വാഹനങ്ങൾ പെരുകുന്നതുമൂലമുള്ള തൊഴിൽനഷ്ടം തുടങ്ങിയവമൂലം അന്നന്നത്തെ ആഹാരത്തിന് വകയില്ലാതെയാകുന്ന മോട്ടോർ തൊഴിലാളികളെ മോട്ടോർവാഹന വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ നടപടികൾ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ട്. മോട്ടോർവാഹന നിയമ ഭേദഗതിയും അതിനെത്തുടർന്നുണ്ടാകുന്ന കേന്ദ്ര ഉത്തരവുകളും തീർത്തും തൊഴിലാളിവിരുദ്ധവും ഈ മേഖല കുത്തകവൽക്കരിക്കാൻ ഉതകുന്നതുമാണെന്ന് നമുക്കറിയാം. കേന്ദ്രഗവൺമെന്റ് പിന്തുടരുന്ന തൊഴിലാളിവിരുദ്ധ - ജനവിരുദ്ധ നയങ്ങൾ ഗതാഗത മേഖലയെ കടുത്ത

പ്രതിസന്ധിയിലേയ്ക്കാണ് എത്തിച്ചിരിക്കുന്നത്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ബസ്സുകൾ, ഓട്ടോറിക്ഷ, ലൈറ്റ് ഗുഡ്സ് വാഹനങ്ങൾ എന്നിവയ്ക്കുള്ള പ്രവർത്തന കാലാവധി 22 വർഷമായി നിജപ്പെടുത്തിയതുപോലെ ചരക്ക് വാഹനങ്ങളുടെയും പ്രവർത്തനകാലാവധി 22 വർഷമായി ഉയർത്തുന്ന കാര്യം പരിഗണിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. 09-06-2022-ലെ കേന്ദ്ര ഉത്തരവുപ്രകാരം ഒരു സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത നാഷണൽ പെർമിറ്റുള്ള ചരക്ക് വാഹനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ ഒന്നിലേറെ പോയിന്റുകളിൽനിന്ന് ലോഡ് ഇറക്കുന്നതിനോ കയറ്റുന്നതിനോ ഉള്ള നിയന്ത്രണം ഒഴിവാക്കിയിരിക്കുകയാണ്. ഇത് നമ്മുടെ സംസ്ഥാനത്തെ മോട്ടോർ തൊഴിലാളി മേഖലയെ രൂക്ഷമായി ബാധിക്കുന്നുണ്ട്. രണ്ട് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് ഓടുന്ന ടാങ്കർ അടക്കമുള്ള ചരക്ക് വാഹനങ്ങൾ കർണാടകയിലും തമിഴ്നാട്ടിലും രജിസ്റ്റർ ചെയ്യുന്ന പ്രവണത വർധിച്ചുവരികയാണ്. റോഡ് ടാക്സ്, ഇന്ധന നികുതി എന്നിവയുടെ വർധനവും മോട്ടോർ തൊഴിലാളി ക്ഷേമനിധിയും ജി.പി.എസ്. നിർബന്ധമാക്കിയതും ലോറികളുടെ രജിസ്ട്രേഷൻ അയൽ സംസ്ഥാനത്തേയ്ക്ക് മാറ്റാൻ ഉടമകളെ

പ്രേരിപ്പിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കനത്ത നഷ്ടം വരുത്തുന്നുവെന്ന് മാത്രമല്ല നമുക്ക് നികുതി നൽകുന്ന തൊഴിലാളികൾക്കും വാഹനയുടമകൾക്കും ഈ രംഗത്ത് പിടിച്ചുനിൽക്കാൻ സാധിക്കാതെ വരികയുമാണ്. ദിനംപ്രതി ആയിരക്കണക്കിന് ചരക്കുലോറികൾ സർവീസ് നടത്തിയിരുന്ന സിമന്റ് മേഖലയിൽനിന്നും പൂർണ്ണമായും കേരള രജിസ്ട്രേഷൻ ലോറികൾ ഇല്ലാതായ സാഹചര്യമാണുള്ളത്. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത ഭാരവാഹക ശേഷിയുള്ള 3000-ൽ അധികം ചരക്ക് വാഹനങ്ങളെയാണ് വലിയ കുത്തക ട്രാൻസ്പോർട്ട് കമ്പനികൾ ഈ മേഖലയിൽ ഇപ്പോൾ ഉപയോഗിക്കുന്നത്. ഇത് കേരള സർക്കാരിനുണ്ടാകുന്ന ഭീമമായ നഷ്ടം നാം മനസ്സിലാക്കേണ്ടതാണ്. മാത്രവുമല്ല അത്തരം വാഹനങ്ങളിൽ ജോലിയെടുക്കുന്ന തൊഴിലാളികളുടെ അവകാശങ്ങൾ ഹനിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകുമ്പോൾ അതിൽ ഇടപെടുന്നതിന് സംസ്ഥാനത്തെ തൊഴിൽ വകുപ്പിനും ട്രേഡ് യൂണിയനുകൾക്കും സാധിക്കാതെ വരികയാണ്. ഇതൊഴിവാക്കാൻ All India Permit നേടിയിട്ടുള്ള

ബസ് സർവീസുകൾക്കെതിരെ സംസ്ഥാന സർക്കാർ കൃത്യമായി സ്വീകരിച്ച നടപടികൾപോലെ ചരക്ക് വാഹന മേഖലയിലും ശക്തമായ ഇടപെടലുണ്ടാകണം. ദേശീയ പാതയുടെ പണി നടക്കുന്നതിനാൽ മഞ്ചേശ്വരം, ചെറുവത്തൂർ ആർ.ടി.ഒ. ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കാത്തതിനാൽ അമിതഭാരം കയറ്റിയ നൂറുകണക്കിന് അന്യസംസ്ഥാന വാഹനങ്ങളാണ് ദിനംപ്രതി raw materials-മായി കേരളത്തിലേയ്ക്ക് വരുന്നത്. ഇവർ തിരികെ പോകുന്നത് കേരളത്തിൽനിന്ന് നാമമാത്ര വാടകയ്ക്ക് ലോഡ് എടുത്തുകൊണ്ടാണ്. അയൽസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മൂന്നിരട്ടി റോഡ് ടാക്സ് നൽകി കേരളത്തിൽ രജിസ്റ്റർ ചെയ്ത നമ്മുടെ വാഹനങ്ങൾക്ക് ഇതോടെ പണി നഷ്ടമാകുകയാണ്. ഇത് തടയാൻ അടിയന്തരമായി അതിർത്തിയിൽ ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ച് കർശനനടപടി സ്വീകരിക്കേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റ് പുതുതായി നടപ്പാക്കിയ ചരക്കുവാഹനങ്ങളുടെ ബോഡി നിർമ്മാണ നിബന്ധന ഉത്തരവ് നിലവിൽവന്ന ദിവസം മുതൽ നമ്മുടെ സംസ്ഥാനത്ത് അത് നിർബന്ധമായി നടപ്പാക്കാൻ ശ്രമിക്കുന്ന മോട്ടോർ

വാഹന വകുപ്പ് നമ്മുടെ അയൽസംസ്ഥാനങ്ങളിൽനിന്ന് യാതൊരു നിബന്ധനകളുമില്ലാതെ ബോഡി കെട്ടിവരുന്ന വാഹനങ്ങൾ കേരളത്തിലേയ്ക്ക് റീ-രജിസ്റ്റർ ചെയ്യുന്നതിന് ഒരുവിധ തടസ്സവും കല്പിക്കുന്നില്ല. നിലവിലുള്ള ബോഡി നിർമ്മാണ നിബന്ധനകൾപ്രകാരം വാഹനത്തിന്റെ കാബിനും ചരക്ക് കയറ്റുന്ന ഭാഗവും പ്രത്യേകം വേണമെന്ന് നിഷ്കർഷിക്കുമ്പോൾ ഒരു ടണ്ണിലധികം ഭാരം വാഹനത്തിന് കൂടുതലായി വരുന്നതിനാൽ വാഹനത്തിന്റെ ഭാരവാഹകശേഷി കുറയും. കേരളത്തിൽ ബോഡി നിർമ്മാണം നടത്തുന്ന ഒരു വാഹനയുടമയ്ക്ക് ഓരോ തവണ ചരക്ക് ഇറക്കേണ്ടി വരുമ്പോഴും രണ്ടായിരം രൂപയോളം നഷ്ടം വരികയാണ്. ദീർഘദൂര സർവീസ് നടത്തുന്ന നാഷണൽ പെർമിറ്റ് ലോറികൾക്ക് ഇത് വലിയ നഷ്ടമാണ് വരുത്തുന്നത്. കേരളത്തിന്റെ തനത് ചരക്ക് മേഖല തകരുമ്പോൾ നിത്യോപയോഗ സാധനങ്ങൾക്കുപോലും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഭാവിയിൽ വലിയ ദുരന്തമായിരിക്കും നേരിടേണ്ടി വരുന്നത്. ടിപ്പർ മേഖലയിലെ വാഹനങ്ങൾ വഴിയിൽ തടഞ്ഞുനിർത്തി ഓവർലോഡിന്റെ പേരിൽ ഭീമമായ തുക

തൊഴിലാളികളിൽനിന്നും ഈടാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഗതാഗത വകുപ്പുമന്ത്രിക്കും തൊഴിലാളി സംഘടനകൾ നിവേദനം നൽകുകയും ഖനന കേന്ദ്രത്തിൽ weighing machine സ്ഥാപിച്ച് ഉല്പന്നം തൂക്കിക്കയറ്റുന്നതിന് നടപടികളെടുക്കാമെന്ന് ചർച്ചാവേളയിൽ ഗതാഗത വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തതാണ്. പക്ഷേ ഈ നടപടി ഇതുവരെ നടപ്പാക്കിയിട്ടില്ല. ക്വാറികളിൽനിന്നും അനുവദിച്ചതിൽ കൂടുതൽ ലോഡ് കയറ്റിപ്പോകുന്നത് തടയുന്നതിനും ഓവർലോഡ് ഒഴിവാക്കാനും എല്ലാ ലോഡിനും പാസ് നൽകുന്നതിനും ക്വാറികളിൽ പരിശോധന ശക്തമാക്കേണ്ടതുണ്ട്. അന്തർസംസ്ഥാന സർവീസ് നടത്തുന്ന ലോറികളിൽ ഒരു ഡ്രൈവർ മാത്രം മതിയെന്നിരിക്കെ സംസ്ഥാനത്തിനകത്ത് ഓടുന്ന ചരക്ക് വാഹനങ്ങളെയും ടാങ്കർ ലോറികളെയും തടഞ്ഞുനിർത്തി പിഴ ഈടാക്കുന്ന നടപടി അവസാനിപ്പിക്കേണ്ടതാണ്. ക്വാറി ഉൽപന്നങ്ങൾക്ക് ജില്ലാതലത്തിൽ ഏകീകരിച്ച വാടക നിശ്ചയിക്കുക, ഉൽപന്ന വില നിശ്ചയിക്കുന്നതിന് ജില്ലാതലത്തിൽ വിളിക്കുന്ന യോഗങ്ങളിൽ ട്രേഡ് യൂണിയൻ പ്രതിനിധികളെയും പങ്കെടുപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ

ചെയ്യേണ്ടതുണ്ട്. നാഷണൽ ഹൈവേ റോഡുകളിൽ 100 കിലോമീറ്റർ ദൂരപരിധിയിൽ പ്രാഥമിക കാര്യങ്ങൾ നിർവഹിക്കാനും വിശ്രമിക്കാനുമുള്ള സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കണം. മറ്റ് സംസ്ഥാനങ്ങളിൽ പ്രൈവറ്റ് വാഹനമായി രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽവന്ന് കോൺട്രാക്ട് എടുത്ത് വാടകയ്ക്ക് ഓടുന്ന JCB, hitachi അടക്കമുള്ള മണ്ണുമാന്തി യന്ത്രങ്ങളും അനുബന്ധ ഉപകരണങ്ങളും കേരളത്തിൽ സർവീസ് നടത്തുന്നത് നിരോധിക്കണം, അല്ലാത്തപക്ഷം ഈ വാഹനങ്ങൾക്ക് കേരളത്തിലെ റോഡ് ടാക്സ് ഈടാക്കാനുള്ള നടപടി സ്വീകരിക്കണം. കസ്റ്റഡിയിലെടുക്കുന്ന ചരക്കുവാഹനങ്ങൾ ചരക്കുമായി ആഴ്ചകളും മാസങ്ങളും കസ്റ്റഡിയിൽ സൂക്ഷിക്കുന്ന രീതിയാണ് നിലവിലുള്ളത്. ഇതുമൂലം വാഹനം വിട്ടുകിട്ടിയാലും പിന്നീടത് ഓടിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. ലക്ഷങ്ങൾ വിലയുള്ള വാഹനങ്ങൾ കേടുകൂടാതെ സംരക്ഷിക്കാൻ നടപടിയുണ്ടാകേണ്ടതുണ്ട്. മറ്റൊരു പ്രതിസന്ധി ചരക്കുവാഹനങ്ങളുടെ പാർക്കിംഗാണ്. കേരളത്തിൽ സർവീസ് നടത്തുന്ന ചരക്കുവാഹനങ്ങൾക്ക് മതിയായ പാർക്കിംഗ് സൗകര്യം

ദേശീയപാതകളിൽ ജില്ലാ/താലൂക്ക് അടിസ്ഥാനത്തിൽ ഒരുക്കേണ്ടതുണ്ട്. അതുപോലെ ഹൈവേ വികസനത്തിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന പല ഓട്ടോ സ്റ്റാൻഡുകളും ഇപ്പോഴില്ല. അവയ്ക്കുപകരം സംവിധാനമുണ്ടാക്കാൻ നടപടിയുണ്ടാവണം. FCI ഡിപ്പോകളിൽ 40 വർഷത്തോളമായി സമാധാനപരമായി നിലനിൽക്കുന്നതും ആയിരത്തോളം ലോറി ജീവനക്കാർ ജോലി ചെയ്യുന്നതുമായ സംവിധാനത്തെ അട്ടിമറിക്കുന്ന നടപടിയാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ സ്വീകരിക്കുന്നത്. ഈ രംഗത്ത് തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനുള്ള നടപടികളുണ്ടാകണം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം നിർത്തണം. ഇപ്പോൾ 6 മിനിറ്റായി.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനും തുക വർധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഇത് കേരളത്തിലെ 20 ലക്ഷത്തോളം തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുന്ന പ്രശ്നമാണ്. അതുകൊണ്ട് സംസാരിക്കാൻ ഒരു മിനിറ്റ് സമയം കൂടി നൽകണം.

മി. സ്പീക്കർ: 7 മിനിറ്റായി.....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ഞാൻ ഉടൻ അവസാനിപ്പിക്കാം. ഇന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട യോഗം വിളിച്ചിട്ടുണ്ട്. ഡ്രൈവിംഗ് ടെസ്റ്റുകൾക്കുള്ള ഗ്രൗണ്ടുകൾ തയ്യാറാക്കുന്ന ജോലി വകുപ്പ് ഏറ്റെടുക്കണം. ഡ്രൈവിംഗ് ടെസ്റ്റ് മേഖലയിൽ ചുവടുറപ്പിക്കാൻ ശ്രമിക്കുന്ന കുത്തകകളിൽനിന്ന് ചെറുകിടക്കാരെ സംരക്ഷിക്കാനുള്ള സർക്കാർ നടപടികളുണ്ടാകണം. ഇതിനായി ചെറുകിടക്കാരുടെ സഹകരണ സംരംഭങ്ങൾക്ക് സർക്കാർ പ്രോത്സാഹനം നൽകണം. കെ.എസ്.ആർ.ടി.സി.-യുടെ പ്രശ്നങ്ങൾ ഞാൻ വിശദീകരിക്കുന്നില്ല. അവിടെ ഒരു തവണയായി ശമ്പളം നൽകാൻ സാധിക്കുന്ന നില വളരെ പെട്ടെന്നുതന്നെ കൊണ്ടുവരാൻ സാധിക്കട്ടെ. അതിനുവേണ്ടിയുള്ള ഗതാഗത വകുപ്പുമന്ത്രിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും സംസ്ഥാനത്തെ ജനങ്ങളുടെ ആകെ പിന്തുണയുണ്ടാകുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശക്തമായ ഇടപെടലുകൾ ഗതാഗത വകുപ്പുമന്ത്രി നമ്മുടെ സംസ്ഥാനത്ത്

നടത്തുന്നുണ്ട്. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനുള്ള ശക്തമായ നീക്കങ്ങൾ നടത്താൻ ഗതാഗത വകുപ്പുമന്ത്രിക്ക് സാധിക്കട്ടെയെന്ന് സവിനയം അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, തൊഴിലാളികളെ സംബന്ധിച്ച വളരെയധികം പ്രധാനപ്പെട്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. കേരളത്തിൽ ഗതാഗത വകുപ്പിൽ ഒരിക്കലും കേന്ദ്രനയങ്ങൾ നടപ്പാക്കാൻ ശ്രമിക്കാറില്ല, അതനുവദിക്കാൻ ആഗ്രഹിക്കുന്നുമില്ല. പക്ഷേ നിയമത്തിലുള്ള വ്യവസ്ഥകൾ മറികടക്കാൻ നമുക്ക് പലപ്പോഴും സാധിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ ശരിയാണ്, കേരളത്തിലോ തമിഴ്നാട്ടിലോ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് രൂപമാറ്റം വരുത്താൻ സാധിക്കില്ല, എന്നാൽ നാഗാലാൻഡിൽ അന്യസംസ്ഥാന ലോറികളും ബസുകളും വാഹനയുടമയോ വാഹനമോ ഹാജരാകാതെതന്നെ രജിസ്ട്രേഷൻ നടത്തുകയും രൂപമാറ്റം വരുത്തുകയും ചെയ്യുകയാണ്. കഴിഞ്ഞ ദിവസം എറണാകുളത്ത് ഒരു മോട്ടോർ സൈക്കിൾ യാത്രക്കാരന്റെ ശരീരത്തിലേയ്ക്ക് ഒരു ബസ് മറിയുകയുണ്ടായി.

അപകടമുണ്ടാക്കിയ ഈ ബസിൽ അധികമായി 6 ബെഡുകൾ കൂട്ടിച്ചേർത്തിട്ടുണ്ടായിരുന്നു. ഇതുമായി ബന്ധപ്പെട്ട വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും രൂപമാറ്റം കണ്ടെത്തുകയും ചെയ്തു. ബസ് ബോഡി ബിൽഡിംഗ് കോഡ് അനുസരിച്ചും ഇന്ത്യയിൽ നിലവിലുള്ള നിയമം അനുസരിച്ചും ഇത്തരത്തിൽ രൂപമാറ്റം വരുത്താൻ പാടില്ലാത്തതാണ്. വാഹനത്തിന്റെ നീളം വർധിപ്പിച്ച് 6 ബെഡുകൾ അധികമായി കൂട്ടിച്ചേർത്തതാണ് പ്രസ്തുത വാഹനം മറിയാനുള്ള പ്രധാന കാരണം. സമാന രീതിയിൽ സർവീസ് നടത്തുന്ന ധാരാളം വാഹനങ്ങൾ കേരളത്തിലുണ്ട്. ഇക്കാര്യം അടിയന്തരമായി നാഗാലാൻഡ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും നടപടിയുണ്ടായില്ലെങ്കിൽ —അവരുമായി നേരിട്ട് ബന്ധപ്പെടാനും തീരുമാനിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റിൽ ബസിന്റെ ടാക്സിൽ കുറവ് വരുത്തിയിരുന്നു, എന്നാൽ ലോറിയുടെ ടാക്സിൽ കുറവ് വരുത്തിയിരുന്നില്ല. തമിഴ്നാടും കർണാടകവുമായി താരതമ്യപ്പെടുത്തുമ്പോൾ നിലവിൽ ടാക്സ് കുറവുള്ളത് കേരളത്തിലായതിനാൽ വാഹനങ്ങൾ

കൂടുതലായും ഇവിടെ രജിസ്ട്രേഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു നാഷണൽ പെർമിറ്റ് വാഹനം രണ്ട് സ്ഥലങ്ങളിലായി അൺലോഡിംഗ് നടത്തുന്നത് തടയാൻ നിയമമില്ലെങ്കിലും അതനുവദിക്കാൻ സാധിക്കാത്തവിധം, പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ വച്ച് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ഇത്തരത്തിലുള്ള നീക്കം കണ്ടെത്തി നടപടിയെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ തീരുമാനിക്കേണ്ടത് പഞ്ചായത്തും മുനിസിപ്പാലിറ്റിയുമാണ്. അങ്ങയുടെ ചോദ്യത്തിൽ പലതിനും മറുപടി പറയേണ്ടത് തൊഴിൽവകുപ്പാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട വിഷയത്തിൽ ഒരു യോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. ലക്ഷക്കണക്കിന് തൊഴിലാളികളുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട വിഷയത്തിൽ മോട്ടോർവാഹന വകുപ്പിന്റെ ഭാഗത്തുനിന്നുള്ള എല്ലാ ക്ലിയറൻസും പൂർത്തിയായിട്ടുണ്ട്. അടുത്തഘട്ടത്തിൽ മോട്ടോർവാഹന തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സമ്മതപത്രം ലഭ്യമായാൽ തൊഴിലാളികൾക്ക് വെബ്സൈറ്റിലൂടെ വാഹന രജിസ്ട്രേഷൻ

നടത്തുമ്പോൾത്തന്നെ യാതൊരു ബുദ്ധിമുട്ടുമില്ലാതെ ഓട്ടോമാറ്റിക് സംവിധാനത്തിലൂടെ അവരുടെ ക്ഷേമനിധിയിലേയ്ക്ക് തുകയടയ്ക്കുന്നതിനുള്ള സാഹചര്യമുണ്ടാകും. അതിനുള്ള എല്ലാ നടപടികളും മോട്ടോർവാഹന വകുപ്പ് സ്വീകരിച്ചുകഴിഞ്ഞു.

ഡ്രൈവിംഗ് മേഖലയിൽ കുത്തകകൾ കടന്നുവരാൻ നമ്മൾ ആഗ്രഹിക്കുന്നില്ല. എന്നാൽ നിയമത്തിൽ ഓട്ടോമേറ്റഡ് ഡ്രൈവിംഗ് സെന്ററുകളും ടെസ്റ്റിംഗ് സെന്ററുകളും ഉണ്ടാകണമെന്നുപറയുന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഒമ്പതോളം ഓട്ടോമേറ്റഡ് സെന്ററുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ അവയിൽ പലതും ഉദ്ഘാടനം ചെയ്തെങ്കിലും നിലവിൽ പ്രവർത്തനരഹിതമാണ്. അവയെല്ലാം പ്രവർത്തനക്ഷമമാക്കാൻ ശ്രമിക്കുന്നുണ്ട്. കേരളത്തിലോ തമിഴ്നാട്ടിലോ ആരും നിലവിൽ ഓട്ടോമേറ്റഡ് ഡ്രൈവിംഗ് സെന്ററുകൾ നടപ്പാക്കിയിട്ടില്ല, അത് വരാതിരിക്കാൻ നമ്മൾ ശ്രമിക്കുന്നുണ്ട്. ആരെങ്കിലും ഭാവിയിൽ ഇത്തരം സെന്ററുകൾ നടപ്പാക്കിയാൽ നിയമപരമായി അത് തടയാൻ നമുക്ക് സാധിക്കില്ല. മാരുതി, ടൊയോട്ട മുതലായ കമ്പനികൾ സ്വന്തം നിലയിൽ ഡ്രൈവിംഗ്

സ്കൂളുകൾ നടത്തുന്നവരാണ്. അവർ കേന്ദ്ര നിയമപ്രകാരമുള്ള പദ്ധതികൾ നടപ്പാക്കി, അതിലൂടെ ഓട്ടോമേറ്റഡ് ഡ്രൈവിംഗ് സെന്ററിന്റെ അംഗീകാരം നേടിയെടുക്കാൻ സാധ്യതയുണ്ട്. നിലവിൽ സംസ്ഥാനം ആരുടെയും ലൈസൻസുകൾ റദ്ദ് ചെയ്യുകയോ ഡ്രൈവിംഗ് സ്കൂളുകളെ ശല്യപ്പെടുത്തുകയോ ചെയ്യുന്നില്ല. പക്ഷേ മികച്ച നിലവാരത്തിലുള്ള ഡ്രൈവിംഗ് ലൈസൻസുകൾ നൽകണമെന്നുമാത്രമേ നിർദേശിച്ചിട്ടുള്ളൂ. ധാരാളം ആളുകൾ പറയുന്നത്, എനിക്ക് ലൈസൻസുണ്ടെങ്കിലും വാഹനം ഓടിക്കാൻ അറിയില്ല അതല്ലെങ്കിൽ എന്റെ ഭാര്യക്ക് ലൈസൻസുണ്ടെങ്കിലും അവൾക്ക് വാഹനം ഓടിക്കാൻ അറിയില്ല എന്നൊക്കെയാണ്. ഇതൊരു പൊതുവികാരമാണ്. അതിനോട് കേരളത്തിലെ ജനങ്ങൾ പൊരുത്തപ്പെട്ടിരിക്കുന്നു. കേരള യൂണിവേഴ്സിറ്റിയിൽ ഒരു കോഴ്സിനുചേർന്ന് പഠിക്കുമ്പോൾ വാല്യൂ ഉള്ള ഒരു സർട്ടിഫിക്കറ്റ് ലഭിക്കുന്നു. അതുപോലെ പണം കൊടുത്ത് ഡ്രൈവിംഗ് പഠിക്കുമ്പോൾ ഇന്റർനാഷണൽ നിലവാരത്തിൽ വാഹനം ഓടിക്കാൻ കഴിയുന്നവിധത്തിലുള്ള ഒരു ലൈസൻസ് ലഭിക്കണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നതിൽ തെറ്റില്ല. അത് നിയമത്തിലുള്ള കാര്യമായതിനാൽ

ഇതിന്മേലുള്ള ഒരു ഭേദഗതിക്കും നമുക്ക് അധികാരമില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് രണ്ട് ഡ്രൈവിംഗ് സ്കൂൾ ഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്, അത് തീർപ്പാക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അഭിപ്രായം ഇപ്പോൾ പറയാൻ സാധിക്കില്ല.

ഓവർലോഡുമായി ബന്ധപ്പെട്ട വിഷയത്തിൽ, ഇത്തരത്തിൽ സർവീസ് നടത്തുന്ന വാഹനം പിടിച്ചെടുത്ത് ഫൈൻ ഈടാക്കുന്നതിനോടൊപ്പം ഡ്രൈവറുടെ ലൈസൻസ് മൂന്നുമാസത്തേയ്ക്ക് സസ്പെൻഡ് ചെയ്യുകയും വേണമെന്നതാണ് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശം. കൂടാതെ ഓരോ ആഴ്ചയും എത്ര ലൈസൻസുകൾ സസ്പെൻഡ് ചെയ്തുവെന്നുള്ള വിവരം കോടതിയെ അറിയിക്കുകയും വേണം. ഈ വിഷയത്തിൽ ഉടമയുടെ താൽപര്യംമൂലം വാഹനത്തിൽ അമിത ലോഡ് കയറ്റി ഡ്രൈവറുടെ ജോലി നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം വളരെയധികം വേദനാജനകമാണ്. എന്നാൽ ഉടമ യാതൊരു ബുദ്ധിമുട്ടുമില്ലാതെ മൂന്നുമാസത്തേയ്ക്ക് മറ്റൊരു ഡ്രൈവറെ പെട്ടെന്ന് കണ്ടെത്തുകയും ചെയ്യും. എല്ലാ ക്വാറികളിലും weigh bridge സ്ഥാപിക്കുന്ന കാര്യം ഖനന വകുപ്പിന്റെ ചുമതലയിൽ ഉൾപ്പെടുന്നതാണ്.

ഇക്കാര്യത്തിൽ ഗതാഗത വകുപ്പിന് അവരെ നിർബന്ധിക്കാൻ സാധിക്കുകയില്ല. ഖനന വകുപ്പ് പ്രസ്തുത നിയമം കർശനമാക്കിയാൽ ക്വാറികളിൽ weigh bridge സ്ഥാപിക്കാൻ സാധിച്ചേക്കും. ഓവർലോഡുമായി നിരത്തിലൂടെ വാഹനങ്ങൾ പോകുമ്പോൾ പി.ഡബ്ല്യൂ.ഡി. റോഡുകളും ഗ്രാമീണമേഖലയിലെ റോഡുകളുമാണ് പൊളിഞ്ഞുപോകുന്നത്. എന്നാൽ ഏറ്റവും വലിയ അപകടമുണ്ടാകുന്നത് ഓവർസ്പീഡ് മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വാഹനങ്ങളുടെ സ്പീഡുമായി ബന്ധപ്പെട്ട് മൂന്നാഴ്ചയ്ക്കുമുമ്പ് സംസ്ഥാനമാകെ പരിശോധന നടത്തിയതിൽ സ്പീഡ് ഗവർണർ വിച്ഛേദിച്ചതിൽ മാത്രമായി ഏകദേശം 87 ലക്ഷം രൂപയാണ് സംസ്ഥാനസർക്കാരിന് ലഭിച്ചത്. ഇത്തരത്തിൽ കണ്ടെത്തിയ വാഹനങ്ങളിൽ സ്പീഡ് ഗവർണർ പുനഃസ്ഥാപിച്ച് ടെസ്റ്റ് ചെയ്തതിനുശേഷം മാത്രമേ വാഹനങ്ങൾ വിട്ടുകൊടുത്തിട്ടുള്ളൂ. മുമ്പ് മാധ്യമങ്ങൾ ഒരു ദിവസം ഇത്തരത്തിലുള്ള മൂന്ന് വാഹനാപകടങ്ങളെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പക്ഷേ ഇന്ന് സംസ്ഥാനത്ത് സ്പീഡ് ഗവർണർ വിച്ഛേദിച്ചുകൊണ്ട് ടിപ്പറുകളടക്കമുള്ള ഒരു വാഹനവും ഓടിക്കാൻ അനുവദിക്കാത്തതിനാൽ

ഓവർ സ്പീഡ് മൂലമുണ്ടാകുന്ന അപകടങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. അമിത വേഗതയിൽ പോകുന്ന വാഹനങ്ങൾ അപകടത്തിൽനിന്ന് ഒരാളെ രക്ഷിക്കാനായി പെട്ടെന്ന് ബ്രേക്ക് ചെയ്താൽ വാഹനം മറിയും. അത്തരത്തിലുള്ള സാഹചര്യമുണ്ടാകാതിരിക്കാനായി വാഹനങ്ങളുടെ വേഗത 70 കി.മീ./മണിക്കൂറായി ലോക്ക് ചെയ്തിട്ടുണ്ട്. നമ്മുടെ റോഡുകളുടെ അവസ്ഥയനുസരിച്ചാണ് സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിലുള്ള സ്പീഡ് ലിമിറ്റ് തീരുമാനിച്ചിട്ടുള്ളത്. സർക്കാർ നിയമമായതിനാൽ എല്ലാ വ്യക്തികളും ഇത് പാലിക്കണം. ഓവർ ലോഡിന്റെ വിഷയത്തിൽ കർശന നടപടിയെടുത്തപ്പോൾ ഓവർ സ്പീഡിന്റെ വിഷയം ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. എന്നാൽ ഓവർ സ്പീഡിന്റെ വിഷയത്തിൽ നടപടിയെടുത്തപ്പോൾ അപകടങ്ങളുടെ എണ്ണം കുറഞ്ഞു. കേന്ദ്രനയമല്ല ഇവിടെ നടപ്പാക്കുന്നത്, ഇവിടെയുള്ള നിയമത്തിൽപ്പറയുന്ന കാര്യങ്ങൾ മാത്രമേ ഇവിടെ നടപ്പാക്കുകയുള്ളൂ. ഇക്കാര്യത്തിൽ ആർക്കും ഒരു ആശങ്കയും വേണ്ട.

ഓട്ടോറിക്ഷയുടെയും ബസുകളുടെയും കാലാവധി ഇപ്പോൾ 23 വർഷമായി വർധിപ്പിച്ചു. ലോറിയുടെ കാലാവധി വർധിപ്പിക്കുന്നത് സംബന്ധിച്ച് ആലോചിച്ച് തീരുമാനം അറിയിക്കാം. സർക്കാർ വാഹനങ്ങൾക്കുപോലും 15 വർഷക്കാലാവധിയാണ് നൽകിയിട്ടുള്ളത്, അനേകം സർക്കാർ വാഹനങ്ങൾ സ്ക്രാപ്പ് ചെയ്യേണ്ട സ്ഥിതിയിലാണിപ്പോൾ. ഈ വിഷയങ്ങൾ പ്രത്യേകം പരിഗണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് പൊതുവായ ഒരു തീരുമാനം അറിയിക്കുന്നതാണ്. ...... (ബഹളം).....

<u>മി. സ്പീക്കർ:</u> പ്ലീസ്...... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിൽപ്പോയി ഇരിക്കണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഗതാഗതമേഖലയിൽ മുഴുവൻ ബാധകമായതും പൊതുഗതാഗത സംവിധാനത്തെ പ്രോത്സാഹിപ്പിക്കുന്നതുമായ സമഗ്ര ഗതാഗത നയത്തിന് രൂപം നൽകാൻ അങ്ങ് നേതൃത്വം നൽകുമോ, സർക്കാർ അതിന് തയ്യാറാകുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അച്ചടക്കമുള്ളതും സുതാര്യമായതുമായ ഒരു ഗതാഗതസംവിധാനമൊരുക്കി എല്ലാവരുടെയും ആശങ്കകൾ നീക്കുന്നതിനായി ഒരു ചർച്ച നടത്തുന്നതും അതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കുമെന്ന് അറിയിക്കുന്നു.

(ശ്രീ. സജീവ് ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ പ്രതിപക്ഷാംഗങ്ങൾ സഹകരിക്കാത്ത സാഹചര്യത്തിൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിലെ തുടർ നടപടികളിലേയ്ക്ക് കടക്കുകയാണ്.

സബ്മിഷനുകൾക്കുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്+.

## IV റിപ്പോർട്ട് സമർപ്പണം

### പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ച് മുതൽ ഇരുപത്തിയെട്ടുവരെയുള്ള റിപ്പോർട്ടുകൾ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയഞ്ച് മുതൽ ഇരുപത്തിയെട്ടുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## V ധനകാര്യം

### 2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ

കാണിച്ചിട്ടുള്ള തുകകൾ 2024-2025 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർഥന നമ്പർ | ധനാഭ്യർഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2024-25 | | | | |
|---|---|---|---|---|---|---|
| | | 15-02-2024-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XVIII | വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 3113,48,40,000 | 82,80,02,000 | 6305,22,80,000 | 165,60,05,000 | 6470,82,85,000 |
| XIX | കുടുംബക്ഷേമം | 141,49,65,000 | --- | 282,99,32,000 | --- | 282,99,32,000 |

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർഥനയെയും

സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾക്ക് നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

**ധനാഭ്യർത്ഥന നമ്പർ – XVIII**
**വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും**

മി. സ്പീക്കർ: വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-2025 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XIX**
**കുടുംബക്ഷേമം**

<u>മി. സ്പീക്കർ:</u> കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-2025 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

(നോട്ടീസ് നൽകിയ അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് സീറ്റിലില്ലാതിരുന്നതിനാൽ കാര്യവിവരപ്പട്ടികയിലെ അവസാനത്തെ ഇനമായ ചട്ടം 49 അനുസരിച്ചുള്ള ചർച്ച നടന്നില്ല.)

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂൺ മാസം 26-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.22-ന് പിരിഞ്ഞു.)

*********

**അനുബന്ധം – 1**

# രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പുതിയ സിനിമാ തിയേറ്ററുകളുടെ നിർമ്മാണം

5(*215) ശ്രീ. എം. നൗഷാദ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ എല്ലാ ജില്ലകളിലും പുതിയ സിനിമാ തിയേറ്ററുകൾ നിർമ്മിക്കുന്നുണ്ടോ; വിശദമാക്കാമോ?

കിഫ്ബി സാമ്പത്തിക സഹായത്തോടെ ആലപ്പുഴ ജില്ലയിൽ കായംകുളം മുനിസിപ്പാലിറ്റിയിൽ 3 സ്ക്രീനുകൾ അടങ്ങുന്ന ഒരു തിയേറ്റർ സമുച്ചയം, കോട്ടയം ജില്ലയിൽ വൈക്കം മുനിസിപ്പാലിറ്റിയിൽ 2 സ്ക്രീനുകൾ അടങ്ങുന്ന ഒരു തിയേറ്റർ സമുച്ചയം, തൃശ്ശൂർ ജില്ലയിൽ അളഗപ്പനഗർ

പഞ്ചായത്തിൽ 2 സ്ക്രീനുകൾ അടങ്ങുന്ന ഒരു തിയേറ്റർ സമുച്ചയം, കണ്ണൂർ ജില്ലയിൽ പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ 2 സ്ക്രീനുകൾ അടങ്ങുന്ന ഒരു തിയേറ്റർ സമുച്ചയം, കണ്ണൂർ ജില്ലയിൽ പായം പഞ്ചായത്തിൽ 2 സ്ക്രീനുകൾ അടങ്ങുന്ന ഒരു തിയേറ്റർ സമുച്ചയം എന്നിവയാണ് നിലവിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്ന തിയേറ്റർ സമുച്ചയങ്ങൾ. മലപ്പുറം ജില്ലയിലെ താനൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പിൽ നിന്നും സ്ഥലം കൈമാറി ലഭിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കിഫ്ബി മുഖേന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന സാഹചര്യത്തിലും ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന കേന്ദ്രങ്ങളിൽ തിയേറ്ററുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തിയേറ്ററുകൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിലുള്ള 17 തിയേറ്ററുകൾ സർക്കാരിൽനിന്ന് ലഭിക്കുന്ന പ്ലാൻ ഫണ്ടുപയോഗിച്ച് വർഷംതോറും ഏറ്റവും പുതിയതും മികച്ചതുമായ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നവീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ പ്ലാൻ ഫണ്ടുപയോഗിച്ച് കോഴിക്കോട് കൈരളി/ശ്രീ തിയേറ്ററും 2020-21, 2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടുപയോഗിച്ച് തിരുവനന്തപുരം കൈരളി/നിള/ശ്രീ തിയേറ്ററും ഇപ്രകാരം അത്യന്താധുനിക സാങ്കേതിക സൗകര്യങ്ങളോടെ (4K Laser projection, Dolby Atmos Sound System, Silver Screen etc.,) നവീകരിച്ച് പുതിയ സിനിമാനുഭവം നൽകുന്ന വിധത്തിൽ പൊതുജനങ്ങൾക്കായി തുറന്ന് നൽകിയിട്ടുണ്ട്. നിലവിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന കൈരളി/ശ്രീ തിയേറ്ററിൽ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ചുകൊണ്ട് നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2024-25 പദ്ധതി വിഹിതം ഉപയോഗിച്ച് തിരുവനന്തപുരം കലാഭവൻ

തിയേറ്റർ, ചേർത്തല കൈരളി/ശ്രീ തിയേറ്ററുകൾ എന്നിവ നവീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) സാംസ്കാരിക വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പുസ്തകങ്ങളും മറ്റുൽപന്നങ്ങളും പ്രദർശിപ്പിക്കാനും വിപണനം ചെയ്യാനുമുള്ള കൗണ്ടറുകൾ സിനിമാ തിയേറ്ററിനോടനുബന്ധിച്ച് സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ?

പുതുതായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന തിയേറ്റർ സമുച്ചയങ്ങളിൽ പ്രേക്ഷകർക്ക് വിശ്രമിക്കുന്നതിനുള്ള ലോബിയുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ലോബി ഏരിയകളിൽ പുസ്തക പ്രദർശനം/വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പ്രളയ ഭീഷണി നേരിടുന്നതിന് കൂടുതൽ ഡാമുകൾ**

6(*216) ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന പ്രളയഭീഷണി നേരിടുന്നതിന് കൂടുതൽ ഡാമുകൾ ആവശ്യമാണെന്ന നിർദേശം ഉണ്ടായിട്ടുണ്ടോ?

ഉണ്ട്.

(ബി) പുതിയ ഡാമുകൾ നിർമ്മിക്കുന്നതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പുതിയ ഡാമുകൾ എവിടെയെല്ലാം നിർമ്മിക്കുന്നതിനാണ് നിർദേശിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി&സി) ഉണ്ട്. 129 വർഷം പഴക്കമുള്ള നിലവിലെ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെപ്പറ്റിയുള്ള ആശങ്ക, Down Stream Area-യിൽ പ്രളയദുരന്ത സാധ്യത ലഘൂകരിക്കുക എന്നിവ പരിഗണിച്ച് മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ഡാമുകളെ സംബന്ധിച്ച് ഫീൽഡ് സ്റ്റഡി സർക്കിൾ, തൃശ്ശൂർ പഠനം നടത്തിയിട്ടുണ്ട്. കാവേരി ട്രിബ്യൂണൽ ഉത്തരവുപ്രകാരം പാമ്പാർ സബ് ബേയ്സിനിൽ മൂന്ന് സ്കീമുകളിലായി മൂന്ന് ഡാമുകൾക്കുവേണ്ടി പഠനം

നടത്തിയിട്ടുണ്ട്. പാമ്പാർ നദീതടത്തിൽനിന്നും കേരളത്തിനനുവദിച്ച 3 TMC ജലം ഫലപ്രദമായി ഉപയോഗിക്കുന്നതിനായി പാമ്പാർ സബ് ബേയ്സിനിൽ ചെങ്കല്ലാർ സ്കീമിൽ ഉൾപ്പെടുത്തി കാന്തല്ലൂർ പഞ്ചായത്തിൽ പട്ടിശ്ശേരി ഡാം, തലയാർ സ്കീമിൽ ഉൾപ്പെടുത്തി ലോവർ ചട്ട മൂന്നാർ ഡാം, വട്ടവട സ്കീമിൽ ഉൾപ്പെടുത്തി ഒറ്റമരം ഡാം എന്നീ മൂന്ന് ഡാമുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

കാവേരി നദീട്രിബ്യൂണലിന്റെ ഉത്തരവുപ്രകാരം ഭവാനി ബേസിനിൽ അനുവദിച്ച 6 TMC ജലത്തിൽനിന്നും 2.87 TMC ജലം ഉപയോഗിക്കുന്നതിനായി അട്ടപ്പാടി-ചിറ്റൂരിൽ ശിരുവാണി പുഴയ്ക്ക് കുറുകെ ഡാം നിർമ്മിക്കുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ട്.

ആയതിന്റെ വിശദമായ പദ്ധതി രേഖ കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ചാലക്കുടി പുഴയുടെ പോഷക നദിയായ കാരപ്പാറ പുഴയിൽ അണക്കെട്ട് നിർമ്മിച്ച് ഭാരതപ്പുഴ ബേസിനിലെ മഴനിഴൽ പ്രദേശങ്ങളായ കൊഴിഞ്ഞമ്പാറ, എരുത്തേൻപതി, വടകരപ്പതി എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളത്തിനും കാർഷിക

ആവശ്യത്തിനുമായി ജലം ലഭ്യമാക്കുന്ന പദ്ധതി, Sustainable Alternative for Kuriyarkutty Karappara Irrigation Project (SAKKIP)-നുവേണ്ടിയുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കിവരുന്നു. ചാലക്കുടി പുഴയിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനും ജലവൈദ്യുത ഉൽപാദനത്തിനും ടി പ്രവൃത്തി ഉപകാരപ്പെടുന്നു.

2019-ലെ പ്രളയത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നാശനഷ്ടം നേരിട്ട മലപ്പുറം ജില്ലയിൽ പോത്തുകല്ല് പഞ്ചായത്തിലെ അമ്പിട്ടാൻപൊട്ടിയിൽ ഒരു പ്രളയ നിയന്ത്രണ അണക്കെട്ടിന്റെ Feasibility study-ക്കായി ദുരന്തപ്രതിരോധ നിധി ഉപയോഗിച്ച് നടത്തുന്നതിനായി ഒരു പ്രൊപ്പോസൽ ജില്ലാദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചത് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

കേന്ദ്ര ജലകമ്മീഷന്റെ 2018-ലെ കേരളത്തിലെ പ്രളയത്തെ സംബന്ധിച്ച പഠന റിപ്പോർട്ടിലെ പ്രളയ പ്രതിരോധ ഡാമുകളുടെ ശിപാർശപ്രകാരം ഹൈയ്യുനെസ്കോഡ്രോളജിക്കൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്.

പുതിയ ഡാമുകൾ പെരിയാർ, ചാലക്കുടി, ചാലിയാർ, പമ്പ-അച്ചൻകോവിൽ, മീനച്ചിൽ എന്നീ നദീതടങ്ങളിൽ നിർമ്മിക്കുന്നതിനാണ് നിർദേശിച്ചിരിക്കുന്നത്.

പുതിയ ഡാമുകൾ നിർമ്മിക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പ്രവർത്തനം

7(*217) ശ്രീ. ലിന്റോ ജോസഫ്:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. പി. വി. അൻവർ:

ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര വികസനത്തിന് സഹായകരമാകുംവിധം പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പ്രവർത്തനം പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പിന്നാക്ക വിഭാഗ വികസന വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പിന്നാക്ക വിഭാഗ വകുപ്പിന്റെ ഓഫീസുകൾ എല്ലാ ജില്ലയിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പിന്നാക്ക വിഭാഗ കോർപ്പറേഷൻവഴി ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഈ സർക്കാർ വന്നശേഷം പ്രസ്തുത കോർപ്പറേഷൻവഴി നൽകിയ ആനുകൂല്യങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വിതരണം ചെയ്ത വായ്പകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഒ.ടി.ടി. പ്ലാറ്റ്ഫോം**

**8(*218) ശ്രീ. കെ. വി. സുമേഷ്:**

**ഡോ. കെ. ടി. ജലീൽ:**

**ശ്രീ. കെ. പ്രേംകുമാർ:**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സിനിമകൾ പ്രദർശിപ്പിക്കുന്നതിനായി ഒ.ടി.ടി. പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ഒ.ടി.ടി. പ്ലാറ്റ്ഫോം വഴി ഏതെല്ലാം തരത്തിലുള്ള സിനിമകളാണ് പ്രദർശിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

(എ&ബി) ഉണ്ട്. സംസ്ഥാന സർക്കാരിനുവേണ്ടി കെ.എസ്.എഫ്.ഡി.സി.-യുടെ ആഭിമുഖ്യത്തിലുള്ള ഒ.ടി.ടി. പ്ലാറ്റ്ഫോമായ 'സീ സ്പെയ്സ്'-ന്റെ ഉദ്ഘാടനം 2024 മാർച്ച് 7-ന് ബഹു. മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. ഇന്ത്യയിൽ ആദ്യമായി സർക്കാർ ഉടമസ്ഥതയിൽ

ആരംഭിച്ച ഒ.ടി.ടി. പ്ലാറ്റ്ഫോമാണ് 'സീ സ്പെയ്സ്'. കലാ സാംസ്കാരിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന ചിത്രങ്ങളും സംസ്ഥാന, ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ ലഭിച്ച ചിത്രങ്ങളുമാണ് ഒ.ടി.ടി.-യിൽ പ്രധാനമായും പ്രദർശിപ്പിക്കുന്നത്. സർക്കാരിന്റെ വനിതാ ശാക്തീകരണ കാഴ്ചപ്പാടിന്റെ ഭാഗമായി കെ.എസ്.എഫ്.ഡി.സി. നിർമ്മിച്ച ചിത്രങ്ങളായ 'നിഷിദ്ധോ', 'ഡിവോഴ്സ്'', 'ബി 32 മുതൽ 44 വരെ', 'നിള' എന്നീ ചിത്രങ്ങളും കൂടാതെ, ഡോക്യുമെന്ററി, ഹ്രസ്വചിത്രങ്ങൾ തുടങ്ങിയവയും പ്രദർശിപ്പിക്കുന്നുണ്ട്. കലാസാംസ്കാരിക രംഗത്തെ പ്രഗത്ഭർ അടങ്ങുന്ന ക്യൂറേറ്റർ പാനൽ തിരഞ്ഞെടുക്കുന്ന ചിത്രങ്ങളാണ് സീ സ്പെയ്സിൽ പ്രദർശിപ്പിക്കുന്നത്.

(സി) സംസ്ഥാന യുവജനോത്സവ ദൃശ്യങ്ങൾ, കേരളീയം പരിപാടികൾ എന്നിവ കൂടി പ്രസ്തുത ഒ.ടി.ടി. പ്ലാറ്റ്ഫോമിൽ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാന യുവജനോത്സവ ദൃശ്യങ്ങൾ, കേരളീയം തുടങ്ങിയവ പോലുള്ള കലാസാംസ്കാരിക പരിപാടികൾ ഒ.ടി.ടി.-യിൽ പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

**തീരദേശ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം**

9(*219) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി 2016 മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് തീരദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾ കൂടുതലായി പഠിക്കുന്ന സ്കൂളുകളിൽ അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനാവശ്യമായ

നടപടി സ്വീകരിച്ചുവരുന്നുണ്ട്. തീരദേശത്ത് ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 ഫിഷറീസ് സ്കൂളുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിച്ച് അവയെ സ്മാർട്ട് സ്കൂളുകളാക്കി മാറ്റി മെച്ചപ്പെട്ട പഠന സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2016 മുതൽ തീരദേശത്തെ വിവിധ വിദ്യാലയങ്ങളിൽ നടപ്പാക്കിയ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) അവയിൽ കിഫ്ബി ധനസഹായത്തോടെ ആരംഭിച്ച പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ ആരംഭിച്ച പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വിദ്യാർഥികളുടെ കായികശേഷി വർധിപ്പിക്കാൻ കഴിയുന്ന തരത്തിൽ എന്തെല്ലാം പദ്ധതികളാണ് തീരദേശത്തെ വിദ്യാലയങ്ങളിൽ നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2023-24 വർഷം വിദ്യാതീരം പദ്ധതിയിലെ ഒരു ഉപഘടകമായ “Sports Activities Support for 14 Schools" എന്നതിനായി 49 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തീരദേശത്തെ സ്കൂളുകളിലെ കുട്ടികളുടെ കായികവികസനത്തിനായി നടപ്പാക്കിയ പദ്ധതിയാണിത്. സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പാക്കിയ ടി പദ്ധതിക്കായി 42,95,200/- രൂപ സ്പോർട്ട്സ് കേരള ഫൗണ്ടേഷന് അനുവദിച്ചു നൽകിയിരുന്നു. 14 സ്കൂളുകളിലായി ആകെ 420 വിദ്യാർഥികൾക്ക് പരിശീലനം നൽകുന്നതിനായി വിഭാവനം ചെയ്തതാണ് ടി പദ്ധതി. ഫിഷറീസ് വകുപ്പിനുകീഴിലുള്ള വിദ്യാലയങ്ങളിലെ കുട്ടികളെ ഫുട്ബോൾ, അത്‌ലറ്റിക്സ്, വോളിബോൾ, ബാഡ്മിന്റൺ മുതലായ കായിക ഇനങ്ങളിൽ ഉൾപ്പെടുത്തി പരിശീലനം നൽകി നാളെയുടെ വാഗ്ദാനങ്ങളാക്കി മാറ്റുക എന്നതാണ് "വിദ്യാതീരം കായിക വികസന'" പദ്ധതിയിലൂടെ

ലക്ഷ്യമിടുന്നത്. ഫുട്ബോൾ പരിശീലനം നൽകുന്നതോടൊപ്പം പരിഗണനയിലുള്ള കായിക ഇനങ്ങളിൽ കോച്ചുകളെ നിയമിക്കുകയും സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 'അപ്ഗ്രഡേഷൻ ഓഫ് സ്പോർട്ട്സ് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ്' എന്ന പദ്ധതിക്കായി 6 ഫിഷറീസ് സ്കൂളുകളും ഒരു തീരദേശ സ്കൂളും ഉൾപ്പെടെ ആകെ 7 സ്കൂളുകളെ തിരഞ്ഞെടുത്തിരുന്നു. 'ബേസിക് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് ആൻഡ് ഹ്യൂമൻ ഡെവലപ്മെന്റ് ഫെസിലിറ്റീസ്'-ൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന് ആകെ 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

കായിക അടിസ്ഥാന സൗകര്യ വികസനം പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയ 7 സ്കൂളുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| **ക്രമ നം.** | **സ്കൂളിന്റെ പേര്** | **തുക (ലക്ഷത്തിൽ)** |
|---|---|---|
| 1 | ഫിഷറീസ് മോഡൽ എച്ച്.എസ്.എസ്., വർക്കല, തിരുവനന്തപുരം | 32.62 |
| 2 | ഗവ. ഫിഷറീസ് സ്കൂൾ, അർത്തുങ്കൽ, ആലപ്പുഴ | 50.55 |
| 3 | ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, താനൂർ, മലപ്പുറം | 30.00 |

| | | |
|---|---|---|
| 4 | ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, കൊയിലാണ്ടി, കോഴിക്കോട് | 59.74 |
| 5 | ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ & വി.എച്ച്.എസ്.എസ്., ബേപ്പൂർ, കോഴിക്കോട് | 76.00 |
| 6 | ഗവ. റീജിയണൽ ഫിഷറീസ് ടി.വി.എച്ച്. എസ്.എസ്., അഴീക്കൽ, കണ്ണൂർ | 66.94 |
| 7 | ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഫോർ ഗേൾസ്, കാഞ്ഞങ്ങാട്, കാസർഗോഡ് | 34.15 |
| | ആകെ | 350.00 |

**കടൽ മത്സ്യസമ്പത്തിന്റെ സമ്പൂർണ്ണ സചിത്ര ഡാറ്റാബേസ്**

10(*220) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ തീര മേഖലയിലെ കടൽ മത്സ്യസമ്പത്തിന്റെ സമ്പൂർണ്ണ സചിത്ര ഡാറ്റാബേസ് പൊതുജന പങ്കാളിത്തത്തോടെ തയ്യാറാക്കുന്നതിന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം

(സി.എം.എഫ്.ആർ.ഐ.) നടപടി ആരംഭിച്ചതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. രാജ്യത്തിന്റെ തീരമേഖലയിലെ കടൽ മത്സ്യസമ്പത്തിന്റെ സമ്പൂർണ്ണ സചിത്ര ഡാറ്റാബേസ് പൊതുജന പങ്കാളിത്തത്തോടെ തയ്യാറാക്കുന്നതിന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണസ്ഥാപനം (ഐ.സി.എ.ആർ - സി.എം.എഫ്.ആർ.ഐ.) നടപടി സ്വീകരിച്ചുവരുന്നു.

ഐ.സി.എ.ആർ - സി.എം.എഫ്.ആർ.ഐ. അടുത്തിടെ പുറത്തിറക്കിയ 'MARLIN@CMFRI' ആപ്പ് മുഖാന്തരം ഇന്ത്യൻ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിൽ (EEZ) പിടിക്കപ്പെട്ട കടൽ മത്സ്യ ഇനങ്ങളുടെ ഫോട്ടോകൾ അപ്‌ലോഡ് ചെയ്യാൻ പൊതുജനങ്ങൾക്ക് ഒരു വേദി നൽകുന്നു.

(ബി) എങ്കിൽ ഇന്ത്യയുടെ തീരങ്ങളിലെ മത്സ്യ ആവാസവ്യവസ്ഥകളെ സംബന്ധിച്ച സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കുന്നതിന് ഈ ഉദ്യമം ലക്ഷ്യമിടുന്നുണ്ടോ എന്നറിയിക്കുമോ?

നിലവിൽ 'MARLIN@CMFRI' ആപ്പ് വഴി സൃഷ്ടിച്ച വിഷ്വൽ റിപ്പോസിറ്ററി മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകുന്നില്ല.

(സി) പ്രസ്തുത സ്ഥാപനം നടത്തുന്ന ഇത്തരം ഗവേഷണ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരിന്റെ സജീവ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

കടൽ മത്സ്യ ലാൻഡിംഗ് വിവര ശേഖരണത്തിൽ കേരള സംസ്ഥാനം ഐ.സി.എ.ആർ - സി.എം.എഫ്. ആർ.ഐ.-യുമായി സഹകരിക്കുന്നുണ്ട്.

(ഡി) പൊതുജനങ്ങൾക്ക് കടൽ മത്സ്യങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുന്നതിന് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതുജനങ്ങൾക്ക് കടൽ മത്സ്യങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുന്നതിന് മൊബൈൽ ആപ്പ് രൂപകല്പന ചെയ്തിട്ടില്ല.

**വന്യജീവി ശല്യം തടയുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള സഹകരണ കരാർ**

11(*221) <u>ശ്രീ. പി. എസ്. സുപാൽ:</u>
<u>ശ്രീ. വി. ശശി:</u>
<u>ശ്രീ. വാഴൂർ സോമൻ:</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനസംരക്ഷണത്തിനും വന്യജീവി ആക്രമണത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനും കേന്ദ്ര സഹായം ലഭിക്കാത്ത സാഹചര്യത്തിൽ അന്തർ സംസ്ഥാന സഹായത്തോടെ വനസംരക്ഷണവും വന്യജീവി പരിപാലനവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് വനസംരക്ഷണത്തിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ലഭ്യമാകുന്ന കേന്ദ്രസഹായം അപര്യാപ്തവും യഥാസമയം ലഭിക്കാത്തതുമായ സാഹചര്യത്തിൽ അന്തർസംസ്ഥാന സഹായത്തോടെ വനസംരക്ഷണവും വന്യജീവി പരിപാലനവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ട്. വന്യജീവികളേയും അവയുടെ ആവാസവ്യവസ്ഥയേയും സംരക്ഷിക്കുന്നതിനും മനുഷ്യ-വന്യമൃഗ

സംഘർഷം ലഘൂകരിക്കുന്നതിനും ലാൻഡ്സ്കേപ്പ്തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അന്തർ-സംസ്ഥാന സഹകരണം അനിവാര്യമാണ്.

(ബി) വന്യജീവി ശല്യം തടയുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളുമായി സഹകരണ കരാർ ഒപ്പുവച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഒപ്പുവച്ചിട്ടുണ്ട്. കേരളം, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങൾ 10-03-2024-ൽ കർണാടകയിലെ ബന്ദിപ്പൂരിൽ വച്ച് ചേർന്ന അന്തർ-സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയിൽ വനം-വന്യജീവി സംരക്ഷണത്തിനും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുമായി വിഭവ കൈമാറ്റം, സ്ട്രാറ്റജിക് ഇന്റലിജൻസ് പങ്കുവയ്ക്കൽ, കാര്യക്ഷമത വർധിപ്പിക്കൽ എന്നീ മേഖലകളിൽ പരസ്പര സഹകരണത്തിന് ധാരണയായിട്ടുണ്ട്.

(സി) വന്യജീവി ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ സംയുക്ത ദൗത്യങ്ങളിലൂടെ ജനങ്ങളുടെ സംരക്ഷണത്തിനാവശ്യമായ അന്തർ

സംസ്ഥാന വിവര വിനിമയ സംവിധാനം ഉറപ്പാക്കുന്നതിന് പ്രസ്തുത കരാറിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ?

വ്യവസ്ഥയുണ്ട്. ആന, കടുവ എന്നിവയുടെ ഡാറ്റാബേസ്, സ്ഥിരം വനകുറ്റവാളികളുടെ ഡാറ്റാബേസ് എന്നിവ പരസ്പരം പങ്കുവയ്ക്കാൻ ധാരണയായിട്ടുണ്ട്. കാട്ടുതീ പ്രതിരോധം പോലുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ അതിർത്തി പ്രദേശങ്ങളിൽ ഫോറസ്റ്റ് റെയിഞ്ചുതലത്തിൽ ഏകോപിപ്പിക്കുന്നു. അന്തർ-സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി ഫോറസ്റ്റ് റെയിഞ്ചുതലത്തിൽ ത്രൈമാസ യോഗവും ഡിവിഷൻതലത്തിൽ അർധവാർഷിക യോഗവും സംസ്ഥാനതലത്തിൽ വാർഷിക യോഗവും ചേർന്ന് സ്ഥിതിഗതികളും പുരോഗതിയും വിലയിരുത്താൻ ധാരണയായിട്ടുണ്ട്.

(ഡി) വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് മൂന്നു സംസ്ഥാനങ്ങളും സംയുക്തമായി കേന്ദ്രസർക്കാരിനെ സമീപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് മൂന്ന് സംസ്ഥാനങ്ങളും സംയുക്തമായി കേന്ദ്രസർക്കാരിനെ സമീപിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

**പട്ടികജാതി-പട്ടികവർഗ വികസന മേഖലയിൽ സംസ്ഥാനത്തിന്റെ സമീപനം**

12(*222) ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) രാജ്യമൊട്ടാകെ ദളിത് ആദിവാസി സമൂഹം സാമൂഹിക സാമ്പത്തിക സാംസ്കാരിക നിലവാരത്തിൽ പൊതുസമൂഹത്തിൽ നിന്ന് ഏറെ പിന്നാക്കം നിൽക്കുമ്പോഴും സംസ്ഥാനത്തെ ദളിത് ആദിവാസി സമൂഹത്തിന് നിർണായക മുന്നേറ്റം ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. കേരളത്തിൽ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, തൊഴിൽ, സംസ്കാരം തുടങ്ങി എല്ലാ വശങ്ങളിലും

പുത്തനുണർവ് പ്രകടമായിട്ടുണ്ട്. പരമ്പരാഗത രീതിയിൽ നിന്നും മാറി ആധുനിക വിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് ഏറെ മുന്നേറാൻ സാധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തും വൈജ്ഞാനിക പഠന മേഖലകളിലും വിദേശ പഠന കാര്യത്തിലും ഐ.റ്റി-നിർമ്മിതബുദ്ധി സാങ്കേതിക മേഖലകളിലും ഏവിയേഷൻ, ഓട്ടോമൊബൈൽ, ആരോഗ്യം എന്നീ മേഖലകളിലും കൂടുതൽ പഠനാവസരങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന്റെ കാര്യക്ഷമവും നീതിയുക്തവുമായ വിനിയോഗം ദളിത് ആദിവാസി സമൂഹത്തിന് വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിൽ ഉയർച്ച ഉണ്ടാക്കുന്നതിന് സഹായിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിൽ ഉയർച്ച ഉണ്ടാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റ് വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ ഉന്നത വിദ്യാഭ്യാസ രംഗത്തും സ്കിൽ ഡെവലപ്മെന്റ് മേഖലയിലും കൂടുതൽ

തുക വകയിരുത്തി മികച്ച പ്രതിഭകളെ വാർത്തെടുക്കുന്നതിനും തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്ററാക്ടീവ് ബോർഡുകൾ, ഡിജിറ്റൽ ലൈബ്രറികൾ മുതലായ സൗകര്യങ്ങൾ ഒരുക്കുക വഴി ഡിജിറ്റൽ പഠനം സാധ്യമാക്കാൻ സാധിച്ചു. സാമൂഹ്യ പഠനമുറികൾ വഴി കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി കൈവരിക്കാനും അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. ട്രൈബൽ പ്ലസ് പദ്ധതി മുഖേന തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽദിനങ്ങൾ ലഭ്യമാക്കാനും SAFE പദ്ധതി മുഖേന കൂടുതൽ വീടുകൾ വാസയോഗ്യമാക്കാനും കഴിഞ്ഞു.

(സി) പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ സമയബന്ധിതമായും അഴിമതിരഹിതമായും അർഹതപ്പെട്ടവരിലേയ്ക്ക് മാത്രം എത്തിക്കുന്നതിന് വിവര സാങ്കേതികവിദ്യയുടെ സഹായം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ സമയബന്ധിതമായും അഴിമതിരഹിതമായും അർഹതപ്പെട്ടവരിലേയ്ക്ക് മാത്രം

എത്തിക്കുന്നതിന് നിർമ്മിത ബുദ്ധിയുൾപ്പെടെയുള്ള ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായം ഉപയോഗിക്കുന്നുണ്ട്. ആനുകൂല്യങ്ങൾ മുഴുവനായും ഗുണഭോക്താവിലേയ്ക്കുതന്നെ എത്തിക്കുന്നതിന് DBT സമ്പ്രദായം കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ട്. യൂട്യൂബ്, വെബ്സൈറ്റ് തുടങ്ങിയ സംവിധാനങ്ങൾ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വിനിയോഗിക്കുന്നുണ്ട്. പ്രീമെട്രിക് പോസ്റ്റ്മെട്രിക് ആനുകൂല്യങ്ങൾക്കായി e-Grantz സോഫ്റ്റ്‌വെയറും, ചികിത്സാധനസഹായം T-Grantz Online site വഴിയും അനുവദിച്ചുവരുന്നു. വകുപ്പിലെ ക്ഷേമപദ്ധതികൾ കൂടുതൽ ഗുണഭോക്തൃ സൗഹൃദമാക്കുന്നതിനായി ഉന്നതി ഓൺലൈൻ പോർട്ടൽ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ മുന്നേറ്റത്തിന്റെ അടിസ്ഥാനത്തിലുള്ള നിലവിലെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി ഒരു സമഗ്ര സർവേ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഓരോ കുടുംബത്തിനും പ്രത്യേകമായും പ്രദേശത്തിന് പൊതുവായും വികസനം ലഭ്യമാകുന്ന രീതിയിൽ സൂക്ഷ്മതല ആസൂത്രണത്തിനായുള്ള സർവേ പ്രവർത്തനങ്ങൾ പട്ടികവർഗ വികസന വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ 2024 മാർച്ച് 4-ന് ആരംഭിച്ച ഹോം സർവേ പരിപാടിയിലൂടെ നിലവിൽ 6 ലക്ഷത്തിലധികം ആളുകളുടെ വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞിട്ടുണ്ട്.

**കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ**

13(*223) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെത്തുടരെയുള്ള കടലാക്രമണങ്ങൾ കാരണമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ പശ്ചാത്തലത്തിൽ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കാലാവസ്ഥാവ്യതിയാനം കാരണമുണ്ടാകുന്ന കടൽക്ഷോഭം ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നു. ഈ പ്രശ്നങ്ങളെ സമഗ്രമായി അഭിസംബോധന ചെയ്യുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇത് ഫലപ്രദമായി ലഘൂകരിക്കുന്നതിന്റെ ഭാഗമായി, ജലവിഭവ വകുപ്പിന്റെ IDRB-യുടെ കീഴിലുള്ള KERI-ൽ നിന്ന് ലഭ്യമായ തീരദേശ ഡാറ്റയുടെ സഹായത്തോടെ, കേരളത്തിലെ ഒമ്പത് തീരദേശ ജില്ലകളിലെ അടിയന്തര ഇടപെടൽ ആവശ്യമുള്ള 10 ദുർബലപ്രദേശങ്ങൾ (Hotspots) ജലസേചന വകുപ്പ് കണ്ടെത്തുകയും ശക്തമായ തീരശോഷണം നേരിടുന്ന കേരളതീരത്തെ പ്രധാനപ്പെട്ട ഹോട്ട്സ്പോട്ട് പ്രദേശങ്ങളെക്കുറിച്ച് പ്രത്യേകമായും കേരളതീരത്തെക്കുറിച്ച് പൊതുവിലും പഠിച്ച്, സുസ്ഥിര തീരസംരക്ഷണ മാർഗങ്ങൾ അവലംബിക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമാർഗങ്ങൾ നിർദേശിക്കുന്നതിന് സെൻട്രൽ മിനിസ്ട്രി ഓഫ് എർത്ത് സയൻസ്സസിന് കീഴിലുള്ള ചെന്നൈ ആസ്ഥാനമായ "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്" (NCCR) എന്ന സ്ഥാപനവുമായി മൂന്ന് വർഷം നീണ്ടുനിൽക്കുന്ന പഠന പ്രവർത്തനത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

ഈ ഹോട്ട് സ്പോട്ടുകളിൽ നിലവിൽ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള കടൽഭിത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ചെല്ലാനം പ്രദേശത്തെ തീരദേശ സംരക്ഷണത്തിനായി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള കടൽഭിത്തിയും പുലിമുട്ടുകളുമാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ആയതിന്റെ നിർമ്മാണംമൂലം ഈ പ്രദേശത്തെ ആളുകളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സാധിച്ചിട്ടുണ്ട്. ഇതുകൂടാതെ, തീരസംരക്ഷണ പ്രവൃത്തികൾ നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. കാപ്പാട് തീരസംരക്ഷണവുമായി ബന്ധപ്പെട്ട NCCR ലഭ്യമാക്കിയിട്ടുള്ള ഡിസൈൻ ആൻഡ് മോഡൽ സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. പൊന്നാനി, കൊടുങ്ങല്ലൂർ, വലിയപറമ്പ, തലശ്ശേരി എന്നീ സ്ഥലങ്ങളുടെ ഡിസൈൻ, മോഡൽ സ്റ്റഡി NCCR-ൽ പുരോഗമിച്ചുവരുന്നു.

വേൾഡ് ബാങ്ക് പ്രോഗ്രാം ഫോർ റിസൾട്ട്സ് (PforR) എന്ന പദ്ധതിയുടെ കീഴിൽ വരുന്ന അഡീഷണൽ ഫിനാൻസ് (AF) പദ്ധതിയുടെ വിവിധ Disbursement Linked Indicator (DLI)-കളിൽ DLI-10-ന്റെ കീഴിലാണ്

തീരസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. DLI-10-ന്റെ പ്രധാനലക്ഷ്യം സംസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ഒരു ദീർഘകാല തീരദേശ മാനേജ്മെന്റ് പ്ലാൻ (SMP) തയ്യാറാക്കുക എന്നതാണ്. ടി പ്ലാനിലെ ശിപാർശകളുടെ അടിസ്ഥാനത്തിലാകണം കേരളത്തിലെ തീരസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്. നിലവിൽ തീരദേശ മാനേജ്മെന്റ് പ്ലാൻ (SMP) തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കാലങ്ങളായി സ്വീകരിച്ചുവരുന്ന കടലാക്രമണ പ്രതിരോധ നടപടികൾ നിലവിൽ ഫലപ്രദമാകുന്നില്ലെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

40-60 വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച കടൽഭിത്തികളിൽ പലതും അവയുടെ സ്വാഭാവിക ആയുസ്സ് അവസാനിക്കുന്ന ഘട്ടത്തിലാണ്. കടൽഭിത്തികൾ നിലവിലുള്ള പലയിടത്തും ആവശ്യമായ സംരക്ഷണം ഉറപ്പുവരുത്താനാകുന്നില്ല. ആയതിനാൽ, ഏറെനാൾ നിലനിൽക്കുന്നതും

താരതമ്യേന ചെലവുകുറഞ്ഞതും എന്നാൽ വ്യക്തമായ ശാസ്ത്രീയ അടിത്തറയുള്ളതുമായ തീരസംരക്ഷണ പരിഹാരങ്ങൾ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി കണക്കിലെടുത്താണ് തീരദേശസംരക്ഷണ പ്രവൃത്തികൾ രൂപകല്പന ചെയ്യുന്നത്. തീരസംരക്ഷണം ലക്ഷ്യമിട്ട് ജലവിഭവ വകുപ്പ് വർഷങ്ങളായി നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രകൃതിദത്ത തീരസംരക്ഷണം ഇല്ലാത്ത പ്രദേശങ്ങളിൽ, CWPRS പൂനെ, ഐ.ഐ.ടി. ചെന്നൈ, NCCR തുടങ്ങിയ സ്ഥാപനങ്ങൾ നൽകിയ അനുയോജ്യമായ രൂപകല്പനകൾ ഉപയോഗിച്ച് IDRB തയ്യാറാക്കിയ ഡിസൈനുകൾക്കനുസൃതമായാണ് നിലവിൽ തീരസംരക്ഷണ നിർമ്മിതികൾ നിർമ്മിച്ചുവരുന്നത്.

(സി) കടലാക്രമണം പ്രതിരോധിക്കുന്നതിനായി നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള സംവിധാനം നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. ചെല്ലാനം പ്രദേശത്തെ തീരദേശ സംരക്ഷണത്തിനായി NCCR ഒരു ഹൈബ്രിഡ് പദ്ധതി അവലംബിക്കുകയും

ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള കടൽഭിത്തിയും പുലിമുട്ടുകളുമാണ് രൂപകല്പന ചെയ്തിട്ടുള്ളത്. NCCR-ന്റെ ഡിസൈൻപ്രകാരം കൊല്ലങ്കോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർദേശിക്കപ്പെടുന്നു. ശംഖുമുഖം പ്രദേശത്ത് ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള ഓഫ്ഷോർ ബ്രേക്ക്‌വാട്ടർ ആണ് NCCR രൂപകല്പന ചെയ്തിട്ടുള്ളത്. കടലെടുത്ത തീരം വീണ്ടെടുക്കാൻ സഹായിക്കുന്ന ഒരു മാതൃകയാണ് ശംഖുമുഖത്ത് സ്വീകരിച്ചിട്ടുള്ളത്. കൊല്ലം ജില്ലയിലെ ആലപ്പാട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തിയാണ് NCCR പഠനത്തിന്റെ അടിസ്ഥാനത്തിൽ നിർദേശിച്ചിരിക്കുന്നത്.

കോഴിക്കോട് ജില്ലയിലെ കാപ്പാട് പ്രദേശത്ത് നഷ്ടപ്പെട്ട കടൽത്തീരം പുനഃസ്ഥാപിക്കുന്നതിനും തീരം, തീരദേശ അടിസ്ഥാന സൗകര്യങ്ങൾ, തീരദേശറോഡ് എന്നിവ സംരക്ഷിക്കുന്നതിനും T – ആകൃതിയിലുള്ള ഗ്രോയ്നുകളും, ബീച്ച് പോഷണവും വഴിയുള്ള hybrid പരിഹാരങ്ങളാണ് NCCR-ന്റെ ഡിസൈൻ ആൻഡ് മോഡൽ സ്റ്റഡി റിപ്പോർട്ടനുസരിച്ച് ശിപാർശ ചെയ്തിരിക്കുന്നത്. മറ്റു ഹോട്ട്സ്പോട്ട് പ്രദേശങ്ങളായ കൊടുങ്ങല്ലൂർ,

തലശ്ശേരി, വലിയപറമ്പ പ്രദേശങ്ങളിൽ അനുയോജ്യമായ നിർമ്മിതികളുടെ ഡിസൈൻ NCCR-ന്റെ സഹായത്തോടെ പുരോഗമിച്ചുവരുന്നു. ഇതുപോലെ ഓരോ പ്രദേശത്തെയുംകുറിച്ച് പഠനം നടത്തി അവിടത്തെ സവിശേഷതകൾ ഉൾക്കൊള്ളിച്ചുള്ള തീരസംരക്ഷണ പ്രവർത്തനമാണ് ആവിഷ്കരിച്ചുവരുന്നത്.

**വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക**

14(*224) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം, 25-10-2022-ലെ സർക്കാർ ഉത്തരവ് (കൈ) നം.

50/2022/വനം, 20-01-2024-ലെ സർക്കാർ ഉത്തരവ് (കൈ) നം. 03/2024/വനം എന്നിവ പ്രകാരമാണ് വന്യമൃഗ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിവരുന്നത്. ടി ഉത്തരവുകൾപ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. വനത്തിന് പുറത്തുവച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച, കടന്നൽ എന്നിവയുടെ കുത്ത് എന്നിവമൂലമുണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരം 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരത്തുക വർധിപ്പിക്കുന്ന വിഷയം പരിശോധിച്ചുവരുകയാണ്.

(ബി) പ്രസ്തുത ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് വനം വകുപ്പിൽ സ്ഥിരം നിയമനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല. വന്യജീവി ആക്രമണംമൂലമുള്ള വിവിധതരം നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകിവരുന്നത് 1980-ലെ

The Kerala Rules for Payment of Compensation to Victims of Attack by Wild Animals-എന്ന ഉത്തരവിലെ വ്യവസ്ഥകൾപ്രകാരമാണ്. വന്യമൃഗ ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് വനം വകുപ്പിൽ സ്ഥിരം നിയമനം നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ ഇതുവരെ ജീവൻ നഷ്ടപ്പെട്ടവരിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ?

വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ 2015-16 മുതൽ ഇതുവരെ ആദിവാസി വിഭാഗത്തിൽപ്പെട്ട 97 പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്.

**കെ. എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി**

15(*225) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ ഉൽപാദനം വർധിപ്പിക്കാൻ ജലനഷ്ടം കുറയ്ക്കുന്നതിനും ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും

വേണ്ടി സമഗ്ര പദ്ധതി ആവിഷ്കരിക്കേണ്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കാർഷിക വിളകളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും ജലനഷ്ടം കുറയ്ക്കുന്നതിനും ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും വേണ്ടി സമഗ്രമായ പദ്ധതി ആവിഷ്കരിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നതിനാലാണ് സംസ്ഥാനത്ത് കെ. എം. മാണി ഊർജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ആവിഷ്കരിച്ചത്. സസ്യങ്ങളുടെ റൂട്ട് സോണിലേയ്ക്ക് കൃത്യമായ അളവിൽ ആവശ്യമായ വെള്ളം നേരിട്ടെത്തിക്കുന്ന കാര്യക്ഷമമായ ജലസേചന രീതിയാണ് സൂക്ഷ്മ ജലസേചനം അഥവാ മൈക്രോ ഇറിഗേഷൻ. കാലാവസ്ഥാ വ്യതിയാനംമൂലം മഴ കുറയുകയും ജലക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്ന പ്രദേശങ്ങളിൽ ഈ കാര്യക്ഷമത അത്യന്താപേക്ഷിതമാണ്. മൈക്രോ ഇറിഗേഷൻ കാർഷിക ഉല്പാദനക്ഷമത വർധിപ്പിക്കുക മാത്രമല്ല, കർഷക സമൂഹങ്ങളുടെ മൊത്തത്തിലുള്ള ക്ഷേമത്തിനും കാർഷിക രീതികളുടെ സുസ്ഥിരതയ്ക്കും സംഭാവന നൽകുന്നു. കേരളത്തിൽ സൂക്ഷ്മ ജലസേചനത്തിന് വലിയ

സാധ്യതകളുണ്ടെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. കേരളത്തിൽ ഇനിയും 2.7 ലക്ഷം ഹെക്ടർ സ്ഥലത്ത് സൂക്ഷ്മ ജലസേചനത്തിന് സാധ്യതയുണ്ടെന്നാണ് നാഷണൽ സെന്റർ ഫോർ അഗ്രികൾച്ചറൽ എക്കണോമിക്സ് ആൻഡ് പോളിസി റിസർച്ച് (NCAP) പഠനങ്ങൾ കാണിക്കുന്നത്.

(ബി) പ്രസ്തുത ലക്ഷ്യത്തോടെ സംസ്ഥാന വ്യാപകമായി കെ. എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2021-22 ബഡ്ജറ്റിലാണ് കെ. എം. മാണി ഊർജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി പ്രഖ്യാപിച്ചത്. സംസ്ഥാനത്തിലെ വിവിധ ജില്ലകളിൽ പൈലറ്റ് പ്രോജക്ടുകളായി കോഴിക്കോട് ജില്ലയിലെ കാഞ്ഞിരംമുഴി, തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, എറണാകുളം ജില്ലയിലെ തിരുമാറാടി, പത്തനംതിട്ട ജില്ലയിലെ സീതത്തോട്, ഇടുക്കി ജില്ലയിലെ കാമാക്ഷി എന്നീ പ്രദേശങ്ങളിൽ 21.53 കോടി രൂപയുടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കൽവരി മൗണ്ടിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ

പദ്ധതി - ഒന്നാം ഘട്ടം (സിവിൽ പ്രവൃത്തികൾ) - 498 ലക്ഷം രൂപ, കാമാക്ഷി പഞ്ചായത്തിലെ നെല്ലിപ്പാറയിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ തുടർപ്രവർത്തനം - 2 കോടി രൂപ എന്നീ രണ്ട് പ്രവൃത്തികളും നിർവഹിക്കുന്നതിനായി കെ.ഐ.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വയനാട് ജില്ലയിലെ ദാസനക്കര മൈക്രോ ഇറിഗേഷൻ പദ്ധതി, നാലു ഫേസുകളിലായി നിർവഹിക്കുന്ന വാഴവറ്റ മൈക്രോ ഇറിഗേഷൻ പദ്ധതി, കോട്ടയം ജില്ലയിലെ കുറവിലങ്ങാട് മൈക്രോ ഇറിഗേഷൻ പദ്ധതി എന്നിവയാണ് നിലവിൽ ജലസേചന വകുപ്പിനുകീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ. മേൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാനുള്ള നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമായി ചേർന്ന്

കാർഷിക വിളകളുടെ ഇനം തിരിച്ചുള്ള ക്ലസ്റ്ററുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നയം രൂപീകരിക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പുമായി ചേർന്ന് കാർഷിക വിളകളുടെ ഇനംതിരിച്ചുള്ള ക്ലസ്റ്ററുകളുടെ രൂപീകരണം പരിഗണനയിലുണ്ട്. കേരളത്തിൽ സൂക്ഷ്മ ജലസേചനത്തിനുള്ള ക്രോപ്ക്ലസ്റ്ററിങ്ങിന്റെ പ്രധാന നേട്ടങ്ങളിലൊന്ന് ജലസ്രോതസ്സുകളുടെ കാര്യക്ഷമമായ ഉപയോഗമാണ്. സമാനമായ ജല ആവശ്യങ്ങളുള്ള വിളകളെ ഗ്രൂപ്പ് ചെയ്യുന്നതിലൂടെ കർഷകർക്ക് കൃത്യമായ ജലസേചന രീതികൾ നടപ്പാക്കാൻ കഴിയും. ഇത് ഒപ്റ്റിമൽ ജല ഉപയോഗം ഉറപ്പാക്കുന്നു. അങ്ങനെ ജലം പാഴാക്കുന്നത് കുറയ്ക്കുകയും ജലസ്രോതസ്സുകളെ സംരക്ഷിക്കുകയും വിളകൾക്ക് ആരോഗ്യകരമായ വളർച്ചയ്ക്ക് ആവശ്യമായ ജലത്തിന്റെ കൃത്യമായ അളവ് നൽകുകയും ചെയ്യുന്നു. സൂക്ഷ്മ ജലസേചനത്തിനായുള്ള ക്രോപ്ക്ലസ്റ്ററിങ്ങിന്റെ മറ്റൊരു സുപ്രധാന വശമാണ് മെച്ചപ്പെട്ട വിഭവ പരിപാലനം. കാര്യക്ഷമമായ ജല ഉപയോഗം മണ്ണൊലിപ്പും പോഷകങ്ങളുടെ ഒഴുക്കും കുറയ്ക്കുകയും മണ്ണിന്റെ

ഫലഭൂയിഷ്ഠതയും ആരോഗ്യവും നിലനിർത്തുകയും ചെയ്യുന്നു. കൂടാതെ, ഇത് ജല പമ്പിംഗിനും വിതരണത്തിനുമുള്ള ഊർജ ഉപഭോഗം കുറയ്ക്കുകയും മൊത്തത്തിലുള്ള വിഭവ കാര്യക്ഷമതയ്ക്ക് സംഭാവന നൽകുകയും ചെയ്യുന്നു. കേരളത്തിലെ കർഷകർക്കിടയിൽ നൂതന സാങ്കേതിക വിദ്യകളും സമ്പ്രദായങ്ങളും സ്വീകരിക്കുന്നതിനും ക്ലസ്റ്ററുകളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുന്നു. കേരളത്തിന്റെ സൂക്ഷ്മ ജലസേചനനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി മൈക്രോ ഇറിഗേഷൻ പ്രോത്സാഹിപ്പിക്കുന്നതിനും വിളകളുടെ ക്ലസ്റ്ററിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ വിഭാവനം ചെയ്യാവുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി നാണ്യവിളകൾ, ഹോർട്ടികൾച്ചർ എന്നീ മേഖലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കെ. എം. മാണി ഊർജിത മൈക്രോ ഇറിഗേഷൻ പദ്ധതി നാണ്യ വിളകൾ, ഹോർട്ടികൾച്ചർ എന്നിവയിലേയ്ക്ക് വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് 30-01-2024-ൽ ജലവിഭവം, കൃഷി, ഊർജം, സഹകരണം എന്നീ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ യോഗം ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികൾക്കായി മാർഗനിർദേശങ്ങൾ ഉൾക്കൊള്ളിക്കുന്ന രേഖ/ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി കെ.ഐ.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇടുക്കിയിലെയും വയനാട്ടിലെയും ഹൈറേഞ്ച് പ്രദേശങ്ങളിൽ, ഏലവും കുരുമുളകും തേയിലയും കാപ്പിയും പഴവർഗങ്ങളും കൃഷി ചെയ്യുന്ന കർഷകർ ഡ്രിപ്പ്/സ്പ്രിംഗ്ളർ ഇറിഗേഷൻ സംവിധാനങ്ങൾ അവലംബിച്ചതിനുശേഷം ഗണ്യമായി വിളവ് മെച്ചപ്പെട്ടതായും ജലലാഭം ഉണ്ടായതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുപോലെ, തൃശ്ശൂരിലും പാലക്കാടും വാഴ/തെങ്ങ് കർഷകർക്കും ഡ്രിപ്പ്/സ്പ്രിംഗ്ളർ ജലസേചനത്തിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

നാണ്യവിളകൾ, ഹോർട്ടികൾച്ചർ എന്നീ മേഖലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനായി വൈദ്യുതി വകുപ്പ്, കാർഷിക വികസന കർഷക

ക്ഷേമവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സഹകരണ വകുപ്പ് എന്നിവയുടെ ഏകീകരണത്തോടെ പദ്ധതി നടപ്പാക്കുന്നതിനുള്ള മൈക്രോ ഇറിഗേഷൻ പോളിസി രൂപീകരണത്തിനായുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

കേരള വാസ്തുവിദ്യയുടെ ആധുനികവൽക്കരണം

16(*226) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. എം. മണി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പാരമ്പര്യ വാസ്തുവിദ്യയെ ആധുനിക സാങ്കേതികവിദ്യയുമായി സമന്വയിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

നമ്മുടെ വാസ്തുശില്പ പാരമ്പര്യത്തെയും ചുമർചിത്രകലാ പൈതൃകത്തെയും ദാരു, ശിലാ-ശില്പ, കരകൗശല പെരുമകളെയും സംരക്ഷിച്ച് പരിപോഷിപ്പിക്കുക, കാലാവസ്ഥാനുസൃതവും പ്രകൃതി സൗഹൃദവുമായ നിർമ്മാണ വിദ്യകളെ പ്രചരിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ

കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളോളമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് വാസ്തുവിദ്യാഗുരുകുലം. വാസ്തുവിദ്യാ വിഷയങ്ങളിലും ചുമർചിത്രകലയിലും വിവിധ അക്കാദമിക് കോഴ്സുകൾ നടത്തുക വഴി ഈ വിഷയങ്ങളിൽ പ്രാഗല്ഭ്യമുള്ള ഒരു പുതുതലമുറയെ സൃഷ്ടിക്കുന്നതിന് സ്ഥാപനത്തിന് കഴിയുന്നു. കൂടാതെ പാരമ്പര്യ വാസ്തുവിദ്യയിലെ അറിവുകളെ ആധുനികവൽക്കരിച്ച് കെട്ടിടങ്ങൾ വിഭാവനം ചെയ്യും പാരമ്പര്യ തച്ചുശാസ്ത്ര അറിവുകൾ പുതുതലമുറയിലെ എഞ്ചിനീയറിംഗ് വിദ്യാർഥികൾക്ക് പകർന്നുകൊടുത്തും കേരളത്തിന്റെ പാരമ്പര്യ വാസ്തുവിദ്യയെ ആധുനിക സാങ്കേതികവിദ്യയുമായി സമന്വയിപ്പിച്ച് പ്രചരിപ്പിക്കുന്നു. പാരമ്പര്യ തച്ചുശാസ്ത്രത്തിലെ കോലംഗുലം കണക്കുകൾ ആധുനിക മെട്രിക് സിസ്റ്റത്തിലേയ്ക്ക് മാറ്റി AutoCAD, പ്രൈസ് മുതലായ ആധുനിക സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് വാസ്തുവിദ്യാഗുരുകുലം, പാരമ്പര്യ വാസ്തുവിദ്യയെ ഉപയോഗിച്ചുവരുന്നു. എന്നാൽ ചില മേഖലകളിൽ പരമ്പരാഗത രീതിയിലുള്ള തച്ചുശാസ്ത്രത്തെ അതേ രീതിയിൽ പ്രാവർത്തികമാക്കേണ്ടതായി വരുന്നു.

(ബി) വാസ്തുവിദ്യയിലെ കള്ളനാണയങ്ങളെ തുറന്നുകാണിക്കുന്നതിന് വാസ്തുവിദ്യാ ഗുരുകുലത്തിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കപടശാസ്ത്രക്കാരുടെ യുക്തിഭദ്രമല്ലാത്തതും അനാവശ്യവുമായ നടപടികളെ ചെറുക്കുന്നതിന് വാസ്തുശില്പ വൈദഗ്ധ്യം നേടിയിട്ടുള്ള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ പ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ട്.

കപടശാസ്ത്രക്കാരുടെ പ്രചരണങ്ങളിൽനിന്ന് പാരമ്പര്യ വിജ്ഞാന വ്യവസ്ഥയെ സംരക്ഷിക്കാനും തികച്ചും തദ്ദേശീയമായ ശാസ്ത്രമെന്ന നിലയിൽ അവയെ മുന്നോട്ടുകൊണ്ടുപോകാനും അർഥസമ്പൂർണ്ണമായ ഇടപെടലുകൾ നടത്താനും വാസ്തുവിദ്യാഗുരുകുലം ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി സാമാന്യ ജനത്തിന് വാസ്തുശാസ്ത്രത്തെ സംബന്ധിച്ച ആധികാരികവും ശാസ്ത്രീയാടിത്തറയിലൂന്നിയതുമായ വിജ്ഞാനം പകർന്നു നൽകാൻ ഗുരുകുലത്തിന്റെ ആഭിമുഖ്യത്തിൽ ചർച്ചകളും സെമിനാറുകളും പ്രദർശനങ്ങളും നടത്തിവരുന്നുണ്ട്. കൂടാതെ വാസ്തുവിദ്യയെ സംബന്ധിച്ച് ആധികാരിക അറിവുകൾ അടങ്ങിയ പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും ഗുരുകുലത്തിന്റെ പ്രവർത്തന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ചുമർ ചിത്രങ്ങളുടെ സംരക്ഷണത്തിനും മ്യൂറൽ പെയിന്റിംഗുകളുടെ ഓൺലൈൻ വില്പനയ്ക്കും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

വാസ്തുവിദ്യാഗുരുകുലത്തിൽ തയ്യാറാക്കുന്ന മ്യൂറൽ പെയിന്റിംഗുകൾ വാസ്തുവിദ്യാഗുരുകുലത്തിന്റെ വെബ്സൈറ്റ് മുഖാന്തരം വിപണനം ചെയ്യുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരളീയം, തെലുങ്കാന പൈതൃകോത്സവം, തൃശ്ശൂർപൂരം, IITF (ഡൽഹി) 2023 എന്നിവയിലെ പങ്കാളിത്തം ഒക്ടോബറിൽ തിരുവനന്തപുരത്ത് നടത്തിയ ദേശീയ സെമിനാർ, കൂടാതെ ആറന്മുളയിലും തിരുവനന്തപുരത്ത് അനന്തവിലാസം കൊട്ടാരത്തിലുമുള്ള ചുമർചിത്ര ഗാലറിയും ഏറെ ജനശ്രദ്ധ ആകർഷിച്ചുവരുന്നുണ്ട്. ഗുരുകുലത്തിലെ ചുമർചിത്രങ്ങളുടെ പ്രത്യേകതകളും അടിസ്ഥാന വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് വെബ് പേജ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. കൂടാതെ പ്രശസ്തവും പുരാതനവുമായ ചില മ്യൂറൽ സങ്കേതങ്ങളിലെ ചിത്രങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ വാസ്തുവിദ്യാഗുരുകുലം നടത്തിവരുന്നു. മ്യൂസിയം വകുപ്പിനുകീഴിലുള്ള ശ്രീചിത്ര

എൻക്ലേവിലെ ചുമർചിത്ര സംരക്ഷണ പദ്ധതി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

**ഓഖി പുനരധിവാസ പദ്ധതികൾ**

17(*227) ശ്രീ. കെ. ആൻസലൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) ഓഖി പുനരധിവാസവുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ പദ്ധതികളാണ് ഇതുവരെ നടപ്പാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഓഖി ചുഴലിക്കാറ്റിന്റെ ആഘാതത്തിൽനിന്നും തീരദേശ സമൂഹത്തിന് ആശ്വാസമെന്നോണം അടിയന്തര സഹായ പദ്ധതികളും തുടർന്ന് അവരെ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന വിവിധ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്.

മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ 20 ലക്ഷം രൂപ വീതം ആകെ 28.60 കോടി രൂപ

അനുവദിച്ചുനൽകി. കൂടാതെ 1,13,923 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000/- രൂപ വച്ച് അടിയന്തര ധനസഹായവും പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ചികിത്സാ ധനസഹായമായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 10,68,000/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3,000/- രൂപ വീതം ജില്ലാ കളക്ടർമാർ മുഖേന വീട്ടുവാടക നൽകി. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകുന്നതിന് 178 മത്സ്യത്തൊഴിലാളി യുവാക്കളെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ഗാർഡുമാരായി നിയമിച്ചു.

ഓഖി പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിന് 92.29 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 76.22 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഇതിൽ 50.46 കോടി രൂപ നാളിതുവരെ ചെലവഴിക്കുകയും 10.65391 കോടി രൂപ തിരിച്ചടയ്ക്കുകയും ചെയ്തു.

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പുമുഖേന നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് അവ പുനഃസ്ഥാപിച്ച് നൽകൽ.
2. ഓഖി ദുരന്തത്തിൽ ഭാഗികമായി വീടിന് കേടുപാട് സംഭവിച്ച 458 മത്സ്യത്തൊഴിലാളികൾക്ക് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം.
3. മറൈൻ ആംബുലൻസ് (മൂന്നെണ്ണം).
4. ഓഖി ദുരന്തത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം.
5. മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് വിതരണം.
6. മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം.
7. മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണ വിതരണം.
8. കടൽ സുരക്ഷാ സ്ക്വാഡ്.
9. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ വിദ്യാഭ്യാസം.

10. ഓഖി ദുരന്തത്തിൽ മത്സ്യബന്ധന ഉപകരണം നഷ്ടപ്പെട്ട ശ്രീ ജോഷിക്ക് നഷ്ടപരിഹാരം.

11. ഓഖി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 120 എഫ്.ആർ.പി. ബോട്ടുകൾ.

12. വിഴിഞ്ഞത്ത് ആധുനിക മത്സ്യസംസ്കരണ യൂണിറ്റ്, സീ ഫുഡ് റെസ്റ്റോറന്റ് എന്നിവയുടെ നിർമ്മാണം.

13. ഓഖി ദുരന്തത്തിൽ ഉൾപ്പെട്ട 38 മത്സ്യത്തൊഴിലാളികൾക്ക് വീടും സ്ഥലവും.

ക്രമനമ്പർ ഒന്നുമുതൽ ഒൻപതുവരെയുള്ള പദ്ധതികളുടെ നീക്കിയിരിപ്പ് തുകയിൽനിന്നുമാണ് പതിനൊന്നുമുതൽ പതിമൂന്നുവരെയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ബി) ഓഖിയിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ 2037 വരെയുള്ള പഠനത്തിനായി വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഓഖിയിൽ മരണപ്പെടുകയോ കാണാതാകുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ 309 കുട്ടികൾക്ക് വിദ്യാഭ്യാസ/തൊഴിൽ പരിശീലനത്തിനായി 1392.82 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 2018-19 വർഷം മുതൽ 2037 വരെ വിഭാവനം ചെയ്ത പദ്ധതിയാണിത്. തിരുവനന്തപുരം ജില്ലാ ഫിഷറീസ് ഓഫീസ് മുഖേന ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. നാളിതുവരെ ഓഖിയിൽ മരണപ്പെട്ട/കാണാതായ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനത്തിനായി വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) ഓഖി പുനരധിവാസവുമായി ബന്ധപ്പെട്ട് എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരായ 47 പേർക്ക് മത്സ്യഫെഡിന്റെ നെറ്റ് ഫാക്ടറിയിലും സീഫുഡ് റെസ്റ്റോറന്റിലുമായി ജോലി നൽകിയിട്ടുണ്ട്. കൂടാതെ നേഴ്സിംഗ് വിദ്യാഭ്യാസ യോഗ്യതയുള്ള രണ്ടുപേർക്ക് ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ്-II തസ്തികയിൽ നിയമനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുന്നതിന് 14-11-2022-ലെ സ.ഉ.(കൈ) നം. 221/2022/H&WD പ്രകാരം ഉത്തരവായിട്ടുണ്ട്. അപ്രകാരം ആകെ 49 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

ഓഖി ദുരന്തത്തിൽ മരിച്ചവർ/കാണാതായവരുടെ ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിലെ 142 പേരും കാസർഗോഡ് ജില്ലയിലെ ഒരാളുമാണുണ്ടായിരുന്നത്. 21-10-2018-ലെ സ.ഉ.(സാധാ)നം. 681/2018/മത്സ്യബന്ധന നമ്പർ ഉത്തരവുപ്രകാരം ഓഖി ആശ്രിതരിൽ 40 വയസ്സിൽ താഴെ പ്രായമുള്ളതും SSLC-ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ 41 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറ നെറ്റ് ഫാക്ടറിയിലും കാസർഗോഡ് ജില്ലയിലെ ഒരാൾക്ക് കണ്ണൂർ നെറ്റ് ഫാക്ടറിയിലും ജോലി നൽകുന്നതിന് ഉത്തരവായിരുന്നു. മേൽ ഉത്തരവിൻപ്രകാരമുള്ള ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിൽ പരിഗണിച്ച 41 പേരിൽ 2 പേർ മരിച്ചവർ/കാണാതായവരുടെ അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ടവരല്ലാത്തതിനാലും ഇവർ തമിഴ്നാട് സർക്കാരിന്റെ ആനുകൂല്യം കൈപ്പറ്റുന്നവരാണെന്ന് ബോധ്യപ്പെട്ടതിനാലും ഇവരെ ഒഴിവാക്കുകയും ശേഷിക്കുന്ന 39 പേരെ നെറ്റ് ഫാക്ടറിയിലെ ജോലിക്കായി പരിഗണിക്കുകയും ചെയ്തിരുന്നു. ഇതുകൂടാതെ SSLC-യും

അധിക യോഗ്യതയുമുള്ള 13 പേരടങ്ങിയ ആശ്രിതരിൽ വിസമ്മതപത്രം നൽകിയ ഒരാളൊഴികെ 12 പേരുടെ ലിസ്റ്റ് ആരോഗ്യ വകുപ്പിനുകീഴിൽ ജോലി നൽകുന്നതിന് പരിഗണിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചു. ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനായി പരിഗണിച്ച 12 പേരിൽ നേഴ്സിംഗ് വിദ്യാഭ്യാസ യോഗ്യതയുള്ള രണ്ടുപേർക്ക് ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 തസ്തികയിൽ നിയമനം നൽകുന്നതിന് 14-11-2022-ലെ സ.ഉ.(കൈ)നം.221/2022/ H&WD പ്രകാരം ഉത്തരവായിട്ടുണ്ട്.

മത്സ്യഫെഡിൽ ജോലിക്ക് ശിപാർശ ചെയ്തവരിൽനിന്നും 36 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലുള്ള നെറ്റ് ഫാക്ടറിയിലും ഒരാൾക്ക് കണ്ണൂർ നെറ്റ് ഫാക്ടറിയിലും അവിദഗ്ധ തൊഴിലാളികളായി നിയമനം നൽകി ഉത്തരവായിട്ടുള്ളതാണ്. ഓഖി പുനരധിവാസ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ച വിഴിഞ്ഞം സീ ഫുഡ് റെസ്റ്റോറന്റിൽ ജോലിക്ക് താൽപര്യമുള്ള 16 ഓഖി ദുരന്തബാധിതരുടെ ആശ്രിതരുടെ ലിസ്റ്റിൽ നിന്നും ഇന്റർവ്യൂവിൽ പങ്കെടുത്ത 10 പേരെ തെരഞ്ഞെടുക്കുകയും അതിൽ IHMCT-യുടെ പരിശീലനത്തിൽ പങ്കെടുത്ത 7 പേർക്കും ഓഖി ലിസ്റ്റിൽ ഉൾപ്പെട്ട 3

പേർക്കും ഉൾപ്പെടെ ആകെ 10 പേർക്ക് വിഴിഞ്ഞം സീഫുഡ് റെസ്റ്റോറന്റിൽ നിയമനം നൽകിയിട്ടുണ്ട്.

അപ്രകാരം ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരായ 49 (37+10+2) പേർക്ക് മത്സ്യഫെഡിന്റെ നെറ്റ് ഫാക്ടറിയിലും സീഫുഡ് റെസ്റ്റോറന്റിലും ആരോഗ്യവകുപ്പിലുമായി ജോലി നൽകിയിട്ടുണ്ട്.

ഇനിയും ജോലി ലഭ്യമാകാനുള്ളവരുടെ പട്ടിക പരിശോധിച്ച് പുതുക്കി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**ചിത്രാഞ്ജലി സ്റ്റുഡിയോ**

18(*228) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ അന്തർദേശീയ

നിലവാരത്തിലുള്ളതാക്കി മാറ്റാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിച്ച് മലയാള ചലച്ചിത്രങ്ങൾ ഉൾപ്പെടെയുള്ളവയുടെ പ്രധാന പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ കേന്ദ്രം ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

(എ&ബി) ഉണ്ട്. ചിത്രാഞ്ജലി സ്റ്റുഡിയോ അന്തർദേശീയ നിലവാരത്തിലാക്കാൻ 'Modernization of Chitranjali Studio' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കിഫ്ബി മുഖേനയാണ് പദ്ധതിക്ക് ഫണ്ട് അനുവദിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി അറ്റ്മോസ് സൗണ്ട് മിക്സിംഗ് തിയേറ്റർ, ഡബ്ബിംഗ് സ്യൂട്ടുകൾ, എഫക്ട്സ്-ഫോളി സ്റ്റുഡിയോ, എഡിറ്റിംഗ് സ്യൂട്ടുകൾ, ഡിജിറ്റൽ ഇന്റർമീഡിയറ്റ് സ്യൂട്ടുകൾ, എക്യുപ്മെന്റ് സ്റ്റോറേജ് ഏരിയ, ഗ്രീൻമാറ്റ് സ്റ്റുഡിയോ, കാന്റീൻ എന്നിവയുടെ നിർമ്മാണവും ഷൂട്ടിംഗ് ഫ്ളോറുകളുടെ നവീകരണവും പുരോഗമിക്കുന്നു. ഡിജിറ്റൽ ക്യാമറകൾ, ലെൻസുകൾ, ലൈറ്റുകൾ, മറ്റ് ഷൂട്ടിംഗ് ഉപകരണങ്ങൾ, ഔട്ട്ഡോർ യൂണിറ്റ് വാഹനങ്ങൾ

എന്നിവ വാങ്ങുന്നതും ആദ്യഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ചിത്രാഞ്ജലി സ്റ്റുഡിയോ മലയാള ചലച്ചിത്രങ്ങളുടെയും അന്യഭാഷാ ചിത്രങ്ങളുടെയും പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ ഹബ്ബായി മാറുന്നതാണ്.

(സി) സിനിമാ നിർമ്മാണത്തിന്റെ വിവിധ വശങ്ങൾ പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കും മനസ്സിലാക്കുന്നതിനായി പ്രത്യേക പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

മലയാള സിനിമയ്ക്ക് പുതിയ വാണിജ്യ സാധ്യതകൾ കണ്ടെത്തുന്നതിനും സിനിമാ പ്രവർത്തകരുടെ അറിവ് വർധിപ്പിക്കുന്നതിന്റെ ഭാഗമായും 28-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി 'കേരള ഫിലിം മാർക്കറ്റ്" എന്ന ഒരു ആശയത്തിന് കെ.എസ്.എഫ്.ഡി.സി. തുടക്കംകുറിച്ചു. രാജ്യത്തിനകത്തും പുറത്തുമുള്ള സിനിമാ പ്രവർത്തകരുമായി സംവദിക്കാനും അറിവ് വർധിപ്പിക്കാനും പൊതുജനങ്ങൾക്ക് കേരള ഫിലിം മാർക്കറ്റ് ഒരു വേദിയായി മാറി. കൂടാതെ ചിത്രാഞ്ജലി സ്റ്റുഡിയോയിലെ

എഡിറ്റിംഗ്, സൗണ്ട് വിഭാഗങ്ങളിൽ വിദ്യാർഥികൾക്കായി ഒരു മാസത്തെ ഇന്റേൺഷിപ്പും കെ.എസ്.എഫ്.ഡി.സി. നടത്തിവരുന്നുണ്ട്.

### മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക സഹായം

19(*229) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ മേഖലകളിൽ പാർപ്പിടം, ശുചിത്വം, കുടിവെള്ളം, വൈദ്യുതി എന്നിവ ഉറപ്പാക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

**പാർപ്പിട പദ്ധതികൾ**

മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത ഭവനം ഉറപ്പാക്കുന്നതിനായി ഫിഷറീസ് വകുപ്പ് ബി.ഐ.എഫ്&എച്ച്.ഡി.എഫ്. ഭവന നിർമ്മാണം, എൻ.എഫ്.ഡബ്ല്യു.എഫ്. ഭവന നിർമ്മാണം, കോളനി നവീകരണം, തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും 50 മീറ്ററിനുപുറത്ത്

സ്ഥലമുള്ളവരുടെയും ഭവന നിർമ്മാണം, ഓഖി ഭവന നിർമ്മാണം, കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരുടെ പുനരധിവാസം (2016-17) എന്നീ പദ്ധതികൾ നടപ്പാക്കിയിരുന്നു. എന്നാൽ 'പുനർഗേഹം' പദ്ധതി ഒഴികെയുള്ള മത്സ്യത്തൊഴിലാളി ഭവന നിർമ്മാണങ്ങളെല്ലാം നിലവിൽ 'ലൈഫ് മിഷൻ' പദ്ധതിയിലൂടെയാണ് നടപ്പാക്കിവരുന്നത്.

വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി നിലവിൽ ഫിഷറീസ് വകുപ്പുവഴി നടപ്പാക്കിവരുന്നു. ടി പദ്ധതി വഴി 2256 പേർക്ക് വ്യക്തിഗത ഭവനങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനും 390 കുടുംബങ്ങളെ ഫ്ലാറ്റിൽ പുനരധിവസിപ്പിക്കുന്നതിനും കഴിഞ്ഞു.

കൂടാതെ മത്സ്യത്തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന ഫിഷർമെൻ കോളനികളിലെ വാസയോഗ്യമല്ലാത്ത 184 ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിന് 736.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ തീരദേശ മേഖലകളിൽ നടപ്പാക്കിയതും നിലവിൽ നിർമ്മാണം പുരോഗമിക്കുന്നതുമായ വിവിധ പാർപ്പിട പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

ഇവയ്ക്കുപുറമെ 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര/സംസ്ഥാന ധനസഹായത്തോടെ തീരദേശ ജില്ലകളിലെ 9 തിരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളെ സംയോജിത ആധുനിക മത്സ്യഗ്രാമങ്ങളായി വികസിപ്പിക്കുന്നതിന് അംഗീകാരം ലഭ്യമായിരുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുന്ന പാർപ്പിട പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ മേഖലകളിൽ പാർപ്പിടം ഉറപ്പാക്കുന്നതിനായി നടപ്പാക്കിയതും നടപ്പാക്കിവരുന്നതുമായ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. <u>തിരുവനന്തപുരം ജില്ല</u>**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുട്ടത്തറയിൽ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി 400 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 26-12-2022-ലെ സ.ഉ.(സാധാ) നം. 877/2022/മത്സ്യ ഉത്തരവുപ്രകാരം 81 കോടി രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് 08-02-2023-ൽ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി 55 ശതമാനത്തോളം പുരോഗമിച്ചുവരുന്നു.

ബീമാപള്ളിയിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി 29-01-2019-ലെ സ.ഉ.(സാധാ) നം. 65/2019/മത്സ്യ പ്രകാരം ഭരണാനുമതി നൽകിയതനുസരിച്ച് 24 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്.

**2. <u>മലപ്പുറം ജില്ല</u>**

പൊന്നാനിയിൽ 128 കെട്ടിട സമുച്ചയ നിർമ്മാണത്തിന്റെ ഒന്നാംഘട്ട പ്രവൃത്തിക്ക് 29-01-2019-ലെ സ.ഉ.(സാധാ) നം. 65/2019/മത്സ്യ പ്രകാരം ഭരണാനുമതി നൽകിയതനുസരിച്ച് 24-06-2020-ൽ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്.

പൊന്നാനിയിൽ 100 യൂണിറ്റുകളുള്ള കെട്ടിട സമുച്ചയ നിർമ്മാണത്തിന്റെ രണ്ടാംഘട്ട പ്രവൃത്തിക്ക് 21-10-2022-ലെ സ.ഉ. (സാധാ) 657/2022/മതുവ പ്രകാരം 1433 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയതനുസരിച്ച് 08-03-2023-ൽ കരാറിലേർപ്പെടുകയും പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

മലപ്പുറം ജില്ലയിലെ ഉണ്ണ്യാലിൽ 16 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 21-10-2022-ലെ സ.ഉ. (സാധാ) നം. 657/2022/മതുവ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയതനുസരിച്ച് സിവിൽ പ്രവൃത്തികൾക്കായി 8-6-2022-ൽ കരാറിലേർപ്പെട്ട് 80 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

3. <u>കാസർഗോഡ് ജില്ല</u>

കാസർഗോഡ് ജില്ലയിലെ കോയിപ്പാടി വില്ലേജിൽപ്പെട്ട സ്ഥലത്ത് 144 ഫ്ലാറ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായി 21-10-2022-ലെ സ.ഉ. (സാധാ) നം. 657/2022/മതുവ പ്രകാരം 23.20 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയതനുസരിച്ച് 10-03-2023-ന് കരാറിലേർപ്പെട്ട് സിവിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

ഓഖി ദുരന്തത്തിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത വ്യക്തികളുടെ ആശ്രിതർക്കായുള്ള ഓഖി ഹൗസിംഗ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**<u>ശുചിത്വ പദ്ധതികൾ</u>**

തീരദേശ മത്സ്യഗ്രാമങ്ങളെ ശുചിത്വമുള്ള മേഖലയാക്കി മാറ്റുന്നതിനായി മത്സ്യത്തൊഴിലാളി ടോയിലറ്റ് പദ്ധതി, Open Defecation Free (ODF) പദ്ധതി എന്നിവ നടപ്പാക്കിയിരുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ തീരദേശ മേഖലകളിൽ ശുചിത്വം ഉറപ്പാക്കുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

ഇവയ്ക്കുപുറമെ 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര/സംസ്ഥാന ധനസഹായത്തോടെ തീരദേശ ജില്ലകളിലെ 9 തിരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളെ സംയോജിത ആധുനിക മത്സ്യഗ്രാമങ്ങളായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസിപ്പിക്കുന്നതിന് അംഗീകാരം നൽകിയിരുന്നു. ടി പദ്ധതിയിലെ ശുചിത്വ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ട്രോളിംഗ് നിരോധന മാസങ്ങളിലും മത്സ്യ ലഭ്യത കുറഞ്ഞ മാസങ്ങളിലും മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകിവരുന്നുണ്ട്. ഈ വർഷവും സൗജന്യ റേഷൻ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളതുമായ മത്സ്യത്തൊഴിലാളികൾക്ക് 4500/- രൂപ ധനസഹായം നൽകിവരുന്നുണ്ട്. മുൻ കാലങ്ങളിലേതുപോലെ ഈ കാലയളവിലും 4500/- രൂപ സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021-ലെ കാലാവസ്ഥാ മുന്നറിയിപ്പുമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22-ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് (KFWFB)-യുടെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.

2022 ഏപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പുമൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് സമുദ്ര അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 50.027 കോടി രൂപ ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

**ശുദ്ധജല ലഭ്യത ഉറപ്പുവരുത്താൻ നടപടി**

20(*230) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പുതുതായി എത്ര ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ വന്നതിനുശേഷം (20-05-2021 മുതൽ 18-06-2024 വരെ) പുതുതായി 17,33,669 ഗാർഹിക കുടിവെള്ള കണക്ഷനുകൾ കേരള വാട്ടർ അതോറിറ്റി മുഖേന നൽകിയിട്ടുണ്ട്.

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ പൂർത്തീകരിക്കാൻ ബാക്കിയുണ്ടായിരുന്ന മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ മൂന്നിയൂർ ബൃഹത് കുടിവെള്ള പദ്ധതി ഈ സർക്കാർ വന്നതിനുശേഷം പൂർത്തീകരിച്ചു. അതുവഴി 5534 കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി.

ജൽജീവൻ മിഷൻ പദ്ധതിപ്രകാരം കേരള റൂറൽ വാട്ടർ സപ്ലൈ & സാനിറ്റേഷൻ ഏജൻസി മുഖേന, ഈ സർക്കാരിന്റെ കാലത്ത് 2021 മേയ് മുതൽ 15-06-2024 വരെ 21,814 പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള കണക്ഷനുകളും (FHTC), 8838 ഗാർഹിക കുടിവെള്ള കണക്ഷനുകളും (HTC) നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഗുണഭോക്തൃ സമിതികൾ നേരിട്ട് (JJM-ൽ ഉൾപ്പെടാതെ) 3682 ഗാർഹിക കുടിവെള്ള കണക്ഷനുകളും ഈ കാലയളവിൽ നൽകിയിട്ടുണ്ട്.

കൂടാതെ ഭൂജലവകുപ്പിനുകീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2021-2022 സാമ്പത്തിക വർഷം മുതൽ 46,326 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് കേടായ പൈപ്പുകൾ യഥാസമയം മാറ്റി സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പൈപ്പ് പൊട്ടലുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് വിവിധ സോണുകളാക്കി തിരിച്ച് റണ്ണിംഗ് കോൺട്രാക്റ്റും കൂടാതെ അടിയന്തര സാഹചര്യങ്ങളിൽ ബ്ലൂബ്രിഗേഡ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ പൈപ്പ് ലൈനിലെ ചോർച്ച കണ്ടെത്തുന്നതിനായി Leak detection equipment-ഉം ഉപയോഗിച്ചുവരുന്നു. നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയിട്ടുള്ള ലീക്ക് ഡിറ്റക്ഷൻ ഉപകരണം എല്ലാ സർക്കിൾ ഓഫീസുകളിലും ലഭ്യമാക്കിയിട്ടുണ്ട്.

പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ (അമൃത്, കിഫ്ബി, ജൽജീവൻ മിഷൻ, സ്റ്റേറ്റ് പ്ലാൻ, ആർ.കെ.ഐ., നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ

സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലും) ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതുവഴി ജലവിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നത് ഒഴിവാക്കാൻ സാധിക്കുന്നുണ്ട്.

24x7 മണിക്കൂറും കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പൊതുജനങ്ങളുടെ പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് 1916 എന്ന കാൾ സെന്റർ സംവിധാനവും 'അക്വാലൂം' എന്ന വെബ്സൈറ്റും സജ്ജമാണ്. ഇങ്ങനെ സ്വീകരിക്കുന്ന പരാതികൾ ക്രോഡീകരിക്കുകയും അവ പരിഹരിക്കുന്നതിനായി ഫീൽഡ് ഓഫീസുകളിലേക്ക് നൽകുകയും ചെയ്യുന്നു.

ജലഅതോറിറ്റിയിൽ ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻവേണ്ടി പൈപ്പുകളുടെ Pre Delivery ടെസ്റ്റിംഗ് നടത്തുന്നതിനായി തേർഡ് പാർട്ടി ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജലനിധി പദ്ധതി നിർവഹണം നടത്തി ഗുണഭോക്തൃ സമിതികളെ പദ്ധതി പരിപാലനത്തിനും സംരക്ഷണത്തിനുമുള്ള പരിശീലനം നൽകി ഏൽപ്പിക്കുന്നു. ഓരോ സ്കീമിനും ഉണ്ടാകുന്ന കേടുപാടുകൾ ഗുണഭോക്തൃ

സമിതികൾ തന്നെ യഥാസമയം പരിഹരിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കി പരിപാലിച്ചുപോരുന്നു.

ഭൂജല വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ പരിപാലനത്തിന്റെ ചുമതലയും ഗുണഭോക്തൃ സമിതികൾക്കാണുള്ളത്. എന്നിരുന്നാലും വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരം പദ്ധതികളുടെ പുനരുദ്ധാരണം നടത്തിവരുന്നു.

(സി) വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമായിരുന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് വിശദമാക്കാമോ?

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ടാങ്കർ ലോറി വഴി കുടിവെള്ളം എത്തിച്ചും വാൽവുകൾ ക്രമീകരിച്ചും സോൺ തിരിച്ച് വിതരണം നടത്തിയും പമ്പിംഗ് സമയം നീട്ടി നൽകിയും ജല ദുർവിനിയോഗം തടഞ്ഞും വേനൽക്കാലത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വേനൽക്കാലത്തിന് മുമ്പുതന്നെ പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കുന്നു. ചോർച്ചകൾ സമയബന്ധിതമായി പരിഹരിച്ച് ജലനഷ്ടം തടയുന്നു. സ്രോതസ്സുകളിൽ ജലലഭ്യത കുറയുമ്പോൾ താൽക്കാലിക തടയണകൾ കെട്ടി പമ്പിംഗ് തടസ്സപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു. ഉറവിട സ്രോതസ്സുകളിലെ ജലലഭ്യത ഉയർത്തുന്നതിനായി അവയുടെ ശുചീകരണവും അറ്റകുറ്റപ്പണികളും വേനൽക്കാലത്തിന് മുന്നോടിയായി ചെയ്യുന്നു. ജല ലഭ്യത കൂട്ടുന്നതിലേയ്ക്കായി ഉറവിട സ്രോതസ്സുകളിലേയ്ക്ക് ജല ലഭ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് ചാലുകൾ മുഖേനയും പമ്പിംഗ് മുഖേനയും ജലം എത്തിക്കുന്നു. കൂടാതെ വിതരണ ഘടകങ്ങളായ ഇലക്ട്രോ മെക്കാനിക്കൽ ഘടകങ്ങൾ സമയബന്ധിതമായി കേടുപാടുകൾ തീർത്ത് വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ ലഘൂകരിക്കുന്നു. അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്കായി ബ്ലൂ ബ്രിഗേഡ് സംവിധാനവും ഉപയോഗപ്പെടുത്തുന്നുണ്ട്.

ഗ്രാമീണ മേഖലയിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ജൽജീവൻ മിഷൻ പദ്ധതിയിൽപ്പെടുത്തി വിവിധ ശുദ്ധജല പദ്ധതികൾ പല

ഘട്ടങ്ങളിലായി നടന്നുവരുന്നു. നഗരപ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി അമൃത് 2.0-യിൽപ്പെടുത്തി പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. കിഫ്ബി, ആർ.കെ.ഐ. പദ്ധതികളിലൂടെ ഭാവിയിലെ ജല ഉപഭോഗത്തിന്റെ ആവശ്യകത കണക്കിലെടുത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

വേനൽക്കാലത്ത് ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ അടിയന്തര സാഹചര്യം പരിഹരിക്കുന്നതിന് ഭൂജലവകുപ്പ് മുൻകാലങ്ങളിൽ നടപ്പാക്കിയ കൈപമ്പുകളുടെ മെയിന്റനൻസ് നടത്തി പ്രവർത്തനസജ്ജമാക്കുന്ന പ്രവൃത്തിയും ചെയ്തുവരുന്നുണ്ട്.

**മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കാൻ ഹൈടെക് പ്രതിരോധ തന്ത്രങ്ങൾ**

21(*231) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ഹൈടെക് പ്രതിരോധ തന്ത്രങ്ങൾ ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്. വനം വകുപ്പ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം ആരംഭിക്കുകയും അതേ മാതൃകയിൽ സർക്കിൾതലത്തിൽ 8-ഉം ഡിവിഷൻ തലത്തിൽ 36-ഉം കൺട്രോൾ റൂമുകൾ രൂപീകരിച്ചിട്ടുണ്ട്. കൺട്രോൾ റൂമുകളിൽ ലഭിക്കുന്ന വിവരങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുകയും അതനുസരിച്ച് ഹീറ്റ് മാപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു. ഈ മാപ്പുകൾ ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സഹായകമാണ്.

എല്ലാ ഡിവിഷനുകളിലും സംരക്ഷണ വിഭാഗം ജീവനക്കാർ വനയാത്രകളിൽ M-STrIPES മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ തത്സമയം രേഖപ്പെടുത്താനുള്ള സംവിധാനം ഒരുങ്ങിയിട്ടുണ്ട്. ആയതിനുള്ള പരിശീലനം നൽകിവരുന്നു.

HAWK മൊഡ്യൂൾ മുഖേന വന്യജീവി മരണങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് ഡാഷ്-ബോർഡ് തയ്യാറാക്കി ഡാറ്റ എൻട്രി പുരോഗമിച്ചുവരുന്നു.

പാമ്പുകളുടെ സംരക്ഷണത്തിനും വിഷപ്പാമ്പുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനുമായി സർക്കാർ രൂപകല്പന ചെയ്ത SARPA മൊബൈൽ ആപ്പിൽ മറ്റ് വന്യമൃഗങ്ങൾ മൂലമുള്ള അപകടങ്ങൾകൂടി റിപ്പോർട്ട് ചെയ്യുകയും പരിഹരിക്കുകയും ചെയ്യാവുന്ന തരത്തിലുള്ള പരിഷ്കാരങ്ങൾ നടത്തിവരുന്നുണ്ട്.

വന്യമൃഗങ്ങളുടെ സാമീപ്യത്തെക്കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സർക്കിൾ, ഡിവിഷൻ, പഞ്ചായത്തുതലങ്ങളിൽ 400-ൽ അധികം വാട്ട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ നിലവിലുള്ള ജനജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുകയും പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

ആധുനിക സാങ്കേതിക വിദ്യകളായ ക്യാമറാ ട്രാപ്പ്, വാക്കി-ടോക്കി, ജി.പി.എസ്., എസ്.എം.എസ്., എ.ഐ. ക്യാമറ, ഡിജിറ്റൽ (സെൻസർ) വാൾ, റിയൽ-ടൈം മോണിറ്ററിംഗ് സിസ്റ്റം, റേഡിയോ കോളറിംഗ് എന്നീ സംവിധാനങ്ങൾ ഡിവിഷനുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിന് ആനിമൽ ഇൻട്രൂഷൻ ഡിറ്റക്ഷൻ ആൻഡ് റിപ്പലന്റ് സിസ്റ്റം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഡ്രോൺ ക്യാമറകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അതിന്റെ ഭാഗമായി നിലവിലെ സ്നേക് അവയർനസ് റെസ്ക്യൂ ആൻഡ് പ്രൊട്ടക്ഷൻ ആപ്പ് പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പരിഗണനയിലുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥരെ കൂടാതെ പൊതുജനങ്ങളിൽനിന്നും തൽപരരായ വോളന്റിയർമാർക്ക് വിദഗ്ധ പരിശീലനം നൽകി സന്നദ്ധ സേവനമായാണ് അപകടകരമായി ജനവാസമേഖലകളിലെത്തുന്ന പാമ്പുകളെ സുരക്ഷിതമായി റെസ്ക്യൂ ചെയ്യുന്നതിനും പാമ്പുകടിമൂലമുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനുമായി

സംസ്ഥാന സർക്കാർ സർപ്പ ആപ് പ്രവർത്തനം ആരംഭിച്ചത്. ജനവാസമേഖലകളിൽ സാധാരണയായി കാണപ്പെടുന്ന മരപ്പട്ടി മുതലായ ചെറിയ വന്യജീവികളേയും പക്ഷികളേയും റെസ്ക്യൂ ചെയ്യുന്നതിന് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് അതിലേയ്ക്കുള്ള പരിശീലനം തൽപരരായ വോളന്റിയർമാർക്ക് നൽകി പാമ്പുകളുടെ റെസ്ക്യൂ മാതൃകയിൽ ലൈസൻസ് നൽകി അവയുടെ റെസ്ക്യൂ കൂടി സർപ്പയിൽ ഉൾപ്പെടുത്താനുള്ള പരിഷ്കരണങ്ങൾ നടന്നുവരുന്നു. കൂടാതെ വനമേഖലയിലോ വലിയ ജീവികളുടെ സാന്നിധ്യമുണ്ടാകുന്ന ജനവാസമേഖലയിലോ സഞ്ചരിക്കുന്നവർക്ക് മാർഗമധ്യേ ഒരു വന്യമൃഗത്തെ കണ്ടാൽ ഉടനെ ഈ ആപ്പിൽ റിപ്പോർട്ട് ചെയ്യാനും അതിലൂടെ സമീപവാസികൾക്ക് മുന്നറിയിപ്പ് സന്ദേശം നൽകുന്നതിനും ആർ.ആർ.ടി. അംഗങ്ങളോ അടുത്ത ഫോറസ്റ്റ് സെക്ഷൻ സ്റ്റാഫോ ഉടൻ സ്ഥലത്തെത്തി പ്രസ്തുത വന്യജീവിയെ സുരക്ഷിതമായി ഉൾവനത്തിലേയ്ക്ക് തുരത്താനും കഴിയുന്നതരത്തിലുള്ള പരിഷ്കാരവും ചെയ്തുവരുന്നുണ്ട്.

(സി) വന്യജീവികൾ ജനവാസ മേഖലയിൽ ഇറങ്ങുന്നത് തടയാൻ സ്മാർട്ട് റെയിൽവേലി നിർമ്മിക്കണമെന്നും എ.ഐ. ക്യാമറ സ്ഥാപിക്കണമെന്നും നിർദേശം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(സി&ഡി) സ്മാർട്ട് റെയിൽവേലി നിർമ്മിക്കണമെന്ന് നിർദേശം നൽകിയിട്ടില്ല. എ.ഐ. ക്യാമറ പല ഡിവിഷനുകളിലും പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചുവരുന്നുണ്ട്.

**നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ**

22(*232) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. എം. മുകേഷ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നവോത്ഥാന നായകരുടെ പേരിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന വിവിധ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സാംസ്കാരിക കേരളത്തിന് മുതൽക്കൂട്ടാകുന്ന തരത്തിലുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത സ്ഥാപനങ്ങൾ മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) സാംസ്കാരിക സമുച്ചയങ്ങളുടെ സുഗമമായ നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങളാണ് പുതുതായി ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി&സി) കിഫ്ബി ഫണ്ടുപയോഗിച്ച് പണികഴിപ്പിക്കുന്ന സാംസ്കാരിക സമുച്ചയം പ്രോജക്ടിന്റെ SPV ആയി കെ.എസ്.എഫ്.ഡി.സി.-യെയാണ് നിയമിച്ചിട്ടുള്ളത്. സമുച്ചയങ്ങളുടെ പൊതുവായ സൗകര്യങ്ങൾ എ.സി. ആഡിറ്റോറിയങ്ങൾ, എ.വി. തിയേറ്ററുകൾ, ക്ലാസ്റൂമുകൾ, ഇവ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എക്സിബിഷനുകൾ, വിവിധ സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് സമുച്ചയം വേദിയാകുന്നു. ഇത്തരത്തിൽ കേരളത്തിന് മുതൽക്കൂട്ടാകുന്ന തരത്തിൽ ദേശീയ അന്തർദേശീയ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുകവഴി സാംസ്കാരിക വിനിമയം സാധ്യമാകുന്നു. ഈ സമുച്ചയങ്ങളെ ഭാവിയിൽ ഡി.റ്റി.പി.സി. മാതൃകയിൽ ഡി.സി.പി.സി.-യായി ഉയർത്തി ദേശീയ/അന്തർദേശീയ സാംസ്കാരിക കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. നിശ്ചയിച്ചിട്ടുള്ള വാടകയുടെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന സർക്കാരുകളുടെയും മറ്റ് സ്വകാര്യ ഏജൻസികളുടെയും സാംസ്കാരിക പരിപാടികളും ചലച്ചിത്ര പ്രദർശനങ്ങളും സംഘടിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. സാംസ്കാരിക സമുച്ചയങ്ങളുടെ സുഗമമായ നടത്തിപ്പിനായി തയ്യാറാക്കിയ കരട് ബൈലോയിൽ ക്യൂറേറ്റർ കമ്മിറ്റി, ജീവനക്കാരുടെ നിയമനം, ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. നിലവിൽ സമുച്ചയത്തിന്റെ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങൾക്കായി വകുപ്പിലെ ഒരു ജൂനിയർ സൂപ്രണ്ട്, ഒരു ക്ലറിക്കൽ

സ്റ്റാഫ്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവരെ റൊട്ടേഷൻ വ്യവസ്ഥയിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ സമുച്ചയത്തിന്റെ കാവലിനായി കെക്സ്കോൺ മുഖാന്തരവും ക്ലീനിംഗിനായി കുടുംബശ്രീ മുഖാന്തരവും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ വിദ്യാർഥികളുടെ പ്രാതിനിധ്യം**

23(*233) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ട്.

ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളിൽ ആകെ സീറ്റുകളുടെ എണ്ണത്തിന്റെ 20% പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. സംവരണം പാലിച്ചുകൊണ്ടാണ് അഡ്മിഷൻ നടത്തിവരുന്നത്.

(ബി) പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകളിൽ പ്രവേശനം ലഭിച്ചശേഷം കോഴ്സ് പൂർത്തിയാക്കാത്ത പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വിദ്യാർഥികൾക്കായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

(ബി&സി) ഏതെങ്കിലും ക്ലാസിൽ തോൽക്കുകയും അതേ ക്ലാസിൽ റഗുലർ സ്റ്റുഡന്റായി വീണ്ടും ചേരുകയും ചെയ്താൽ ഒരു അധികവർഷം അല്ലെങ്കിൽ യഥാർഥ കാലയളവ്, ഏതാണോ കുറവ് എന്നതുപ്രകാരം ആനുകൂല്യം അനുവദിക്കുന്നതാണ്. ഇപ്രകാരം റിപ്പീറ്റ് ചെയ്യുന്നവർക്ക് ഫീസ് ആനുകൂല്യങ്ങളും അക്കാഡമിക് അലവൻസിന്റെ 50% നിരക്കിലുള്ള തുകയും പട്ടികജാതി വിദ്യാർഥികൾക്ക് ഒരു തവണത്തേയ്ക്കും പട്ടികവർഗ വിദ്യാർഥികൾക്ക് മൂന്ന് തവണത്തേയ്ക്കും അനുവദിക്കുന്നുണ്ട്. എഞ്ചിനീയറിംഗ്

കോഴ്സുകൾ വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് കോഴ്സ് വിജയിക്കുന്നതിന് പ്രത്യേക റമഡിയൽ കോച്ചിംഗ് നൽകിവരുന്നു. പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനും പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾക്കും ധനസഹായം നൽകുന്നുണ്ട്.

(ഡി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് നിലവിൽ നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്കായി നൽകിവരുന്ന പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, വിദേശപഠന സ്കോളർഷിപ്പുകൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. അതുപ്രകാരം കേന്ദ്രവിഹിതം ലഭിക്കാത്ത കംപോണന്റുകൾ അധികമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട്**

24(*234) <u>ശ്രീമതി ഒ. എസ്. അംബിക:</u>
<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u>
<u>ശ്രീമതി കാനത്തിൽ ജമീല:</u>

ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് ഉടൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ആക്റ്റ് നടപ്പാക്കുന്നതിനായി ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ?

(എ&ബി) ഉണ്ട്. 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് നിലവിൽ പ്രാബല്യത്തിലുണ്ട്. ചട്ടങ്ങൾ തയ്യാറാക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന മത്സ്യ ഗുണനിലവാര പരിപാലന സമിതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഫിഷറീസ് ഡയറക്ടർ ചെയർപേഴ്സൺ ആയും ഫിഷറീസ് ജോയിന്റ് ഡയറക്ടർ മെമ്പർ സെക്രട്ടറി ആയും ഭക്ഷ്യസുരക്ഷാ കമ്മീഷണർ, ആരോഗ്യവകുപ്പ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ നിന്ന് നാമനിർദേശം ചെയ്യപ്പെടുന്ന ഒരു പ്രതിനിധി എന്നിവർ അംഗങ്ങളായ ഏഴംഗ സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റിയുടെ ഒരു യോഗം 20-12-2022-ന് ചേർന്നിട്ടുണ്ട്. മത്സ്യത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ക്രമപ്പെടുത്തുന്നതിനായി ക്വാളിറ്റി സ്റ്റാൻഡേർഡ് പരിശോധിക്കുന്നതിന് തീരുമാനിച്ചു. കൂടാതെ ക്വാളിറ്റി സ്റ്റാൻഡേർഡ് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസേർച്ച്-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ICAR-CIFT) പ്രതിനിധിയെ ചുമതലപ്പെടുത്തി.

## സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

25(*235) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന സിനിമാ വ്യവസായത്തിന് മുതൽക്കൂട്ടാകുന്ന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ?

ചിത്രാഞ്ജലി സ്റ്റുഡിയോ അന്തർദേശീയ നിലവാരത്തിലാക്കാൻ 'Modernization of Chitranjali Studio' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കിഫ്ബി മുഖേനയാണ് പദ്ധതിക്ക് ഫണ്ട് അനുവദിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി അറ്റ്മോസ് സൗണ്ട് മിക്സിംഗ് തിയേറ്റർ, ഡബ്ബിംഗ് സ്യൂട്ടുകൾ, എഫക്ട്സ്-ഫോളി സ്റ്റുഡിയോ, എഡിറ്റിംഗ് സ്യൂട്ടുകൾ, ഡിജിറ്റൽ ഇന്റർമീഡിയറ്റ് സ്യൂട്ടുകൾ, എക്യുപ്മെന്റ് സ്റ്റോറേജ് ഏരിയ, ഗ്രീൻമാറ്റ് സ്റ്റുഡിയോ, കാന്റീൻ

എന്നിവയുടെ നിർമ്മാണവും ഷൂട്ടിംഗ് ഫ്ളോറുകളുടെ നവീകരണവും പുരോഗമിക്കുന്നു. ഡിജിറ്റൽ ക്യാമറകൾ, ലെൻസുകൾ, ലൈറ്റുകൾ, മറ്റ് ഷൂട്ടിംഗ് ഉപകരണങ്ങൾ, ഔട്ട്ഡോർ യൂണിറ്റ് വാഹനങ്ങൾ എന്നിവ വാങ്ങുന്നതും ആദ്യഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ചിത്രാഞ്ജലി സ്റ്റുഡിയോ മലയാള ചലച്ചിത്രങ്ങളുടെയും അന്യഭാഷാ ചിത്രങ്ങളുടെയും പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ ഹബ്ബായി മാറുന്നതാണ്.

ചലച്ചിത്ര രംഗത്തെ നേതൃനിരയിലെ സ്ത്രീ സാന്നിധ്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'വനിതാ സംവിധായകർക്കുള്ള സിനിമ' എന്ന സംരംഭം 2019-20-ൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 3 കോടി രൂപ ബഡ്ജറ്റിൽ ഒന്നരക്കോടി വീതം രണ്ട് വനിതാ സംവിധായകരുടെ ചിത്രങ്ങളാണ് പ്രതിവർഷം നിർമ്മിക്കുന്നത്. ഇതുകൂടാതെ 2020-21 സാമ്പത്തിക വർഷം മുതൽ SC/ST വിഭാഗക്കാർക്കായുള്ള സംസ്ഥാന സർക്കാരിന്റെ സിനിമാ പദ്ധതിപ്രകാരം പ്രതിവർഷം രണ്ട് സിനിമകളുടെ നിർമ്മാണംകൂടി നടന്നുവരികയാണ്. SC/ST പദ്ധതിയിലും ചിത്രമൊന്നിന് ഒന്നരക്കോടി രൂപ

മുടക്കി രണ്ട് ചിത്രങ്ങളാണ് പ്രതിവർഷം നിർമ്മിക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം വനിതാ വിഭാഗത്തിൽ 4 ചിത്രങ്ങൾ പൂർത്തിയാവുകയും റിലീസ് ചെയ്യുകയുമുണ്ടായി. SC/ST വിഭാഗത്തിലെ 2 ചിത്രങ്ങൾ ഉടൻ റിലീസ് ചെയ്യുന്നതാണ്.

മലയാള സിനിമയ്ക്ക് പുതിയ വാണിജ്യ സാധ്യതകൾ കണ്ടെത്തുന്നതിനും സിനിമാ പ്രവർത്തകരുടെ അറിവ് വർധിപ്പിക്കുന്നതിന്റെ ഭാഗമായും 28-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയോടനുബന്ധിച്ച് 'കേരള ഫിലിം മാർക്കറ്റ്" എന്ന ഒരാശയത്തിന് കെ.എസ്.എഫ്.ഡി.സി. തുടക്കം കുറിക്കുകയുണ്ടായി.

(ബി) സിനിമാ നിർമ്മാണത്തിനായി എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് കോർപ്പറേഷൻ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

ചിത്രാഞ്ജലി സ്റ്റുഡിയോ സൗകര്യങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന മലയാള ചലച്ചിത്രങ്ങൾക്ക് 5 ലക്ഷം രൂപ സബ്സിഡിയായി നൽകിവരുന്നു. കൂടാതെ പ്രതിവർഷം ഒന്നരക്കോടി രൂപ വീതം ബഡ്ജറ്റിൽ വനിതാ, SC/ST വിഭാഗത്തിലെ സംവിധായകരുടെ 4 ചിത്രങ്ങൾ നിർമ്മിക്കുന്നുണ്ട്.

(സി) നല്ല സിനിമകളുടെ പ്രോത്സാഹനത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മലയാള ചലച്ചിത്ര മേഖലയുടെ വളർച്ചയ്ക്ക് സഹായകമാകുന്ന പല പദ്ധതികളുടെയും രൂപരേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിച്ചുവരുന്നു. മലയാള സിനിമാ മേഖലയിലേയ്ക്ക് കൂടുതൽ പ്രതിഭകളെ ആകർഷിക്കുന്നതിലേയ്ക്കായും കൂടുതൽ അവസരങ്ങൾ ഒരുക്കാനും അന്താരാഷ്ട്ര ചലച്ചിത്രമേളയോടനുബന്ധിച്ച് കേരള ഫിലിം മാർക്കറ്റ് എന്ന ഒരാശയത്തിന് തുടക്കം കുറിക്കുകയും അതിന്റെ ഭാഗമായി വരും വർഷങ്ങളിൽ co-production, pitching എന്നിവയ്ക്ക് അവസരങ്ങൾ ഒരുക്കുന്നതും പരിഗണിക്കുന്നതാണ്.

**ക്ഷേത്രങ്ങളിലേയ്ക്കുള്ള ആനകളുടെ സംസ്ഥാനാന്തര കൈമാറ്റ സാധ്യതകളും പരിപാലനവും**

26(*236) <u>ശ്രീ. വാഴൂർ സോമൻ:</u>
<u>ശ്രീ. പി. എസ്. സുപാൽ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>

ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേത്രാചാരങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ആനകളിൽ വലിയൊരു ശതമാനം പ്രായാധിക്യംമൂലം അവശതകൾ അനുഭവിക്കുന്ന വിഭാഗത്തിൽപ്പെടുന്നവയാണെന്ന കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ പുന്നത്തൂർ കോട്ടയിൽ സംരക്ഷിച്ചുവരുന്ന ആനകളിൽ വലിയൊരു ശതമാനവും പ്രായാധിക്യംമൂലം അവശതകൾ അനുഭവിക്കുന്നവയാണ്. മറ്റ് ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലുള്ള ആനകൾക്ക് പ്രായാധിക്യംമൂലം അവശതകൾ നേരിടുന്ന സാഹചര്യം നിലവിലില്ല. ക്ഷേത്രോത്സവങ്ങളുടെ ഭാഗമായി സ്വകാര്യ ഉടമസ്ഥതയിലുള്ള ആനകളെയുൾപ്പെടെ ക്ഷേത്രങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. അപ്രകാരം ഉപയോഗപ്പെടുത്തുന്ന ആനകൾക്ക്

പരമാവധി വിശ്രമം അനുവദിക്കുന്നതിനും ചികിത്സ, ഭക്ഷണം, വെള്ളം എന്നിവ ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് വനാന്തരങ്ങളിൽനിന്നുള്ള ആനപിടിത്തം നിരോധിച്ചിട്ടുള്ള സാഹചര്യത്തിൽ പല ക്ഷേത്രങ്ങളും സംസ്ഥാനാന്തര കൈമാറ്റം വഴി ആനകളെ സ്വന്തമാക്കുന്നതിന് ശ്രമിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വന്യജീവി സംരക്ഷണ നിയമത്തിൽ കേന്ദ്ര സർക്കാർ ഭേദഗതി കൊണ്ടുവന്നതോടെ സംസ്ഥാനാന്തര ആന കൈമാറ്റത്തിനുള്ള സാധ്യതകൾ ഈ ആവശ്യത്തിലേയ്ക്ക് പ്രയോജനപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

(ബി&സി) ഇല്ല. വന്യജീവി സംരക്ഷണ നിയമത്തിൽ കേന്ദ്ര സർക്കാർ ഭേദഗതി കൊണ്ടുവന്നതോടെ സംസ്ഥാനാന്തര ആന കൈമാറ്റത്തിനുണ്ടായ സാധ്യതകൾ പ്രയോജനപ്പെടുത്തി ആനകളെ സ്വന്തമാക്കുന്നതിന് സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾ നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ഡി) ക്ഷേത്രങ്ങളിൽ ആനയെ നടയ്ക്കിരുത്തുന്നതിനും അവയെ പരിപാലിക്കുന്നതിനും പ്രത്യേക നിബന്ധനകൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ക്ഷേത്രങ്ങളിൽ ആനയെ നടയ്ക്കിരുത്തുന്നതിനും അവയെ പരിപാലിക്കുന്നതിനും പ്രത്യേക നിബന്ധനകൾ ഏർപ്പെടുത്തുന്നതിന് നിലവിൽ ദേവസ്വം ബോർഡുകൾ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾ**

27(*237) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി പ്രത്യേക പദ്ധതി നിലവിലുണ്ടോയെന്നറിയിക്കാമോ?

ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി പ്രത്യേക പദ്ധതി ഫിഷറീസ് വകുപ്പുവഴി നിലവിൽ നടപ്പാക്കുന്നില്ല. എന്നാൽ ഫിഷർമെൻ കോളനികളിലെ കാലപ്പഴക്കം ചെന്നതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായി ഭവനം ഒന്നിന് 4 ലക്ഷം രൂപ നിരക്കിൽ 184 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായി 736 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ലെങ്കിൽ, കടലോരത്തെ ഉപ്പുകാറ്റടക്കമുള്ള പ്രതികൂല സാഹചര്യത്തിൽ മത്സ്യത്തൊഴിലാളി ഭവനങ്ങൾക്ക് അടിക്കടി കേടുപാടുകൾ സംഭവിക്കുന്നത് കണക്കിലെടുത്ത് അവരുടെ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി പ്രത്യേക പദ്ധതി നടപ്പാക്കുമോ?

തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് ഉപ്പുകാറ്റടക്കമുള്ള പ്രതികൂല സാഹചര്യങ്ങൾമൂലം കേടുപാടുകൾ സംഭവിക്കാറുണ്ട്. ഇത് കണക്കിലെടുത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റി

പുനരധിവസിപ്പിക്കുന്നതിനായി "പുനർഗേഹം" എന്ന പദ്ധതി നടപ്പാക്കിവരുന്നു. എന്നിരുന്നാലും മത്സ്യത്തൊഴിലാളികൾ താമസിച്ചുവരുന്ന ഫിഷർമെൻ കോളനികളിലെ വാസയോഗ്യമല്ലാത്ത ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായി ഭവനം ഒന്നിന് 4 ലക്ഷം രൂപ നിരക്കിൽ 184 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായി 736 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(സി) ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ?

ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ ഫിഷറീസ് വകുപ്പ് പദ്ധതികൾ നടപ്പാക്കുന്നില്ല. ഫിഷർമെൻ കോളനികളിലെ വാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിക്കുന്ന പദ്ധതി മാത്രമാണ് നിലവിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്. ഒരു വീടിന്റെ

പുനർനിർമ്മാണത്തിനായി 4 ലക്ഷം രൂപ മൂന്ന് ഗഡുക്കളായി അനുവദിച്ചുനൽകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ഭവന അറ്റകുറ്റപ്പണികൾക്കായി ഒരു ലക്ഷം രൂപ അനുവദിച്ചുനൽകുന്ന പദ്ധതിയും നിലവിലുണ്ട്.

### വന്യജീവികളുടെ എണ്ണം നിയന്ത്രിക്കാൻ നടപടി

28(*238) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർധിച്ചതുമൂലം അവ വനപ്രദേശത്തിന് സമീപമുള്ള ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങി വരുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനത്തിനുള്ളിലെ അനിയന്ത്രിതമായ കാലിമേച്ചിൽ, കാടിനോടുചേർന്ന് വർധിച്ചുവരുന്ന ജനസാന്നിധ്യം, സെന്ന പോലുള്ള അധിനിവേശ സസ്യങ്ങളുടെ വ്യാപനം തുടങ്ങിയവ വനത്തിന്റെ

ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നതും വന്യജീവികൾ കാട്ടിൽനിന്നും നാട്ടിലേയ്ക്കിറങ്ങുന്നതിന് ഒരുപരിധിവരെ കാരണമാകുന്നുണ്ട്. കൂടാതെ വനത്തിനോടുചേർന്നുള്ള ജനവാസ മേഖലകളിൽ കൃഷി ചെയ്യുന്ന വിളകൾ ഭക്ഷണമാക്കുന്നതിനും പൊതുവെ വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങാറുണ്ട്. പ്രായാധിക്യം, പരിക്ക്, അസുഖങ്ങൾ എന്നിവമൂലം ഇരപിടിക്കാൻ ബുദ്ധിമുട്ടുള്ള മാംസഭുക്കുകളും താരതമ്യേന എളുപ്പത്തിൽ പിടികൂടാവുന്ന വളർത്തുമൃഗങ്ങളെ ഇരയാക്കുന്നതിന് ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ?

1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 62 പ്രകാരം കേന്ദ്ര സർക്കാരിന് ഷെഡ്യൂൾ 2-ൽ ഉൾപ്പെട്ടിട്ടുള്ള ഏതൊരു വന്യമൃഗത്തെയും ഒരു പ്രത്യേക പ്രദേശത്തും കാലയളവിലേയ്ക്കും പ്രത്യേക നോട്ടിഫിക്കേഷനിലൂടെ വെർമിൻ (ക്ഷുദ്രജീവി) ആയി പ്രഖ്യാപിക്കുന്നതിന്

അധികാരമുണ്ട്. ക്ഷുദ്രജീവിയായി പ്രഖ്യാപിക്കപ്പെട്ട മൃഗങ്ങളെ വേട്ടയാടി ഇല്ലായ്മ ചെയ്യുന്നതിന് നിയമ തടസ്സങ്ങളില്ല. കേരളത്തിൽ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാനുള്ള ശിപാർശ കേരള സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 11(1)(ബി) പ്രകാരമുള്ള നടപടി സ്വീകരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സേവനമുപയോഗിച്ചും ജനവാസമേഖലകളിൽ ഇറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചതിൻപ്രകാരം അത്തരത്തിലുള്ള കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ കാലാവധി 28-05-2024 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

**ദേവസ്വം ബോർഡുകൾക്ക് സാമ്പത്തിക സഹായം**

29(*239) ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. പി. പി. സുമോദ്:

ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്ക് സർക്കാർ കഴിഞ്ഞ അഞ്ച് വർഷമായി നൽകുന്ന സാമ്പത്തിക സഹായത്തിന്റെയും പ്രസ്തുത കാലയളവിലെ വരുമാനത്തിന്റെയും ബോർഡ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ദേവസ്വം ബോർഡുകൾക്ക് സ്വന്തം വരുമാനത്തിൽനിന്ന് ശമ്പളമടക്കമുള്ള ദൈനംദിന ചെലവുകൾ നടത്താൻ കഴിയാറുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) മലബാർ ദേവസ്വം ബോർഡ് ഒഴികെയുള്ള സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾ തനത് വരുമാനത്തിൽനിന്നുമാണ് ശമ്പളമടക്കമുള്ള ദൈനംദിന ചെലവുകൾ നടത്തിവരുന്നത്. മലബാർ ദേവസ്വം ബോർഡ് പ്രധാനമായും സർക്കാരിൽനിന്നുള്ള ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് ദൈനംദിന ചെലവുകളും ജീവനക്കാരുടെ ശമ്പളവും നൽകിവരുന്നത്.

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങൾ സ്വതന്ത്ര യൂണിറ്റുകളായാണ് പ്രവർത്തിക്കുന്നത്. ക്ഷേത്രങ്ങളുടെ ഭരണപരമായ മേൽനോട്ടച്ചുമതല മാത്രമാണ് മലബാർ ദേവസ്വം ബോർഡിനുള്ളത്. ടി ക്ഷേത്രങ്ങളിൽ ലഭിക്കുന്ന വരുമാനം പൂർണ്ണമായും അതതു ക്ഷേത്രങ്ങളുടെ അക്കൗണ്ടിലാണ് വരവുവയ്ക്കുന്നത്. ക്ഷേത്രങ്ങളുടെ വരുമാനത്തിന്റെ ഒരു ഭാഗം അംശദായം എന്ന പേരിൽ മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിലേയ്ക്ക് ക്ഷേത്രങ്ങൾ അടവാക്കുന്നുണ്ട്. ദേവസ്വം ബോർഡുകൾക്ക് സർക്കാർ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ നൽകിയ സാമ്പത്തിക സഹായത്തിന്റെയും പ്രസ്തുത കാലയളവിലെ ദേവസ്വങ്ങളുടെ വരുമാനത്തിന്റെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**അക്വാട്ടിക്ക് ആനിമൽ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം**

30(*240) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ആന്റണി ജോൺ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് മത്സ്യവിത്തുകളുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പുതുതായി മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ 270 ലക്ഷം രൂപ അടങ്കൽ തുകയുള്ള 50 ലക്ഷം കപ്പാസിറ്റിയുള്ള ഗിഫ്റ്റ് ഹാച്ചറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആയത് ഉടൻതന്നെ പ്രവർത്തനക്ഷമമാകുന്നതാണ്. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ 500 ലക്ഷം രൂപ അടങ്കൽ തുകയുള്ള സമുദ്ര മത്സ്യഹാച്ചറിയുടെ നിർമ്മാണപ്രവർത്തനങ്ങൾ തുടർന്നുവരുന്നു. ആയത് ഉടൻതന്നെ പ്രവർത്തനക്ഷമമാകുന്നതാണ്. എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ഹാച്ചറിയിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി 1120 ലക്ഷം രൂപ അടങ്കൽ തുകയുള്ള നിർമ്മാണപ്രവർത്തനങ്ങളുടെ രണ്ടാംഘട്ടം പൂർത്തിയായിട്ടുണ്ട്. മുൻവർഷം ടി ഹാച്ചറിയിൽനിന്നും 19.12 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി 1981 ലക്ഷം രൂപയുടെ

രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ കോഴിക്കോട് ജില്ലയിലെ കല്ലനോട് ഹാച്ചറിയിൽ തുടർന്നുവരുന്നു. ഇടുക്കി ജില്ലയിലെ ചെങ്കുളം, കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലട എന്നിവിടങ്ങളിൽ യഥാക്രമം 654.95 ലക്ഷം, 1221 ലക്ഷം രൂപ അടങ്കൽ തുകയുള്ള നിർമ്മാണപ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും 50 ലക്ഷം വീതം ഉൽപാദനശേഷിയുള്ള ഗിഫ്റ്റ് ഹാച്ചറികൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ തൃശ്ശൂർ ജില്ലയിലെ അഴീക്കോട് 10 ലക്ഷം ഉൽപാദന ശേഷിയുള്ള പൊമ്പാനോ ഹാച്ചറി പ്രവർത്തിക്കുന്നു. കൂടാതെ പോളച്ചിറ, പള്ളം, മീങ്കര, ചുള്ളിയാർ, കല്ലനോട് എന്നീ കാർപ്പ് ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉൽപാദനശേഷി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിനാവശ്യമായ മത്സ്യവിത്ത് സംസ്ഥാനത്തുതന്നെ ഉൽപാദിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി ഹാച്ചറികളുടെ നിലവിലുള്ള ഉൽപാദനക്ഷമത പൂർണ്ണമായി പ്രയോജനപ്പെടുത്തി ഉൽപാദനം വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

തദ്ദേശീയ മത്സ്യവിത്ത് ഉൽപാദനം വർധിപ്പിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി 2020-21 വർഷം മുതൽ പിന്നാമ്പുറങ്ങളിലെ വരാൽ, കരിമീൻ മത്സ്യ വിത്തുൽപാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 1057.56 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കി. 539 യൂണിറ്റുകൾ സ്ഥാപിക്കുകയും നാളിതുവരെ 97.51 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) മത്സ്യവിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും മത്സ്യരോഗ നിയന്ത്രണത്തിനും നിരോധിത ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും ആരംഭിച്ച അക്വാട്ടിക്ക് അനിമൽ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഉൽപാദനം, പരിപാലനം, വിതരണം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കേരളത്തിൽ മത്സ്യവിത്ത് നിയമം 2014 നടപ്പാക്കിവരുന്നു. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹാച്ചറികൾ, മത്സ്യവിത്ത് പരിപാലന കേന്ദ്രങ്ങൾ, മത്സ്യവിത്ത് വിപണന

യൂണിറ്റുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും മത്സ്യ വിത്ത് നിയമം നടപ്പാക്കുന്നതിനും കൊല്ലം ജില്ലയിലെ തേവള്ളി കേന്ദ്രമാക്കി സംസ്ഥാന മത്സ്യവിത്ത് കേന്ദ്രവും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. മത്സ്യവിത്തുൽപാദന/പരിപാലന/വിപണന കേന്ദ്രങ്ങൾ നിയന്ത്രിക്കുന്നതിനും നിയമം നിഷ്കർഷിക്കുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിനും ഓരോ ജില്ലയിലും സീഡ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് പുറത്തുനിന്നും അനധികൃതമായി റെയിൽവേ സ്റ്റേഷൻ/എയർപോർട്ട് തുടങ്ങിയ മാർഗങ്ങളിലൂടെ കടത്തിക്കൊണ്ടുവരുന്ന മത്സ്യവിത്തുകൾ പിടിച്ചെടുക്കുന്നതിനും അതുമായി ബന്ധപ്പെട്ട് നിയമം നിഷ്കർഷിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനും സെൻട്രൽ ഇൻസ്പെക്ഷൻ-കം-സീഡ് അനാലിസിസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആയത് എല്ലാ ജില്ലകളിലും പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് മത്സ്യരോഗങ്ങളുടെ നിരീക്ഷണം, രോഗനിർണ്ണയം, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 7 അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബുകൾ പന്നിവേലിച്ചിറ (പത്തനംതിട്ട), പള്ളം (കോട്ടയം), അഴീക്കോട് (തൃശ്ശൂർ), ഉണ്ണ്യാൽ (മലപ്പുറം), മലമ്പുഴ (പാലക്കാട്), തളിപ്പുഴ (വയനാട്), വെസ്റ്റ് ഹിൽ (കോഴിക്കോട്) എന്നിവിടങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. ടി ലാബുകളിൽ മത്സ്യ/ ചെമ്മീനുകളുടെ വൈറസ് രോഗനിർണ്ണയത്തിനായുള്ള പി.സി.ആർ. ടെസ്റ്റുകളും ബാക്ടീരിയ രോഗനിർണ്ണയത്തിനുള്ള മൈക്രോബയോളജി ടെസ്റ്റുകളും മത്സ്യകൃഷി ചെയ്യുന്ന ജലം/മണ്ണിന്റെ PH, Salinity, Ammonia, Alkalinity, H2S, Total hardness തുടങ്ങിയ എല്ലാ പരിശോധനകളും നടത്തുന്നതിനുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. മെച്ചപ്പെട്ട പരിശോധനാ രീതികൾ അവലംബിക്കുന്നതിനായി പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 9.75 കോടി രൂപ ചെലവിൽ കൊച്ചിയിലെ കുഫോസ് ആസ്ഥാനത്ത് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ റഫറൽ ലാബ് പ്രവർത്തനസജ്ജമായിട്ടുണ്ട്. അഡാക്കിന്റെ കീഴിൽ എറണാകുളം

ജില്ലയിലെ തേവരയിൽ ഒരു സംസ്ഥാന അക്വാട്ടിക് അനിമൽ ഹെൽത്ത് സെന്ററും തിരുവനന്തപുരം ജില്ലയിൽ ഓടയത്തും ലാബുകൾ പ്രവർത്തിച്ചുവരുന്നു.

ടി പ്രവർത്തനങ്ങളെല്ലാംതന്നെ മേഖലാതലത്തിലും ഡയറക്ടറേറ്റുതലത്തിലും കൃത്യമായി വിലയിരുത്താറുണ്ട്.

(സി) പുതിയ ഹാച്ചറികളും മത്സ്യവിത്ത് ഫാമുകളും സ്ഥാപിച്ചതിന്റെ ഫലമായി ഹാച്ചറികളുടെ ഉൽപാദനക്ഷമത വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഹാച്ചറികളുടെയും മത്സ്യവിത്ത് ഫാമുകളുടെയും അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾ നടപ്പാക്കിയതോടെ മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപാദനത്തിൽ വർധനവുണ്ടായിട്ടുണ്ട്. 2022-23 വർഷത്തിൽ ഫിഷറീസ് വകുപ്പ്/അഡാക്ക്/മത്സ്യഫെഡ് ഹാച്ചറികളിൽനിന്നും 1200.55 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. ആയത് 2023-24 വർഷം 1339.78 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളായി വർധിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ വീട്

1(2755) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി നടപ്പാക്കിയശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ എത്ര പട്ടികജാതി കുടുംബങ്ങൾക്കാണ് വീട് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

561 പട്ടികജാതി കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് പദ്ധതി ലിസ്റ്റിൽ എത്ര പട്ടികജാതി കുടുംബങ്ങളാണുൾപ്പെട്ടിട്ടുള്ളതെന്നും ഇനിയും എത്രപേർക്ക് വീട് അനുവദിക്കാനുണ്ടെന്നുമുള്ള വിശദാംശം നൽകുമോ?

പ്രസ്തുത മണ്ഡലത്തിൽനിന്നും 799 പട്ടികജാതി കുടുംബങ്ങൾ ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെട്ടിട്ടുണ്ട്. ഇതിൽ 238 പേർക്ക് ഇനിയും വീടുകൾ അനുവദിക്കാനുണ്ട്.

## വീടിന്റെ അറ്റകുറ്റപ്പണികൾക്കായി സാമ്പത്തിക സഹായം

2(2756) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീടിന്റെ അറ്റകുറ്റപ്പണികൾക്കായി വകുപ്പുമുഖേന സാമ്പത്തികസഹായം നൽകി വരുന്നുണ്ടോയെന്നറിയിക്കാമോ;

(ബി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത ധനസഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) പരമാവധി എത്ര രൂപയാണ് പ്രസ്തുത പദ്ധതിക്കായി അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) വിവിധ സർക്കാർ പദ്ധതികളിലൂടെ ധനസഹായം അനുവദിച്ച് പൂർത്തീകരിച്ചിട്ടില്ലാത്ത വീടുകളുടെ പൂർത്തീകരണത്തിനും/അവയുടെ പുനരുദ്ധാരണത്തിനും രണ്ട് ലക്ഷം രൂപവരെ അനുവദിക്കുന്ന സേഫ് പദ്ധതി

വകുപ്പുവഴി നടപ്പാക്കിവരുന്നു. ആലപ്പുഴ നിയോജകമണ്ഡലത്തിൽനിന്നും സേഫ് പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി ലഭിച്ച 131 അപേക്ഷകളിൽ 66 പേർക്ക് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

(ഡി) ലൈഫ് മിഷനിൽനിന്നും വീടുവയ്ക്കാൻ ധനസഹായം ലഭിച്ച പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്ക് ഓരോ ഘട്ടങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇവരെ സഹായിക്കാൻ വകുപ്പ് ധനസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകാൻ നടപടി സ്വീകരിക്കാമോ?

ലൈഫ് മിഷനിൽനിന്നും ധനസഹായം ലഭിച്ച വീടുകളുടെ ഘട്ടങ്ങൾ പൂർത്തീകരിക്കാൻ പ്രത്യേകമായി ധനസഹായം അനുവദിക്കുന്നില്ല.

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ**

3(2757) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങളുണ്ടെന്ന് അറിയിക്കാമോ?

ഭൂരഹിതർ - 237

ഭവനരഹിതർ - 414

(ബി) ഈ സർക്കാർ വന്നശേഷം ഇവർക്ക് വീടും സ്ഥലവും ലഭ്യമാക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ഭൂമി അനുവദിക്കുന്നുണ്ട്. കൂടാതെ, സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമിയും വീടും അനുവദിച്ചുവരുന്നു. പ്രസ്തുത മണ്ഡലത്തിൽനിന്നും 81 പേർക്ക് ഭൂരഹിത

പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി ഭൂമിയും 277 പേർക്ക് ലൈഫ് മിഷൻ മുഖേന വീടും അനുവദിച്ചിട്ടുണ്ട്.

**ലൈഫ് ഭവന പദ്ധതി**

4(2758) ശ്രീ വി ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി കുടുംബങ്ങൾക്ക് വീട് അനുവദിച്ച് നൽകിയതിൽ പൂർത്തീകരിച്ച വീടുകൾ എത്രയെന്ന് വിശദമാക്കാമോ;

(ബി) പൂർത്തീകരിക്കാനുള്ള വീടുകൾ എത്രയെന്ന് വിശദമാക്കാമോ?

(എ&ബി) 2018-19 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷംവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 73,731 ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ മുഖേന പുതിയ വീടുകൾ അനുവദിച്ചതിൽ 49,729 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 24,002 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

**പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് ഭൂമിയും വീടും**

5(2759) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത ഭവനരഹിതരായ എല്ലാ പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കും 2025-നകം ഭൂമിയും വീടും ലഭ്യമാക്കുമെന്ന് നവ കേരള സദസ്സിന്റെ തുടർച്ചയായി ആദിവാസി ദളിത് വിഭാഗങ്ങളുമായി നടത്തിയ മുഖാമുഖം പരിപാടിയിൽവച്ച് മുഖ്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായോ; എങ്കിൽ എന്നാണ് പ്രസ്തുത പ്രഖ്യാപനം നടത്തിയതെന്നറിയിക്കാമോ;

(ബി) ഈ പ്രഖ്യാപനം നടപ്പാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 2024 ഫെബ്രുവരി 24-ന് കണ്ണൂർ ജില്ലയിൽ വച്ച് നടന്ന മുഖാമുഖം പരിപാടിയുടെ ഉദ്ഘാടന പ്രസംഗത്തിൽ 2025-നകം ഭൂരഹിതരും ഭവനരഹിതരുമായ എല്ലാ പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കും ഭൂമിയും

ഭവനവും ലഭ്യമാക്കുകയെന്നതാണ് പ്രഖ്യാപിത നയമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ പ്രഖ്യാപനം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് 2023-24 സാമ്പത്തിക വർഷം ലഭ്യമായ ധനസഹായത്തുക അനുവദിക്കുന്നതിനായി ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹത പരിശോധിച്ച് 12974 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന ഭവനവും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽനിന്നും പട്ടികജാതി വികസന വകുപ്പു മുഖേന 3340 കുടുംബങ്ങൾക്ക് ഭൂമിയും അനുവദിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ വികസന വകുപ്പ് മുഖേന വനാവകാശ നിയമപ്രകാരം 2731 പേർക്ക് 3937.62 ഏക്കർ ഭൂമിയും ഭൂരഹിത ഭവനരഹിതർക്ക് റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണംപ്രകാരം 27 പേർക്ക് 20.98 ഏക്കർ ഭൂമിയും ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം 241 പേർക്ക് 45.02 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണംപ്രകാരം 718 പേർക്ക് 243.80 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ

3717 പേർക്ക് 4247.42 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. ഇതിൽ 296 പേർക്ക് വകുപ്പ് മുഖേന വീടും അനുവദിച്ചിട്ടുണ്ട്.

(സി) 2016-ൽ സർക്കാർ അധികാരമേൽക്കുമ്പോൾ സർക്കാർ കണക്കുകൾപ്രകാരം സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട ആകെ എത്രപേരാണ് ഭൂരഹിതരും ഭവനരഹിതരുമായി ഉണ്ടായിരുന്നതെന്ന് ഇനംതിരിച്ചുള്ള കണക്ക് നൽകാമോ?

2016-ൽ സർക്കാർ അധികാരമേൽക്കുമ്പോൾ സർക്കാർ കണക്കുകൾ പ്രകാരം 26210 ഭവനരഹിതരും 30698 ഭൂരഹിതരുമായ പട്ടികജാതി കുടുംബങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

കൂടാതെ 9456 പട്ടികവർഗക്കാർ ഭൂരഹിത ഭവനരഹിതരായും 15149 പട്ടികവർഗക്കാർ ഭൂമിയുള്ള ഭവനരഹിതരായും കണ്ടെത്തിയിരുന്നു.

(ഡി) മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗങ്ങളിലെ ഭൂരഹിതരും ഭവനരഹിതരുമായ എത്രപേർക്കാണ് ഭൂമി, വീട് എന്നിവ ലഭ്യമാക്കിയിട്ടുള്ളതെന്ന് വർഷവും ഇനവും വിഭാഗവും തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

2016-17, 2017-18 വർഷങ്ങളിൽ വകുപ്പ് മുഖേനയാണ് ഭവനം അനുവദിച്ചിട്ടുള്ളത്. ലൈഫ് മിഷൻ മുഖേന 2018-19 മുതൽ ഭവനം അനുവദിച്ചുവരുന്നു. 15-06-2024 വരെ വീട് അനുവദിച്ച് നൽകിയ വിവരങ്ങളും പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂമി ലഭ്യമാക്കിയ വിവരങ്ങളും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | ലൈഫ് മിഷൻ/ വകുപ്പ് മുഖേന ഭവനം | വകുപ്പ് മുഖേന ഭൂമി |
|---|---|---|
| 2016-17 | 14906 | 4468 |
| 2017-18 | 8895 | 4600 |
| 2018-19 | 7826 | 3887 |
| 2019-20 | 1489 | 4225 |
| 2020-21 | 7577 | 3507 |
| 2021-22 | 14248 | 4020 |
| 2022-23 | 31527 | 3303 |
| 2023-24 | 12974 | 3340 |
| 2024-25 | 157 | പദ്ധതി നിർവഹണം പുരോഗമിക്കുന്നു |

2016 മുതൽ നാളിതുവരെ പട്ടികവർഗ വികസന വകുപ്പ് മുഖേന ഭൂമി അനുവദിച്ചതിന്റെ കണക്കുകൾ അനുബന്ധം 1+ ആയും പട്ടികവർഗ വികസന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പ് മുഖേന ലൈഫ് പദ്ധതിക്ക് പുറമേ വീട് അനുവദിച്ചതിന്റെ കണക്കുകൾ അനുബന്ധം-2 ആയും ചേർക്കുന്നു.+

(ഇ) നിലവിൽ സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട എത്ര കുടുംബങ്ങളാണ് ഭൂരഹിതരായും ഭവനരഹിതരായുമുള്ളതെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ?

ലൈഫ് മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തിയ ലൈഫ് 2020 ലിസ്റ്റ് ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിൽ നിലവിൽ ഭൂരഹിതരായും ഭവനരഹിതരുമായിട്ടുള്ള പട്ടികജാതി കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ഭവനരഹിതർ | ഭൂരഹിതർ |
|---|---|---|
| തിരുവനന്തപുരം | 5275 | 6190 |
| കൊല്ലം | 7036 | 5321 |
| കോട്ടയം | 2370 | 1623 |
| ഇടുക്കി | 3949 | 3408 |
| പത്തനംതിട്ട | 2605 | 1177 |
| ആലപ്പുഴ | 3943 | 1804 |
| എറണാകുളം | 2911 | 2048 |
| തൃശ്ശൂർ | 4958 | 5391 |
| പാലക്കാട് | 11490 | 6834 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| മലപ്പുറം | 4551 | 2997 |
| കോഴിക്കോട് | 2705 | 1687 |
| വയനാട് | 1008 | 289 |
| കണ്ണൂർ | 862 | 583 |
| കാസർഗോഡ് | 1353 | 510 |
| **ആകെ** | **55016** | **39862** |

പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട നിലവിലുള്ള ഭൂരഹിത ഭവനരഹിതരുടെയും ഭൂമിയുള്ള ഭവനരഹിതരുടെയും കണക്ക് അനുബന്ധം-3 ആയും ചേർക്കുന്നു.+

**വർക്കലയിലെ മുനിക്കുന്ന് ലക്ഷംവീട് കോളനി നവീകരണം**

6(2760) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ മുനിക്കുന്ന് ലക്ഷംവീട് കോളനിയുടെ നവീകരണത്തിനായി 2020-21-ൽ ഫണ്ട് അനുവദിച്ചെങ്കിലും പ്രവൃത്തി ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്റ്റിമേറ്റിലെ ന്യൂനത പരിഹരിക്കുന്നതിനുവേണ്ടിയാണ് കാലതാമസമുണ്ടായിട്ടുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി വകുപ്പും നിർവഹണ ഏജൻസിയും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) നിർവഹണ ഏജൻസി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധിക്കുകയും പ്രസ്തുത എസ്റ്റിമേറ്റിലുൾപ്പെട്ട റീട്ടെയിനിംഗ് വാളിന്റെ ന്യൂനത പരിഹരിക്കുന്നതിനായി ജില്ലാ ഓഫീസർക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു. ജില്ലാ ഓഫീസർ നേരിട്ട് സ്ഥലസന്ദർശനം നടത്തി ടി പ്രവൃത്തിയുടെ ആവശ്യകത ബോധ്യപ്പെട്ട് 20-05-2024-ന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിന് അംഗീകാരം നൽകി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

7(2761) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ മാടായി ഗ്രാമപഞ്ചായത്തിലെ കുണ്ടായിട്ടുമ്മൽ കോളനി, പട്ടുവം ഗ്രാമപഞ്ചായത്തിലെ മുതുകുട കോളനി, ചെറുകുന്ന് ഗ്രാപഞ്ചായത്തിലെ പള്ളിക്കര കോളനി, ഏഴോം ഗ്രാമ പഞ്ചായത്തിലെ ചെങ്ങത്തടം കോളനി എന്നീ കോളനികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

കുണ്ടായിട്ടുമ്മൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ഡ്രൈയ്നേജ്-കം-ഫൂട്ട്പാത്ത്- ittammal road to pilerian shylaja house, ക്രെമറ്റേറിയത്തിന്റെ നവീകരണം എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഡ്രൈയ്നേജ്-കം-ഫൂട്ട്പാത്ത്- Sulthan Canal Koyyon Divarkaran House to Ittammal Road, Sulthan Canal to Marachappa റോഡ്, Concreting from Shanmugam to Kunnath Ambootty House റോഡ്, Panayal Madhavi to

Shanmugam Road ഫൂട്ട്പാത്ത്, വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി Dismantling and Re-erection of Pumpset with plumbing works, സോളാർ സ്ട്രീറ്റ് ലൈറ്റ് എന്നീ പ്രവൃത്തികൾ ആരംഭിക്കാനുണ്ട്. മുതുകുട അംബേദ്ക്കർ ഗ്രാമത്തിന്റെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ് വർക്ക്, ഫൂട്ട്പാത്ത് നിർമ്മാണം എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പള്ളിക്കര അംബേദ്ക്കർ ഗ്രാമത്തിന്റെ എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. ചെങ്ങത്തടം അംബേദ്ക്കർ ഗ്രാമത്തിന്റെ പ്രാഥമിക യോഗം കഴിഞ്ഞ് എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.

## മണ്ണാർക്കാട് മണ്ഡലത്തിൽ പട്ടികജാതി കോളനികളിൽ വീട് അനുവദിക്കാൻ നടപടി

8(2762) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളുണ്ട്; വിശദാംശം നൽകുമോ; പ്രസ്തുത കോളനികളിൽ താമസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും വീടുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വീടില്ലാത്ത എത്ര കുടുംബങ്ങളാണുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പട്ടികജാതി വിഭാഗങ്ങൾക്ക് വീട് നിർമ്മാണത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടും പ്രസ്തുത മണ്ഡലത്തിലെ പല കുടുംബങ്ങൾക്കും നാളിതുവരെ വീട് അനുവദിച്ചുനൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) മണ്ണാർക്കാട് മണ്ഡലത്തിൽ ആകെ 352 പട്ടികജാതി ഗ്രാമങ്ങളുണ്ട്. ടി ഗ്രാമങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും നിലവിൽ വീടുണ്ട്.

**കായംകുളം മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

9(2763) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ അൻപതിനുമുകളിൽ കുടുംബങ്ങളുള്ള പട്ടികജാതി കോളനികൾ എത്രയുണ്ടെന്ന് വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ അൻപതിനുമുകളിൽ കുടുംബങ്ങളുള്ള പട്ടികജാതി ഗ്രാമങ്ങളില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധരിച്ച പട്ടികജാതി കോളനികൾ ഏതൊക്കെയെന്നും ഓരോ കോളനിക്കും അനുവദിച്ച തുകയെത്രയെന്നും നടത്തിയ വികസനപ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കുറ്റ്യാടി മണ്ഡലത്തിലെ വടയക്കണ്ടി കോളനിയുടെ അടിസ്ഥാന സൗകര്യ വികസനം**

10(2764) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ വടയക്കണ്ടി കോളനിയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി സമർപ്പിച്ച പദ്ധതി റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി അംഗീകരിച്ച് കോളനിയിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുന്നമ്മൽ ഗ്രാമപഞ്ചായത്തിൽ വടയക്കണ്ടി എന്ന പേരിൽ പട്ടികജാതി ഗ്രാമം നിലവിലില്ല.

**അംബേദ്ക്കർ ഗ്രാമവികസന പദ്ധതി**

11(2765) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ കോട്ടക്കൽ മണ്ഡലത്തിൽനിന്നും അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയ പൂവത്തുംതറ, മണ്ണഴി-കോട്ടപ്പുറം പട്ടികജാതി കോളനികളിലെ നവീകരണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ?

പൂവത്തുംതറ ഗ്രാമത്തിന്റെ നിർമ്മാണപ്രവൃത്തികളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ നടന്നുവരുന്നു. മണ്ണഴി - കോട്ടപ്പുറം ഗ്രാമ നവീകരണ പദ്ധതിയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽനിന്നും ഏതെല്ലാം കോളനികളുടെ പ്രൊപ്പോസലാണ് നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ചിട്ടുള്ളതെന്നറിയിക്കുമോ?

കോട്ടക്കൽ മണ്ഡലത്തിൽനിന്നും നടപ്പ് സാമ്പത്തിക വർഷം അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത കോളനികളെ നടപ്പ് സാമ്പത്തിക വർഷം അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്നും നടപ്പുസാമ്പത്തിക വർഷം അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തുന്നതിന് എം.എൽ.എ. ശിപാർശ ചെയ്ത പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നെന്മാറ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതി**

12(2766) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ മണ്ഡലത്തിലെ എത്ര കോളനികളെയാണ് അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ മണ്ഡലത്തിലെ കക്കാട്ട്കുന്ന് (2021-22), ചൂരിക്കോട് മൂപ്പർപ്പൊറ്റ (2021-22), ചേപ്പലോട് (2021-22) എന്നീ ഗ്രാമങ്ങളെ അംബേദ്ക്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഇതിൽ എത്ര കോളനികളുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത മൂന്ന് പദ്ധതികളും പൂർത്തീകരിച്ചിട്ടില്ല.

(സി) മറ്റുകോളനികളുടെ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്നും നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

കക്കാട്ട്കുന്ന് ഗ്രാമ നവീകരണത്തിൽ റോഡ് കോൺക്രീറ്റിംഗ്, സംരക്ഷണഭിത്തി നിർമ്മാണം, ഡ്രെയിനേജ് പ്രവൃത്തികൾ, തറക്കളം കനാൽ പാലത്തിന്റെ വീതികൂട്ടൽ, പൊറ്റക്കുളം റോഡിൽ കലിങ്ക് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചൂരിക്കോട് മൂപ്പർപ്പൊറ്റ ഗ്രാമത്തിനകത്തുള്ള വ്യക്തിഗത പ്രവൃത്തികൾ റോഡ് വർക്ക്സ്, സൈഡ് പ്രൊട്ടക്ഷൻ, ചൂരിക്കോട് മൂപ്പർപ്പൊറ്റ റോഡിൽ കലിങ്ക് നിർമ്മാണം, പൈപ്പ് കൾവെർട്ട് നിർമ്മാണം, ഡ്രെയിൻ സ്ലാബ്, ഫൂട്ട് സ്ലാബ് നിർമ്മാണം, ഇലക്ട്രിക് പോസ്റ്റ് മാറ്റൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിലുൾപ്പെടുത്തിയിട്ടുള്ളതിൽ അംഗനവാടി പുനരുദ്ധാരണ പ്രവൃത്തി മാത്രമാണ് ടി രണ്ട് പദ്ധതികളിലും പൂർത്തീകരിക്കാനുള്ളത്. ചേപ്പലോട് ഗ്രാമ നവീകരണ പദ്ധതിയുടെ എസ്റ്റിമേറ്റ് ഏജൻസി സമർപ്പിച്ചിട്ടില്ല.

## അംബേദ്കർ ഗ്രാമവികസന പദ്ധതി

13(2767) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം നാദാപുരം മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുടെയും അനുവദിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വില്യംപാറ, നാവോത്തുകുന്ന് എന്നീ ഗ്രാമങ്ങൾ അംബേദ്കർ ഗ്രാമപദ്ധതിയിലേയ്ക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. വില്യംപാറ ഗ്രാമത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികളുൾപ്പെടുത്തി നിർവഹണ ഏജൻസിയായ SILK (Steel Industries Limited Kerala) സമർപ്പിച്ച എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ആയത്

അംഗീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നാവോത്തുകുന്ന് കോളനി അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി മാനദണ്ഡപ്രകാരം ഫീസിബിളല്ലാത്തതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

**ശിംഗംപാറ ട്രൈബൽ സെറ്റിൽമെന്റിലെ കുടുംബങ്ങൾ**

14(2768) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോളയൂർ ഗ്രാമപഞ്ചായത്തിലെ ശിംഗംപ്പാറ ട്രൈബൽ സെറ്റിൽമെന്റിൽ എത്ര കുടുംബങ്ങളുണ്ടെന്നത് സംബന്ധിച്ച വിശദാംശം നൽകാമോ?

ഷോളയൂർ ഗ്രാമപഞ്ചായത്തിലെ ശിംഗംപ്പാറയിൽ 37 പട്ടികവർഗ കുടുംബങ്ങൾ താമസിക്കുന്നുണ്ട്.

(ബി) പ്രസ്തുത ട്രൈബൽ സെറ്റിൽമെന്റിലെ ജനങ്ങൾക്ക് ഷോളയൂർ പഞ്ചായത്തോഫീസിൽ എത്തിച്ചേരുന്നതിന് എത്ര കിലോമീറ്റർ ദൂരം സഞ്ചരിക്കേണ്ടതുണ്ടെന്നും അതിനുള്ള യാത്രാസൗകര്യങ്ങൾ എന്താണെന്നും

വിശദമാക്കാമോ; പ്രസ്തുത സെറ്റിൽമെന്റിൽനിന്നും തച്ചമ്പാറ പഞ്ചായത്ത് ഓഫീസിലേയ്ക്ക് എത്ര ദൂരമുണ്ടെന്ന് വ്യക്തമാക്കാമോ?

ശിംഗപ്പാറയിൽനിന്ന് ഷോളയൂർ പഞ്ചായത്ത് ഓഫീസിലേയ്ക്ക് 70 കിലോമീറ്റർ ദൂരമുണ്ട്. പ്രൈവറ്റ് ജീപ്പ്, ഓട്ടോറിക്ഷ തുടങ്ങിയവയെയാണ് യാത്രാസൗകര്യത്തിനായി ആശ്രയിക്കുന്നത്. ശിംഗപ്പാറയിൽനിന്ന് തച്ചമ്പാറയിലേയ്ക്ക് 19 കിലോമീറ്റർ ദൂരമാണുള്ളത്.

(സി) ഷോളയൂർ പഞ്ചായത്തിൽനിന്നും ഒറ്റപ്പെട്ട് സ്ഥിതിചെയ്യുന്ന പ്രസ്തുത സെറ്റിൽമെന്റിലെ നിവാസികൾ ആശുപത്രി, ബാങ്കിംഗ് മുതലായ കാര്യങ്ങൾക്കെല്ലാം തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന തച്ചമ്പാറ പഞ്ചായത്തിനെയാണ് ആശ്രയിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത സെറ്റിൽമെന്റിലെ ജനങ്ങൾക്ക് ഗുണകരമായതിനാലും ഭരണപരമായ സൗകര്യങ്ങൾ കണക്കിലെടുത്തും ശിംഗംപ്പാറ കോളനിയെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ കൂട്ടിച്ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതി**

15(2769) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പ്രവൃത്തി പൂർത്തിയായ പട്ടികജാതി കോളനികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

പിഷാരത്ത്കുണ്ട്, പാതിരിക്കാട് എന്നീ രണ്ട് ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള ചെന്തിരിക്കോട് - കോട്ടാംപാടം ഗ്രാമത്തിന്റെ

നവീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചിപ്പിലിത്തോട് കോളനി അംബേദ്ക്കർ സെറ്റിൽമെന്റ് പദ്ധതി**

16(2770) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ചിപ്പിലിത്തോട്-കരിപ്പ് പട്ടികവർഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്ക്കർ സെറ്റിൽമെന്റ് പദ്ധതിയിൽ അനുവദിച്ച പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്ക് അംഗീകാരം നൽകുന്നതിനും പ്രവൃത്തികൾ ആരംഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തിരഞ്ഞെടുത്ത ചിപ്പിലിത്തോട്-കരിമ്പിൽ പട്ടികവർഗ പ്രദേശത്തെ നിർമ്മാണപ്രവൃത്തികൾ ചെയ്യുന്നതിനുള്ള അനുമതിയും മൊബിലൈസേഷൻ അഡ്വാൻസും 01-03-2024-ൽ അനുവദിച്ച് ഉത്തരവായിരുന്നു. ടി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി പദ്ധതി നടപ്പാക്കുന്നതിനുള്ള ധാരണാപത്രം 16-03-2024-ൽ ജില്ലാ കളക്ടറും നിർവഹണ ഏജൻസിയും ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**മലമ്പുഴ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

17(2771) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി പഞ്ചായത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിലുൾപ്പെട്ട കാരാങ്കോട് പട്ടികജാതി കോളനിയുടെ നവീകരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കാരാങ്കോട് പട്ടികജാതി ഗ്രാമത്തെ അംബേദ്ക്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല. മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി പഞ്ചായത്തിൽ കള്ളാംതോട് കോളനിയെയാണ് അംബേദ്ക്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിച്ചശേഷം ഭരണാനുമതി നൽകുന്നതാണ്.

**മലമ്പുഴ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതി**

18(2772) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി പഞ്ചായത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിലുൾപ്പെട്ട കള്ളാംതോട് പട്ടികജാതി കോളനിയുടെ നവീകരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) എസ്റ്റിമേറ്റ് തയ്യാറാക്കി. അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാട്ടാക്കട മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമവികസന പദ്ധതി**

19(2773) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ അംബേദ്ക്കർ ഗ്രാമവികസന പദ്ധതിപ്രകാരം അനുമതി ലഭ്യമായ കാട്ടാക്കട

മണ്ഡലത്തിലെ പ്രവൃത്തികളിലൊന്നായ കവലോട്ടുകോണം കോളനി പ്രവൃത്തിക്ക് സർക്കാർ അനുമതി നൽകിയശേഷം പദ്ധതി ഫീസിബിളല്ലെന്നുപറഞ്ഞ് മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭാവിയിലെങ്കിലും ഫീസിബിലിറ്റി നോക്കിയശേഷം മാത്രം അനുമതി നൽകാൻ നടപടി സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ മാനദണ്ഡപ്രകാരം ഫീസിബിളായ ഗ്രാമങ്ങളുടെ ലിസ്റ്റ് ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് നൽകേണ്ടതാണെന്ന് പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദേശം നൽകുന്നതാണ്.

(ബി) പ്രസ്തുത കവലോട്ടുകോണം കോളനി ഫീസിബിളല്ലാത്തതിനാൽ മറ്റൊരു കോളനികൂടി ചേർത്ത് സമർപ്പിച്ചിട്ടുള്ള പദ്ധതിക്ക് അനുമതി ലഭ്യമാക്കാമോ; വിശദാംശം നൽകാമോ?

എം.എൽ.എ.-യുടെ ശിപാർശ പരിശോധിക്കുന്നതാണ്.

**അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ കോളനികൾ**

20(2774) **ശ്രീ. കെ. ബാബു (നെന്മാറ):** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷത്തിൽ 198 ഗ്രാമങ്ങളും 2022-23 സാമ്പത്തിക വർഷത്തിൽ 60 ഗ്രാമങ്ങളും 2023-24 സാമ്പത്തിക വർഷത്തിൽ 62 ഗ്രാമങ്ങളുമുൾപ്പടെ ആകെ 320 ഗ്രാമങ്ങളെ അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന കോളനികളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം നിർദേശങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

MoU ഒപ്പിട്ട് ഒരു വർഷത്തിനുള്ളിൽ പദ്ധതി നിർവഹണം പൂർത്തീകരിക്കേണ്ടതാണെന്നും ഗ്രാമതല കമ്മിറ്റി കൂടിയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതല ത്രൈമാസ അവലോകനങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രതിമാസ പുരോഗതി വിലയിരുത്തി എല്ലാ മാസവും 5-ാം തീയതിക്കുമുമ്പ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, സർക്കാർതലത്തിലും ഡയറക്ടറേറ്റുതലത്തിലും അവലോകന യോഗങ്ങൾ ചേർന്ന് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദേശങ്ങളും നൽകുന്നുണ്ട്.

**പട്ടികജാതി കോളനികളിൽ പട്ടികജാതിക്കാരല്ലാത്ത കുടുംബങ്ങൾ താമസിക്കുന്ന സാഹചര്യം**

21(2775) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളിൽ വസ്തുകൈമാറ്റത്തിലൂടെ പട്ടികജാതിക്കാരല്ലാത്ത കുടുംബങ്ങൾ താമസമാകുന്ന

സാഹചര്യത്തിൽ കോളനികളിലെ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കോളനികളിൽ നിശ്ചിത എണ്ണം പട്ടികജാതി കുടുംബങ്ങളില്ലെന്ന കാരണത്താൽ പല പദ്ധതികളും നടപ്പാക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) പ്രസ്തുത കോളനികളിൽ പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പട്ടികജാതി കുടുംബങ്ങളുടെ എണ്ണത്തിൽ കുറവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്.

**പട്ടികജാതി-പട്ടികവർഗ കോളനികളുടെ സമഗ്ര വികസനം**

22(2776) <u>ശ്രീ. എം. എം. മണി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ പട്ടികജാതി-പട്ടികവർഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് എത്ര കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശം ജില്ല തിരിച്ച് നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി, പട്ടികവർഗ മേഖലകളുടെ സമഗ്രവികസനത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഉടുമ്പൻചോല മണ്ഡലത്തിൽ വികസനപ്രവൃത്തികൾ നടപ്പാക്കാനായി തിരഞ്ഞെടുത്ത പട്ടികജാതി-പട്ടികവർഗ കോളനികൾ, ഈ കോളനികളിലെ വികസനപ്രവർത്തനങ്ങളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

ഉടുമ്പൻചോല മണ്ഡലത്തിൽ വികസനപ്രവൃത്തികൾ നടപ്പാക്കാനായി പ്രതാപ്മേട്, ചാറൽമേട്, അൻപതേക്കർ, ശിവൻ നഗർ എന്നീ പ്രദേശങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രതാപ് മേടിലെ 65% പ്രവൃത്തികളും ചാറൽമേടിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

55% പ്രവൃത്തികളും അൻപതേക്കറിലെ 70% പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ശിവൻ നഗറിലെ പ്രവൃത്തികളാരംഭിച്ചിട്ടില്ല.

പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉടുമ്പൻചോല മണ്ഡലത്തിലെ തിങ്കൾക്കാട്, മുതുവാക്കുടി എന്നീ പട്ടികവർഗ മേഖലകളെ തെരഞ്ഞെടുത്തിട്ടുണ്ട്. തിങ്കൾക്കാട്ടിലെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനായി ഭരണാനുമതി നൽകുകയും നിർവഹണ ഏജൻസിയും ജില്ലാ കളക്ടറും കരാർ ഒപ്പുവയ്ക്കുകയും നിർവഹണ ഏജൻസിക്ക് വർക്ക് ഓർഡർ നൽകുകയും പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**മലമ്പുഴ മണ്ഡലത്തിലെ ആലയംകോട്-വെള്ളംകാട് കോളനികളുടെ നവീകരണം**

23(2777) **ശ്രീ. എ. പ്രഭാകരൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ കൊടുമ്പ് പഞ്ചായത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ ആലയംകോട്-വെളുംകാട് കോളനിയുടെ നവീകരണപ്രവൃത്തികൾ നടപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

നിർവഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനും മോണിറ്ററി കമ്മിറ്റി മീറ്റിംഗ് സംഘടിപ്പിക്കുന്നതിനും എം.എൽ.എ.-ക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണച്ചുമതല മുമ്പ് ഈ പ്രവൃത്തികൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുള്ള സർക്കാർ അംഗീകൃത അക്രെഡിറ്റഡ് ഏജൻസികളായ പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

03-02-2024-ലെ സ.ഉ.(സാധാ)നം. 38/2024/SCSTD പ്രകാരം 2023-24 വർഷത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളുടെ നിർവഹണ ഏജൻസി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളാണ്. മറ്റേതെങ്കിലും അക്രെഡിറ്റഡ് ഏജൻസികളെ

ച്ചുമതലപ്പെടുത്തുന്ന വിഷയം എം.എൽ.എ. ശിപാർശ ചെയ്യുന്നപക്ഷം പരിശോധിക്കുന്നതാണ്.

**കൊല്ലം ജില്ലയിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

24(2778) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ പട്ടികജാതി കോളനികളുടെ വികസനപ്രവൃത്തികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

സ്വയംപര്യാപ്ത ഗ്രാമം എന്ന പേരിൽ ഒരു പദ്ധതി പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പാക്കുന്നില്ല. അംബേദ്ക്കർ ഗ്രാമവികസന പദ്ധതി എന്ന പേരിലാണ് നിലവിൽ പട്ടികജാതി ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യവികസനം നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതിപ്രവൃത്തികൾ വിലയിരുത്തുന്നതിനായി ജില്ലാതലത്തിൽ ത്രൈമാസ അവലോകന

യോഗങ്ങൾ നടത്തുന്നുണ്ട്. അതിനുപുറമേ ഡയറക്ടറേറ്റുതലത്തിലും സർക്കാർ തലത്തിലും അവലോകന യോഗങ്ങൾ ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(ബി) ഓരോ കോളനിയിലും നടപ്പാക്കിയ വികസനപ്രവൃത്തികളുടെ വിശദാംശങ്ങളും പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന വിശദാംശങ്ങളും നൽകാമോ?

MoU ഒപ്പിട്ട് ഒരു വർഷത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഓരോ പദ്ധതി പ്രദേശത്തും നടപ്പാക്കിയ വികസനപ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പൂഞ്ഞാർ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമവികസന പദ്ധതി പ്രവൃത്തികൾ**

25(2779) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂഞ്ഞാർ മണ്ഡലത്തിലെ ആഴമല ഐ.എച്ച്.ഡി.പി. കോളനി, മൂക്കൻപെട്ടി ഐ.എച്ച്.ഡി.പി. കോളനി, മുറികല്ലുംപുറം കോളനി എന്നീ പട്ടികജാതി കോളനികളിൽ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽനിന്നും അംബേദ്ക്കർ ഗ്രാമ വികസന പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള ആഴമല ഐ.എച്ച്.ഡി.പി. ഗ്രാമം നവീകരണ പദ്ധതിയുടെ 10% പ്രവൃത്തികളും മൂക്കൻപെട്ടി ഐ.എച്ച്.ഡി.പി. ഗ്രാമം പദ്ധതിയുടെ 50% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. മുറികല്ലുംപുറം ഗ്രാമത്തിന്റെ നിർമ്മാണം അടുത്ത മാസം ആരംഭിക്കുന്നതാണ്.

**ഉദുമ മണ്ഡലത്തിലെ അംബേദ്ക്കർ സെറ്റിൽമെന്റ് സ്കീം**

26(2780) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ അംബേദ്ക്കർ സെറ്റിൽമെന്റ് സ്കീം അനുസരിച്ച് എത്ര കോളനികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്?

പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്ക്കർ സെറ്റിൽമെന്റ് പദ്ധതിപ്രകാരം 2017-18-ൽ ഉദുമ മണ്ഡലത്തിൽ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ രാമനടുക്കം-ചൂളംകല്ല്, ദേലമ്പാടി ഗ്രാമപഞ്ചായത്തിലെ വെള്ളരിക്കയ, 2020-21-ൽ ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ചെമ്പക്കാട് എന്നിവയ്ക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിൽ ഏതെല്ലാം കോളനികളുടെ പദ്ധതികൾ പൂർത്തിയായിട്ടുണ്ട്?

രാമനടുക്കം - ചൂളംകല്ല് പദ്ധതിയും വെള്ളരിക്കയ പദ്ധതിയും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പദ്ധതിക്കായി നിലവിൽ അനുവദിക്കുന്ന തുക വർധിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

ഏറനാട് മണ്ഡലത്തിലെ പാലക്കയം കോളനിയുടെ സമഗ്രവികസനം

27(2781) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിലുൾപ്പെട്ട പാലക്കയം ആദിവാസി കോളനിയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഏറനാട് മണ്ഡലത്തിലെ പാലക്കയം സമഗ്ര വികസനത്തിന്റെ ഭാഗമായി പാലം നിർമ്മാണത്തിനായി കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി പാലത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ബി) പ്രസ്തുത കോളനിയുടെ വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികൾക്കായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും വ്യക്തമാക്കുമോ?

നിലവിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

(സി) പാലക്കയം കോളനിയിലേയ്ക്കുള്ള റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും പ്രസ്തുത റോഡ് എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

പാലക്കയത്തിലേയ്ക്കുള്ള റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് വകുപ്പിന്റെ മറ്റേതെങ്കിലും ഫണ്ട് ഉപയോഗിക്കണമെന്ന സർക്കാർ നിർദേശത്തെത്തുടർന്ന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ 2.6 കോടി രൂപയുടെ എസ്റ്റിമേറ്റ് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിരുന്നു. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ ജീവനോപാധി, കൃഷി എന്നീ പദ്ധതികൾക്ക് മുൻഗണന നൽകിയിരുന്നതിനാൽ റോഡ് നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല.

**വാമനപുരം മണ്ഡലത്തിലെ സാമൂഹ്യ പഠനമുറി പദ്ധതി**

28(2782) <u>ശ്രീ. ഡി. കെ. മുരളി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പട്ടികവർഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ പഠനമുറി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

| | | | |
|---|---|---|---|
| 1 | ആല്യംമൂട് | 6 | പോട്ടോമാവ് |
| 2 | ഇലഞ്ചിയം | 7 | താന്നിമൂട് |
| 3 | ഈയ്യക്കോട് | 8 | പന്നിയോട്ടുകടവ് |
| 4 | കുറുപ്പൻകാല | 9 | വട്ടപ്പൻകാട് |
| 5 | കക്കോട്ടുകുന്ന് | | |

(ബി) 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി സാമൂഹ്യ പഠനമുറി നടപ്പാക്കുന്നതിനായി മണ്ഡലത്തിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ സാമൂഹ്യപഠനമുറി പദ്ധതി നടപ്പാക്കുന്നതിനായി വാമനപുരം മണ്ഡലത്തിൽ 81,12,960/- രൂപ (എൺപത്തൊന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന് ലഭിച്ച ഫണ്ടുകൾ**

29(2783) <u>ശ്രീ. എം. വിജിൻ:</u> താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന് പട്ടികവർഗ വികസന വകുപ്പിൽനിന്നും 2023-24 സാമ്പത്തിക വർഷത്തിൽ ലഭിച്ച ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ, പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന് പട്ടികവർഗ വികസന വകുപ്പിൽനിന്നും 2023-24 സാമ്പത്തിക വർഷം ഡൈനിംഗ് ഹാൾ നവീകരണം, ടോയ്‌ലെറ്റ് ബ്ലോക്ക് നവീകരണം, ഹയർ സെക്കൻഡറി ബ്ലോക്ക് നവീകരണം, പെയിന്റിംഗ് പ്രവൃത്തികൾക്കായി 2,60,88,608/-രൂപ

(രണ്ട് കോടി അറുപത് ലക്ഷത്തി എൺപത്തെട്ടായിരത്തി അറുനൂറ്റിയെട്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം**

30(2784) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോത്ത് അനുവദിച്ച മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കുട്ടികൾ പ്രവേശനമെടുക്കാത്ത സാഹചര്യത്തിൽ പ്രസ്തുത സൗകര്യം പ്രയോജനപ്പെടുത്തി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിടം നിലവിൽ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടത്തിൽ, പട്ടികവർഗ വികസന വകുപ്പിനുകീഴിലുള്ള കരിന്തളം സ്പോർട്സ് ഏകലവ്യ മോഡൽ

റസിഡൻഷ്യൽ സ്കൂൾ താൽക്കാലികമായി പ്രവർത്തിച്ചുവരുന്നു. നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി മറ്റ് പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## ഇ-ഗ്രാന്റ്സിനായി ഹെൽപ് ഡെസ്ക്

31(2785) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗങ്ങൾക്കുള്ള ഗ്രാന്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാർഥികൾ അപേക്ഷകൾ സമർപ്പിക്കുന്നതിനും മറ്റ് കാര്യങ്ങൾക്കും കൂടുതലായി ആശ്രയിക്കുന്ന അക്ഷയകേന്ദ്രങ്ങൾ വിദ്യാർഥികളിൽനിന്നും കൂടുതൽ ഫീസ് ഈടാക്കുന്നതായി പരാതികൾ ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; അക്ഷയ കേന്ദ്രങ്ങളല്ലാതെ വിദ്യാലയങ്ങളിലെ സാങ്കേതിക

സംവിധാനങ്ങൾ ഉപയോഗിച്ച് ഹെൽപ് ഡെസ്കുകൾ സ്ഥാപിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഒറ്റത്തവണ രജിസ്ട്രേഷൻ ചെയ്ത് സ്കോളർഷിപ്പ് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഇത് വിദ്യാർത്ഥികൾക്ക് സ്വന്തമായോ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ നിർവഹിക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട അക്ഷയ കേന്ദ്രങ്ങൾ വിദ്യാർത്ഥികളിൽനിന്നും കൂടുതൽ ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിലുള്ള സഹായകേന്ദ്രങ്ങൾ മുഖേനയും സാമൂഹ്യ പഠനമുറികളുടെ സൗകര്യങ്ങൾ വിനിയോഗിച്ചും ഗ്രാന്റ്സ് ലഭിക്കുന്നതിനുള്ള ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിക്കുന്നതിന് സാങ്കേതിക സഹായങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ്, പ്രൊമോട്ടേഴ്സ് മുഖാന്തരം ആവശ്യമായ നിർദേശങ്ങളും വിദ്യാർത്ഥികൾക്ക് നൽകിവരുന്നു.

(ബി) പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്പെഷ്യൽ ഫീ ലഭിച്ചില്ലെന്ന കാരണത്താൽ കോഴ്സിനുശേഷം വിദ്യാർഥികളുടെ സർട്ടിഫിക്കറ്റുകൾ കൊടുക്കാതിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

കോഴ്സ് പൂർത്തീകരിച്ചിട്ടും സ്ഥാപനത്തിലേയ്ക്കുള്ള തുക ലഭ്യമായില്ലെന്ന കാരണത്താൽ പിന്നാക്കവിഭാഗ വിദ്യാർഥികളുടെ സർട്ടിഫിക്കറ്റുകൾ തടഞ്ഞുവയ്ക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെടുകയും ഇത്തരം കേസുകൾ അനുഭാവപൂർവം പരിഗണിക്കുന്നതിനാവശ്യമായ നിർദേശം നൽകണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും ആരോഗ്യ വകുപ്പുമന്ത്രിയോടും അഭ്യർഥിച്ചിട്ടുണ്ട്.

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ**

32(2786) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ വിഭാഗക്കാരായ ഗവേഷണ വിദ്യാർഥികളുൾപ്പെടെയുള്ള വിദ്യാർഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) എന്നുമുതലുള്ള സ്കോളർഷിപ്പ് തുകകളാണ് ഇപ്രകാരം വിതരണം ചെയ്യാനാകാതെ കുടിശ്ശികയായിട്ടുള്ളത്; വിഭാഗവും കോഴ്സും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(എ&ബി) 2021-22 അധ്യയന വർഷം മുതൽ വിദ്യാർഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ചുനൽകാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇതുസംബന്ധിച്ച് സാങ്കേതിക സഹായം നൽകാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തിയതുകാരണം സ്കോളർഷിപ്പ് ആ വർഷം കുടിശ്ശികയാകാൻ കാരണമായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻതന്നെ കുടിശ്ശികയടക്കമുള്ള തുക വിതരണം ചെയ്യാൻ ആരംഭിച്ചു. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയ്ക്ക്

മുകളിലുള്ള വിദ്യാർഥികളുടെ സ്കോളർഷിപ്പ് തുക പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നൽകുന്നത്. 2024-25 വർഷം ഈ ആവശ്യത്തിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽനിന്നും 30 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്.

പട്ടികവർഗ വിദ്യാർഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ചുനൽകാൻ സാധിച്ചിരുന്നില്ല. 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതമുൾപ്പെടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും ചെലവഴിച്ചുവരികയാണ്. കുടിശ്ശിക മുഴുവൻ ഈ വർഷംതന്നെ കൊടുത്തുതീർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

(സി) സ്കോളർഷിപ്പ് കുടിശ്ശിക മുഴുവനും വിതരണം ചെയ്യാൻ ആകെ എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഇ-ഗ്രാന്റ്സ് വിതരണത്തിൽ പട്ടികജാതി വിദ്യാർഥികൾക്ക് 203.7 കോടി രൂപയും പട്ടികവർഗ വിദ്യാർഥികൾക്ക് 14.59 കോടി രൂപയും നിലവിൽ കുടിശ്ശികയുണ്ട്.

(ഡി) ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ലിങ്ക് ചെയ്യാത്തതുമൂലം സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത് മുടങ്ങിയ സാഹചര്യമുണ്ടായിട്ടുണ്ടോ; എത്രപേരുടെ എന്തുമുതലുള്ള സ്കോളർഷിപ്പുകളാണ് ഇപ്രകാരം മുടക്കം വന്നിട്ടുള്ളത്; ഇപ്രകാരം മുടക്കംവന്ന സ്കോളർഷിപ്പുകൾ പൂർണ്ണമായും വിതരണം ചെയ്യുന്നതിന് ആകെ എത്ര തുക ആവശ്യമായിവരും?

വിദ്യാർഥികളുടെ ആധാർ ബാങ്ക് അക്കൗണ്ടുമായി സീഡ് ചെയ്തശേഷം മാത്രമേ സ്കോളർഷിപ്പ് അപേക്ഷ ഇ-ഗ്രാന്റ്സ് പോർട്ടലിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ആധാർ സീഡിംഗ് കാരണമായി വിദ്യാർഥികളുടെ സ്കോളർഷിപ്പ് വിതരണം മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടില്ല.

(ഇ) ധനകാര്യവകുപ്പിൽനിന്നും അനുമതി ലഭിക്കാത്തതാണോ സ്കോളർഷിപ്പുകൾ നൽകാൻ മുടക്കം വന്നതിനുള്ളകാരണം; സ്കോളർഷിപ്പുകൾ യഥാസമയം ലഭിക്കാത്തതുമൂലം ഈ സ്കോളർഷിപ്പുകളെ വിശ്വസിച്ച്

ഉപരിപഠനം ആരംഭിച്ച പട്ടികജാതി പട്ടികവർഗ വിദ്യാർഥികളും അവരുടെ മാതാപിതാക്കളും കടുത്ത പ്രതിസന്ധിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ സ്കോളർഷിപ്പ് കുടിശ്ശികകൾ വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(ഇ&എഫ്) വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) മുഖേന മാത്രമേ അനുവദിച്ചുനൽകാൻ പാടുള്ളൂവെന്ന കേന്ദ്ര സർക്കാർ നിബന്ധന സ്കോളർഷിപ്പ് കുടിശ്ശികയാവുന്ന സാഹചര്യമുണ്ടാക്കി. സാങ്കേതിക സഹായം ലഭ്യമായ ഉടൻതന്നെ കുടിശ്ശികയടക്കമുള്ള മുഴുവൻ തുകയും വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. വിദ്യാർഥികൾ അപേക്ഷ സമർപ്പിക്കുന്നതിലും സ്ഥാപനങ്ങൾ ഈ അപേക്ഷകൾ പരിശോധിച്ച് ഫോർവേർഡ് ചെയ്യുന്നതിലും വന്ന കാലതാമസവും കുടിശ്ശിക വരാൻ കാരണമായി. വിവിധ സർവകലാശാലകളുടെയും പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഏകീകരിച്ചുകൊണ്ട് താമസംവിനാ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ വിദ്യാർഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. 2021-22 വർഷം മുതലുള്ള പട്ടികവർഗ വിദ്യാർഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ചുനൽകാൻ സാധിച്ചിരുന്നില്ല. 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതമുൾപ്പെടെയുള്ള കുടിശ്ശികത്തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും ചെലവഴിച്ചുവരികയാണ്.

**കരിന്തളം ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ കെട്ടിടനിർമ്മാണം**

33(2787) **ശ്രീ. ഇ. ചന്ദ്രശേഖരൻ:** താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരിന്തളം ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കരിന്തളം ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും നിർവഹണ

ഏജൻസിയായി M/s. KEL എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി അക്കാദമിക്, ഹോസ്റ്റൽ ബ്ലോക്കുകളുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**പിന്നാക്ക വിഭാഗ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്**

34(2788) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള പിന്നാക്ക വിഭാഗ വിദ്യാർഥികൾക്കുള്ള കേന്ദ്രസർക്കാർ സ്കോളർഷിപ്പ് നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) നിർത്തലാക്കിയിട്ടുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പുമുഖേന സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1

മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി. വിഭാഗം വിദ്യാർഥികൾക്ക് പഠന മികവിന്റെ അടിസ്ഥാനത്തിൽ 1500/- രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കുന്നതിന് 50% കേന്ദ്രസഹായത്തോടെ നടപ്പാക്കിയിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2022-23 മുതൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തി കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. ഇതുമൂലം 1 മുതൽ 8 വരെ ക്ലാസുകളിലെ ഒ.ബി.സി. വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നഷ്ടമാകുന്ന സ്ഥിതി വന്ന സാഹചര്യത്തിൽ, മുമ്പ് നൽകിയിരുന്ന സമാന നിരക്കിൽ 2.5 ലക്ഷം രൂപ വരുമാനപരിധിയിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒ.ബി.സി. വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് 'കെടാവിളക്ക്' എന്ന പേരിൽ പുതിയതായി സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ആയതിൻപ്രകാരം 2023-24 വർഷം മുതൽ അർഹരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് വിതരണം നടത്തിവരുന്നു.

(സി) സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന കെടാവിളക്ക് സ്കോളർഷിപ്പ് എത്ര വിദ്യാർഥികൾക്ക് ഇതുവരെ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

2023-24 കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതിപ്രകാരം 1 മുതൽ 8 വരെയുള്ള ക്ലാസുകളിലേയ്ക്കായി ആകെ 115211 വിദ്യാർഥികൾക്കായി 17,28,16,500/- രൂപ (പതിനേഴ് കോടി ഇരുപത്തിയെട്ട് ലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ചു.

**വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ**

35(2789) **ശ്രീ. എം. വിജിൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ പട്ടികജാതി-പട്ടികവർഗ പിന്നാക്ക വിഭാഗ വിദ്യാർഥികളെ വിവിധ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും എവിടെയൊക്കെയാണ്

വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) അഭ്യസ്തവിദ്യരായ പട്ടികജാതി-പട്ടികവർഗ പിന്നാക്ക വിഭാഗ വിദ്യാർഥികളെ വിവിധ മത്സര പരീക്ഷകൾക്ക് പ്രപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന്റെ ആദ്യ ഘട്ടമായി ഓരോ മണ്ഡലത്തിലും ഒരു സെന്റർ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്താൻ സഹായിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ.-മാർക്ക് കത്ത് നൽകിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിൽ മണ്ണന്തലയിലുള്ള അംബേദ്ക്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ

സ്ഥാപിക്കുന്നതിനായി നടപടികൾ തുടങ്ങിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ മണ്ഡലങ്ങളിൽ വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കും.

**ഇ-ഗ്രാന്റ് സ്കോളർഷിപ്പ് കുടിശ്ശിക**

36(2790) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽ പഠിക്കുന്നവർക്കുള്ള ഇ-ഗ്രാന്റ് സ്കോളർഷിപ്പ് ഇനത്തിൽ എത്ര കോടി രൂപയുടെ കുടിശ്ശിക ഇനിയും നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഇ-ഗ്രാന്റ്സ് വിതരണത്തിൽ പട്ടികജാതി വിദ്യാർഥികൾക്ക് 203.7 കോടി രൂപയും പട്ടികവർഗ വിദ്യാർഥികൾക്ക് 14.59 കോടി രൂപയും നിലവിൽ കുടിശ്ശികയുണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് കുടിശ്ശിക എന്ന് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2021-22 അധ്യയന വർഷം മുതൽ വിദ്യാർഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ചുനൽകാൻ പാടുള്ളുവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇതുസംബന്ധിച്ച് സാങ്കേതിക സഹായം നൽകാൻ കേന്ദ്രസർക്കാർ വരുത്തിയ കാലതാമസം കാരണം സ്കോളർഷിപ്പ് കുടിശ്ശിക വരാൻ കാരണമായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻതന്നെ കുടിശ്ശിക അടക്കമുള്ള തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുകയും കുടിശ്ശിക തുക അനുവദിച്ചുവരികയും ചെയ്യുന്നു.

2021-22 വർഷം മുതലുള്ള പട്ടികവർഗ വിദ്യാർഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ചുനൽകാൻ സാധിച്ചിരുന്നില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ, 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതമുൾപ്പെടെയുള്ള

കുടിശ്ശികത്തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി. ഈ തുക അനുവദിച്ചുവരുന്നു. കുടിശ്ശിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

37(2791) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ പട്ടികജാതി വികസന വകുപ്പ് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ നിലവിൽ തിരുവനന്തപുരം (മണ്ണന്തല), എറണാകുളം (ആലുവ), പാലക്കാട് (കുഴൽമന്ദം), കോഴിക്കോട്

എന്നീ ജില്ലകളിൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന അംബേദ്ക്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സ്റ്റുഡിയോ സജ്ജമായിക്കഴിഞ്ഞാൽ എല്ലാ നിയോജകമണ്ഡലങ്ങളിലും നിലവിൽ ലഭ്യമായ കെട്ടിടങ്ങളിലും പി.ഇ.റ്റി.സി.-കളിലും വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

**പട്ടികജാതി പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

38(2792) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>

ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യൂ കുഴൽനാടൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് നൽകിവരുന്ന ഇ- ഗ്രാന്റ്സ് നിലയ്ക്കാനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ?

2021-22 അധ്യയന വർഷം മുതൽ വിദ്യാർഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) മുഖേന മാത്രമേ അനുവദിച്ചുനൽകാൻ പാടുള്ളൂവെന്ന് കേന്ദ്രസർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇതുസംബന്ധിച്ച് സാങ്കേതിക സഹായം നൽകാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തിയതുകാരണം സ്കോളർഷിപ്പ് കുടിശ്ശികയാകുന്ന സാഹചര്യമുണ്ടായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻതന്നെ കുടിശ്ശികയടക്കമുള്ള മുഴുവൻ തുകയും വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. വിദ്യാർഥികൾ അപേക്ഷ സമർപ്പിക്കുന്നതിലും സ്ഥാപനങ്ങൾ ഈ അപേക്ഷകൾ പരിശോധിച്ച് ഫോർവേർഡ് ചെയ്യുന്നതിലും വന്ന

കാലതാമസവും കുടിശ്ശിക വരാൻ കാരണമായി. വിവിധ സർവകലാശാലകളുടെയും പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഏകീകരിച്ചുകൊണ്ട് താമസംവിനാ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2024-25 വർഷം ഈ ആവശ്യത്തിനായി 223 കോടി രൂപ വകയിരിത്തിയിട്ടുണ്ട്. അതിൽനിന്നും 46.4 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്.

പട്ടികവർഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75% കേന്ദ്രവിഹിതവും 25% സംസ്ഥാനവിഹിതവുമാണ്. 2021-22 വർഷം മുതലുള്ള പട്ടികവർഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ചുനൽകാൻ സാധിച്ചിരുന്നില്ല. എന്നാൽ 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതമുൾപ്പെടെയുള്ള കുടിശ്ശികതുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും ചെലവഴിച്ചുവരികയാണ്. ഈ വർഷം മുഴുവൻ കുടിശ്ശികയും കൊടുത്തുതീർക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

**കൈത്താങ്ങ് പദ്ധതി**

39(2793) **ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:**

**ശ്രീമതി ശാന്തകുമാരി കെ:**

**ശ്രീ. ഡി. കെ. മുരളി:**

**ശ്രീ. എ. രാജ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കൾ നഷ്ടപ്പെട്ട പട്ടികവർഗ വിദ്യാർഥികളുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

മാതാപിതാക്കൾ നഷ്ടപ്പെട്ട പട്ടികവർഗ വിദ്യാർഥികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി കൈത്താങ്ങ് പദ്ധതിപ്രകാരം വിദ്യാർഥികൾക്ക് 18 വയസ് തികയുന്നതുവരെ പ്രതിമാസം 2000/- രൂപ ധനസഹായം നൽകിവരുന്നു. കൂടാതെ പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

(ബി) കൈത്താങ്ങ് പദ്ധതി കാലോചിതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

അനാഥരായ കുട്ടികൾ, മാതാപിതാക്കളിൽ ഒരാൾ മരിച്ചുപോയതും മറ്റെയാൾ ഗുരുതര അസുഖത്തെത്തുടർന്ന് കുട്ടികളെ സംരക്ഷിക്കാൻ സാധിക്കാത്തതുമായവരുടെ കുട്ടികൾ എന്നിവരെ സംരക്ഷിക്കുന്നതിനായി പ്രതിമാസം 1500/- രൂപ നൽകിയിരുന്നത് 05-09-2022-ലെ സ.ഉ.(സാധാ) നം. 932/2022/പജപവവിവ നമ്പർ ഉത്തരവുപ്രകാരം 2000/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിവഴി സംസ്ഥാനത്ത് എത്ര പട്ടികവർഗ കുട്ടികൾക്ക് ധനസഹായം നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 433 പട്ടികവർഗ വിദ്യാർഥികൾക്ക് കൈത്താങ്ങ് പദ്ധതിപ്രകാരം ധനസഹായം നൽകിവരുന്നുണ്ട്.

(ഡി) പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി നടപ്പാക്കുന്ന കൈത്താങ്ങ് പദ്ധതി പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്കുംകൂടി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കൈത്താങ്ങ് പദ്ധതി പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്കുംകൂടി നടപ്പാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**ഉന്നതി സ്കോളർഷിപ്പ്**

40(2794) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന ഉന്നതി സ്കോളർഷിപ്പ് മുഖേന നാളിതുവരെ എത്ര വിദ്യാർഥികൾ വിദേശ പഠനത്തിന് പോയിട്ടുണ്ടെന്നറിയിക്കാമോ?

ഉന്നതി സ്കോളർഷിപ്പ് മുഖേന നാളിതുവരെ 619 പട്ടികജാതി വിദ്യാർഥികളും 41 പട്ടികവർഗ വിദ്യാർഥികളും 57 പിന്നാക്ക വിഭാഗ വിദ്യാർഥികളുമുൾപ്പെടെ 717 വിദ്യാർഥികൾക്ക് വിദേശ സർവകലാശാലകളിൽ പഠിക്കാൻ അവസരം ലഭ്യമാക്കി.

(ബി) ഉന്നതി സ്കോളർഷിപ്പിന് അർഹത നേടാനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ്/എം.ഫിൽ/ പി.എച്ച്.ഡി. കോഴ്സുകൾക്ക് ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി/ പട്ടികവർഗ വിദ്യാർഥികൾക്ക് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നുണ്ട്. ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാനയാത്രാ ചാർജ്, വിസ ചാർജ്, ഇൻഷ്വറൻസ് എന്നിവയാണ് നൽകുന്നത്. പട്ടികവർഗ വിദ്യാർഥികൾക്ക് വരുമാനപരിധി ബാധകമല്ല. പട്ടികവർഗ വിദ്യാർഥികൾക്ക് പരമാവധി 25,00,000/- രൂപ വീതമാണ് അനുവദിക്കുന്നത്.

12,00,000/-രൂപ (പന്ത്രണ്ട് ലക്ഷം രൂപ വരെ) വരുമാനമുള്ള പട്ടികജാതി വിദ്യാർഥികൾക്ക് പരമാവധി 25,00,000/- രൂപയും 12,00,001-20,00,000 രൂപവരെ വരുമാനമുള്ളവർക്ക് പരമാവധി 20,00,000/- രൂപയും 20,00,000/- രൂപയ്ക്ക് മുകളിൽ വരുമാനമുള്ളവർക്ക് പരമാവധി 15,00,000/- രൂപയുമാണ് അനുവദിക്കുന്നത്. വിദ്യാർഥികൾക്കും രക്ഷാകർത്താക്കൾക്കും വേണ്ട കൗൺസിലിംഗ് നടത്തി അർഹരായ വിദ്യാർഥികളുടെ കരട് ലിസ്റ്റ് തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച്, ആയതിന്മേലുള്ള അപ്പീലും കരട് ലിസ്റ്റും വകുപ്പുസെക്രട്ടറി ചെയർമാനായുള്ള സെലക്ഷൻ/അപ്പീൽ

കമ്മിറ്റിക്ക് സമർപ്പിക്കുകയും, ഈ കമ്മിറ്റി പരിശോധിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്നു.

**നാദാപുരം മണ്ഡലത്തിൽ പട്ടികവർഗ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക്**

41(2795) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ കഴിഞ്ഞ അധ്യയന വർഷം സ്കൂളുകളിൽനിന്നും പട്ടികവർഗ വിദ്യാർഥികൾ കൊഴിഞ്ഞുപോയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ തിരികെ സ്കൂളിലെത്തിക്കാൻ ആക്ഷൻപ്ലാൻ തയാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

2023-24 അധ്യയന വർഷത്തിൽ നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ 4 പട്ടികവർഗ വിദ്യാർഥികൾ കൊഴിഞ്ഞുപോയിട്ടുണ്ട്.

ടി വിദ്യാർഥികളെ തിരികെ സ്കൂളിലെത്തിക്കുന്നതിന് 2023-24 അധ്യയന വർഷംതന്നെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പട്ടികവർഗ

പ്രൊമോട്ടർ, വാർഡ് മെമ്പർ എന്നിവർ മുഖേന നിരവധിതവണ ശ്രമിച്ചെങ്കിലും വിദ്യാർഥികൾ സ്കൂളുകളിൽ സ്ഥിരമായെത്തുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നടപ്പ് അധ്യയനവർഷം ടി വിദ്യാർഥികൾക്ക് പ്രത്യേക കൗൺസിലിംഗ് നൽകി സ്കൂളിലെത്തിക്കുന്നതിന് ശ്രമിച്ചുവരുന്നു.

**പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ**

42(2796) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ/സ്കോളർഷിപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**<u>പട്ടികവർഗം</u>**

പട്ടികവർഗ വിദ്യാർഥികൾക്ക് താഴെപ്പറയുന്ന വിവിധ ആനുകൂല്യങ്ങൾ/സ്കോളർഷിപ്പുകൾ നൽകിവരുന്നു.

1. പ്രീ-മെട്രിക് സ്കോളർഷിപ്പ്
2. പ്രീ-മെട്രിക് സ്കോളർഷിപ്പ് 9, 10 ക്ലാസ്സുകൾ

3. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി

4. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി

5. സമർഥരായ പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം

6. വിദേശ പഠന ധനസഹായം

7. അന്യ സംസ്ഥാന പഠനം

8. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള പ്രാരംഭച്ചെലവുകൾക്ക് ധനസഹായം

9. ലാപ്ടോപ്പ് വിതരണം

10. സിവിൽ സർവീസ് പരിശീലനം

11. മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം

12. കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് സ്കോളർഷിപ്പ്

13. എൽ.എൽ.ബി. എൻറോൾ ചെയ്ത വിദ്യാർഥികൾക്കുള്ള ധനസഹായം.

**<u>പട്ടികജാതി</u>**

പട്ടികജാതി വിദ്യാർഥികൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ/ സ്കോളർഷിപ്പുകൾ എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് (ലംപ്സം ഗ്രാന്റ്, എഡ്യൂക്കേഷൻ എയ്ഡ്, ദുർബല വിഭാഗ സ്റ്റൈപ്പന്റ്, ഫീസ് റീ ഇംബേഴ്സ്മെന്റ്, വിദ്യാലയ വികാസ് നിധി)
2. സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് (9-10 ക്ലാസ് സ്കോളർഷിപ്പ്, അനാരോഗ്യ ചുറ്റുപാടിൽ ജോലി ചെയ്യുന്നവരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്)
3. സ്പെഷ്യൽ ഇൻസെന്റീവ്
4. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സ്കോളർഷിപ്പ്
5. ലാപ്ടോപ്പ് ഗ്രാന്റ്
6. സ്റ്റെതസ്കോപ്പ് ഗ്രാന്റ്
7. മെഡിക്കൽ/എഞ്ചിനീയറിംഗ് പരിശീലനം

8. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രാരംഭച്ചെലവുകൾ

9. ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

(ബി) പ്രസ്തുത ആനുകൂല്യങ്ങളിലും സ്കോളർഷിപ്പുകളിലും വിതരണം ചെയ്യാനുള്ള കുടിശ്ശികത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക തീർത്ത് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ഗവൺമെന്റ് ഐ.ടി.ഐ. അഞ്ചാമടയുടെ നവീകരണ പദ്ധതി**

43(2797) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഐ.ടി.ഐ. അഞ്ചാമടയുടെ നവീകരണ പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള അഞ്ചാമട ഗവൺമെൻറ് ഐ.ടി.ഐ. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ കെട്ടിടനിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന 21 മരങ്ങൾ ലേലം ചെയ്യുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കേണ്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുമായി പൊതുമരാമത്ത് വകുപ്പ് നൽകിയ സർവെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കെട്ടിടം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണപ്രവൃത്തികൾ നടക്കുമ്പോൾ അക്കാദമിക പ്രവർത്തനങ്ങൾ തടസ്സംകൂടാതെ നടത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പഴയ കെട്ടിടം പൊളിക്കുമ്പോൾ ട്രെയിനികളുടെ അക്കാദമിക് പ്രവർത്തനങ്ങൾ തടസ്സംകൂടാതെ നടത്തുന്നതിലേയ്ക്ക് താൽക്കാലിക ഷെഡുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ പട്ടികജാതി, പട്ടികവർഗ ഹോസ്റ്റലുകൾ**

44(2798) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾക്കുള്ള എത്ര ഹോസ്റ്റലുകളുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്ര വിദ്യാർഥികൾ ഇവിടെ പഠിക്കുന്നുണ്ടെന്ന് ഹോസ്റ്റൽ തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ 8 പ്രീ മെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പട്ടികവർഗ വികസന വകുപ്പിനുകീഴിൽ 3 പ്രീമെട്രിക് ഹോസ്റ്റലുകളും ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റലും പ്രവർത്തിച്ചുവരുന്നു.

ഹോസ്റ്റലുകളുടെ മണ്ഡലം തിരിച്ചുള്ള വിവരം, വിദ്യാർഥികളുടെ എണ്ണം എന്നിവ അനുബന്ധം - I ആയി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഏതെല്ലാം ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർഥികളാണ് ഇവിടെ താമസിക്കുന്നതെന്ന് ഹോസ്റ്റൽ തിരിച്ച് വ്യക്തമാക്കാമോ?

വിവരം അനുബന്ധം - II ആയി ചേർക്കുന്നു+.

(ഡി) കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ ഹോസ്റ്റലുകളിൽ ഏർപ്പെടുത്തിയ സംവിധാനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ രാത്രികാല പഠന മേൽനോട്ടം വഹിക്കുന്നതിന് മേട്രൻ-കം-റസിഡന്റ് ട്യൂട്ടർമാരും വിവിധ വിഷയങ്ങൾക്ക് ട്യൂഷൻ നൽകുന്നതിനായി ട്യൂഷൻ സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്. പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ പഠനത്തിന് സഹായിക്കുന്നതിനായി റസിഡന്റ് ട്യൂട്ടറെ നിയമിച്ചുവരുന്നു.

പട്ടികവർഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലിലും പോസ്റ്റ്മെട്രിക് ഹോസ്റ്റലിലും ട്യൂട്ടർമാരുടെയും സ്റ്റുഡൻസ് കൗൺസിലർമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഇക്കഴിഞ്ഞ പൊതുപരീക്ഷകളിൽ വിദ്യാർഥികളുടെ വിജയശതമാനം കൂടിയിട്ടുണ്ടോ അതോ കുറഞ്ഞിട്ടുണ്ടോയെന്ന് ഹോസ്റ്റൽ തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ 2023-24 വർഷത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ അസുഖം കാരണം മുഴുവൻ പരീക്ഷകളും എഴുതാൻ സാധിക്കാത്ത ഒരു വിദ്യാർഥിനിയൊഴികെ പരീക്ഷ എഴുതിയ മറ്റെല്ലാ വിദ്യാർഥികളും വിജയിച്ചിട്ടുണ്ട്. വിജയ ശതമാനം അനുബന്ധം III ആയി ചേർക്കുന്നു.+

പട്ടികവർഗ വികസന വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന 3 പ്രീമെട്രിക് ഹോസ്റ്റലുകളിലും 1 പോസ്റ്റ് മെട്രിക് ഹോസ്റ്റലിലും ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ പ്രീ മെട്രിക് ഹോസ്റ്റൽ**

45(2799) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ പ്രീ മെട്രിക് ഹോസ്റ്റലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

NH-66-ന്റെ വികസനവുമായി ബന്ധപ്പെട്ട് പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ചുകളഞ്ഞതിനാൽ ഹോസ്റ്റൽ നിലവിൽ പ്രവർത്തിക്കുന്നില്ല.

(ബി) നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി പ്രീ മെട്രിക് ഹോസ്റ്റൽ പൊളിച്ച് നീക്കംചെയ്യുന്നപക്ഷം തളിക്കുളം ബ്ലോക്കിൽത്തന്നെ അത് പുനഃസ്ഥാപിക്കണമെന്നുകാണിച്ച് തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ?

പ്രീ മെട്രിക് ഹോസ്റ്റൽ തളിക്കുളം ബ്ലോക്കിൽ പുനഃസ്ഥാപിക്കണമെന്ന തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ആവശ്യകത പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**തച്ചിങ്ങനാട് പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണപ്രവൃത്തി**

46(2800) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള തച്ചിങ്ങനാട് എസ്.സി. പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണപ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഭൂഘടനയ്ക്കനുസരിച്ച് മൂന്ന് നിലകളിലായി വിഭാവനം ചെയ്തിട്ടുള്ള തച്ചിങ്ങനാട് പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ റൂഫ് സ്ലാബ്, masonary പ്രവൃത്തികൾ എന്നിവ നിലവിൽ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

115 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് കൂടുതൽ ഫണ്ട് ആവശ്യമായി വരികയാണെങ്കിൽ ആയത് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) 2018 DSR നിലവിൽവന്ന സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ തച്ചിങ്ങനാട് പ്രീമെട്രിക് ഹോസ്റ്റൽ (ആൺ) നിർമ്മാണത്തിന് അനുവദിച്ചിരുന്ന എസ്റ്റിമേറ്റ് തുകയിൽ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ അവശേഷിക്കുന്ന പ്രവൃത്തികൾക്കായി പുതിയ പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**ട്രൈബൽ ഹോസ്റ്റലുകളുടെ പ്രാരംഭപ്രവൃത്തികൾ**

47(2801) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 100% കേന്ദ്ര ഫണ്ടിൽ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി അനുവദിക്കപ്പെട്ട 6 ട്രൈബൽ ഹോസ്റ്റലുകളുടെ പ്രാരംഭപ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

ഉണ്ട്. 100% കേന്ദ്ര ഫണ്ടിൽ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി അനുവദിക്കപ്പെട്ട ട്രൈബൽ ഹോസ്റ്റലുകളുടെ നിലവിലെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

1. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, ചെമ്പുക്കാവ് - നിർമ്മാണം പൂർത്തീകരിച്ചു.
2. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, നൂറണി - പ്രവൃത്തി ടെൻഡർ നടത്തി അവാർഡ് ചെയ്ത് ഉടമ്പടി ഒപ്പുവച്ചു.

3. പ്രീമെട്രിക് ഹോസ്റ്റൽ, വടകര – പൊതുമരാമത്ത് വകുപ്പുമുഖേന പ്രവൃത്തി ചെയ്യുന്നതിന് ഭരണാനുമതി നൽകി. പി.ഡബ്ല്യു.ഡി. മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

4. പ്രീമെട്രിക് ഹോസ്റ്റൽ, ഷോളയൂർ – ഭരണാനുമതി നൽകി. ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ലിമിറ്റഡ് ടെൻഡർ നടപടികൾ ആരംഭിച്ചു.

5. പ്രീമെട്രിക് ഹോസ്റ്റൽ (Boys), പുതൂർ - ഭരണാനുമതി നൽകി. ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ലിമിറ്റഡ് ടെൻഡർ നടപടികൾ ആരംഭിച്ചു.

6. പ്രീമെട്രിക് ഹോസ്റ്റൽ (Girls), പുതൂർ - ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സാമ്പത്തിക ഞെരുക്കം കാരണം സംസ്ഥാനവിഹിതം പൂർണ്ണമായും ലഭിക്കാത്ത സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കി കൂടുതൽ ഫണ്ട് ആവശ്യപ്പെടുന്നതിനുപകരം,

ലഭിക്കുന്ന ഫണ്ടുപോലും ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യം പ്രത്യേകം പരിശോധിക്കുമോ?

ലഭ്യമായ കേന്ദ്രവിഹിതം പൂർണ്ണമായും ചെലവഴിക്കുന്നതിനും പുതിയ പദ്ധതികൾക്കാവശ്യമായ കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന്റെ വിവിധ നിർമ്മാണപ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് പൊതുമരാമത്തുവകുപ്പ് വിമുഖത കാണിക്കുന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുപരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കരിമുളക്കൽ പ്രീമെട്രിക് ഹോസ്റ്റൽ നവീകരണം**

48(2802) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന കരിമുളക്കൽ പ്രീമെട്രിക് ഹോസ്റ്റലിന്റെ നവീകരണത്തിനും ഉന്നമനത്തിനുമായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ ഭരണിക്കാവ് ബ്ലോക്കിൽ ചുനക്കര ഗ്രാമപഞ്ചായത്ത് കരിമുളയ്ക്കലിൽ പ്രവർത്തിച്ചുവരുന്ന പെൺകുട്ടികൾക്കുള്ള പ്രീ മെട്രിക് ഹോസ്റ്റലിന്റെ ഉന്നമനത്തിനും നവീകരണത്തിനുമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

ഹോസ്റ്റൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ (ഭിത്തി, സീലിംഗ്. കതക്, ജനൽ എന്നിവ വാട്ടർ പ്രൂഫ്-ഇനാമൽ, പെയിന്റിംഗ്, വാച്ച്മാൻ മുറി നിർമ്മാണം, അടുക്കള നവീകരണം റീ - ടൈലിംഗ്, വേസ്റ്റ് വാട്ടർ ടാങ്ക് നിർമ്മാണം, ഒന്നാം നിലയിലെ ട്രസ്സ് വർക്ക്, ട്യൂഷൻ ക്ലാസ്സ് റൂം പാർട്ടീഷണിംഗ്, തുണി കഴുകി വിരിക്കുന്നതിനുള്ള ഷെഡ് നിർമ്മാണം, മുൻവശത്തെ ഷെഡ്ഡിനുമുകളിൽ ഗേറ്റുവരെ ഷീറ്റിടൽ തുടങ്ങിയവ) ഭരണിക്കാവ് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചിട്ടുണ്ട് .

ഹോസ്റ്റലിൽ അടുക്കള സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. സോളാർ സംവിധാനവും സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റൽ അന്തേവാസികളുടെ ആഹാരച്ചെലവ്, അലവൻസുകൾ, യൂണിഫോം, നൈറ്റ് ഡ്രസ്സ്, ബെഡ്ഷീറ്റ് തുടങ്ങിയ വിദ്യാർഥികൾക്ക് ആവശ്യമായവ വാങ്ങിനൽകുന്നുണ്ട്. വിദ്യാർഥികൾക്ക് ട്യൂഷൻ സമ്പ്രദായവും അവരുടെ രാത്രികാല പഠന മേൽനോട്ടങ്ങൾക്കായി മേട്രൺ- കം-റസിഡന്റ് ട്യൂട്ടർമാരെയും ഏർപ്പെടുത്തിയിട്ടുണ്ട്.

### പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലുള്ളവർക്ക് തൊഴിൽ കണ്ടെത്താൻ സഹായം

49 (2803) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. ചാണ്ടി ഉമ്മൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലുള്ളവർക്ക് തൊഴിൽ നൽകാൻ എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**സ്വയംതൊഴിൽ പദ്ധതി**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂന്ന് ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പത്തുകയുടെ 1/3 സബ്സിഡി പരമാവധി 1 ലക്ഷം രൂപ അനുവദിക്കുന്നു.

**സ്റ്റാർട്ടപ്പ് ഡ്രീംസ്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല ഇക്കാര്യത്തിൽ പരിചയ സമ്പത്തുള്ളതും സംരംഭകത്വ ആവാസവ്യവസ്ഥ സ്ഥാപിക്കുന്നതിനുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷനാണ്.

**നൈപുണ്യ വികസന പരിശീലനങ്ങൾ**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്. വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനുതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പാക്കിവരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായിച്ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഈ പദ്ധതികൾപ്രകാരം ഉറപ്പാക്കുന്നുണ്ട് .

**സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി**

പത്തോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയസംഘങ്ങൾക്കും 80 ശതമാനമോ അതിനുമുകളിലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 75% തുക (പരമാവധി 10 ലക്ഷം രൂപ) സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഈ പദ്ധതിപ്രകാരം അനുവദിച്ചുനൽകുന്നു.

വിദ്യാസമ്പന്നരായ പട്ടികവർഗക്കാരുടെ എണ്ണം വർധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ പട്ടികവർഗ യുവജനങ്ങളുടെ തൊഴിൽ പങ്കാളിത്തം വർധിപ്പിക്കുന്നതിനും സ്വയംപര്യാപ്തരാക്കുന്നതിനുമായി ധാരാളം പ്രവർത്തനങ്ങൾ പട്ടികവർഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.+

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി 50,000/- രൂപ മുതൽ 25,00,000/- രൂപവരെ പദ്ധതി തുകയുള്ള വിവിധ സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പ്രസ്തുത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതികളെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം അനുബന്ധം 2 ആയി ചേർക്കുന്നു.+

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന സഹകരണ ഫെഡറേഷന്റെ അംഗസംഘങ്ങളായ പട്ടികജാതി സംഘങ്ങൾക്ക് സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുവേണ്ടി ഫെഡറേഷനിൽനിന്നും ധനസഹായം നൽകിവരുന്നുണ്ട്.

ഫെഡറേഷന്റെ അംഗസംഘങ്ങളായ പട്ടികവർഗ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഫെഡറേഷനിൽ പദ്ധതി നിലവിലുണ്ട്. കേന്ദ്രസർക്കാരിൽനിന്നും ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ അനുവദിക്കുന്ന തുക ഫെഡറേഷൻ അംഗസംഘങ്ങൾക്ക് വനവിഭവ ശേഖരണ പ്രവർത്തനം നടത്തുന്നതിന് വിനിയോഗിക്കുന്നു. വനവിഭവ ശേഖരണം നടത്തുന്ന പട്ടികവർഗ വിഭാഗങ്ങൾക്ക് ശേഖരണമാർഗങ്ങൾ അംവലംബിക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള പരിശീലനം, ഉപകരണങ്ങളുടെ വിതരണം എന്നിവയും നടപ്പാക്കിയിട്ടുണ്ട് .

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത വിഭാഗത്തിലുള്ളവർക്ക് സ്വയംതൊഴിൽ കണ്ടെത്താൻ പ്രത്യേക സഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂന്ന് ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 1/3 സബ്സിഡി പരമാവധി 1 ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതിയും പത്തോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയസംഘങ്ങൾക്കും 80 ശതമാനമോ അതിനുമുകളിലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 75% തുക (പരമാവധി 10 ലക്ഷം രൂപ) സംഘങ്ങൾക്ക് അനുവദിക്കുന്ന പദ്ധതിയും വകുപ്പ് നടപ്പാക്കി വരുന്നുണ്ട്.

സംസ്ഥാനത്തെ പട്ടികവർഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അവർക്കിടയിലെ സംരംഭകത്വം

പ്രോത്സാഹിപ്പിക്കുന്നതിനുമായി സംരംഭകത്വ വികസന പരിപാടി പട്ടികവർഗ വികസന വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. വ്യക്തിഗത/സംഘങ്ങളായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതാണ് പദ്ധതി.

സ്വയംതൊഴിൽ ചെയ്യുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുകയെന്ന സഹായമാണ് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ വിഭാഗത്തിലുള്ളവർക്ക് ചെയ്തുവരുന്നത് .

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന സഹകരണ ഫെഡറേഷന്റെ പട്ടികജാതി വിഭാഗത്തിലുള്ള അംഗസംഘങ്ങളിലെ സ്വാശ്രയ ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് ടി ഗ്രൂപ്പുകൾ മുഖാന്തരം സ്വയംതൊഴിൽ കണ്ടെത്താൻ സാധിക്കുന്നുണ്ട്. പട്ടികവർഗ വിഭാഗത്തിലുള്ള അംഗസംഘങ്ങളിലെ ഗ്രൂപ്പുകൾക്ക് വനവിഭവ ശേഖരണത്തിന് വായ്പ നൽകിവരുന്നു.

## ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കിടയിലെ തൊഴിലില്ലായ്മ

50 (2804) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോഴ്സുകളുൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികജാതി പട്ടികവർഗ വിഭാഗക്കാരുടെയിടയിൽ തൊഴിൽരഹിതരായവരുടെ എണ്ണം വർധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

(എ&ബി) ഉണ്ട്. ഇവർക്ക് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ നൽകുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## പട്ടികവർഗം

സർക്കാർ വകപ്പകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ നൽകുന്നതിന്റെ ഭാഗമായി പട്ടികവർഗ വികസന വകുപ്പിനുകീഴിലെ ഓഫീസുകളിൽ സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളായ 200 യുവതീയുവാക്കൾക്ക് പ്രതിമാസം 18000 രൂപ നിരക്കിൽ അക്രെഡിറ്റഡ് എഞ്ചിനീയർമാരായി തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട് (നിലവിൽ 177 പേർ സേവനം അനുഷ്ഠിച്ചുവരുന്നു).

കൂടാതെ ഓഫീസുകളിൽ തൊഴിൽ പരിശീലനത്തിനായി പ്രതിമാസം 10,000/- രൂപ ഹോണറേറിയം നിരക്കിൽ ഓഫീസ് മാനേജ്മെന്റ് ട്രെയിനികളായി 140 പേരും വകുപ്പ് ആവിഷ്കരിക്കുന്ന പദ്ധതികൾ യഥാസമയം ഗുണഭോക്താക്കൾക്കിടയിലെത്തിക്കുന്നതിനായി ഫീൽഡുതലത്തിൽ പ്രതിമാസം 13,500/- രൂപ നിരക്കിൽ 1,182 പേർ എസ്.ടി. പ്രൊമോട്ടർമാരായും 29,535/- രൂപ നിരക്കിൽ 54 പേർ കമ്മിറ്റഡ് സോഷ്യൽ വർക്കർമാരായും സേവനം അനുഷ്ഠിച്ചുവരുന്നു. മതിയായ വിദ്യാഭ്യാസ യോഗ്യതയുണ്ടായിട്ടും തൊഴിൽ ലഭിക്കാത്ത പട്ടികവർഗക്കാരെ

വകുപ്പിന്റെ സാമൂഹ്യ പഠനമുറികളിൽ പ്രതിമാസം 15,000/- രൂപ നിരക്കിൽ 364 പേർ ഫെസിലിറ്റേറ്റർമാരായും 326 പേരെ പ്രതിദിനം 750/- രൂപ നിരക്കിൽ (പ്രതിമാസം പരമാവധി 21,900/- രൂപ) മെന്റർ ടീച്ചർമാരായും നിയമിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ വിഭാഗത്തിലെ നിയമ ബിരുദധാരികളായ 25 യുവതീയുവാക്കൾക്ക് പ്രതിമാസം 18,000/- രൂപ ഹോണറേറിയം നിരക്കിൽ മുതിർന്ന അഭിഭാഷകർക്കൊപ്പം ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടത്തിവരുന്നുണ്ട്. നഴ്സിംഗ് ബിരുദം/ഡിപ്ലോമ/പാരാമെഡിക്കൽ യോഗ്യതയുള്ള 54 പട്ടികവർഗ യുവതീയുവാക്കൾ ട്രൈബൽ പാരാമെഡിക്സ് പദ്ധതിയുടെ ഭാഗമായി പ്രതിമാസം 18,000/- രൂപ നിരക്കിലും പബ്ലിക് ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജുവരെയുള്ള വിവിധ ആശുപത്രികളിൽ സേവനമനുഷ്ഠിച്ചുവരുന്നു.

## പട്ടികജാതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലയ്ക്കനുസൃതമായ തൊഴിൽപരിചയവും പരിശീലനവും

നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് TRACE (TRAINING FOR CAREER EXCELLENCE). വിവിധ പഠന മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഉദ്യോഗാർഥികൾക്ക് വകുപ്പിന്റെതന്നെയും മറ്റ് വകുപ്പുകളുടെയും പ്രവർത്തനങ്ങളിൽ പങ്കാളികളാകുകവഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിനും കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാക്കുന്നതിനും സാധിക്കുന്നു. എഞ്ചിനീയറിംഗ്, മെഡിക്കൽ, നിയമം, സോഷ്യൽ വർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ പരിശീലനത്തിനും പ്രവൃത്തിപരിചയത്തിനും അവസരമൊരുക്കുന്നു. പരമാവധി രണ്ടുവർഷംവരെയാണ് പരിശീലനത്തിന് നിയോഗിക്കുന്നത്.

TRACE (TRAINING FOR CAREER EXCELLENCE) പദ്ധതിപ്രകാരം നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

എഞ്ചിനീയറിംഗ് വൈദഗ്ധ്യം ആവശ്യമുള്ള വകുപ്പിന്റെ പദ്ധതികളുടെ നിർവഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് B.Tech/Diploma/ITI പഠനം പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർമാരായി നിയമിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിയമ ബിരുദധാരികളായ, എൻറോൾ ചെയ്ത യുവതീയുവാക്കൾക്ക് അഡ്വക്കേറ്റ് ജനറൽ ഓഫീസിലും ജില്ലാ കോടതികളിലും സ്പെഷ്യൽ കോടതികളിലും ഗവൺമെന്റ് പ്ലീഡർമാരുടെ കീഴിൽ പ്രായോഗിക പരിശീലനം നൽകി തങ്ങളുടെ കരിയറിൽ മികവ് തെളിയിക്കുന്നതിനും മികച്ച അഭിഭാഷകരായി രൂപപ്പെടുത്തുന്നതിനുമായി ലീഗൽ അസിസ്റ്റന്റുമാരായി നിയമനം നൽകിയിട്ടുണ്ട്.

വകുപ്പിന്റെ പദ്ധതികളുടെ നിർവഹണത്തിൽ പങ്കാളികളാക്കി ജോലി പരിചയം ആർജിക്കുന്നതിനും വികസന പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കുന്നതിനും സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദമുള്ളവരെ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരായി (CSW) നിയമിച്ചിട്ടുണ്ട്.

ഹെൽത്ത് സെന്ററുകൾ, താലൂക്ക് ഹോസ്പിറ്റലുകൾ/താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലുകൾ, ജനറൽ ഹോസ്പിറ്റലുകൾ, ജില്ലാ ഹോസ്പിറ്റലുകൾ & പാലക്കാട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് ബിരുദം/ഡിപ്ലോമ യോഗ്യതയുള്ള യുവതീയുവാക്കളെ അപ്രന്റീസ് നഴ്സായും Directorate of Medical Education അംഗീകരിച്ച മെഡിക്കൽ കോഴ്സുകൾ പാസായ യുവതീയുവാക്കളെ പാരാമെഡിക്കൽ അപ്രന്റീസായും നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 44 ഐ.ടി.ഐ.-കളിൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന ബിരുദധാരികളും Computer Assistant and Programming Assistant (COPA), മലയാളം കമ്പ്യൂട്ടിംഗിലെ അറിവ് എന്നീ അധിക യോഗ്യതയുള്ളവരുമായ ഉദ്യോഗാർഥികൾക്ക് ഒരു വർഷക്കാലയളവിലേയ്ക്ക് അപ്രന്റീസ് ക്ലാർക്കുമാരായി നിയമനം നൽകുന്നു.

- പട്ടികജാതി വിഭാഗത്തിലെ ബിരുദധാരികളും കുറഞ്ഞത് 6 മാസ കോഴ്സ് കാലാവധിയുള്ള പി.എസ്.സി. അംഗീകാരമുള്ള കമ്പ്യൂട്ടർ കോഴ്സ് പാസ്സായതും തൊഴിൽരഹിതരുമായ യുവതീയുവാക്കൾക്ക് ഓഫീസ് ജോലികളിൽ പരിശീലനം നൽകി അവരുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനും അതുവഴി മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനും പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഒരു തൊഴിൽ പരിശീലന പദ്ധതി എന്ന നിലയിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ ´ക്ലറിക്കൽ അസിസ്റ്റന്റ് പരിശീലന പദ്ധതി നടപ്പാക്കിവരുന്നു.

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>പട്ടികവർഗം</u>

പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാനും തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- **തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ.**

അഭ്യസ്തവിദ്യരായ പട്ടികവർഗ യുവതീയുവാക്കൾക്ക് അവരവരുടെ താൽപര്യത്തിനും അഭിരുചിക്കുമനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ സംസ്ഥാന കേന്ദ്ര/അന്താരാഷ്ട്ര അംഗീകാരമുള്ള പരിശീലന സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകി. ആയത് വിജയകരമായി പൂർത്തിയാക്കിയവർക്ക് തൊഴിൽദാതാക്കളുമായി ചേർന്ന് പ്ലേയ്സ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി പല സ്ഥാപനങ്ങളിലും തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ സാധിച്ചിട്ടുണ്ട്. ഏവിയേഷൻ മേഖലയിലെ എയർലൈൻ കസ്റ്റമർ സർവീസ്, എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ്, ഓട്ടോ മൊബൈൽ മേഖലയിലെ കോഴ്സുകൾ, കമ്പ്യൂട്ടർ

ആൻഡ് ഡിജിറ്റൽ മീഡിയ മേഖലയിലെ കോഴ്സുകൾ, ടൂറിസം ആൻഡ് ഹോട്ടൽ മാനേജ്മെന്റ് മേഖലയിലെ കോഴ്സുകൾ എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇതിലൂടെ ഒട്ടനവധി പട്ടികവർഗ കുടുംബങ്ങളിൽ തൊഴിൽ ലഭ്യതയും വരുമാനവും ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ പ്രതിവർഷം രണ്ടുപേർക്ക് കൊമേഴ്സ്യൽ പൈലറ്റ് പരിശീലനവും നടത്തിവരുന്നു.

- **സർക്കാർ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ**

പട്ടികവർഗ വികസന വകുപ്പിനുകീഴിലെ ഓഫീസുകളിൽ സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളായ 200 യുവതീയുവാക്കൾക്ക് പ്രതിമാസം 18,000 രൂപ നിരക്കിൽ അക്രെഡിറ്റഡ് എഞ്ചിനീയർമാരായി തൊഴിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

കൂടാതെ ഓഫീസുകളിൽ തൊഴിൽ പരിശീലനത്തിനായി ഓഫീസ് മാനേജ്മെന്റ് ട്രെയിനികളായും പദ്ധതികൾ യഥാസമയം പട്ടികവർഗക്കാർക്കിടയിലെത്തിക്കുന്നതിനായി ഫീൽഡുതലത്തിൽ എസ്.ടി. പ്രൊമോട്ടർമാരായും ധാരാളംപേർ സേവനമനുഷ്ഠിച്ചുവരുന്നു. മതിയായ വിദ്യാഭ്യാസ യോഗ്യതയുണ്ടായിട്ടും തൊഴിൽ ലഭിക്കാത്ത പട്ടികവർഗക്കാരെ

വകുപ്പിന്റെ മെന്റർ ടീച്ചർ പദ്ധതിയിലും സാമൂഹ്യ പഠനമുറികളിൽ ഫെസിലിറ്റേറ്റർമാരായും കുടുംബശ്രീ ആനിമേറ്റർമാരായും സാക്ഷരതാ പ്രവർത്തനങ്ങൾക്കുള്ള പ്രേരക്മാരായും ഹോണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ വിഭാഗത്തിലെ നിയമ ബിരുദധാരികളായ യുവതീയുവാക്കൾക്ക് പ്രതിമാസം 18,000 രൂപ ഹോണറേറിയം നിരക്കിൽ മുതിർന്ന അഭിഭാഷകർക്കൊപ്പം ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതിയും നടത്തിവരുന്നുണ്ട്.

- **വിദ്യാഭ്യാസ യോഗ്യത കുറഞ്ഞവർക്കുള്ള പദ്ധതികൾ**

വിദ്യാഭ്യാസം ഇടയ്ക്കുവച്ച് നഷ്ടപ്പെട്ട പട്ടികവർഗ സങ്കേതങ്ങളിലുള്ളവർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുകയെന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഗോത്രജീവിക പദ്ധതിയുടെ ഭാഗമായി കെട്ടിടനിർമ്മാണം, പെയിന്റിംഗ്, പ്ലംബിംഗ് തുടങ്ങിയ നിർമ്മാണ മേഖലയിലെ വിവിധതലങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. അവരെ ചെറു സംഘങ്ങളായി രജിസ്റ്റർ ചെയ്ത് നിർമ്മാണസാമഗ്രികൾ വാങ്ങുന്നതിന് ധനസഹായം അനുവദിച്ച് നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കാൻ

പ്രാപ്തരാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പട്ടികവർഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അവർക്കിടയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു സംരംഭത്തിന് പരമാവധി 10 ലക്ഷം രൂപ ധനസഹായം നൽകുന്ന സംരംഭകത്വ വികസന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്.

**പട്ടികജാതി**

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാനും തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- **സ്വയംതൊഴിൽ പദ്ധതി**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂന്ന് ലക്ഷം രൂപവരെയുള്ള വായ്പകൾക്ക്, വായ്പത്തുകയുടെ 1/3 സബ്സിഡി പരമാവധി 1 ലക്ഷം രൂപ അനുവദിക്കുന്നു.

- **സ്റ്റാർട്ടപ്പ് ഡ്രീംസ്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, സപ്പോർട്ട് എന്നീ മെന്റർഷിപ്പ് സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല ഇക്കാര്യത്തിൽ പരിചയ സമ്പത്തുള്ളതും ആവാസവ്യവസ്ഥ സ്ഥാപിക്കുന്നതിനുള്ള സർക്കാരിന്റെ പരിചയ സംരംഭകത്വ കേരള നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷനാണ്. പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്ക്കർ ഭവനിൽ 5000 ചതുരശ്ര അടി സ്ഥലം 133.10 ലക്ഷം രൂപ വിനിയോഗിച്ച് ആവശ്യമായ സൗകര്യങ്ങളോടെ ഇങ്കുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽനിന്ന് ഈടാക്കുന്നത്. പരിജ്ഞാനമുള്ളവരിൽനിന്നും സാങ്കേതിക മെന്റർമാരുടെ സേവനമുൾപ്പെടെ മികച്ച ഉൽപന്നം വികസിപ്പിക്കുന്നതിനും മികച്ച രീതിയിൽ അവ വിപണനം

നടത്തുന്നതിനുമുള്ള മാർഗനിർദേശം, വിവിധ നൈപുണ്യവികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നൂതന ആശയമോ ഉൽപന്നമോ ഉള്ളവരെയാണ് മേൽ പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ടപ്പിനുമായി അനുവദിക്കുന്ന സൗകര്യങ്ങളിൽ അടിസ്ഥാന അതിവേഗ ഇന്റർനെറ്റും പ്ലഗ് ആൻഡ് പ്ലേ വർക്ക് സ്റ്റേഷനും കോൺഫറൻസ് മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. പ്രീ ഇങ്കുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവുവരെയും ഇങ്കുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് പരിശീലനം നൽകിവരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതുമാണ്. കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ സംസ്ഥാന സർക്കാർ

നൽകിവരുന്ന യുവസംരംഭകത്വ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയുടെ ഭാഗമാകുന്നവർക്കും ലഭ്യമാണ്. പർച്ചേസ്/വർക്ക് ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട് വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിലെ സംരംഭകർക്കും ലഭ്യമാണ്.

- **നൈപുണ്യ വികസന പരിശീലനങ്ങൾ**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് വകുപ്പ് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്. വിവരസാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനുതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പാക്കിവരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന

സ്ഥാപനങ്ങളുമായിച്ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഈ പദ്ധതികൾ പ്രകാരം ഉറപ്പാക്കുന്നുണ്ട്.

- **സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി**

പത്തോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയസംഘങ്ങൾക്കും 80 ശതമാനമോ അതിനുമുകളിലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 75% തുക (പരമാവധി 10 ലക്ഷം രൂപ) സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഈ പദ്ധതിപ്രകാരം അനുവദിച്ചുനൽകുന്നു.

**കരാർ നിയമനങ്ങളിലെ സംവരണ തത്വങ്ങൾ**

**51(2805)** **ശ്രീ. എ. പി. അനിൽ കുമാർ:** താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ ഏജൻസികളിലും നടക്കുന്ന കരാർ നിയമനങ്ങളിൽ സംവരണ തത്വങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്ത് സംവിധാനമാണ് വകുപ്പിൽ നിലവിലുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

**<u>പട്ടികവർഗ വികസന വകുപ്പ്</u>**

പട്ടികവർഗ വികസന വകുപ്പിൽ നടക്കുന്ന കരാർ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗങ്ങൾക്ക് മുൻഗണന നൽകിവരുന്നുണ്ട്.

**<u>പട്ടികജാതി വികസന വകുപ്പ്</u>**

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭ്യമാകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് കരാർ നിയമനങ്ങൾ നടത്തുന്നത്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അധ്യാപകർ, കുക്ക് എന്നീ തസ്തികകളിൽ പത്രപ്പരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് പ്രവൃത്തി പരിചയം, വിഷയത്തിലുള്ള പ്രാവീണ്യം, അഭിമുഖത്തിൽ ലഭിക്കുന്ന മാർക്ക് തുടങ്ങിയവ

പരിഗണിച്ച് മൊത്തം മാർക്കിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ടവർക്ക് പ്രത്യേകം ഗ്രേസ്മാർക്ക് നൽകി മുൻഗണന നൽകിവരുന്നു.

**പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപെട്ട ജീവനക്കാരുടെ വിവരങ്ങൾ**

52(2807) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിലുണ്ടെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ വിവരം അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിലുണ്ടെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ വിവരം അനുബന്ധം - II ആയി ചേർത്തിരിക്കുന്നു+.

**കായംകുളം മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പദ്ധതികൾ**

53(2808) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും എത്ര തുക വീതം ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളും എത്ര തുക വീതം ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കായംകുളം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളൊന്നുംതന്നെ നിലവിലില്ല.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം മണ്ഡലത്തിൽ പട്ടികവർഗ വികസന വകുപ്പിനുകീഴിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളും നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളും എത്ര തുക വീതം ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**2021-22 – ഇല്ല.**

**2022-23 – ആകെ ചെലവഴിച്ച തുക - 1,49,000/-**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. പട്ടികവർഗ വിദ്യാർഥികൾക്ക് അധ്യയന വർഷം പ്രാരംഭച്ചെലവ് ധനസഹായം പദ്ധതി - 4,000/- രൂപ.

2. ചെണ്ടമേളം ഗ്രൂപ്പിന് ധനസഹായം - 90,000/- രൂപ

3. ലോട്ടറി കച്ചവടം നടത്തുന്ന പട്ടികവർഗക്കാർക്ക് ധനസഹായം - 15,000/- രൂപ

4. തൊഴിലുപകരണങ്ങൾ വിതരണം – 40,000/- രൂപ.

**2023-24 –** ആകെ ചെലവഴിച്ച തുക - 15,000/-

പട്ടികവർഗ വിദ്യാർഥികൾക്ക് പ്രാരംഭച്ചെലവ് - 15,000/-

**2024-25-**വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ :-

2024-25 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി ശിപാർശ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതികൾ കായംകുളം മണ്ഡലത്തിലെ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

1. പട്ടികവർഗ വിദ്യാർഥികൾക്കുള്ള ധനസഹായ പദ്ധതി.

2. തൊഴിലുപകരണങ്ങൾ വാങ്ങൽ പദ്ധതി.

3. മരംവെട്ട് പണിയായുധങ്ങൾ നൽകൽ പദ്ധതി.

4. കക്കൂസ് നിർമ്മാണത്തിന് ധനസഹായം.

5. പി.എസ്.സി. പരീക്ഷാ പരിശീലന പദ്ധതി.

**മലപ്പുറം ജില്ലയിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നടത്തിയ പ്രവൃത്തികൾ**

54(2809) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ച് 2023-24 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ച് 2023-24 സാമ്പത്തിക വർഷം 1,51,44,000/- (ഒരു കോടി

അൻപത്തിയൊന്ന് ലക്ഷത്തി നാൽപ്പത്തിനാലായിരം രൂപ മാത്രം) രൂപയുടെ 11 പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) ഇതിൽ പ്രസ്തുത സാമ്പത്തിക വർഷം കൊണ്ടോട്ടി മണ്ഡലത്തിൽനിന്നും എത്ര പ്രൊപ്പോസലുകൾ ലഭിച്ചുവെന്ന വിവരവും ഓരോ പ്രൊപ്പോസലിലും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

2023-24 സാമ്പത്തിക വർഷം കൊണ്ടോട്ടി മണ്ഡലത്തിൽനിന്നും 7 പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു+.

**മലപ്പുറം മണ്ഡലത്തിൽ അനുവദിച്ച എസ്.സി./എസ്.റ്റി. കോർപ്പസ് ഫണ്ടുകൾ**

55(2810) <u>ശ്രീ. പി. ഉബൈദുള്ള:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2016-17 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം മണ്ഡലത്തിൽ അനുവദിച്ച എസ്.സി./എസ്.റ്റി. കോർപ്പസ് ഫണ്ടുകളുടെ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും നിലവിലെ പുരോഗതിയും വിശദമാക്കാമോ;

(സി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദേശം നൽകുമോ?

(എ-സി) 2016-17 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ വികസന വകുപ്പ് മലപ്പുറം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് പദ്ധതികളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ല.

2016-17 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് മലപ്പുറം മണ്ഡലത്തിൽ അനുവദിച്ച കോർപ്പസ് ഫണ്ടുകളുടെ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ഓരോ പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും നിലവിലെ പുരോഗതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നിർദേശവും നൽകിയിട്ടുണ്ട്.

**പയ്യന്നൂർ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പദ്ധതികൾ**

56(2811) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പ്, 2023-24 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിൽനിന്നും പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിൽപ്പെട്ട ചെങ്ങറ നഗറിൽ കിണർ ഫ്ലഷിംഗ് ആൻഡ് ഹാന്റ് പമ്പ് റിപ്പയറിംഗ് എന്ന പദ്ധതിക്കായി 23,000/- (ഇരുപത്തിമൂവായിരം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ഭൂജല വകുപ്പ്

മുഖേന നടത്തുന്ന പ്രസ്തുത പദ്ധതിക്ക് ഈ സാമ്പത്തിക വർഷം തുക ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

പട്ടികവർഗ വികസന വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പെരിങ്ങോം-വയക്കര പഞ്ചായത്തിലെ വങ്ങാട് നഗർ നിവാസിയും റിക്കറ്റ്സ് രോഗബാധിതനായി ചികിത്സയിൽ കഴിയുന്നതുമായ വേണുഗോപാലൻ ഇ. വി. എന്നയാൾക്കും കുടുംബത്തിനും താറാവ് വളർത്തൽ സംരംഭം തുടങ്ങാൻ 80,000/- (എൺപതിനായിരം രൂപ മാത്രം) രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചു.

2. 35,42,550/- (മുപ്പത്തിയഞ്ച് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി അഞ്ഞൂറ്റിയമ്പത് രൂപ മാത്രം) രൂപ ചെലവഴിച്ച് നിർമ്മിച്ച ചെറുപുഴ ഗ്രാമപഞ്ചായത്തിലെ കാനം വയൽ സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അധികമായി ആവശ്യമുള്ള 15,24,000/- (പതിനഞ്ച് ലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം) രൂപയ്ക്കുകൂടി അനുമതി

ലഭ്യമാക്കിയിട്ടുണ്ട്. അതിന് നടപ്പുവർഷം ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**കുന്നത്തുനാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

57(2812) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും ഇതിനായി വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കാമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികവർഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നിലവിൽ പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഇതിനായി വകയിരുത്തിയ തുക സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്+. പ്രസ്തുത പദ്ധതികൾ ആറ് മാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കളീക്കൽ കല്ലുപാറ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി**

58(2813) <u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വിതുര ഗ്രാമപഞ്ചായത്തിൽ കോർപ്പസ് ഫണ്ട് മുഖേന ഭരണാനുമതി ലഭിച്ച കളീക്കൽ-കല്ലുപാറ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പണി പൂർത്തീകരിക്കുന്നതിനുള്ള നിലവിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) കളീക്കൽ - കല്ലുപാറ റോഡ് പ്രവൃത്തി ചെയ്യുന്നതിനായി 26-07-2023-ൽ കരാർ വയ്ക്കുകയും 05-08-2023-ൽ വർക്ക്സൈറ്റ് കൈമാറി നൽകിയിട്ടുള്ളതുമാണ്. നിലവിൽ കരാർപ്രകാരമുള്ള നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

വനപ്രദേശമായതിനാൽ മെറ്റീരിയൽ സൈറ്റിലെത്തിക്കുന്നതിനും സ്റ്റോക്ക് ചെയ്യുന്നതിനും ബുദ്ധിമുട്ട് നേരിട്ടിരുന്നു. ഫോറസ്റ്റ് അധികൃതരുടെ സഹായത്തോടെ റോഡിന് സമീപത്ത് വിവിധയിടങ്ങളിൽ മെറ്റീരിയൽ സ്റ്റോക്ക് ചെയ്ത് പ്രശ്നം പരിഹരിച്ചു. തുടരെയുള്ള മഴമൂലം പ്രവൃത്തി പലതവണ തടസ്സപ്പെട്ടിരുന്നതും പ്രവൃത്തി നടക്കുന്നവേളയിൽ വന്യമൃഗശല്യം ഉണ്ടായിട്ടുള്ളതിനാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ തടസ്സം നേരിട്ടിട്ടുള്ളതുമാണ്. എന്നാൽ ഇത്തരം പ്രതികൂല സാഹചര്യങ്ങളെ

തരണം ചെയ്ത്, ഫോറസ്റ്റ് അധികൃതരുടെയും പ്രദേശവാസികളുടെയും സഹായത്തോടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

**അരൂർ മണ്ഡലത്തിൽ അനുവദിച്ച എസ്.സി./എസ്.ടി. കോർപ്പസ് ഫണ്ടുകൾ**

59(2814) ശ്രീമതി ദലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിൽ അരൂർ മണ്ഡലത്തിൽ അനുവദിച്ച എസ്.സി./എസ്.ടി. കോർപ്പസ് ഫണ്ടുകളുടെ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടുപയോഗിച്ച് നടപ്പാക്കിയ ഓരോ പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിൽ അരൂർ മണ്ഡലത്തിൽ അനുവദിച്ച എസ്.സി. കോർപ്പസ് ഫണ്ടുകളുടെ വിവരങ്ങളും ഓരോ പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും

സംബന്ധിച്ച വിവരങ്ങളും പഞ്ചായത്തടിസ്ഥാനത്തിൽ അനുബന്ധം I ആയി ചേർക്കുന്നു+.

പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു+.

(സി) പാണാവള്ളി പഞ്ചായത്ത് 13-ാം വാർഡിൽ പൊറ്റേത്തറ കോളനിയിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പാണാവള്ളി പഞ്ചായത്ത് 13-ാം വാർഡിൽ പൊറ്റേത്തറ നഗറിൽ (പട്ടികജാതി) കോർപ്പസ് ഫണ്ടുപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രൊപ്പോസൽ ലഭ്യമായിരുന്നു. എന്നാൽ പ്രസ്തുത പ്രൊപ്പോസലിൽ ന്യൂനതയുള്ളതിനാൽ അത് പരിഹരിക്കുന്നതിനായി ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് മടക്കി നൽകിയിരിക്കുകയാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനായി അരൂർ മണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചെന്നും ആയതിൽ എടുത്ത തീരുമാനവും വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനായി അരൂർ മണ്ഡലത്തിൽനിന്ന് 13 അപേക്ഷകളും 2024-25 സാമ്പത്തിക വർഷത്തിൽ 4 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകളിലെടുത്ത തീരുമാനത്തിന്റെ വിശദവിവരങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു+.

2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനായി അരൂർ മണ്ഡലത്തിൽനിന്നും ലഭ്യമായ അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

**2023-24 വർഷത്തെ പദ്ധതികൾ**

| | | |
|---|---|---|
| 1. | പട്ടികവർഗ വിദ്യാർഥികൾക്ക് പ്രാരംഭച്ചെലവ് ധനസഹായം - 2 അപേക്ഷകൾ ലഭ്യമായതിൽ 5,000/- രൂപ വീതം 2 പേർക്ക് 10,000/-രൂപ അനുവദിച്ചു. | 10,000/- രൂപ |
| 2. | ടോയിലെറ്റ് നിർമ്മാണം - 5 പേരുടെ അപേക്ഷകൾ | 75,000/- |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| | ലഭ്യമായി. അതിൽ 5 പേർക്കും 25,000/- രൂപ നിരക്കിൽ വിവിധ ഗഡുക്കളായി ആകെ 75,000/- രൂപ അനുവദിച്ചു. | രൂപ |
| 3. | ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ - ഒരു അപേക്ഷ ലഭ്യമായി. ടിയാൾക്ക് 46,354/- രൂപ അനുവദിച്ചു . | 46,354/- രൂപ |

**2024-25 വർഷത്തെ പദ്ധതികൾ**

2024-25 വർഷത്തെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി ശിപാർശ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതികൾ അരൂർ മണ്ഡലത്തിലെ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ടി മണ്ഡലത്തിൽനിന്നും അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയവ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

1. പട്ടികവർഗ വിദ്യാർഥികൾക്കുള്ള ധനസഹായ പദ്ധതി

2. തൊഴിലുപകരണങ്ങൾ വാങ്ങൽ പദ്ധതി

3. മരംവെട്ട് പണിയായുധങ്ങൾ നൽകൽ പദ്ധതി

4. കക്കൂസ് നിർമ്മാണത്തിന് ധനസഹായം

5. പി.എസ്.സി. പരീക്ഷാ പരിശീലന പദ്ധതി

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

60(2815) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സംസ്ഥാന സിലബസല്ലാതെ മറ്റ് സിലബസുകൾ പിന്തുടരുന്ന വിദ്യാലയങ്ങൾ എത്രയെണ്ണമുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ സംസ്ഥാന സിലബസുകളല്ലാതെ മറ്റ് സിലബസുകൾ പിന്തുടരുന്ന വിദ്യാലയങ്ങളൊന്നുമില്ല.

പട്ടികവർഗ വികസന വകുപ്പിനുകീഴിലുള്ള 6 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സി.ബി.എസ്.ഇ. സിലബസാണ് പിന്തുടർന്നുവരുന്നത്.

(ബി) പട്ടികജാതി വിദ്യാർഥികൾക്കും പട്ടികവർഗ വിദ്യാർഥികൾക്കുവേണ്ടിയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽനിന്നും കഴിഞ്ഞ മൂന്ന് അധ്യയന വർഷങ്ങളിൽ പഠനം നിർത്തിപ്പോയ വിദ്യാർഥികളുടെ എണ്ണം എത്രയാണെന്ന് ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽനിന്നും 37 വിദ്യാർഥികൾ വീടിനടുത്തുള്ള സ്കൂളുകളിൽ പഠനം തുടരുന്നതിനായി ടി.സി. വാങ്ങിയിട്ടുണ്ട്. ടി വിദ്യാർഥികൾ മറ്റ് സ്കൂളുകളിൽ തുടർപഠനം നടത്തിവരുന്നു.

പട്ടികവർഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽനിന്നും 141 വിദ്യാർഥികൾ ടി.സി. വാങ്ങി മറ്റ് വിദ്യാലയങ്ങളിലേയ്ക്ക് പോയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പ്രസ്തുത സ്കൂളുകളിൽ ജോലിയെടുക്കുന്ന താൽക്കാലിക ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് സ്കൂളുകൾ, തസ്തിക തിരിച്ച് വിവരം ലഭ്യമാക്കാമോ?

താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു+.

(ഡി) പ്രസ്തുത സ്കൂളുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന്റെ മാനദണ്ഡവും നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പത്രമാധ്യമങ്ങളിൽക്കൂടി പരസ്യം നൽകിയാണ് പട്ടികജാതി വികസന വകുപ്പിൽ അധ്യാപകർ, അനധ്യാപകർ എന്നിവരുടെ അപേക്ഷ സ്വീകരിക്കുന്നത്. അധ്യാപകരുടെ ഇന്റർവ്യൂ നടത്തുന്നത് ജില്ലാകളക്ടർ അധ്യക്ഷനായ സമിതിയാണ്. അനധ്യാപകരുടെ ഇന്റർവ്യൂ നടത്തുന്നത് ജില്ലാ പട്ടികജാതി വികസന ഓഫീസർ അധ്യക്ഷനായ സമിതിയാണ്.

പട്ടികവർഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിലെ താൽക്കാലിക അധ്യാപക ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ച് ജില്ലാകളക്ടറുടെ അധ്യക്ഷതയിൽ രൂപീകരിച്ച സമിതി കൂടിക്കാഴ്ച നടത്തി യോഗ്യത, മുൻപരിചയം, സ്ഥാപനത്തിൽ താമസിച്ച് പഠിപ്പിക്കുന്നതിനുള്ള താൽപര്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവ പരിഗണിച്ച് യോഗ്യരായവരെ തെരഞ്ഞെടുക്കുന്നു. അനധ്യാപക ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനായി പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറുടെ നിർദേശപ്രകാരം ഐ.ടി.ഡി. പ്രോജക്ട് ഓഫീസർമാർ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരിൽനിന്നും അപേക്ഷ ക്ഷണിക്കുകയും അപേക്ഷ സ്വീകരിച്ച് കൂടിക്കാഴ്ച നടത്തി തൊഴിൽ രംഗത്തെ മുൻപരിചയത്തിന് മുൻഗണന നൽകി യോഗ്യരായവരെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

(ഇ) പ്രസ്തുത സ്കൂളുകളിൽ സർക്കാർ നിയമനം നടത്തേണ്ട തസ്തികകളിൽ ഒഴിഞ്ഞുകിടക്കുന്നവ ഏതെല്ലാമാണെന്ന വിവരം സ്കൂളുകൾ, തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധം - 2 ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഭൂമിയിന്മേലുള്ള ആദിവാസികളുടെ അവകാശം**

61(2816) <u>ശ്രീ. എം. രാജഗോപാലൻ:</u> താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കാനും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കാനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന ലാൻഡ് ബാങ്ക്, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങളെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. ഈ

സർക്കാർ അധികാരത്തിൽ വന്നശേഷം ലാൻഡ് ബാങ്ക് പദ്ധതിക്കായി 26.72 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഇപ്രകാരം ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി 3717 പേർക്ക് 4247.42 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ലഭ്യമാക്കിയ ഭൂമിയുടെ അളവ് (ഏക്കർ) |
|---|---|---|
| വനാവകാശ നിയമം | 2731 | 3937.62 |
| റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണം | 27 | 20.98 |
| ലാൻഡ് ബാങ്ക് പദ്ധതി | 241 | 45.02 |
| നിക്ഷിപ്ത വനഭൂമി വിതരണം | 718 | 243.80 |
| ആകെ | 3717 | 4247.42 |

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി 296 കുടുംബങ്ങൾക്ക് പുതുതായി വീട് അനുവദിക്കുകയും മുൻകാലങ്ങളിൽ അനുവദിച്ചവ ഉൾപ്പെടെ 742 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു.

1990-ലെ കെ.എസ്.റ്റി. ആക്ടുപ്രകാരം സംസ്ഥാനത്തെ പട്ടികവർഗക്കാരുടെ ഭൂമി കൈമാറ്റം നിയന്ത്രിക്കാനും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### പട്ടികവർഗ വിഭാഗക്കാരായ ഗർഭിണികളുടെയും ഗർഭസ്ഥ ശിശുകളുടെയും ആരോഗ്യ സംരക്ഷണം

62(2817) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വിഭാഗത്തിലെ ഗർഭിണികളുടെയും ഗർഭസ്ഥ ശിശുക്കളുടെയും ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നൂതനപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ വിഭാഗത്തിലെ ഗർഭിണികളുടെയും ഗർഭസ്ഥ ശിശുക്കളുടെയും ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി അട്ടപ്പാടി ഉൾപ്പെടെയുള്ള പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രീഷ്യൻ കൺസൾട്ടന്റ്) നിയമിച്ചിട്ടുണ്ട്. കൂടാതെ അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി നടപ്പാക്കിവരുന്ന ഊരിന്റെ താരാട്ട് പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവൽക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പാക്കുകയും അട്ടപ്പാടി മേഖലയിലെ ഗർഭസ്ഥശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോനാറ്റൽ (നവജാത ശിശുസംരക്ഷണ) കിറ്റ് വിതരണം ചെയ്യുന്നതിനായി "സ്നേഹപൂർവം അമ്മയ്ക്ക്" എന്ന പദ്ധതി ആവിഷ്കരിക്കുകയും കിറ്റ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) പട്ടികവർഗ വിഭാഗത്തിലെ നവജാത ശിശുകളുടെയും അവരുടെ അമ്മമാരുടെയും ആരോഗ്യ സംരക്ഷണത്തിനുവേണ്ടി നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാന പട്ടികവർഗ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>ജനനീജന്മരക്ഷാ പദ്ധതി</u>

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അമ്മയ്ക്കും കുഞ്ഞിനുംവേണ്ട പരിചരണം ഉറപ്പാക്കുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ജനനീ ജന്മരക്ഷാ പദ്ധതി. ഈ പദ്ധതിപ്രകാരം ഗർഭാവസ്ഥയിലെ മൂന്നാം മാസം മുതൽ 18 മാസത്തേയ്ക്ക് പ്രതിമാസം 2000/- രൂപ ധസഹായം അനുവദിക്കുന്നു.

<u>വാൽസല്യ സ്പർശം പദ്ധതി</u>

അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ ശിശുമരണങ്ങളിൽ ഏറിയവയും മിൽക്ക് ആസ്പിറേഷൻമൂലമാണെന്ന് ആരോഗ്യ വകുപ്പ്

കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവജാത ശിശുക്കളുടെ അമ്മമാർക്ക് രാത്രികാലങ്ങളിൽ മുലയൂട്ടൽ അപകടരഹിതമാക്കുന്നതിന് സഹായിക്കുന്നതിനായി വേണ്ട പരിശീലനവും അവബോധവും നൽകുന്നതിനായി അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലായി ഒന്നുവീതം ഫീൽഡ് നേഴ്സുമാരെ വാൽസല്യസ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി നിയമിച്ചിട്ടുണ്ട്.

പോഷകാഹാര ലഭ്യത വിവിധ പദ്ധതികളിലൂടെ ഉറപ്പുവരുത്തിയിട്ടുണ്ട്.

പട്ടികവർഗ വികസന വകുപ്പിനുകീഴിലുള്ള കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി കൗൺസിലിംഗ് നൽകിവരുന്നു.

ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ നൽകിവരുന്നു.

സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2500/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്.

പ്രതിരോധ കുത്തിവയ്പ്പ് നൽകൽ, വിളർച്ചയുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കും അയൺ, ഫോളിക് ആസിഡ്, വിറ്റാമിനുകൾ എന്നിവ കൃത്യമായി വിതരണം ചെയ്തുവരികയും ചെയ്യുന്നു.

ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രീഷ്യൻ കൺസൾട്ടന്റ്

അട്ടപ്പാടി ഉൾപ്പെടെയുള്ള പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രീഷ്യൻ കൺസൾട്ടന്റ്) നിയമിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഊരിന്റെ താരാട്ട് പദ്ധതി

അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഊരിന്റെ

താരാട്ട് പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവത്ക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പാക്കിവരുന്നുണ്ട്.

ഊരിന്റെ താരാട്ട് പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി മേഖലയിലെ ഗർഭസ്ഥ ശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോനാറ്റൽ (നവജാത ശിശു സംരക്ഷണ) കിറ്റ് വിതരണം ചെയ്യുന്നതിനായി "സ്നേഹപൂർവം അമ്മയ്ക്ക്" എന്ന പദ്ധതി ആവിഷ്കരിക്കുകയും കിറ്റ് വിതരണം ചെയ്തുവരികയും ചെയ്തിട്ടുണ്ട്.

അട്ടപ്പാടി മേഖലയിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഒറ്റപ്പാലം സബ്കളക്ടറുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും പാലക്കാട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മാസത്തിലൊരിക്കലും കൂടാതെ ബഹുമാനപ്പെട്ട എം.പി., ബഹുമാനപ്പെട്ട എം.എൽ.എ. എന്നിവരുൾപ്പെടുന്ന കോർഡിനേഷൻ സമിതിയുടെ നേതൃത്വത്തിൽ മൂന്നുമാസത്തിലൊരിക്കലും വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പാലക്കാട് മെഡിക്കൽ കോളേജിൽനിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ

സേവനവും അധികമായി ഒരു ആംബുലൻസിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡെസ്ക് രൂപീകരിച്ച്, 24 മണിക്കൂർ സേവനം ലഭ്യമാക്കിവരുന്നുണ്ട്.

അട്ടപ്പാടി ഐ.റ്റി.ഡി.പി.-യുടെ ആംബുലൻസ് സർവീസ് 24 മണിക്കൂർ ലഭ്യമാക്കി.

അട്ടപ്പാടി പി.വി.റ്റി.ജി. മേഖലയിലെ ആരോഗ്യകാര്യങ്ങളിൽ നേരിട്ട് ഇടപെടുന്നതിനായി വകുപ്പിന്റെ കീഴിൽ പുതിയൊരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ സേഫ് പദ്ധതി**

63(2818) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ സേഫ് പദ്ധതിപ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ധനസഹായത്തോടെയുള്ള പ്രവൃത്തികളിൽ എത്രയെണ്ണം ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) 150 പേർക്ക് ധനസഹായം അനുവദിച്ചതിൽ 43 ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) സേഫ് പദ്ധതിയിൽ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

07-11-2022-ലെ സ.ഉ.(സാധാ) നം.1116/2022/പജപവവിവ, 24-04-2023-ലെ സ.ഉ.(സാധാ) നം.499/2023/പജപവവിവ എന്നീ ഉത്തരവുകളിൽ പരാമർശിക്കുന്ന മാനദണ്ഡങ്ങൾപ്രകാരം പട്ടികവർഗ വിഭാഗക്കാരുടെ സേഫ് പദ്ധതിയും 27-09-2022-ലെ സ.ഉ.(സാധാ) നം.990/2022/പജപവവിവ ഉത്തരവിൽ പരാമർശിക്കുന്ന മാനദണ്ഡങ്ങൾപ്രകാരം പട്ടികജാതി വിഭാഗക്കാരുടെ സേഫ് പദ്ധതിയും നടപ്പാക്കിവരുന്നു. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ**

64 (2819) <u>ശ്രീ. പി. കെ. ബഷീർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽനിന്നും വകുപ്പുമന്ത്രിയുടെ ചികിത്സാനിധിയിൽ നിന്നുമുള്ള ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

ഏറനാട് മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വിഭാഗത്തിൽനിന്നും 82 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 82 അപേക്ഷകൾക്കും വകുപ്പുമന്ത്രിയുടെ ചികിത്സാനിധിയിൽനിന്നുമുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

ഏറനാട് മണ്ഡലത്തിൽനിന്നും 2022-23 വർഷം പട്ടികവർഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനായി 5

അപേക്ഷകൾ ലഭ്യമാകുകയും ഇവർക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം ഏറനാട് മണ്ഡലത്തിലെ പട്ടികവർഗക്കാരിൽനിന്നും അപേക്ഷകളൊന്നുംതന്നെ ലഭ്യമായിട്ടില്ല.

(ബി) കുടുംബത്തിന്റെ ഏക വരുമാന ദാതാവ് മരണപ്പെട്ട് നിരാശ്രയരായ പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്ക് വകുപ്പുമുഖേന ആശ്വാസ ധനസഹായമായി നിലവിൽ എത്ര രൂപ നൽകുന്നുവെന്ന് വ്യക്തമാക്കാമോ?

കുടുംബത്തിന്റെ ഏക വരുമാന ദാതാവ് മരണപ്പെട്ട് നിരാശ്രയരായ പട്ടികജാതി കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി നിലവിൽ 2,00,000/- രൂപ അനുവദിച്ചുവരുന്നു. ഏക വരുമാന ദാതാവ് മരണപ്പെട്ട പട്ടികവർഗ കുടുംബങ്ങൾക്കും നിബന്ധനകൾക്ക് വിധേയമായി 2 ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നുണ്ട്.

(സി) ഏറനാട് മണ്ഡലത്തിൽനിന്നും കഴിഞ്ഞ സാമ്പത്തിക വർഷവും നാളിതുവരെയും ആശ്വാസ ധനസഹായത്തിനായി എത്ര അപേക്ഷ

ലഭിച്ചിരുന്നുവെന്നും എത്ര ആളുകൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഏറനാട് മണ്ഡലത്തിൽനിന്നും കഴിഞ്ഞ സാമ്പത്തിക വർഷവും നാളിതുവരെയും ആശ്വാസ ധനസഹായത്തിനായി പട്ടികജാതി വിഭാഗത്തിൽനിന്നും 15 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നിലവിൽ ആർക്കും ധനസഹായം നൽകിയിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണ്.

കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഏറനാട് മണ്ഡലത്തിൽനിന്നും പട്ടികവർഗ വിഭാഗത്തിൽനിന്നും ഏകവരുമാന ദായകന്റെ മരണത്തെത്തുടർന്നുള്ള ധനസഹായത്തിനായി അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതികളിൽനിന്നും ധനസഹായം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കാമോ?

പ്രസ്തുത പദ്ധതികളിൽനിന്നും പട്ടികജാതിക്കാർക്ക് ധനസഹായം അനുവദിക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കാലതാമസമുണ്ടാകുന്നുണ്ട്. ആയതിനാൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

പട്ടികവർഗ വികസന വകുപ്പിൽ ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ യഥാസമയം പരിശോധിച്ച് സമയബന്ധിതമായി ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്.

**വിദ്യാവാഹിനി പദ്ധതി**

65(2820) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാവാഹിനി പദ്ധതിക്കായി വാഹനങ്ങൾ ഓടിയ വകയിൽ ആറ് കോടിയിലധികം രൂപ കുടിശ്ശികയുള്ളതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

വിദ്യാവാഹിനി പദ്ധതിക്കായി വാഹനങ്ങൾ ഓടിയ വകയിൽ 5.63 കോടി രൂപയാണ് നിലവിൽ കുടിശ്ശികയായിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി മുടങ്ങിയതിനാൽ നിരവധി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളുടെ പഠനം പ്രതിസന്ധിയിലാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; അറിയിക്കുമോ?

പ്രസ്തുത പദ്ധതി മുടങ്ങിയതായി ഒരു ജില്ലയിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. വാഹന വാടക അനുവദിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടെങ്കിലും വിദ്യാർഥികളുടെ പഠനം പ്രതിസന്ധിയിലായിട്ടില്ല.

(സി) പ്രസ്തുത ഇനത്തിലുള്ള കുടിശ്ശിക എന്ന് നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിദ്യാവാഹിനി പദ്ധതിയുമായി ബന്ധപ്പെട്ട മുൻവർഷത്തെ കുടിശ്ശികത്തുക നടപ്പുവർഷത്തെ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽനിന്നും അനുവദിച്ചുവരുന്നുണ്ട്.

**പട്ടികജാതി കുടുംബങ്ങൾക്ക് സമാശ്വാസ ധനസഹായ പദ്ധതി**

66(2821) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ പ്രസ്തുത കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ പ്രസ്തുത കുടുംബങ്ങൾക്ക് ധനസസഹായം ലഭ്യമാക്കുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

. മരണപ്പെട്ടയാളുടെ പ്രായം 21-നും 60-നും മധ്യേ ആയിരിക്കണം.

. അപേക്ഷകന്/അപേക്ഷകയ്ക്ക് 21 വയസ്സുവരെ പ്രായമുള്ള മക്കളുണ്ടെങ്കിൽ അപേക്ഷ പരിഗണിക്കുന്നതാണ്.

. 21 വയസ്സിനുമുകളിൽ പ്രായമുള്ള മക്കൾ തൊഴിൽ ചെയ്യാനാകാത്ത സാഹചര്യമുണ്ടെങ്കിൽ (ഭിന്നശേഷിക്കാർ, മറ്റ് രോഗാവസ്ഥ) മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിഗണിക്കുന്നതാണ്.

. മക്കൾ വിദ്യാർഥികളാണെങ്കിലും പ്രായപരിധി കണക്കിലെടുക്കാതെ അപേക്ഷ പരിഗണിക്കുന്നതാണ്.

. മരണം സംഭവിച്ച് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രത്യേക സാഹചര്യമുണ്ടെങ്കിൽ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഒരു വർഷംവരെയുള്ള കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കുന്നതാണ്.

. രണ്ട് വർഷത്തിനുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

. മരണപ്പെട്ട വ്യക്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളാണെങ്കിൽ അപേക്ഷക പട്ടികജാതി വിഭാഗമല്ലെങ്കിലും ധനസഹായം അനുവദിക്കുന്നതാണ്.

. മരണപ്പെട്ട വ്യക്തി പട്ടികജാതി വിഭാഗമല്ലെങ്കിലും അപേക്ഷകൻ/അപേക്ഷക പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തിയാണെങ്കിൽ ധനസഹായം അനുവദിക്കുന്നതാണ്.

. മരണപ്പെട്ട വ്യക്തിയുടെ ഭാര്യ/ഭർത്താവ് പുനർവിവാഹം ചെയ്യുന്ന സാഹചര്യത്തിലും വിവാഹിതരായ മക്കളുള്ള സാഹചര്യത്തിലും ധനസഹായം അനുവദിക്കുന്നതല്ല.

(ബി) 2016 മുതൽ നാളിതുവരെ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത സമാശ്വാസ ധനസഹായം നൽകിയെന്നറിയിക്കാമോ?

2016 മുതൽ നാളിതുവരെ ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്ക് നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി വകുപ്പിൽനിന്നും ധനസഹായം

67(2822) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീടിന്റെ അറ്റകുറ്റപ്പണികൾക്കായി പട്ടികജാതി വകുപ്പിൽനിന്നും ധനസഹായം നൽകിവരുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഭവന നവീകരണം/പൂർത്തീകരണത്തിനായി രണ്ട് ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതി " സേഫ് " എന്ന പേരിൽ വകുപ്പുമുഖേന നടപ്പാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ 27-9-2022-ലെ സ.ഉ.(സാധാ) നം. 990/2022/ പജപവവിവ ആയി ഉൾപ്പെടുത്തിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+).

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അരൂർ മണ്ഡലത്തിലെ സേഫ് പദ്ധതി

68(2823) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ സേഫ് പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന ഭവനങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ&ബി) അരൂർ മണ്ഡലത്തിൽ തൈക്കാട്ടുശ്ശേരി പട്ടണക്കാട് ബ്ലോക്കുകളിലായി SAFE പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽനിന്നും 2022-23 വർഷം 74 പേർക്കും 2023-24 വർഷം 94 പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മണ്ഡലത്തിൽനിന്നും 2022-23 വർഷം പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 6 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിശദാംശങ്ങളും പദ്ധതി പുരോഗതിയും അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഹരിപ്പാട് മണ്ഡലത്തിലെ സൈബർശ്രീ സെന്ററിന്റെ പ്രവർത്തനം

69(2824) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് മണ്ഡലത്തിലെ പട്ടികജാതി വിദ്യാർഥികൾക്ക് സൗജന്യ കമ്പ്യൂട്ടർ പരിശീലനം നൽകാൻ ലക്ഷ്യമിട്ട് സി-ഡിറ്റിന്റെ സഹകരണത്തോടെ സ്ഥാപിച്ചിരുന്ന സൈബർശ്രീ സെന്ററിന്റെ പ്രവർത്തനം നിലയ്ക്കാനിടയായ സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര വിദ്യാർഥികൾക്ക് പ്രസ്തുത സ്ഥാപനത്തിൽനിന്നും പരിശീലനം നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കാമോ;

(സി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനം അടിയന്തരമായി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) ഹരിപ്പാട് മണ്ഡലത്തിലെ സൈബർശ്രീ വഴി വിവിധ കോഴ്സുകളിലായി നാളിതുവരെ 219 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

2019–20 സാമ്പത്തിക വർഷത്തിൽ ടി സ്ഥാപനം വഴി 4 ബാച്ചുകളിലായി 60 കുട്ടികളെ പരിശീലിപ്പിക്കുന്നതിന് 59,48,300/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും 39 പേർ മാത്രമേ പരിശീലനം നേടിയിരുന്നുള്ളൂ. 21 വിദ്യാർഥികൾക്കുകൂടി പരിശീലനം നൽകുന്നതിനായി ടി ഉത്തരവ് റീവാലിഡേറ്റ് ചെയ്ത് നൽകണമെന്ന ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

Covid സാഹചര്യത്തിൽ കുട്ടികൾ ലഭിക്കാതെ വന്നതിനാലാണ് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം നിലയ്ക്കാൻ കാരണമായത്.

**കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ്**

70 (2825) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പശ്ചാത്തല സൗകര്യമുണ്ടായിട്ടും പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയിലുൾപ്പെടുത്തി പ്ലസ് ടു വിഭാഗത്തിനായി അനുവദിച്ച പ്രത്യേക ബ്ലോക്കിന്റെ പണി പൂർത്തീകരിച്ചിട്ടുള്ളതിനാൽ പ്ലസ് ടു കോഴ്സ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ ഹൈസ്കൂളുകൾ, ഹയർസെക്കണ്ടറിയായി ഉയർത്തുന്നതും അധിക ബാച്ചുകൾ അനുവദിക്കുന്നതും പ്രാദേശിക വിദ്യാഭ്യാസ ആവശ്യകതകൂടി പരിഗണിച്ചാണ്. എന്നാൽ കണ്ണൂർ മേഖലാ ഉപമേധാവിയുടെ കാര്യാലയത്തിൽനിന്ന് പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കിയ വിദ്യാഭ്യാസ ആവശ്യകതാ റിപ്പോർട്ടിൽ കാസർഗോഡ്, കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശ ഉൾപ്പെടുത്തിയിരുന്നില്ല.

**നെന്മാറ മണ്ഡലത്തിൽ പട്ടികജാതി വകുപ്പിനുകീഴിൽ തുടങ്ങാൻ പോകുന്ന കാർഷിക കോളേജിന്റെ പ്രവർത്തനം**

71(2826) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ തുടങ്ങാൻ പോകുന്ന കാർഷിക കോളേജിന്റെ പ്രവൃത്തിനിർവഹണം ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) 2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ പ്രസ്തുത കോളേജ് നിർമ്മാണപ്രവൃത്തി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) പട്ടികജാതി വിദ്യാർഥികൾക്കായി പാലക്കാട്, നെന്മാറ കാർഷിക കോളേജ് ആരംഭിക്കുന്നതിനായി കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള ഭൂമിയും കെട്ടിടവും ഏറ്റെടുക്കുന്നതിന് 17 കോടി രൂപയോളം ആവശ്യമാണെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് ഉപധനാഭ്യർഥനയിലുൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാനും കെട്ടിടം ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ധനകാര്യ ഏജൻസികളുമായി ബന്ധപ്പെട്ട് കണ്ടെത്താൻ സാധിക്കുമോയെന്ന കാര്യം

പരിശോധിക്കാനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**കാട്ടാക്കട മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

72 (2827) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ 2016 മെയ് മാസം മുതൽ 2024 മെയ് മാസം വരെ പട്ടികജാതി വികസന വകുപ്പുവഴി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം പേര്, തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ സഹിതം ലഭ്യമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിൽ 2016 മെയ് മാസം മുതൽ 2024 മെയ് മാസം വരെ പട്ടികജാതി വികസന വകുപ്പുവഴി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കായംകുളം മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ കോളനികൾ

73(2828) <u>ശ്രീമതി യു. പ്രതിഭ:</u> താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ എത്ര പട്ടികജാതി, പട്ടികവർഗ കോളനികളുണ്ടെന്നും അവ ഏതെല്ലാമാണെന്നും ഓരോ കോളനികളിലുമുള്ള കുടുംബങ്ങളുടെ എണ്ണവും വ്യക്തമാക്കുമോ?

കായംകുളം മണ്ഡലത്തിലെ പട്ടികജാതി വിഭാഗക്കാർ അധിവസിക്കുന്ന പ്രദേശങ്ങളുടെയും കുടുംബങ്ങളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

കായംകുളം മണ്ഡലത്തിൽ പട്ടികവർഗക്കാർ അധിവസിക്കുന്ന അരുവന്നൂർകുറ്റി, അയ്യൻകോയിക്കൽ എന്നീ രണ്ട് പ്രദേശങ്ങളാണുള്ളത്. അരുവന്നൂർകുറ്റിയിൽ 19 പട്ടികവർഗ കുടുംബങ്ങളും അയ്യൻകോയിക്കലിൽ 6 പട്ടികവർഗ കുടുംബങ്ങളും നിലവിലുണ്ട്. കൂടാതെ, ചിന്നിച്ചിതറിക്കിടക്കുന്ന 86 പട്ടികവർഗ കുടുംബങ്ങൾകൂടി ടി മണ്ഡലത്തിൽ നിലവിലുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി നടപ്പാക്കിയ പദ്ധതികൾ

74(2829) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

കൊയിലാണ്ടി മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

## ആദിവാസികളായ രോഗികളെ ടാക്സി വാഹനങ്ങളിൽ ആശുപത്രികളിൽ എത്തിക്കുന്നതിനുള്ള വാടക

75(2830) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഉൾവനങ്ങളിലോ കോളനികളിലോ താമസിക്കുന്ന ആദിവാസികളായ രോഗികളെ ടാക്സി വാഹനങ്ങളിൽ ആശുപത്രികളിലെത്തിക്കുന്നതിന് സർക്കാർ വാടക നൽകാറുണ്ടോ; വാഹന ഉടമകൾക്ക് ഏത് രീതിയിലാണ് പണം നൽകുന്നതെന്നറിയിക്കാമോ; വിശദമാക്കാമോ?

ഉണ്ട്. ഇപ്രകാരം പട്ടികവർഗ വിഭാഗത്തിൽപ്പെട്ട രോഗികളെ വാഹനങ്ങളിൽ കൊണ്ടുവന്നശേഷം ആ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ഡ്രൈവറുടെ അപേക്ഷ, രസീതി എന്നിവ ബന്ധപ്പെട്ട ആശുപത്രിയിൽ സമർപ്പിക്കുകയും ആയതുപരിശോധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ/ മെഡിക്കൽ കോളേജ് സൂപ്രണ്ടുമാർ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. തുടർന്ന് ടി ഉത്തരവോടുകൂടി വൗച്ചറുകൾ ട്രഷറിയിൽ സമർപ്പിക്കുകയും തുക വാഹന ഡ്രൈവറുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്യുന്നു. വാഹന വാടക എന്തെങ്കിലും സാഹചര്യത്തിൽ ബന്ധപ്പെട്ട ആശുപത്രികളിൽനിന്നും ലഭ്യമായിട്ടില്ലെങ്കിൽ വകുപ്പിലെ ജില്ലാ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അർഹത

പരിശോധിച്ച്, പട്ടികവർഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അടിയന്തര ധനസഹായമായി തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യാവുന്നതാണ്.

(ബി) നിലമ്പൂർ ജില്ലാ ആശുപത്രി, മഞ്ചേരി മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേയ്ക്ക് ആദിവാസികളായ രോഗികളെ ടാക്സി വാഹനങ്ങളിൽ എത്തിച്ചതിന് നിലമ്പൂർ മണ്ഡലത്തിലെ ടാക്സി വാഹനങ്ങൾക്ക് ആകെ എത്ര രൂപയാണ് കുടിശ്ശികയായി നൽകാനുള്ളതെന്ന് ആശുപത്രികൾ തിരിച്ച് അറിയിക്കാമോ; മേൽ ആശുപത്രികളിലെ മെഡിക്കൽ ഓഫീസർമാർ പട്ടികവർഗ വികസന വകുപ്പിലേയ്ക്ക് മേൽ ഇനത്തിൽ പണം ആവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽനിന്നും പട്ടികവർഗ രോഗികളെ നിലമ്പൂർ ജില്ലാ ആശുപത്രി, മഞ്ചേരി മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേയ്ക്ക് ചികിത്സയ്ക്കായി കൊണ്ടുവന്ന വകയിൽ വാഹന വാടകയിനത്തിൽ കുടിശ്ശികയായി നൽകാനുള്ള തുക സംബന്ധിച്ച്

മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്രണ്ട് എന്നിവരിൽനിന്നും ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി 2024-25 വർഷം നടപ്പാക്കുന്നതിനായി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് എന്നിവർ ഫണ്ട് ആവശ്യപ്പെടുകയും നിലവിലെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 1 കോടി രൂപ വീതം പ്രസ്തുത ഓഫീസുകൾക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

(സി) ആദിവാസികളായ രോഗികളെ വിവിധ ആശുപത്രികളിലെത്തിക്കുന്നതിന് ടാക്സി വാഹനങ്ങൾക്ക് വാടക നൽകുന്നതിനായി മുൻകൂട്ടി ഫണ്ട് അനുവദിക്കാറുണ്ടോ; ഈ ആവശ്യത്തിനായി ഇതിനുമുമ്പ് എപ്പോഴെങ്കിലും മുൻകൂട്ടി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി ഹെൽത്ത് സർവീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ആശുപത്രികളിലേയ്ക്ക് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജ് സൂപ്രണ്ടുമാർക്കും നേരിട്ടും സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരവും മുൻകൂട്ടി ഫണ്ട് അനുവദിക്കാറുണ്ട്. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജ്, മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർക്ക് മുൻകൂട്ടി ഫണ്ട് അനുവദിച്ചിട്ടുണ്ട്. 04-05-2024-ലെ വിവിധ ഉത്തരവുകൾപ്രകാരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് എന്നിവർക്ക് 1 കോടി രൂപ വീതം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ഡി) ആദിവാസികളായ രോഗികളെ വിവിധ ആശുപത്രികളിലെത്തിക്കുന്നതിന് നിലമ്പൂർ മണ്ഡലത്തിലെ ടാക്സി വാഹനങ്ങൾക്ക് നൽകുന്ന വാടക എത്ര മാസമായി നൽകിയിട്ടില്ലെന്ന് അറിയിക്കാമോ; അതിന്റെ കാരണം അറിയിക്കാമോ; കൃത്യമായി വാടക

ലഭിക്കാത്തതിനാൽ ടാക്സി ജീവനക്കാർ ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്രണ്ട്, മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരിൽനിന്നും ലഭ്യമായ റിപ്പോർട്ടുകൾപ്രകാരം നിലമ്പൂർ മണ്ഡലത്തിൽനിന്നുള്ള വിവിധ ഡ്രൈവർമാർക്ക് നൽകാനുള്ള വാഹന വാടക സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

കൃത്യമായി വാടക ലഭിക്കാത്തതിനാൽ ടാക്സി ജീവനക്കാർ ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ സാമ്പത്തിക നിയന്ത്രണങ്ങളുടെ ഭാഗമായി കുടിശ്ശികയുണ്ടായിട്ടുണ്ട്. കുടിശ്ശിക തീർക്കുന്നതടക്കമുള്ള ചികിത്സാച്ചെലവുകൾക്കായി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്രണ്ട് എന്നിവർക്ക് 1 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

76(2831) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംബേദ്കർ ഗ്രാമ വികസന പദ്ധതിപ്രകാരം മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം മാവേലിക്കര മണ്ഡലത്തിൽനിന്നും തെറ്റിക്കുഴി (2021-22), പുലിക്കുന്ന് (2021-22), കുരുവിക്കാട് (2022-23), താമരക്കുളം-പുന്നക്കുറ്റി (2023-24) എന്നീ ഗ്രാമങ്ങളെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. തെറ്റിക്കുഴി ഗ്രാമത്തിൽ ഭവന പുനരുദ്ധാരണം, റോഡ് നിർമ്മാണം, പൊതുകിണറിന്റെ അറ്റകുറ്റപ്പണി, വീടുകളുടെ സംരക്ഷണഭിത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. പുലിക്കുന്നിൽ 8 വീടുകളുടെ പുനരുദ്ധാരണം

ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. വീടുകളുടെ സംരക്ഷണഭിത്തി നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. കുരുവിക്കാട് ഗ്രാമ നവീകരണ പദ്ധതിയുടെ എസ്റ്റിമേറ്റ് നിർവഹണ ഏജൻസിയായ എൽ.എസ്.ജി.ഡി. തയ്യാറാക്കിവരുന്നു. താമരക്കുളം-പുന്നക്കുറ്റി ഗ്രാമത്തിന്റെ നവീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർവഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിൽ കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ**

77(2832) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബാലുശ്ശേരി മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നിർമ്മാണം ആരംഭിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്

വിനിയോഗിച്ച് നിർമ്മാണം ആരംഭിച്ച പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കുരാച്ചുണ്ട് പഞ്ചായത്തിലെ കാളങ്ങാലി നാല് സെന്റ് നഗർ കുടിവെള്ള പദ്ധതിപ്രവൃത്തി പൂർത്തീകരിച്ചു.

2. അത്തോളി പഞ്ചായത്തിലെ ചങ്ങരോത്ത് നഗർ നടുവളപ്പിൽ കിണർ നിർമ്മാണം അടങ്കൽത്തുക 9,50,000/- രൂപ. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

പട്ടികവർഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നിർമ്മാണം ആരംഭിച്ച പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉണ്ണിക്കുളം കരിഞ്ചോറ ഗ്രാമം നടപ്പാത നിർമ്മാണം.

2. ചെകിടൻമല ഗ്രാമം കുടിവെള്ള പദ്ധതി ടാങ്ക് സംരക്ഷണഭിത്തി നിർമ്മാണം, വാട്ടർ ടാങ്ക് സംരക്ഷണവേലി നിർമ്മാണം.

(ബി) കോർപ്പസ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ?

പട്ടികജാതി ഉപപദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന പദ്ധതികളിലുള്ള വിടവ് നികത്തുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനാണ് പട്ടികജാതി വികസനത്തിനുള്ള കോർപ്പസ് ഫണ്ട്. 18-09-2014-ലെ സ.ഉ. (കൈ)നം.68/14/പജപവവിവ പ്രകാരമാണ് കോർപ്പസ് ഫണ്ട് പദ്ധതി നടപ്പാക്കിവരുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

പട്ടികവർഗ വിഭാഗക്കാരുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനും അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിനും പട്ടികവർഗ വികസനത്തിനുള്ള കോർപ്പസ് ഫണ്ട് ചെലവഴിക്കുന്നതാണ്. പരമാവധി 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപവരെ റോഡ്, പാലം നിർമ്മാണം ഒഴികെ മറ്റ് പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടുകൂടി ജില്ലകളിൽ നടപ്പാക്കുന്നതാണ്.

(സി) 2024-25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ എത്ര പ്രവൃത്തികളാണ് കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടത്താനുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പ് 2024-25 സാമ്പത്തിക വർഷത്തിൽ ബാലുശ്ശേരി മണ്ഡലത്തിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നടത്തേണ്ട പ്രവൃത്തികളുടെ കാര്യത്തിൽ ഇതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല.

2024-25 സാമ്പത്തിക വർഷത്തിൽ ബാലുശ്ശേരി മണ്ഡലത്തിൽ 3 പ്രവൃത്തികളാണ് പട്ടികവർഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടത്താനുദ്ദേശിക്കുന്നത്.

1. പണിയായുധങ്ങൾ വിതരണപദ്ധതി.

2. സ്വയംതൊഴിൽ ഉപകരണങ്ങൾ വിതരണപദ്ധതി.

3. ചോർച്ചയുള്ള ഭവനങ്ങൾക്ക് ടാർപ്പോളിൻ ഷീറ്റ് വിതരണപദ്ധതി.

നടപ്പുവർഷം ഭരണസമിതി അംഗീകാരം സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ നൽകുന്ന പദ്ധതി പ്രൊപ്പോസൽ, ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭ്യമാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പാക്കുന്നതാണ്.

**ഹാൻഡ് ഹോൾഡിംഗ് സെല്ലിന്റെ പ്രവർത്തനം**

78(2833) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് പട്ടികജാതി വികസന വകുപ്പ് രൂപീകരിച്ച ഹാൻഡ് ഹോൾഡിംഗ് സെൽപ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നതെന്നറിയിക്കാമോ;

(ബി) പ്രസ്തുത സെല്ലിന്റെ പ്രവർത്തനത്തിലൂടെ തൃശ്ശൂർ ജില്ലയിൽ എത്ര പേർക്ക് സഹായം ലഭിച്ചിട്ടുണ്ടെന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സെല്ലിന്റെ സഹായങ്ങൾ ലഭിക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

(എ-സി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ "Project of Mobile app Information and Guidelines for the SC/ST on finger tips” എന്ന പദ്ധതിക്കുകീഴിൽ പ്രവർത്തിച്ചുവന്ന ഹാൻഡ് ഹോൾഡിംഗ് സെൽ വഴി

തൊഴിൽ നൈപുണ്യ പരിശീലനം, ഗദ്ദിക-പട്ടികജാതി സംരംഭകരുടെ ഉൽപന്നങ്ങൾ ആഗോള വിപണിയിൽ വിറ്റഴിക്കുന്നതിനുവേണ്ടി Amazon ഓൺലൈൻ പോർട്ടലിൽ ആരംഭിച്ച ഫോൾഡർ, വകുപ്പ് നടത്തിവരുന്ന പദ്ധതികളുടെയും സേവനങ്ങളുടെയും ബോധവൽക്കരണ ക്ലാസ്സുകൾ, +2 വിദ്യാർഥികൾക്ക് കരിയർ ഗൈഡൻസ്, വകുപ്പ് നടത്തിവരുന്ന പദ്ധതികളുടെയും സേവനങ്ങളുടെയും വിവരങ്ങൾ ലഭ്യമാക്കുന്ന മൊബൈൽ ആപ്പ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തങ്ങൾ നടത്തിവന്നിരുന്നു.

**കോങ്ങാട് മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമ പദ്ധതി**

79(2834) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കൊയിലത്തുംപടി പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ?

കൊയിലത്തുംപടി ഗ്രാമ നവീകരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഇതുവരെ സമർപ്പിച്ചിട്ടില്ല. എത്രയും വേഗം എസ്റ്റിമേറ്റ് നൽകുന്നതിന് നിർദേശം നൽകുന്നതാണ്.

**ഭവനരഹിതരായ പട്ടികജാതി, പട്ടികവർഗ കുടുംബങ്ങൾ**

80(2835) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഭവനരഹിതരായ പട്ടികജാതി, പട്ടികവർഗ കുടുംബങ്ങളുടെ എണ്ണം ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങളിൽ ലൈഫ് മിഷൻ മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ എത്രയാണെന്ന് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വിശദമാക്കാമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിലെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച്

അനുബന്ധം-(1) ആയും+ പട്ടികവർഗ കുടുംബങ്ങളുടെ എണ്ണം ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് അനുബന്ധം - (2) ആയും ചേർക്കുന്നു.+

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

81(2836) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ ഏതെല്ലാം കോളനികളിൽ നവീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുതലപ്ര, വെള്ളൂക്കുന്ന്, വാഴപ്പള്ളി സെറ്റിൽമെന്റ് എന്നീ ഗ്രാമങ്ങളെ അംബേദ്ക്കർ ഗ്രാമ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. അതിൽ മുതലപ്ര, വെള്ളൂക്കുന്ന് എന്നിവയ്ക്ക് നിർവഹണാനുമതി നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നാളിതുവരെയും നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാത്ത പട്ടികജാതി കോളനികൾ ഏതെല്ലാമെന്നും എന്നത്തേയ്ക്ക് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാനാകുമെന്നും ആയത് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ?

മുതലപ്ര, വെള്ളൂക്കുന്ന് എന്നീ ഗ്രാമങ്ങളിൽ എം.ഒ.യു. വച്ചു. പ്രവൃത്തി ആരംഭിക്കുന്നതിനായി ഏജൻസിയായ SILK (Steel Industrials Kerala Limited) ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വാഴപ്പള്ളി സെറ്റിൽമെന്റിൽ ഗുണഭോക്തൃയോഗം ചേർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാമനപുരം മണ്ഡലത്തിലെ വിദ്യാവാഹിനി പദ്ധതി**

82(2837) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ വിദ്യാവാഹിനി പദ്ധതി ഏതെല്ലാം സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ടെന്നും ഓരോ സ്കൂളിലും എത്ര കുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുചുമതല ആർക്കാണ് നൽകിയിരിക്കുന്നത്; വിശദമാക്കാമോ?

പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് വാഹനങ്ങൾ ഏർപ്പാടാക്കുന്നതിനുള്ള ചുമതലയും ഇപ്രകാരം ഏർപ്പാടാക്കുന്ന വാഹനങ്ങളുടെ ലോഗ് ബുക്കുകൾ, ഹാജർപ്പട്ടിക മുതലായവ പരിശോധിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ട ചുമതലയും പ്രഥമാധ്യാപകർക്കാണ്.

ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ/രേഖകൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ച് തുക അനുവദിക്കുന്നതിനായി ജില്ലാ ഓഫീസുകളിലേയ്ക്ക് ശിപാർശ ചെയ്യുന്നു. ജില്ലാ ഓഫീസുകളിൽനിന്നാണ് തുക അനുവദിച്ചുനൽകുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഭൂരഹിതരായിട്ടുള്ള പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾ

83(2838) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നിലവിൽ ഭൂരഹിതരായിട്ടുള്ള പട്ടികജാതി പട്ടികവർഗ കുടുംബങ്ങളുടെയും ഭവനരഹിതരായിട്ടുള്ള കുടുംബങ്ങളുടെയും എണ്ണം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ നിലവിൽ ഭൂരഹിതരായിട്ടുള്ള പട്ടികജാതി കുടുംബങ്ങളുടെയും ഭവനരഹിതരായിട്ടുള്ള പട്ടികജാതി കുടുംബങ്ങളുടെയും എണ്ണം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| ഭൂരഹിതർ | | ഭവനരഹിതർ | |
|---|---|---|---|
| പഞ്ചായത്ത് | നഗരസഭ | പഞ്ചായത്ത് | നഗരസഭ |
| 6984 | 366 | 7047 | 245 |

പാലക്കാട് ജില്ലയിൽ നിലവിൽ ഭൂരഹിതരായിട്ടുള്ള പട്ടികജാതി പട്ടികവർഗ കുടുംബങ്ങളുടെയും ഭവനരഹിതരായിട്ടുള്ള കുടുംബങ്ങളുടെയും എണ്ണം അനുബന്ധം -1 ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത ജില്ലയിൽ 2016 ജൂൺ മുതൽ നാളിതുവരെ വിവിധ പദ്ധതികളിലുൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്ക് വീട്, ഭൂമി എന്നിവ അനുവദിച്ചത് സംബന്ധിച്ചുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ 2016 ജൂൺ മുതൽ നാളിതുവരെ വിവിധ പദ്ധതികളിലുൾപ്പെടുത്തി പട്ടികജാതി കുടുംബങ്ങൾക്ക് വീട്, ഭൂമി എന്നിവ അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് അനുബന്ധം-2 ആയി ചേർക്കുന്നു.+

പ്രസ്തുത ജില്ലയിൽ 2016 ജൂൺ മുതൽ നാളിതുവരെ വിവിധ പദ്ധതികളിലുൾപ്പെടുത്തി പട്ടികവർഗ കുടുംബങ്ങൾക്ക് വീട്, ഭൂമി എന്നിവ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചത് സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.+

**ആലപ്പുഴ എം.ആർ.എസ്. സ്കൂളിന് സ്റ്റേഡിയം**

84(2839) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ എം.ആർ.എസ്.-ന് സ്വന്തമായി എത്ര ഭൂമിയാണുള്ളത്?

9.27 ഏക്കർ ഭൂമി.

(ബി) സംസ്ഥാനതലത്തിൽ കായികമേളയിൽ നിരവധിതവണ മെഡലുകൾ നേടിയ ഇവിടത്തെ കുട്ടികൾക്കാവശ്യമായ പരിശീലന സൗകര്യങ്ങളോ സ്റ്റേഡിയമോ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത സ്കൂളിൽ ഒരു സ്റ്റേഡിയം നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ ജില്ലാ പട്ടികജാതി ക്ഷേമ ആഫീസറെ ചുമതലപ്പെടുത്തിയതിൻപ്രകാരം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഡോ. അംബേദ്കർ മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ അന്തേവാസികളായ വിദ്യാർത്ഥിനികളുടെ സമ്പൂർണ്ണവും സാർവത്രികവുമായ കായികമുന്നേറ്റം മുന്നിൽ കണ്ടുകൊണ്ട് വിശദമായ പ്രൊപ്പോസൽ ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിച്ചിരുന്നു. തീരുമാനം ലഭ്യമായിട്ടില്ല. നിലവിലുള്ള മൈതാനം പുൽത്തകിടി നിർമ്മിച്ചും ചുറ്റും സിന്തറ്റിക് ട്രാക്ക് നിർമ്മിച്ചും നവീകരിച്ചുകൊണ്ട് പവലിയൻ നിർമ്മിക്കുന്നതിനും നിലവിൽ ഉപയോഗയോഗ്യമല്ലാത്ത ഒരു ബാസ്കറ്റ്ബാൾ കോർട്ടും ബാഡ്മിന്റൻ കോർട്ടും നവീകരിച്ചുകൊണ്ട് അതിനുചുറ്റുമുള്ള സ്ഥലം പ്രയോജനപ്പെടുത്തി ഇൻഡോർ

സ്റ്റേഡിയം നിർമ്മിക്കുന്നതിനുമുള്ള നിർദേശങ്ങളാണ് പ്രസ്തുത പ്രൊപ്പോസലിൽ ഉണ്ടായിട്ടുള്ളത്.

**മങ്കട മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികൾ**

85(2840) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തിയ ഓരോ കോളനിയിലേയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഓരോ കോളനിയിലെയും പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള നിർവഹണ ഏജൻസികൾ ഏതെന്നും ഓരോ പ്രവൃത്തിയും എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) ഓരോ കോളനിയിലെയും ഏതെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്നും പ്രവൃത്തികൾ നടപ്പാക്കുന്നതിൽ തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോയെന്നും അറിയിക്കുമോ?

(എ-സി) മങ്കട മണ്ഡലത്തിൽനിന്നും അംബേദ്ക്കർ ഗ്രാമ വികസന പദ്ധതിയിലേക്ക് ഉൾപ്പെടുത്തിയിട്ടുള്ള കളത്തിൽ ചാളക്കൽ അംബേദ്ക്കർ ഗ്രാമം (2016-17), ചൊവ്വണ അംബേദ്ക്കർ ഗ്രാമം (2016-17), അമ്പലപ്പറമ്പ് അംബേദ്ക്കർ ഗ്രാമം (2019-20) എന്നീ പ്രവൃത്തികൾ നിർവഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടിയിൽപ്പറമ്പ് അംബേദ്ക്കർ ഗ്രാമം, കല്ലറാംകുന്ന് അംബേദ്ക്കർ ഗ്രാമം എന്നീ പ്രവൃത്തികൾക്കായി ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിൽ തടസ്സങ്ങളൊന്നും നിലവിലില്ല.

(ഡി) മുഴുവൻ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

MoU ഒപ്പിട്ട് ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങൾ**

86(2841) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ ഗ്രാമ പഞ്ചായത്തിലെ എസ്.സി. കോളനികളായ വിലയവട്ടത്തെയും കിഴക്കെ മഞ്ഞനക്കാടിനെയും ബന്ധിപ്പിച്ചുകൊണ്ട് 1 കോടി 10 ലക്ഷം രൂപ അടങ്കൽ തുകയിൽ നടപ്പാക്കുന്ന ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ ഭാഗമായി പട്ടികജാതി കുടുംബങ്ങൾക്ക് തൊഴിൽ സാധ്യതകളും മറ്റ് വികസന സാധ്യതകളും ഉൾക്കൊള്ളിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകുമോ; വ്യക്തമാക്കുമോ?

(എ&ബി) ഞാറക്കൽ ഗ്രാമ പഞ്ചായത്തിലെ വിലയവട്ട നഗറിനേയും മഞ്ഞനക്കാട് നഗറിനേയും ബന്ധിപ്പിച്ചുകൊണ്ട് നടപ്പാക്കുന്ന ടൂറിസം ചലഞ്ച് പദ്ധതി നിലവിൽ ആസൂത്രണ ഘട്ടത്തിലാണ്. പദ്ധതി നടപ്പാക്കുന്ന മുറയ്ക്ക് അതിന്റെ ഗുണഫലങ്ങൾ ടി പ്രദേശത്തെ പട്ടികജാതി വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന തരത്തിൽ പഞ്ചായത്ത് SCD വിഹിതമുപയോഗിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദേശം നൽകുന്നതാണ്.

**ശാസ്താംപൂവ്വം ട്രൈബൽ കോളനിയിലെ കുടിവെള്ളപ്രശ്നം**

87(2842) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ ശാസ്താംപൂവ്വം ട്രൈബൽ കോളനിയിലെ എഴുപതോളം വരുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ കുടിവെള്ളപ്രശ്നത്തിന് ശാശ്വത പരിഹാരം

കാണുന്നതിനും അവരുടെ വീടുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ ശാസ്താംപൂവ്വം പട്ടികവർഗ പ്രദേശത്തെ കുടുംബങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വനം വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി കുഴൽക്കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. അർഹരായ കുടുംബങ്ങളുടെ വീടുകൾ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കുന്നതിന് ഭവന പൂർത്തീകരണ പദ്ധതിയിലും സേഫ് പദ്ധതിയിലുമുൾപ്പെടുത്തി ധനസഹായം അനുവദിച്ചിട്ടുണ്ട്.

**കുണ്ടറ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതി**

88(2843) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള അംബേദ്ക്കർ ഗ്രാമം പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ ജയന്തി ഗ്രാമം, മുക്കുട് ജയന്തി ഗ്രാമം എന്നിവയെ അംബേദ്ക്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിരുന്നു. അതിൽ ജയന്തി ഗ്രാമത്തിന്റെ എസ്റ്റിമേറ്റ് നിർവഹണ ഏജൻസി സമർപ്പിച്ചിട്ടില്ല. മുക്കുട് ജയന്തി ഗ്രാമ നവീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചു. നിലവിലുള്ള സ്റ്റേജിന്റെ മെയിന്റനൻസ് വർക്കുകൾ ആരംഭിക്കേണ്ടതുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കൊളശ്ശേരി ഗ്രാമത്തിന്റെ ആദ്യ മോണിറ്ററിംഗ് കമ്മിറ്റി 28-01-2024-ന് ചേർന്നു. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**മട്ടന്നൂർ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി**

89(2844) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം മട്ടന്നൂർ മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

മട്ടന്നൂർ മണ്ഡലത്തിലുൾപ്പെട്ട മുയ്യേരി അംബേദ്ക്കർ ഗ്രാമത്തെ 2022-23 വർഷത്തിൽ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

നിർവഹണ ഏജൻസിയായ എൽ.എസ്.ജി.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ കഴിയും.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടികവർഗ വികസന വകുപ്പിന്റെ പദ്ധതികൾ**

90(2845) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പാക്കിയതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പരിധിയിൽ വരുന്ന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ.

1. Wiring Grant

2. Community Hall furniture

3. കുടിവെള്ള പദ്ധതി

4. സ്വയംതൊഴിൽ ഉപകരണങ്ങളുടെ വിതരണം

5. ഭവന പുനരുദ്ധാരണം

6. വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിതരണം

7. ചികിത്സാ ധനസഹായം

8. വിവാഹ ധനസഹായം

9. ജനനി ജന്മരക്ഷ പദ്ധതിയുടെ ആനുകൂല്യ വിതരണം

10. വകുപ്പ് നൽകി വരുന്ന മറ്റ് ആനുകൂല്യങ്ങൾ

(ബി) നടപ്പാക്കിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

ഭവന പുനരുദ്ധാരണത്തിനായി 2023-24-ൽ അനുവദിച്ച ഒന്നാം ഗഡു വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസാനുകൂല്യങ്ങൾ നിശ്ചിത സമയങ്ങളിൽ കൃത്യമായി വിതരണം ചെയ്തുവരുന്നു. അനുവദിച്ച കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 'ജനനീ ജന്മരക്ഷ' പദ്ധതിയുടെ ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്തുവരുന്നു.

**പട്ടികജാതി വിഭാഗങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനായുള്ള പദ്ധതികൾ**

91(2846) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പട്ടികജാതി വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. പട്ടികജാതി വിഭാഗത്തിലെ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി നൈപുണ്യ വികസന പരിശീലന പരിപാടികൾ നടത്തിവരുന്നു.

2. വിദേശ തൊഴിൽ ധനസഹായ പദ്ധതി-വിദേശത്ത് തൊഴിൽ നേടി പോകുന്ന അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീയുവാക്കൾക്ക് യാത്രാ സംബന്ധമായ ചെലവുകൾ നേരിടുന്നതിന് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു.

3. പട്ടികജാതിക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

4. സ്വയംതൊഴിൽ സബ്സിഡി പദ്ധതി, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപവരെയും സ്വയംതൊഴിൽ സബ്സിഡി അനുവദിക്കുന്നു.

5. നടപ്പുസാമ്പത്തിക വർഷം, 'വരുമാന വീട്' എന്ന പുതിയ പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. ടി പദ്ധതിയിലൂടെ

പട്ടികജാതി നഗറുകളിലെ കുടുംബങ്ങളെ, മതിയായ വരുമാനം ലഭിക്കുന്ന വിധത്തിൽ ഉചിതമായ വ്യവസായങ്ങളുടെ/വൻ ഉൽപാദന കേന്ദ്രങ്ങളുടെ/സേവനദാതാക്കളുടെ ഉൽപാദന യൂണിറ്റുകളായി മാറ്റാൻ ഉദ്ദേശിക്കുന്നു.

**പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കുള്ള കേന്ദ്ര ധനസഹായത്തിന്റെ വിനിയോഗം**

92 (2847) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രത്യേക ഘടക പദ്ധതിക്കായുള്ള പ്രത്യേക കേന്ദ്രസഹായത്തിൽ പട്ടികജാതി ജില്ലാ ഓഫീസർമാർക്ക് അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും സറണ്ടർ ചെയ്ത തുകയുടെയും വിശദാംശവും ശതമാനവും ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രസഹായത്തിൽ ജില്ലാ കളക്ടർമാർക്ക് അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും സറണ്ടർ ചെയ്ത തുകയുടെയും വിശദാംശവും ശതമാനവും ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം അനുവദിച്ച സാമ്പത്തിക സഹായത്തിന്റെ വിശദാംശവും ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ച് നൽകുമോ;

(ഡി) പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടിയുള്ള ക്ഷേമ-വികസന പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കുന്നതിൽ ഗുരുതരമായ വീഴ്ചയുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതിത്തുക വിനിയോഗത്തിൽ വീഴ്ച സംഭവിക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ**

93(2848) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ മറ്റുപിന്നാക്ക വിഭാഗങ്ങൾക്ക് നൽകുന്ന സേവനങ്ങളും ക്ഷേമപ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിനായി ഈ

സാമ്പത്തിക വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**പട്ടികവർഗം**

പട്ടികവർഗ വിഭാഗങ്ങൾക്കുള്ള സേവനങ്ങളും ക്ഷേമപ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിനായി നടപ്പുസാമ്പത്തിക വർഷം നടപ്പാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അടിയ, പണിയ, പ്രാക്തനഗോത്രവർഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗക്കാർ എന്നിവർക്കുള്ള പ്രത്യേക പദ്ധതികൾ

2. ഭക്ഷ്യ സഹായ പദ്ധതി

3. കൈത്താങ്ങ്

4. പൂൾഡ് ഫണ്ട് പദ്ധതികൾ

5. അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി.

6. പെൺകുട്ടികൾക്കായുള്ള വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം

7. കോർപ്പസ് ഫണ്ട് പദ്ധതികൾ

8. പട്ടികവർഗ പ്രൊമോട്ടർമാർ

9. ഊരുകൂട്ടങ്ങൾ

10. 'പ്രധാനമന്ത്രി ആദി ആദർശ് യോജന' (പ്രത്യേക കേന്ദ്രസഹായ പദ്ധതികൾ)

11. ഭവനരഹിതർക്ക് ഭവനം

12. ഭവന പുനരുദ്ധാരണം, പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (സേഫ് )

13. പട്ടികവർഗ ക്ഷേമ സ്ഥാപനങ്ങളുടെ ധനസഹായം

14. ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റിൽ നടപ്പാക്കുന്ന പദ്ധതികൾ

15. ഏറ്റവും പിന്നാക്കമായ പട്ടികവർഗക്കാർക്കുള്ള തൊഴിൽ പരിശീലനം

16. പട്ടികവർഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം

17. വിവര വിനിമയ വിദ്യാഭ്യാസ പദ്ധതി (IEC)

18. പ്രതിബദ്ധതയുള്ള സാമൂഹ്യപ്രവർത്തകരുടെ സേവനം

19. കമ്മ്യൂണിറ്റി കിച്ചൺ

20. ലാൻഡ് ബാങ്ക് പദ്ധതി

21. വംശീയ വൈദ്യന്മാർക്ക് ധനസഹായം

22. വയനാട് ഗോത്രഭാഷാ പഠന കേന്ദ്രം

23. പി. കെ കാളൻ കുടുംബക്ഷേമ പദ്ധതി

24. ഗോത്ര വാത്സല്യ നിധി

25. ആറളം സമഗ്ര പാക്കേജ്

26. ഇന്റർനെറ്റ് കണക്റ്റിവിറ്റി

27. അട്ടപ്പാടി കോർപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി-ആറളംഫാം പുനരുദ്ധാരണ പാക്കേജ്

28. കേരള ട്രൈബൽ പ്ലസ് പദ്ധതി

29. ഗോത്ര ജീവിക

30. മില്ലറ്റ് വില്ലേജ്

31. നമത്ത് വെള്ളാമെ പദ്ധതി

32. ഹരിത രശ്മി

33. ഇടമലക്കുടി സമഗ്ര പാക്കേജ്

34. വനാവകാശ നിയമം നടപ്പാക്കൽ

35. അതിക്രമം തടയൽ നിയമപ്രകാരം ധനസഹായം

36. ഉന്നതി-സംരംഭകത്വം വികസന പരിപാടികളും സ്റ്റാർട്ടപ്പുകളും (പുതിയ പദ്ധതി)

37. പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി

38. പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി - 9, 10 ക്ലാസ്സുകളിൽ (75% കേന്ദ്രാവിഷ്കൃത പദ്ധതി)

39. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി

40. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി (കേന്ദ്രസർക്കാർ സ്കോളർഷിപ്പ് പദ്ധതി)

41. ഹോസ്റ്റലുകൾ, എം.ആർ.എസ്സ്.-കൾ

42. വിദേശപഠനത്തിനുള്ള ധനസഹായം

43. അന്യസംസ്ഥാന പഠനസഹായം

44. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി.

45. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

46. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം

47. പട്ടികവർഗ വിദ്യാർത്ഥികൾക്ക് പൊതുപ്രവേശന പരീക്ഷാ പരിശീലനം.

48. ലാപ്ടോപ്പ് വിതരണം

49. സാമൂഹ്യപഠന മുറി

50. ഗോത്രബന്ധു പദ്ധതി

51. വിദ്യാവാഹിനി പദ്ധതി

52. സിവിൽ സർവീസ് പരീക്ഷാ പരിശീലനം

53. ട്യൂട്ടോറിയൽ ഗ്രാന്റ്

54. ഭാരത ദർശൻ (പ്രത്യേക ദുർബല ഗോത്ര വിഭാഗം), സ്കൂൾ/കോളേജ് വിദ്യാർഥികൾക്ക് പഠനയാത്ര

55. രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്

56. വസ്ത്രവിതരണം

57. അനാഥരായ കുട്ടികൾക്കുള്ള സഹായം

58. മോഡൽ പ്രീ സ്കൂളുകളുടെ നടത്തിപ്പ്

59. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ചികിത്സാ ധനസഹായം

60. അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം

61. ആംബുലൻസ് സേവനം, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

62. ജനനി ജന്മരക്ഷാ പദ്ധതി

63. പട്ടികവർഗ ദുരിതാശ്വാസ നിധി, ഏകവരുമാനദായകന്റെ മരണംമൂലം കഷ്ടതയനുഭവിക്കുന്ന കുടുംബങ്ങൾക്ക് ധനസഹായം.

**പട്ടികജാതി**

നിലവിലുള്ള പദ്ധതികൾക്കുപുറമെ നടപ്പുസാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന നൂതന പരിപാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. വരുമാന വീട് (പട്ടികജാതി കോളനികളുടെ സാമ്പത്തിക പുനർ നിർമ്മാണം)-പട്ടികജാതി വിഭാഗങ്ങളിലെ ജനങ്ങളുടെ സ്വാശ്രയത്വവും സാമ്പത്തിക ശക്തീകരണവും പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികജാതി നഗറുകളെ വൻതോതിലുള്ള ഉൽപാദന കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യാൻ ലക്ഷ്യമിടുന്നു.

2. ഏബിൾ കേരള-ഭിന്നശേഷിയുള്ള പട്ടികജാതി വിഭാഗക്കാരുടെ പുനരധിവാസത്തിനും ശക്തീകരണത്തിനും ഊന്നൽ നൽകാൻ ലക്ഷ്യമിടുന്നു.

3. ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ, കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പരിപാടിയിൽ സംരംഭകത്വ, സാമ്പത്തിക ശക്തീകരണ പരിപാടികൾ ആരംഭിക്കുന്നതിന് പട്ടികജാതി അയൽക്കൂട്ടങ്ങൾക്കും (എൻ.എച്ച്.ജി.) ഓക്സിലറി ഗ്രൂപ്പുകൾക്കും സഹായം.

4. അതിദരിദ്രർക്കുള്ള സപ്പോർട്ട് പ്രോഗ്രാം (എസ്.പി.ഇ.പി.) - സംസ്ഥാനതലത്തിൽ അതിദാരിദ്ര്യ നിർമ്മാർജനത്തിനും മൈക്രോ പ്ലാനുകളുടെ നടത്തിപ്പിനുമായി ഒരു സംവിധാനം രൂപീകരിക്കാൻ ലക്ഷ്യമിടുന്നു.

5. ഹോപ്പ് (ഹെൽപ് അവർ പീപ്പിൾ ഇൻ എമർജൻസി)-മാതാപിതാക്കൾ മരണപ്പെട്ട 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള ഒരു പ്രത്യേക പാക്കേജ്.

6. സേവ് ക്ലബ്ബുകൾ (സോഷ്യൽ ആക്ഷൻ ആൻഡ് വോളന്ററി എഡ്യൂക്കേഷൻ)-കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കായും നേതൃത്വ ക്യാമ്പെയിനുകൾ, അവധിക്കാല ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ വിവിധ പരിപാടികൾ ഹാബിറ്റാറ്റുതലത്തിൽ സമൂഹത്തിന്റെ ഉന്നമനത്തിനായി നടത്തുന്നതിനും ഡെവലപ്മെന്റ് ഫെസ്റ്റും അത്തരം പ്രചാരണങ്ങളും സംഘടിപ്പിക്കുന്നതിനുമായി യൂത്ത് ക്ലബ്ബുകൾ രൂപീകരിക്കാനും സംഘടിപ്പിക്കാനും ലക്ഷ്യമിടുന്നു.

7. കേരളത്തിലെ 30.39 ലക്ഷം പട്ടികജാതിക്കാരെയും 26,342 പട്ടികജാതി നഗറുകളെയും ഉൾക്കൊള്ളുന്ന ആൻഡ്രോയിഡ് അധിഷ്ഠിത സാമൂഹിക-സാമ്പത്തിക സർവെ സാധ്യമാക്കുന്നതിന് ഡയറക്ടറേറ്റുതലത്തിൽ ഡാറ്റാ ബാങ്ക് സ്ഥാപിക്കുന്നു.

8. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ് പ്രോഗ്രാമുകൾ.

**പിന്നാക്ക വിഭാഗം**

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**പട്ടികവർഗ വിഭാഗക്കാർക്കുള്ള സൗജന്യ ഭക്ഷ്യധാന്യ വിതരണം**

94 (2849) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദരിദ്രരും അതിദരിദ്രരും ഏറ്റവും കൂടുതലുള്ള പട്ടികവർഗ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള സൗജന്യ ഭക്ഷ്യധാന്യങ്ങളുടെ അളവും അവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുന്ന കാലയളവും സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

പട്ടികവർഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി വകുപ്പ് നടപ്പാക്കുന്ന ഫുഡ് സപ്പോർട്ട് പദ്ധതിയുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഊരുക്കൂട്ടങ്ങളിലൂടെയും എസ്.റ്റി. പ്രൊമോട്ടർമാർ മുഖേനയും ഗുണഭോക്താക്കളെ ബോധ്യപ്പെടുത്തിവരുന്നുണ്ട്.

എ.എ.വൈ. (അന്ത്യോദയ അന്നയോജന), പി.എച്ച്.എച്ച്. (മുൻഗണനാ) കാർഡുകാർക്ക് സൗജന്യ നിരക്കിൽ പ്രതിമാസം ലഭിക്കുന്നതും കൈപ്പറ്റുന്നതുമായ റേഷൻ ഭക്ഷ്യധാന്യത്തിന്റെ അളവ്, ഇനം, നിരക്ക് എന്നിവയും കൈപ്പറ്റാൻ ബാക്കിയുണ്ടെങ്കിൽ ആയതിന്റെ അളവും റേഷൻകാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള മൊബൈൽ നമ്പറിൽ എസ്.എം.എസ്. ആയി അറിയിക്കാറുണ്ട്. എല്ലാ വിഭാഗം കാർഡുകളുടെയും തന്മാസ റേഷൻ വിതരണത്തോത് എല്ലാ റേഷൻകടകളിലും എഴുതി പ്രദർശിപ്പിക്കുന്നുണ്ട്.

(ബി) പട്ടികവർഗ വിഭാഗക്കാരുടെ അജ്ഞതയും ദാരിദ്ര്യവും മുതലെടുത്ത് ഭക്ഷ്യധാന്യ വിതരണത്തിൽ അവരെ കബളിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനുവേണ്ടി പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ഭക്ഷ്യധാന്യ വിതരണത്തിൽ പട്ടികവർഗക്കാരെ കബളിപ്പിക്കുന്നത് സംബന്ധിച്ച പരാതി പട്ടികവർഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യ വിതരണം**

95(2850) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ഏതെല്ലാം ആനുകൂല്യങ്ങളുടെ വിതരണം മുടങ്ങിയിട്ടുണ്ടെന്നും അവ എത്ര കാലമായി മുടങ്ങിയെന്നും വിശദമാക്കുമോ;

(ബി) മുടങ്ങിയ ആനുകൂല്യങ്ങളുടെ വിതരണം എപ്പോൾ പുനരാരംഭിക്കുമെന്ന് വിശദമാക്കുമോ?

(എ&ബി) പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്കോ വ്യക്തികൾക്കോ അനുവദിക്കുന്ന വികസന ക്ഷേമപദ്ധതികളുടെയും വിദ്യാഭ്യാസ പദ്ധതികളുടെയും ആനുകൂല്യ വിതരണം മുടങ്ങിയിട്ടില്ല. ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക റിലീസ് ചെയ്യുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ധനസഹായം അനുവദിച്ചുനൽകുന്നു.

ട്രഷറി നിയന്ത്രണം പോലെയുള്ള കാരണങ്ങൾകൊണ്ട് ഓരോ പദ്ധതികൾക്കും റിലീസ് ചെയ്ത തുകയുടെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത ഗഡു ലഭ്യമാകുന്നതിലുള്ള കാലതാമസം കാരണം വിതരണം താൽക്കാലികമായി വൈകാറുണ്ട്. ഇത്തരത്തിൽ താൽക്കാലികമായ കാലതാമസം സംഭവിക്കുന്നതല്ലാതെ ആനുകൂല്യ വിതരണം മുടങ്ങിയിട്ടില്ല. പദ്ധതികളുടെ കൃത്യത ഉറപ്പാക്കുന്നതിനും സമയബന്ധിതമായി വിതരണം നടപ്പാക്കുന്നതിനുമായി ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ, അർധ-സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ പിന്നാക്ക വിഭാഗ പ്രാതിനിധ്യം**

96(2851) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെ ഉദ്യോഗസ്ഥ പ്രാതിനിധ്യത്തെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലഭ്യമാണ്.

(ബി) സർക്കാർ, അർധ-സർക്കാർ, എയ്ഡഡ്, സ്വയംഭരണ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പിന്നാക്ക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച കണക്കുകൾ തയ്യാറാക്കാൻ പിന്നാക്ക വിഭാഗ കമ്മീഷനുകീഴിൽ ഇ-കാസ്റ്റ് ഡാറ്റാ ബേസ് ഓഫ് എംപ്ലോയീസ് ഇൻ സർവീസ് കേരള എന്ന പേരിൽ ഒരു വെബ് പോർട്ടൽ

പ്രവർത്തിച്ചുവരുന്നുണ്ടോയെന്നും ആയത് പ്രവർത്തനമാരംഭിച്ചിട്ട് എത്ര വർഷമായെന്നും വിശദമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാർ വകുപ്പുകൾ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ e-CDESK (e-Caste Database of Employees in Service Kerala) എന്ന പേരിൽ ഒരു Webportal 2017-ൽ ഡെവലപ്പ് ചെയ്യുകയും 2018 ജൂലൈയിൽ സർക്കാർ വകുപ്പുകളിലെയും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും നോഡൽ ഓഫീസർമാരുടെ പരിശീലനം പൂർത്തിയാക്കി പ്രസ്തുത പോർട്ടലിൽ എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെയും മുഴുവൻ സ്ഥിരജീവനക്കാരുടെ വിവരങ്ങൾ ചേർത്തുവരികയാണ്.

(സി) പ്രസ്തുത വെബ് പോർട്ടലിൽ വിവിധ സർക്കാർ, അർധ സർക്കാർ, സ്വയംഭരണ, എയ്ഡഡ്, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവകലാശാലകൾ, ബോർഡ്/കോർപ്പറേഷനുകൾ എന്നിവയിൽനിന്നും

അപ്‌ലോഡ് ചെയ്യപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ റിപ്പോർട്ട് രൂപത്തിലാക്കി സൂക്ഷിച്ചിട്ടുണ്ടോയെന്നും കൺസോളിഡേറ്റഡ് റിപ്പോർട്ടുകൾ പ്രസ്തുത വെബ്പോർട്ടലിലോ പിന്നാക്ക വിഭാഗ കമ്മീഷന്റെ വെബ്സൈറ്റിലോ നിലവിൽ ലഭ്യമാണോയെന്നും വ്യക്തമാക്കാമോ?

e-CDESK Webportal-ലിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ Category wise, Detailed Community wise report, Department wise report എന്നിവ സൃഷ്ടിക്കാൻ സാധ്യമാണ്. പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) പ്രസ്തുത റിപ്പോർട്ടുകൾ ഇ-കാസ്റ്റ് ഡാറ്റാ ബേസ് ഓഫ് എംപ്ലോയീസ് ഇൻ സർവീസ് കേരള വെബ് പോർട്ടൽ, പിന്നോക്ക വിഭാഗ കമ്മീഷന്റെ വെബ്സൈറ്റ് എന്നിവ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

പ്രസ്തുത റിപ്പോർട്ട് നിലവിൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ട് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പ്രസ്തുത വെബ് പോർട്ടലിലെ തങ്ങളുടെ ലോഗിൻ മുഖേന പിന്നാക്ക വിഭാഗ കമ്മീഷന് സർക്കാർ, മറ്റുവകുപ്പുകളിലെ ജീവനക്കാരുടെ ജാതി, മതം, വകുപ്പ്, നിയമന രീതി, ലിംഗം, കാറ്റഗറി അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യാമെന്നതിനാൽ പ്രസ്തുത ലോഗിൻപ്രകാരം നിലവിൽ ലഭ്യമായ ജീവനക്കാരുടെ ജാതി, സമുദായം, വകുപ്പ് ഇവ തിരിച്ച് റിപ്പോർട്ട് ജനറേറ്റ് ചെയ്തതിന്റെ പകർപ്പ്/പി.ഡി.എഫ്. ലഭ്യമാക്കാമോ; വിശദമാക്കാമോ?

e-CDESK Webportal-ലിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ Category wise, Detailed Community wise report, Department wise report എന്നിവ സൃഷ്ടിക്കാൻ സാധ്യമാണ്. ടി റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**ഗോത്രവർഗ മേഖലയിൽ സ്ത്രീ ശക്തീകരണ പദ്ധതികൾ**

97 (2852) **ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:**

**ശ്രീ. കെ. യു. ജനീഷ് കുമാർ:**

**ശ്രീമതി ശാന്തകുമാരി കെ.:**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ മേഖലയിലെ സ്ത്രീകളുടെ ജീവിതാവസ്ഥകൾ മനസ്സിലാക്കുന്നതിനും അവർക്ക് തുല്യനീതിയും മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളും ഉറപ്പാക്കുന്നതിനും വകുപ്പുതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഒറ്റപ്പെട്ടതും പിന്നോക്കാവസ്ഥയിൽ നിൽക്കുന്നതുമായ എല്ലാ ഗോത്ര മേഖലകളിലെയും സ്ത്രീകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും പൊതുസമൂഹത്തിൽ സ്ത്രീകൾ ആർജിച്ച ശക്തീകരണത്തിനൊപ്പം അവരെയും എത്തിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ?

(എ&ബി) പട്ടികവർഗ വികസന വകുപ്പ് നടത്തിവരുന്ന എല്ലാ പദ്ധതികളിലും പട്ടികവർഗ സ്ത്രീകളുടെ പങ്കാളിത്തവും തുല്യനീതിയും ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്തെ ഒറ്റപ്പെട്ടതും പിന്നോക്കാവസ്ഥയിൽ

നിൽക്കുന്നതുമായ എല്ലാ ഗോത്ര മേഖലകളിലെയും സ്ത്രീകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പൊതുസമൂഹത്തിൽ സ്ത്രീകൾ ആർജിച്ച ശക്തീകരണത്തിനൊപ്പം അവരെയും എത്തിക്കുന്നതിനായി വകുപ്പ് നടത്തിവരുന്ന ക്ഷേമ പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ, ആരോഗ്യമേഖലയിലെ പദ്ധതികൾ തൊഴിലും ഉപജീവനവും നൽകുന്ന പദ്ധതികൾ തുടങ്ങിയവയിലെല്ലാം സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നുണ്ട്. അതിലുപരി പട്ടികവർഗ വികസന വകുപ്പുമുഖേന നടത്തിവരുന്ന "കേരള ട്രൈബൽ പ്ലസ്" പദ്ധതിയിലെ 90% ഗുണഭോക്താക്കളും സ്ത്രീകളാണ്. ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ ഒട്ടനവധി സ്ത്രീകൾക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്തുന്നതിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(സി) വനാന്തര ഊരുകളിലെ റോഡുകളും വഴിവിളക്കുകളും മെച്ചപ്പെടുത്താനും വിദ്യാസമ്പന്നർക്ക് തൊഴിൽസാധ്യത ഉറപ്പാക്കാനും സ്ത്രീകളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

വനാന്തരത്തിലെ പട്ടികവർഗ മേഖലകളിലെ റോഡുകളും വഴിവിളക്കുകളും മെച്ചപ്പെടുത്താനും വിദ്യാസമ്പന്നർക്ക് തൊഴിൽസാധ്യത ഉറപ്പാക്കാനും സ്ത്രീകളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

1. വനാന്തര പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുന്ന പദ്ധതികൾ

2. വിദ്യാസമ്പന്നർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ

3. അഭ്യസ്തവിദ്യരായ പട്ടികവർഗ യുവതീ-യുവാക്കൾക്ക് താൽപര്യത്തിനനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനം നൽകി പ്ലേയ്സ്മെന്റ് മുഖേന തൊഴിൽ ഉറപ്പുവരുത്തുന്നു.

4. ഗർഭിണികൾക്ക് പോഷകാഹാരം ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 2,000/- രൂപ നിരക്കിൽ 18 മാസത്തേക്ക് ധനസഹായം അനുവദിക്കുന്ന 'ജനനി ജന്മരക്ഷ' പദ്ധതി

5. അട്ടപ്പാടിയിലെ ഗർഭിണികളുടെയും ശിശുക്കളുടെയും ആരോഗ്യസുരക്ഷയ്ക്ക് 'ഊരിന്റെ താരാട്ട്' പദ്ധതി

6. സ്ത്രീകളുൾപ്പെടെയുള്ള പട്ടികവർഗക്കാർക്ക് ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് വകുപ്പിന്റെ ഫണ്ടുപയോഗിച്ച് ആരോഗ്യ വകുപ്പുമുഖേന നടപ്പാക്കുന്ന ആരോഗ്യ സുരക്ഷാ പദ്ധതി

7. സ്ത്രീകൾക്ക് പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്ന പദ്ധതികൾ

8. കൗൺസിലിംഗ്

(ഡി) ആദിവാസി ഊരുകളിൽ കുടുംബശ്രീ യൂണിറ്റുകളുടെ ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ മേഖലകളിൽ കുടുംബശ്രീ യൂണിറ്റുകളുടെ ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പാലക്കാട്, അട്ടപ്പാടി ബ്ലോക്കിൽ അഗളി, ഷോളയാർ, പുതൂർ എന്നീ പഞ്ചായത്തുകളിലെ 192 പട്ടികവർഗ മേഖലകൾ കേന്ദ്രീകരിച്ച് 2013 മുതൽ 144 കമ്മ്യൂണിറ്റി കിച്ചണുകൾ പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ വികസന വകുപ്പും വനിതാ-ശിശുക്ഷേമ വകുപ്പും യഥാക്രമം 60:40 അനുപാതത്തിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനത്തിനുള്ള ഫണ്ട് നൽകിവരുന്നു. കുടുംബശ്രീയിൽനിന്നും പുതിയ പദ്ധതികൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കും.

**പിന്നോക്ക വിഭാഗങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ**

98(2853) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നാക്ക വിഭാഗങ്ങൾക്കായി എത്ര സ്റ്റാർട്ടപ്പുകൾ തുടങ്ങിയിട്ടുണ്ട്; ആയതുസംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ?

പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഒ.ബി.സി. പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്ന വായ്പാ പദ്ധതിയാണ് സ്റ്റാർട്ടപ്പ് സ്വയം തൊഴിൽ വായ്പാ പദ്ധതി. പ്രസ്തുത വായ്പയ്ക്ക് പരമാവധി 2 ലക്ഷം രൂപവരെ സബ്സിഡിയായി അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്റ്റാർട്ടപ്പ് വായ്പാ പദ്ധതിപ്രകാരം 151 ഗുണഭോക്താക്കൾക്ക് വായ്പ വിതരണം ചെയ്യുകയും 45 പേർക്ക് സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 മുതൽ എഞ്ചിനീയറിംഗ് ഡിഗ്രി കഴിഞ്ഞവർക്ക് സ്റ്റാർട്ടപ്പ് ആരംഭിക്കുന്നതിനുള്ള പദ്ധതിക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷനിൽനിന്നും ലക്ഷ്യവിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ടപ്പ് വായ്പകൾ നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

(ബി) പിന്നാക്ക വിഭാഗങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതുസംബന്ധിച്ച് എന്തൊക്കെ നിബന്ധനകളാണുള്ളത്; വിശദമാക്കാമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പുമുഖേന പിന്നാക്ക വിഭാഗങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതുസംബന്ധിച്ച നിബന്ധനകളുടെ വിശദീകരണം അനുബന്ധമായി ചേർത്തിരിക്കുന്നു.+

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ സ്റ്റാർട്ടപ്പ് വായ്പാ പദ്ധതിയിൽ വായ്പ ലഭിക്കുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൻ/അപേക്ഷക സംസ്ഥാനത്തെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യക്തി ആയിരിക്കണം.

2. അപേക്ഷകൻ/അപേക്ഷക പ്രൊഫഷണൽ യോഗ്യത നേടിയ നാല്പതു വയസിൽ താഴെയുള്ള ആളായിരിക്കണം. (വിദ്യാഭ്യാസ യോഗ്യതയുമായി ബന്ധപ്പെട്ട മേഖലയിൽ നിയമാനുസൃതമായി സംരംഭം ആരംഭിക്കണം).

3. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പ ലഭിക്കും. ബാക്കി തുക അപേക്ഷകൻ കണ്ടെത്തണം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. വായ്പകൾക്ക് ജാമ്യം ഹാജരാക്കേണ്ടതാണ്.

5. പരമാവധി വായ്പാ തുക 30 ലക്ഷം രൂപ.

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷനിൽനിന്നും പ്രൊഫഷണൽ ഡിഗ്രി/ ഡിപ്ലോമയുള്ളവർക്ക് സ്വന്തമായി സംരംഭം ആരംഭിക്കുന്നതിനുള്ള "പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ടപ് വായ്പ" പദ്ധതിപ്രകാരം പരമാവധി 5 ലക്ഷം രൂപ വസ്തു/ഉദ്യോഗസ്ഥ ജാമ്യത്തിന്മേൽ, വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 8% പലിശ നിരക്കിലാണ് അനുവദിക്കുന്നത്. 60 മാസ തവണകളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്.

(സി) സ്റ്റാർട്ടപ്പ് തുടങ്ങുന്നതിന് എന്തെങ്കിലും ആനുകൂല്യങ്ങൾ പ്രത്യേകമായി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

പിന്നാക്ക വിഭാഗങ്ങൾക്ക് സ്റ്റാർട്ടപ്പ് തുടങ്ങുന്നതിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന ഒ.ബി.സി. പ്രൊഫഷണൽസിനുള്ള സ്വയംതൊഴിൽ വായ്പ എന്ന പദ്ധതിക്കായി പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി

അനുവദിച്ചുവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം സ്റ്റാർട്ടപ്പ് സംരംഭം ആരംഭിക്കുന്നതിന് വായ്പ അനുവദിച്ചവർക്ക്, പിന്നാക്ക വിഭാഗ വികസന വകുപ്പ് നൽകുന്ന Back End സബ്സിഡിയായി, വായ്പാ തുകയുടെ 20%, പരമാവധി 2 ലക്ഷം രൂപവരെ വായ്പ ലഭിക്കും.

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷനിൽനിന്നും സ്റ്റാർട്ടപ്പ് ആരംഭിക്കുന്നതിനായി വായ്പാ പദ്ധതി നിലവിലുണ്ട്.

**പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ വിവിധ ക്ഷേമ പദ്ധതികൾ**

99(2854) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ വിവിധ ക്ഷേമ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക, അനുവദിച്ച തുക,

ചെലവഴിച്ച തുക, ബാക്കിയായ തുക, ലാപ്സായ തുക എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ വിവിധ ക്ഷേമ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽനിന്നും വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക, ബാക്കിയായ തുക, ലാപ്സായ തുക എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ;

(സി) നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ വിവിധ ക്ഷേമ പദ്ധതികൾക്ക് വകയിരുത്തിയ തുക, അനുവദിച്ച തുക എന്നിവ സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം**

100(2855) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തുക അനുവദിച്ചതിന്റെ വിശദാംശം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

**പട്ടികജാതി**

| **ക്രമ. നം.** | **പഞ്ചായത്ത്** | **അനുവദിച്ച തുക** |
|---|---|---|
| 1 | കുന്നത്ത് നാട് | 21,61,500 |
| 2 | ഐക്കരനാട് | 26,60,500 |
| 3 | മഴുവന്നൂർ | 24,15,000 |
| 4 | പുത്തൻകുരിശ് | 34,80,500 |
| 5 | തിരുവാണിയൂർ | 17,05,500 |
| 6 | പൂതൃക്ക | 8,98,000 |

| | | |
|---|---|---|
| 7 | കിഴക്കമ്പലം | 23,85,500 |
| 8 | വാഴക്കുളം | 19,43,500 |
| **ആകെ** | | **1,76,50,000** |

**പട്ടികവർഗം**

| **ക്രമനം.** | **വർഷം** | **പഞ്ചായത്ത്** | **അനുവദിച്ച തുക** |
|---|---|---|---|
| 1 | 2021-22 | പൂതൃക്ക -2<br>വാഴക്കുളം -2 | 4,160 |
| 2 | 2022-23 | പുത്തൻകുരിശ് | 5,000 |
| 3 | 2023-24 | പുത്തൻകുരിശ് - 12<br>വാഴക്കുളം - 8<br>കിഴക്കമ്പലം - 1<br>പൂതൃക്ക - 1 | 53,911<br>37,880<br>5,000<br>5,000 |
| 4 | 2024-25 | പുത്തൻകുരിശ്-2<br>വാഴക്കുളം-1 | 10,000<br>5,000 |
| **ആകെ** | | | **1,25,951** |

(ബി) ദുരിതാശ്വാസ നിധിയിൽനിന്നും തുക അനുവദിക്കുന്നതിനുള്ള അപേക്ഷകളിൽ ഇനി തീർപ്പാക്കാനുള്ളവ എത്രയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ദുരിതാശ്വാസ നിധിയിൽനിന്നും തുക അനുവദിക്കുന്നതിനുള്ള അപേക്ഷകളിൽ ഇനി തീർപ്പാക്കാനുള്ളവ പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

**പട്ടികജാതി**

| ക്രമ നം. | പഞ്ചായത്ത് | തീർപ്പാക്കാനുള്ളവ |
|---|---|---|
| 1 | കുന്നത്ത് നാട് | 31 |
| 2 | ഐക്കരനാട് | 32 |
| 3 | മഴുവന്നൂർ | 28 |
| 4 | പുത്തൻകുരിശ് | 39 |
| 5 | തിരുവാണിയൂർ | 11 |
| 6 | പൂതൃക്ക | 14 |
| 7 | കിഴക്കമ്പലം | 13 |
| 8 | വാഴക്കുളം | 7 |

| | |
|---|---|
| **ആകെ** | **175** |

**പട്ടികവർഗം**

പട്ടികവർഗ വികസന വകുപ്പിൽ കുന്നത്തുനാട് മണ്ഡലത്തിൽനിന്നും സമർപ്പിച്ച അപേക്ഷകളിൽ ഒന്നും തീർപ്പാക്കാനില്ല.

**പിന്നാക്ക സമുദായ വിദ്യാർഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ**

101(2856) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായങ്ങളിലെ വിദ്യാർഥികൾക്ക് നിലവിൽ എന്തെല്ലാം സ്കോളർഷിപ്പുകളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

പിന്നാക്ക സമുദായങ്ങളിലെ വിദ്യാർഥികൾക്ക് നിലവിൽ അനുവദിച്ചുവരുന്ന സ്കോളർഷിപ്പുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവയിൽ കേന്ദ്രസർക്കാരിന്റെ എന്തെങ്കിലും വിഹിതം ഉൾപ്പെടുന്നുണ്ടോ; വിശദാംശം നൽകാമോ?

PM-YASASVI (PM Young Achievers Scholarship Award Scheme for Vibrant) ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്, PM-YASASVI ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് എന്നീ പദ്ധതികൾ 60% കേന്ദ്ര സഹായത്തോടെയാണ് നടപ്പാക്കുന്നത്. ടി പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**പിന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികൾ**

102(2857) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഇതിനായി പ്രസ്തുത കാലയളവിൽ ഓരോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക വർഷത്തെയും ബജറ്റിൽ എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കളിൽ ഏതെല്ലാം സമുദായ വിഭാഗങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) 2024-25 വർഷം പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

(എ-സി) പിന്നാക്ക വിഭാഗ വികസന വകുപ്പിനുകീഴിൽ ഒരു വകുപ്പ് ഡയറക്ടറേറ്റും മൂന്ന് കോർപ്പറേഷനുകളും പ്രവർത്തിച്ചുവരുന്നു. ഇവ മുഖേന പിന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ നടപ്പാക്കിയതും ചെലവഴിച്ചതുമായ പദ്ധതികളുടെയും അവയുടെ ഗുണഭോക്താക്കളായ വിഭാഗങ്ങളുടെയും 2024-25 വർഷം നടപ്പാക്കുന്ന വിവിധ പദ്ധതികളും അവയ്ക്ക് വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായുള്ള പുതിയ പദ്ധതികൾ**

103(2858) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ 65 ശതമാനത്തിലധികം വരുന്ന മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യംവച്ച് 2011-ൽ രൂപീകൃതമായ പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രസ്തുത ജനവിഭാഗങ്ങളുടെ ജീവിത-വിദ്യാഭ്യാസ നിലവാരങ്ങൾ ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധം-2 ആയി ചേർക്കുന്നു.+

പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച പരിവർത്തിത ക്രൈസ്തവർ, പട്ടികജാതിയിലേയ്ക്ക് ശിപാർശ ചെയ്യപ്പെട്ട വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനായി, കുറഞ്ഞ പലിശ നിരക്കിൽ വിവിധ വായ്പാ പദ്ധതികളും, വിവാഹ വായ്പ, സ്വയംതൊഴിൽ വായ്പ, വ്യക്തിഗത വായ്പകൾ, സ്റ്റാർട്ടപ്പ് വായ്പ, കാർഷിക വായ്പകൾ എന്നിവയും കൂടാതെ ടി വിഭാഗത്തിലെ വിദ്യാർഥികൾക്കായി വിദ്യാഭ്യാസ വായ്പകളും വിദ്യാഭ്യാസ പ്രോത്സാഹന/ധനസഹായ/പരിശീലന പദ്ധതികളും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്നുണ്ട്. കൂടാതെ വിദ്യാർഥികൾക്ക് വിദേശ സർവകലാശാലകളിലും സ്ഥാപനങ്ങളിലും പഠനം നടത്തുന്നതിനായി വായ്പ നൽകുന്ന പുതിയ പദ്ധതിയായ വിദേശ പഠന വായ്പാ പദ്ധതിയും ടി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾ, തൊഴിൽരഹിതരായ യുവതീയുവാക്കൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവർക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി അവരെ മികച്ച ജോലികൾ നേടുന്നതിന് പ്രാപ്തരാക്കുന്ന തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം അനുബന്ധം-3 ആയി ചേർക്കുന്നു.+

ഈ സർക്കാർ അധികാരത്തിൽവന്നശേഷം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പുതുതായി നടപ്പാക്കിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. പിന്നാക്ക വിഭാഗത്തിൽപ്പെട്ട വഴിയോര കച്ചവടക്കാർക്കായി ഉണർവ് വായ്പാ പദ്ധതി. സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട വഴിയോര/തെരുവ് കച്ചവടം നടത്തുന്നവരുടെ സാമ്പത്തിക പ്രതിസന്ധിക്ക് ചെറിയ തോതിലെങ്കിലും പരിഹാരം കാണുന്നതിനുള്ള പദ്ധതിയാണിത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഈ വായ്പാ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

പരമാവധി വായ്പാ തുക: 50,000/-

പലിശ നിരക്ക്: 4%

പ്രായപരിധി: 18-65

കുടുംബ വാർഷിക വരുമാനം: 2,50,000-ൽ താഴെ

2. സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട 60 വയസ് അധികരിക്കാത്ത ലൈസൻസും ബാഡ്ജുമുള്ള ഓട്ടോ ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഇലക്ട്രിക്/സി.എൻ.ജി. ഓട്ടോ ടാക്സികൾ വാങ്ങുന്നതിനും തങ്ങളുടെ പെട്രോൾ വാഹനങ്ങൾ സി.എൻ.ജി.-യിലേയ്ക്ക്

മാറ്റുന്നതിനുമുള്ള പുതിയ വായ്പാ പദ്ധതിയാണ് 'ഗ്രീൻ വീൽ സ്വയം തൊഴിൽ' വായ്പാ പദ്ധതി.

പരമാവധി വായ്പാ തുക: 8,00,000/-

പലിശ നിരക്ക്: 7%

പ്രായപരിധി: 18-60

കുടുംബ വാർഷിക വരുമാനം: 2,50,000-ൽ താഴെ

അർഹരായ ഗുണഭോക്താക്കൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിൽനിന്നും സബ്സിഡിയായി വായ്പാത്തുകയുടെ 20% (പരമാവധി 1,00,000/- രൂപ) അനുവദിക്കുന്നതാണ്.

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കിവന്നിരുന്ന വിവിധ വായ്പാ/വായ്പേതര പദ്ധതികൾക്കുപുറമേ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. വിദേശപഠന വായ്പാ പദ്ധതി - 2.5 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള ലക്ഷ്യ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി, വിദ്യാർത്ഥിനികൾക്ക് 3.5 ശതമാനവും വിദ്യാർത്ഥികൾക്ക് 4 ശതമാനം പലിശ നിരക്കിലും, 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 5 ശതമാനവും വിദ്യാർത്ഥിനികൾക്ക് 4.5 ശതമാനം നിരക്കിലും 10 ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്ന പദ്ധതി ആരംഭിച്ചു. ടി വായ്പാ പദ്ധതിപ്രകാരം ലക്ഷ്യ വിഭാഗത്തിൽപ്പെട്ട 2 വിദ്യാർത്ഥികൾ വിദേശ സർവകലാശാലയിൽ പഠനം ആരംഭിച്ചിട്ടുള്ളതുമാണ്.

2. കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിൽപ്പെട്ട നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികളെയുൾപ്പെടുത്തി നടത്തുന്ന തൊഴിലധിഷ്ഠിത പരിശീലന പദ്ധതി ആവിഷ്കരിച്ചു. ടി പദ്ധതിപ്രകാരം വിവിധ കോഴ്സുകളിൽ പരിശീലനത്തിനായി ചേരുന്ന വിദ്യാർത്ഥികളുടെ പൂർണ്ണമായ കോഴ്സ് ഫീസും പ്രതിമാസ സ്റ്റൈപന്റും കോർപ്പറേഷൻ നൽകുന്നതാണ്.

3. കോർപ്പറേഷന്റെ സേവനങ്ങൾ കൂടുതൽ ഗുണഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിലും തൃശ്ശൂരിലും

സബ് ഓഫീസുകൾ ആരംഭിച്ചു. കണ്ണൂർ, പാലക്കാട്, പത്തനംതിട്ട, കൊട്ടാരക്കര എന്നിവിടങ്ങളിൽ സബ് ഓഫീസുകൾ ആരംഭിക്കുന്നതിന് കോർപ്പറേഷൻ ലക്ഷ്യംവയ്ക്കുന്നു.

4. 2006 മാർച്ച് 31 വരെ കാലാവധി തീർന്നതും 2023 മാർച്ച് മാസംവരെ കുടിശ്ശികയുള്ളതുമായ വായ്പകളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കുന്നതിനായുള്ള പദ്ധതിക്ക് സർക്കാർ അനുമതി ലഭ്യമായതിൻപ്രകാരം ടി പദ്ധതി നടപ്പാക്കിയിട്ടുള്ളതാണ്.

5. കോർപ്പറേഷനിൽനിന്നും വായ്പയെടുത്തിട്ടുള്ളവരിൽ മരണപ്പെട്ടുപോയ ഗുണഭോക്താക്കളുടെ വായ്പാ ഫയലിന്മേൽ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി വായ്പ തീർപ്പാക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുള്ളതുമാണ്.

6. കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികളുടെ നിബന്ധനകളും വ്യവസ്ഥകളും ലഘൂകരിച്ചു.

7. ലക്ഷ്യ വിഭാഗത്തിൽപ്പെട്ട കൂടുതൽ ആളുകൾക്ക് കോർപ്പറേഷന്റെ സേവനം ലഭ്യമാക്കുന്നതിനായി വാർഷിക വരുമാനപരിധി 98,000/- രൂപയിൽനിന്നും 2.5 ലക്ഷം രൂപയായി വർധിപ്പിച്ചു.

8. വളരെ കുറഞ്ഞ പലിശ നിരക്കിൽ നൽകിവരുന്ന ഭവന നിർമ്മാണ വായ്പകൾ, വിവാഹം, വ്യക്തിഗത വായ്പകൾ തുടങ്ങിയവയുടെ വായ്പാത്തുക വർധിപ്പിക്കുകയുണ്ടായി.

(സി) പിന്നാക്ക വിഭാഗക്കാർക്ക് ലഭിക്കുന്ന കേന്ദ്ര ഫണ്ട് അർഹരായവർക്കുതന്നെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

PM-YASASVI Pre-metric Scholarship for OBC&EBC (60% CSS), PM-YASASVI Post-matric Scholarship for OBC&EBC (60% CSS) എന്നീ പദ്ധതികൾപ്രകാരം ലഭ്യമാകുന്ന ഫണ്ട് ഇ-ഗ്രാന്റ്സ് & PFMS പോർട്ടലുകൾ മുഖേന അർഹരായവർക്കുതന്നെ അനുവദിച്ചുനൽകുന്നുണ്ട്. ടി കേന്ദ്ര പദ്ധതികൾപ്രകാരം സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിന്മേൽ പദ്ധതി മാനദണ്ഡങ്ങൾക്കും അർഹതയ്ക്കും വിധേയമായി ഒ.ബി.സി.&ഇ.ബി.സി. വിഭാഗം വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തുവരുന്നു. പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് ആയതിന്റെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഇ-ഗ്രാന്റ്സ് പോർട്ടൽ ക്രമീകരിച്ചിരിക്കുന്നത്.

ആയതിനാൽ പ്രസ്തുത ആനുകൂല്യം കൃത്യമായി അർഹരായ ഗുണഭോക്താക്കൾക്കുതന്നെ ലഭിക്കുന്നുണ്ട്.

കേരളത്തിലെ മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവരുടെ സമഗ്ര പുരോഗതിക്കുവേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, ദേശീയ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറഷൻ (NMDFC), ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) എന്നീ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പകൾകൂടി വിനിയോഗിച്ചാണ് വിവിധ പദ്ധതികൾ നടപ്പാക്കുന്നത്. ദേശീയ കോർപ്പറേഷനുകളിൽനിന്നും വായ്പയായി ലഭിക്കുന്ന ഫണ്ട് ടി ദേശീയ കോർപ്പറേഷനുകളുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അർഹരായ ഗുണഭോക്താക്കൾക്ക് വായ്പകളായി വിതരണം ചെയ്യുന്നു.

**സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി**

104(2859) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

സ്റ്റാർട്ടപ്പുകൾക്കായി പട്ടികജാതി വികസന വകുപ്പ് ആരംഭിച്ച സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി 2016-ൽ പ്രവർത്തനം ആരംഭിക്കുകയും ഇതുവരെ 69 സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ നൽകുകയും 3 മാനുഫാക്ച്ചറിംഗ് സ്റ്റാർട്ടപ്പുകൾക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലസൗകര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതികളിലൂടെയുള്ള സഹായംകൂടാതെ പട്ടികജാതി വികസന വകുപ്പ് കേരള സ്റ്റാർട്ടപ്പ് മിഷന് നൽകിയിട്ടുള്ള റിവോൾവിംഗ് ഫണ്ട് മുഖേനയുള്ള പലിശരഹിത വായ്പയും ലഭ്യമാക്കിയിട്ടുണ്ട് .

(ബി) ആലപ്പുഴ ജില്ലയിൽ ഈ പദ്ധതിപ്രകാരം ഏതെല്ലാം സ്റ്റാർട്ടപ്പുകൾ ആരംഭിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

ആലപ്പുഴ ജില്ലയിൽ ഈ പദ്ധതിപ്രകാരം സ്റ്റാർട്ടപ്പുകളൊന്നും ആരംഭിച്ചിട്ടില്ല.

**പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന വായ്പകൾ**

105(2860) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന വായ്പകളും അവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ മുഖേന വിവിധ വായ്പാ പദ്ധതികളിലായി എത്ര പേർക്ക് വായ്പ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

18,650 പേർക്ക് വായ്പ നൽകിയിട്ടുണ്ട്.

(സി) ഇതിനകം എത്ര കോടി രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.+

**ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങൾ**

106(2861) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ, കൊച്ചി, മലബാർ, കൂടൽ മാണിക്യം, ഗുരുവായൂർ ദേവസ്വം ബോർഡുകൾക്കുകീഴിൽ എത്ര ക്ഷേത്രങ്ങളാണ് ആകെയുള്ളതെന്ന് വ്യക്തമാക്കാമോ?

1) തിരുവിതാംകൂർ ദേവസ്വം ബോർഡ് - 1250

2) കൊച്ചിൻ ദേവസ്വം ബോർഡ് - 409

3) മലബാർ ദേവസ്വം ബോർഡ് - 1403

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4) കൂടൽമാണിക്യം ദേവസ്വം ബോർഡ് - 13

5) ഗുരുവായൂർ ദേവസ്വം ബോർഡ് - 12

**ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ.**

107(2862) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡിന്റെ കീഴിൽ കോളേജുകൾ, സ്കൂളുകൾ ഒഴികെ ഏതൊക്കെ സ്ഥാപനങ്ങളുണ്ടെന്നുള്ള കണക്കുകൾ ലഭ്യമാക്കാമോ?

വിവരം അനുബന്ധം - 1 ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം നടപ്പാക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട്, 2015 പ്രകാരം ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷേത്രങ്ങളിലെ പാരമ്പര്യ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ എന്നിവയൊഴികെയുള്ള മറ്റെല്ലാ സ്ഥിരനിയമനങ്ങളും നടത്തേണ്ടത് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ്. ടി ബോർഡുവഴിയുള്ള നിയമനങ്ങളിൽ നിയമാനുസൃതമായ സംവരണം ഏർപ്പെടുത്തിവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിതമായശേഷം എത്ര സ്ഥാപനങ്ങളിൽ, എത്ര ജീവനക്കാർക്ക്, ഏതൊക്കെ തസ്തികകളിൽ നിയമനം നൽകിയെന്നതുസംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിതമായശേഷം 1834 നിയമന ശിപാർശകൾ വിവിധ ദേവസ്വം ബോർഡുകൾക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നൽകിയിട്ടുണ്ട്. ആയതിന്റെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) സംസ്ഥാനത്തെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; എത്ര കരാർ ജീവനക്കാരുണ്ട്; എത്ര ഡെപ്യൂട്ടേഷൻ ജീവനക്കാരുണ്ടെന്നുള്ള കണക്കുകൾ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥിരം ജീവനക്കാർ - 10

കരാർ ജീവനക്കാർ - 3

ഡെപ്യൂട്ടേഷൻ ജീവനക്കാർ - 6

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്ഥലം മാറ്റം**

108(2863) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്ഥലംമാറ്റ മാനദണ്ഡമനുസരിച്ച് സീനിയർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർമാരാക്കണമെന്ന വ്യവസ്ഥ ഈ വർഷത്തെ സ്ഥലംമാറ്റത്തിൽ പാലിക്കുമോയെന്നറിയിക്കുമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 2011 സെപ്റ്റംബർ മാസം 22-ാം തീയതിയിലെ (IA-14710/2011 in Report No.34 in OP No. 3821/1990(S)) ഉത്തരവുപ്രകാരം അംഗീകരിച്ച തിരുവിതാംകൂർ ദേവസ്വം

ബോർഡ് എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങളിൽ സീനിയർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരാക്കണമെന്ന വ്യവസ്ഥയില്ല.

(ബി) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിൽ ജോലിയിൽ പ്രവേശിച്ച് ഒരു വർഷം എ.ഒ., അടുത്തവർഷം ഹെഡ്ഡോഫീസിലെ അസിസ്റ്റന്റ് കമ്മീഷണർ, അടുത്തവർഷം വീണ്ടും എ.ഒ. എന്നിങ്ങനെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അട്ടിമറിച്ച് ഗ്രൂപ്പ് എ.സി. തസ്തികയിൽ നാളിതുവരെ ജോലി നോക്കാത്തവരെ ഈ വർഷത്തെ സ്ഥലംമാറ്റത്തിൽ മാനദണ്ഡപ്രകാരം ഗ്രൂപ്പ് എ.സി.-മാരാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ തൻവർഷത്തെ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലെ സ്ഥലംമാറ്റം നടപ്പാക്കിയിട്ടുള്ളതാണ്. സ്ഥലംമാറ്റ മാനദണ്ഡവും ഭരണപരമായ സൗകര്യവും കണക്കിലെടുത്താണ് സെലക്ഷൻ തസ്തികകളിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനമെടുത്തുവരുന്നത്.

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾക്ക് നൽകിയ തുക**

109(2864) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ ദേവസ്വം ബോർഡുകൾക്കുകീഴിലുള്ള ക്ഷേത്രങ്ങൾക്കായി കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ എത്ര കോടി രൂപയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്കുകീഴിലുള്ള ക്ഷേത്രങ്ങൾക്കായി കഴിഞ്ഞ എട്ടുവർഷത്തിനുള്ളിൽ ആകെ 394,99,34,903/- രൂപ റവന്യൂ (ദേവസ്വം) വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ദേവസ്വം ബോർഡ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 144,96,00,000/-

കൊച്ചിൻ ദേവസ്വം ബോർഡ് - 26,38,33,153/-

മലബാർ ദേവസ്വം ബോർഡ് - 223,50,01,750/-

കൂടൽമാണിക്യം ദേവസ്വം - 15,00,000/-

കൂടാതെ ശബരിമലയുടെ വികസനത്തിനായി ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിക്ക് കഴിഞ്ഞ എട്ടുവർഷത്തിനുള്ളിൽ ആകെ 77,99,41,242/- രൂപകൂടി അനുവദിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച തുകയ്ക്കുപുറമെ ശബരിമലയ്ക്കായി ഓരോ മണ്ഡല-മകരവിളക്ക് തീർഥാടന കാലത്തും പോലീസ്, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകൾ തുക അനുവദിക്കുന്നുമുണ്ട്.

**ദേവസ്വം കമ്മീഷണർക്കെതിരെ നടപടി**

110(2865) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിലെ ദേവസ്വം ജീവനക്കാർക്കുള്ള മെസ്, തീർഥാടകർക്കുള്ള അന്നദാനം എന്നിവയുമായി ബന്ധപ്പെട്ട തട്ടിപ്പിൽ ദേവസ്വം കമ്മീഷണറുടെ ചുമതല വഹിക്കുന്ന

ഡെപ്യൂട്ടി കമ്മീഷണർ വിജിലൻസ് കേസിലെ പ്രതിയാണോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ വിജിലൻസ് കേസിൽ അറസ്റ്റ് ഒഴിവാക്കാൻ ഹൈക്കോടതിയുടെ മുൻകൂർ ജാമ്യമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) നിലവിൽ തിരുവിതാംകൂർ ദേവസ്വം കമ്മീഷണറുടെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ നിലയ്ക്കൽ ദേവസ്വത്തിലെ അന്നദാനവുമായി ബന്ധപ്പെട്ട വിജിലൻസ് കേസിലെ കുറ്റം ചുമത്തപ്പെട്ട വ്യക്തിയാണ്. വിജിലൻസ് കേസിൽ അറസ്റ്റ് ഒഴിവാക്കാൻ ബഹു<u>മാനപ്പെട്ട</u> കേരള ഹൈക്കോടതി ഉത്തരവിൻപ്രകാരം ടിയാൻ മുൻകൂർ ജാമ്യം നേടിയിട്ടുണ്ട്. ദേവസ്വം സ്പെഷ്യൽ റൂൾപ്രകാരം ദേവസ്വം കമ്മീഷണർ തസ്തികയിൽ സ്ഥിരനിയമനത്തിന് വിജിലൻസ് ക്ലിയറൻസ് ആവശ്യമാണ്. ടി ഉദ്യോഗസ്ഥന് പ്രസ്തുത തസ്തികയിൽ താൽക്കാലിക ചുമതല മാത്രമാണ് നൽകിയിട്ടുള്ളത്. ടി തസ്തികയിലേയ്ക്കുള്ള സ്ഥിരനിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ദേവസ്വം സ്പെഷ്യൽ റൂളിൽ ദേവസ്വം കമ്മീഷണർ തസ്തികയ്ക്ക് വിജിലൻസ് ക്ലിയറൻസ് ആവശ്യമാണെന്ന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ?

ആവശ്യമാണ്.

**ശബരിമല ദർശനത്തിന് ഓൺലൈൻ ബുക്കിംഗ്**

111(2866) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദർശനത്തിന് സ്പോട്ട് ബുക്കിംഗ് നിർത്തലാക്കാനും ഓൺലൈൻ ബുക്കിംഗ് മുഖേന സ്ലോട്ട് ലഭിക്കുന്നവർക്ക് മാത്രമായി ദർശനം പരിമിതപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കൊല്ലവർഷം 1200-ലെ ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തിനുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായി ശബരിമല വെർച്വൽ ക്യൂ പ്രതിദിനം 80,000 ആയി നിജപ്പെടുത്തുന്നതിനും സ്പോട്ട് ബുക്കിംഗ്

ഒഴിവാക്കുന്നതിനുമാണ് നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഈ രീതിയിൽ ദർശനം പരിമിതപ്പെടുത്തുന്നത് ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ശബരിമലയിൽ ഭക്തരുടെ തിരക്ക് നിയന്ത്രിക്കുന്നതിൽ സംവിധാനങ്ങൾക്കുണ്ടായ വീഴ്ചകളുടെപേരിൽ വരുംവർഷങ്ങളിൽ ഭക്തജനങ്ങളുടെ ദർശനസൗകര്യം പരിമിതപ്പെടുത്തുന്നതിനുള്ള തീരുമാനം ഉചിതമാണെന്ന് കരുതുന്നുണ്ടോ; ഇക്കാര്യത്തിൽ ഫലപ്രദമായ ബദൽ മാർഗങ്ങൾ ആവിഷ്കരിക്കുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) മുൻവർഷത്തെ തിരക്ക് കണക്കിലെടുത്ത് തിരക്ക് നിയന്ത്രിച്ച്, ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ സുഗമമായി അയ്യപ്പദർശന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായാണ് ഈ രീതി നടപ്പാക്കാൻ തീരുമാനിച്ചതെന്നും ഇക്കാര്യത്തിൽ ഫലപ്രദമായ ബദൽ

മാർഗങ്ങൾ പരിശോധിച്ചുവരുന്നുണ്ടെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എഫ്.എ.ഒ. സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടി**

112(2867) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കഴിഞ്ഞ ഒരു വർഷക്കാലമായി ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസർ സമർപ്പിച്ച എത്ര ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസിൽനിന്നും സമർപ്പിച്ച 22 റിപ്പോർട്ടുകളിന്മേലും കൃത്യമായ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(ബി) എഫ്.എ.ഒ.-യുടെ ഓഡിറ്റ് റിപ്പോർട്ടിൽ ഒരു ലക്ഷം രൂപയിൽ കൂടുതൽ ക്രമക്കേടുള്ളവരുടെ പേരിൽ ക്രിമിനൽ കേസെടുക്കണമെന്ന

ബോർഡ് ഉത്തരവുപ്രകാരം എത്ര ജീവനക്കാരുടെ പേരിൽ ക്രിമിനൽ കേസെടുത്തിട്ടുണ്ടെന്നറിയിക്കാമോ?

ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസറുടെ ഓരോ ഓഡിറ്റ് റിപ്പോർട്ടുകൾക്കും വ്യത്യസ്തമായ സ്വഭാവമാണുള്ളത്. ആയതനുസരിച്ച് കൃത്യമായി ചുമതലപ്പെടുത്തുക തിരികെ അടപ്പിക്കുകയും ക്രിമിനൽ കേസുൾപ്പെടെയുള്ള നടപടികൾ ആവശ്യമുള്ളപക്ഷം കൃത്യമായി നടത്തിവരുന്നതുമാണെന്ന് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(സി) വടക്കൻ പറവൂർ പാട്ടുപുരക്കാവ് ദേവസ്വത്തിൽ ലക്ഷങ്ങൾ അപഹരിച്ച സബ് ഗ്രൂപ്പ് ഓഫീസറെ സസ്പെൻഡ് ചെയ്യാനുള്ള ബോർഡ് ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പണാപഹരണം നടത്തിയതായി കണ്ടെത്തിയ വടക്കൻ പറവൂർ പാട്ടുപുരക്കാവ് ദേവസ്വത്തിലെ സബ് ഗ്രൂപ്പ് ഓഫീസർക്കെതിരെ സസ്പെഷനുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. തുടർന്ന് ടിയാനെതിരെ അച്ചടക്കനടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി ടിയാന് തിരുവിതാംകൂർ ദേവസ്വം ബോർഡ്

കമ്മീഷണർ നോട്ടീസ് നൽകുകയും നോട്ടീസിന് ലഭ്യമായ മറുപടി പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരികയുമാണെന്ന് അറിയിച്ചിട്ടുണ്ട്.

**തിരുവല്ലം പരശുരാമ ക്ഷേത്രത്തിലെ സാമ്പത്തിക അഴിമതിക്കെതിരെ നടപടി**

113(2868) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തിരുവല്ലം പരശുരാമ ക്ഷേത്രത്തിലെ കണക്കുകളിൽ ഇന്റേണൽ ഓഡിറ്റ് നടത്തിയപ്പോൾ സാമ്പത്തിക അഴിമതി കണ്ടെത്തിയ സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഇന്റേണൽ ഓഡിറ്റ് വിഭാഗം തിരുവല്ലം പരശുരാമസ്വാമി ക്ഷേത്രത്തിൽ ഓഡിറ്റ് നടത്തിയതിൻപ്രകാരം സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതും ആയതിന് ചുമതലപ്പെട്ട

ഉദ്യോഗസ്ഥർ തുക ദേവസ്വത്തിലേയ്ക്ക് ഒടുക്കുവരുത്തി ക്രമപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) ഇക്കാര്യത്തിൽ സ്റ്റേറ്റ് ഓഡിറ്റിന്റെയോ സംസ്ഥാന വിജിലൻസിന്റെയോ നേതൃത്വത്തിൽ അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കേരള സംസ്ഥാന ഓഡിറ്റ് വിഭാഗം തിരുവല്ലം ദേവസ്വത്തിൽ 2020-2021 വരെയുള്ള കാലയളവിലെ ഓഡിറ്റ് നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്. സംസ്ഥാന വിജിലൻസിന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തുന്നതിനുള്ള സാഹചര്യം നിലവിലില്ല.

**മദ്യപിച്ച് ഡ്യൂട്ടിക്കെത്തിയ ജീവനക്കാർക്കെതിരെയുള്ള ശിക്ഷാനടപടി**

114(2869) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ ഓഫീസിൽ കഴിഞ്ഞ ആറുമാസക്കാലയളവിൽ വിജിലൻസ് എസ്. പി. എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്നും പ്രസ്തുത റിപ്പോർട്ടുകളിൽ എത്ര റിപ്പോർട്ടുകളിന്മേൽ തുടർനടപടി സ്വീകരിക്കാനാണ് ദേവസ്വം ബോർഡ് ചുമതല നൽകിയതെന്നും ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയതെന്നും വ്യക്തമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് & സെക്യൂരിറ്റി വിഭാഗം സൂപ്രണ്ട് ഓഫ് പോലീസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ ഓഫീസിൽ സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ടുകൾ ടി ഓഫീസുകളിൽനിന്നാണ് തുടർനടപടികൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ഓഫീസിലേയ്ക്ക് നൽകിവരുന്നത്. അപ്രകാരം കഴിഞ്ഞ ഡിസംബർ 2023 മുതൽ മെയ് 2024 വരെ 227 റിപ്പോർട്ടുകൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ഓഫീസിലേയ്ക്ക് നൽകിയിട്ടുണ്ട്. ആയതിന്മേലെല്ലാം തുടർനടപടി സ്വീകരിക്കാൻ ബോർഡ് കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത

റിപ്പോർട്ടുകളിലെ വിഷയത്തിന്റെ തീവ്രതയും ആവശ്യകതയുമനുസരിച്ച് ബന്ധപ്പെട്ട സെക്ഷനുകൾ/ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസ്/ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ് എന്നിവിടങ്ങളിലായി നടപടി സ്വീകരിച്ചുവരുന്നു.

(ബി) ക്ഷേത്രങ്ങളിൽ മദ്യപിച്ച് ഡ്യൂട്ടിക്കെത്തിയ ജീവനക്കാർക്കെതിരെയുള്ള എത്ര വിജിലൻസ് റിപ്പോർട്ടുകളിൽ നടപടി സ്വീകരിച്ചുവെന്നും എത്ര ജീവനക്കാരെ സസ്പെൻഡ് ചെയ്തുവെന്നും എത്ര ജീവനക്കാരെ സ്ഥലംമാറ്റിയെന്നും വ്യക്തമാക്കാമോ?

ക്ഷേത്രങ്ങളിൽ മദ്യപിച്ച് ഡ്യൂട്ടിക്കെത്തിയ 12 ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും 2 പേർക്ക് സ്ഥലംമാറ്റം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) മദ്യപിച്ച് ഡ്യൂട്ടിക്കെത്തിയതുസംബന്ധിച്ച് ഒരേ കുറ്റത്തിന് വ്യത്യസ്തമായ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരമാണ് ഇപ്രകാരം വ്യത്യസ്ത ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന വിശദാംശം വ്യക്തമാക്കാമോ?

ഉദ്യോഗസ്ഥരുടെ/ജീവനക്കാരുടെ സേവനവേതന വ്യവസ്ഥപ്രകാരം വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തുന്ന വിഷയത്തിന്റെ ഗൗരവവും കുറ്റത്തിന്റെ കാഠിന്യവും ബന്ധപ്പെട്ട മേലുദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മദ്യപിച്ച് ഡ്യൂട്ടിക്കെത്തുന്ന ജീവനക്കാർക്കെതിരെ വകുപ്പുതല അടച്ചക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുവായ ഒരു ശിക്ഷയല്ല നടപ്പാക്കിവരുന്നത്. പണിഷ്മെന്റ് ട്രാൻസ്ഫർ, സസ്പെഷൻ എന്നിവ നൽകി തുടർ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

**മലബാർ ദേവസ്വം ബോർഡുവഴി ധനസഹായം**

115(2870) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡുവഴി ആചാരസ്ഥാനികർക്കും കോലധികാരികൾക്കും പ്രതിമാസം നൽകിവരുന്ന ധനസഹായത്തിനായി പുതുതായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

പുതുതായി അപേക്ഷകൾ ക്ഷണിച്ചപ്പോൾ ആചാരസ്ഥാനികരിൽനിന്ന് 481 അപേക്ഷകളും കോലധികാരികളിൽനിന്ന് 74 അപേക്ഷകളും മലബാർ ദേവസ്വം ബോർഡിൽ ലഭിച്ചിട്ടുണ്ട്. ആയത് ബോർഡിന്റെ ശിപാർശ സഹിതം സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് നടപടികൾ ബോർഡുതലത്തിൽ പുരോഗമിച്ചുവരികയാണ്.

(സി) പ്രസ്തുത സഹായ ധന വിതരണത്തിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

2023 ഏപ്രിൽ മാസംമുതലുള്ള കുടിശ്ശിക നൽകാനുണ്ട്. പ്രതിമാസ ധനസഹായ വിതരണത്തിന് 2024-25 വർഷത്തെ ബഡ്ജറ്റിൽ 5.30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് റിലീസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ മലബാർ ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## മലബാർ ദേവസ്വം ബോർഡിന് നൽകിയ ധനസഹായം

116(2871) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം മലബാർ ദേവസ്വം ബോർഡിന് എത്ര കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽനിന്നും മലബാർ ദേവസ്വം ബോർഡിന് അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുവഴി നടത്തിയ നിയമനങ്ങൾ

117(2872) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുവഴി എത്ര നിയമനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുവഴി വിവിധ ദേവസ്വം ബോർഡുകളിലേയ്ക്ക് 817 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ദേവസ്വം ബോർഡിനുകീഴിൽ വരാത്ത ക്ഷേത്രങ്ങൾ**

118 (2873) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) കേരളത്തിൽ ദേവസ്വം ബോർഡിനുകീഴിൽ വരാത്ത ക്ഷേത്രങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവയുടെ ലിസ്റ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിൽ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിൻകീഴിൽ വരാത്ത ധാരാളം സ്വകാര്യ ക്ഷേത്രങ്ങളുണ്ട്. അവയുടെ പട്ടിക തയ്യാറാക്കിയിട്ടില്ല.

(ബി) പ്രസ്തുത ക്ഷേത്രങ്ങൾ നവീകരിക്കുന്നതിനും ജീവനക്കാർക്ക് മാന്യമായ വേതനം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കാമോ?

സ്വകാര്യ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ദേവസ്വം ബോർഡുകൾ തുക അനുവദിക്കാറുണ്ട്. സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് മിനിമം കൂലി നിയമപ്രകാരം വേതനം നിശ്ചയിച്ച് തൊഴിൽ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിവരശേഖരണം പൂർത്തിയായെങ്കിൽ അഴീക്കോട് മണ്ഡലത്തിലെ മേല്പറഞ്ഞ ക്ഷേത്രങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

കേരളത്തിൽ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിൻകീഴിൽ വരാത്ത സ്വകാര്യ ക്ഷേത്രങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല.

**പുതിയേടം ക്ഷേത്രത്തിലെ ക്ഷേത്രക്കുളം പുനരുദ്ധാരണം**

119(2874) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി ദേവസ്വം ബോർഡിനുകീഴിലുള്ള പുതിയേടം ക്ഷേത്രത്തിലെ ക്ഷേത്രക്കുളം പുനരുദ്ധരിക്കുന്നതിനായി ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കൊച്ചി ദേവസ്വം ബോർഡിനുകീഴിലുള്ള പുതിയേടം ക്ഷേത്രത്തിലെ കുളം പുനരുദ്ധരിക്കുന്നതിനായി ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതിയോ എസ്റ്റിമേറ്റോ ബോർഡ് തയ്യാറാക്കിയിട്ടില്ല.

**ഗുരുവായൂർ മണ്ഡലത്തിലെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ**

120(2875) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഗുരുവായൂർ, ചാവക്കാട് നഗരസഭകളിലും ഏങ്ങണ്ടിയൂർ, കടപ്പുറം, പുന്നയൂർ, പുന്നയൂർക്കുളം, വടക്കേക്കാട്, ഒരുമനയൂർ ഗ്രാമപഞ്ചായത്തുകളിലുമായി ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് പേര് സഹിതം വിശദമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ക്ഷേത്രങ്ങളിൽ നവീകരണ-വികസന പ്രവർത്തനങ്ങൾക്ക് എത്ര തുക വീതം വിനിയോഗിച്ചുവെന്ന് വിശദമാക്കാമോ?

മലബാർ ദേവസ്വം ബോർഡിനും ഗുരുവായൂർ ദേവസ്വത്തിനും കീഴിലുള്ള ക്ഷേത്രങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവീകരണ വികസന പ്രവർത്തനങ്ങൾക്കായി അതത് ദേവസ്വം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബോർഡുകൾ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കേരളത്തിലെ പൈതൃക മൂല്യമുള്ള ക്ഷേത്രങ്ങളുടെ നവീകരണം**

121(2876) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൈതൃകമൂല്യമുള്ള ക്ഷേത്രങ്ങൾ, അതിന്റെ പഴമ നിലനിർത്തിക്കൊണ്ട് നവീകരിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളുടെ പട്ടിക തയ്യാറായിട്ടുണ്ടോ; അറിയിക്കാമോ;

(സി) ക്ഷേത്രങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് സർവെ നടത്തിയിട്ടുണ്ടോ; അതിൻപ്രകാരം കണ്ണൂർ ജില്ലയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള ക്ഷേത്രങ്ങളുടെ ലിസ്റ്റ് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) കേരളത്തിലെ പൈതൃകമൂല്യമുള്ള ക്ഷേത്രങ്ങൾ, അതിന്റെ പഴമ നിലനിർത്തിക്കൊണ്ട് നവീകരിക്കുന്ന പദ്ധതി റവന്യൂ (ദേവസ്വം) വകുപ്പിൽനിന്ന് ആവിഷ്കരിച്ചിട്ടില്ല. എന്നാൽ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടുപ്രകാരം സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ള ക്ഷേത്രങ്ങളുൾപ്പെടെയുള്ള സ്മാരകങ്ങളുടെ പട്ടിക പുരാവസ്തു വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ടി പട്ടികയിൽപ്പെട്ട ക്ഷേത്രങ്ങളുടെ സംരക്ഷണപ്രവൃത്തികൾ പുരാവസ്തു വകുപ്പ് മുഖേന നിർവഹിച്ചുവരുന്നുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള 86 ക്ഷേത്രങ്ങൾ പൈതൃകം നിലനിർത്തി, കൊച്ചിൻ ദേവസ്വം ബോർഡുതന്നെ സംരക്ഷിച്ചുവരുന്നുണ്ട്. സംസ്ഥാന പുരാവസ്തു വകുപ്പിന്റെയും കേന്ദ്ര പുരാവസ്തു വകുപ്പിന്റെയും സഹകരണത്തോടെ മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള പൈതൃക ക്ഷേത്രങ്ങൾ സംരക്ഷിച്ചുവരുന്നുണ്ട്. അപ്രകാരം സംരക്ഷിക്കുന്നതിന് കണ്ണൂർ ജില്ലയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള ക്ഷേത്രങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദേവസ്വം കമ്മീഷണർ ഓഫീസിലെ നടപടി സ്വീകരിക്കാത്ത റിപ്പോർട്ടുകളും ഉത്തരവുകളും

122(2877) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം കമ്മീഷണർ ഓഫീസിലെ വിവിധ സെക്ഷനുകളിലും വിവിധ ബോർഡ് ഓഫീസുകളിലും നടപടി സ്വീകരിക്കാൻ നിർദേശിച്ച എത്ര റിപ്പോർട്ടുകളും ഉത്തരവുകളും ഇനിയും നടപടി സ്വീകരിക്കാതെ പെന്റിംഗിലുണ്ടെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സർവീസ് ചട്ടങ്ങൾപ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വിവിധ ദേവസ്വം ബോർഡ് ഓഫീസുകളിലും കമ്മീഷണർ ഓഫീസുകളിലും സർക്കാർ നടപടി സ്വീകരിക്കാൻ നിർദേശിച്ച ഉത്തരവുകളിന്മേലെല്ലാം സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ടെന്ന് ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുണ്ട്.

**കോൺസ്റ്റിറ്റ്യുവെന്റ് അസംബ്ളി ഡിബേറ്റ്സ് തർജമ**

123(2878) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺസ്റ്റിറ്റ്യുവെന്റ് അസംബ്ളി ഡിബേറ്റ്സ് തർജമ ചെയ്യുന്നതിനായി പാർലമെന്ററികാര്യ വകുപ്പ് രൂപീകരിച്ച കമ്മിറ്റി നിലവിലുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണെന്നും പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ട് എത്ര നാളായെന്നും കമ്മിറ്റിയുടെ ദൗത്യം പൂർത്തിയാക്കാൻ എത്ര സമയമാണ് നിലവിൽ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) കമ്മിറ്റിയിലെ അംഗങ്ങൾ എല്ലാവരും കമ്മിറ്റി യോഗം ചേരുമ്പോൾ എത്താറുണ്ടോ; കമ്മിറ്റിയിൽനിന്നും ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ-സി) പാർലമെന്ററികാര്യ വകുപ്പ് ഇത്തരത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

**വനം വിജിലൻസ് വിംഗ് ശക്തിപ്പെടുത്തുന്നതിന് നടപടി**

124(2879) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിലുള്ള വനം വിജിലൻസ് വിംഗിന്റെ പ്രവർത്തനോദ്ദേശ്യങ്ങൾ, ഘടന എന്നിവ വ്യക്തമാക്കാമോ?

വനം വകുപ്പിന്റെ കീഴിലുള്ള വനം വിജിലൻസ് വിംഗിന്റെ പ്രവർത്തനോദ്ദേശ്യങ്ങൾ, ഘടന എന്നിവ അനുബന്ധമായി ചേർക്കുന്നു.+

(ബി) വ്യാജ രേഖ ചമച്ച് വനം വകുപ്പിന്റെ എസ്റ്റേറ്റുകൾ വില്പന നടത്തുന്നതും മരം മുറിക്കുന്നതും തടയാൻ നടപടി സ്വീകരിക്കുന്നതിന് വനം വിജിലൻസ് വിംഗ് തയ്യാറാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലുള്ള ഘടനയിൽ മാറ്റംവരുത്തി വനം വിജിലൻസ് വിംഗ് ശക്തിപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഘടനയിലെ മാറ്റം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. വിജിലൻസ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ബ്ലാവന കടവിൽ പാലത്തിന്റെ നിർമ്മാണം**

125(2880) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ-ബ്ലാവന-കടവിൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷയിന്മേൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) നിരവധി ആദിവാസി കുടിലുകളിലേക്ക് യാത്രയ്ക്കായി ഉപയോഗിക്കുന്ന ഏകമാർഗമെന്ന നിലയിൽ ബ്ലാവന കടവിൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവന-കല്ലേലിമേട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വനഭൂമി വിട്ടുകിട്ടുന്നതിന് യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ്, എറണാകുളം പരിവേഷ് പോർട്ടലിൽ FP/KL/SRY/423421/2023 നമ്പരായി സമർപ്പിച്ച പ്രൊപ്പോസൽ 18-09-2023-ൽ സർക്കാരിലേക്ക് സമർപ്പിക്കുകയും പ്രൊപ്പോസൽ 05-10-2023-ന് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം ഇന്റഗ്രേറ്റഡ് റീജിയണൽ ഓഫീസ്, ബാംഗ്ലൂരിലേക്ക് സമർപ്പിക്കുകയുമുണ്ടായി. 01-12-2023-ൽ ടി പ്രൊപ്പോസലിന് സ്റ്റേജ്-1 അനുമതി ലഭിക്കുകയും ചെയ്തു. എന്നാൽ സ്റ്റേജ്-1 അനുമതിയിലെ മാനദണ്ഡങ്ങളെല്ലാം യൂസർ ഏജൻസി പാലിക്കേണ്ടതുണ്ട്. സ്റ്റേജ്-1 അനുമതിപ്രകാരം കോമ്പൻസേറ്ററി ലെവീസ് യൂസർ ഏജൻസി

അടയ്ക്കേണ്ടതുണ്ട്. എന്നാൽ നാളിതുവരെ കോമ്പൻസേറ്ററി ലെവീസ് അടയ്ക്കാത്തതിനാൽ ഇപ്പോഴും ടി പ്രൊപ്പോസൽ യൂസർ ഏജൻസിയിൽ പെന്റിംഗിലാണ്. ആയത് പാലിക്കുന്ന മുറയ്ക്ക് മേൽനടപടി സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**പരിസ്ഥിതി സൗഹൃദ ടൂറിസത്തിന് വനം വകുപ്പ് നൽകുന്ന സേവനങ്ങൾ**

126(2881) ശ്രീ. ടി. പി.രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ ടൂറിസത്തിന് സംസ്ഥാന വനം വകുപ്പ് എന്തെല്ലാം സേവനങ്ങൾ നൽകിവരുന്നുണ്ട്?

പരിസ്ഥിതി സൗഹൃദ ടൂറിസം നടപ്പാക്കുന്നതിന്റെ ഭാഗമായി പരമാവധി സ്ഥിരനിർമ്മിതികൾ ഒഴിവാക്കി പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള താൽക്കാലിക നിർമ്മിതികളിലാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങളെല്ലാം പ്രവർത്തിച്ചുവരുന്നത്. നിലവിലെ നിയമങ്ങൾക്ക് വിധേയമായിക്കൊണ്ടും പരിസ്ഥിതിയും ജൈവവൈവിധ്യവും വനസമ്പത്തും സംരക്ഷിച്ചുകൊണ്ടും പ്ലാസ്റ്റിക്ക് വിപത്തിനെതിരെയുള്ള സന്ദേശങ്ങൾ പൊതുജനങ്ങൾക്ക്

നൽകിക്കൊണ്ടും ഇക്കോ ടൂറിസം കേന്ദ്രങ്ങൾവഴി പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട വിപുലമായ സേവനങ്ങൾ നൽകിവരുന്നുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പരിസ്ഥിതി സൗഹൃദ ടൂറിസമാക്കുന്നതിനായി പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും നിരോധിക്കുകയും പുനരുപയോഗിക്കാവുന്ന സ്റ്റീൽ, ക്ലേ പാത്രങ്ങൾ ഉപയോഗിച്ചുവരികയും ചെയ്യുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും കൃത്യമായ ഇടവേളകളിൽ ശുചീകരണ പ്രവൃത്തികൾ നടപ്പാക്കുകയും ചെയ്യുന്നു. അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനയുടെ സഹായത്താൽ നീക്കം ചെയ്യുകയും പരിസ്ഥിതി സൗഹൃദ ടൂറിസം സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ഇതുസംബന്ധിച്ച ബോധവൽക്കരണ ബോർഡുകൾ വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സന്ദർശകർക്കായി ഓൺലൈൻ ബുക്കിംഗും ഇ-ടിക്കറ്റിംഗ് സംവിധാനവും വിവിധ കേന്ദ്രങ്ങളിൽ ബയോടോയ്‌ലറ്റ് സംവിധാനവും

ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തേക്കടിയിൽ (പെരിയാർ ടൈഗർ റിസർവ്) ഗോൾഫ് കാർട്ട് ഇലക്ട്രിക് വാഹനം ഉപയോഗിക്കുന്നുണ്ട്.

(ബി) ഇക്കോടൂറിസം വഴി സംസ്ഥാനത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതിന്റെ വിശദാംശം അറിയിക്കാമോ?

ഇക്കോടൂറിസം കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന VSS/EDC അംഗങ്ങളാണ് കേന്ദ്രത്തിന്റെ നടത്തിപ്പും പരിപാലനച്ചുമതലകളും നിർവഹിച്ചുവരുന്നത്. വനാശ്രിതരായ ഈ അംഗങ്ങളെയാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഗൈഡുമാർ/വാച്ചർമാരായി നിയമിക്കുന്നത്. നിലവിൽ സംസ്ഥാനത്തെ വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ 2172 ആളുകൾക്ക് പ്രത്യക്ഷത്തിൽ ജോലി നൽകിവരുന്നു. കൂടാതെ വിവിധ മേഖലകളിലായി 15000-ത്തിലധികം ആളുകൾക്ക് പരോക്ഷമായി ജോലിയും അതിലൂടെ വരുമാനവും ലഭിക്കുന്നുണ്ട്.

(സി) 2016 ജൂൺ മാസത്തിനുശേഷം സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെയും സന്ദർശകരുടെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ഇക്കോടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സന്ദർശകരുടെ പുരോഗതിയും യഥാസമയം വിലയിരുത്തപ്പെടുകയും അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ നടപ്പാക്കിവരികയും ചെയ്യുന്നു. അതത് പദ്ധതി പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന VSS/EDC-കളാണ് ടി ഇക്കോ ടൂറിസം പദ്ധതിയുടെ നടത്തിപ്പും പരിപാലനച്ചുമതലയും നിർവഹിക്കുന്നത്. ഇക്കോ ടൂറിസം പദ്ധതിപ്രദേശങ്ങളിൽ സന്ദർശക സുരക്ഷയ്ക്കും പദ്ധതിപ്രദേശത്തിലെ മാലിന്യ നിർമ്മാർജനത്തിനും പരിപാലനത്തിനുമായി സമിതിയംഗങ്ങളെ ഗൈഡുകളായി നിയോഗിച്ചുവരുന്നു.

2016 ജൂൺ മാസത്തിനുശേഷം ഇക്കോടൂറിസം പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി "keralaforestecotourism.com" എന്ന വെബ്സൈറ്റും "Kerala forest ecotourism" എന്ന മൊബൈൽ ആപ്പുംവഴി ഓൺലൈൻ ബുക്കിംഗ് സംവിധാനം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ഇതിലൂടെ കേരളത്തിലെ മുഴുവൻ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും ഓൺലൈൻ ടിക്കറ്റിംഗ് സൗകര്യം ലഭ്യമാക്കിവരുന്നു.

വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് പ്രകൃതിഭംഗി ആസ്വദിക്കാനും പ്രകൃതിയെ നേരിട്ട് അറിയാനുമായി നടത്തിവരുന്ന സഫാരികളിൽ സഞ്ചാരികളുടെ സൗകര്യത്തിനായി മിനി സഫാരി ബസ്സുകൾ ഉപയോഗിച്ചുവരുന്നു. ഇതിനുപുറമെ സംസ്ഥാന സർക്കാരിന്റെ കാർബൺ ന്യൂട്രൽ കേരളം എന്ന നയത്തോട് ഉതകുംവിധം പരിസ്ഥിതി-ഭിന്നശേഷി സൗഹൃദമായ ഗോൾഫ് കാർട്ട് ഇലക്ട്രിക് വാഹനം തേക്കടിയിൽ (പെരിയാർ ടൈഗർ റിസർവ്) ഉപയോഗിച്ചുവരുന്നു. ഇക്കോടൂറിസം കേന്ദ്രങ്ങളിൽ വനാശ്രിത സമൂഹങ്ങളിൽനിന്നും ശേഖരിക്കുന്ന ഉൽപന്നങ്ങൾ വില്പന നടത്തുന്നതിനായി വനശ്രീ ഇക്കോ ഷോപ്പുകളും ആയത് ആഗോളതലത്തിൽ വിപണനം നടത്തുന്നതിന് തിരുവനന്തപുരം ഡിവിഷനുകീഴിൽ ONDC പ്ലാറ്റ്ഫോമും ഇന്ത്യയൊട്ടാകെ വിപണനം നടത്തുന്നതിന് ചാലക്കുടി ഡിവിഷനുകീഴിൽ www.vanasree.in എന്ന പേരിലുള്ള ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമും പ്രവർത്തിച്ചുവരുന്നു. കൂടാതെ വിനോദ സഞ്ചാരികൾക്കായി കഫറ്റീരിയകളും, ആധുനിക സൗകര്യങ്ങളോടുകൂടിയ ടോയ്‌ലറ്റ് ബ്ലോക്കുകൾ,

ശുദ്ധജലം ലഭ്യമാക്കുന്നതിനായി വാട്ടർ പ്യൂരിഫയർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വിനോദസഞ്ചാരികൾക്കായി വിവിധയിടങ്ങളിൽ പ്രകൃതിസൗഹൃദപരമായ താമസ സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നു.

ഇക്കോ ടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമായി സി.സി.ടി.വി. നിരീക്ഷണം, അപകടസാധ്യതാ മേഖലകളിൽ കൃത്യമായുള്ള അപകട സൂചനാ ബോർഡുകൾ, കൈവരികൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കൃത്യമായ മാർഗനിർദേശങ്ങളും ബോധവൽക്കരണവും നൽകുന്നതിനായി പരിശീലനം ലഭിച്ച ഗൈഡുകളുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ അപകടങ്ങളുണ്ടാകുന്നപക്ഷം സന്ദർശകർക്ക് (ഇന്ത്യൻ പൗരന്മാർക്കുമാത്രം), ഇക്കോടൂറിസം കേന്ദ്രങ്ങളിലെ താൽക്കാലിക ജീവനക്കാരായ ഗൈഡുകൾക്കും 5 ലക്ഷം രൂപവരെ നഷ്ടപരിഹാരം ലഭിക്കുന്നതിനായി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് അപകട ഇൻഷ്വറൻസ് വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും വിനോദ

സഞ്ചാരികൾക്കായി ലഭ്യമാക്കുന്ന വിവിധതരത്തിലുള്ള സേവനങ്ങളുടെയും ഭാഗമായി വർഷാവർഷങ്ങളിൽ സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ വർധനവ് വന്നിട്ടുണ്ട്. വിനോദസഞ്ചാരികളുടെ എണ്ണത്തിലെ ഈ വർധനവ് പ്രസ്തുത കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനം വർധിക്കുന്നതിനും ആയതിലൂടെ വനാശ്രിതരായ ആളുകളുടെ ജീവിതനിലവാരം മെച്ചപ്പെടാനും സഹായിക്കുന്നു.

**മരം മുറിച്ചു മാറ്റൽ നടപടിക്രമങ്ങൾ**

127(2882) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 01-01-1977-ന് മുമ്പായി കുടിയേറിയ വനഭൂമിയിൽ നാളിതുവരെ പട്ടയം ലഭിക്കാത്ത കൈവശക്കാരുടെ പേരിലുള്ള സ്ഥലങ്ങളിലെ റബ്ബർ മരങ്ങൾ വനം വകുപ്പ് ഉദ്യോഗസ്ഥർ മുറിച്ച് മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് ഉദ്യോഗസ്ഥന്റെ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ 01-01-1977-ന് മുമ്പായി കുടിയേറിയ വനഭൂമിയിൽ നാളിതുവരെ പട്ടയം ലഭിക്കാത്ത കൈവശക്കാരുടെ പേരിലുള്ള സ്ഥലങ്ങളിലെ റബ്ബർ മരങ്ങൾ വനംവകുപ്പ് ഉദ്യോഗസ്ഥർ മുറിച്ചുമാറ്റിയിട്ടില്ല. എന്നാൽ പാലക്കാട് ഡിവിഷന്റെ കീഴിലുള്ള ഒലവക്കോട് റെയിഞ്ചിൽ നിക്ഷിപ്ത വനഭൂമിയുമായി ബന്ധപ്പെട്ട് വിവിധ സ്ഥലങ്ങൾക്കുവേണ്ടി ഫോറസ്റ്റ് ട്രിബ്യൂണലിലും മറ്റ് കോടതികളിലും സർക്കാരും ഹർജിക്കാരും തമ്മിൽ നിലവിലുണ്ടായിരുന്ന വ്യവഹാരങ്ങളിൽ സർക്കാരിന് അനുകൂലമായി വിധിയായിട്ടുള്ളതും വെസ്റ്റിംഗ് & അസൈൻമെന്റ് ആക്ടുപ്രകാരം നിക്ഷിപ്ത വനഭൂമിയായി വിജ്ഞാപനം ചെയ്ത് സംരക്ഷിച്ചുവരുന്നതുമായ വനഭൂമികളിലുണ്ടായിരുന്ന റബ്ബർ മരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ട്. കേന്ദ്രസർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള പാലക്കാട് വനം ഡിവിഷന്റെ വർക്കിംഗ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരവും സംസ്ഥാന സർക്കാരിന്റെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട നയരേഖയുടെ ഭാഗമായുമാണ് വനഭൂമികളിലെ റബ്ബർ മരങ്ങൾ

മുറിച്ചുമാറ്റി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി പത്രത്തിൽ പരസ്യം നൽകൽ, ടെൻഡർ നടപടികൾ മുതലായ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ച് എം.എസ്.ടി.സി. മുഖേന ലേലം നടത്തിയാണ് പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റിയിട്ടുള്ളത്.

**തൊണ്ടിമുതൽ മോഷണം**

128(2883) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിൽനിന്നും ഒ.ആർ. കേസുകളിൽ ഉൾപ്പെട്ട തൊണ്ടിമുതലുകൾ മോഷണം പോയത് അന്വേഷിക്കാൻ കൺസർവേറ്ററുടെ നേതൃത്വത്തിൽ രൂപീകരിച്ച സംഘത്തിന്റെ കണ്ടെത്തൽപ്രകാരം ഏതൊക്കെ ഒ.ആർ.

കേസിലുൾപ്പെട്ട തൊണ്ടിമുതലുകളാണ് മോഷണം പോയിട്ടുള്ളതായി കണ്ടെത്തിയതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ടി റിപ്പോർട്ടുപ്രകാരം എത്ര ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തി; അവർക്കെതിരെ നാളിതുവരെ സ്വീകരിച്ച വകുപ്പുതല നടപടികൾ വിശദീകരിക്കാമോ?

(എ&ബി) തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിൽനിന്നും ഒ.ആർ. കേസുകളിലുൾപ്പെട്ട തൊണ്ടിമുതലുകൾ മോഷണം പോയത് അന്വേഷിക്കാൻ ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ) കോട്ടയത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സംഘത്തിന്റെ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) തൊണ്ടിമുതൽ പരുത്തിപ്പള്ളി റെയിഞ്ച് സ്റ്റോക്കിൽ എടുക്കാത്തതുമായി ബന്ധപ്പെട്ട് 14 വർഷം മുമ്പ് അന്നത്തെ ഡി.എഫ്.ഒ. ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ മേൽ

ഓഫീസിലേയ്ക്ക് 17-09-2010-ൽ സമർപ്പിച്ച ഇ 1-3141/10 നമ്പർ കത്തുപ്രകാരം നാളിതുവരെ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

പരുത്തിപ്പള്ളി റെയിഞ്ചിലെ വിവിധ ഒ.ആർ. കേസുകളിലെ തൊണ്ടി മുതലുകളായ ചന്ദന സാമഗ്രികൾ റെയിഞ്ചിലെ സ്റ്റോക്കിൽ ഇല്ലാത്തതുസംബന്ധിച്ച തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 17-09-2010-ലെ ഇ 1-3141/2010 നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന അന്വേഷണം നടത്തി 21-05-2019-ൽ പി.റ്റി.98/2010 നമ്പർ കത്തുപ്രകാരം അന്വേഷണ റിപ്പോർട്ട് വനം വകുപ്പ് ആസ്ഥാനത്ത് സമർപ്പിച്ചിട്ടുണ്ട്. മേൽ റിപ്പോർട്ടിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുള്ളതിനാലും കൂടുതൽ കേസുകളിലെ വിലപിടിപ്പുള്ള തൊണ്ടിവകകൾ നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുള്ളതിനാലും ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ) കോട്ടയത്തിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു.

(ഡി) പരുത്തിപ്പള്ളി റെയിഞ്ചിലെ ഒ.ആർ. 11/2005 കേസിലുൾപ്പെട്ട തൊണ്ടിമുതൽ എവിടെ സൂക്ഷിക്കുന്നതായാണ് അന്വേഷണ സംഘം കണ്ടെത്തിയിട്ടുള്ളത്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**പരുത്തിപ്പള്ളി റെയ്ഞ്ചിലെ തൊണ്ടിമോഷണം**

129(2884) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിൽനിന്നും ഒ.ആർ. 09/2016, ഒ.ആർ. 14/2004 എന്നീ നമ്പർ കേസ്സുകളിലുൾപ്പെട്ട തൊണ്ടിമുതൽ മോഷണം പോയതുമായി ബന്ധപ്പെട്ട് രണ്ട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ സർവീസിൽനിന്നും സസ്പെൻഡ് ചെയ്തെങ്കിലും 2 വർഷം കഴിഞ്ഞിട്ടും കുറ്റപത്രംപോലും നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഈ വിഷയവുമായി ബന്ധപ്പെട്ട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. വിനോദ്. ആർ, ശ്രീമതി ദിവ്യ എസ്. എസ്. റോസ് എന്നിവരെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06-07-2022-ലെ D1-3135/2022 നമ്പർ ഉത്തരവുപ്രകാരം സർവീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും തുടർന്ന് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11-10-2022-ലെ D1-3135/2022 നമ്പർ ഉത്തരവുപ്രകാരം സർവീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് അന്വേഷണം അന്തിമഘട്ടത്തിലാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കുറ്റപത്രം നൽകുന്നതാണ്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ആരുടെ കസ്റ്റഡിയിലാണ്; ഏത് ഉദ്യോഗസ്ഥന്റെ ശിപാർശയിന്മേലാണ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കെതിരെ അച്ചടക്കനടപടി ആരംഭിച്ചതെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗത്തിലും ഭരണവിഭാഗത്തിലും ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിലും കൈകാര്യം ചെയ്തുവരുന്നു. വനം വകുപ്പാസ്ഥാനത്തെ ഫോറസ്റ്റ് മാനേജ്മെൻറ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 05-07-2022-ലെ PCCF/Gen./2022 നമ്പർ ശിപാർശപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരുത്തിപ്പള്ളി റെയിഞ്ചിൽനിന്നും മോഷണം പോയതിൽ ഏതൊക്കെ ഒ.ആർ. കേസിലുൾപ്പെട്ട തൊണ്ടിമുതൽ മോഷണം പോയതിനാണ് കാട്ടാക്കട പോലീസ് കേസ് രജിസ്റ്റർ ചെയ്തതെന്നറിയിക്കാമോ; കേസ് നമ്പറും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

തിരുവനന്തപുരം ഡിവിഷൻ, പരുത്തിപ്പള്ളി റെയിഞ്ചിലെ ഒ.ആർ.9/2016 നമ്പർ കേസിലെ തൊണ്ടിമുതൽ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ 03-07-2022-ൽ 504/2022

പ്രഥമവിവര നമ്പരായി (എഫ്.ഐ.ആർ.) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചുവരുന്നു.

(ഡി) ഏതെല്ലാം ഒ.ആർ. കേസിലുൾപ്പെട്ട തൊണ്ടിമുതൽ മോഷണം പോയതിനാണ് പോലീസിൽ പരാതി നൽകിയിട്ടും കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതെന്നറിയിക്കുമോ?

ഒ.ആർ. നമ്പർ 09/1992, 35/1992, 39/1992, 61/1992, 64/1992, 73/1992, 14/1993, 28/1993, 29/1993, 31/1993, 42/1993, 46/1993, 50/1993, 51/1993, 70/1993, 14/1994, 20/1994, 26/1994, 23/1998, 31/2000, 15/2001, 19/2001, 21/2002, 16/2003, 09/2004, 10/2007, 9/2007, 14/2004 എന്നീ നമ്പർ കേസ്സുകളിലുൾപ്പെട്ട തൊണ്ടിമുതൽ മോഷണം പോയതിനാണ് പോലീസിൽ പരാതി നൽകിയിട്ടും കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തത്.

(ഇ) പരാതി നൽകുന്നതിൽ വീഴ്ചവരുത്തിയ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിലെ

ഒ.ആർ.9/16, ഒ.ആർ-14/04 നമ്പർ കേസ്സുകളിലെ തൊണ്ടിമുതലുകൾ കാണാതായതുമായി ബന്ധപ്പെട്ട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. വിനോദ്. ആർ, ശ്രീമതി ദിവ്യ എസ്. എസ്. റോസ് എന്നിവരെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06-07-2022-ലെ D1-3135/2022 ഉത്തരവുപ്രകാരം സർവീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും തുടർന്ന് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11-10-2022-ലെ D1-3135/2022 നമ്പർ ഉത്തരവുപ്രകാരം സർവീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഷാജി ജോസ്. റ്റി. എഫ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)-ന് 27-04-2023 തീയതിയായി കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ കുറ്റാരോപിതനെ 21-11-2023 തീയതിയിൽ നേരിൽ കേൾക്കുകയും വിശദമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനായി ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) കോട്ടയത്തിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് അന്വേഷണം നടന്നുവരികയുമാണ്.

**മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ**

130(2885) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കിഫ്ബിയിലുൾപ്പെടുത്തി വനം വകുപ്പ് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നുവെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി കിഫ്ബിയുടെ ധനസഹായത്തോടെ രണ്ടുഘട്ടങ്ങളിലായാണ് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നത്. കിഫ്ബിയുടെ ധനസഹായത്തോടെ സംസ്ഥാനത്ത്, ആനപ്രതിരോധ മതിൽ, റെയിൽവേലി, സൗരോർജതൂക്കുവേലി, ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് വേലി, വനത്തിനകത്തും വനാതിർത്തിക്കുള്ളിലും താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളുടെ പുനരധിവാസം തുടങ്ങിയ പദ്ധതികളാണ് നടപ്പാക്കിവരുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. രണ്ടാംഘട്ട പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

**അപകട ഭീഷണിയുയർത്തുന്ന കാറ്റാടി മരങ്ങൾ മുറിച്ച് നീക്കംചെയ്യുന്നതിന് നടപടി**

131(2886) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് നഗരസഭ, പുന്നയൂർ, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ തീരപ്രദേശങ്ങളിൽ എത്ര കാറ്റാടി മരങ്ങളുണ്ടെന്നും ആയതിൽ വീടുകൾക്കും വൈദ്യുതി ലൈനുകൾക്കും ഭീഷണിയായി എത്ര കാറ്റാടി മരങ്ങൾ നിലനിൽക്കുന്നുവെന്നും വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് നഗരസഭ, പുന്നയൂർ, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ തീരപ്രദേശങ്ങളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടുലക്ഷത്തി എൺപത്തയ്യായിരത്തോളം കാറ്റാടി മരങ്ങൾ തൃശ്ശൂർ സോഷ്യൽ ഫോറസ്റ്റി വിഭാഗം വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ സ്വാഭാവിക പുനരുൽപാദനത്തിലൂടെയും ടി പ്രദേശങ്ങളിൽ കാറ്റാടി മരങ്ങൾ വളർന്നുവന്നിട്ടുണ്ട്. വീടുകൾക്കും വൈദ്യുതി ലൈനുകൾക്കും ഭീഷണിയായി നിൽക്കുന്ന കാറ്റാടി മരങ്ങൾ സംബന്ധിച്ച മുഴുവൻ അപേക്ഷകളിലും തീരുമാനമെടുത്തിട്ടുള്ളതും ജില്ലാതല ട്രീ കമ്മിറ്റിയിലും പ്രാദേശികതല ട്രീ കമ്മിറ്റിയിലും നിലവിൽ അപകടാവസ്ഥയിലുള്ള കാറ്റാടി മരങ്ങൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതുമാണ്.

(ബി) അപകട ഭീഷണിയുയർത്തുന്ന കാറ്റാടി മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അപകട ഭീഷണിയുയർത്തുന്ന മരങ്ങൾ സംബന്ധിച്ച് ലഭ്യമാകുന്ന അപേക്ഷകൾ സാമൂഹിക വനവൽക്കരണ വിഭാഗം ഓഫീസ് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക (ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി) ട്രീ കമ്മിറ്റി യോഗം ചേർന്ന്, സ്ഥലപരിശോധന നടത്തി അപകടാവസ്ഥയിലുള്ള മരങ്ങൾ

പരിശോധിക്കാറുള്ളതും അപകടാവസ്ഥ ബോധ്യപ്പെടുന്ന മരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മുറിച്ചുമാറ്റി അപകട ഭീഷണി ഒഴിവാക്കിവരുന്നുമുണ്ട്. ആയതിലേയ്ക്ക് മരങ്ങളുടെ വിലനിർണ്ണയം സംബന്ധിച്ച റിപ്പോർട്ട് സാമൂഹിക വനവൽക്കരണ വിഭാഗത്തിന്റെ ഓഫീസുകളിൽനിന്നും സമയബന്ധിതമായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിവരുന്നു.

**കമ്മിറ്റികൾ കൂടുന്നതിൽ കാലതാമസം**

132(2887) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്ക് മരം മുറിക്കുന്നതിന് അനുമതി നൽകേണ്ട കമ്മിറ്റികൾ യോഗം ചേരുന്നതിനും തീരുമാനമെടുക്കുന്നതിനും കാലതാമസം നേരിടുന്നതുമൂലം വികസനപ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതുപരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) 10-02-2010-ലെ സ.ഉ.(സാധാ)നം.68/2010/വനം പ്രകാരം രൂപീകരിച്ചിട്ടുള്ള ട്രീ കമ്മിറ്റികളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വികസനപ്രവർത്തനങ്ങൾക്ക് മരം മുറിക്കുന്നതിനുള്ള അനുമതി നൽകുന്നത്. ട്രീ കമ്മിറ്റികൾ യോഗം ചേരുന്നതിനും തീരുമാനമെടുക്കുന്നതിനും കാലതാമസം നേരിടുന്നതുമൂലം വികസനപ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വികസനപ്രവർത്തനത്തിനായി മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്കുതന്നെ ബന്ധപ്പെട്ട സ്ഥലത്തെ ജില്ലാപഞ്ചായത്ത്/കോർപ്പറേഷൻ/മുൻസിപ്പാലിറ്റിയുടെ പരിധിയിൽ രൂപീകരിച്ചിട്ടുള്ള ട്രീ കമ്മിറ്റി യഥാസമയം പരിശോധിച്ച് ഫോറസ്റ്റ് ഡിവിഷനുകളിൽനിന്നും തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്.

**അരുവിക്കര മണ്ഡലത്തിലെ വനസംരക്ഷണ സമിതികൾ**

133(2888) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതികളുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

അരുവിക്കര മണ്ഡലത്തിൽ തിരുവനന്തപുരം വനം ഡിവിഷനിൽ 4 വനസംരക്ഷണ സമിതികളും അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിലെ റെയിഞ്ചുകളിൽ 14 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സമിതികളുടെ പ്രവർത്തനങ്ങൾ വനങ്ങളുടെ അഭിവൃദ്ധിക്കും വനവിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിനും വന സംരക്ഷണത്തിനും എത്രമാത്രം സഹായകരമായിരുന്നുവെന്ന് വിശദമാക്കുമോ?

പ്രസ്തുത സമിതികളുടെ പ്രവർത്തനങ്ങൾ മുഖേന തദ്ദേശികളായ ആദിവാസികൾക്കും മറ്റ് വനാശ്രിത ജനവിഭാഗങ്ങൾക്കും വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ സാധിക്കുന്നു. കാട്ടുതീ പ്രതിരോധത്തിന്റെ ഭാഗമായി EDC/VSS അംഗങ്ങളെയുൾപ്പെടുത്തി ഫയർ ഗ്യാങ്ങുകളെ നിയോഗിക്കുന്നതുമൂലം കാട്ടുതീയിൽനിന്ന് വനത്തെ സംരക്ഷിക്കുന്നതിന് സഹായകരമായിട്ടുണ്ട്. കൂടാതെ EDC/VSS അംഗങ്ങൾ ശേഖരിക്കുന്ന വനോൽപന്നങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് മൂല്യവർധിത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൽപന്നങ്ങളായി വിവിധ വനശ്രീ യൂണിറ്റുകൾ/ഇക്കോഷോപ്പുകൾ മുഖാന്തരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. അതോടൊപ്പം വിവിധ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ നടപ്പാക്കിവരുന്ന ട്രക്കിംഗ്, ക്യാമ്പിംഗ്, ബോട്ടിങ്, സൈറ്റ് സീയിംഗ് എന്നീ പരിപാടികളിൽ ഗൈഡുമാരായി നിയോഗിച്ചുകൊണ്ട് ഇക്കോ ടൂറിസം പ്രവർത്തനം സുഗമമാക്കുന്നു. ഇതോടൊപ്പം ഈ അംഗങ്ങളെ താൽക്കാലിക ആന്റി പോച്ചിംഗ് വാച്ചർമാരായി നിയോഗിച്ചും വനസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു.

**വനഭൂമി വിട്ടുനൽകിയതിന് പരിഹാരമായി വച്ചുപിടിപ്പിച്ച മരങ്ങളുടെ കണക്ക്**

134(2889) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരം മുറിച്ചുമാറ്റുന്നതിന് പരിഹാരമായി 2016 മുതൽ വച്ചുപിടിപ്പിച്ച പരിഹാര വനത്തിന്റെ വിശദവിവരം ലഭ്യമാക്കാമോ; വനഭൂമി വിട്ടുനൽകിയതിന് പരിഹാരമായി വച്ചുപിടിപ്പിച്ച മരങ്ങളുടെ കണക്കും വ്യക്തമാക്കാമോ?

വികസനാവശ്യങ്ങൾക്ക് മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് പകരമായി പത്തിരട്ടി മരങ്ങൾ വച്ചുപിടിപ്പിക്കണമെന്ന 21-04-2010-ലെ സ.ഉ.(സാധാ) നം.172/2010/വനം പ്രകാരം തിരുവനന്തപുരം, കോഴിക്കോട്, കാസർഗോഡ് എന്നീ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളുടെ മേൽനോട്ടത്തിൽ 2016 മുതൽ 1,18,178 വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. വനഭൂമി വിട്ടുനൽകിയതിനുപകരമായി 2016 മുതൽ വിവിധ കാലയളവിൽ 1,15,986 വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം മരങ്ങളാണ് പരിഹാരവനത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചിട്ടുള്ളത്; ഇവയുടെ പരിപാലനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ?

പരിഹാര വനവൽക്കരണത്തിന്റെ ഭാഗമായി മരുതി, വേങ്ങ, ഈട്ടി, പുന്നപ്പ, നെല്ലി, തേക്ക്, പേഴ്, ഞാവൽ, ഉങ്ങ്, കണിക്കൊന്ന, കുടംപുളി, താന്നി, അശോകം, കുന്നിവാക, മുള, ഈറ, കരിമരുത്, കമ്പകം, അകിൽ, മണിമരുത്, വെള്ളപൈൻ, നീർമരുത്, മരോട്ടി, ആവൽ, കുമിഴ്, പ്ലാശ്, ദന്തപാല, പൂവരശ്, നീർവെൺതേക്ക്, കരിമരം, പൂച്ചപ്പഴം, ആര്യവേപ്പ്,

ഇലിപ്പ, കറുവപ്പട്ട, ചെമ്പൂവം, പുളി, മരവിരിഞ്ഞി, പേര, പലകപ്പയ്യാന്നി, പ്ലാവ്, മാവ്, ആഞ്ഞിലി, വാക, കുവളം, പതിമുഖം, ഇലഞ്ഞി, മട്ടി, സീതപ്പഴം, മഞ്ചാടി, ലക്ഷ്മിതരു, രുദ്രാക്ഷം, മന്ദാരം, മുള്ളൻപാലി തുടങ്ങിയ തദ്ദേശീയ വൃക്ഷത്തൈകളാണ് വച്ചുപിടിപ്പിച്ചിട്ടുള്ളത്.

തോട്ടങ്ങളുടെ പരിപാലനത്തിനായി ആദ്യ മൂന്നുവർഷങ്ങളിൽ കൃത്യമായ ഇടവേളകളിൽ കാട്ടുവെട്ട് പ്രവൃത്തിയും പ്ലാറ്റ്ഫോം മെയിന്റനൻസും നടത്തുന്നുണ്ട്. കൂടാതെ ഫയർസീസണിൽ കാട്ടുതീയിൽനിന്നും പ്ലാന്റേഷനുകളുടെ സംരക്ഷണത്തിനായി ഫയർലൈനുകൾ ഒരുക്കുകയും പരിചരണത്തിനും സംരക്ഷണത്തിനും വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നുണ്ട്.

**തൃശ്ശൂർ ജില്ലയിൽ ബഫർ സോൺ പരിധിയിൽ വരുന്ന പഞ്ചായത്തുകൾ**

135(2890) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളാണ് ബഫർ സോൺ പരിധിയിൽ വരുന്നതെന്ന് വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ, മുള്ളൂർക്കര, തെക്കുംകര, മാടക്കത്തറ, ചേലക്കര, പഴയന്നൂർ, പാണഞ്ചേരി, പുത്തൂർ, വരന്തരപ്പിള്ളി, മറ്റത്തൂർ, കോടശ്ശേരി, തിരുവില്വാമല എന്നീ പഞ്ചായത്തുകളാണ് ഇക്കോ-സെൻസിറ്റീവ് സോൺ പരിധിയിൽ വരുന്നത്.

(ബി) ബഫർ സോണുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽനിന്ന് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; പ്രസ്തുത പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇക്കോ സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ തെക്കുംകര ഗ്രാമപഞ്ചായത്തിൽ 971 പരാതികളും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ 266 പരാതികളും ലഭിച്ചിരുന്നു. ആയത് പരിഹരിച്ച് Kerala State Remote sensing And Environment Centre (KSREC)-ന്റെ അസറ്റ് മാപ്പർ ആപ്പപ്രകാരം വിവരങ്ങൾ അപ്-ലോഡ് ചെയ്തിട്ടുണ്ട്.

**കണ്ടൽ മ്യൂസിയങ്ങൾ**

136(2891) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കണ്ടൽ മ്യൂസിയങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന കണ്ടൽ മ്യൂസിയത്തിന്റെ പ്രവർത്തനത്തിനായി നാളിതുവരെ സർക്കാർ ചെലവഴിച്ച ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് വനം വകുപ്പിന്റെകീഴിൽ കണ്ടൽ മ്യൂസിയങ്ങൾ പ്രവർത്തിക്കുന്നില്ല.

**വംശനാശ ഭീഷണി നേരിടുന്ന കണ്ടൽക്കാടുകൾ**

137(2892) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വംശനാശ ഭീഷണി നേരിടുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ?

(എ&ബി) വംശനാശ ഭീഷണി നേരിടുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് വനം വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതിയുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായുള്ള Conservation and management of Mangroves (60 % CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2006-07 വർഷം മുതൽ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ടി പദ്ധതിയിലൂടെ കണ്ടൽത്തൈകളും, തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവയും ഉൽപാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി പ്രസ്തുത സ്കീമിലുൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻ കുഞ്ഞുങ്ങളുടെ

വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. കൂടാതെ കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും കുട്ടികളിലും എത്തിക്കുന്നതിലേയ്ക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്.

സ്വകാര്യ വ്യക്തികൾക്ക് തങ്ങളുടെ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000/- രൂപ നിരക്കിൽ 24-12-2016-ലെ സ.ഉ.(സാധാ) നം.485/16/വനം പ്രകാരമുള്ള മാനദണ്ഡങ്ങളനുസരിച്ച് ധനസഹായം നൽകിവരുന്നു.

സോഷ്യൽ ഫോറസ്ട്രി സെൻട്രൽ റീജിയണിന് കീഴിൽ എറണാകുളം ജില്ലയിൽ പുതുവൈപ്പ് വില്ലേജിൽ 65.83 ഹെക്ടർ കണ്ടൽപ്രദേശം 09-03-2021-ലെ സ.ഉ.(പി)നം. 5/2021/F&WLD പ്രകാരവും തൃശ്ശൂർ ജില്ലയിൽ വെൺമനാട് വില്ലേജിൽ 94.77 ഹെക്ടർ കണ്ടൽപ്രദേശം 15-02-2021-ലെ സ.ഉ.(പി)നം. 3/2021/F&WLD പ്രകാരവും ഇ.എഫ്.എൽ നിയമം 2003 സെക്ഷൻ (4) പ്രകാരവും റിസർവ് വനമായി നോട്ടിഫൈ ചെയ്തിട്ടുണ്ട്.

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

138 (2893)ശ്രീ. നജീബ് കാന്തപുരം:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടലുകളോടും കായലുകളോടും ചേർന്നുകിടക്കുന്ന കണ്ടൽക്കാടുകളുടെ വിസ്തൃതി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ കടലുകളോടും കായലുകളോടും ചേർന്നുകിടക്കുന്ന കണ്ടൽക്കാടുകളുടെ വിസ്തൃതി പ്രത്യേകമായി കണക്കാക്കിയിട്ടില്ല. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി നടത്തിയ 'Scoping study to develop people-inclusive livelihood based governance strategy for the long term conservation of mangrove forests of Kerala' അടിസ്ഥാനമാക്കി തയ്യാറാക്കിയ ഡിസംബർ 2022-ലെ പഠന റിപ്പോർട്ടുപ്രകാരം സംസ്ഥാനത്താകെ 1000 സ്ക്വയർ മീറ്ററിനുമുകളിൽ വിസ്തൃതിയുള്ള കണ്ടൽക്കാടുകൾ 1798.25 ഹെക്ടറാണെന്ന് കണക്കാക്കിയിട്ടുണ്ട്. റിപ്പോർട്ടിലെ പ്രസ്തുത ഭാഗം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പരിസ്ഥിതി സംരക്ഷണത്തിൽ ഏറെ പങ്കുവഹിക്കുന്ന കണ്ടൽക്കാടുകൾ വംശനാശ ഭീഷണി നേരിടുന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇവയുടെ സംരക്ഷണമുറപ്പാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(ബി&സി) ഉണ്ട്. കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായുള്ള Conservation and management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2006-07 വർഷം മുതൽ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ടി പദ്ധതിയിലൂടെ കണ്ടൽത്തൈകളും തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉൽപാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി പ്രസ്തുത സ്കീമിലുൾപ്പെടുത്തി

കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു.

സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000/- രൂപ നിരക്കിൽ 24-12-16-ലെ സ.ഉ.(സാധാ)നം.485/16/വനം പ്രകാരമുള്ള മാനദണ്ഡങ്ങളനുസരിച്ച് ധനസഹായം നൽകിവരുന്നു. കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും കുട്ടികളിലും എത്തിക്കുന്നതിലേയ്ക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്.

സോഷ്യൽ ഫോറസ്ട്രി സെൻട്രൽ റീജിയണിനുകീഴിൽ എറണാകുളം ജില്ലയിൽ പുതുവൈപ്പ് വില്ലേജിൽ 65.83 ഹെക്ടർ കണ്ടൽപ്രദേശം 09-03-2021-ലെ സ.ഉ.(പി)നം. 5/2021/F&WLD പ്രകാരവും തൃശ്ശൂർ ജില്ലയിൽ വെൺമനാട് വില്ലേജിൽ 94.77 ഹെക്ടർ കണ്ടൽപ്രദേശം 15-02-2021-ലെ സ.ഉ.(പി)നം. 3/2021/F&WLD പ്രകാരവും ഇ.എഫ്.എൽ. നിയമം സെക്ഷൻ (4) പ്രകാരം റിസർവ് വനമായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. സ്വകാര്യ

കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**അട്ടപ്പാടിയിലെ ആദിവാസികൾക്കായി വനഭൂമി**

139(2894) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ആദിവാസികൾക്കായി ആകെ എത്ര ഏക്കർ വനഭൂമിയാണ് നൽകിയിട്ടുള്ളതെന്നറിയിക്കാമോ?

മണ്ണാർക്കാട് ഡിവിഷനുകീഴിലെ അട്ടപ്പാടി മേഖലയിലെ ആദിവാസികൾക്ക് വനാവകാശ നിയമം 2006 പ്രകാരം വ്യക്തിഗത അവകാശമായി 2152.2816 ഏക്കർ വനഭൂമിയിൽ അവകാശരേഖ നൽകിയിട്ടുണ്ട്.

(ബി) ഇപ്രകാരം അനുവദിച്ച ഭൂമിയുടെ അതിർത്തികൾ എവിടെയൊക്കെയാണ് നിശ്ചയിച്ചിരുന്നതെന്നറിയിക്കാമോ?

വനാവകാശ നിയമം-2006 പ്രകാരം 13-12-2005 വരെ കൈവശംവച്ച് കൃഷി ചെയ്തുവന്നിരുന്ന ഭൂമിക്ക് അതത് പ്രദേശത്തെ ഫോറസ്റ്റ് റീജിയണൽ കോർഡിനേഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ സബ്-ഡിവിഷണൽ, ഡിവിഷണൽ തലങ്ങളിൽ പരിശോധന നടത്തിയാണ് വ്യക്തിഗത അവകാശം അനുവദിക്കുന്നത്. ടി ഭൂമിയുടെ അതിർത്തികൾ നിർണ്ണയിച്ച് സ്കെച്ച് തയ്യാറാക്കിയതും അതിർത്തിയിൽ കല്ലുകൾ സ്ഥാപിച്ചതും പട്ടികവർഗ വികസന വകുപ്പിന്റെ നേതൃത്വത്തിലായിരുന്നു. 13-12-2005-ൽ കൈവശമുള്ള ഭൂമിയുടെ അടിസ്ഥാനത്തിലാണ് അതിരുകൾ നിർണ്ണയിച്ച് അവകാശരേഖ അനുവദിച്ചിട്ടുള്ളത്.

(സി) വനാവകാശ നിയമപ്രകാരം ഈ ഭൂമിയുടെ അധികാരം ആർക്കൊക്കെയാണെന്നും ഈ ഭൂമി കൈമാറുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

വനാവകാശ നിയമം സെക്ഷൻ 4(4) പ്രകാരം ലഭ്യമായ ഭൂമിയുടെ അവകാശം പരമ്പരാഗതമായിരിക്കുന്നതും എന്നാൽ അന്യാധീനപ്പെടുത്താവുന്നതോ കൈമാറ്റം ചെയ്യാവുന്നതോ

അല്ലാത്തതുമാകുന്നു. വിവാഹിതരായ വ്യക്തികളിൽ ദമ്പതിമാർ രണ്ടു പേരുടെയും പേര് കൂട്ടായി രജിസ്റ്റർ ചെയ്യേണ്ടതും ഒരാളിനാൽ നയിക്കുന്ന ഒരു ഗൃഹത്തിന്റെ സംഗതിയിൽ ആ ഗൃഹനാഥന്റെ പേരിലും നേരിട്ടുള്ള ഒരു അനന്തരാവകാശിയുടെ അഭാവത്തിൽ പരമ്പരാഗത അവകാശം ഏറ്റവും അടുത്ത കുലബന്ധുവിൽ വന്നുചേരുന്നതുമാണെന്ന് നിഷ്കർഷിക്കുന്നു.

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം അട്ടപ്പാടി ട്രൈബൽ താലൂക്കിലെ വിവിധ വില്ലേജുകളിലായി ഭൂമിക്കായുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിനുള്ള ആകെ എത്ര അപേക്ഷകളാണ് വനം വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്നറിയിക്കാമോ?

330 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(ഇ) ഇതിൽ ആകെ എത്രപേരുടെ ഭൂമിക്കാണ് വനം വകുപ്പ് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്?

ഇതിൽ 174 അപേക്ഷകൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

(എഫ്) നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച ഭൂമിയുടെ സർവെ നമ്പർ, അപേക്ഷകന്റെ പേര്, അപേക്ഷ നൽകിയ തീയതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

**വനാതിർത്തിയോട് ചേർന്ന ഭൂമി ഏറ്റെടുക്കൽ**

140(2895) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയോട് ചേർന്നുകിടക്കുന്നതും വന്യജീവി ശല്യമുള്ളതുമായ ഭൂമി ഏറ്റെടുത്ത് വനത്തിനോട് ചേർക്കുന്ന കിഫ്ബി പദ്ധതി മുഖേന സംസ്ഥാനത്ത് എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നറിയിക്കുമോ?

കിഫ്ബി പദ്ധതിമുഖേന ഇപ്രകാരമുള്ള 45.01 ഹെക്ടർ ഭൂമി നിലവിൽ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിനായി ചെലവഴിച്ച തുക എത്രയാണ്; വിശദാംശം നൽകുമോ?

ആകെ 24.45 കോടി രൂപ ചെലവഴിച്ചു. 156 കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതം (156x15=23.4 കോടി) തുക പൂർണ്ണമായും നൽകിയിട്ടുണ്ട്. 14 കുടുംബങ്ങൾക്ക് ആദ്യ ഗഡുവായി 7.50 ലക്ഷം രൂപ വീതം (14x7.5=1.05 കോടി രൂപ) നൽകിയിട്ടുണ്ട്. അപ്രകാരം ആകെ ഈയിനത്തിൽ 24.45 കോടി രൂപ ചെലവഴിച്ചു.

**തെന്മല വില്ലേജിലെ 1/6, 1/7 സർവെ നമ്പരുകളിൽപ്പെട്ട 24.16 ഏക്കർ ഭൂമി**

141(2896) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1927-ലെ കേന്ദ്ര വന നിയമപ്രകാരം പുനലൂർ നിയോജകമണ്ഡലത്തിലെ തെന്മല വില്ലേജിലെ 1/6, 1/7 എന്നീ സർവെ നമ്പരുകളിൽപ്പെട്ട 24.16 ഏക്കർ ഭൂമി വനഭൂമിയായി നോട്ടിഫൈ ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത നോട്ടിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കാമോ?

1927-ലെ കേന്ദ്ര വന നിയമപ്രകാരമല്ല പ്രതിപാദ്യ ഭൂമി വനഭൂമിയായി നോട്ടിഫൈ ചെയ്തിട്ടുള്ളത്. ആയത് 11-09-1901-ലെ ട്രാവൻകൂർ ഫോറസ്റ്റ് റെഗുലേഷൻ II സെക്ഷൻ 18 പ്രകാരമാണ് റിസർവ് വനഭൂമിയായി നോട്ടിഫൈ ചെയ്തിട്ടുള്ളത്. പ്രസ്തുത നോട്ടിഫിക്കേഷന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(ബി) 1068-ലെ ഫോറസ്റ്റ് റെഗുലേഷൻ ആക്ടുപ്രകാരം 1901-ലെ രാജഭരണക്കാലത്ത് തയ്യാറാക്കിയ നോട്ടിഫിക്കേഷൻപ്രകാരമുള്ള പ്രസ്തുത ഭൂമി സർവെ നടത്തിയിട്ടുള്ള ഭൂമിയാണോയെന്ന് വിശദമാക്കാമോ?

സർവെ നടത്തിയിട്ടുള്ള ഭൂമിയാണ്. എന്നാൽ സ്വകാര്യ ഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങൾ റിസർവ് വനഭൂമിയുടെ പരിധിയിൽനിന്നും ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ ഒഴിവാക്കിയിട്ടുള്ളതുമാണ്.

(സി) 1901-ലെ നോട്ടിഫിക്കേഷൻപ്രകാരം കഡാസ്ട്രൽ സർവെ നടത്തിയ ഭൂമി റിസർവ് ഫോറസ്റ്റായി കണക്കാക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിസർവ് ഫോറസ്റ്റായി കണക്കാക്കാൻ കഴിയും. ഇത്തരത്തിൽ കഡാസ്ട്രൽ സർവെ നടത്തിയിട്ടുള്ള ഭൂപ്രദേശങ്ങളും റിസർവ് വനഭൂമിയിലുൾപ്പെട്ടുവരാറുണ്ട്. ട്രാവൻകൂർ ഫോറസ്റ്റ് റെഗുലേഷൻ II സെക്ഷൻ 18 പ്രകാരം റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമികളെല്ലാംതന്നെ 1961-ലെ കേരള വനനിയമപ്രകാരവും റിസർവ് വനമെന്ന നിർവചനത്തിൽ ഉൾപ്പെടുന്നവയാണ്.

**വനഭൂമിയുടെ വിസ്തൃതി വർധിപ്പിക്കുന്നതിനുള്ള നടപടികൾ**

142(2897) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന വിസ്തൃതി ഇപ്പോൾ എത്ര ശതമാനമാണെന്നും 2016-നുശേഷം വന വിസ്തൃതിയിലുണ്ടായ കുറവ് എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ?

സംസ്ഥാനത്തിന്റെ വനവിസ്തൃതി 2016-17-ലെ ഭരണ റിപ്പോർട്ടുപ്രകാരം 11524.411 സ്ക്വയർ കിലോമീറ്റർ ആയിരുന്നു. അതായത് 29.65 ശതമാനമാണ്. എന്നാൽ 2021-22-ലെ ഭരണ റിപ്പോർട്ട് (ഏറ്റവും അവസാനം

പ്രസിദ്ധീകരിച്ച) പ്രകാരം സംസ്ഥാനത്തിന്റെ വനവിസ്തൃതി 11531.139 സ്ക്വയർ കിലോമീറ്ററാണ്. അതായത് സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 29.671 ശതമാനമാണ്. 2016-17 മുതൽ 2021-22 വരെയുള്ള ഭരണ റിപ്പോർട്ടുപ്രകാരമുള്ള വനവിസ്തൃതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **വനവിസ്തൃതി (സ്ക്വയർ കി.മീ)** | **ശതമാനം** |
|---|---|---|
| 2016-17 | 11524.411 | 29.6539 |
| 2017-18 | 11521.813 | 29.6472 |
| 2018-19 | 11520.058 | 29.6427 |
| 2019-20 | 11521.993 | 29.6477 |
| 2020-21 | 11524.149 | 29.6533 |
| 2021-22 | 11531.139 | 29.6713 |

(ബി) വ്യാപകമായ രീതിയിൽ വനം കയ്യേറ്റം കണ്ടെത്തിയിട്ടുള്ളത് എവിടെയെല്ലാമാണ്; സംസ്ഥാനത്ത് പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റ് (പി.ആർ.എഫ്.) ആയി പ്രഖ്യാപിച്ച സ്ഥലങ്ങൾ എവിടെയെല്ലാമാണ്; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ നിലവിലുള്ള വനഭൂമി കൈയേറ്റം 2021-22-ലെ ഭരണറിപ്പോർട്ടുപ്രകാരം നാളിതുവരെ 5024.535 ഹെക്ടറാണ്. പ്രസ്തുത കൈയേറ്റങ്ങൾ എവിടെയെല്ലാമാണെന്നതുസഹിതമുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന 2021-22 വർഷത്തിലെ ഭരണറിപ്പോർട്ടിന്റെ പ്രസക്തഭാഗം അനക്സർ-1 ആയി ഇതോടൊപ്പം ചേർക്കുന്നു.+ സംസ്ഥാനത്ത് 1960-നുശേഷം സെക്ഷൻ 4 നോട്ടിഫിക്കേഷൻ ചെയ്ത് പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റാക്കിയിട്ടുള്ള 22902.3536 ഹെക്ടർ (229.0235 സ്ക്വയർ കി.മീ.) സ്ഥലങ്ങൾ എവിടെയെല്ലാമാണെന്നതുസഹിതം വിശദാംശങ്ങൾ അനക്സർ- 2 ആയി ഇതോടൊപ്പം ചേർക്കുന്നു.+

(സി) വനഭൂമിയുടെ വിസ്തൃതി വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

വനഭൂമിയാൽ ചുറ്റപ്പെട്ടതും ആദിവാസിയേതര ജനവിഭാഗങ്ങളിൽപ്പെടുന്നവർ താമസിക്കുന്നതുമായ ഭൂമിയിലെ ആൾക്കാരെ സർക്കാരിന്റെ നൂതന പദ്ധതിയായ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ആർ.കെ.ഡി.പി.) പ്രകാരം അർഹമായ പ്രതിഫലം നൽകി മാറ്റിത്താമസിപ്പിക്കുന്നതിനും ടി ഭൂമി റിസർവായി പ്രഖ്യാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം നോർത്തേൺ സർക്കിളിന്റെ പരിധിയിൽ ആകെ 60.0245 ഹെക്ടർ ഭൂമി നാളിതുവരെ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ കണ്ടൽക്കാടുകൾ, പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ എന്നിവ കണ്ടെത്തി അതിന്റെ സ്വാഭാവികത നിലനിർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**വനഭൂമി കൈയേറി കൊടിമരം സ്ഥാപിച്ച സംഭവം**

143 (2898)ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിൽ വനഭൂമി കൈയേറി കൊടിമരം സ്ഥാപിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോന്നി വനം ഡിവിഷനിലെ അടവി കുട്ടവഞ്ചി സവാരി കേന്ദ്രത്തിൽ വനഭൂമിയിൽ അനധികൃതമായി പ്രവേശിച്ച് ഒരു തൊഴിലാളി സംഘടനയുടെ കൊടിമരം സ്ഥാപിച്ചിരുന്നു.

(ബി) പ്രസ്തുത സംഭവത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോന്നി വനം ഡിവിഷനിലെ അടവി കുട്ടവഞ്ചി സവാരി കേന്ദ്രത്തിൽ വനഭൂമിയിൽ അനധികൃതമായി പ്രവേശിച്ച് സ്ഥാപിച്ച കൊടിമരം നീക്കം ചെയ്യുകയും ആയതിന് മഹസ്സർ തയ്യാറാക്കി ഉത്തര കുമരംപേരൂർ ഫോറസ്റ്റ് സ്റ്റേഷൻ ഒ.ആർ.-02/2024 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥലത്ത് മറ്റൊരു കൊടിമരം സ്ഥാപിച്ചതിനെത്തുടർന്ന് ആയത് നീക്കംചെയ്യുന്നതിനുള്ള നിർദേശം കോന്നി ഡിവിഷൻ സ്റ്റാഫുകൾക്ക് നൽകിയിട്ടുള്ളതുമാണ്.

(സി) അടവി കുട്ടവഞ്ചി സവാരി കേന്ദ്രത്തിൽ വനഭൂമി കൈയേറി കൊടിമരം സ്ഥാപിച്ചത് തടഞ്ഞ വനം വകുപ്പ് ഉദ്യോഗസ്ഥരെ രാഷ്ട്രീയ

നേതാക്കൾ ഭീഷണിപ്പെടുത്തിയ സംഭവത്തിൽ പോലീസിൽ പരാതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് 08-06-2024-ന് കോന്നി ഡിവൈ.എസ്.പി.-ക്കും 12-06-2024-ന് പത്തനംതിട്ട എസ്.പി.-ക്കും പരാതി നൽകിയിട്ടുണ്ട്.

**തീരപ്രദേശത്ത് ഫലവൃക്ഷത്തൈകൾ നടുന്നത് സംബന്ധിച്ച്**

144(2899) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ കടലേറ്റവും കടൽക്ഷോഭവുംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ഒരുപരിധിവരെ കുറയ്ക്കുന്നതിന് കടൽത്തീരങ്ങളിൽ പലവിധത്തിലുള്ള വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയുടെ നിർവഹണം ധ്രുതഗതിയിൽ നടത്തുന്നതിനുള്ള ശ്രമമുണ്ടാകുമോ; വിശദമാക്കുമോ?

കൈപ്പമംഗലം മണ്ഡലത്തിലെ കടലേറ്റവും കടൽക്ഷോഭവുംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിനായി

നടപ്പുസാമ്പത്തിക വർഷം പ്രസ്തുത പ്രദേശത്ത് 5000 കാറ്റാടിത്തൈകൾ ഉൽപാദിപ്പിച്ച് നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ചിൽ മിയാവാക്കി വനവൽക്കരണ പ്രവർത്തനവും സംരക്ഷണവും നടപ്പാക്കിയിട്ടുള്ളതുപോലെ ഏറെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഇത്തരം പ്രവർത്തനം കൈപ്പമംഗലത്തിന്റെ മറ്റ് തീരപ്രദേശങ്ങളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദമാക്കുമോ?

കൈപ്പമംഗലം മണ്ഡലത്തിന്റെ പരിധിയിൽവരുന്ന ഏറിയാട് ഗവൺമെന്റ് ഐ.റ്റി.ഐ.-യിൽ മിയാവാക്കി മാതൃകയിൽ വിദ്യാവനം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് തീരപ്രദേശങ്ങളിൽക്കൂടി വ്യാപിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

**നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി**

145(2901) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിപ്രകാരം കോട്ടയം ജില്ലയിൽ എവിടെയെല്ലാമാണ് നഗരവനങ്ങൾ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിപ്രകാരം കോട്ടയം ജില്ലയിൽ എസ്.ഡി. കോളേജ്, കാഞ്ഞിരപ്പള്ളി; എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി; ബിഷപ്പ് സ്പീച്ചിലി കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, പള്ളം എന്നിവിടങ്ങളിൽ നഗരവനം സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം വൃക്ഷത്തൈകളാണ് നട്ടുപിടിപ്പിക്കുന്നതെന്നും അവയുടെ പരിപാലനച്ചുമതല ആർക്കാണെന്നും വിശദവിവരം നൽകുമോ?

നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിപ്രകാരം ചുവടെ ചേർത്തിരിക്കുന്ന മരങ്ങൾ, കുറ്റിച്ചെടികൾ, ഫലവൃക്ഷങ്ങൾ എന്നിവയുടെ തൈകളാണ് നട്ടുപിടിപ്പിക്കുന്നത്.

മരവുരി, താന്നി, ആഞ്ഞിലി, കറവേങ്ങ, അകിൽ, പേരാൽ, മാവ്, കമ്പകം, വെള്ളപൈൻ, ചമത, ഭദ്രാക്ഷം, അത്തി, അരയാൽ, മണിമരുത്, ആറ്റുകടമ്പ്, നെല്ലി, അമ്പഴം, കാവാലം, കടുക്ക, മരുത്, കരിമരുത്, ഏഴിലംപാല, വല്ലഭം, കണിക്കൊന്ന, കുടപ്പന, പൂച്ചകടമ്പ്, ആനത്തോണ്ടി, പുന്ന, പ്ലാവ്, കുന്തിരിക്കം, ചുണ്ടപ്പന, കരിമരം, പനച്ചി, കാര, കുടംപുളി, പൊങ്ങ്, ചെമ്പകം, ഇലഞ്ഞി, കാട്ടുജാതി, കാട്ടുഞാറ, നീർമരുത്, കുവളം, പ്ലാശ്, പൂവരശ്, കാഞ്ഞിരം.

ഡ്രിപ്പ് ഇറിഗേഷൻ സംവിധാനമുൾപ്പെടെ വനം വകുപ്പ് നഗരവനം നിർമ്മിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളെ ഏല്പിക്കുന്നു. ടി നഗരവനങ്ങളുടെ തുടർന്നുള്ള പരിപാലനച്ചുമതല അതത് സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ടി സ്ഥാപനങ്ങളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച് ടി ക്ലബ്ബിൽ അംഗങ്ങളായിട്ടുള്ളവരാണ് നഗരവനങ്ങൾ പ്രധാനമായും സംരക്ഷിച്ചുവരുന്നത്.

**തിരുവനന്തപുരം വനം ഡിവിഷനിലെ ഇക്കോ റെസ്റ്റോറേഷൻ പദ്ധതി**

146(2902) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷന്റെ അംഗീകൃത വർക്കിംഗ് പ്ലാൻപ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഇക്കോ റെസ്റ്റോറേഷൻ പദ്ധതിയിലൂടെ തൈ നടീൽ നടത്തേണ്ടത് എത്ര ഹെക്ടർ വനഭൂമിയിലായിരുന്നുവെന്നും അതിൽ എത്ര ഹെക്ടർ വനഭൂമിയിൽ പ്രസ്തുത വർഷം തൈനടീൽ നടത്തിയെന്നും വ്യക്തമാക്കുമോ?

തിരുവനന്തപുരം വനം ഡിവിഷന്റെ അംഗീകൃത വർക്കിംഗ് പ്ലാൻപ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഇക്കോ റെസ്റ്റോറേഷൻ പദ്ധതിയിലൂടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടത്തേണ്ടത് 964.39 ഹെക്ടർ വനഭൂമിയിലായിരുന്നു. ടി 964.39 ഹെക്ടറിൽ കെ.പി.പി.എൽ.-ന് ശേഖരണത്തിനായി അനുവദിച്ച 438.15 ഹെക്ടർ ഉൾപ്പെട്ടുവരുന്നു. ആയതിൽ ശേഖരണം പൂർത്തിയാക്കിയ 279.67 ഹെക്ടർ പ്രദേശത്ത് തൈനടീൽ എത്ര ഹെക്ടർ പ്രദേശത്ത് നടത്തണമെന്നുള്ളത് റീജനറേഷൻ സർവെ നടത്തി മാത്രമേ കണ്ടെത്താൻ കഴിയുകയുള്ളൂ. പ്രസ്തുത വർഷം 48.5 ഹെക്ടർ വനഭൂമിയിൽ തൈനടീൽ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) 2023-24-ൽ തിരുവനന്തപുരം ഡിവിഷനിൽ മരങ്ങൾ മുറിച്ചുമാറ്റിയിട്ടും ഇക്കോ റെസ്റ്റോറേഷൻ പദ്ധതിയിലൂടെ തൈനടീൽ നടത്താതിരുന്നത് എത്ര ഹെക്ടർ വനഭൂമിയിലാണെന്ന് വെളിപ്പെടുത്തുമോ?

2023-24-ൽ തിരുവനന്തപുരം ഡിവിഷനിൽ 279.67 ഹെക്ടർ പ്രദേശത്തെ മരങ്ങളാണ് മുറിച്ചുമാറ്റിയിട്ടുള്ളത്. റീജനറേഷൻ സർവെ നടത്തിയാൽമാത്രമേ തൈനടീൽ എത്ര ഹെക്ടർ പ്രദേശത്ത് നടത്തണമെന്നത് കണ്ടെത്താൻ കഴിയുകയുള്ളൂ. അതുപ്രകാരം പ്രസ്തുത വർഷം 48.5 ഹെക്ടർ പ്രദേശത്ത് ഇക്കോ റെസ്റ്റൊറേഷൻ പദ്ധതിയിലൂടെ തൈനടീൽ നടത്തി. 231.17 ഹെക്ടർ പ്രദേശത്താണ് ഇക്കോ റെസ്റ്റൊറേഷൻ പദ്ധതിയിലൂടെ തൈനടീൽ നടത്താതിരുന്നത്.

(സി) യഥാസമയം ഇക്കോ റെസ്റ്റോറേഷൻ പ്രവൃത്തി ചെയ്യാത്തതിന്റെ ഫലമായി, തൈനടീൽ പ്രവൃത്തിക്ക് അധികം ചെലവാകുന്ന തുക, പാരിസ്ഥിതിക നഷ്ടമടക്കം എന്തെല്ലാം നഷ്ടങ്ങളുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഇനത്തിലുള്ള നഷ്ടം വനം വകുപ്പ് പരിശോധിച്ച് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ഇക്കോ റെസ്റ്റോറേഷന്റെ ഭാഗമായി മരങ്ങൾ മുറിച്ചു മാറ്റിയതിനുശേഷം റീജനറേഷൻ സർവെയുടെ അടിസ്ഥാനത്തിലാണ് ഗ്യാപ് ഫില്ലിംഗ് പ്ലാന്റിംഗ് നടത്തുന്നത്. ഇത് ഒരു തുടർപ്രക്രിയയായതിനാൽ റെഗുലർ പ്ലാന്റിംഗിൽനിന്ന് വ്യത്യസ്തമാണ്. അതിനാൽ തൈ നടീൽ പ്രവൃത്തി ചെയ്യാത്തതുമൂലം നഷ്ടം സംഭവിച്ചതായി പറയാനാകില്ല.

(ഇ) കൊല്ലം ചീഫ് കൺസർവേറ്ററുടെ പ്രസ്തുത വിഷയത്തിന്മേലുള്ള 24-07-2023-ലെ ശിപാർശപ്രകാരം ഉത്തരവാദികളായ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

പ്രസ്തുത കത്ത് 24-07-2023 തീയതിയിൽ വനം വകുപ്പ് ആസ്ഥാനത്തെ ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിൽ ലഭിച്ചിട്ടുണ്ട്. ടി കത്തിലെ പരാമർശ വിഷയങ്ങൾ വനം വകുപ്പ് ആസ്ഥാനത്തെ വിവിധ വിഭാഗങ്ങളുമായി ബന്ധപ്പെട്ടതായതിനാൽ ആയത് വകുപ്പുതലത്തിൽ പരിശോധനയിലാണ്.

## വനം വകുപ്പിന്റെ വിവിധ പദ്ധതികൾ

147(2903) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, നടപ്പാക്കിവരുന്ന പദ്ധതികൾ എന്നിവ ഏതെല്ലാമാണെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ വനം വകുപ്പുമുഖേന നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, നടപ്പാക്കിവരുന്ന പദ്ധതികൾ, ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) വനം വകുപ്പുമുഖേന പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കാസർഗോഡ് ജില്ലയിൽ വനം വകുപ്പ് നടപ്പാക്കുന്ന പദ്ധതി**

148(2904) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വനം വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് വനം ഡിവിഷനുകീഴിൽ കാസർഗോഡ് റെയിഞ്ചിൽ ഏകവിള തോട്ടങ്ങളുടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികളും പാണ്ടിയിൽ സംരക്ഷണ വിഭാഗം ജീവനക്കാർക്കുള്ള ബാരക്ക് നിർമ്മാണവും പള്ളം കണ്ടൽ പ്രദേശത്ത് നഗരവനം പദ്ധതിയും കാഞ്ഞങ്ങാട് റെയിഞ്ചിൽ വെള്ളരിക്കുണ്ടിൽ ജീവനക്കാർക്കുള്ള ബാരക്ക് നിർമ്മാണവും പുരോഗമിച്ചുവരുന്നു. കാഞ്ഞങ്ങാട് റെയിഞ്ചിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് 32.5 km ദൂരത്തിൽ സൗരോർജ തൂക്കുവേലി നിർമ്മിക്കുന്നതിന് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സാമൂഹ്യ

വനവൽക്കരണ ഡിവിഷനുകീഴിൽ കുട്ടിവനം, വിദ്യാവനം എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിൽ വനം വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

**പാലക്കാട് ജില്ലയിൽ വനപ്രദേശങ്ങളിൽക്കൂടി കടന്നുപോകുന്ന റോഡുകൾ**

149(2905) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വനപ്രദേശങ്ങളിൽക്കൂടി കടന്നുപോകുന്ന എത്ര റോഡുകളുണ്ടെന്ന് പേരും നീളവും വീതിയും സഹിതം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലക്കാട് ജില്ലയിൽ വനപ്രദേശങ്ങളിൽക്കൂടി കടന്നുപോകുന്ന റോഡുകളുടെ മണ്ഡലവും പേരും നീളവും വീതിയും തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത റോഡുകൾ വനം വകുപ്പിന്റേതാണോ പഞ്ചായത്തിന്റേതാണോ എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

പ്രസ്തുത റോഡുകളൊന്നുംതന്നെ പഞ്ചായത്തിന്റേതല്ല. മണ്ഡലം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) എപ്പോഴെങ്കിലും പ്രസ്തുത റോഡുകളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ/അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ റോഡുകളുടെ പേരും വർഷവും ചെലവഴിച്ച തുകയും ആരാണ് തുക വകയിരുത്തിയതെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ചില റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പറമ്പിക്കുളം കടുവ സങ്കേതത്തിലൂടെ കടന്നുപോകുന്ന ആനപ്പാടി-പറമ്പിക്കുളം ഡാം, പറമ്പിക്കുളം - കുരിയാർകുറ്റി റോഡ്, പറമ്പിക്കുളം ഡാം - എർത്ത് ഡാം എന്നീ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പാണ് നടത്തിവരുന്നത്. പീച്ചി ഡിവിഷന്റെ കീഴിലുള്ള തരൂർ മണ്ഡലത്തിൽപ്പെടുന്ന ചൂലന്നൂർ മയിൽ സങ്കേതത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മേപ്പാടം-കുറിയിൽപ്പടി റോഡ് 3 മീറ്റർ വീതിയിലും 264 മീറ്റർ നീളത്തിലും 2019-20-ൽ അറ്റകുറ്റപ്പണികൾ ചെയ്തിട്ടുള്ളതാണ്. ആയതിന് 6,77,713/- രൂപ 4406-01-070-99-Roads എന്ന ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. നടുവത്ത്പാറ-തരൂർപള്ളി റോഡിൽ പൊതുമരാമത്ത് വകുപ്പാണ് അറ്റകുറ്റപ്പണികൾ നടത്തുന്നത്.

(ഡി) പാലക്കാട് ജില്ലയിൽ വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങളൊന്നും നടത്താത്തവയുണ്ടോയെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത റോഡുകൾ വനം വകുപ്പിന്റേതാണോ പഞ്ചായത്തിന്റേതാണോയെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങളൊന്നും നടത്താത്ത റോഡുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

**കൊടികുത്തിമല ഇക്കോ ടൂറിസം പദ്ധതി**

**150(2906) ശ്രീ. നജീബ് കാന്തപുരം:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പ്രത്യേക മൺസൂൺ വിനോദസഞ്ചാര പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?**

പെരിന്തൽമണ്ണ മണ്ഡലത്തിലെ കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പ്രത്യേക മൺസൂൺ വിനോദസഞ്ചാര പദ്ധതി നടപ്പാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സഞ്ചാരികളെ ആകർഷിക്കുന്നതിന് മഴയാത്ര, റെയിൻ ക്യാമ്പ് പോലെയുള്ള പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ അംഗീകരിച്ച വർക്കിംഗ് പ്ലാനിൽ ഇത്തരത്തിലുള്ള പരിപാടികളൊന്നും ഉൾപ്പെടുത്തിയിട്ടില്ലെന്നതിനാൽ ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

(സി) കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ ട്രക്കിംഗ് വാഹനങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കൊടികുത്തിമല ഇക്കോടൂറിസം കേന്ദ്രത്തിൽ വിനോദസഞ്ചാരികളെ മുകളിലെത്തിക്കുന്നതിന് പരിസ്ഥിതി സൗഹൃദമായ വാഹനങ്ങൾ വാങ്ങുന്നതിന് സി.എസ്.ആർ. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**കക്കയം ഇക്കോ ടൂറിസം കേന്ദ്രത്തിലെ തൂക്കുപാലം പുതുക്കിപ്പണിയൽ**

151 (2907) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ഇക്കോ ടൂറിസം കേന്ദ്രത്തിലെ തൂക്കുപാലം കാലപ്പഴക്കം കാരണം തുരുമ്പെടുത്ത് ഉപയോഗശൂന്യമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത തൂക്കുപാലം പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) കക്കയം ഇക്കോ ടൂറിസം കേന്ദ്രത്തിൽ കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ പുതിയ പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) പ്രസ്തുത തൂക്കുപാലം പുതുക്കിപ്പണിയുകയോ ഗ്ലാസ് ബ്രിഡ്ജ് സ്ഥാപിക്കുകയോ ചെയ്യുന്നതിനും സന്ദർശകർക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോന്നി ഇക്കോ ടൂറിസം പദ്ധതി

152(2908) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായ കോന്നി എഫ്.ഡി.എ.-യിലെ ആനക്കൂടിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ വിശദവിവരം നൽകാമോ?

കോന്നി ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായ കോന്നി എഫ്.ഡി.എ.-യിലെ ആനക്കൂടിൽ 35 താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

## വനം വകുപ്പിലെ സ്ഥലംമാറ്റങ്ങൾ

153(2909) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെയും അസിസ്റ്റന്റ് കൺസർവേറ്റർമാരുടെയും സ്ഥലംമാറ്റത്തിനായി ലക്ഷങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴ ഇടപാട് നടന്നുവെന്ന ഇന്റലിജൻസ് വിവരത്തെത്തുടർന്ന് സ്ഥലം മാറ്റത്തിനായി തയ്യാറാക്കിയ പട്ടിക വെട്ടിച്ചുരുക്കിയെന്ന പത്രവാർത്ത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഈ വാർത്തയുടെ സത്യാവസ്ഥ പരിശോധിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നു. വനം വകുപ്പിലെ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്/ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (നോൺ-കേഡർ) തസ്തികകളുടെ നിയമനാധികാരി സർക്കാരാണ്. ടി തസ്തികകളിലെ നിയമനവും സ്ഥലംമാറ്റവും നടത്തുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായതാണ്. അതിനാൽത്തന്നെ, ടി തസ്തികകളിലെ സ്ഥലംമാറ്റ ശിപാർശകൾ അതേപടി അംഗീകരിക്കാനുള്ള ബാധ്യത സർക്കാരിനില്ല. ഭരണപരമായ സൗകര്യം മുൻനിർത്തി ശിപാർശകൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്.

(ബി) നിലവിൽ 06-06-2024-ൽ 254/2024 നമ്പരായി ഇറക്കിയ സ്ഥലംമാറ്റ ഉത്തരവിൽ ഒരു ഡിവിഷനിൽ 3 വർഷമോ അതിലധികമോ

തുടർച്ചയായി ജോലി നോക്കിയവർ എത്രയെന്ന് വ്യക്തമാക്കുമോ; ഈ സ്ഥലംമാറ്റപ്പട്ടികയിൽ എത്ര പേരാണ് 3 വർഷത്തിൽ താഴെ ഒരു ഓഫീസിൽ ജോലി നോക്കിയവരുള്ളതെന്നും അവരെ സ്ഥലംമാറ്റാനുണ്ടായ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

ടി ഉത്തരവുപ്രകാരം സ്ഥലംമാറ്റിയ ഉദ്യോഗസ്ഥരിൽ 3 വർഷം തുടർച്ചയായി ജോലി നോക്കിയവർ ആരുംതന്നെയില്ല. എല്ലാവരും 3 വർഷത്തിൽ താഴെയുള്ളവരാണ്. ഭരണപരമായ സൗകര്യാർത്ഥമാണ് ടി സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) മൂന്ന് വർഷത്തിലധികമായി ഒരു സ്ഥലത്ത് ജോലി നോക്കുന്നവർ അതത് സ്ഥലത്ത് തുടരുകയും ചിലരെമാത്രം ആവശ്യപ്പെട്ട സ്ഥലങ്ങളിലേയ്ക്ക് സ്ഥലംമാറ്റുകയും ചെയ്ത നടപടി കോഴ ആരോപണമെന്ന വാർത്തയെ ബലപ്പെടുത്തുന്നതാകയാൽ പ്രസ്തുത നടപടി പരിശോധിക്കുമോ; വിശദാംശം നൽകുമോ; നിലവിൽ വനം വകുപ്പിൽ ഒരു തസ്തികയിൽ മൂന്ന് വർഷത്തിൽ അധികമായി ഒരു സ്ഥലത്ത് ജോലി നോക്കുന്നവരുടെ പേരുവിവരം ലഭ്യമാക്കാമോ?

ഭരണപരമായ സൗകര്യാർത്ഥമാണ് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത്. മൂന്ന് വർഷത്തിലധികമായി ഒരു സ്ഥലത്ത് ജോലി നോക്കുന്ന ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്/അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്-മാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. അനസ് എം. എ., അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (SIP), തൃശ്ശൂർ.

2. ശ്രീ. ശൈലേഷ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം), തിരുവനന്തപുരം

3. ശ്രീമതി സുമി ജോസഫ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ലെയ്സൺ ഓഫീസർ, എറണാകുളം

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രധാന തസ്തികകളിലേക്ക് നടത്തുന്ന നിയമനങ്ങളെല്ലാം സാമ്പത്തിക തിരിമറിക്ക് വിജിലൻസ് അന്വേഷണം നേരിടുന്നവരും വകുപ്പുതല അന്വേഷണം നേരിടുന്നവരുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇത്തരം നിയമനങ്ങൾ നടത്തി വകുപ്പിനെ വിവാദത്തിലേയ്ക്ക് തള്ളിവിടുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മേൽ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ബാധകമല്ല.

**കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം**

154(2911) <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്നറിയിക്കുമോ?

കാവ് സംരക്ഷണത്തിനായി 24-12-2016-ലെ സ.ഉ.ജി.ഒ.(ആർ.റ്റി.) നം. 485/2016/വനം പ്രകാരം കാവിന്റെ ഉടമസ്ഥർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ഓരോ ജില്ലയിലും പ്രത്യേകമായി അപേക്ഷ ക്ഷണിക്കുകയും അവ പരിശോധിച്ച് ജൈവവൈവിധ്യമൂല്യമുള്ള കാവുകളെ തെരഞ്ഞെടുത്ത്, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം

നൽകുകയുമാണ് ചെയ്യുന്നത്. ഈ ഫണ്ടുപയോഗിച്ച് കാവിന്റെ ചുറ്റുമതിൽ നിർമ്മാണം, അതിലെ കുളങ്ങളുടെ നവീകരണപ്രവർത്തനങ്ങൾ, മാലിന്യനിർമ്മാർജന പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു.

(ബി) 2020-21 വർഷം മുതൽ പ്രസ്തുത പദ്ധതിപ്രകാരം സംരക്ഷിക്കുന്നതിനായി പരിഗണനയിലുള്ളതും ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ടതുമായ കാവുകളുടെയും കുളങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ?

2020-21 വർഷം മുതൽ ആലപ്പുഴ ജില്ലയിൽ മേൽപ്രകാരം തിരഞ്ഞെടുക്കപ്പെട്ടതും ധനസഹായം നൽകിയതുമായ കാവുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

### വനം വകുപ്പ് ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തിയ സംഭവം

155 (2912) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അടവി കുട്ടവഞ്ചി സവാരി കേന്ദ്രത്തിൽ വനഭൂമി കൈയേറി കൊടിമരം സ്ഥാപിച്ചത് തടഞ്ഞ വനം വകുപ്പ് ഉദ്യോഗസ്ഥരെ ചില രാഷ്ട്രീയ നേതാക്കൾ ഭീഷണിപ്പെടുത്തിയ സംഭവത്തെ ഗൗരവത്തോടെ കാണുന്നുണ്ടോ?

ഗൗരവത്തോടെ കാണുന്നു.

(ബി) എങ്കിൽ പ്രസ്തുത സംഭവത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കോന്നി വനം ഡിവിഷനിലെ അടവി കുട്ടവഞ്ചി സവാരി കേന്ദ്രത്തിൽ വനഭൂമിയിൽ അനധികൃതമായി പ്രവേശിച്ച് സ്ഥാപിച്ച കൊടിമരം നീക്കം ചെയ്യുകയും ആയതിന് മഹസ്സർ തയ്യാറാക്കി ഉത്തര കുമരംപേരൂർ ഫോറസ്റ്റ് സ്റ്റേഷൻ ഒ.ആർ.-02/2024 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. എന്നാൽ ടി സ്ഥലത്ത് മറ്റൊരു കൊടിമരം സ്ഥാപിച്ചതിനെത്തുടർന്ന് ആയത് നീക്കംചെയ്യുന്നതിനുള്ള നിർദേശം കോന്നി ഡിവിഷൻ സ്റ്റാഫുകൾക്ക് നൽകിയിട്ടുള്ളതുമാണ്.

(സി) പ്രസ്തുത സംഭവത്തിൽ പോലീസിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് 08-06-2024-ന് കോന്നി ഡിവൈ.എസ്.പി.-ക്കും 12-06-2024-ന് പത്തനംതിട്ട എസ്.പി.-ക്കും പരാതി നൽകിയിട്ടുണ്ട്.

**കാട്ടുപന്നികളെ വെടിവച്ച് കൊല്ലാൻ നടപടി**

156(2913) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകൾ നശിപ്പിക്കുന്ന പന്നികളുടെ അനിയന്ത്രിതമായ വംശവർധനവ് ഉയർത്തുന്ന ഭീഷണി സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

(ബി) ഇവയെ വെടിവച്ച് കൊല്ലുന്നതിന് അനുമതിയുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന്

അനുമതിയുണ്ട്. ഇക്കാര്യത്തിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

കാട്ടുപന്നികളെ കൊല്ലുന്ന വേളകളിൽ മനുഷ്യജീവനും സ്വത്തിനും വളർത്തുമൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ലെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്. കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്. ഓരോ മാസവും കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെ വിവരം തദ്ദേശസ്വയംഭരണ സ്ഥാപനം തൊട്ടടുത്ത റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

ജനജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും ജഡം യഥാവിധി സംസ്കരിക്കുന്നതിലും മേൽ പ്രസ്താവിച്ച അധികാര

സ്ഥാപനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

മേൽപ്രകാരം ജനവാസ മേഖലകളിൽ മനുഷ്യജീവനും സ്വത്തിനും കൃഷിക്കും നാശംവരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി, പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ്ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥന്, അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഉത്തരവ് നൽകാവുന്നതാണ്. മനുഷ്യജീവനും മറ്റ് വന്യജീവികൾ, വളർത്തുമൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി വിഷപ്രയോഗം, സ്ഫോടക വസ്തുപ്രയോഗം, വൈദ്യുതി ഷോക്കേൽപ്പിക്കൽ എന്നിവ ഒഴികെയുള്ള മറ്റ് രീതികളിൽ ഇത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാവുന്നതാണ്. ബന്ധപ്പെട്ട ഉത്തരവുകളിൽ

പരാമർശിച്ചിരിക്കുന്ന നിർദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നുവെന്ന് അനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

കാട്ടുപന്നികളുടെ ജഡം യഥാവിധി സംസ്കരിക്കുന്നതിന്റെ വീഡിയോ, ഫോട്ടോ എന്നിവയെടുത്ത് സൂക്ഷിക്കുന്നത് ഉചിതമായിരിക്കും. ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശംവരുത്തുന്ന കാട്ടുപന്നികളെ ഇല്ലായ്മചെയ്യാൻ അനുമതി നൽകുന്ന അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഓരോ മാസവും ഇത്തരത്തിൽ അനുമതി നൽകിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രതിമാസ റിപ്പോർട്ട് ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് നൽകുന്നത് ഈ വിഷയത്തിൽ കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിന് സഹായകരമായിരിക്കും. ഇതുസംബന്ധമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്റർ ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം പരിശോധനകൾക്കായി ഹാജരാക്കേണ്ടതാണ്.

(സി) കൃഷി സംരക്ഷണത്തിനൊരുക്കുന്ന കുരുക്കിൽപ്പെട്ട് പന്നികൾ കൊല്ലപ്പെടുന്ന സാഹചര്യത്തിൽ കൃഷി സ്ഥലത്തിന്റെ ഉടമക്കെതിരെ

കേസെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കർഷകർക്ക് സഹായകരമായ നിലപാട് സ്വീകരിക്കാൻ വ്യവസ്ഥകളിൽ ഇളവ് നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമം സെക്ഷൻ 2(16) (ബി) പ്രകാരം വന്യമൃഗ സാന്നിധ്യമുള്ള പ്രദേശങ്ങളിൽ കുരുക്കോ കെണിയോ വയ്ക്കുന്നത് നായാട്ടിന്റെ വ്യക്തമായ നിർവചനത്തിൽ ഉൾപ്പെടുന്ന പ്രവൃത്തിയാണ്. ആയതിനാൽ അത്തരം പ്രവൃത്തിക്ക് നിയമ നടപടി സ്വീകരിക്കാൻ വനപാലകർ ബാധ്യസ്ഥരാണ്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഓണററി വൈൽഡ് ലൈഫ് വാർഡന്റെ/അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതി ഉത്തരവ് വാങ്ങി ജനവാസമേഖലയിൽ ജീവനും സ്വത്തിനും കൃഷിക്കും നാശംവരുത്തുന്ന അക്രമകാരികളായ കാട്ടുപന്നികളെ കുരുക്കിട്ട് പിടികൂടി കൊല്ലുന്നതിന് തടസ്സമില്ല. അപ്രകാരമുള്ള അനുമതിയില്ലാതെ കുരുക്കോ കെണിയോ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ്.

**നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം നവീകരണം**

157(2914) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനുകീഴിലുള്ള നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ കഴിഞ്ഞ 3 വർഷക്കാലം സന്ദർശനം നടത്തിയവരുടെ എണ്ണം - കുട്ടികൾ, മുതിർന്നവർ, വർഷം എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മ്യൂസിയം നവീകരിച്ച് കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണനയിലുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**വന്യജീവികൾ കാർഷികവിളകൾ നശിപ്പിച്ച സംഭവങ്ങൾ**

158(2915) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വന്യജീവികൾ കൃഷിയിടങ്ങളിൽ കടന്നുകയറി കാർഷികവിളകൾ നശിപ്പിച്ച സംഭവങ്ങൾ വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ജനവാസമേഖലകളിൽ വന്യജീവികളുടെ സാന്നിധ്യം പതിവിലുപരിയായി കാണപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് താഴെപ്പറയുന്ന കാരണങ്ങൾ നിമിത്തമാണെന്ന് വിലയിരുത്തുന്നു.

1. കാടിനുചുറ്റുമുള്ള കൃഷിയിടങ്ങളുടെ വിസ്തൃതി വർധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറി, കർഷകർ കരിമ്പ്, വാഴപോലുള്ള വാണിജ്യവിളകൾ വർധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചു.

2. വന്യമൃഗങ്ങളുടെ എണ്ണത്തിലുള്ള ഏറ്റക്കുറച്ചിലുകൾ.

3. മനുഷ്യരും വളർത്തുമൃഗങ്ങളും വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും അപകടങ്ങൾക്ക് ഇടയാക്കുന്നു.

4. ആവാസ മേഖലകൾ ചെറുതുരുത്തുകളായി മുറിഞ്ഞുപോകുന്നതുമൂലം വന്യമൃഗങ്ങളുടെ സ്വൈരവിഹാരം തടസ്സപ്പെടുന്നതിനും വന്യജീവികൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നതിനും കാരണമാകുന്നു.

5. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും അധികരിച്ചുവരുന്നതുമൂലം വന്യജീവികൾക്ക് ഭക്ഷ്യലഭ്യത കുറയുന്നു.

6. യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശയിനം സസ്യങ്ങൾ വനത്തിനുള്ളിലും പുൽമേടുകളിലും മറ്റും തോട്ടമായി മുൻകാലങ്ങളിൽ നട്ടുവളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണനിലവാരം നശിപ്പിച്ചു.

7. ആധുനിക വാർത്താവിനിമയ വിവര സങ്കേതിക സൗകര്യങ്ങൾ വർധിച്ച അളവിൽ ഉപയോഗപ്പെടുത്തുന്നതുമൂലം മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

വനമേഖലയിലും വനത്തോടുചേർന്നുള്ള പ്രദേശങ്ങളിലും മാലിന്യം നിക്ഷേപിക്കുന്ന പ്രവണത പൊതുജനങ്ങളുടെ ഭാഗത്തുനിന്നും കാണുന്നു. പ്രസ്തുത മാലിന്യങ്ങൾ ഭക്ഷിക്കാൻ വന്യമൃഗങ്ങൾ എത്തിച്ചേരുന്നതും ജനവാസ മേഖലകളിലെ അവയുടെ സാന്നിധ്യത്തിന് ഒരു കാരണമായി വിലയിരുത്തുന്നു.

(ബി) വന്യജീവികൾമൂലം കൃഷിയിടങ്ങളിൽ നാശനഷ്ടമുണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾക്കുവേണ്ടി കർഷകർക്ക് എന്തെങ്കിലും സാമ്പത്തിക പിന്തുണ നൽകുന്നുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

കൃഷിയിടങ്ങളിൽ നാശനഷ്ടമുണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾക്ക് കർഷകർക്ക് വനം വകുപ്പ് സാമ്പത്തികപിന്തുണ നൽകുന്നില്ല. എന്നാൽ ജനവാസമേഖലകളിലും കൃഷിയിടങ്ങളിലും വന്യമൃഗങ്ങൾ കയറുന്നതൊഴിവാക്കുന്നതിന് ഒട്ടനവധി പ്രവർത്തനങ്ങൾ വനം വന്യജീവി വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

**മണികണ്ഠൻ ചാൽ ചപ്പാത്ത് പാലം നിർമ്മാണം**

159(2916) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ മണികണ്ഠൻ ചാൽ ചപ്പാത്തിൽ പുതിയ പാലം നിർമ്മാണവുമായി

ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷയിന്മേൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ മണികണ്ഠൻ ചാൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 0.75 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ്, എറണാകുളം, പരിവേഷ് പോർട്ടലിൽ FP/KL/Approach/148741/2021 നമ്പർ ഓൺലൈൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലിൽ നിർമ്മിക്കേണ്ട പാലത്തിന്റെ നീളവും വീതിയും വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ യൂസർ ഏജൻസിയോട് ആയത് സമർപ്പിക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ 03-06-2022-ൽ പരിവേഷ് പോർട്ടൽ മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിന് 07-03-2023-ലാണ് യൂസർ ഏജൻസി മറുപടി സമർപ്പിച്ചത്. ടി പദ്ധതിപ്രകാരം മുറിച്ചുമാറ്റേണ്ട 52 മരങ്ങൾ വിവിധതരം പക്ഷികളുടെ നിവാസ കേന്ദ്രമായതിനാൽ ടി മരങ്ങൾ ഒഴിവാക്കി പദ്ധതി നടപ്പാക്കാൻ സാധിക്കുമോയെന്ന് സർവെ നടത്തി വിവരം അറിയിക്കാൻ യൂസർ

ഏജൻസിയോട് 13-03-2023-ൽ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ യാതൊരു മറുപടിയും യൂസർ ഏജൻസി നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

(ബി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതി വേഗത്തിൽ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

13-03-2023-ൽ യൂസർ ഏജൻസിയോട് ആവശ്യപ്പെട്ട വിവരം ലഭ്യമാകുന്ന മുറയ്ക്ക് വനം വകുപ്പിൽനിന്ന് കേന്ദ്ര വനസംരക്ഷണ നിയമം നിഷ്കർഷിക്കുന്ന തരത്തിൽ മേൽനടപടി സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**അട്ടപ്പാടിയിലേയ്ക്കുള്ള ബദൽ റോഡ് നിർമ്മാണം**

160(2917) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ചോല-ഓടക്കുന്ന്-കരടിപ്പാറ-കുറുക്കൻകുണ്ട് വരെയുള്ള ഏകദേശം മൂന്ന് കിലോമീറ്റർ ഭാഗം വനം വകുപ്പ് വിട്ടുനൽകുകയാണെങ്കിൽ അട്ടപ്പാടിയിലേയ്ക്ക് ബദൽ റോഡ് നിർമ്മിക്കാൻ കഴിയുമെന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിട്ടുകൊടുക്കേണ്ടിവരുന്ന വനഭൂമിക്കുപകരം വനത്തിനോടുചേർന്ന ഭൂമി വാങ്ങി നൽകുന്നതിനും വനവൽക്കരണം നടത്തുന്നതിനും അഗളി പഞ്ചായത്ത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഫണ്ടനുവദിക്കാൻ തീരുമാനിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മണ്ണാർക്കാട്-ചിറക്കപ്പടിയിൽനിന്നും കാഞ്ഞിരം-പൂഞ്ചോല-ഓടക്കുന്ന് - കരടിപ്പാറ – കുറുക്കൻകുണ്ട് - പാറവളവ് - മുണ്ടൻപാറ – കാരറ – ഉളിക്കടവ് - അഗളിവരെ ബദൽ റോഡ് നിർമ്മിക്കുന്നതിനായി ജനപ്രതിനിധികളും വനം വകുപ്പിലെയും മറ്റ് വകുപ്പുകളിലെയും ഉദ്യോഗസ്ഥർ ചേർന്നുനടത്തിയ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

വിവിധ ജനപ്രതിനിധികൾ, വനം വകുപ്പിലെയും മറ്റ് വകുപ്പുകളിലെയും ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് പ്രസ്തുത സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. ടി പരിശോധനാ റിപ്പോർട്ടിൽ പാറവിള മുതൽ പൂഞ്ചോലവരെ ജി.പി.എസ്.

റീഡിംഗ്പ്രകാരം ഏകദേശം 5.06 കി.മീ. ദൂരമുള്ളതും ആയത് പൂർണ്ണമായും വനഭൂമിയുമാണ്. പ്രസ്തുത റോഡ് നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രദേശത്തിന്റെ ഏറ്റവും ഉയർന്ന ഭാഗം സമുദ്രനിരപ്പിൽനിന്നും 890 മീറ്റർ ഉയരത്തിലും ഏറ്റവും താഴ്ന്ന ഭാഗമായ പൂഞ്ചോല സ്ഥിതിചെയ്യുന്നത് സമുദ്രനിരപ്പിൽനിന്ന് 180 മീറ്റർ ഉയരത്തിലുമാണ്. പ്രസ്തുത സ്ഥലത്തിന്റെ ഭൂഘടന ചെങ്കുത്തായ ചെരിവുകൾ നിറഞ്ഞതും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പഠന റിപ്പോർട്ടുപ്രകാരം മണ്ണിടിച്ചിലിനും മണ്ണൊലിപ്പിനും ഉരുൾപൊട്ടലിനും ഏറെ സാധ്യതയുള്ള സ്ഥലമാണ്. പ്രസ്തുത റോഡ് നിർമ്മിക്കാനുദ്ദേശിക്കുന്ന വനഭൂമി വന്യജീവി പരിപാലനത്തിന് വളരെയധികം പ്രാധാന്യമുള്ളതും ജൈവസമ്പത്തുള്ള സൈലന്റ്‌വാലി വനമേഖലയെയും മുത്തിക്കുളം റിസർവിനെയും ബന്ധിപ്പിക്കുന്ന ആനത്താരയുൾപ്പെടുന്നതുമായ ഒരു വനഭാഗവുമാണ്. ഇവിടെ ഒരു റോഡ് നിർമ്മിക്കുകയാണെങ്കിൽ വന്യജീവികളുടെ സഞ്ചാരപാത മുറിഞ്ഞുപോകാനിടയാകുകയും തൽഫലമായി മനുഷ്യ വന്യമൃഗ സംഘർഷം വർധിക്കാനിടയാകുകയും ചെയ്യുന്നതാണ്. ഇത്തരത്തിൽ പ്രസ്തുത വനപ്രദേശത്തിലൂടെ

അട്ടപ്പാടിയിലേയ്ക്കുള്ള ബദൽ റോഡ് നിർമ്മാണം നടത്തുകയാണെങ്കിൽ പാരിസ്ഥിതിക പ്രത്യാഘാതം വളരെ വലുതായിരിക്കും.

(സി) പ്രസ്തുത ബദൽ റോഡ് നിർമ്മിക്കുന്നതിന് ആഭ്യന്തരം, റവന്യൂ, ആരോഗ്യം, പട്ടികവർഗ വികസനം, പൊതുമരാമത്ത് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ നൽകിയ ശിപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത ബദൽ റോഡ് നിർമ്മിക്കുകയാണെങ്കിൽ യാത്രാദൂരം കുറച്ച് അട്ടപ്പാടിയിലെത്തിച്ചേരാനും പ്രകൃതിക്ഷോഭങ്ങളിലും മറ്റും അട്ടപ്പാടി മേഖല ഒറ്റപ്പെടുന്നതൊഴിവാക്കാനും കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത നിർമ്മാണത്തിനാവശ്യമായ വനഭൂമി വിട്ടുനൽകുന്നതിനും അതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പിന്റെയും വനം വകുപ്പിന്റെയും നേതൃത്വത്തിൽ ജോയിന്റ് സർവെ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(ഡി&ഇ) പൊതുമരാമത്ത് വകുപ്പ്, വനം വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന് ജോയിന്റ് സർവെ നടത്തിയിട്ടുള്ളതാണ്. പ്രസ്തുത വനപ്രദേശത്തിലൂടെ റോഡ് നിർമ്മാണം നടത്തുകയാണെങ്കിൽ പാരിസ്ഥിതിക പ്രത്യാഘാതം വളരെ വലുതായിരിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുന്നതല്ല.

**സാമൂഹ്യ വനവൽക്കരണ പദ്ധതികൾ**

161(2918) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ 2020-21 മുതൽ സാമൂഹ്യ വനവൽക്കരണ വിഭാഗം നടപ്പാക്കുന്ന പദ്ധതികളും ചെലവഴിച്ച തുകയും വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ 2020-21 മുതൽ സാമൂഹ്യ വനവൽക്കരണ വിഭാഗം നടപ്പാക്കുന്ന പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പാലോട് റെയ്ഞ്ചിൽ വനാതിർത്തി വേർതിരിക്കൽ പദ്ധതിയിലെ ക്രമക്കേടുകൾ**

162(2919) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയ്ഞ്ചിൽ വനാതിർത്തി വേർതിരിക്കൽ പദ്ധതിയുടെ ഭാഗമായി ജണ്ടകൾ നിർമ്മിച്ചതിലെ ക്രമക്കേടുകളുടെ അന്വേഷണം വനം വിജിലൻസ് പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) വനം വിജിലൻസ് വിഭാഗത്തിന്റെ റിപ്പോർട്ട് ലഭിച്ചെങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

(എ&ബി) ഉണ്ട്. കോട്ടയം ഐ.&ഇ. വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ 06-06-2022-ൽ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചതിൽ പാലോട് റെയിഞ്ചിൽ നിർമ്മിച്ച ജണ്ടകളിൽ ചിലതിൽ നിർമ്മാണത്തിൽ അപാകതകളുള്ളതായി

കണ്ടിരുന്നു. വിജിലൻസ് വിഭാഗം ജണ്ട പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയത് സാമ്പിൾ പരിശോധനയിലൂടെയായതിനാൽ വിജിലൻസ് വിഭാഗം കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനായി വിശദമായ പരിശോധന നടത്തി അപാകതകളുള്ള ജണ്ടകളിൽ മഹസ്സർ തയ്യാറാക്കി പ്രശ്നമില്ലാത്തവ, അറ്റകുറ്റപ്പണി നടത്തി ഉപയോഗയോഗ്യമാക്കാൻ പറ്റുന്നവ, പുനർനിർമ്മിക്കേണ്ടവ, കണ്ടെത്താൻ സാധിക്കാത്തവ എന്നീ നാല് വിഭാഗങ്ങളിലായി തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കി സർക്കാർ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ, ആയത് തിട്ടപ്പെടുത്തി, ഉത്തരവാദികളായ ഉദ്യോഗസ്ഥരുണ്ടെങ്കിൽ അവരുടെ പേരുവിവരം സഹിതം, മഹസ്സറും വിശദമായ റിപ്പോർട്ടും തയ്യാറാക്കി സമർപ്പിക്കുന്നതിനായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സതേൺ സർക്കിൾ കൊല്ലത്തിന് 15-03-2023-ലെ വി.എസ്.റ്റി.2109/2021 നമ്പർ കത്തുമുഖേന കൈമാറിയിട്ടുണ്ട്. വിശദമായ പരിശോധനാ റിപ്പോർട്ട് സമർപ്പിക്കുന്നതുസംബന്ധിച്ച അവലോകന യോഗം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 12-09-2023, 15-12-2023 എന്നീ തീയതികളിൽ നടത്തിയിട്ടുള്ളതുമാണ്.

തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയിഞ്ചിലെ പെരിങ്ങമ്മല സെക്ഷനിലെ ജണ്ട നിർമ്മാണത്തിലെ അഴിമതിയാരോപിച്ച് പെരിങ്ങമ്മല സെക്ഷനിലെ വാച്ചർമാർ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്ക് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 19-09-2022-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ജണ്ട നിർമ്മാണത്തിലെ വീഴ്ചകൾക്ക് ഉത്തരവാദികളാണെന്ന് കണ്ടെത്തിയ പാലോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ബി. അജിത്കുമാർ, പെരിങ്ങമ്മല സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. ആർ. ബി. അരുൺകുമാർ, എന്നിവർക്കെതിരെ 22-03-2023 തീയതിയായി കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണപത്രിക നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കാൻ കൊല്ലം ചീഫ് കൺസർവേറ്റർ 24-07-2023-ൽ സമർപ്പിച്ച ക്യൂ.സി.5-

1624/2022 വനം നമ്പർ കത്ത് വകുപ്പടിസ്ഥാനത്തിൽ ലഭിച്ചിരുന്നോ; ലഭിച്ചെങ്കിൽ എന്ന് ലഭിച്ചെന്നും ടി കത്തിന്മേൽ സ്വീകരിച്ച തുടർനടപടികളും വെളിപ്പെടുത്താമോ?

ഉണ്ട്. മേൽ കത്ത് 24-07-2023 തീയതിയിൽ വനം വകുപ്പാസ്ഥാനത്തെ ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത കത്തിലെ പരാമർശ വിഷയങ്ങൾ വനം വകുപ്പാസ്ഥാനത്തെ വിവിധ വിഭാഗങ്ങളുമായി ബന്ധപ്പെട്ടതായതിനാൽ ആയത് പരിശോധിച്ചുവരുന്നു.

**ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് അനുമതി ലഭ്യമാക്കാൻ നടപടി**

163(2920) <u>**ശ്രീ. ആന്റണി ജോൺ**</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാലാണ് പദ്ധതി നീണ്ടുപോകുന്നതെന്നത് വസ്തുതയല്ല.

(ബി) പ്രസ്തുത കാലതാമസം ഒഴിവാക്കാൻ അടിയന്തരമായി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുമോ; വിശദമാക്കുമോ?

ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടിയുള്ള പ്രൊപ്പോസൽ 23-01-2023-ന് യൂസർ ഏജൻസിയായ മൈനർ ഇറിഗേഷൻ ഡിവിഷൻ FP/KLP/Pipeline/415610/2023 നമ്പർ പ്രകാരം പരിവേഷ് പോർട്ടലിൽ സ്ഥാപിച്ചിരുന്നു. ആയതിൽ 16-02-2024 തീയതിയിൽ സ്റ്റേജ്-I അനുമതി ലഭ്യമായിട്ടുണ്ട്. ആയതിലെ നിബന്ധനപ്രകാരം കോമ്പൻസേറ്ററി ലെവീസ് അടയ്ക്കുന്നതിന് യൂസർ ഏജൻസിയോട് ആവശ്യപ്പെടുകയും (പ്രൊപ്പോസൽ ഇപ്പോൾ യൂസർ ഏജൻസി വശമാണുള്ളത്.) അത് ഒടുക്കുന്ന മുറയ്ക്ക് ടി പ്രൊപ്പോസലിൽ അന്തിമാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**വാമനപുരം മണ്ഡലത്തിൽ ഇക്കോ ടൂറിസം പദ്ധതികൾ**

164(2921) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ വനം വകുപ്പ് മുഖാന്തരം നടപ്പാക്കിയിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികൾ എവിടെയെല്ലാമാണ്?

തിരുവനന്തപുരം വനം ഡിവിഷനിൽ വാമനപുരം മണ്ഡലത്തിൽ പൊൻമുടി, മങ്കയം എന്നീ ഇക്കോ ടൂറിസം പദ്ധതികളാണ് വനം വകുപ്പ് മുഖാന്തരം നടപ്പാക്കിയിട്ടുള്ളത്.

(ബി) എന്തെല്ലാം സംവിധാനങ്ങളാണ് അവിടെയെല്ലാം ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൊൻമുടി ഇക്കോ ടൂറിസം കേന്ദ്രത്തിലെത്തുന്ന സന്ദർശകർക്ക് 3-ഡി തിയേറ്റർ, കഫറ്റീരിയ, ചിൽഡ്രൻസ് പാർക്ക്, ഇക്കോഷോപ്പ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ സീതാതീർഥം, മണച്ചാല-മരുത്വാമല, വരയാടുമൊട്ട എന്നിവിടങ്ങളിൽ ട്രക്കിംഗ് ഒരുക്കിയിട്ടുണ്ട്. മങ്കയം ഇക്കോ ടൂറിസം കേന്ദ്രത്തിൽ സന്ദർശകർക്കായി വിശ്രമിക്കാനുള്ള സൗകര്യവും ടോയിലറ്റ് സംവിധാനവും ഒരുക്കിയിട്ടുണ്ട്.

**സംസ്ഥാനത്തെ വനപരിശീലന കേന്ദ്രങ്ങൾ**

165(2922) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസേനയെ കാലോചിതമായി നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കാമോ?

വനസേനയെ കാലോചിതമായി നവീകരിക്കുന്നതിന് എല്ലാ തസ്തികയിലുമുള്ള ഉദ്യോഗസ്ഥർക്കും വിവിധ വിഷയങ്ങളിൽ ശാസ്ത്രീയമായ പരിശീലനം യഥാസമയം നൽകിവരുന്നു. അതിന്റെ ഭാഗമായി പരിശീലനാർഥികളുടെ സിലബസ് പരിഷ്കരിക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് പ്രത്യേക പ്രായോഗിക പരിശീലനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

NABARD/RIDF പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്കുപോസ്റ്റുകൾ, ഫോറസ്റ്റ് സ്റ്റേഷനുകൾ, ബാരക്കുകൾ എന്നിവ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടുതൽ വാഹനങ്ങൾ,

ആയുധങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഭരണനിർവഹണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ ഓൺലൈൻ മൊഡ്യൂളുകളും മൊബൈൽ ആപ്പുകളും ഉപയോഗപ്പെടുത്തി വരുന്നു. വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനും കോടതിയിൽ സമർപ്പിക്കേണ്ട രേഖകൾ തയ്യാറാക്കുന്നതിനും HAWK-Offence Module ഉപയോഗപ്പെടുത്തിവരുന്നു. പട്രോളിംഗ് നടത്തുന്ന സമയത്ത് വിവരങ്ങൾ M-STriPES മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ രേഖപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം നൽകി നടപ്പാക്കിവരുന്നു.

വർധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി നിലവിൽ പ്രവർത്തിച്ചുവരുന്ന ദ്രുതകർമ്മ സേനകൾക്ക് പുറമെ 31-05-2024-ലെ സ.ഉ.(കൈ)23/2024/വനം നമ്പർ ഉത്തരവുപ്രകാരം 9 ദ്രുതകർമ്മ സേനകൾകൂടി രൂപീകരിച്ചിട്ടുണ്ട്.

12-02-2021-ലെ സ.ഉ.(കൈ) 3/2021/വനം, 10-02-2022-ലെ സ.ഉ.(കൈ) 8/2022/വനം എന്നീ ഉത്തരവുകൾപ്രകാരം വനാശ്രിതരായ

പട്ടികവർഗ വിഭാഗങ്ങളിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി നിയമനം നടത്തുന്നതിന് 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിയമനം ലഭിച്ചവരിൽ 481 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ പ്രാഥമിക പരിശീലനത്തിനായി തൃശ്ശൂർ, കേരള പോലീസ് അക്കാഡമിയിലേയ്ക്ക് നിയോഗിക്കുകയും ഇവരിൽ 462 പരിശീലനാർഥികൾ ഫോറസ്റ്റി/പോലീസ് പരിശീലനം പൂർത്തിയാക്കുകയും തുടർന്ന് വിവിധ വനം ഡിവിഷനുകളിൽ നിയോഗിച്ചിട്ടുള്ളതുമാണ്.

(ബി) സംസ്ഥാനത്ത് എത്ര വനപരിശീലന കേന്ദ്രങ്ങളാണ് നിലവിലുള്ളതെന്നും വനപരിശീലന കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലുള്ള അരിപ്പ, പാലക്കാട് ജില്ലയിലുള്ള വാളയാർ എന്നിവിടങ്ങളിലായി രണ്ട് വനപരിശീലന കേന്ദ്രങ്ങളാണുള്ളത്.

അരിപ്പ സംസ്ഥാന വനപരിശീലന കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഒരു മൾട്ടി പർപ്പസ് ഇൻഡോർ കോർട്ട് കോംപ്ലക്സും നീന്തൽക്കുളവും നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗിച്ചുവരുന്നു. കൂടാതെ ബസ്സ് ഷെഡ് കം ഓപ്പൺ എയർ ആഡിറ്റോറിയം, മെസ്സ് ഹാൾ, ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവയുടെ നവീകരണപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി അരിപ്പയിൽ അക്കാഡമിക് കം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ട്രെയിനീസ് ഹോസ്റ്റൽ ബ്ലോക്ക്, എക്സിക്യൂട്ടീവ് ഹോസ്റ്റൽ ബ്ലോക്ക് എന്നിവയുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

വാളയാർ സംസ്ഥാന വനപരിശീലന കേന്ദ്രത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി രണ്ട് ബാരക്കുകൾ നവീകരിക്കുകയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി ഒരു കിണറും ജലശുചീകരണ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ വന്യമൃഗ ആക്രമണം**

166(2923) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം നാളിതുവരെ പാലക്കാട് ജില്ലയിൽ വന്യമൃഗ ആക്രമണത്തിൽ മരണമടഞ്ഞവരുടെ എണ്ണവും പേരും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ ഇത്തരത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ഇനിയും വിതരണം ചെയ്യാനുണ്ടോ; വ്യക്തമാക്കാമോ;

(സി) 2016-നുശേഷം ഇത്തരത്തിൽ വിതരണം ചെയ്ത ആകെ നഷ്ടപരിഹാരത്തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ-സി) പാലക്കാട് ജില്ലയിൽ പാമ്പുകടി, തേനീച്ചക്കുത്ത്, കടന്നൽക്കുത്ത് എന്നിവയുൾപ്പെടെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ 2016-17 മുതൽ നാളിതുവരെ 193 പേർ മരണപ്പെട്ടിട്ടുണ്ട്. അവരുടെ ആശ്രിതർക്ക് ആകെ 702.50 ലക്ഷം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്. മരണപ്പെട്ടവരിൽ 31 പേരുടെ ആശ്രിതർക്കായി ആകെ 59.50 ലക്ഷം രൂപ ഇനി വിതരണം ചെയ്യാനുണ്ട്. ബന്ധപ്പെട്ട അവകാശികൾ

മതിയായ രേഖകൾ ഹാജരാക്കിയാൽ മാത്രമേ ടി തുക വിതരണം ചെയ്യുന്നതിന് സാധിക്കുകയുള്ളൂ. 2016-17 മുതൽ നാളിതുവരെ മരണപ്പെട്ടിട്ടുള്ളവരുടെ പേരുവിവരവും നഷ്ടപരിഹാര വിതരണത്തിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

**കൂത്തുപറമ്പ് മണ്ഡലത്തിൽ പുലിയുടെയും കാട്ടാനയുടെയും സാന്നിധ്യം**

167(2924) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനാതിർത്തി പങ്കിടുന്ന കൂത്തുപറമ്പ് മണ്ഡലത്തിന്റെ പരിധിയിൽ പുലിയുടെയും കാട്ടാനയുടെയും സാന്നിധ്യം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കണ്ടെത്തിയിട്ടുണ്ട്, കൂത്തുപറമ്പ് നിയോജകമണ്ഡലം പരിധിയിൽ വരുന്ന കണ്ണവം റെയിഞ്ചിന്റെ അധികാരപരിധിയിൽപ്പെട്ട പെരിങ്ങത്തൂർ, അണിയാരം ഭാഗത്ത് പുലിയുടെ സാന്നിധ്യവും നരിക്കോട്, പാത്തിക്കൽ ഭാഗങ്ങളിൽ കാട്ടാനയുടെ സാന്നിധ്യവും കണ്ടെത്തിയിട്ടുണ്ട്. അണിയാരം ഭാഗത്ത് സ്വകാര്യ വ്യക്തിയുടെ കിണറ്റിൽ വീണ പുലിയെ പിടികൂടിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജനവാസമേഖലയിൽ കാട്ടാനയുടെ സാന്നിധ്യം കണ്ടെത്തിയാൽ ഉടൻതന്നെ വനം വകുപ്പ് ജീവനക്കാരും വാച്ചർമാരും വനസംരക്ഷണ സമിതി പ്രവർത്തകരും ചേർന്ന് കാട്ടാനകളെ ഉൾവനത്തിലേയ്ക്ക് തിരികെ കയറ്റിവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കാട്ടാനകൾ ജനവാസ മേഖലയിലിറങ്ങുന്നത് തടയുന്നതിന് നരിക്കോട് ഭാഗത്ത് 3 കിലോമീറ്റർ ദൂരത്തിൽ സോളാർ പവർ ഫെൻസിങ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

**ഇക്കോ സെൻസിറ്റീവ് സോണുകൾ**

168(2925) **ശ്രീ. ടി. പി. രാമകൃഷ്ണൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ സെൻസിറ്റീവ് സോണുകളായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽനിന്നും വാസയോഗ്യമായ മേഖലയെ ഒഴിവാക്കുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ബഹു. സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ IA 1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധിയിൽ എല്ലാ സംരക്ഷിത പ്രദേശങ്ങളുടെയും (ദേശീയോദ്യാനങ്ങളുടെയും വന്യമൃഗ

സങ്കേതങ്ങളുടെയും) അടയാളപ്പെടുത്തിയിട്ടുള്ള അതിരിൽനിന്നും ഏറ്റവും കുറഞ്ഞത് ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ ബാധകമാക്കി ഉത്തരവായിരുന്നു.

സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും സമീപിക്കണമെന്ന് കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിനുമുമ്പാകെ 25-06-2022-ലെ ഡി2/46/2019 നമ്പർ കത്തുപ്രകാരം സംസ്ഥാന സർക്കാർ അഭ്യർഥന നടത്തിയിരുന്നു.

ബഹു. സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ IA 1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധിയിന്മേൽ സംസ്ഥാന സർക്കാർ സമർപ്പിച്ച പുനഃപരിശോധനാ ഹർജിയിൽ ആവശ്യപ്പെട്ട സമാന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേന്ദ്രസർക്കാർ നൽകിയ IA 131377/2022-

ൽ സംസ്ഥാനവും കക്ഷി ചേരുകയും 26-04-2023 ടി IA-യിന്മേൽ ബഹു. സുപ്രീം കോടതി കേന്ദ്രസർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും ആവശ്യങ്ങൾ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

26-04-2023-ലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവുപ്രകാരം കരട്/അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള ഇക്കോ സെൻസിറ്റീവ് സോണിനും കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ പരിഗണനയിലിരിക്കുന്ന ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾക്കും 03-06-2022-ലെ വിധി ബാധകമല്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മാത്രമല്ല, സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കുമ്പോൾ ഏകീകൃതരീതിയിൽ നിശ്ചിത ദൂരത്തിൽ പ്രഖ്യാപിക്കാൻ കഴിയില്ലെന്നും ഓരോ സംരക്ഷിത പ്രദേശങ്ങൾക്കുമനുസൃതമായി മാത്രമേ ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കാവൂ എന്നും ബഹു. സുപ്രീം കോടതി 26-04-2023-ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ ഓരോ സംരക്ഷിത പ്രദേശങ്ങൾക്കുമനുസൃതമായി സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെ ഒഴിവാക്കി കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ക്വാറി ഖനനത്തിനും വൻകിട നിർമ്മാണങ്ങൾക്കും നിയന്ത്രണങ്ങൾ തുടരുമെന്ന് സുപ്രീം കോടതി വിധിയിൽ വ്യക്തമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ബഹു. സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ IA 131377/22 നമ്പർ ഹർജിയിലെ 26-04-2023-ലെ വിധിപ്രകാരവും IA 3949/2016 നമ്പർ ഹർജിയിലെ 28-04-2023-ലെ വിധിപ്രകാരവും സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഒരു കിലോമീറ്റർ മേഖലയിലും ഇക്കോ സെൻസിറ്റീവ് സോണിലും ഖനന പ്രവർത്തനങ്ങളും വൻകിട നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നതിന് അനുമതിയില്ല. ഇക്കോ സെൻസിറ്റീവ് സോണിലോ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള മറ്റ് പ്രദേശങ്ങളിലോ

എൻവയോൺമെന്റ്/ഫോറസ്റ്റ് ക്ലിയറൻസുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾക്കായുള്ള അനുമതി നൽകുമ്പോൾ കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ 17-05-2022-ലെ F.No.11/119/2020-FC ഓഫീസ് മെമ്മോറാണ്ടത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന് ബഹു. സുപ്രീം കോടതി വിധിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കോ സെൻസിറ്റീവ് സോൺ നോട്ടിഫിക്കേഷൻ ആയിട്ടില്ലാത്ത സ്ഥലങ്ങളിലോ ഇക്കോ സെൻസിറ്റീവ് സോൺ നോട്ടിഫിക്കേഷൻ ഡ്രാഫ്റ്റ് സ്റ്റേജിൽ ആയിട്ടുള്ള സ്ഥലങ്ങളിലോ ഖനനത്തിനും വൻകിട നിർമ്മാണങ്ങൾക്കുമായി അപേക്ഷിക്കുന്ന സ്ഥലം ദേശീയോദ്യാനങ്ങളുടെയോ വന്യജീവി സങ്കേതങ്ങളുടെയോ 10 കിലോമീറ്റർ ചുറ്റളവിനുള്ളിലാണെങ്കിൽ നാഷണൽ ബോർഡ് ഫോർ വൈൽഡ്-ലൈഫ് (NBWL)/സ്റ്റാന്റിംഗ് കമ്മിറ്റി ഓഫ് നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫ് (SCNBWL)-ന്റെ അനുമതി ആവശ്യമാണ്.

**നാട്ടാന പരിപാലന നിയമം**

169(2926) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാട്ടാന പരിപാലന നിയമത്തിലെ പ്രായോഗികതലത്തിലുള്ള പോരായ്മകളും അപാകതകളും പ്രതിസന്ധി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ നാട്ടാനകളുടെ പരിപാലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 2012-ലെ കേരള നാട്ടാന (പരിപാലനവും, കാര്യകർതൃത്വവും) ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ടുള്ള പുതിയ ചട്ടങ്ങളുടെ കരട് ഉചിതതലങ്ങളിൽ ചർച്ച ചെയ്ത് അന്തിമമാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

### വന്യമൃഗ വേട്ട തടയലും വനസംരക്ഷണവും

170(2927) <u>ശ്രീ. ഒ. ആർ. കേളു</u>:
<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>:
<u>ശ്രീ. ആന്റണി ജോൺ</u>:

<u>ശ്രീ. എ. പ്രഭാകരൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ വേട്ട തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വന്യമൃഗ വേട്ട തടയുന്നതിന് ഉൾവനങ്ങളിൽ ആന്റി-പോച്ചിംഗ് ക്യാമ്പുകൾ സ്ഥാപിച്ചും ഉൾവനങ്ങളിലും വനാതിർത്തി പ്രദേശങ്ങളിലും സംസ്ഥാന വനാതിർത്തികളിലും റോന്ത് ചുറ്റൽ, രാത്രികാല പട്രോളിംഗ് തുടങ്ങിയവയും നടത്തിവരുന്നു. വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്‌മെന്റ് കമ്മിറ്റികളുടെയും സഹകരണത്തോടെ നിയമലംഘകരെ നിരീക്ഷിക്കുന്നതിനും പിടികൂടുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. സുശക്തമായ ഒരു വനം ഇന്റലിജൻസ് സെല്ലും പ്രവർത്തിച്ചുവരുന്നു. ഉൾവനത്തിൽ ക്യാമറാ ട്രാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) സംരക്ഷിത ജീവജാലങ്ങളുടെയും സസ്യജാലങ്ങളുടെയും അനധികൃതമായ വിൽക്കലും വാങ്ങലും രാജ്യാന്തര കടത്തും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വനം കുറ്റകൃത്യങ്ങളുടെയും കുറ്റവാളികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Hostile Activity Watch Kernal (HAWK) എന്ന ഓൺലൈൻ മൊഡ്യൂൾ വനം വകുപ്പ് വികസിപ്പിച്ച് ഉപയോഗിച്ചുവരുന്നുണ്ട്. ഇതിന്റെ ലിങ്ക് വനം വകുപ്പിന്റെ വെബ്സൈറ്റായ www.forest.kerala.gov.in എന്ന സൈറ്റിൽ ലഭ്യമാണ്. ഈ മൊഡ്യൂളിൽ ശേഖരിക്കുന്ന വിവരങ്ങൾ വന കുറ്റകൃത്യങ്ങൾ തടയുന്നതിനും സ്ഥിരം കുറ്റവാളികളെ നിരീക്ഷിക്കുന്നതിനും വനപാലകരെ സഹായിക്കുന്നു.

"ഓപ്പറേഷൻ ശിക്കാർ" എന്ന പേരിൽ വനം വകുപ്പ് നടത്തിയ നീക്കത്തിൽ 18 കാട്ടാനകളുടെ വേട്ട കണ്ടെത്തുകയും 73 കുറ്റവാളികളെ നിയമത്തിനുമുമ്പാകെ കൊണ്ടുവരുന്നതിനും 479.292 കി.ഗ്രാം. ആനക്കൊമ്പ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്.

ദേശീയ കടുവ സംരക്ഷണ അതോറിറ്റി (NTCA) വികസിപ്പിച്ചെടുത്ത ആൻഡ്രോയിഡ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മോണിറ്ററിംഗ് സോഫ്റ്റ് വെയർ MSTrIPES (Monitoring System for Tigers-Intensive Protection and Ecological Status) വനം വകുപ്പ് ഉപയോഗിച്ചുവരുന്നു. ഗ്ലോബൽ

പൊസിഷണിംഗ് സിസ്റ്റം (GPS), റിമോട്ട് സെൻസിംഗ് (RS) എന്നീ ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് വിവരങ്ങൾ ശേഖരിച്ച് ഡാറ്റാബേസുണ്ടാക്കുകയും Geographic Information System (GIS), സ്റ്റാറ്റിസ്റ്റിക്കൽ റ്റൂളുകൾ എന്നിവ ഉപയോഗിച്ച് വിശകലനം ചെയ്ത് തീരുമാനങ്ങളെടുക്കുകയും ചെയ്തുവരുന്നു.

വനത്തിനുള്ളിൽ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് അനധികൃതമായി ആളുകൾ വനത്തിൽ പ്രവേശിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും മൃഗങ്ങളുടെ സഞ്ചാരപഥം നിരീക്ഷിക്കുകയും കണക്കെടുക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തുവരുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ രഹസ്യവിവര ശേഖരണത്തിൽ പരിശീലനം ലഭിച്ച ജീവനക്കാരെ ഉൾപ്പെടുത്തി വനം ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. സംരക്ഷിത സസ്യങ്ങളുടെയും ജീവിവർഗ്ഗങ്ങളുടെയും അവയുടെ ഉൽപന്നങ്ങളുടെയും ഓൺലൈൻ കച്ചവടവും മറ്റും ഇന്റലിജൻസ് വിഭാഗം നിരീക്ഷിച്ച് കുറ്റവാളികളെ പിടികൂടുന്നതിനാവശ്യമായ

സഹായങ്ങൾ ടെറിറ്റോറിയൽ/വൈൽഡ്ലൈഫ്/വിജിലൻസ് വിഭാഗങ്ങൾക്ക് നൽകിവരുന്നു.

വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുമായി സഹകരിച്ച് സംരക്ഷിത ജീവിവർഗ്ഗങ്ങളുടെയും സസ്യജാലങ്ങളുടെയും അനധികൃതമായ വാങ്ങലും വിൽക്കലും രാജ്യാന്തര കടത്തും തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

CITES Appendix I, II, III എന്നിവയിലുൾപ്പെട്ട, അതീവസംരക്ഷണ പ്രാധാന്യമുള്ള വിദേശയിനം ജീവിവർഗങ്ങളെ കൈവശം വയ്ക്കുന്നതിനും വളർത്തുന്നതിനും വില്പന നടത്തുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വന്യജീവി (സംരക്ഷണ) നിയമം 2022-ലെ ഭേദഗതിയിൽ പുതുതായി VB എന്ന അധ്യായം ഉൾപ്പെടുത്തിയിട്ടുണ്ട്. സംരക്ഷിത വിഭാഗത്തിൽപ്പെട്ട വിദേശയിനം ജീവികളെ ഷെഡ്യൂൾ IV-ൽ ഉൾപ്പെടുത്തി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വനവൽക്കരണം വർധിപ്പിക്കുന്നതിനും വനനശീകരണം തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വനവൽക്കരണം വർധിപ്പിക്കുന്നതിനും വനനശീകരണം തടയുന്നതിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

• വനം കൈയേറ്റം ചെറുക്കുന്നതിനും വനഭൂമിയുടെ സംരക്ഷണത്തിനുമായി വനാതിർത്തിയിൽ ജണ്ടകൾ കെട്ടി സംരക്ഷിച്ചുവരുന്നു. കൂടാതെ വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

• വനം കുറ്റകൃത്യങ്ങളിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

• ശോഷണം സംഭവിച്ച വനഭാഗങ്ങളിൽ ശോഷിക്കപ്പെട്ട വനങ്ങളുടെ പുനരുജ്ജീവനം, പ്രകൃതിദത്ത വനങ്ങളുടെ സഹായവനവൽക്കരണം എന്നീ പദ്ധതികളിലൂടെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനും

അധിനിവേശ സസ്യങ്ങളെ ഒഴിവാക്കി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുമുള്ള ഇക്കോ റെസ്റ്റൊറേഷൻ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. വന്യമൃഗ സാന്നിധ്യമുള്ള വനപ്രദേശങ്ങളിൽ, ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള വനസസ്യങ്ങളുടെ വിത്തുകൾ സീഡ് ബോളുകളാക്കി വിതറിയിട്ടുണ്ട്.

• വി.എസ്.എസ്., ഇ.ഡി.സി. അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി കാട്ടുതീ പോലുള്ള വിപത്തുകൾ തടയുന്നതിന് ഫയർലൈൻ, ഫയർഗ്യാംഗുകൾ എന്നിവ ഫലവത്തായി നടത്തിവരുന്നു.

• വനസംരക്ഷണ ജീവനക്കാർ വനഭൂമിയിൽ പട്രോളിംഗ്, കാടിനുള്ളിൽ ക്യാമ്പുകൾ, വനത്തിനുള്ളിൽ ചാരായ വാറ്റ്, കഞ്ചാവ് കൃഷി എന്നിവ തടയുന്നതിന് സംയുക്ത റെയ്ഡുകൾ നടത്തുന്നുണ്ട്. കൂടാതെ കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് വനസംരക്ഷണം ശക്തമായി നടത്തിവരുന്നുണ്ട്.

• വനത്തിനുള്ളിൽ വിസ്ത ക്ലിയറിംഗ്, റോഡ്, ട്രക്ക് പാത്ത് നവീകരണം, കുളം, ചെക്ക്ഡാം നിർമ്മാണം എന്നിവ ചെയ്തുവരുന്നു.

• വിദ്യാർഥികൾക്കായി പ്രകൃതിപഠന ക്യാമ്പുകൾ, പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു.

• വനങ്ങളുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ക്യാമ്പിംഗ്, പെരാമ്പുലേഷൻ എന്നിവ നടത്തിയും M-Stripes മോണിറ്ററിംഗ് മുഖേനയും Real Time ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിയും വനസംരക്ഷണം കാര്യക്ഷമമായി നടത്തിവരുന്നു.

• കൂടാതെ എല്ലാ മാസവും ഉൾവനങ്ങളിൽ വനസംരക്ഷണവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ക്യാമ്പുകൾ നടത്തിവരുന്നതിനാൽ വനം കൈയേറ്റങ്ങൾ, വനംകൊള്ള, വനവിഭവങ്ങളുടെ ചൂഷണം എന്നിവ തടയാൻ കഴിയുന്നു.

• സുസ്ഥിരമായ വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ആദിവാസി സമൂഹം ഉൾപ്പെടെയുള്ള തദ്ദേശവാസികൾ ഉൾപ്പെടുന്ന ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും വി.എസ്.എസ്.-ന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്.

**കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ**

171(2928) **ശ്രീ. ജി. സ്റ്റീഫൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ തൽസ്ഥിതി വ്യക്തമാക്കുമോ?

കോട്ടൂരിൽ നിലവിലുണ്ടായിരുന്ന ആന പുനരധിവാസ കേന്ദ്രത്തെ 50 ആനകളെ പാർപ്പിക്കുന്നതിനുള്ള സൗകര്യത്തോടുകൂടിയ കേന്ദ്രമാക്കാനാണ് നവീകരണപ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. ഒന്നാംഘട്ടത്തിൽ 35 ആനകൾക്കുള്ള വാസസ്ഥലം, കുട്ടിയാനകളുടെ പരിചരണകേന്ദ്രം, കുട്ടിയാനകൾക്കുള്ള ക്വാറന്റൈൻ കേന്ദ്രം, 12 ആനക്കൊട്ടിലുകൾ, കാട്ടിൽനിന്നും പിടിക്കുന്ന ആനകൾക്കുള്ള രണ്ട് ക്രാളുകൾ, മദപ്പാടുള്ള ആനകൾക്കുള്ള കൊട്ടിൽ, പോസ്റ്റുമോർട്ടം കേന്ദ്രം, പാപ്പാന്മാർക്കുള്ള നാല് വിശ്രമ കേന്ദ്രങ്ങൾ, 4 കിലോമീറ്റർ നീളത്തിൽ അതിർത്തിവേലി, 1.2 കിലോമീറ്റർ ഫോറസ്റ്റ് റോഡ്, ആനകളെ പാർപ്പിക്കുന്ന സ്ഥലത്തേയ്ക്ക് ജലവിതരണം, വൈദ്യുതി വിതരണം, വെറ്ററിനറി ആശുപത്രി സമുച്ചയം, സന്ദർശകമേഖലയിൽ പാർക്കിംഗ് ലോട്ടുകൾ, എൻട്രൻസ് പ്ലാസ, ആഫീസ് കെട്ടിടം, റിസർച്ച് ആൻഡ് ട്രെയിനിംഗ് സെന്റർ, രണ്ട് സബ് സ്റ്റേഷനുകൾ, കഫറ്റീരിയ, ടോയിലറ്റ് ബ്ലോക്ക്, ആനയൂട്ട് കേന്ദ്രവും പവിലിയനും, 40

പാപ്പാന്മാർക്കുള്ള ഡോർമിറ്ററി, പാപ്പാന്മാർക്കുവേണ്ടി 16 ഫാമിലി ക്വാർട്ടേഴ്സുകൾ, 10 ക്വാർട്ടേഴ്സുകളുടെ നവീകരണം, 8 പേർക്കുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ്, 4 പേർക്കുള്ള ഓഫീസേഴ്സ് ക്വാർട്ടേഴ്സ്, 40 ബെഡ്ഡുകളുള്ള ഹോസ്റ്റൽ ബ്ലോക്ക്, ഹോസ്റ്റൽ ഡൈനിംഗ് ബ്ലോക്ക്, സന്ദർശകർക്കുള്ള ടോയിലറ്റ് കോംപ്ലക്സ്, ജലശുദ്ധീകരണ പ്ലാന്റ്, ജലവിതരണ ശൃംഖല, മലിനജല ട്രീറ്റ്മെന്റ് പ്ലാന്റ്, ഇന്റേണൽ റോഡുകളുടെ നവീകരണം, ചെയിൻ ലിങ്ക് ഫെൻസിംഗ്, ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റിംഗ് യൂണിറ്റ്, ആനപ്പിണ്ഡത്തിൽനിന്നും പേപ്പർ നിർമ്മിക്കുന്ന യൂണിറ്റ്, ഗാർഡൻ നിർമ്മാണം, സ്ട്രീറ്റ് ലൈറ്റ്, കുട്ടികൾക്കുള്ള കളിസ്ഥലം, എല്ലാ കെട്ടിടങ്ങളിലേയ്ക്കും ഫർണിച്ചർ ഐറ്റങ്ങൾ എന്നിവയാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ. ഈ പ്രവൃത്തികൾ 95 ശതമാനം പൂർത്തിയായി. ഈ ഘട്ടത്തിലെ ഫണ്ടിന്റെ നീക്കിയിരിപ്പുപയോഗിച്ച് കോട്ടൂരിൽനിന്നും ആന പുനരധിവാസ കേന്ദ്രത്തിലേയ്ക്കുള്ള 1.7 കിലോമീറ്റർ ദൂരമുള്ള പഞ്ചായത്ത് റോഡിന്റെ നവീകരണംകൂടി പിന്നീട് ഏറ്റെടുത്തു. ടി റോഡ് നവീകരണ പ്രവൃത്തി 40% പൂർത്തിയായിട്ടുണ്ട്. 2019 ഡിസംബർ 21-ന്

ആരംഭിച്ച ഒന്നാംഘട്ട പ്രവൃത്തികളും നിലവിൽ നടന്നുവരുന്ന റോഡിന്റെ നവീകരണ പ്രവൃത്തിയും 2024 ആഗസ്റ്റ് 15-ന് പൂർത്തിയാകുന്നതോടെ ആന പുനരധിവാസ കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിന് സാധിക്കും.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഓരോ ഘട്ടങ്ങൾക്കും കിഫ്ബി അനുവദിച്ച ധനകാര്യാനുമതി സംബന്ധിച്ച നിർവഹണ പുരോഗതി അറിയിക്കുമോ?

കിഫ്ബി 2019-ൽ ഒന്നാംഘട്ടത്തിന് 71.92 കോടി രൂപ അനുവദിച്ചു. ഈ തുക പിന്നീട് 79.06 കോടി രൂപയായും ഒടുവിൽ 82.38 കോടി രൂപയായും വർധിപ്പിച്ചു. ജി.എസ്.ടി. കൂടെ കണക്കിലെടുത്താണ് തുക വർധിപ്പിച്ചത്. ഇതിൽ 15-06-2024 വരെ 62.82 കോടി രൂപ ചെലവഴിച്ചു.

**വന്യജീവി ആക്രമണം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം**

172(2929) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്കും ഗുരുതര പരിക്കുപറ്റി ചികിത്സയിലായവർക്കും എത്ര രൂപയാണ് ഇപ്പോൾ

നഷ്ടപരിഹാരമായി അനുവദിക്കുന്നതെന്നും ഏത് കാലയളവുവരെയാണിത് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകിവരുന്നത് 1980-ലെ “The Kerala Rules for Payment of Compensation to Victims of Attack by Wild Animals”-ലെ വ്യവസ്ഥകൾപ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05-04-2018-ലെ സ.ഉ. (കൈ)നമ്പർ 17/2018/വനം, 25-10-2022-ലെ G.O.(Ms) No.50/2022/F&WLD, 20-01-2024-ലെ സ.ഉ.(കൈ)നം.03/2024/വനം എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള തുകകൾപ്രകാരമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. ടി ഉത്തരവുകൾപ്രകാരം, മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക്, പത്തുലക്ഷം രൂപ നഷ്ടപരിഹാരം നൽകിവരുന്നു. തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റ് വനത്തിനകത്തുവച്ച് ജീവഹാനി സംഭവിക്കുകയാണെങ്കിൽ പത്തുലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് സംഭവിക്കുന്ന ജീവഹാനിക്ക് രണ്ടുലക്ഷം രൂപയും നഷ്ടപരിഹാരമായി

അനുവദിക്കുന്നു. വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ രണ്ടുലക്ഷം രൂപ നഷ്ടപരിഹാരം നൽകിവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ സ്ഥായിയായ അംഗവൈകല്യമുണ്ടാകുന്നവർക്ക് രണ്ടുലക്ഷം രൂപയും പരിക്കുപറ്റുന്നവർക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരുലക്ഷം രൂപയെന്ന നിരക്കിലും നൽകിവരുന്നു. പട്ടികവർഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകിവരുന്നു.

ചുരുക്കം ചില വനം ഡിവിഷനുകളിലൊഴികെ മറ്റെല്ലാ ഡിവിഷനുകളിലും 2024 മാർച്ച് 31 വരെയുള്ള അപേക്ഷകളിന്മേൽ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. ചില ഡിവിഷനുകളിൽ നാളിതുവരെ ലഭ്യമായ അപേക്ഷകളിന്മേലും നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ വനമേഖലകളിൽ പ്രവർത്തിക്കുന്ന ദ്രുതകർമ്മസേന**

173(2930) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നോർത്ത്, സൗത്ത് ഫോറസ്റ്റ് ഡിവിഷനുകളിലെ വനമേഖലകളിൽ എത്ര ദ്രുതകർമ്മസേനകൾ (ആർ.ആർ.ടി.) പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ ടീമിലുമുള്ള ഉദ്യോഗസ്ഥരുടെ തസ്തികയും എണ്ണവും അറിയിക്കാമോ?

നിലവിൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ നോർത്ത് ഡിവിഷനുകീഴിൽ ഒരു ദ്രുതകർമ്മ സേന പ്രവർത്തിച്ചുവരുന്നുണ്ട്. ആയതിലെ തസ്തികകളും ഉദ്യോഗസ്ഥരുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ 31-05-2024-ലെ സ.ഉ. (കൈ) നം 23/2024/വനം പ്രകാരം മലപ്പുറം ജില്ലയിൽ നിലമ്പൂർ സൗത്ത് ഡിവിഷനുകീഴിലെ കാളികാവ് റെയ്ഞ്ചിന്റെ പരിധിയിലുള്ള കരുവാരക്കുണ്ട് ആസ്ഥാനമായി ഒരു സ്ഥിരം ആർ.ആർ.റ്റി. രൂപീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഒരു ഡ്രൈവർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിലെ വനമേഖലകളിൽ പ്രവർത്തിക്കുന്ന ദ്രുതകർമ്മസേനയിൽ സ്ഥിരം ജീവനക്കാർക്കുപുറമെ താൽക്കാലിക ജീവനക്കാരും ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ അവരുടെ പേരും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിലാസവും ഇവരെ നിയമിച്ച രീതിയും നൽകുന്ന വേതനവുമടക്കമുള്ള വിവരങ്ങൾ നൽകാമോ?

മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന ദ്രുതകർമ്മ സേനയിൽ സ്ഥിരം ജീവനക്കാർക്കുപുറമെ മനുഷ്യ-വന്യമൃഗ സംഘർഷം വർധിക്കുന്ന സാഹചര്യത്തിൽ അവയെ കാട്ടിലേയ്ക്ക് സുരക്ഷിതമായി തിരിച്ചയയ്ക്കുന്നതിലേയ്ക്കായി നാലുപേരെ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചർമാരായി നിയോഗിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.+

(സി) വന്യമൃഗ സംഘർഷങ്ങൾ നേരിടുന്നതിന് മലപ്പുറം ജില്ലയിലെ ദ്രുതകർമ്മസേനകൾക്ക് എത്ര വാഹനങ്ങളും എന്തെല്ലാം ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ടെന്ന് ആർ.ആർ.ടി. തിരിച്ച് വിവരം ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിലെ ദ്രുതകർമ്മസേനയുടെ ഉപയോഗത്തിനായി ഒരു വാഹനം അനുവദിച്ചിട്ടുണ്ട്. ആയതിന്റെയും മറ്റ് ഉപകരണങ്ങളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ദ്രുതകർമ്മസേന നിലവിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ വന്യമൃഗ ആക്രമണങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടുവെന്നും വന്യമൃഗങ്ങൾ വരുത്തിയ കൃഷിനാശത്തിന് എത്രപേർക്ക് സഹായധനം വിതരണം ചെയ്തുവെന്നും ഫോറസ്റ്റ് സ്റ്റേഷനുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിൽ ദ്രുതകർമ്മസേന നിലവിൽ വന്ന 2011-നുശേഷം മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ (പാമ്പുകടിയേറ്റതടക്കം) മരണപ്പെട്ടവരുടെ എണ്ണവും കൃഷിനാശത്തിൽ ധനസഹായം ലഭിച്ചവരുടെ എണ്ണവും ഫോറസ്റ്റ് സ്റ്റേഷനുകൾ തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ഇ) മലപ്പുറം ജില്ലയിൽ പുതിയ ദ്രുതകർമ്മസേനാ ടീം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

31-05-2024-ലെ സ.ഉ.(കൈ) നം. 23/2024/വനം പ്രകാരം മലപ്പുറം ജില്ലയിൽ നിലമ്പൂർ സൗത്ത് ഡിവിഷനുകീഴിലെ കാളികാവ് റെയ്ഞ്ചിന്റെ പരിധിയിലുള്ള കരുവാരക്കുണ്ട് ആസ്ഥാനമായി ഒരു സ്ഥിരം ആർ.ആർ.റ്റി. രൂപീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഒരു സെക്ഷന് ഫോറസ്റ്റ് ഓഫീസർ, ഒരു ഡ്രൈവർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കൊട്ടിയൂർ, ആറളം വന്യജീവി സങ്കേതങ്ങൾ**

174(2931) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊട്ടിയൂർ, ആറളം വന്യജീവി സങ്കേതങ്ങളുടെ അതിർത്തിയിൽ താമസിക്കുന്ന ജനങ്ങൾക്ക് വന്യജീവികളിൽ നിന്നുണ്ടാകുന്ന തുടർച്ചയായ ആക്രമണങ്ങൾക്കും ഭീഷണികൾക്കും നാശനഷ്ടങ്ങൾക്കും പരിഹാരം കാണാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ആറളം വന്യജീവി സങ്കേതത്തിൽ വന്യമൃഗങ്ങൾ ജനവാസ മേഖലയിലേയ്ക്കിറങ്ങുന്നത് തടയുന്നതിനായി എലിഫന്റ് പ്രൂഫ് വാൾ 5.065 കി.മീ., എലിഫന്റ് പ്രൂഫ് ട്രഞ്ച് - 3.5 കി.മീ., സ്റ്റീൽ ഫെൻസിംഗ് - 1.88 കി.മീ., സോളാർ ഫെൻസിംഗ്-4 കി.മീ. എന്നീ പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ടി.ആർ.ഡി.എം.-ന്റെ നേതൃത്വത്തിൽ ആറളം വൈൽഡ്‌ലൈഫ് സാങ്ച്വറിയുടെ വനാതിർത്തിയിൽ 10.5 കി.മീ. ദൂരത്തിൽ ആനപ്രതിരോധ മതിലിന്റെ നിർമ്മാണം നടന്നുവരുന്നുണ്ട്. ആയത് പൂർത്തിയാക്കുന്നതുവരെ താൽക്കാലിക സംവിധാനമെന്ന നിലയിൽ

നിലവിലുള്ള പ്രതിരോധ സംവിധാനങ്ങൾക്കുപുറമെ 6 കി.മീ. സോളാർ വേലി താൽക്കാലികമായി നിർമ്മിച്ച് പ്രവർത്തനക്ഷമമായി സംരക്ഷിച്ചുവരുന്നുണ്ട്. ടി വന്യജീവി സങ്കേതത്തിന്റെ അതിർത്തിയിൽ വളയംചാൽ മുതൽ കരിയംകാപ്പുവരെ 10.25 കി.മീ. ആനപ്രതിരോധ മതിൽ നിർമ്മിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. ആയതിന്റെ ഉയരം കുറഞ്ഞ ഭാഗങ്ങളിൽ മെച്ചപ്പെട്ട സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി 3 കി.മീ. ദൂരത്തിൽ താൽക്കാലിക ത്തൂക്കുവേലി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കരിയംകാപ്പുമുതൽ രാമച്ചിവരെ 1.8 കി.മീ. ദൂരത്തിൽ സോളാർ ത്തൂക്കുവേലി നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അടങ്കൽ തയ്യാറാക്കിയിട്ടുണ്ട്. കോളിത്തട്ട് മുതൽ പന്ന്യാമലവരെയുള്ള 2 കി.മീ. ഭാഗത്ത് സോളാർവേലി നിർമ്മിച്ച് സംരക്ഷിച്ചുവരുന്നുണ്ട്.

കൊട്ടിയൂർ വൈൽഡ് സാങ്ച്വറിയിൽ ജനവാസ മേഖലയുമായി ചേരുന്ന അതിർത്തിയിൽ 5 കി.മീ. ദൂരത്തിൽ സോളാർ ഹാംഗിങ് ഫെൻസ് നിർമ്മിക്കുന്നതിന് 40 ലക്ഷം രൂപ MRMAC ശീർഷകത്തിൽ

വകയിരുത്തിയിട്ടുള്ളതും ആയതിന്റെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്.

വന്യമൃഗ സംഘർഷം ഏറ്റവും കൂടുതലുള്ള മേഖലയിൽ രാത്രികാല പട്രോളിംഗുൾപ്പെടെ നടത്തുകയും ആർ.ആർ.ടി. യൂണിറ്റിന്റെ സേവനം 24 മണിക്കൂറും ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വന്യമൃഗ സംഘർഷംമൂലം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് നിശ്ചിത നിരക്കിൽ നഷ്ടപരിഹാരവും അനുവദിച്ചുവരുന്നുണ്ട്.

**ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടയാളുടെ ധനസഹായം**

175(2932) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ആറാട്ടുകടവിൽ പത്മനാഭൻ പി. പി.-യുടെ ആശ്രിതർക്ക് ധനസഹായം നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ?

നൽകിയിട്ടില്ല.

(ബി) ഇതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണുള്ളതെന്നും ഇക്കാര്യത്തിൽ തീരുമാനമാകാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ?

കണ്ണൂർ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ താമസക്കാരനായിരുന്ന പുതിയവീട്ടിൽ പത്മനാഭൻ എന്നയാൾ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടത് കർണ്ണാടക സംസ്ഥാനത്ത് വച്ചാകയാൽ ടിയാന്റെ ഭാര്യ ശ്രീമതി ബീന മാമൂട്ടിൽ നഷ്ടപരിഹാരത്തിന് സമർപ്പിച്ചിട്ടുള്ള അപേക്ഷ നിലവിലെ ചട്ടപ്രകാരം പരിഗണിക്കാൻ സാധിച്ചിട്ടില്ല.

പ്രസ്തുത വിഷയം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ചട്ടത്തിൽ ഇളവുനൽകി നഷ്ടപരിഹാരം നൽകുന്നതിനായി അപേക്ഷ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ**

176(2933) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിൽ വന്യമൃഗ ശല്യത്തിന് പരിഹാരം കാണുന്നതിനായി വനമേഖലയുമായി അതിർത്തി പങ്കിടുന്ന ജനവാസകേന്ദ്രങ്ങളിൽ സമ്പൂർണ്ണ വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എരുമേലി, മുണ്ടക്കയം, കോരുത്തോട് എന്നീ പഞ്ചായത്തുകളുടെ വനാതിർത്തി പങ്കിടുന്ന മേഖലകളിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി സൗരോർജവേലികൾ, ട്രഞ്ചുകൾ എന്നിവ നിർമ്മിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകിവരുന്നുണ്ട്. ഈ പ്രദേശങ്ങളിൽ ജനവാസമേഖലയിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥരും തദ്ദേശീയരും ഉൾപ്പെടെ നിരന്തരം ജാഗരൂകരായിട്ടുള്ള ടീമിനെ രൂപീകരിച്ചിട്ടുണ്ട്.

കോട്ടയം ഡിവിഷനിൽ പീരുമേട്-കോരുത്തോട് ഭാഗം മനുഷ്യ-വന്യമൃഗ സംഘർഷവുമായി ബന്ധപ്പെട്ട ഹോട്ട്-സ്പോട്ടായി നിർണ്ണയിക്കുകയും

ടി സ്ഥലത്ത് വനം വകുപ്പിലെ വിവിധ വിഭാഗങ്ങളിൽനിന്നും സ്റ്റാഫിനെ വിന്യസിച്ച് പ്രത്യേക ടീം രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജനവാസമേഖലകളിലിറങ്ങി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ചട്ടപ്രകാരം കൊന്ന് ഇല്ലായ്മ ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും അധികാരം നൽകിയിട്ടുള്ളതാണ്. ടി അധികാരത്തിന്റെ സമയപരിധി 28-05-2024 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

പൂഞ്ഞാർ മണ്ഡലത്തിലെ മനുഷ്യ-വന്യമൃഗ സംഘർഷത്തിന് പരിഹാരം കാണുന്നതിനായി എരുമേലി റെയിഞ്ചിലെ വണ്ടൻപതാൽ ആസ്ഥാനമായി 31-05-2024-ലെ സ.ഉ. (കൈ) നം. 23/2024 പ്രകാരം ഒരു ആർ.ആർ.ടി. രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പീരുമേട് മേഖലയിൽ പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി.-യുടെ സേവനം പ്രത്യേകമായി ഉപയോഗപ്പെടുത്തിവരുന്നു.

ചീനിമരം മുതൽ പായസപ്പടിവരെ 1.5 കി.മീ., എലിവാലിക്കര മുതൽ ശാന്തിപുരംവരെ 1.5 കി.മീ., 504 നഗർ മുതൽ മുന്നോളി എസ്റ്റേറ്റുവരെ 1.5 കി.മീ., കീരിത്തോട് മുതൽ ചീനിമരംവരെ 2.5 കി.മീ., ശാന്തിപുരം മുതൽ

കൊപ്പംവരെ 1.5 കി.മീ., കോയിക്കക്കാവ് ടോപ് മുതൽ കൊപ്പംവരെ 1.5 കി.മീ., പായസപ്പടി മുതൽ എലിവാലിക്കരവരെ 1.5 കി.മീ. എന്നിങ്ങനെ ആകെ 11.50 കി.മീ. ദൂരത്തിൽ സൗരോർജവേലികൾ അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമത ഉറപ്പുവരുത്തിയിട്ടുണ്ട്. മാമ്പാടി മുതൽ പാക്കാനംവരെ 1.1 കി.മീ. ദൂരത്തിൽ സൗരോർജവേലിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

2023-24 വർഷത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി എരുമേലി റെയിഞ്ചിൽ അഴുതക്കടവ് കാളകെട്ടി മുതൽ 116 വരെ 5 കി.മീ. ദൂരത്തിലും കണ്ടക്കയം മുതൽ മതമ്പ ഏരിയാവരെ 16 കി.മീ. ദൂരത്തിലും (ആകെ 21 കി.മീ.) സൗരോർജതൂക്കുവേലികൾ നിർമ്മിക്കുന്നതിനും കണ്ണാട്ടുകവല മുതൽ പന്നിവെട്ടുംപാറ ഭാഗത്ത് 0.5 കി.മീ., കോരുത്തോട് കൊമ്പുകുത്തി ട്രൈബൽ സെറ്റിൽമെന്റ് ഭാഗത്ത് ഒരു കിലോമീറ്റർ, മഞ്ഞളരുവി കുളമാക്കൽ ഭാഗത്ത് 0.3 കി.മീ. എന്നിവയുൾപ്പെടെ 1.8 കി.മീ. ദൂരത്തിൽ ആനപ്രതിരോധ കിടങ്ങും നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

RKVY പദ്ധതിയിൽ എരുമേലി റെയിഞ്ചിൽ മഞ്ഞളരുവി മുതൽ മമ്പാടിവരെ 6 കി.മീ. ദൂരത്തിലും കോയിക്കക്കാവ്-പായസപ്പടി 9.25 കി.മീ. ദൂരത്തിലും മഞ്ഞളരുവി-പാക്കാനംവരെ 3.7 കി.മീ. ദൂരത്തിലും (ആകെ 18.95 കി.മീ.) സൗരോർജ്ജതൂക്കുവേലിയും മമ്പാടി-പാക്കാനം ഭാഗത്ത് 1.5 കി.മീ. ദൂരത്തിൽ ആനപ്രതിരോധ കിടങ്ങും നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായതിൽ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

പെരിയാർ വെസ്റ്റ് ഡിവിഷൻ പരിധിയിൽ വരുന്ന ജനവാസ മേഖലകൾക്കുചുറ്റും 21.68 കി.മീ. ദൂരത്തിൽ സോളാർ വേലിയും 3.1 കി.മീ. ദൂരത്തിൽ ട്രഞ്ചും സ്ഥാപിച്ചിട്ടുണ്ട്. സൗരോർജ്ജവേലികളെല്ലാം പ്രവർത്തനക്ഷമവും വർഷം മുഴുവൻ ഇ.ഡി.സി. അംഗങ്ങളായ ലൈൻമാന്മാരുടെ സേവനം പ്രയോജനപ്പെടുത്തി പരിരക്ഷ ഏർപ്പെടുത്തി വരുന്നവയുമാണ്.

തദ്ദേശവാസികളെ പങ്കെടുപ്പിച്ച് ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതും യോഗങ്ങൾ നിശ്ചിത സമയക്രമങ്ങളിൽ ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നതുമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ

ഉൾപ്പെടുത്തി സൗരോർജവേലികളുടെ സമീപത്തുള്ള അടിക്കാടുകൾ തെളിക്കുന്ന ജോലികൾ മുമ്പ് മനുഷ്യ-വന്യമൃഗ സംഘർഷമുള്ള ചില മേഖലകളിൽ നടത്തിയിട്ടുള്ളതും ഗ്രാമപഞ്ചായത്ത് അധികൃതരുമായി കൂടിയാലോചിച്ച് അത്തരം പ്രവർത്തനങ്ങൾ തുടരുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് കണ്ണിമല, കോരുത്തോട് പ്രദേശങ്ങളിൽ പൊതുജനപങ്കാളിത്തത്തോടെ വാർഡുതലസമിതികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിലെ സൗരോർജവേലികളുടെ നിർമ്മാണവും പരിപാലനവും ടി സമിതികളുടെകൂടെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്.

പ്രസ്തുത മേഖലയിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് സാധ്യമായ എല്ലാ ഇടപെടലുകളും ജനപ്രതിനിധികളോടും പൊതുജനപങ്കാളിത്തത്തോടുംകൂടി നടത്തിവരുന്നുണ്ട്.

## വന്യജീവി ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച്

177(2934) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u> താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് ഈ സർക്കാർ എത്ര രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ഇനി എത്ര രൂപ നൽകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 46.95 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ടി ഇനത്തിൽ ഇനി 16.8 ലക്ഷം രൂപ നൽകാൻ ബാക്കിയുണ്ട്. പല അപേക്ഷകളിലും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സുപ്രധാന രേഖകൾ ഇനിയും ലഭിക്കേണ്ടതുണ്ട്. ആവശ്യമായ രേഖകൾ അപേക്ഷകർ സമർപ്പിക്കുന്ന മുറയ്ക്ക് ആയവ പരിശോധിച്ച് കാലതാമസംകൂടാതെ നഷ്ടപരിഹാരത്തുക നൽകുന്നതിന് സാധിക്കും.

## പരിയാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കുരങ്ങുശല്യം

178(2935) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ പരിയാരം ഗ്രാമപഞ്ചായത്തിൽ കുരങ്ങുശല്യം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പ്രദേശത്ത് കുരങ്ങുകളെ പിടിക്കാനുള്ള കൂട് സ്ഥാപിക്കാനുള്ള നടപടി പൂർത്തിയാക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ള അനാസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ?

കൂട് സ്ഥാപിച്ച് കുരങ്ങിനെ പിടികൂടുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ രേഖാമൂലമുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അനാസ്ഥയുണ്ടായിട്ടുള്ള പക്ഷം ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**വന്യജീവി സംഘർഷം നേരിടാൻ അയൽ സംസ്ഥാനങ്ങളുമായി കരാർ**

179(2936) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സംഘർഷം നേരിടുന്നതിനായി അയൽ സംസ്ഥാനങ്ങളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത കരാർപ്രകാരം ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കരാറിൽ ഏർപ്പെട്ടശേഷം വന്യജീവി സംഘർഷം എത്രത്തോളം കുറയ്ക്കാൻ കഴിഞ്ഞുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(ബി&സി) വനം-വന്യജീവി സംരക്ഷണത്തിനും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുമായി കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ 10-03-2024-ൽ കർണ്ണാടകയിലെ ബന്ദിപ്പൂരിൽവച്ച് അന്തർ

സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ടി കമ്മിറ്റിയുടെ സംസ്ഥാന നോഡൽ ഓഫീസറായി ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ് വിഭാഗം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായ ഡോ. പുകഴേന്തി ഐ.എഫ്.എസ്.-നെ ചുമതലപ്പെടുത്തി. ശ്രീ. കെ. വിജയാനന്ദ് ഐ.എഫ്.എസ്., സി.സി.എഫ്., ഈസ്റ്റേൺ സർക്കിൾ, പാലക്കാടിനെ വയനാട് ജില്ലയുടെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട് (12-03-2024-ലെ സ.ഉ.(സാധാ) നം. 129/2024/വനം പ്രകാരം).

വിഭവ കൈമാറ്റം, സ്ട്രാറ്റജിക് ഇന്റലിജൻസ് പങ്കുവയ്ക്കൽ, ഫീൽഡ് ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കൽ എന്നീ മേഖലകളിൽ പരസ്പര സഹകരണത്തിന് കോർഡിനേഷൻ കമ്മിറ്റിയിൽ ധാരണയായിട്ടുണ്ട്. കൂടാതെ വിവരവിനിമയത്തിന് സർക്കിൾ, ഡിവിഷൻതലങ്ങളിൽ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്താനും റേഡിയോ കോളർ ഘടിപ്പിച്ച ആനകളെയും മറ്റ് മൃഗങ്ങളെയും ഉൾക്കാട്ടിൽ തുറന്നുവിടുന്നതിനുമുമ്പ് നോഡൽ ഓഫീസർമാരെ മുൻകൂട്ടി വിവരം അറിയിക്കേണ്ടതും റേഡിയോ കോളർ

ഘടിപ്പിച്ച മൃഗങ്ങളെക്കുറിച്ചുള്ള വിവരം കർണ്ണാടക, തമിഴ്നാട് വനം വകുപ്പുകൾ കേരള വനം വകുപ്പിനും തിരിച്ചും കൈമാറേണ്ടതാണെന്നും തീരുമാനമായിട്ടുണ്ട്. സർക്കിൾ, ഡിവിഷൻ, റെയിഞ്ച്തലങ്ങളിൽ വിവരവിനിമയത്തിന് വാട്ട്സാപ്പ് ഗ്രൂപ്പുകൾ ആരംഭിക്കാനും മൂന്ന് സംസ്ഥാനങ്ങളിലുമുള്ള ആനകളെയും കടുവകളെയും കുറിച്ചുള്ള ലഭ്യമായ വിവരങ്ങൾ പരസ്പരം പങ്കുവയ്ക്കാനും തീരുമാനമായിട്ടുണ്ട്.

അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിലെ റെയിഞ്ച് ഓഫീസർമാർ കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നതിനും മാസത്തിലൊരിക്കൽ റെയിഞ്ചുതല പട്രോളിംഗ് നടത്തുന്നതിനും സ്ഥിരംകുറ്റവാളികളുടെ വിവരം പരസ്പരം പങ്കുവയ്ക്കുന്നതിനും ആനകളുടെയും കടുവകളുടെയും സിംക്രണൈസ്ഡ് പോപ്പുലേഷൻ എസ്റ്റിമേഷൻ (synchronized population estimation) സംഘടിപ്പിക്കുന്നതിനും അന്തർസംസ്ഥാന കോർഡിനേഷൻ കമ്മിറ്റി ഡിവിഷൻതലത്തിൽ ത്രൈമാസ യോഗവും സർക്കിൾതലത്തിൽ അർധവാർഷിക യോഗവും

സംസ്ഥാനതലത്തിൽ വാർഷിക യോഗവും സംഘടിപ്പിക്കുന്നതിനും സംസ്ഥാനങ്ങൾ തമ്മിൽ ധാരണയായിട്ടുണ്ട്.

തമിഴ്‌നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങൾക്കൊപ്പം കേരളത്തിലെ കാട്ടാനകളുടെ കണക്കെടുപ്പ് 23-05-2024 മുതൽ 25-05-2024 വരെ നടന്നു.

ഇപ്രകാരം, അയൽ സംസ്ഥാനങ്ങളുമായി കരാറിൽ ഏർപ്പെട്ടശേഷം മനുഷ്യ-വന്യമൃഗ സംഘർഷം ഒരുപരിധിവരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്.

**മനുഷ്യ വന്യമൃഗ സംഘർഷം**

180(2937) ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ആക്രമണംമൂലം ആശുപത്രിയിൽ ചികിത്സ തേടുന്നവരുടെ ചികിത്സാച്ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

05-04-2018-ലെ സ.ഉ.(കൈ) നം.17/2018/വനം പ്രകാരം നിലവിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം പരിക്കുപറ്റുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെ നൽകിവരുന്നുണ്ട്. ടി ഉത്തരവുപ്രകാരം പരിക്കുപറ്റുന്ന പട്ടികവർഗക്കാർക്ക് ചികിത്സയ്ക്ക് ചെലവാകുന്ന മുഴുവൻ തുകയും അനുവദിച്ചുനൽകുന്നുണ്ട്.

(ബി) പീരുമേട് മണ്ഡലത്തിൽ കാട്ടുപോത്തിന്റെ ആക്രമണംമൂലം ആശുപത്രിയിലായ ശ്രീ. രാജീവിന്റെ ചികിത്സയ്ക്കായി ചെലവായ മുഴുവൻ തുകയും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പീരുമേട് മണ്ഡലത്തിൽ കാട്ടുപോത്തിന്റെ ആക്രമണത്തിൽ പരിക്കുപറ്റിയ ശ്രീ. രാജീവന്റെ ചികിത്സാച്ചെലവിലേയ്ക്ക് നിലവിലുള്ള സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചുനൽകാവുന്ന പരമാവധി തുകയായ ഒരു ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. വന്യജീവി ആക്രമണത്തെ “സംസ്ഥാന സവിശേഷ ദുരന്തമായി” പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ബാക്കിവരുന്ന ടിയാന്റെ ചികിത്സാച്ചെലവ് ഇടുക്കി ജില്ലാ കളക്ടറുടെ ദുരന്തനിവാരണ ഫണ്ടിൽനിന്നും അനുവദിക്കുന്നതിനുള്ള നടപടി

സ്വീകരിക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടറോട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ഇക്കാര്യത്തിൽ ദുരന്തനിവാരണ വകുപ്പിന് നൽകാൻ കഴിയുന്ന തുക എത്രയാണെന്നത് സംബന്ധിച്ച വിശദാംശം നൽകാൻ ആ വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുള്ളതാണ്.

**വന്യജീവികളെ കണ്ടെത്താൻ എ.ഐ. ക്യാമറ**

181(2938) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ ജനവാസ മേഖലയിൽ ഇറങ്ങുന്നത് കണ്ടെത്താൻ എ.ഐ. ക്യാമറ സ്ഥാപിക്കണമെന്ന നിർദേശം ലഭ്യമായിട്ടുണ്ടോ?

നിർദേശം ലഭിച്ചിട്ടില്ല. എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ ചില ഡിവിഷനുകളിൽ എ.ഐ. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) എങ്കിൽ എവിടെയെല്ലാം എ.ഐ. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഹൈറേഞ്ച് സർക്കിളിലെ മാങ്കുളം ഡിവിഷനിലും കോട്ടയം, എഫ്.ഡി.പി.റ്റി.-യിലെ പെരിയാർ ഈസ്റ്റ് ഡിവിഷനിലും ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലും പരീക്ഷണാടിസ്ഥാനത്തിൽ എ.ഐ. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

**വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ നീർനായ്ക്കളുടെ ആക്രമണം തടയുന്നതിന് നടപടി**

182(2939) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ചാലിയാർ പുഴയുടെ സമീപത്തുള്ള വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ പ്രദേശങ്ങളിൽ നീർനായ്ക്കളുടെ കടിയേറ്റ് ഒട്ടേറെപ്പേർക്ക് പരിക്കേൽക്കുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ ഇതൊഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നീർനായയുടെ കടിയേറ്റ് അപകടങ്ങളുണ്ടാകുന്നത് ഒഴിവാക്കുന്നതിന് ഈ മേഖലകളിൽ ആർ.ആർ.ടി.-യുടെ സഹായത്തോടെ നിരീക്ഷണം

ശക്തമാക്കിയിട്ടുണ്ട്. നാട്ടുകാർ പുഴയിലേക്കിറങ്ങുന്ന പൂങ്കുടി, ചീക്കോട്, എടശ്ശേരിക്കടവ്, ആലിക്കൽ എന്നീ കടവുകളിൽ അത്യപൂർവയിനത്തിൽപ്പെട്ടവ ഉൾപ്പെടെയുള്ള ജലജീവികൾക്ക് അപകടമുണ്ടാകാത്തതരത്തിൽ രൂപകല്പന ചെയ്ത ഇരുമ്പ് നെറ്റ് വേലി കെട്ടി ആളുകളെ നീർനായ കടിക്കാത്തവിധത്തിലുള്ള സജ്ജീകരണം ഏർപ്പെടുത്തുന്നതിനും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനും ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരോട് അഭ്യർഥിച്ചിട്ടുണ്ട്.

(സി) വനം വകുപ്പ് അധികൃതർ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് ഇവയെ തുരത്താൻ ശാസ്ത്രീയമായ പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നീർനായ പോലുള്ള വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗങ്ങളുടെ സംരക്ഷണത്തിനുള്ള നടപടികളും അവമൂലമുണ്ടാകുന്ന സംഘർഷ സാധ്യതകൾ ലഘൂകരിക്കുന്നതിനുള്ള ശാസ്ത്രീയമായ പരിഹാരമാർഗങ്ങളും ആയതുമായി ബന്ധപ്പെട്ട വിദഗ്ധരുമായി ആലോചിച്ച് സ്ഥലപരിശോധന നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്നുള്ള സംരക്ഷണം

183(2940) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവമ്പാടി മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നും ജനങ്ങൾക്കും സ്വത്തുവകകൾക്കും സംരക്ഷണം നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയതെന്ന് വിശദമാക്കുമോ?

തിരുവമ്പാടി നിയമസഭാമണ്ഡലം പരിധിയിൽ വരുന്ന തിരുവമ്പാടി, കൂടരഞ്ഞി, കോടഞ്ചേരി എന്നീ പഞ്ചായത്തുകളിലെ വനാതിർത്തി ഭാഗങ്ങളിൽ 2020-21 കാലയളവിൽ 8 കി.മീ. സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. ആയത് തിരുവമ്പാടി പഞ്ചായത്തിലെ മുരിങ്ങിയിലത്തോട് സൈഡ് മുതൽ കോഴിപ്പുറത്ത് ഏരിയവരെ 2 കി.മീ. ദൂരത്തിലും അതേ പഞ്ചായത്തിലെ കെ.ടി.സി. മുതൽ 90 ഏരിയവരെ 2 കി.മീ. ദൂരത്തിലും കൂടരഞ്ഞി പഞ്ചായത്തിലെ തോണിപ്പാറ സൈഡ് മുതൽ ആനക്കല്ലുമ്പാറവരെ 2 കി.മീ. ദൂരത്തിലും കോടഞ്ചേരി പഞ്ചായത്തിലെ

തുഷാരഗിരിയിൽ 2 കി.മീ. ദൂരത്തിലുമാണ് സ്ഥാപിച്ചിട്ടുള്ളത്. അവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തിവരുന്നുണ്ട്.

തിരുവമ്പാടി ഭാഗങ്ങളിലെ വനപ്രദേശങ്ങളിൽ ഗള്ളി പ്ലഗ്ഗിങ്ങ് നടത്തുകയും വി.എസ്.എസ്. മുഖേന പുഴയോരങ്ങളിൽ മുളത്തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വന്യമൃഗ സംഘർഷമുണ്ടായാൽ തൽസമയം അറിയിക്കുന്നതിനായി ടി പ്രദേശത്തെ ജീവനക്കാരെയും പഞ്ചായത്ത് മെമ്പർമാരെയും പ്രശ്നബാധിത മേഖലകളിലെ ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വന്യജീവികൾ സ്വകാര്യ സ്ഥലത്തിറങ്ങിയാൽ അവയെ സുരക്ഷിതമായി കാട്ടിലേയ്ക്ക് തുരത്തുന്നതിന് താമരശ്ശേരി ആർ.ആർ.ടി.-യുടെ സേവനം നൽകിവരുന്നുണ്ട്. പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഇത്തരത്തിലുണ്ടാകുന്ന വന്യജീവി സംഘർഷം ചർച്ച ചെയ്യുന്നതിനും ലഘൂകരിക്കുന്നതിനുമാവശ്യമായ നടപടികളെടുക്കുന്നതിന് ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം റെയിഞ്ചുതലത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ വന്യജീവികൾമൂലം ജീവനും സ്വത്തിനും

നാശം സംഭവിക്കുന്നപക്ഷം അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അർഹമായ നഷ്ടപരിഹാരത്തുകയും നൽകിവരുന്നുണ്ട്.

(ബി) വരും വർഷങ്ങളിൽ ഈ മണ്ഡലത്തിലെ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ?

താമരശ്ശേരി റെയിഞ്ചിലെ കൂടരഞ്ഞി, തിരുവമ്പാടി പഞ്ചായത്തുകൾ ഉൾപ്പെടുന്ന മണ്ണാർപൊയിൽ മുതൽ ഓലിക്കൽവരെ 15.5 കി.മീ. ദൂരത്തിൽ ഹാംഗിങ്ങ് സോളാർ ഫെൻസ് കേന്ദ്ര ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിനും നബാർഡ് പദ്ധതിയിലുൾപ്പെടുത്തി തിരുവമ്പാടി പഞ്ചായത്തിലെ പൊന്നാങ്കയം മുതൽ ചെറുശ്ശേരിവരെ 8 കി.മീ. ദൂരം ഫെൻസിംഗ് നിർമ്മിക്കുന്നതിനും നായർകൊല്ലി കേന്ദ്രീകരിച്ച് താൽക്കാലിക ആർ.ആർ.ടി. രൂപീകരിക്കുന്നതിനുംവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

### വനമേഖലയിൽ സന്നദ്ധ പുനരധിവാസ പദ്ധതി

184(2941) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങൾ കൃഷിയിടങ്ങൾ തകർക്കുന്നതും മനുഷ്യന്റെയും വളർത്തുമൃഗങ്ങളുടെയും ജീവന് ഭീഷണിയാകുന്നതും വർധിച്ചുവരുന്ന സാഹചര്യത്തിൽ വനമേഖലയോടുചേർന്ന് താമസിക്കുന്ന ജനങ്ങൾക്ക് സന്നദ്ധ പുനരധിവാസ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

രൂപീകരിച്ചിട്ടുണ്ട്. IDWH (Integrated Development of Wild Habitat) Phase-I സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയും കിഫ്ബിയുടെയും RKDP-യുടെയും ധനസഹായത്തോടെ 'നവകിരണം' എന്ന നാമധേയത്തിൽ അറിയപ്പെടുന്ന സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയുമാണ് ഇതിനായി രൂപകല്പന ചെയ്തിട്ടുള്ളത്. കേരളത്തിലുടനീളം വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി ഇതര സ്വകാര്യ ഭൂവുടമകൾക്ക് പദ്ധതിയുടെ അംഗീകൃത മാർഗരേഖയുടെ അടിസ്ഥാനത്തിൽ 'നവകിരണം' പദ്ധതിയിൽ അംഗമാകാം.

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച എത്രപേർ വനമേഖലയിൽനിന്നും ഒഴിഞ്ഞുപോയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 'നവകിരണം' സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം 784 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽനിന്ന് മാറിപ്പോകുന്നതിനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്. ആയതിൽ 627 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിത്തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ) 157 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യഗഡുവായ 7.5 ലക്ഷം രൂപ വീതവും ഇതിനകം നൽകിയിട്ടുള്ളതാണ്. ഇതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ IDWH പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ ചെട്ട്യാലത്തൂർ സെറ്റിൽമെന്റിലെ 2 കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ചെട്ട്യാലത്തൂർ സെറ്റിൽമെന്റിലെ 25 കുടുംബങ്ങൾക്ക് 375 ലക്ഷം രൂപയും പങ്കളം സെറ്റിൽമെന്റിലെ 13 കുടുംബങ്ങൾക്ക് 195 ലക്ഷം രൂപയും മണിമുണ്ട സെറ്റിൽമെന്റിലെ 23 കുടുംബങ്ങൾക്ക് 345 ലക്ഷം രൂപയും ധനസഹായം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചിട്ടുണ്ട്. പ്രതിപാദ്യ കുടുംബങ്ങളുടെ പുനരധിവാസം പുരോഗമിച്ചുവരുന്നു.

(സി) വന്യജീവി ആക്രമണം തടയുന്നതിന് ജൈവവേലി ഒരു പരിഹാരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ജൈവവേലി നിർമ്മിച്ചിട്ടുള്ളതെന്നറിയിക്കുമോ?

കണ്ടെത്തിയിട്ടുണ്ട്. ആയതുസംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കാസർഗോഡ് ജില്ലയിലെ വന്യജീവി ആക്രമണം**

185(2942) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണംമൂലമുണ്ടായ കൃഷി നാശത്തിന്റെയും ജീവൻ നഷ്ടപ്പെട്ടവരുടെയും വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മനുഷ്യ-വന്യമൃഗ സംഘർഷംമൂലമുണ്ടായ കൃഷി നാശത്തിന്റെയും ആയതിന് നൽകിയ നഷ്ടപരിഹാരത്തിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മനുഷ്യ-വന്യമൃഗ സംഘർഷംമൂലം ജീവഹാനി സംഭവിച്ചവരുടെയും അവരുടെ ആശ്രിതർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ജില്ലയിൽ വന്യജീവി ആക്രമണംമൂലമുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കൃഷി നാശത്തിന് ലഭിക്കുന്ന അപേക്ഷകളും ആവശ്യമായ രേഖകളും പരിശോധിച്ച് കാലതാമസംകൂടാതെ നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കാട്ടാന ആക്രമണങ്ങൾ തടയാൻ കർമ്മ പദ്ധതി**

186(2943) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. ടി. സിദ്ദിഖ്:</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. സജീവ് ജോസഫ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനയോര മേഖലകളിൽ കാട്ടാന ആക്രമണം രൂക്ഷമാകുന്നത് ഗൗരവപൂർവം കാണുന്നുണ്ടോ?

കാണുന്നുണ്ട്.

(ബി) എങ്കിൽ കാട്ടാന ആക്രമണങ്ങൾ തടയാൻ കർമ്മപദ്ധതി പ്രഖ്യാപിക്കുമോ?

കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസമേഖലകളിലേയ്ക്ക് കടന്നുവരുന്നത് തടയുന്നതിലേയ്ക്കായി വനം വകുപ്പ് വിവിധ കർമ്മ പദ്ധതികൾ നിലവിൽ നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാനത്ത് വനമേഖലയോട് ചേർന്നുകിടക്കുന്ന ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ കടന്നുകയറി കൃഷിക്കും ജീവനും ഭീഷണിയുണ്ടാക്കുന്നത് തടയുന്നതിനായി വന്യമൃഗശല്യം കൂടുതലുള്ള സ്ഥലങ്ങളിൽ സൗരോർജവേലികൾ, സൗരോർജതൂക്കുവേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, റെയിൽ ഫെൻസിംഗ് മുതലായവ നിർമ്മിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇറങ്ങുന്ന

കാട്ടാനകളെ സുരക്ഷിതമായി വനത്തിലേയ്ക്ക് തിരിച്ചുവിടുന്നതിനായി പരിശീലനം ലഭിച്ച കുങ്കി ആനകളെ ഉപയോഗിച്ചുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായുള്ള മേഖലകളിലേയ്ക്ക് വന്യമൃഗങ്ങൾ കടക്കുന്നത് തടയുന്നതിന് നിരന്തര പട്രോളിങ്ങ് നടത്തിയും പരിശീലനം ലഭിച്ച ജീവനക്കാരെയും വാച്ചർമാരെയും ഇ.ഡി.സി. അംഗങ്ങളെയും വിന്യസിച്ചും സുരക്ഷിതത്വം ഉറപ്പാക്കിവരുന്നു. കൂടുതൽ പ്രദേശത്തേയ്ക്ക് പ്രതിരോധ മാർഗങ്ങൾ വ്യാപിപ്പിക്കുന്നതിനും വന്യജീവികൾ കാടിനുവെളിയിലേയ്ക്ക് വരാത്തവിധം അവയ്ക്ക് ഹിതകരമായ രീതിയിൽ കാട്ടിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് സ്ഥിരവും താൽക്കാലികവുമായ ഇരുപത്തിയെട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിലുള്ളത്.

(സി) ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി കാട്ടാന നാട്ടിലേയ്ക്ക് ഇറങ്ങുന്ന വിവരം ജനങ്ങളെ മുൻകൂട്ടി അറിയിക്കാൻ നടപടി സ്വീകരിക്കുമോ?

കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാണിംഗ് സിസ്റ്റം വനത്തിനോടുചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. NMR വാച്ചർമാരുടെയും ഫീൽഡ് ജീവനക്കാരുടെയും സേവനം ആവശ്യമായ ഘട്ടങ്ങളിൽ ഉപയോഗിച്ചുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷമുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്ന അവസരങ്ങളിൽ അവയെ നിരീക്ഷിക്കുന്നതിനായി ക്യാമറാ ട്രാപ്പുകൾ ഉപയോഗിച്ചുവരുന്നുണ്ട്. ഇതര ഡിപ്പാർട്ട്മെന്റ് പ്രതിനിധികളെയും സ്ഥലവാസികളെയും ഉൾപ്പെടുത്തി വാട്ട്സാപ്പ് ഗ്രൂപ്പുകളും ജനജാഗ്രതാ സമിതികളും രൂപീകരിച്ച് കർഷകർ, ജനപ്രതിനിധികൾ, സ്ഥലവാസികൾ എന്നിവരുമായി ആശയവിനിമയം നടത്തിയും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകളായ SMS അലെർട്ട് സിസ്റ്റം വഴിയും ഡിജിറ്റൽ

(സെൻസർ) വാൾ ഉപയോഗിച്ച് വന്യമൃഗങ്ങളുടെ സാന്നിധ്യം മനസ്സിലാക്കി ജനങ്ങൾക്കാവശ്യമായ മുന്നറിയിപ്പ് നൽകിവരുന്നുണ്ട്. സമയാസമയം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് വാട്സാപ്പ് ഗ്രൂപ്പുകൾ ഉൾപ്പെടെ ആധുനിക വിവര-വിനിമയ സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. മൊബൈൽ ആപ്ലിക്കേഷൻ മുഖേന ജനവാസമേഖലകളിലെ വന്യമൃഗങ്ങളുടെ സാന്നിധ്യം തൽസമയം പരിസരവാസികളെ അറിയിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**വന്യമൃഗ ആക്രമണങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ്**

187(2944) **ഡോ. മാത്യു കുഴൽനാടൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ വന്യമൃഗങ്ങളുടെ സഞ്ചാരം സംബന്ധിച്ച് ജനങ്ങൾക്ക് നേരത്തെ മുന്നറിയിപ്പ് നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ?

വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. NMR വാച്ചർമാരുടെയും ഫീൽഡ് ജീവനക്കാരുടെയും സേവനം ആവശ്യമായ ഘട്ടങ്ങളിൽ ഉപയോഗിച്ചുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷമുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്ന അവസരങ്ങളിൽ അവയെ നിരീക്ഷിക്കുന്നതിനായി ക്യാമറാ ട്രാപ്പുകൾ ഉപയോഗിച്ചുവരുന്നുണ്ട്. ഇതര ഡിപ്പാർട്ട്മെന്റ് പ്രതിനിധികളെയും സ്ഥലവാസികളെയും ഉൾപ്പെടുത്തി വാട്ട്സാപ്പ് ഗ്രൂപ്പുകളും ജനജാഗ്രതാ സമിതികളും രൂപീകരിച്ച് കർഷകർ, ജനപ്രതിനിധികൾ, സ്ഥലവാസികൾ എന്നിവരുമായി ആശയവിനിമയം നടത്തിവരുന്നു. നേരത്തെയുള്ള മുന്നറിയിപ്പ് സംവിധാനം SMS അലെർട്ട് സിസ്റ്റം വഴിയും ഡിജിറ്റൽ (സെൻസർ) വാൾ ഉപയോഗിച്ച് വന്യമൃഗങ്ങളുടെ സാന്നിധ്യം മനസ്സിലാക്കി ജനങ്ങൾക്കാവശ്യമായ ജാഗ്രതാനിർദേശം നൽകിവരുന്നുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ബി) മൂന്നാർ മേഖലയിലെ വന്യമൃഗ ആക്രമണങ്ങളെ സംബന്ധിച്ച് പഠിക്കാൻ ബഹു. ഹൈക്കോടതി നിയോഗിച്ച സമിതിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സർക്കാരിന് നിർദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമിതിയുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്നും എന്തൊക്കെ തുടർനടപടികൾ ഇതിൽ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ബഹു. കേരള ഹൈക്കോടതി നിയമിച്ച വിദഗ്ധ സമിതി മൂന്നാർ മേഖലയിലെ മനുഷ്യ-വന്യമൃഗ സംഘർഷം സംബന്ധിച്ച റിപ്പോർട്ടും ശിപാർശകളും ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് ബഹു. കോടതിയുടെ പരിഗണനയിലാണ്. ടി റിപ്പോർട്ടിന്മേൽ സർക്കാരിന്റെ അഭിപ്രായം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആലപ്പുഴ മണ്ഡലത്തിലെ വിവിധ ജലവിഭാഗങ്ങളുടെ പ്രവൃത്തി**

188(2945) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ മൈനർ, മേജർ, ഉൾനാടൻ, ഭൂജല വിഭാഗങ്ങളുടെ ഏതെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതിയുള്ളതെന്ന് പഞ്ചായത്ത്/മുൻസിപ്പാലിറ്റി അടിസ്ഥാനത്തിൽ അറിയിക്കാമോ; പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) ആലപ്പുഴ മണ്ഡലത്തിൽ മൈനർ, മേജർ, ഉൾനാടൻ, ഭൂജല വിഭാഗങ്ങളുടെ കീഴിൽ നിലവിൽ ഭരണാനുമതിയുള്ള പ്രവൃത്തികളുടെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള വിശദാംശങ്ങളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത വിഭാഗങ്ങൾക്കുകീഴിൽ മുൻസർക്കാരിന്റെ കാലയളവിൽ അനുമതി ലഭിച്ചതും വിവിധ ഘട്ടങ്ങളിലായി പ്രവൃത്തി പുരോഗമിച്ചുവരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത വിഭാഗങ്ങൾക്കുകീഴിൽ മുൻസർക്കാരിന്റെ കാലയളവിൽ അനുമതി ലഭിച്ചതും വിവിധ ഘട്ടങ്ങളിലായി പ്രവൃത്തി പുരോഗമിച്ചുവരുന്നതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**തവനൂർ മണ്ഡലത്തിലെ കുട്ടായി ആർ.സി.ബി.-യുടെ പുനരുദ്ധാരണ പ്രവൃത്തി**

189(2946) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ കുട്ടായി ആർ.സി.ബി.-യുടെ പുനരുദ്ധാരണ പ്രവൃത്തിക്കായി റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരുന്നോ?

റീ-ബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി കുട്ടായി റെഗുലേറ്റർ -കം-ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി 2.30 കോടി രൂപയുടെ സിവിൽ പ്രവൃത്തികൾക്കും 6.74 കോടി രൂപയുടെ മെക്കാനിക്കൽ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്നും പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും എന്നത്തേയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

റീ - ബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി കൂട്ടായി റെഗുലേറ്റർ - കം - ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി " RKI-Repair and rehabilitation of Koottayi RCB across Tirur Ponnani puzha in Mangalam GP in Malappurram Dist. 2.30 കോടി രൂപയുടെ സിവിൽ പ്രവൃത്തികൾക്കും 6.74 കോടി രൂപയുടെ മെക്കാനിക്കൽ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കെ പുഴയ്ക്ക് ആഴക്കൂടുതലും സ്ട്രക്ച്ചറിന് കേടുപാടുകളും കണ്ടെത്തിയതിനാൽ പ്രവൃത്തി നിർത്തിവയ്ക്കുകയും ചീഫ് എഞ്ചിനീയർ, IDRB-യുടെ നേതൃത്വത്തിൽ സ്ട്രക്ച്ചറിന്റെ കേടുപാടുകൾ വിശദമായി പഠിച്ച് പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിനുമായി പര്യവേഷണ പ്രവൃത്തി KERI മുഖേന നടത്തുന്നതിന് 21-12-2022-ന് ബഹു. ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. പ്രസ്തുത

പഠനപ്രവൃത്തിയുടെ റിപ്പോർട്ട് ലഭ്യമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനിടെ, പാലത്തിന്റെ പിയറുകൾക്ക് സെറ്റിൽമെന്റും ബീമുകൾക്ക് വിള്ളലും കണ്ടെത്തി. തുടർന്ന് 29-11-2023-ന് ചേർന്ന യോഗതീരുമാനപ്രകാരം പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരമാർഗം കാണുന്നതിനായി വിദഗ്ധ കമ്മിറ്റിയെ സർക്കാരിൽ നിയമിച്ചിട്ടുണ്ട്. വിദഗ്ധ കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഏറ്റെടുക്കുന്നതോടെ ആർ.സി.ബി.-യുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണ്.

**ജലസംരക്ഷണ പ്രവർത്തനങ്ങൾ**

190(2947) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകൾ മെച്ചപ്പെടുത്തേണ്ടതിന്റെയും ജലസംരക്ഷണ നടപടികൾ ഊർജിതപ്പെടുത്തേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കണ്ടെത്തൽ വിശദമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നദികളുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ-സി) ജലസ്രോതസ്സുകൾ മെച്ചപ്പെടുത്തുന്നതിന്റെയും ജലസംരക്ഷണ നടപടികൾ ഊർജിതപ്പെടുത്തുന്നതിന്റെയും ആവശ്യകത സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങൾ, ജലാശയങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിച്ച്, പുനരുജ്ജീവിപ്പിച്ച് സംഭരണശേഷി വർധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നിർവഹിച്ചുവരുന്നു. കുളങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കംചെയ്ത് ജലനിർഗമന ചാലുകൾ പ്രവർത്തനസജ്ജമാക്കുക, തോടുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി/എക്കൽ നീക്കംചെയ്ത് ആവശ്യമുള്ള ഇടങ്ങളിൽ പാർശ്വഭിത്തി സംരക്ഷണം നിർവഹിക്കുക, പുഴകളിലും വലിയ തോടുകളിലുമുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം

അടിഞ്ഞുകൂടിയിട്ടുള്ള ചെളി/എക്കൽ/മണൽ എന്നിവ നീക്കംചെയ്ത് സംഭരണശേഷി പുനഃസ്ഥാപിച്ച് ജലസംരക്ഷണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികളാണ് നിർവഹിച്ചുവരുന്നത്. ഇതിനോടൊപ്പം ജല സംരക്ഷണത്തിനാവശ്യമായ ഘടകങ്ങളായ ചെക്ക് ഡാം/വി.സി.ബി./ റെഗുലേറ്ററുകൾ/മറ്റ് ജല സംഭരണ പ്രവൃത്തികളുടെ നിർമ്മാണവും പരിപാലനവും സംബന്ധിച്ച പ്രവൃത്തികൾ, വർഷകാലാരാംഭത്തിനുമുമ്പ് നദികളുടെയും തോടുകളുടെയും ഒഴുക്ക് തടയുന്ന തരത്തിലുള്ള മാലിന്യങ്ങളും മണ്ണും നീക്കി ഒഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, നദികളിലെ ജലലഭ്യത വർധിപ്പിച്ച് സ്ഥായിയായി നിലനിർത്തുന്നതിന്റെ ഭാഗമായി തടയണകൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച് വേനൽക്കാലത്തും നീരൊഴുക്ക് നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കി വരുന്നുണ്ട്.

ഭൂജല ഗുണനിലവാരം, ഭൂജല വിതാനം എന്നിവ നിരീക്ഷിക്കുന്നതിനായി സംസ്ഥാനത്ത് നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ജലഗുണനിലവാരം നിശ്ചിത കാലയളവുകളിൽ

ശേഖരിച്ച് പരിശോധന നടത്തിവരുന്നു. ഭൂജല വിതാനം കുറഞ്ഞ മേഖലകളിൽ, ശാസ്ത്രീയമായ പഠനങ്ങൾ നടത്തി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ റീചാർജ് പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി ഭൂജല സംരക്ഷണവും സംപോഷണവും എന്ന പ്ലാൻ പദ്ധതിയിൻകീഴിൽ നടപ്പാക്കിവരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ/മഴക്കുഴികൾ/കുഴൽക്കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണം, ചെറിയ തടയണയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 227 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 208 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. ജലബജറ്റ് തയ്യാറാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന കാലയളവിൽ ജലലഭ്യത ഉറപ്പാക്കാനുതകുന്ന തരത്തിൽ

ജലസുരക്ഷാ പ്ലാൻ തയ്യാറാക്കി നിർവഹണത്തിലേയ്ക്ക് പോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നീർച്ചാൽ ശൃംഖലകൾ പൂർണ്ണമായും വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കുന്നതിന് 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന പേരിൽ ഒരു കാമ്പയിൻ നടന്നുവരുന്നു. നാളിതുവരെ 1044 കി.മീ. നീർച്ചാലുകൾ ഇതിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ചെറുനീർത്തടങ്ങളെ ആസ്പദമാക്കി 'നീരുറവ്'' എന്ന പേരിൽ ജലസംരക്ഷണത്തിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കി നിർവഹണം നടത്തിവരുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി 32757 കിലോമീറ്റർ തോടുകളും 3350 കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. 4982 കുളങ്ങളും 17179 കിണറുകളും നിർമ്മിക്കുകയും 8576 കിണറുകളിൽ റീചാർജിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം 59743 താൽക്കാലിക തടയണകളും 538 സ്ഥിരം തടയണകളും നിർമ്മിക്കുകയും പുനരുജ്ജീവിപ്പിക്കുന്ന തോടുകളുടെ

പാർശ്വസംരക്ഷണം കയർ ഭൂവസ്ത്രമുപയോഗിച്ച് ബലപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. കൂടാതെ 22.1 കി. മീ. പുഴകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

**പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ**

191(2948) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ജലവിഭവ വകുപ്പിനുകീഴിൽ (മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, ഭൂഗർഭ ജലവകുപ്പ്, വാട്ടർ അതോറിറ്റി) ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കുമുള്ള തുക പദ്ധതി ഇനത്തിലാണോ പദ്ധതിയേതര ഇനത്തിലാണോ നൽകിയതെന്ന് അവയുടെ തുക സഹിതം വ്യക്തമാക്കാമോ?

(എ&ബി) പയ്യന്നൂർ മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ജലവിഭവ വകുപ്പിനുകീഴിൽ മൈനർ ഇറിഗേഷൻ, മേജർ

ഇറിഗേഷൻ, ഭൂഗർഭ ജലവകുപ്പ്, വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പദ്ധതി/പദ്ധതിയേതര ഇനം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഇറിഗേഷൻ വകുപ്പിലെ പദ്ധതികൾ**

192(2949) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെയായി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഇറിഗേഷൻ വകുപ്പിനുകീഴിൽ 20% പദ്ധതി വിഹിതത്തോടെ അനുവദിച്ച പ്രവൃത്തികളുടെയും 100 രൂപ ടോക്കൺ പദ്ധതി വിഹിതത്തോടെ അനുവദിച്ച പ്രവൃത്തികളുടെയും എണ്ണം, വിഭാഗം എന്നിവ ജില്ല തിരിച്ച് നൽകാമോ?

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെയായി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഇറിഗേഷൻ വകുപ്പിനുകീഴിൽ 20% പദ്ധതി വിഹിതത്തോടെ അനുവദിച്ച പ്രവൃത്തികളുടെയും 100 രൂപ ടോക്കൺ പദ്ധതി വിഹിതത്തോടെ അനുവദിച്ച പ്രവൃത്തികളുടെയും എണ്ണം, വിഭാഗം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവയുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികളിൽ മണ്ണ് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച പ്രവൃത്തികളുടെ എണ്ണവും തുടർനടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണവും വിശദമാക്കാമോ?

മണ്ണ് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച പ്രവൃത്തികളുടെ എണ്ണവും തുടർനടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) 100 രൂപ ടോക്കൺ പദ്ധതി വിഹിതത്തോടെ അനുവദിച്ച എത്ര പ്രവൃത്തികൾക്ക് മണ്ണ് പരിശോധനയ്ക്കായി തുക അനുവദിച്ചു; ഈ ഇനത്തിൽ നിന്നും ചെലവായ ആകെ തുക എത്രയെന്ന് വ്യക്തമാക്കുമോ?

**<u>ജലസേചനവും ഭരണവും</u>**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

100 രൂപ ടോക്കൺ പദ്ധതി വിഹിതത്തോടെ അനുവദിച്ച 25 പ്രവൃത്തികൾക്ക് മണ്ണ് പരിശോധനയ്ക്കായി തുക അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽനിന്നും 2,56,21,642.17/- രൂപ ചെലവായി.

**ഐ.ഡി.ആർ.ബി.**

2020-21 സാമ്പത്തിക വർഷം കൈനൂർ ചിറ സ്ലൂയിസ്-കം-റെഗുലേറ്റർ നിർമ്മാണം എന്ന പ്രവൃത്തിക്ക് 4700-80-005-99-02-00-V (Investigation of Major Irrigation Scheme) എന്ന ഹെഡിൽ 8 ലക്ഷം രൂപയ്ക്ക് 15-07-2020-ൽ ഭരണാനുമതി നൽകിയ ടി പ്രവൃത്തിക്ക് 533846 രൂപ ചെലവഴിച്ചു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**പ്രോജക്ട് 2**

2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20% തുകയും 2024-25 സാമ്പത്തിക വർഷത്തിൽ 100/- രൂപ ടോക്കൺ പ്രൊവിഷനായും ഉൾപ്പെടുത്തിയ തോളൂർ ചിറ നിർമ്മാണം, 2021-22 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ കടങ്ങോട് പഞ്ചായത്ത്-ഇയ്യാൽ-ആദൂർ പുത്തൻതോട് ഭാഗം, മുള്ളിങ്ങൽ ചിറ കൈതോട് സൈഡ് കെട്ട് എന്നീ രണ്ട് പ്രവൃത്തികളുടെ മണ്ണ്

പരിശോധനയ്ക്കായി ആകെ 4,20,960/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ തോളൂർ ചിറയുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട സോയിൽ ഇൻവെസ്റ്റിഗേഷൻ KERI പീച്ചി നേരിട്ടുചെയ്ത പ്രവൃത്തിയാണ്. (ചെലവായ തുക 2,63,000/-രൂപ) കടങ്ങോട് പഞ്ചായത്ത്-ഇയ്യാൽ ആദൂർ പുത്തൻതോട് ഭാഗം, മുള്ളിങ്ങൽ ചിറ കൈതോട് സൈഡ് കെട്ട് എന്ന പ്രവൃത്തിയുടെ മണ്ണ് പരിശോധന ബന്ധപ്പെട്ട കോൺട്രാക്ടർ ഉടമ്പടിവച്ച് പൂർത്തിയാക്കിയിട്ടുണ്ട് (ചെലവായ തുക 1,57,960/-രൂപ)

(ഡി) 100 രൂപ ടോക്കൺ പദ്ധതി വിഹിതത്തോടെ അനുവദിച്ചതും തുടർനടപടികൾ സ്വീകരിക്കാത്തതുമായ എത്ര പ്രവൃത്തികൾക്ക് മണ്ണ് പരിശോധന നടത്തി; ഈ ഇനത്തിൽ ചെലവാക്കിയ തുക വ്യക്തമാക്കുമോ?

**<u>ജലസേചനവും ഭരണവും</u>**

100 രൂപ ടോക്കൺ പദ്ധതി വിഹിതത്തോടെ അനുവദിച്ചതും തുടർനടപടികൾ സ്വീകരിക്കാത്തതുമായ 4 പ്രവൃത്തികൾക്കാണ് മണ്ണ് പരിശോധന നടത്തിയത്. ഈ ഇനത്തിൽ 18,86,198/- രൂപ ചെലവാക്കി.

(ഇ) 100 രൂപ ടോക്കൺ പദ്ധതി വിഹിതത്തോടെ അനുവദിച്ച പ്രവൃത്തികൾക്ക് മണ്ണ് പരിശോധന നടത്തുന്നതിനായി തുക അനുവദിക്കുന്നത് ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ മുൻഗണനാ കത്ത് വാങ്ങിയിട്ടാണോ; ഇല്ലെങ്കിൽ ആരുടെ ആവശ്യപ്രകാരമാണ് മണ്ണ് പരിശോധനയ്ക്കായി തുക അനുവദിക്കുന്നത്?

പ്രവൃത്തിയുടെ സ്വഭാവം കണക്കിലെടുത്താണ് മണ്ണ് പരിശോധന നടത്തുന്നത്. ബഹു. എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും മുൻഗണനാ കത്തുപ്രകാരമുള്ള പ്രവൃത്തികൾക്ക് നടപടികൾ സ്വീകരിക്കുന്നതിനും പ്രവൃത്തിസ്ഥലത്തെ മണ്ണിന്റെ ഘടനയനുസരിച്ച് മണ്ണ് പരിശോധന ആവശ്യമുള്ള സന്ദർഭങ്ങളിൽ മണ്ണ് പരിശോധനയ്ക്കായി തുക അനുവദിക്കുന്നതിനുമാണ് അപേക്ഷ സമർപ്പിക്കാറുള്ളത്. ഡിസൈൻ ആവശ്യമുള്ള പ്രവൃത്തികൾക്കും മണ്ണ് പരിശോധന നടത്തുന്നതിനായി നടപടികൾ സ്വീകരിക്കാറുണ്ട്.

(എഫ്) 100 രൂപ ടോക്കൺ പദ്ധതി വിഹിതത്തോടെ അനുവദിച്ച എത്ര പ്രവൃത്തികൾക്കാണ് മാനദണ്ഡങ്ങൾ പാലിക്കാതെ ലക്ഷങ്ങൾ മുടക്കി മണ്ണ് പരിശോധന നടത്തിയത്?

മാനദണ്ഡങ്ങൾ പാലിക്കാതെ മണ്ണ് പരിശോധന നടത്തിയ പ്രവൃത്തികളൊന്നും ഇല്ല.

(ജി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാതെ ഫയൽ ക്ലോസ് ചെയ്തതുമൂലം തുക നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

അപ്രകാരം നടപടികൾ സ്വീകരിക്കേണ്ട സാഹചര്യമുണ്ടായിട്ടില്ല.

**കുറ്റ്യാടി-തൂണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതി**

193(2950) <u>ശ്രീ. ഇ. കെ. വിജയൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ തൂണേരി, എടച്ചേരി ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്ന കുറ്റ്യാടി-തൂണേരി-

വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതിയുടെ പുനരുദ്ധാരണ വിഷയത്തിൽ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്?

തൂണേരി, എടച്ചേരി പഞ്ചായത്തുകളിൽ സ്ഥിതിചെയ്യുന്ന തൂണേരി ബ്രാഞ്ച് കനാലിന്റെ വാലറ്റത്തുനിന്നും ആരംഭിക്കുന്ന Tail end distributory canal പല സ്ഥലത്തും മൂടപ്പെട്ടുകിടക്കുന്നതിനാലും അവസാന ഭാഗം കനാൽ കുഴിക്കാത്തതിനാലും കനാൽ പുനരുദ്ധാരണ പ്രവൃത്തിക്കുമുമ്പായി ടെയിൽ എൻഡ് ഡിസ്ട്രിബ്യൂട്ടറി കനാൽ ചെയിനേജ് 0/000 കി.മീ. മുതൽ 4/250 കി.മീ. വരെയുള്ള കനാൽ സ്ഥലത്തിന്റെ സർവെ നടത്തേണ്ടതായിവരികയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവെയിൽ കൈയേറ്റം കണ്ടെത്തിയിട്ടുണ്ട്. സർവെ സ്കെച്ച് ലഭ്യമാകുന്ന മുറയ്ക്ക് കൈയേറ്റം ഒഴിപ്പിച്ച് കനാൽ പുനരുദ്ധാരണത്തിനുള്ള അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത വിഷയത്തിൽ ഇറിഗേഷൻ-റവന്യൂ വകുപ്പുകളുടെ സംയുക്ത സർവെ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ പദ്ധതിക്ക് ഭരണാനുമതി എന്ന് ലഭ്യമാക്കുമെന്ന് വിശദമാക്കാമോ?

സർവെ പൂർത്തീകരിച്ചെങ്കിലും ആയതിന്റെ സർവെ സ്കെച്ചും റിപ്പോർട്ടും ലഭ്യമായിട്ടില്ല. സ്കെച്ചും റിപ്പോർട്ടും ലഭ്യമാകുന്ന മുറയ്ക്ക് കനാൽ പുനരുദ്ധാരണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ പ്രവൃത്തികൾ**

194(2951) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കെ.ഐ.പി. കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവഹണ ചുമതലയിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ച് എത്ര പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) ചാത്തന്നൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തിവികസന ഫണ്ട്/പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ച് നടന്നുവരുന്നതും ശിപാർശ

ചെയ്തിട്ടുള്ളതുമായ 4 പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികളിൽ ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളും പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 0 മീറ്റർ മുതൽ 23000 വരെയും ചെയിനേജ് 23000 മീറ്റർ മുതൽ 32330 മീറ്റർവരെയുള്ള പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചു. 2023-24 വർഷത്തിലെ ജലവിതരണവുമായി ബന്ധപ്പെട്ട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം പ്രവർത്തിപ്പിക്കുകയും 23000 മീറ്റർ മുതൽ 26000 മീറ്റർവരെ ജലവിതരണം നടത്തുകയും ചെയ്തിരുന്നു. കാക്കാച്ചിമുക്ക്, പോളച്ചിറ റോഡിലെ വെൽസൈഫണിൽ കാണപ്പെട്ട ലീക്കുമൂലം മുന്നോട്ട് ജലവിതരണം തുടരാൻ സാധിച്ചില്ല. കനാൽ സ്ട്രക്ച്ചറുകളിലെ ലീക്കുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഹരിച്ച് വരുംവർഷത്തിൽ ജലവിതരണം നടത്തുന്നതിന് സാധിക്കുന്നതാണ്.

**ഉദുമ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

195(2952) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിവഴി എല്ലാ വീടുകളിലും ശുദ്ധജലമെത്തിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ഉദുമ മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിപ്രകാരം നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) മണ്ഡലത്തിൽ ഇതിനകം എത്ര പദ്ധതികൾ ടെൻഡർ ചെയ്തെന്നും അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ഉദുമ മണ്ഡലത്തിൽ ആകെ 31 ജൽജീവൻ മിഷൻ പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട്. ഇതിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു. 12

\+ .നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ബാക്കി 10 എണ്ണം എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ പദ്ധതിക്കാവശ്യമായ ജലം ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നറിയിക്കാമോ?

ചെമ്മനാട്, പുല്ലൂർ-പെരിയ, മുളിയാർ, ഉദുമ, പള്ളിക്കര എന്നീ പഞ്ചായത്തുകളിലും ബേഡഡുക്ക പഞ്ചായത്തിലെ കൊളത്തൂർ വില്ലേജിലേയ്ക്കും ബാവിക്കര തടയണയോടുചേർന്നുള്ള ഇൻടേക്ക് വെൽ വഴി വെള്ളം പമ്പ് ചെയ്യാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ബേഡഡുക്ക പഞ്ചായത്തിലെ ബേഡകം, മുന്നാട് വില്ലേജുകൾക്കും കുറ്റിക്കോൽ പഞ്ചായത്തിലെ കുറ്റിക്കോൽ വില്ലേജിനും രാമങ്കയം തടയണയോടുചേർന്നുള്ള ഇൻടേക്ക് വെൽ വഴി വെള്ളം പമ്പ് ചെയ്യാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ദേലംപാടി പഞ്ചായത്തിൽ അടുക്കത്തൊട്ടിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ തടയണയോടുചേർന്നുള്ള ഇൻടേക്ക് വെൽവഴി വെള്ളം പമ്പ് ചെയ്യാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

**തവനൂർ മണ്ഡലത്തിൽ ജൽജീവൻ പദ്ധതി**

196(2953) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഇപ്പോഴത്തെ പുരോഗതി വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(1) അതളൂർ-തൃക്കണ്ണാപുരം റോഡ് കട്ടിംഗിനുള്ള അപേക്ഷ NH PWD-ന് സമർപ്പിച്ചെങ്കിലും നിരസിച്ചിരുന്നു. വീണ്ടും 21-10-2023-ന് അപേക്ഷ സമർപ്പിച്ചെങ്കിലും ഡിമാൻഡ് നോട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

(2) എടപ്പാൾ-തവനൂർ പി.ഡബ്ല്യൂ.ഡി. റോഡ്, (മാങ്ങാട്ടൂർ മുതൽ അയനങ്കലം വരെ) റെസ്റ്റോറേഷൻ ചാർജ് 1,46,67,270/- രൂപയുടെ ഡിമാൻഡ് നോട്ട് 29-04-2024-ൽ ലഭിച്ചു. ബാങ്ക് ഗ്യാരണ്ടിക്കുള്ള പുതുക്കിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിമാൻഡ് നോട്ടിനായി പി.ഡബ്ല്യു.ഡി.-ക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

(3) കുമ്പിടി-തൃക്കണ്ണാപുരം പി.ഡബ്ല്യു.ഡി. റോഡ്: ഡിമാൻഡ് നോട്ടിന് 06-02-2024-ന് വീണ്ടും അപേക്ഷിച്ചു. 09-02-2024-ന് സംയുക്ത പരിശോധന നടത്തി. ഡിമാൻഡ് ഇതുവരെ ലഭിച്ചിട്ടില്ല.

(4) പുത്തനത്താണി-കാപ്പിരിക്കാട് പഴയ നാഷണൽ ഹൈവേ: റെസ്റ്റോറേഷൻ ചാർജ് – 5,60,94,727/- രൂപ, സൂപ്പർവിഷൻ ചാർജ്– 14,02,368/- രൂപ, സെക്യൂരിറ്റി ഡിപ്പോസിറ്റ് - 56,09,473/- മുഴുവൻ തുകയും 20-05-2024-ന് (NH)-ന് കൈമാറിയിട്ടുണ്ട്. അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

(5) എടപ്പാൾ-തവനൂർ റോഡ് (ഓൾഡ് ബ്ലോക്കുമുതൽ മാങ്ങാട്ടൂർവരെ) - ഡിമാൻഡ് നോട്ട് ലഭിച്ചിട്ടുണ്ടെങ്കിലും ഡിമാന്റ് നോട്ട് ഒഴിവാക്കി BG മാത്രം അടവാക്കുന്നതിന് PWD-ക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## തിരൂരങ്ങാടി മണ്ഡലത്തിലെ മോര്യാ കാപ്പ് പദ്ധതി

197(2954) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്രഗ്രാമപഞ്ചായത്തിൽപ്പെട്ട മോര്യാ കാപ്പ് ജലസേചന പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പരും ഫയൽ നിലവിൽ ഏത് ഓഫീസിലാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-ഡി) മോര്യാകാപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 25-03-2019-ലെ സ.ഉ.(സാധാ)നം.212/2019/WRD പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും rate revision വന്നതിനാൽ DSR 2018 പ്രകാരമുള്ള ഡി.പി.ആർ. സമർപ്പിക്കാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ. സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട്**

198(2955) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിനായി എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് ശീർഷകം തിരിച്ച് വ്യക്തമാക്കാമോ?

പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിനായി 2024-25 സാമ്പത്തിക വർഷം “2700-01-001-NV ഭരണവും നടത്തിപ്പും" ശീർഷകത്തിൽ 11.49 കോടി

രൂപയും "2700-01-101-NV സംരക്ഷണപ്പണികൾ" ശീർഷകത്തിൽ 8.68 കോടി രൂപയും "2700-01-800-NV മറ്റു ചെലവുകൾ" ശീർഷകത്തിൽ 9 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) 2024-25 വർഷത്തിൽ പ്രസ്തുത പ്രോജക്ടിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രോജക്ടിൽ കനാലിന്റെ വാർഷിക അറ്റകുറ്റപ്പണികളും പുനരുദ്ധാരണം, ഹെഡ് വർക്സ് ആൻഡ് ഗാർഡൻ എന്നീ പ്രവൃത്തികളുമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) തകർന്ന കനാലുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും വകയിരുത്തിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

തകർന്ന കനാലുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും വകയിരുത്തിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പുനർനിർമ്മാണം | 261.37 ലക്ഷം (52 പ്രവൃത്തികൾ) |
| വാർഷിക അറ്റകുറ്റപ്പണികൾ | 424.56 ലക്ഷം (119 പ്രവൃത്തികൾ) |

| | |
|---|---|
| ഹെഡ് വർക്ക്സ് | 80 ലക്ഷം (19 പ്രവൃത്തികൾ) |
| എമർജൻസി ഫണ്ട് | 34.07 ലക്ഷം |
| ഗാർഡൻ | 8 ലക്ഷം (2 പ്രവൃത്തികൾ) |
| **ആകെ** | **808 ലക്ഷം** |

**കൂത്തുപറമ്പ് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ**

199(2956) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പ്രവൃത്തികൾക്കുവേണ്ടി പൈപ്പ്ലൈൻ സ്ഥാപിക്കാനെടുത്ത കുഴികൾ പൂർവസ്ഥിതിയിലാക്കാത്തതിനാൽ പല സ്ഥലത്തും ഗതാഗത തടസ്സങ്ങളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാഹനാപകടങ്ങളുമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൈപ്പുകൾ സ്ഥാപിച്ച ഉടൻ റോഡുകൾ താൽക്കാലികമായി ഗതാഗതയോഗ്യമാക്കാനും തുടർന്ന് ആവശ്യമായ റീഫോർമേഷൻ പ്രവൃത്തികൾ ചെയ്യാനും കോൺട്രാക്ടർമാർക്ക് കർശനനിർദേശം നൽകിയിട്ടുണ്ട്.

(സി) കൂത്തുപറമ്പ് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഡിസംബർ 2025-ഓടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**മിഷൻ തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂ കട്ട് ജലസേചന പദ്ധതി**

200(2957) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂ കട്ട് ജലസേചന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

ലോക്-കം-റെഗുലേറ്റർ നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച ഫയൽ ഏത് ഓഫീസിലാണെന്നും ഡി.പി.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കിയാൽ മാത്രമേ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഫയൽ ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ ഓഫീസിലാണ്.

(സി) പ്രസ്തുത പദ്ധതിക്ക് ധനകാര്യ വകുപ്പിന്റെയോ ജലവിഭവ വകുപ്പിന്റെയോ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ മരാമത്തുപണികളുടെ വിശദവിവരം സംബന്ധിച്ച അനുബന്ധത്തിൽ ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ എന്ന വിഭാഗത്തിൽ ഇറിഗേഷൻ വകുപ്പിന് 'കീരനല്ലൂർ ന്യൂക്കട്ട് വാട്ടർ സ്റ്റോറേജ് പദ്ധതി' എന്ന പേരിൽ 100 കോടി രൂപ അടങ്കലിൽ 100 രൂപ

ടോക്കൺ പ്രൊവിഷൻ 2022-23 വർഷം ക്രമ നമ്പർ-21 ആയും 2023-24 വർഷം ക്രമ നമ്പർ-1039 ആയും ഉൾപ്പെടുത്തിയിരുന്നു.

**ജലാശയങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളി നീക്കംചെയ്യാൻ നടപടി**

201(2958) **ശ്രീ. പി. പി. ചിത്തരഞ്ജൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തടാകങ്ങൾ, കായലുകൾ, നദികൾ എന്നിവയിൽ അടിഞ്ഞുകൂടിയിരിക്കുന്ന പോള, ചെളി എന്നിവ നീക്കം ചെയ്യുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിലെ തടാകങ്ങൾ, കായലുകൾ, നദികൾ എന്നിവയിൽ അടിഞ്ഞുകൂടിയിരിക്കുന്ന പോള, ചെളി എന്നിവ നീക്കംചെയ്ത് ജലനിർഗമനം സുഗമമാക്കി വെള്ളക്കെട്ട് തടയുന്നതിനുള്ള പ്രവൃത്തികൾ ആർ.കെ.ഐ.-പ്ലാൻ, നോൺ പ്ലാൻ തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.

പ്രധാന പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വീയപുരം ഭാഗത്ത് അച്ചൻകോവിൽ, പമ്പ എന്നീ നദികളുടെ ആഴം കൂട്ടലിനും തീരം ബലപ്പെടുത്തുന്നതിനുമായി 4 പ്രവൃത്തികൾക്ക് RKI-ൽ ഉൾപ്പെടുത്തി 36 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2) പമ്പ, അച്ചൻകോവിൽ നദികളെ ബന്ധിപ്പിക്കുന്ന കുട്ടംപേരൂർ ആറ്റിൽ അടിഞ്ഞുകൂടിയ എക്കലും മറ്റ് മാലിന്യങ്ങളും (ബുധനൂർ, മാന്നാർ, ചെന്നിത്തല പഞ്ചായത്തുകളിൽ) 7.2 കിലോമീറ്റർ നീളത്തിൽ നീക്കം ചെയ്തിട്ടുണ്ട്.

(ബി) ഇപ്രകാരം പോള, ചെളി എന്നിവ വർധിക്കുന്നതുകാരണം ജലാശയ വാഹനങ്ങൾക്ക് അപകടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജലാശയങ്ങളിലെ പോള, ചെളി എന്നിവ വർധിക്കുന്നതുകാരണം ജലാശയവാഹനങ്ങൾക്ക് അപകടങ്ങൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചെളി വാരി മാറ്റുന്നതിലൂടെ ജലാശയങ്ങളുടെ ആഴം വർധിക്കുന്നതിനും വെള്ളപ്പൊക്ക അപകടങ്ങൾ ഒഴിവാക്കുന്നതിനും സഹായിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ എക്കലും മണലും മാറ്റുന്നതിലൂടെ ആഴം വർധിപ്പിക്കാനും വെള്ളപ്പൊക്ക അപകടങ്ങൾ ഒഴിവാക്കാനും ഒരുപരിധിവരെ സഹായകരമാണ്. തടാകങ്ങൾ, കായലുകൾ, നദികൾ എന്നിവയുടെ ആഴം വർധിപ്പിക്കുന്നതിന്റെ ആവശ്യകത പരിശോധിച്ച് പ്രൊപ്പോസൽ തയ്യാറാക്കുകയും പ്രവൃത്തിയുടെ ആവശ്യകതയും മുൻഗണനയും പരിഗണിച്ച് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

**കല്ലായിപ്പുഴയിലെ ചെളി നീക്കം ചെയ്യുന്നത്**

202(2959) <u>ശ്രീ. അഹമ്മദ് ദേവർകോവിൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കല്ലായിപ്പുഴയുടെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന ചെളി നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കല്ലായിപ്പുഴയിൽ കടുപ്പിനി മുതൽ കോതി വരെയുള്ള 4.20 കി.മീ. ദൂരത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മണ്ണും നീക്കംചെയ്ത് പുഴയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനായി “Desilting of Kallai River from Kaduppini to Kothi in Kozhikode Corporation’ എന്ന പ്രവൃത്തിക്ക് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽനിന്ന് 790 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിക്കുകയുമുണ്ടായി. ആദ്യതവണ ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനെത്തുടർന്ന് റീ-ടെണ്ടർ ചെയ്യുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (എസ്റ്റിമേറ്റിനേക്കാൾ 34.39% അധികനിരക്ക്) ടെൻഡർ അംഗീകരിക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും വീണ്ടും റീ-ടെൻഡർ ചെയ്യുന്നതിന് സർക്കാർ ഉത്തരവാകുകയും ചെയ്തു. തുടർന്ന് 4 തവണയായി ചെയ്ത ടെൻഡറുകളിൽ ആരും പങ്കെടുക്കാത്തതിനെത്തുടർന്ന്

അഞ്ചാം തവണ ടെൻഡർ ചെയ്യുകയും പ്രസ്തുത കരാറുകാരൻ 217.11% അധിക നിരക്ക് quote ചെയ്തതിനെത്തുടർന്ന് ടെൻഡർ നിരസിക്കുകയും തുടർന്ന് 2024 ജനുവരി മാസം ആറാം തവണ ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത (എസ്റ്റിമേറ്റിനേക്കാൾ 56.33% അധിക നിരക്ക്) ടെൻഡർ അംഗീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് ലഭ്യമായിട്ടുമുണ്ട്. പ്രസ്തുത പ്രവൃത്തിക്കാവശ്യമായ അധിക തുക സംബന്ധിച്ച് കോഴിക്കോട് കോർപ്പറേഷനിൽനിന്നും ഉറപ്പ് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തിയുടെ ടെൻഡർ അംഗീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) മഴ ശക്തമാകുമ്പോൾ പുഴയുടെ തീരത്ത് താമസിക്കുന്നവർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മഴ ശക്തമാകുമ്പോൾ കരയിടിച്ചിലുണ്ടാകുന്ന സ്ഥലങ്ങളിൽ ലഭ്യമാകുന്ന ഫണ്ടുകൾ ഉപയോഗപ്പെടുത്തി തീരങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ കല്ലായിപ്പുഴയോട് ചേരുന്ന ഇ. കെ. കനാലിന്റെ ഒഴുക്കിന് തടസ്സം സൃഷ്ടിക്കുന്ന കുളവാഴ നീക്കം

ചെയ്യുന്നതിനായുള്ള 20 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ആറുകളിലെയും തോടുകളിലെയും മണലും എക്കലും നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി**

203(2960) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ മാത്യൂ ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറിയ മഴയിൽപ്പോലും വെള്ളപ്പൊക്കമുണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ആറ്റുമണൽ ലഭ്യതയും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനുമായി ആറുകളിലെയും തോടുകളിലെയും മണലും എക്കലും യുദ്ധകാലാടിസ്ഥാനത്തിൽ നീക്കംചെയ്യുന്നതിന് എന്തെല്ലാം നടപടികൾ പുതുതായി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ജലസേചന വകുപ്പിനുകീഴിൽ മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തര പ്രാധാന്യമുള്ള ശുചീകരണ പ്രവൃത്തികൾ

നടപ്പാക്കുന്നതിന് ഓരോ ജില്ലയിലെയും മേജർ/മൈനർ ഡിവിഷൻ കാര്യാലയങ്ങൾക്ക് 25 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. ഇങ്ങനെ മൊത്തം 6 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഈ ഫണ്ട് വിഹിതം ഉപയോഗിച്ച് പല മുൻസിപ്പാലിറ്റികളുടെയും പഞ്ചായത്തുകളുടെയും ആവശ്യപ്രകാരം തോടുകളിലെ പായലും കുളവാഴയും നീക്കംചെയ്യുന്ന പ്രവൃത്തികളും കാനകൾ വൃത്തിയാക്കുന്ന പ്രവർത്തനങ്ങളും പുഴകളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. കൂടാതെ SDMA ഫണ്ട് മുഖേനയുള്ള പ്രവൃത്തികളും ഓപ്പറേഷൻ വാഹിനി, ഓപ്പറേഷൻ ബ്രേക്ക് ത്രൂ തുടങ്ങിയ പ്രവൃത്തികളും തോടുകൾ വൃത്തിയാക്കി നീരൊഴുക്ക് ഉറപ്പാക്കാൻവേണ്ടി നടപ്പാക്കിവരുന്നു.

സംസ്ഥാനത്ത് 2018 കാലയളവിലുണ്ടായ മഹാപ്രളയാനന്തരം നദികളിൽ വലിയ തോതിൽ ചെളിയും എക്കലും പാറയും മറ്റ് പാഴ്വസ്തുക്കളുമാണ് അടിഞ്ഞുകൂടിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെയും സഹകരണത്തോടെ ജനകീയ പങ്കാളിത്തം ഉറപ്പാക്കി ജലസേചന

വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ, മേൽപ്പറഞ്ഞവ നീക്കംചെയ്യുന്ന പ്രവൃത്തി 2022 ഫെബ്രുവരിയിൽ ആരംഭിക്കുകയും ഇതിനോടകം സംസ്ഥാനത്തെ 43 നദികളിൽ (കല്ലായി ഒഴികെ) ഏകദേശം 98,35,939.41 m3 ചെളിയും എക്കലും പാറയും മറ്റ് പാഴ്വസ്തുക്കളും നീക്കംചെയ്യുകയും 30 നദികളിൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2018-19-ലെ പ്രളയവുമായി ബന്ധപ്പെട്ട് വകുപ്പിന്റെ കീഴിലുള്ള നിരവധി റെഗുലേറ്ററുകളുടെയും ചെക്ക് ഡാമുകളുടെയും സംഭരണ ഭാഗത്ത് ചെളി/മണൽ എന്നിവ കാര്യമായി നിറയുകയും ഇതിനെത്തുടർന്ന് ഇവയുടെ സംഭരണശേഷി കുറയുകയും ചില സന്ദർഭങ്ങളിൽ ഈ നിർമ്മിതികളുടെ ശരിയായ പ്രവർത്തനത്തെ ബാധിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ റെഗുലേറ്ററുകൾക്കും ചെക്ക് ഡാമുകൾക്കും സമീപം അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കംചെയ്യാൻ സർക്കാർ തീരുമാനിക്കുകയും ചെറുതുരുത്തി ചെക്ക് ഡാം, ചങ്ങണാംകുന്ന് റെഗുലേറ്റർ, മഞ്ഞുമ്മേൽ റെഗുലേറ്റർ, പുറപ്പള്ളികാവ് റെഗുലേറ്റർ, വെള്ളിയാങ്കല്ല് റെഗുലേറ്റർ, പൂക്കോട്ടുമന്ന റെഗുലേറ്റർ

എന്നിങ്ങനെ ആറ് റെഗുലേറ്ററുകളിലെ ചെളി/മണൽ/മണ്ണ് നീക്കംചെയ്ത്, സംഭരണശേഷി വർധിപ്പിക്കുന്നതിന് 08-11-2019-ലെ സ.ഉ.(സാധാ)നം. 50/2019/ജവിവ പ്രകാരം ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു.

കേരളത്തിലെ നദികളിൽനിന്നും മണൽ നീക്കംചെയ്യുന്ന പ്രവൃത്തി റവന്യൂ വകുപ്പ് മുഖാന്തരമാണ് നടപ്പാക്കിവരുന്നത്.

**കുറ്റ്യാടി ഇറിഗേഷന്റെ തകരാറിലായ നിർമ്മിതികൾ**

204(2961) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലപ്പഴക്കംകൊണ്ട് തകരാറിലായതും ജനങ്ങളുടെ ജീവന് ഭീഷണിയായിട്ടുള്ളതുമായ കുറ്റ്യാടി ഇറിഗേഷൻ നിർമ്മിതികളുടെ തകരാറുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

50 വർഷത്തിലധികം പഴക്കമുള്ള കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ നിർമ്മിതികൾ പുനരുദ്ധരിക്കാൻവേണ്ടി 168 പ്രവൃത്തികൾ

ഉൾപ്പെടുന്ന 175 കോടി രൂപയുടെ ഡി.പി.ആർ.-ഉം കുറ്റ്യാടി, പേരാമ്പ്ര നിയോജകമണ്ഡലങ്ങളിലെ വിവിധ കനാലുകളുടെ നവീകരണത്തിനായി 10 കോടി രൂപയുടെ 25 പ്രവൃത്തികൾ ഉൾക്കൊള്ളുന്ന വിശദമായ പദ്ധതി രേഖയും പരിശോധിച്ചുവരുന്നു.

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തോളൂർചിറ നവീകരണം**

205(2962) **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ പദ്ധതി വിഹിതം വകയിരുത്തിയ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തോളൂർചിറ നവീകരണം സംബന്ധിച്ച പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തോളൂർചിറ നവീകരണത്തിനായി പദ്ധതി വിഹിതം അനുവദിച്ചിരുന്നില്ല. എന്നാൽ 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി വിഹിതം വകയിരുത്തിയ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തോളൂർചിറയുടെ

നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്രാഥമിക പ്രവൃത്തിയായ പര്യവേഷണ പ്രവൃത്തിയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ വർക്കും അതുമായി ബന്ധപ്പെട്ട ടോപ്പോഗ്രാഫിക്കൽ സർവെയും പീച്ചി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ പുരോഗമിച്ചുവരുന്നു. ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കനാലിലെ ചണ്ടിയും കുളവാഴയും നീക്കംചെയ്യാൻ നടപടി**

206(2963) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ റെഗുലേറ്റർ തുറന്നതോടെ കനാലിൽ ചണ്ടിയും കുളവാഴയും നിറഞ്ഞ് ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ചെറുതോണികൾ ഇറക്കാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കനാലിലെ ചണ്ടിയും കുളവാഴയും മത്സ്യത്തൊഴിലാളികളുടെ തൊഴിലിനും വരുമാനമാർഗത്തിനും വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നതിനാൽ ആയത് നീക്കംചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഏനാമാക്കൽ റെഗുലേറ്ററിൽനിന്നും ജലോപരിതലത്തിലൂടെ 14 കിലോമീറ്റർ മാറിയാണ് ചേറ്റുവ അഴിമുഖം സ്ഥിതിചെയ്യുന്നത്. തൃശ്ശൂർ കോൾ നിലങ്ങളിലെ കൃഷിക്കായി ഏനാമാക്കൽ റെഗുലേറ്റർ അടച്ചിടുന്നതും ചിമ്മിനി ഡാമിൽനിന്നുള്ള ശുദ്ധജലം കെട്ടിനിർത്തുന്നതും പാടശേഖരങ്ങളിൽ നിന്ന് വളപ്രയോഗത്തിനുശേഷം കനാലിലേയ്ക്ക് വെള്ളം പമ്പ് ചെയ്യുന്നതും തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും കലരുന്നതും ചണ്ടി, കുളവാഴ എന്നിവയുടെ വളർച്ച ത്വരിതപ്പെടുത്തുന്നു. ഉപ്പുവെള്ളത്തിൽ എളുപ്പം നശിച്ചുപോകുന്ന ശുദ്ധജലസസ്യമായതിനാൽ ചണ്ടി, കുളവാഴ എന്നിവയുടെ നിയന്ത്രണത്തിന് ഫലപ്രദമായ മാർഗം കടലിലേയ്ക്ക് ഒഴുക്കിവിടുന്നതാണ്. ജലവിതരണ സമയത്ത് കോൾചാലിലെ ചണ്ടിയും കുളവാഴയും മാറ്റുന്നതിനുള്ള പരിമിതമായ ഫണ്ടാണ് ജലസേചന

വകുപ്പിന് അനുവദിച്ചുകിട്ടുന്നത്. ചണ്ടിയും കുളവാഴയും 100 ശതമാനം ബണ്ടിലേയ്ക്ക് വാരി നിക്ഷേപിക്കുന്നതിന് സ്ഥലപരിമിതി ഒരു പ്രതികൂല ഘടകമാണ്. പരമ്പരാഗത രീതിയിൽ വല വീശി മീൻ പിടിക്കുന്നതിന് ചണ്ടി ഒഴുകിപ്പോകുന്നത് ഒരു തടസ്സമല്ല. മറിച്ച് കോൾ ചാലിന്റെ വീതിയിൽ മുഴുവനായി വലയിട്ട് മീൻ തടഞ്ഞുനിർത്തി പിടിക്കുന്നതിനാണ് പ്രായോഗിക ബുദ്ധിമുട്ടനുഭവപ്പെടുന്നത്.

**തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം**

207(2964) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണ പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ.-ന് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ നിർവഹണ ഏജൻസിയായി തീരുമാനിച്ച കെ.ഐ.ഐ.ഡി.സി. പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയുടെ മാനദണ്ഡപ്രകാരം തയ്യാറാക്കുന്നതിന് ആയക്കട്ട് വിശദാംശങ്ങൾ, തോടിന്റെ ഹൈഡ്രോളിക് വിശദാംശങ്ങൾ തുടങ്ങിയവയുടെ അഭാവം പരിഹരിച്ച്, ഡി.പി.ആർ. കെ.ഐ.ഐ.ഡി.സി തയ്യാറാക്കിയെങ്കിലും കിഫ്ബിയുടെ മാനദണ്ഡങ്ങൾപ്രകാരം, പുതുക്കിയ തത്വത്തിൽ, അംഗീകാരം ലഭിക്കുന്നതിനായി വീണ്ടും സർക്കാരിൽ സമർപ്പിച്ചു. 06-01-2021-ലെ സ.ഉ.(സാധാ) നം.16/2021/ജവിവ പ്രകാരം പ്രസ്തുത പദ്ധതി കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി മുഖേന നടപ്പാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ഡിസൈനും ഡ്രോയിംഗുകളും എസ്റ്റിമേറ്റും തയ്യാറാക്കുകയും ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ.-ന്റെ സൂക്ഷ്മ

പരിശോധനയ്ക്കായി കിഫ്ബി സി.എം.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഡി.പി.ആർ.-ന്റെ സൂക്ഷ്മ പരിശോധന സി.എം.ഡി. മുഖേന നടന്നുവരികയാണ്. ഡി.പി.ആർ.-ന് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ കുളം നവീകരണം**

208(2965) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ കുളങ്ങൾ നവീകരിക്കുന്നതിനായി 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ഫണ്ടനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കുളങ്ങൾക്ക് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ കുളങ്ങൾ നവീകരിക്കുന്നതിനായി 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ജലവിഭവ വകുപ്പിൽനിന്നും ഫണ്ടനുവദിച്ചിട്ടില്ല.

## പഴശ്ശി കനാൽ പദ്ധതി

209(2966) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിനുകീഴിലുള്ള പഴശ്ശി കനാൽ പദ്ധതിയുടെ നിലവിലെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

2018-19 മുതൽ 2023-24 വരെയുള്ള കാലയളവിൽ ലഭ്യമായ വിവിധ ഫണ്ടുകളുപയോഗിച്ച് പഴശ്ശി പദ്ധതിയുടെ കനാലുകളുടെയും കനാൽ സ്ട്രക്ച്ചറുകളുടെയും നവീകരണപ്രവൃത്തികൾ നടത്തി. മെയിൻ കനാൽ ch.42/500 km-ലെ പറശ്ശിനിക്കടവ് അക്വാഡക്ടുവരെയും മാഹി ബ്രാഞ്ച് കനാലിലെ ch:16/600 km വരെയും 2024 ജനുവരി 31-ന് വെള്ളം തുറന്നുവിട്ട് ടെസ്റ്റ് റൺ നടത്തിയിട്ടുണ്ട്. ടെസ്റ്റ് റണ്ണിൽ കണ്ടെത്തിയ ചിലയിടങ്ങളിലെ അപാകതകൾ പരിഹരിച്ച് ഈ കനാലിലൂടെയുള്ള ജലവിതരണം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പഴശ്ശി കനാൽവഴി വെള്ളം തുറന്നുവിടുന്നത് കൃഷിക്ക് ഉൾപ്പെടെ ഗുണം ചെയ്യുമോയെന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. പഴശ്ശി കനാൽ മെയിൻ കനാൽ ചെയിനേജ് 42/500 km വരെയും മാഹി ബ്രാഞ്ച് കനാൽ ചെയിനേജ് 16/600 km വരെയും വെള്ളം ഒഴുകിയപ്പോൾ മണിയൂർ, പെരുമാച്ചേരി, കുറ്റ്യാട്ടൂർ, മയ്യിൽ പ്രദേശങ്ങളിലേയും മാഹി ബ്രാഞ്ച് കനാൽ ഭാഗങ്ങളായ വെങ്ങാട്, മാങ്ങാട്ടിടം ഭാഗങ്ങളിലെയും കൃഷി ഭൂമിയിൽ ജലലഭ്യത സാധ്യമായതായി കണ്ടിട്ടുണ്ട്.

**സംസ്ഥാനത്തെ ഡാമുകളുടെ സംഭരണശേഷി വർധിപ്പിക്കുന്നതിന് നടപടി**

210(2967) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ളക്ഷാമവും വൈദ്യുതിക്ഷാമവും പരിഹരിക്കുന്നതിനായി ഡാമുകളുടെ സംഭരണശേഷി വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ കുടിവെള്ളക്ഷാമം മുൻനിർത്തി ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും മണ്ണും നീക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) മലമ്പുഴ, മംഗലം, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, വാളയാർ, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, കാരാപ്പുഴ, പഴശ്ശി എന്നീ ജലസേചന പദ്ധതികളുടെ ഡാമുകളിൽ വിവിധ വർഷങ്ങളിലായി KERI, പീച്ചി പരിശോധന നടത്തി പ്രസ്തുത ഡാമുകളിൽ മണലും ചെളിയും അടിഞ്ഞിട്ടുള്ളതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. മലമ്പുഴ, പഴശ്ശി, കുറ്റ്യാടി, കാരാപ്പുഴ എന്നീ ഡാമുകളിൽ Desiltation പ്രവൃത്തി നടപ്പാക്കുന്നതിന് മുന്നോടിയായി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനോടനുബന്ധിച്ചുള്ള Soil Investigation നടത്തുന്നതിനായി KERI, പീച്ചിക്ക് നിർദേശം നൽകിയിട്ടുണ്ട്. ചുള്ളിയാർ ഡാമിന്റെ ഡിസിൽറ്റേഷൻ പ്രവൃത്തി KIIDC ഏറ്റെടുക്കുകയും 58.99% sediment നീക്കംചെയ്യുകയും ചെയ്തിട്ടുണ്ട്. KEMDEL ഏറ്റെടുത്ത മീങ്കര, വാളയാർ ഡാമിലെ ഡീസിൽറ്റേഷൻ പ്രവൃത്തി യഥാക്രമം 53%, 29.77% എന്നിങ്ങനെ പൂർത്തിയായിട്ടുണ്ട്. മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ 5.29% ആണ് പുരോഗതി. മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത കമ്പനി പ്രവൃത്തി നടത്തിയതിലുള്ള മോശം പ്രകടനവും സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട തവണകൾ കൃത്യമായി ഒടുക്കാതിരുന്നതിനാലും കരാർ ഉടമ്പടി Risk & Cost

terminate ചെയ്യുന്നതിനുത്തരവായതിനെതിരെ കമ്പനി stay വാങ്ങിയതിനാൽ, ഇപ്പോൾ ടി വിഷയം കോടതിയുടെ പരിഗണനയിലാണ്. ഡാമുകളിലെ ചെളിയും മണലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി വർധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി ജലവിഭവ വകുപ്പ് പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രധാനപ്പെട്ട പാക്കേജ് എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

നിലവിൽ കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടില്ല. പദ്ധതികളെല്ലാം കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായുള്ളതാണ്.

ജലസേചനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും ജലനഷ്ടം കുറയ്ക്കുന്നതിനുമായി നടപ്പാക്കിവരുന്ന ശ്രീ. കെ. എം. മാണി ഊർജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി നിലവിലുണ്ട്. കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി കൃഷിയിടങ്ങളിലേയ്ക്ക് എം.വി.ഐ.പി. കനാലുകളിൽനിന്നും ആവശ്യാനുസരണം വെള്ളമെത്തിക്കുന്നതിനും

വെള്ളക്കെട്ട് തടയുന്നതിനും മറ്റുമായി 2012 മുതൽ Command Area Development and Water Management (CADWM) പദ്ധതി ആവിഷ്കരിക്കുകയും നാളിതുവരെ എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലായി 12943.62 ഹെക്ടർ സ്ഥലത്ത് ആവശ്യാനുസരണം വെള്ളമെത്തിക്കാൻ സാധിച്ചിട്ടുള്ളതുമാണ്.

കൂടാതെ 2023-24 സാമ്പത്തിക വർഷത്തിൽ 3.94 കോടി രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുള്ളതും പ്രവൃത്തികൾ നടത്തി വരുന്നതുമാണ്. 2024-25 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപ CADWM പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും ആയതിനുവേണ്ട പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നതുമാണ്. എം.വി.ഐ.പി.-യുടെ 18237 ഹെക്ടർ ആയക്കെട്ടിലും ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനും വെള്ളക്കെട്ടുകൾ ഒഴിവാക്കി കൃഷിക്കനുകൂലമാക്കുന്നതിനും CADWM പ്രവൃത്തികൾ വഴി സാധ്യമാകുന്നതാണ്.

(ഡി) സംസ്ഥാനത്ത് പൂർത്തിയാകാതെ കിടക്കുന്ന ജലസേചന പദ്ധതികൾ കമ്മീഷൻ ചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഇടമലയാർ ജലസേചന പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ലിങ്ക് കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. ഡി.പി.ആർ. വിശകലനം ചെയ്തതിനുശേഷം പ്ലാനിംഗ് ബോർഡ് അംഗങ്ങൾ സ്ഥലം സന്ദർശിക്കുകയും ചില ഭേദഗതികൾ വരുത്താൻ നിർദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 28.8 കി.മീറ്റർ മെയിൻ കനാലും 12.54 കി.മീറ്റർ ലോ ലെവൽ കനാലും പൂർത്തീകരിച്ചിട്ടുണ്ട്. ലോ-ലെവൽ കനാലിന്റെ ചെയിനേജ് 14623-ലെ ടെയിൽ എൻഡ് ഡിസ്ചാർജിനുവേണ്ടി ഫ്ളഷ് എസ്കേപ്പിന്റെ നിർമ്മാണവും റെയിൽവെ ക്രോസ്സിംഗിന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. റെയിൽവെ ക്രോസ്സിംഗിന്റെ ബാലൻസ് വർക്ക് പുരോഗതിയിലാണ്. ഇതിന്റെ നിർമ്മാണം പൂർത്തീകരിച്ചാൽ അതുവഴി ലോ-ലെവൽ കനാലിന്റെ 100% പൂർത്തീകരണം കൈവരിക്കാൻ സാധിക്കും.

ഇടയാർ ഡിസ്ട്രിബ്യൂട്ടറിയുടെ ബാലൻസ് പ്രവൃത്തി ജനുവരി 2023-ൽ പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച കാവേരി നദീജല

തർക്ക പരിഹാര ട്രൈബ്യൂണലിന്റെ അന്തിമവിധിപ്രകാരം പാമ്പാർ നദീതടത്തിൽനിന്നും 3 TMC ജലം വിനിയോഗിക്കാൻവേണ്ടി വിഭാവനം ചെയ്ത പദ്ധതികളിലൊന്നാണ് പട്ടിശ്ശേരി ഡാമിന്റെ പുനർനിർമ്മാണം. സിവിൽ പ്രവൃത്തികൾ 63.7 ശതമാനവും ഇൻസ്ട്രുമെന്റേഷൻ പ്രവൃത്തികൾ 48 ശതമാനവും മെക്കാനിക്കൽ പ്രവൃത്തികൾ 52 ശതമാനവും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ബാലൻസ് പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് ഡാം കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

കാരാപ്പുഴ ജലസേചന പദ്ധതി 1978-ൽ പ്രവൃത്തി ആരംഭിച്ച ഇടത്തരം ജലസേചന പദ്ധതിയാണ്. വർഷങ്ങളായി പണിതീരാതെ കിടക്കുന്ന വൻകിട ഇടത്തരം പദ്ധതികളെ ജനോപകാരപ്രദമായ രീതിയിൽ മാറ്റിയെടുക്കുന്നതിനായി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് പ്ലാനിംഗ് കമ്മീഷൻ കാരാപ്പുഴ പദ്ധതി സന്ദർശിക്കുകയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ട ആവശ്യകത മനസ്സിലാക്കി ഘട്ടം ഘട്ടമായി പൂർത്തീകരിക്കുന്നതിന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. സമിതിയുടെ ശിപാർശപ്രകാരം ആദ്യഘട്ടമായി 2538 ഹെക്ടർ

കൃഷിയിടത്തിൽ ജലസേചന സൗകര്യമൊരുക്കുന്നതിനുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

ബാണാസുരസാഗർ ജലസേചന പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനായി നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ടി പദ്ധതി നാളുകളായി നേരിടുന്ന ഒരു പ്രധാന തടസ്സമായ മെയിൻ കനാലിന്റെ ചെയിനേജ് 1130 മീറ്റർ മുതൽ 1500 മീറ്റർവരെയുള്ള ഭാഗത്തെ അക്വഡക്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ മെയിൻ കനാൽ ചെയിനേജ് 150 മീറ്റർ മുതൽ 2730 മീറ്റർവരെയുള്ള ഭാഗത്തെ അറ്റകുറ്റപ്പണികളും ചെളിയും മണ്ണും നീക്കംചെയ്യുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ബ്രാഞ്ച് & ഡിസ്ട്രിബ്യൂട്ടറി കനാലുകളുടെ പ്രവൃത്തികളും അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാഞ്ഞിരപ്പുഴ ഡാം 1980-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിലുണ്ടായ തടസ്സങ്ങൾമൂലം ഇടതുകര കനാലിന്റെ വാലറ്റ ഭാഗത്ത് ഏകദേശം 4 കി.മീറ്ററും മാരായമംഗലം, കുലുക്കല്ലൂർ, വല്ലപ്പുഴ, കുളപ്പുള്ളി നോർത്ത് എന്നീ ഡിസ്ട്രിബ്യൂട്ടറികളുടെ നിർമ്മാണവും

പൂർത്തീകരിക്കാനായിട്ടില്ല. ഇവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു.

(ഇ) സംസ്ഥാനത്ത് ഏതെല്ലാം ജലസേചന പദ്ധതികളുടെ നവീകരണം പൂർത്തിയായിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതിയുടെ നവീകരണം നടന്നുവരുന്നുവെന്നും വ്യക്തമാക്കാമോ; പുതുതായി നവീകരണം നടത്താനുദ്ദേശിക്കുന്ന പദ്ധതികൾ എതെല്ലാമെന്നും വ്യക്തമാക്കാമോ?

കാഞ്ഞിരപ്പുഴ ഡാമിൽ ഡ്രിപ് ഫേസ് - 2 പ്രവൃത്തി നടന്നുവരുന്നു. ഇതിലുൾപ്പെടുത്തി കാഞ്ഞിരപ്പുഴ ഡാമിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കൺട്രോൾ റൂമിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഡാമിന്റെ ഡൗൺസ്ട്രീം സൈഡിലെ ടർഫിംഗ് ഹൊറിസോണ്ടൽ വെർട്ടിക്കൽ ച്യൂട്ട് ഡ്രെയിനുകളുടെ നിർമ്മാണം, സ്റ്റില്ലിംഗ് പൂൾ നിർമ്മാണം, സർവെ പ്രവൃത്തികൾ, പാലത്തിന്റെയും വാച്ച് ടവറിന്റെയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ മുതലായവ ഇതിലുൾപ്പെടുന്നു. കൂടാതെ മലമ്പുഴ, മംഗലം, പോത്തുണ്ടി, ചേരാമംഗലം, ചിറ്റൂർപ്പുഴ, വാളയാർ, ഗായത്രിപ്പുഴ പദ്ധതികളുടെ കനാലുകളുടെയും കാഡാ ചാലുകളുടെയും

നവീകരണ പ്രവർത്തനങ്ങൾ Plan, CADA തുടങ്ങിയ സ്കീമുകളിലുൾപ്പെടുത്തി 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടുണ്ട്. ചിറ്റൂർപ്പുഴ, കാഞ്ഞിരപ്പുഴ പദ്ധതികളുടെ മെയിൻ കനാലുകളുടെ നവീകരണ പ്രവർത്തനങ്ങൾ 2023-24 സാമ്പത്തിക വർഷത്തിൽ NABARD Scheme-ൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്.

കുറ്റ്യാടി ജലസേചന പദ്ധതിക്കുകീഴിൽ വരുന്ന പെരുവണ്ണാമൂഴി അണക്കെട്ടിൽ DRIP PHASE I-ൽ ഉൾപ്പെടുത്തി ഡാം ബലപ്പെടുത്തുന്നതിനുള്ള ഗ്രൗട്ടിംഗ് പ്രവൃത്തികളും ഡാം മോണിറ്ററിംഗ് ഉപകരണങ്ങളും പുതുതായി സ്ഥാപിച്ചു. DRIP PHASE II-ൽ ഉൾപ്പെടുത്തി River Training Wall-ന്റെ പ്രവൃത്തിയും സപ്പോർട്ടിംഗ് ഡാം ബലപ്പെടുത്തൽ പ്രവൃത്തികളും ഇപ്പോൾ നടന്നുവരുന്നു.

പഴശ്ശി ജലസേചന പദ്ധതിയിലെ കനാൽ ശൃംഖലകളുടെ നവീകരണം നടന്നുവരുന്നുണ്ട്.

കാരാപ്പുഴ ജലസേചന പദ്ധതിയുടെ കീഴിൽ DRIP PHASE II-ൽ ഉൾപ്പെടുത്തി ഡാമിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 10.3 കോടി

രൂപയുടെ പ്രവൃത്തി നടന്നുവരുന്നു. "DRIP-PHASE II Karappuzha Irrigation Project-Rehabilitation & Optimisation of Dam and Appurtenance" എന്ന പ്രവൃത്തി നിലവിൽ 30.53 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള കനാൽ ശൃംഖലകളുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(എഫ്) മൂവാറ്റുപ്പുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; അവശേഷിക്കുന്ന പണികൾ തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഈ പ്രോജക്ട് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

2020 വർഷത്തിൽ മൂവാറ്റുപ്പുഴ വാലി ജലസേചന പദ്ധതി കമ്മീഷൻ ചെയ്ത സമയത്ത് പൂർത്തീകരിക്കാതിരുന്ന ഇടയാർ ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ നിർമ്മാണം 2023-ൽ പൂർത്തീകരിച്ച് ജലവിതരണം നടത്താൻ സാധിച്ചു. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ പൂർത്തീകരിക്കാനുള്ള 4 റീച്ചുകളുടെ ബാലൻസ് വർക്കിന്റെയും പിറവം ബ്രാഞ്ച് കനാലിന്റെ ബാലൻസ് വർക്കിന്റെയും 36.5 കോടി രൂപയുടെ വിശദമായ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## മുല്ലപ്പെരിയാർ അണക്കെട്ട്

211(2968) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ നിലവിലുള്ള അണക്കെട്ട് ഡീ-കമ്മീഷൻ ചെയ്ത് പുതിയ അണക്കെട്ട് നിർമ്മിക്കാൻ സംസ്ഥാന സർക്കാർ മുൻകൈ എടുക്കുമോ; വിശദമാക്കാമോ?

നിലവിലുള്ള മുല്ലപ്പെരിയാർ ഡാമിന്റെ താഴ്ഭാഗത്ത് ഉചിതമായ സ്ഥലത്ത് പുതിയ ഡാം നിർമ്മിക്കണമെന്നതാണ് കേരളത്തിന്റെ ആവശ്യം. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് എന്ന ആശയം പരിഗണിക്കണമെന്ന ആവശ്യം റിട്ട് ഹർജി 880/2020-യുടെ ഭാഗമായി കേരളം ബഹു:സുപ്രീം കോടതി മുമ്പാകെ ആവശ്യപ്പെട്ടിരുന്നു. പുതിയ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുമുമ്പായി കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ അനുമതിയും കേന്ദ്ര വനം വകുപ്പിന്റെ അനുമതിയും അതോടൊപ്പം തമിഴ്നാടിന്റെ സമ്മതപത്രവും ആവശ്യമാണ്. പരിസ്ഥിതി ആഘാത പഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര ജലകമ്മീഷന്റെ നിലവിലുള്ള

മാർഗരേഖപ്രകാരം പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. നേരത്തെ സമർപ്പിച്ചിരുന്നു. ഡി.പി.ആർ. പുതുക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ഐ.എസ്.ഡബ്യൂ.)-ന്റെ അധ്യക്ഷതയിൽ 12-02-2021-ലെ G.O.(Rt) No.102/2021/WRD പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവുവരാത്തവിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലുമാണ് പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത്. ഡി.പി.ആർ. റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി ആഘാത പഠനം നിലവിൽ ഏത് ഘട്ടത്തിലാണ് വിശദമാക്കാമോ?

പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ പരിസ്ഥിതി ആഘാത പഠനത്തിനുവേണ്ടിയുള്ള നിബന്ധനകൾ കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (Ministry of Environment, Forests & Climate Change (MoEF & CC)) 2018 നവംബർ 14-ന് അംഗീകരിച്ചു.

Environmental clearance ലഭിക്കുന്നതിനുള്ള പഠനത്തിനായി M/s Pragathy Labs, Hyderabad-നെ ചുമതലപ്പെടുത്തുകയും 2018 ഏപ്രിൽ 21-ാം തീയതി കരാർ ഒപ്പിടുകയും ചെയ്തു. Environmental Impact Assessment (EIA) പഠന റിപ്പോർട്ട് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി 23-10-2021-ലെ G.O. (Rt) No. 560/2021/WRD പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനത്തിന്റെ ഭാഗമായി പദ്ധതി പ്രദേശത്തെ അടിസ്ഥാന വിവരശേഖരണം പൂർത്തിയാക്കി കരട് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സമിതിയുടെ നിർദ്ദേശമനുസരിച്ച് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനായുള്ള അന്തിമ റിപ്പോർട്ട് എത്രയുംവേഗം സമർപ്പിക്കാൻ കരാർ കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പരിസ്ഥിതി ആഘാത പഠനത്തിനുവേണ്ടി കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽനിന്നും ലഭിച്ച അനുമതി 13-11-2023-ൽ അവസാനിച്ചതിനാൽ പഠനം തുടരുന്നതിനുള്ള പുതിയ അനുമതിക്കായുള്ള അപേക്ഷ കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

(സി) പുതിയ അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് തമിഴ്നാട്ടുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പുതിയ അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് തമിഴ്നാട്ടുമായി ഒരു കരാറിലും ഇതുവരെയും ഏർപ്പെട്ടിട്ടില്ല. എന്നാൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനായി തമിഴ്നാട് സർക്കാരിന്റെകൂടി സമ്മതം ലഭ്യമാക്കണമെന്ന് ബഹു. സുപ്രീം കോടതി നിർദേശിച്ചിട്ടുണ്ട്.

(ഡി) പുതിയ അണക്കെട്ട് നിർമ്മാണത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

മുല്ലപ്പെരിയാർ ഡാമിന്റെ പഴക്കവും മറ്റ് ഘടകങ്ങളും കണക്കിലെടുത്തും ജനങ്ങളുടെ ആശങ്ക പരിഗണിച്ചും കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുവേണ്ടി പഴയ ഡാമിന്റെ താഴെയായി ഉചിതമായ സ്ഥലത്ത് ഒരു പുതിയ ഡാം നിർമ്മിക്കുമെന്ന് 2007- 2008-ലെ ബജറ്റ് അവതരണവേളയിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി പ്രസ്താവിച്ചിരുന്നു.

09-12-2011-ന് കേരള നിയമസഭ മുല്ലപ്പെരിയാർ പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കണമെന്നത് സംബന്ധിച്ച് താഴെപ്പറയുന്ന പ്രമേയം പാസാക്കി.

"കാലപ്പഴക്കവും തുടർച്ചയായുണ്ടാകുന്ന ഭൂകമ്പ ഭീഷണിയും അതിവൃഷ്ടിയുംമൂലം മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കും നിലനിൽപ്പിനും അതീവ ഗുരുതരമായ ഭീഷണിയുണ്ടായിട്ടുള്ള സാഹചര്യത്തിൽ ലക്ഷക്കണക്കിന് ജനങ്ങളുടെ സുരക്ഷയെ കരുതി പുതിയ ഡാം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളോട് കേരള നിയമസഭ അഭ്യർഥിക്കുന്നു. പുതിയ ഡാമിന്റെ നിർമ്മാണംവരെ നിലവിലുള്ള ഡാമിന്റെ സുരക്ഷയ്ക്കുവേണ്ടി ജലനിരപ്പ് 120 അടിയായി താഴ്ത്താൻ അടിയന്തരമായി നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. പുതിയ ഡാമിന്റെ നിർമ്മാണത്തെത്തുടർന്ന് നിലവിൽ നൽകുന്ന അതേ അളവിൽത്തന്നെ തമിഴ്നാടിന് ജലം ലഭ്യമാക്കാൻ കേരളം പ്രതിജ്ഞാബദ്ധമാണെന്നും "കേരളത്തിന് സുരക്ഷ-തമിഴ്നാടിന് ജലം" എന്ന സമീപനത്തിൽ കേരളം ഉറച്ച് നിൽക്കുന്നുവെന്നും കേരള നിയമസഭ അസന്ദിഗ്ധമായി ഉറപ്പുനൽകുന്നു".

"കേരളത്തിന് സുരക്ഷ-തമിഴ്നാടിന് ജലം" എന്ന സംസ്ഥാനത്തിന്റെ പ്രഖ്യാപിത നയം ഫലപ്രാപ്തിയിലെത്തിക്കാൻ നിലവിലെ അണക്കെട്ടിനുതാഴെയായി പുതിയ അണക്കെട്ട് പണികഴിപ്പിക്കുന്നതാകും ശാശ്വതമായ പരിഹാരമെന്നതാണ് കേരളം സ്വീകരിച്ചിരിക്കുന്ന നിലപാട്. Detailed Project Report (DPR)-ൽ ഉൾപ്പെടുത്താനുള്ള എസ്റ്റിമേറ്റിനാവശ്യമായ Design & Drawing-കൾ പൂർത്തിയാക്കി DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ പാരിസ്ഥിതിക പഠനത്തിനാവശ്യമായ പരിഗണനാ വിഷയങ്ങൾ (ToR) പുതുക്കി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡാമുകളുടെ സുരക്ഷാ പരിശോധന**

212(2969) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസരിച്ച് ഡാമുകൾക്ക് സുരക്ഷാ ഭീഷണിയുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷാ പരിശോധന കാലവർഷത്തിനുമുമ്പും കാലവർഷത്തിനുശേഷവും നടത്തിവരുന്നു. കേന്ദ്ര ജലകമ്മീഷന്റെ "Guidelines for Safety Inspection of Dams" പ്രകാരം ഡാമിന്റെ ഓരോ ഘടകവും പരിശോധിച്ച് ഡാമിന്റെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ കേന്ദ്ര ജലകമ്മീഷൻ നിർദേശിക്കുന്ന പ്രൊഫോർമയിൽ റിപ്പോർട്ട് സമർപ്പിക്കാറുണ്ട്.

ഡാമുകളുടെ പൊതുവായ അവസ്ഥ Dam Embankment, Slope, Crest, Drainage Seepage, Masonry and Concrete Dam Section Joints, Abutment, Gallery, Spillway Stilling Basin, Spillway/Sluice Gates Hoist, Cranes, Valve, Pumps, Road തുടങ്ങിയ വിവിധ ഘടകങ്ങൾ വിശദമായി പരിശോധിച്ച് പ്രസ്തുത പരിശോധനയെ ആസ്പദമാക്കി അടിയന്തര സ്വഭാവമുള്ള

അറ്റകുറ്റപ്പണികൾ സംസ്ഥാന ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് മുൻഗണനാടിസ്ഥാനത്തിൽ നടത്തിവരുന്നു. കൂടാതെ പ്രധാന നവീകരണ പ്രവർത്തനങ്ങളും പുനരുദ്ധാരണവും ലോകബാങ്ക് ധനസഹായത്തോടെ ഡാം റീ ഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നു.

അന്തർസംസ്ഥാന നദീജല കരാറുകളുടെ (പെരിയാർ പാട്ടക്കരാർ, പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ) പരിധിയിലുള്ള കേരളത്തിൽ സ്ഥിതിചെയ്യുന്ന മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ നാല് അണക്കെട്ടുകളുടെ പ്രവർത്തനവും പരിപാലനവും നടത്തുന്നത് തമിഴ്നാട് ജലവിഭവ വകുപ്പാണ്.

ഡാം സേഫ്റ്റി ആക്ട് 2021 പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന ഡാം സുരക്ഷാ ഓർഗനൈസേഷൻ സംസ്ഥാനത്തെ 61 (KSEB-38, KWRD-20, KWA-2, Private-1) നിർദിഷ്ട ഡാമുകളുടെ സുരക്ഷാ പരിശോധന 2023-24 കാലയളവിൽ നടത്തുകയും ആവശ്യമായ നിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

പരിശോധനാ വേളയിൽ കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസരിച്ച് ഡാമുകൾക്ക് സുരക്ഷാ ഭീഷണിയുള്ളതായി കണ്ടെത്തിയിട്ടില്ല.

(ബി) സംസ്ഥാനത്തെ എല്ലാ ഡാമുകളുടെയും ബലം, സംഭരണം, സാങ്കേതിക സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് പരിശോധനകൾ നടത്തുമോ; ഇതിനായി പ്രത്യേക സംഘങ്ങളെ നിയമിക്കുമോ?

ഡാം സേഫ്റ്റി ആക്ട് 2021 പ്രകാരം രൂപീകൃതമായ കേരള സംസ്ഥാന ഡാം സുരക്ഷാ ഓർഗനൈസേഷൻ ഡാം സുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾപ്രകാരം എല്ലാ ഡാമുകളുടെയും ബലം, ജലസംഭരണം, സാങ്കേതിക സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് ശാസ്ത്രീയ പരിശോധനകൾ 2023 മുതൽ നടത്തിവരുന്നുണ്ട്.

സംസ്ഥാനത്തെ ഡാമുകളുടെ ബലം, ജലസംഭരണം, സാങ്കേതിക സംവിധാനങ്ങൾ എന്നിവ പരിശോധിക്കുന്നതിനുള്ള Comprehensive Dam Safety Evaluation Panel രൂപീകരിക്കുന്നതിനുള്ള നിർദേശം കേരള സംസ്ഥാന ഡാം സുരക്ഷാ ഓർഗനൈസേഷൻ ചുമതലയുള്ള വകുപ്പുകൾക്ക് (KWRD, KSEBL, KWA) നൽകിയിട്ടുണ്ട്.

ഇതുകൂടാതെ ഡാമുകളുടെ കാലവർഷത്തിന് മുമ്പും പിമ്പുമുള്ള (Pre Monsoon and Post Monsoon) പരിശോധനകൾ ഡാമിന്റെ മേൽനോട്ടം വഹിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുമായിച്ചേർന്ന് നടത്തി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

DRIP Phase II പദ്ധതിയിലുൾപ്പെട്ട ഡാമുകളുടെ നവീകരണത്തിനായി നിയോഗിക്കപ്പെട്ട Dam Safety Review Panel (DSRP) ഓരോ വിഷയത്തിലും വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തി ഡാം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്രജല കമ്മീഷൻ മാനദണ്ഡങ്ങൾപ്രകാരം 200 MCM-ൽ അധികം സംഭരണശേഷിയുള്ള ഡാമുകൾക്ക് പ്രളയനിയന്ത്രണം മുൻനിർത്തിയുള്ള റൂൾ കർവ് തയ്യാറാക്കി ഡാം പ്രവർത്തനം അതിനനുസൃതമായി ക്രമീകരിക്കാറുണ്ട്.

ജലസേചന വകുപ്പിനുകീഴിലുള്ള 16 ഡാമുകളിൽ ജലനിരപ്പ്, മഴയുടെ അളവ്, Seepage, tilt, uplift pressure, joint movement മുതലായവ

അളക്കുന്നതിനായി ഓട്ടോമാറ്റിക്ക് ഉപകരണങ്ങൾ സ്ഥാപിച്ച് ഡാമിന്റെ പ്രവർത്തനക്ഷമത നിരീക്ഷിക്കുന്നതിനുള്ള കേന്ദ്രീകൃത നിരീക്ഷണ സംവിധാനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു.

അന്തർ സംസ്ഥാന നദീജല കരാറുകളുടെ പരിധിയിലുള്ള, കേരളത്തിൽ സ്ഥിതിചെയ്യുന്ന മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ് എന്നീ നാല് അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധനകൾ നടത്തുന്നത് തമിഴ്നാട് ജലവിഭവ വകുപ്പാണ്. പ്രസ്തുത ഡാമുകളുടെ സമഗ്രമായ സുരക്ഷാ പരിശോധന (Comprehensive Dam Safety Evaluation) നടത്തണമെന്ന് തമിഴ്നാടിനോട് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച് തമിഴ്നാട് ജലവിഭവ വകുപ്പിനുപുറമെ ബഹു. സുപ്രീം കോടതി നിയോഗിച്ച കേന്ദ്രജല കമ്മീഷന്റെ ചീഫ് എഞ്ചിനീയർ (DSO) ചെയർമാനായ മേൽനോട്ട സമിതിയും (Supervisory Committee on Mullaperiyar Dam) സുരക്ഷാ പരിശോധനകൾ നടത്തുന്നുണ്ട്.

(സി) കാലവർഷമെത്തുംമുമ്പേ ഡാമുകളിലെ ജലനിരപ്പ് കുറയ്ക്കുന്നതിനും ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കാലവർഷം ആരംഭിക്കുന്നതിനുമുമ്പ് ഡാമുകൾ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് അതത് Dam Safety Unit (DSU)-ന് സംസ്ഥാന ഡാം സുരക്ഷാ ഓർഗനൈസേഷൻ നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഡാമുകളുടെയും Pre monsoon inspection നടത്തിയിട്ടുണ്ട്. കൂടാതെ 200 ദശലക്ഷം ഘനമീറ്റർ സംഭരണശേഷിക്ക് മുകളിലുള്ള ജലസംഭരണികളിലെ ജലനിരപ്പുകൾ റൂൾ കർവുകളുടെ അടിസ്ഥാനത്തിൽ നിയന്ത്രിച്ചുവരുന്നു. സംസ്ഥാനത്തിനുള്ളിലെ 61 നിർദിഷ്ട ഡാമുകളിൽ 53 ഡാമുകളുടെയും Emergency Action Plan പ്രസിദ്ധീകരിക്കുകയും 8 ഡാമുകളുടെയും Emergency Action Plan പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു.

200 MCM-ൽ താഴെ സംഭരണശേഷിയുള്ള ഡാമുകളിൽ പ്രളയസാധ്യത മുൻനിർത്തി ജലനിരപ്പ് ക്രമീകരിക്കുന്നതിനായി Blue, Orange, Red എന്നീ

മൂന്നുതലത്തിലായി Alert level നിശ്ചയിച്ചിട്ടുണ്ട്. ആയത് പാലിച്ചുകൊണ്ട് മൺസൂൺ കാലാവസ്ഥയിൽ മഴയുടെ മുന്നറിയിപ്പും ഡാമുകളിലെ നീരൊഴുക്കും കൃത്യമായി നിരീക്ഷിച്ച് Operation and Maintenance Manual നിർദേശങ്ങൾ പാലിച്ച് ജില്ലാ ഭരണകൂടത്തിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് വേണ്ട മുന്നറിയിപ്പുകൾ നൽകിയശേഷം സ്പിൽവേ ഷട്ടറുകൾ ആവശ്യാനുസരണം പ്രവർത്തിപ്പിച്ച് ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

വർഷകാലങ്ങളിൽ അന്തർ സംസ്ഥാന നദീജല കരാറുകളുടെ (പെരിയാർ പാട്ടക്കരാർ, പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ) പരിധിയിലുള്ള, കേരളത്തിൽ സ്ഥിതിചെയ്യുന്ന മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപള്ളം, തുണക്കടവ് എന്നീ നാല് അണക്കെട്ടുകളുടെ ജലനിരപ്പിലുള്ള വ്യതിയാനങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകൾ തമിഴ്നാട് ജലവിഭവ വകുപ്പ് കേരളത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അനന്തര നടപടികൾക്കായി മുൻകൂട്ടി അറിയിക്കാറുണ്ട്. മുന്നറിയിപ്പുകൾപ്രകാരം ഉചിതമായ നടപടികൾ ജില്ലാ ഭരണകൂടത്തിന്റെയും ദുരന്തനിവാരണ

അതോറിറ്റിയുടെയും നേതൃത്വത്തിൽ സ്വീകരിക്കാറുണ്ട്. ഈ വർഷവും കാലവർഷത്തിന് (സൗത്ത് വെസ്റ്റ് മൺസൂണിന്) മുന്നോടിയായി പി.എ.പി. അണക്കെട്ടിൽ ചുരുങ്ങിയ സമയത്ത് അധികജലം താഴ്വാരത്തിലേയ്ക്ക് തുറന്നുവിടുന്നതൊഴിവാക്കാൻവേണ്ടി ജലനിരപ്പ്/ജലസംഭരണം ക്രമീകരിച്ച് നിർത്തണമെന്ന് ചീഫ് എഞ്ചിനീയർ, ഡബ്ല്യൂ.ആർ.ഡി. കോയമ്പത്തൂർ റീജിയണിനോട് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

**തിരുവനന്തപുരം നഗരത്തിലുണ്ടാകുന്ന വെള്ളക്കെട്ടും മഴക്കെടുതികളും നേരിടുന്നതിനുള്ള പദ്ധതികൾ**

213(2970) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിതീവ്ര വേനൽ മഴയെത്തുടർന്ന് കിള്ളിയാറിന്റെയും കരമനയാറിന്റെയും സംരക്ഷണ ഭിത്തികൾക്കുണ്ടായ കേടുപാടുകളെയും മണ്ണിടിച്ചിലുൾപ്പെടെയുള്ള നാശനഷ്ടങ്ങളെയും സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അതിതീവ്ര വേനൽ മഴയെത്തുടർന്ന് കിള്ളിയാറിന്റെയും കരമനയാറിന്റെയും സംരക്ഷണ ഭിത്തികൾക്കുണ്ടായ കേടുപാടുകളുടെയും

മണ്ണിടിച്ചിൽ ഉൾപ്പെടെയുള്ള നാശനഷ്ടങ്ങളുടെയും റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

(ബി) പ്രസ്തുത നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി എന്തെങ്കിലും രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതിയൊന്നും രൂപീകരിച്ചിട്ടില്ല.

എന്നാൽ മെയ് മാസമുണ്ടായ അതിതീവ്ര മഴയെത്തുടർന്ന് കരമനയാറിലെയും കിള്ളിയാറിലെയും സംരക്ഷണ ഭിത്തികൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുനർനിർമ്മാണം നടത്തുന്നതിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും ഭരണാനുമതി ലഭ്യമായ പ്രവൃത്തികൾ നടപ്പാക്കിവരികയുമാണ്. മറ്റ് പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയും പരിഗണിച്ച് ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

(സി) അതിതീവ്ര മഴയെത്തുടർന്ന് തിരുവനന്തപുരം നഗരത്തിലുണ്ടാകുന്ന വെള്ളക്കെട്ടും മഴക്കെടുതികളും നേരിടുന്നതിന്

ജലവിഭവ വകുപ്പ് പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ നഗരപ്രദേശങ്ങളിലുണ്ടാകുന്ന വെള്ളക്കെട്ടും മഴക്കെടുതിയും നേരിടുന്നതിനായി Urban Flood Risk Management Programme (UFRMP) എന്ന പദ്ധതിയിലുൾപ്പെടുത്തി 200 കോടി രൂപയുടെ പ്രളയ പ്രതിരോധ പ്രൊപ്പോസൽ സമർപ്പിക്കാൻ National Disaster Management Authority (NDMA) നിർദേശിച്ചിട്ടുള്ളതാണ്.

ആയതുമായി ബന്ധപ്പെട്ട് 19-06-2024-ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം ചേരുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയുമുണ്ടായി. ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

**കോഴിക്കോട് ജില്ലയിൽ തെങ്ങിലക്കടവ്-ആയംകുളം റോഡിന്റെ നവീകരണം**

214(2971) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ചെറുപുഴയുടെ തീരത്തുകൂടി കടന്നുപോകുന്ന തെങ്ങിലക്കടവ്-ആയംകുളം റോഡിന്റെ അമ്പത് മീറ്ററോളം ഭാഗം പുഴയിലെ കുത്തൊഴുക്ക് കാരണം പൂർണ്ണമായും തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രദേശവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന പ്രസ്തുത ഭാഗം കെട്ടി സംരക്ഷിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) 2024 മെയ് മാസത്തിലെ ശക്തമായ മഴയെത്തുടർന്ന് തകർന്ന, മാവൂർ പഞ്ചായത്തിൽപ്പെട്ട തെങ്ങിലക്കടവ്-ആയങ്കുളം റോഡിന്റെ പുഴയോടുചേർന്നുള്ള ഭാഗം കെട്ടി സംരക്ഷിക്കുന്നതിനുവേണ്ടി “Urgent Protection Works to the left bank of Cherupuzha downstream of Thengilakadavu bridge along Thengilakadavu Ayamkulam Road in Ward No.

16 of Mavoor Panchayath" എന്ന പ്രവൃത്തിക്ക് 30.30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയും പരിഗണിച്ച് ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ ദുരന്തനിവാരണ ഫണ്ടുപയോഗിച്ച് പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് കീഴ് കാര്യാലയത്തിൽനിന്നും ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

**മങ്കടയിലെ നദീതീര സംരക്ഷണ പ്രവൃത്തികൾ**

215(2972) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീതീര സംരക്ഷണ പ്രവൃത്തികൾ നടപ്പാക്കുന്നതിലുണ്ടാകുന്ന അലംഭാവംമൂലം സംസ്ഥാനത്ത് നദീതീരങ്ങൾ ഇടിഞ്ഞുതാഴുന്നതിനും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തടയാൻ കഴിയാത്തതിനും ഇടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കഴിഞ്ഞ കുറെ വർഷങ്ങളിൽ സംസ്ഥാനത്ത് വലിയതോതിലുള്ള മഴ ലഭിച്ചുവരികയാണ്. ആയത് സ്വാഭാവികമായും വൻതോതിലുള്ള

നാശനഷ്ടങ്ങൾക്ക് കാരണമാകുന്നുണ്ട്. നാശനഷ്ടങ്ങൾ തടയുന്നതിനായി പരമാവധി സംരക്ഷണപ്രവൃത്തികൾ വകുപ്പ് നടപ്പാക്കിവരികയാണ്.

(ബി) മങ്കട നിയോജകമണ്ഡലത്തിൽ കടലുണ്ടിപ്പുഴയുടെ തീരം ഇടിഞ്ഞുതാഴുന്നത് സംരക്ഷണഭിത്തി കെട്ടി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശവും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ കടലുണ്ടിപ്പുഴയുടെ തീരം ഇടിഞ്ഞുതാഴുന്നത് സംരക്ഷണഭിത്തി കെട്ടി തടയുന്നതിന് 4 പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. 5 പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മണ്ഡലത്തിലെ പടിഞ്ഞാറ്റുമുറി കീഴ്ത്തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപ്പുഴയോട് ചേർന്നുള്ള ഭാഗം ശക്തമായ മഴയിൽ ഇടിഞ്ഞുതാഴ്ന്നതിനാൽ ആയത് സംക്ഷിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി ഏതെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മങ്കട മണ്ഡലത്തിലെ പടിഞ്ഞാറ്റുമുറി കീഴ്ത്രക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപ്പുഴയോടുചേർന്നുള്ള ഭാഗം ശക്തമായ മഴയിൽ ഇടിഞ്ഞുതാഴ്ന്നതിനാൽ ആയത് സംരക്ഷിക്കുന്നതിനായി 58 ലക്ഷം രൂപ ചെലവ് കണക്കാക്കുന്ന 'Protecting the left bank of Kadalundi river near Keezhthrikkovil Temple at upstream of Anappara Checkdam in Koottilangadi Panchayath in Mankada LAC in Malappuram District.' എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയും കണക്കിലെടുത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

### മലപ്പുറം മണ്ഡലത്തിലെ കടലുണ്ടിപ്പുഴയുടെയും തോടുകളുടെയും സംരക്ഷണഭിത്തി നിർമ്മാണം

216(2973) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടിപ്പുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽനിന്നും 2021 മുതൽ എത്ര പ്രോപ്പോസലുകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഓരോ പ്രോപ്പോസലിനും തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ എത്ര എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; അവ ഏതെല്ലാമെന്നും അനുവദിച്ച തുകയും വിശദമാക്കാമോ; ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വിശദീകരിക്കാമോ?

(എ&ബി) മലപ്പുറം മണ്ഡലത്തിൽനിന്നും കടലുണ്ടിപ്പുഴയുടെ സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 3 പ്രൊപ്പോസലുകളും വിവിധ തോടുകളുടെ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 14 പ്രൊപ്പോസലുകളും ലഭിച്ചിട്ടുണ്ട്. ആയതിൽ ഭരണാനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. | Name of work | Amount | Status of work | Remark |
|---|---|---|---|---|
| 1. | മലപ്പുറം ജില്ലയിലെ കോഡൂർ പഞ്ചായത്തിലെ വടക്കേമണ്ണ-ചോലശ്ശേരിക്കടവിൽ കുളിക്കടവ് പുനരുദ്ധാരണ പ്രവൃത്തിയും ഡ്രെയിനേജ് നിർമ്മാണവും | 700000 | Agreement Executed | Work to be started |

(സി) പാണക്കാട് ആറുവെട്ടിക്കടവ്, മലപ്പുറം താമരക്കുഴി, ആനക്കയം-കൊട്ടൂർ കടവുകൾ എന്നിവിടങ്ങളിലെ അപകടാവസ്ഥയിലുള്ള

തീരങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കാനുള്ള പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുമോ?

പാണക്കാട് ആറുവെട്ടിക്കടവ്, മലപ്പുറം താമരക്കുഴി, ആനക്കയം-കൊട്ടൂർ കടവുകൾ എന്നിവിടങ്ങളിലെ അപകടാവസ്ഥയിലുള്ള തീരങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കാനുള്ള പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**എ.ഡി.ബി.-യുടെ സഹായത്തോടെ നടപ്പാക്കുന്ന തീരസംരക്ഷണ പദ്ധതി**

217(2974) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ തീരശോഷണവും കടലാക്രമണവും തടയാൻ തീരഘടനയ്ക്ക് അനുയോജ്യമായ രീതിയിൽ എ.ഡി.ബി.-യുടെ സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന തീരസംരക്ഷണ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

06-08-2021-ലെ സ.ഉ. (സാധാ) നം. 409/2021/ജവിവ പ്രകാരം സംസ്ഥാനത്തിനായുള്ള തീരസംരക്ഷണ പ്രവർത്തനങ്ങളുടെ രൂപകല്പനയിൽ ADB സൗജന്യമായി നൽകുന്ന സാങ്കേതിക സഹായത്തിനായി ഡോ. ജോസഫ് മാത്യു, ഇന്റർനാഷണൽ കോസ്റ്റൽ മാനേജ്മെന്റ് സ്പെഷ്യലിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് സർക്കാർ അനുമതി നൽകുകയും തുടർന്ന് "Kerala Sustainable Coastal Protection and Climate Resilience Planning പദ്ധതിയുടെ (PPRID-11669)" ഭാഗമായി ശ്രീ. ജോസഫ് മാത്യുവുമായി സഹകരിച്ച് ജലസേചന വകുപ്പ് പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് (Preliminary Project Report-PPR) തയ്യാറാക്കി, 04-02-2022-ന് 3500 കോടി രൂപയുടെ എസ്റ്റിമേറ്റ് ചെലവുള്ള ബാഹ്യസഹായത്തിനായി കേരള സർക്കാർ (ജലവിഭവ വകുപ്പുവഴി) PPR സാമ്പത്തികകാര്യ വകുപ്പിന് (DEA) സമർപ്പിച്ചിട്ടുണ്ട്. കടലാക്രമണം രൂക്ഷമായ കേരളത്തിലെ 10 തീരപ്രദേശങ്ങളിലെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളാണ് ADB-യുടെ സാമ്പത്തിക സഹായത്തോടെ ചെയ്യാനുദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

28-04-2022-ന് നടന്ന ജൽശക്തി മന്ത്രാലയത്തിലെ CWC-യുടെ വിദേശ സഹായ ഡയറക്ടറേറ്റിന്റെ എട്ടാമത് സ്ക്രീനിംഗ് കമ്മിറ്റി യോഗത്തിൽ കേരളം PPR അവതരിപ്പിച്ചു. PPR-നെക്കുറിച്ചുള്ള NITI ആയോഗിന്റെ അഭിപ്രായങ്ങൾ 12-07-2022-ന് ലഭിച്ചു, 28-11-2022-ന് കേരളം PPR NITI ആയോഗിന് സമർപ്പിക്കുകയും തുടർന്ന് NITI ആയോഗം DEA-യ്ക്ക് പ്രസ്തുത PPR ശിപാർശ ചെയ്തു. ജോയിന്റ് സെക്രട്ടറി (FB&ADB)-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സമർപ്പിച്ച PPR വിശദമായി ചർച്ച ചെയ്യുകയും പദ്ധതിയുമായി ബന്ധപ്പെട്ട ചില വ്യക്തതകൾ വരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ വിശദീകരണത്തിന് സർക്കാർ മറുപടി നൽകുകയും 30-01-2024-ന് നടന്ന 145-ാമത് സ്ക്രീനിംഗ് കമ്മിറ്റി യോഗത്തിൽ പ്രസ്തുത PPR ചർച്ചചെയ്യുകയും ചെയ്തു. ആയത് നിലവിൽ DEA-യുടെ പരിഗണനയിലാണ്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് ADB ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പാക്കാവുന്നതാണ്.

(സി) ഇതിനായി 29.90 ലക്ഷം രൂപ അനുവദിച്ച് അനുമതി നൽകിയിട്ടുള്ള ബാത്തിമെട്രിക് സർവെയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

"Conducting Total Station Survey and Bathymetric Survey for studying the feasibilty of construction of seawalls and groynes in Vypin island of Ernakulam districts" (29.90 lakhs) എന്ന പ്രവൃത്തിക്ക് IDEkm/2021/3593/IA dated 31-03-2022 പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകുകയും ടി പ്രവൃത്തി പൂർത്തീകരിക്കുകയും വൈപ്പിൻ തീരദേശമേഖലയിൽ കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിനായി Total സ്റ്റേഷൻ സർവെ, Bathymetric സർവെ റിപ്പോർട്ടുകൾ എന്നിവ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്തുകളിലെ തീരശോഷണവും കടലാക്രമണവും തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

മേൽപ്പറഞ്ഞ പഠന റിപ്പോർട്ടുകൾ ഡിസൈൻ ലഭ്യമാക്കുന്നതിനായി IDRB വിഭാഗത്തിന് നൽകുകയും വൈപ്പിൻ പ്രദേശത്തെ കടൽത്തീരം സംരക്ഷിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ഈ മേഖലയിൽ പ്രാവീണ്യമുള്ള CWPRS, NCCR, IIT ചെന്നൈ മുതലായ സ്ഥാപനങ്ങളിൽ ഏതെങ്കിലും മുഖാന്തരം മോഡൽ സ്റ്റഡി നടത്തി, ആയതിന്റെ റിപ്പോർട്ടുകൂടി ലഭ്യമാക്കിയാൽ മാത്രമേ കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ ഡിസൈൻ ആരംഭിക്കാൻ സാധിക്കുകയുള്ളൂവെന്ന് IDRB അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പഠന റിപ്പോർട്ടുകൾ മോഡൽ സ്റ്റഡി നടത്തുന്നതിനായി NCCR-ന് നൽകിയിട്ടുണ്ട്. ആയത് NCCR-ൽ പുരോഗമിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ കടലാക്രമണമുണ്ടാകുന്ന പ്രദേശങ്ങൾ**

218(2975) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ രൂക്ഷമായ കടലാക്രമണമുണ്ടാകുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്നും അവിടങ്ങളിൽ തീരദേശ

സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ?

കാസർഗോഡ് ജില്ലയിൽ രൂക്ഷമായ കടലാക്രമണമുണ്ടാകുന്ന പ്രദേശങ്ങൾ-മുസോഡി കടപ്പുറം, ശാരദാനഗർ, പെരിങ്ങടി, കോയിപ്പാടി, പെർവാഡ്, നാങ്കി, കൊപ്പളം, കാവുഗോളി, ചേരങ്കൈ, കസബ, കീഴൂർ, ജമ്മ കണ്ണി, കൊവ്വൽ, കൊപ്പൽ, കാപ്പിൽ, തൃക്കണ്ണാട്, അജന്നൂർ, തൈക്കടപ്പുറം, വലിയ പറമ്പ ഇവയാണ്. ഇവയിൽ വലിയ പറമ്പ ഒഴികെയുള്ള ശക്തമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ കരിങ്കൽ ഉപയോഗിച്ചുള്ള കടൽഭിത്തി മുൻകാലങ്ങളിൽ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം കാലാകാലങ്ങളായി തകർന്നുകൊണ്ടിരിക്കുകയാണ്. ചിലയിടങ്ങളിൽ രൂക്ഷമായ കടലാക്രമണം തടയുന്നതിനായി താൽക്കാലിക സംരക്ഷണഭിത്തി എന്ന നിലയിൽ ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലിക സംരക്ഷണ പ്രവൃത്തി ചെയ്തുവരുന്നുണ്ട്. ജില്ലയിലെ രൂക്ഷമായ കടലാക്രമണം കണക്കിലെടുത്ത് വലിയപറമ്പ കടൽത്തീരം ഹോട്ട് സ്പോട്ടായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലത്ത് കടൽത്തീര

സംരക്ഷണത്തിന് ഏത് മാർഗം അവലംബിക്കണമെന്നതുസംബന്ധിച്ച് NCCR മുഖേന പഠനം നടത്തിവരുന്നു. കൂടാതെ തൃക്കണ്ണാട് കടപ്പുറം NCCR സന്ദർശിക്കുകയും പഠനവിധേയമാക്കുകയും ചെയ്തിട്ടുണ്ട്. NCCR-ൽനിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം**

219(2976) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി അനുവദിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് ശാന്തിനഗറിൽ "Natural Calamity-Urgent Restoration works to coastal line

using corewall starts from 40m south of CP 1842 towards north at Santhinagar in Division No. 72 of Kozhikode Corporation" എന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ അംഗീകരിച്ചതിനുപുറമേ പുതുതായി ശിപാർശകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2024-25 വർഷത്തെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ അനുബന്ധമായി ചേർക്കുന്നു.+

കൂടാതെ കോഴിക്കോട് ഭട്ട് റോഡ് ബീച്ചിൽ പുലിമുട്ടുകളുടെ ശ്രേണി നിർമ്മിക്കുന്നതിനായി 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് IIT ചെന്നൈ മുഖാന്തരം രൂപകല്പനാ പഠനം പൂർത്തിയാക്കി, പ്രസ്തുത രൂപകല്പനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 700 ലക്ഷം രൂപയുടെ പുതുക്കിയ ഡി.പി.ആർ. NABARD-ൽ ഉൾപ്പെടുത്തി, പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

\+ .നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**അമ്പലപ്പുഴ മണ്ഡലത്തിൽ കടലാക്രമണം തടയുന്നതിനുള്ള നടപടികൾ**

220(2977) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ പുന്നപ്ര മുതൽ ആലപ്പുഴവരെയും പുന്തല മുതൽ മാത്തേരിവരെയുള്ള പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം ഈ ഭാഗത്ത് സ്ഥിരമായി പുലിമുട്ട് നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി) കടലാക്രമണം രൂക്ഷമായ പുന്തല മുതൽ മാത്തേരിവരെയും പുന്നപ്ര മുതൽ ആലപ്പുഴ ബീച്ചുവരെയുള്ള ഭാഗങ്ങളിൽ ബാത്തിമെട്രിക് പഠനം നടത്തുകയും ആയതിന്റെ വിശദാംശങ്ങൾ സഹിതം നിർമ്മിതി ഡിസൈൻ ചെയ്ത് തരുന്നതിനുവേണ്ടി ചെന്നൈ ഐ.ഐ.ടി.-ക്ക് സമർപ്പിച്ചിരിക്കുകയാണ്. ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് DPR തയ്യാറാക്കി നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മഞ്ചേശ്വരം മണ്ഡലം ഹൊസബെട്ടു കടൽഭിത്തി നിർമ്മാണ പ്രവൃത്തി**

221(2978) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ 20% തുക വകയിരുത്തിയ മഞ്ചേശ്വരം മണ്ഡലത്തിലെ ഹൊസബെട്ടു കടൽഭിത്തി നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ?

ബജറ്റിൽ 20% തുക വകയിരുത്തിയ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മണ്ഡലത്തിലെ ഹൊസബെട്ടു കടൽഭിത്തി നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി എപ്പോൾ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ?

(ബി&സി) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഹൊസബെട്ടു കടൽപ്പുറത്ത് കടൽഭിത്തി നിർമ്മാണത്തിന് 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ (Vol-II, ക്രമ നമ്പർ 533-ൽ) 200 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി 40 ലക്ഷം രൂപ (20% പ്രൊവിഷൻ) വകയിരുത്തിയിട്ടുണ്ട്. Construction of sea wall for a length of 220 m at Hosabettu Kadappuram of Manjeswaram Constituency in Kasaragod District എന്ന 2 കോടി രൂപയുടെള്ള പ്രവൃത്തിയുടെ വിശദമായ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**അഴീക്കൽ കടൽഭിത്തി നിർമ്മാണം**

222(2979) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലപ്പെട്ടി കാപ്പിരിക്കാട് മുതൽ പൊന്നാനി അഴീക്കൽവരെ നിലവിൽ എത്ര കിലോമീറ്ററാണ് സുരക്ഷിതമായ കടൽഭിത്തിയുള്ളത്?

പാലപ്പെട്ടി കാപ്പിരിക്കാട് മുതൽ പൊന്നാനി അഴീക്കൽവരെയുള്ള കടൽത്തീരത്തിൽ ഏകദേശം 1 കിലോമീറ്റർ ഭാഗത്തുമാത്രമേ കടൽഭിത്തി പൂർണ്ണമായ രീതിയിൽ നിലനിൽക്കുന്നുള്ളൂ.

(ബി) പ്രസ്തുത ഭാഗത്ത് നിലവിൽ കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

കാപ്പിരിക്കാട്, പാലപ്പെട്ടി, അജ്മീർ നഗർ, തണ്ണിത്തുറ, ഫിഷറീസ് ഹാച്ചറിക്കുസമീപം, ബീവിജാറത്തിനുസമീപം, പുതുപൊന്നാനി, പൊന്നാനി പോലീസ് സ്റ്റേഷനുപടിഞ്ഞാറ്, മുറിഞ്ഞഴി, തെക്കെക്കടവ്, മരക്കടവിനുവടക്കുഭാഗം, മൈലാഞ്ചിക്കാട്, ഹിളർ പള്ളിക്കുസമീപം,

എം.ഇ.എസ്. കോളേജിനുപിൻവശം, ലൈറ്റ് ഹൗസിനുസമീപം, അഴീക്കൽ എന്നിവിടങ്ങളിൽ കടൽഭിത്തി പൂർണ്ണമായി തകർന്നിട്ടുണ്ട്.

(സി) 2021 മുതൽ 2024 വരെയുള്ള കാലയളവിൽ പ്രസ്തുത ഭാഗത്ത് കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്ന പ്രവൃത്തികളുടെ വിവരങ്ങളും അനുവദിക്കപ്പെട്ടതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങളും ലഭ്യമാക്കാമോ?

2021 മുതൽ 2024 വരെയുള്ള കാലയളവിൽ പ്രസ്തുത ഭാഗത്ത് നടത്തിയ പ്രവൃത്തികളുടെ വിവരങ്ങളും അനുവദിക്കപ്പെട്ടതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ഡി) ചെല്ലാനം മാതൃകയിൽ പൊന്നാനിയിൽ കടൽഭിത്തി നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

ഏറ്റവും രൂക്ഷമായ കടലാക്രമണം നേരിടുന്നതായി കണ്ടെത്തിയ പ്രദേശമാണ് മലപ്പുറം ജില്ലയിലെ പൊന്നാനി. ഈ പ്രദേശത്ത് തീരസംരക്ഷണത്തിനും കടലാക്രമണ പ്രതിരോധത്തിനുമായി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി നിർമ്മിക്കാനുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയാണ് നിലവിലുള്ളത്. ആയതിനാവശ്യമായ സർവെ റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ രൂപകല്പന പുരോഗമിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് വെറ്റിംഗിനായി National Centre for Coastal Research (NCCR)-ന് സമർപ്പിക്കാവുന്നതാണ്.

**തവനൂർ മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം**

223(2980) ഡോ. കെ. ടി. ജലീൽ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ തീരപ്രദേശമായ കൂട്ടായി, ആശാൻപടി തുടങ്ങിയ സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ നടപടി ഏതുവരെയായെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ കൂട്ടായി സുൽത്താൻ ബീച്ചിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി Construction of seawall at Sulthan beach for a length of 200 m from CP 1585 towards North in Mangalam Grama

Panchayath എന്ന പ്രവൃത്തിയുടെ 169 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്.

ആശാൻപടിയിൽ CP 1595-ൽനിന്ന് വടക്കോട്ട് 500 മീറ്റർ നീളത്തിലുള്ള ബീച്ചിൽ സാധാരണ സമയങ്ങളിൽ കരയിൽനിന്ന് വളരെ അകലെയായിട്ടാണ് കടൽ സ്ഥിതി ചെയ്യുന്നത്. ന്യൂനമർദം, കാലവർഷം തുടങ്ങിയ സമയങ്ങളിലാണ് കടൽ കരയിലേയ്ക്ക് കയറാറുള്ളത്. സൈറ്റ് പരിശോധനാവേളകളിൽ സമ്മിശ്ര പ്രതികരണമാണ് സമീപവാസികളിൽനിന്ന് ലഭിക്കാറുള്ളത്. ഭൂരിഭാഗംപേർക്കും കടൽഭിത്തി നിർമ്മാണം ആവശ്യമില്ലെന്ന അഭിപ്രായമാണുള്ളത്. Coastal Field Studies വിഭാഗത്തിന്റെ സ്ഥലപരിശോധനയ്ക്കുശേഷം പ്രസ്തുത സൈറ്റിൽ കടൽഭിത്തി നിർമ്മാണത്തിന്റെ ആവശ്യകത ബോധ്യമാകുന്നപക്ഷം Coastal Field Studies-ന്റെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ നിലവിൽ കടൽഭിത്തി തകർന്നതിനാൽ അറ്റകുറ്റപ്പണി നടത്തേണ്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രസ്തുത ഭാഗങ്ങളിൽ മിക്കയിടങ്ങളിലും കടൽഭിത്തിയില്ല. ക്ലട്ടായി ഭാഗത്തുള്ള CP 1583 മുതൽ CP 1585 വരെയുള്ള ഭാഗങ്ങളിൽ നിലവിലുള്ള കടൽഭിത്തി പുനർനിർമ്മിക്കേണ്ട തരത്തിലുള്ള കേടുപാടുകളില്ല.

**തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകൾ**

224(2981) ശ്രീ. എച്ച്. സലാം: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കാർഷിക മേഖലയുടെ സംരക്ഷണത്തിന് പ്രധാന പങ്കുവഹിക്കുന്ന തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ കാലഹരണപ്പെട്ടതിനാൽ പല ഷട്ടറുകളും ഉയർത്താൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തോട്ടപ്പള്ളി സ്പിൽവേയിൽ നിലവിൽ Stainless steel ഷട്ടറുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇന്ത്യൻ സ്റ്റാൻഡേർഡുപ്രകാരം ഇതിന്റെ ലൈഫ് സ്പാൻ ഏകദേശം 35-40 വർഷം വരെയാണ്. നിലവിലെ Stainless steel ഷട്ടറുകൾ 2016-ലാണ് സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽത്തന്നെ ഷട്ടറുകളൊന്നുംതന്നെ കാലഹരണപ്പെട്ടവയല്ല. തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകളുടെ പഴക്കംചെന്ന

വയർറോപ്പ് മാറ്റി പുതിയവ സ്ഥാപിച്ച് ഷട്ടറുകൾ ഓപ്പറേഷൻ കണ്ടീഷനിലാക്കിയിട്ടുണ്ട്.

(ബി) തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേ ഷട്ടറുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇന്ത്യൻ സ്റ്റാൻഡേർഡുപ്രകാരം 35-40 വർഷം ലൈഫ് സ്പാൻ നിഷ്കർഷിക്കുന്ന Stainless steel ഷട്ടറുകളാണ് തോട്ടപ്പള്ളി സ്പിൽവേയിലെ 40 എണ്ണവും. പ്രസ്തുത ഷട്ടറുകൾ സ്ഥാപിച്ചിട്ട് 8 വർഷം മാത്രമേ ആയിട്ടുള്ളൂ. നിലവിൽ ഷട്ടറുകൾക്ക് അപചയമുണ്ടായിട്ടില്ലാത്തതിനാൽ പുതിയ ഷട്ടറുകൾ സ്ഥാപിക്കേണ്ട സാഹചര്യം നിലനിൽക്കുന്നില്ല.

**ഹരിപ്പാട് മണ്ഡലത്തിലെ വെള്ളക്കെട്ടിനുള്ള പരിഹാരം**

225(2982) ശ്രീ രമേശ് ചെന്നിത്തല: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ മുതൽ കായംകുളംവരെയുള്ള ദേശീയപാതാ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന

സാഹചര്യത്തിൽ എൻ.എച്ച്. 66-ന്റെ കിഴക്കുവശത്തുനിന്ന് പടിഞ്ഞാറേയ്ക്കുള്ള പ്രദേശം വഴി ഒഴുകിയെത്തുന്ന മഴവെള്ളവും കിഴക്കൻ മലയോരമേഖലയിൽനിന്ന് അച്ചൻകോവിലാറും പമ്പയാറും വഴി ഒഴുകിയെത്തുന്ന കിഴക്കൻമലവെള്ളവും കാരണം കായംകുളം കായലിലേയ്ക്കുള്ള ഇടത്തോടുകളെല്ലാം തടസ്സപ്പെട്ട് രൂക്ഷമായ വെള്ളപ്പൊക്കത്തിലേയ്ക്ക് നയിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ദേശീയപാതാ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഹരിപ്പാട് മണ്ഡലത്തിലെ വിവിധ തോടുകളിലെ നീരൊഴുക്ക് തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പ്രതിസന്ധിക്കും വെള്ളപ്പൊക്കത്തിനും പരിഹാരം കാണുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കുമോ?

പ്രസ്തുത പ്രതിസന്ധിക്കും വെള്ളപ്പൊക്കത്തിനും പരിഹാരം കാണുന്നതിനായി ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ കരുവാറ്റ പഞ്ചായത്തിലെ ഇടത്തോടായ കൊച്ചാലപ്പുഴ തോടിന്റെ ചെളി നീക്കംചെയ്യുന്ന പ്രവൃത്തിക്ക് 2023-24 ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തി 97

ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുവരുന്നു. കൂടാതെ 2023-24 ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തി 5 പ്രവൃത്തികൾക്കായി 499 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ ഒരു പ്രവൃത്തി പുരോഗമിച്ചുവരുന്നു. 4 പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**മണ്ണിലിടംകടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം**

226(2983) ശ്രീ. പി. ടി. എ. റഹീം: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മണ്ണിലിടംകടവ് റെഗുലേറ്റർ-കം -ബ്രിഡ്ജ് നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന് കണക്കാക്കിയ ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രദേശത്തെ കാർഷികരംഗത്ത് അഭിവൃദ്ധി സൃഷ്ടിക്കുന്നതിനും കുടിവെള്ളപ്രശ്നത്തിന്റെ പരിഹാരത്തിനും സഹായകമാകുന്ന പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തിലെ മണ്ണിലിടം കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ഐ.ഡി.ആർ.ബി.-യുടെ ഡിസൈന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 39 കോടി രൂപയുടെ ഡി.പി.ആർ. 15-02-2022-ൽ സർക്കാരിൽ ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത ഡി.പി.ആർ. പുതുക്കി സമർപ്പിക്കാൻ സർക്കാരിൽനിന്നും നിർദേശം നൽകിയിരിക്കുകയാണ്.

### കട്ടിലമൂഴി വി.സി.ബി.-യുടെ പ്രവൃത്തി

227(2984) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കട്ടിലമൂഴി വി.സി.ബി. നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; ടി പ്രവൃത്തി എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏതൊക്കെ ഘടകങ്ങളാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും വിശദമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കട്ടിലമൂഴി വി.സി.ബി.-യുടെ പുനർനിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 14-03-2025 വരെയാണ്. മേൽപ്രവൃത്തിയുടെ 90% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കാലാവസ്ഥ അനുകൂലമാണെങ്കിൽ 2024 ജൂലൈ 31-ന് മുമ്പായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പഴയ വി.സി.ബി. പൊളിച്ച് പുതിയ വി.സി.ബി. നിർമ്മാണം (കോൺക്രീറ്റ് നിർമ്മിതി), എഫ്.ആർ.പി. ഷട്ടറും തോടിന്റെ ഇരുകരകളിലുമായി 80 മീ. നീളത്തിലും 2.50 മീ. ഉയരത്തിലും കരിങ്കൽ ഭിത്തി നിർമ്മാണം, 10 മീ. കോൺക്രീറ്റ് ഭിത്തി നിർമ്മാണം മുതലായ പ്രവൃത്തികളാണ് ഈ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**പെരുംചേരികടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്**

228(2985) ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുംചേരികടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തി പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ ഹൈക്കോടതിയിൽ നൽകിയ കേസിന്മേലുള്ള വിധി എന്താണെന്നും അതനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) തടസ്സങ്ങൾ നീക്കി പ്രസ്തുത പ്രവൃത്തി എപ്പോൾ പുനരാംരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) പെരിഞ്ചേരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി നടപ്പാക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. ടെൻഡർ നടപടികൾ പൂർത്തിയാക്കി പദ്ധതിയുടെ കരാർ 07-09-2020-ന് നടപ്പാക്കി. തുടർന്ന് പദ്ധതിപ്രവൃത്തികൾ പുരോഗമിക്കുകയും കരാറുകാരൻ പദ്ധതിയുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയെ സമീപിച്ചു. പ്രസ്തുത കേസിന്റെ വിധിക്കെതിരെ കോടതിയിൽ വീണ്ടും ഹർജി (W.A. No. 481 of 2023) സമർപ്പിച്ചു. കരാറുകാരൻ കോടതിയിൽ സമർപ്പിച്ച പ്രസ്തുത ഹർജിയുടെ അന്തിമവിധി 05-01-2024-ന് ലഭിക്കുകയും ആയതുപ്രകാരം കെ.ഐ.ഐ.ഡി.സി. രണ്ട്

മാസത്തിനുള്ളിൽ കരാറുകാരന് ഒന്നാമത്തെയും രണ്ടാമത്തെയും പാർട്ട് ബില്ലിലെ ബാലൻസ് തുക നൽകണമെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ കിഫ്ബിയോട് കരാറുകാരന്റെ ബിൽ തുക അനുവദിച്ച് നൽകാൻ സർക്കാർ നിർദേശം നൽകുകയും കിഫ്ബി ആയത് അംഗീകരിച്ചിട്ടുമുണ്ട്. കൂടാതെ സർക്കാരിന്റെ നിർദേശപ്രകാരം ഡിവിഷൻ ബെഞ്ച് മുമ്പാകെ കോടതിവിധിക്കെതിരെ പുനഃപരിശോധനാ ഹർജി സമർപ്പിച്ചു. ഇതിന്മേൽ 01-04-2024-ലെ ബഹു.ഹൈക്കോടതി ഉത്തരവുപ്രകാരം ചീഫ് സെക്രട്ടറി ഇടപെട്ട് എത്രയുംവേഗം പ്രശ്നം പരിഹരിക്കാൻ നിർദേശം ലഭിച്ചിരുന്നു.

തുടർന്ന് ചീഫ് സെക്രട്ടറി 17-04-2024-ന് യോഗം ചേരുകയും ഒന്നാമത്തെയുംരണ്ടാമത്തെയും ബാലൻസ് ബില്ലും ബാക്കിയുള്ള പദ്ധതി പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബിക്ക് അംഗീകാരത്തിനായി സമർപ്പിക്കാൻ നിർദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബില്ലുകൾ സൂക്ഷ്മപരിശോധനയ്ക്കുശേഷം കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി

ബിൽ തുക കരാറുകാരന് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ രൂപരേഖയും റിവൈസ്ഡ് എസ്റ്റിമേറ്റും പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.-യിൽ സമർപ്പിക്കുകയും എൻ.ഐ.ടി. പദ്ധതിപ്രദേശം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് എൻ.ഐ.ടി.-യിൽനിന്ന് പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചാൽ ഉടൻതന്നെ ആയത് കിഫ്ബിയിൽ സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**തവനൂർ മണ്ഡലത്തിലെ കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ തൂണുകൾക്ക് ബലക്ഷയം**

229(2986) ഡോ. കെ. ടി. ജലീൽ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ തൂണുകൾക്ക് ബലക്ഷയം സംഭവിച്ചതിനാൽ മാസങ്ങളായി വലിയ വാഹനങ്ങളുടെ ഗതാഗതം നിരോധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൂട്ടായി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പിയറുകൾക്ക് സെറ്റിൽമെന്റും ബീമുകൾക്ക് വിള്ളലും സംഭവിച്ചതിനാൽ അമിതഭാരം കയറ്റിയ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നിട്ടുണ്ട്.

(ബി) പ്രസ്തുത ഇതുണകളുടെ ബലക്ഷയംമൂലം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ പടിഞ്ഞാറേക്കര ബീച്ചിലേയ്ക്കും നായർതോട് പാലത്തിന്റെ പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തേയ്ക്കും വലിയ വാഹനങ്ങൾക്ക് പോകാൻ കഴിയാത്തതുമൂലം പ്രവൃത്തികൾ മന്ദഗതിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാലത്തിന്റെ നിലവിൽ കണ്ടെത്തിയ കേടുപാടുകൾ കൂടുതൽ രൂക്ഷമായി ചെറുവാഹനങ്ങൾപോലും കടന്നുപോകാത്ത സാഹചര്യമുണ്ടാകാതിരിക്കാനും ജനങ്ങളുടെ സുരക്ഷയ്ക്കായുമാണ് ഇത്തരത്തിൽ വലിയ വാഹനങ്ങളുടെ ഗതാഗതം നിയന്ത്രിക്കേണ്ടിവന്നത്. അരിക്കാഞ്ചിറ പാലംവഴി വലിയ വാഹനങ്ങൾക്ക് നിലവിൽ പടിഞ്ഞാറേക്കരയിലേയ്ക്കും നായർതോട് ഭാഗത്തേയ്ക്കും പോകുന്നതിനുള്ള സൗകര്യമുണ്ട്.

(സി) പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കൂട്ടായി റെഗുലേറ്റർ -കം-ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണപ്രവൃത്തികൾക്കും 25-06-2021-ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത പ്രവൃത്തി കാലാവധി രണ്ടുതവണ ഫൈനോടുകൂടി ദീർഘിപ്പിച്ച് 26-10-2022-നാണ് ആരംഭിച്ചത്. പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കെ പുഴയ്ക്ക് ആഴക്കൂടുതലും സ്ട്രക്ച്ചറിന് കേടുപാടുകളും കണ്ടെത്തിയതിനാൽ പ്രവൃത്തി നിർത്തിവയ്ക്കുകയും ചീഫ് എഞ്ചിനീയർ, IDRB-യുടെ നേതൃത്വത്തിൽ സ്ട്രക്ച്ചറിന്റെ കേടുപാടുകൾ വിശദമായി മനസ്സിലാക്കി പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിനുമായി പര്യവേക്ഷണപ്രവൃത്തി KERI മുഖേന നടത്തുന്നതിന് 21-12-2022-ന് തിരുവനന്തപുരത്ത് ബഹു. ജലവിഭവ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. പ്രസ്തുത പഠനപ്രവൃത്തിയുടെ റിപ്പോർട്ട് ലഭ്യമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനിടെ, പാലത്തിന്റെ

പിയറുകൾക്ക് സെറ്റിൽമെന്റും ബീമുകൾക്ക് വിള്ളലും കണ്ടെത്തി. തുടർന്ന് 29-11-2023-ന് ഈ കാര്യാലയത്തിൽ ചേർന്ന യോഗതീരുമാനപ്രകാരം പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരമാർഗങ്ങൾ കാണുന്നതിന് ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഏറ്റെടുക്കുന്നതോടെ ആർ.സി.ബി.-യുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണ്.

**ഇറിഗേഷൻ വകുപ്പിലെ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികകൾ**

230(2987) <u>ശ്രീ. റോജി എം. ജോൺ</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഇറിഗേഷൻ വകുപ്പിൽ അനുവദനീയമായിട്ടുള്ള ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികകൾ എത്രയെണ്ണമുണ്ട്; പ്രസ്തുത ജില്ലയിൽ ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിൽ ഇറിഗേഷൻ വകുപ്പിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികകൾ ഒന്നുംതന്നെയില്ല.

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ ദിവസ വേതനാടിസ്ഥാനത്തിലോ കരാറടിസ്ഥാനത്തിലോ വർക്കിംഗ് അറേഞ്ച്മെന്റിലോ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ ദിവസ വേതനാടിസ്ഥാനത്തിലോ കരാറടിസ്ഥാനത്തിലോ വർക്കിംഗ് അറേഞ്ച്മെന്റിലോ ഇറിഗേഷൻ വകുപ്പിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

**പത്തനംതിട്ട ജില്ല - ജലസേചന വകുപ്പിലെ ടൈപ്പിസ്റ്റ് ഒഴിവുകൾ**

231(2988) <u>ശ്രീ മാത്യു ടി. തോമസ്</u>: സർ, താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ട ജില്ലയിലെ ജലസേചന വകുപ്പ് ഓഫീസുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പത്തനംതിട്ട ജില്ലയിൽ നിലവിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവുകൾ ഒന്നുംതന്നെയില്ല.

**പിറവം മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

232(2990) ശ്രീ. അനൂപ് ജേക്കബ്: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളതും നടപ്പാക്കി വരുന്നതുമായ മൈനർ/മേജർ ഇറിഗേഷൻ പദ്ധതികളും അവയ്ക്ക് അനുവദിച്ചിരിക്കുന്ന തുകയും വെളിപ്പെടുത്തുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കനാലുകളിലൂടെയുള്ള ജലസേചനം നടക്കുന്നതിനാലും പ്രവൃത്തി നടത്തേണ്ട സ്ഥലങ്ങളിലേയ്ക്ക് നിർമ്മാണസാമഗ്രികൾ എത്തിക്കുന്നതിനുള്ള ഗതാഗത സൗകര്യക്കുറവ് മുതലായ കാരണങ്ങളാലും ചില പ്രവൃത്തികളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിട്ടിട്ടുണ്ട്. ആയവ പരിഹരിച്ച് സമയബന്ധിതമായി പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഹരിപ്പാട് മണ്ഡലത്തിലെ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ**

233(2991) <u>ശ്രീ രമേശ് ചെന്നിത്തല</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ്, കിഫ്ബി എന്നിവ മുഖേന നടപ്പാക്കുന്ന വിവിധ കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ നിർവഹണ പുരോഗതി അറിയിക്കാമോ?

ആറാട്ടുപുഴ പഞ്ചായത്തിൽ വലിയഴീക്കൽ, ആറാട്ടുപുഴ ജംഗ്ഷൻ (രണ്ടു പ്രവൃത്തികൾ) എന്നിവിടങ്ങളിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ ജിയോബാഗ് ഉപയോഗിച്ചുള്ള 4 കടലാക്രമണ പ്രതിരോധപ്രവൃത്തികൾ

ടെൻഡർ നടപടികളിലാണ്. പ്രസ്തുത പ്രവർത്തനങ്ങളുടെ നിർവഹണ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി വട്ടച്ചാൽ, പതിയങ്കര, ആറാട്ടുപുഴ, നെല്ലാനിക്കൽ എന്നീ പ്രദേശങ്ങളിലായി 87.66 കോടി രൂപയുടെ പുലിമുട്ടുകളുടെ പ്രവൃത്തികളാണ് നിലവിൽ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പാക്കി വരുന്നത്. പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥലം | നീളം (കി.മി) | ഭരണാനുമതി തുക | പുലിമുട്ടുകളുടെ എണ്ണം | പൂർണ്ണമായും പൂർത്തീകരിച്ചവ | പുരോഗമിച്ചു വരുന്നവ |
|---|---|---|---|---|---|
| പതിയങ്കര | 1.50 | ₹ 21.635 കോടി | 13 | 8 | 5 |
| ആറാട്ടുപുഴ | 1.20 | ₹ 28.519 കോടി | 21 | 17 | 4 |
| വട്ടച്ചാൽ | 1.80 | ₹ 30.670 കോടി | 16 | 12 | 4 |
| നെല്ലാനിക്കൽ | 0.50 | ₹ 6.845 കോടി | 3 (പുതുക്കിയ എസ്റ്റിമേറ്റ് -4) | 0 | 0 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൗതിക പുരോഗതി: പതിയാങ്കര - 94% പൂർത്തീകരിച്ചു; ആറാട്ടുപുഴ - 90% പൂർത്തീകരിച്ചു; വട്ടച്ചാൽ - 93% പൂർത്തീകരിച്ചു. ആലപ്പുഴ രണ്ടാംഘട്ട പദ്ധതിയിൽ നെല്ലാനിക്കൽ ഭാഗത്ത് 473 മീറ്റർ നീളത്തിൽ 3 പുലിമുട്ടുകളാണ് ഉൾപ്പെടുന്നത്. ഐ.ഐ.ടി.-യെക്കൊണ്ട് പഠനം നടത്തി, അവർ നൽകിയ ഡിസൈൻ അനുസരിച്ച് ടി പ്രവൃത്തി ടെൻഡർ ചെയുകയും കരാർ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ടെട്രാപോഡ് കാസ്റ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്.

പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പായി നടത്തിയ ബാത്തിമെട്രി പരിശോധനയിൽ ആഴത്തിൽ വ്യതിയാനം കണ്ടെത്തിയതിനാൽ കിഫ്ബിയുടെ നിർദേശാനുസരണം വീണ്ടും ഐ.ഐ.ടി.-യെക്കൊണ്ട് പഠനം നടത്തുകയും പുതിയ ഡിസൈൻ ആവശ്യപ്പെടുകയുമുണ്ടായി. പുതിയ ഡിസൈൻ അനുസരിച്ച് നെല്ലാനിക്കൽ ഭാഗത്ത് 4 പുലിമുട്ടുകൾ ഉൾപ്പെടുന്ന പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

(ബി) ആറാട്ടുപ്പുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്നത്; ഈ പ്രദേശങ്ങളിൽ കടലാക്രമണ ഭീഷണി നേരിടുന്നതിനായി ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി&സി) തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പ്രണവം ജംഗ്ഷൻ, കോട്ടേമുറി, ചേലക്കാട്, പള്ളിപ്പാട്ടുമുറി, പാനൂർ, കുമാരപുരം, വലിയഴീക്കൽ, തറയിൽക്കടവ്, പെരുമ്പള്ളി, ആറാട്ടുപുഴ ജംഗ്ഷൻ മുതൽ മംഗലം വരെയുള്ള ഭാഗങ്ങളിലാണ് രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്നത്. ഈ പ്രദേശങ്ങളിൽ കടലാക്രമണ ഭീഷണി അടിയന്തരമായി നേരിടുന്നതിനായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

പ്രവൃത്തിയുടെ ആവശ്യകതയും മുൻഗണനയും പരിഗണിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി നൽകി നടപ്പാക്കാവുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

234(2992) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2024 വരെ മൈനർ/മേജർ ഇറിഗേഷൻ വകുപ്പുകൾ മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചിട്ടുള്ളവയുടേയും നിലവിൽ നടന്നുകൊണ്ടിരിക്കുന്നവയുടേയും വിശദാംശം നൽകാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. +

**കോട്ടക്കൽ മണ്ഡലത്തിലെ ഹരിത കേരളം പദ്ധതി**

235(2993) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് കോട്ടക്കൽ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ഹരിത കേരളം പദ്ധതിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് കോട്ടക്കൽ മണ്ഡലത്തിൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇതിൽ ഭരണാനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ; ശേഷിക്കുന്ന പ്രവൃത്തികൾക്ക് എത്രയുംവേഗം ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഭരണാനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾക്ക് വിധേയമായി ഭരണാനുമതി നൽകാവുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2024-25 വർഷം കോട്ടക്കൽ മണ്ഡലത്തിൽനിന്നും ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

2024-25 വർഷം കോട്ടക്കൽ മണ്ഡലത്തിൽനിന്നും ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ജലസേചന പദ്ധതികളുടെ സുഗമമായ നടത്തിപ്പ്**

236(2994) ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി രൂപീകരിച്ചിട്ടുള്ള ഉപദേശക സമിതിയിൽ ഉൾപ്പെടുത്തിയിരുന്ന ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാരെ ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രോജക്ട് ഏരിയയിലെ ഏറ്റവും കൂടുതൽ ആയക്കെട്ടുകൾ വരുന്ന 2 പഞ്ചായത്ത് പ്രസിഡന്റുമാരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പദ്ധതിപ്രദേശങ്ങൾ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാരെ ഉപദേശക സമിതികളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന്റെ ഉപദേശക സമിതിയിൽ പദ്ധതിപ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) 15-02-2021-ലെ സ.ഉ.(കൈ) നമ്പർ 11/2021/ജവിവ പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുള്ള പദ്ധതി ഉപദേശക കമ്മിറ്റിയിൽ അതത് പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട രണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരെ അംഗങ്ങളായും കനാൽ കമ്മിറ്റിയിൽ ഓരോ പഞ്ചായത്ത് പ്രസിഡന്റുമാരെ പ്രത്യേക ക്ഷണിതാക്കളായും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ആലുവ മണ്ഡലത്തിലെ വെള്ളരപ്പിള്ളി ചാലിന്റെ പുനരുദ്ധാരണം**

237(2995) ശ്രീ. അൻവർ സാദത്ത്: സർ, താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ തരിശ്ശുകിടക്കുന്ന നൂറ്റിപ്പാടം-വെള്ളാരപ്പിള്ളിപുഞ്ച എന്നീ പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന്റെ ഭാഗമായി വെള്ളരപ്പിള്ളി ചാലിന്റെ പുനരുദ്ധാരണത്തിനായും തോടുകളുടെ നിർമ്മാണത്തിനായും കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷപ്രകാരമുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ നൂറ്റിപ്പാടം വെള്ളാരപ്പിള്ളി പുഞ്ചയുടെ പുനരുദ്ധാരണത്തിനായി 103 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ**

238(2996) <u>ശ്രീ. ജോബ് മൈക്കിൾ:</u> സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കല്യാശേരി മണ്ഡലത്തിലെ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണം**

239(2997) ശ്രീ. എം. വിജിൻ: സർ, താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്യാശേരി മണ്ഡലത്തിൽ 2022-23 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളുടെ നിർമ്മാണപുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കണ്ണൂർ ജില്ലയിലെ കല്യാശേരി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ഡലത്തിലെ 10 ഗ്രാമപഞ്ചായത്തുകളിലെ (കല്യാശേരി, കണ്ണപുരം, ചെറുകുന്ന്, മാട്ടൂൽ, മാടായി, ചെറുതാഴം, കുഞ്ഞിമംഗലം, കടന്നപ്പള്ളി-പാണപ്പുഴ, ഏഴോം, പട്ടുവം) ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ജലസേചന വകുപ്പ് മുഖേനയുള്ള ടൂറിസം പദ്ധതികൾ**

240(2998) ഡോ. കെ. ടി. ജലീൽ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസേചന വകുപ്പ് മുഖേന ടൂറിസം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) തവനൂർ മണ്ഡലത്തിലെ ചമ്രവട്ടം പ്രോജക്ടിനോടനുബന്ധിച്ച് ഇത്തരത്തിലുള്ള പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തവനൂർ മണ്ഡലത്തിലെ ചമ്രവട്ടം പ്രോജക്ടിനോടനുബന്ധിച്ച് വലതുകരയിൽ ലഭ്യമായ സ്ഥലം മലപ്പുറം ഡി.ടി.പി.സി.-ക്ക് ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി ഉപയോഗാനുമതി നൽകി കൈമാറിയിട്ടുണ്ട്.

**കുഴൽ കിണർ നിർമ്മാണത്തിൽ നിയന്ത്രണം**

241(2999) ഡോ. എം. കെ. മുനീർ
ശ്രീ. പി. കെ. ബഷീർ
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. പി. ഉബൈദുള്ള: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലവിതാനം കുറയാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിലെ ജലസ്രോതസ്സുകൾ പൂർണ്ണമായും മഴയെ അടിസ്ഥാനപ്പെടുത്തിയാണ് നിലകൊള്ളുന്നത്. കേരളത്തിൽ ലഭ്യമാകുന്ന വാർഷിക ശരാശരി മഴയിൽ കാര്യമായ വ്യത്യാസം കാണുന്നില്ലെങ്കിലും മഴ ദിനങ്ങളുടെ ഇടവേളകൾ കുറയുന്നതും അതിതീവ്ര മഴയുണ്ടാകുന്നതും കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യക്ഷ ലക്ഷണങ്ങളാണ്. കേരളത്തിന്റെ

സ്വാഭാവികമായ ഭൂപ്രകൃതി, അതിതീവ്ര മഴ തുടങ്ങിയ ഘടകങ്ങൾ സ്വാഭാവിക ഭൂജല സംപോഷണത്തിന് വിഘാതം സൃഷ്ടിക്കുന്നു. കൂടാതെ വേനൽക്കാലത്ത് ചൂട് കൂടുകയും അന്തരീക്ഷതാപം വർധിക്കുകയും ചെയ്യുന്നതുമൂലം കിണറുകളും കുളങ്ങളും വറ്റുന്ന അവസ്ഥ, സ്വാഭാവിക ഭൂജല സംപോഷണത്തിലുള്ള കുറവ് തുടങ്ങിയ കാരണങ്ങൾമൂലം ഭൂജല ഉപയോഗത്തിലുണ്ടായ വർധനവ് ഭൂജല ലഭ്യതയുടെ കുറവിന് കാരണമാകുന്നുണ്ട്.

(ബി) ജലവിതാനം താഴുന്നതിന് കുഴൽ കിണറുകളുടെ വർധനവ് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ?

ജലവിതാനം താഴുന്നതിന് കുഴൽ കിണറുകളുടെ വർധനവ് കാരണമായെന്നതുസംബന്ധിച്ച് പ്രത്യേക പഠനങ്ങൾ ഭൂജല വകുപ്പ് മുഖേന നടത്തിയിട്ടില്ല.

(സി) കുഴൽ കിണർ നിർമ്മിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ബ്ലോക്കുകളിൽ (Chittoor, Malambuzha and Kasaragod Blocks) പുതിയ കുഴൽ കിണറുകൾ കുഴിക്കുന്നതിനും പമ്പിംഗ് കിണറായി പരിവർത്തനം ചെയ്യുന്നതിനും കേരള സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത്/മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടം അനുസരിച്ച് പുതിയ കുഴൽക്കിണർ നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും പെർമിറ്റ് കരസ്ഥമാക്കുന്നതിന് ഭൂജല വകുപ്പിന്റെ അനുമതി ആവശ്യമാണ്.

**കുണ്ടറ മണ്ഡലത്തിലെ കുഴൽക്കിണർ നിർമ്മാണം**

242(3000) ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഏപ്രിൽ മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിന്റെ പരിധിയിലുള്ള പഞ്ചായത്തുകളിൽ എത്ര കുഴൽക്കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കൊല്ലം ജില്ലയിൽ എത്ര കുഴൽക്കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് അറിയിക്കാമോ?

(എ&ബി) 2021 ഏപ്രിൽ മുതൽ നാളിതുവരെ ഭൂജല വകുപ്പ്/പ്ലാൻ ഫണ്ട്/എം.എൽ.എ.-എസ്.ഡി.എഫ്. പ്രവൃത്തികൾ മുഖാന്തരം കുണ്ടറ മണ്ഡലത്തിന്റെ പരിധിയിലുള്ള പഞ്ചായത്തുകളിൽ പൊതുആവശ്യങ്ങൾക്കായി 3 കുഴൽക്കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്.

പ്രസ്തുത കാലയളവിൽ കൊല്ലം ജില്ലയിൽ ഭൂജല വകുപ്പ്/പ്ലാൻ ഫണ്ട്/എം.എൽ.എ.-എസ്.ഡി.എഫ്. പ്രവൃത്തികൾ മുഖാന്തരം നടപ്പാക്കിയ പ്രവൃത്തികളുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| മണ്ഡലം | കുഴൽ കിണറുകളുടെ എണ്ണം |
|---|---|
| കരുനാഗപ്പള്ളി | 1 |
| കൊട്ടാരക്കര | 4 |
| കൊല്ലം | 5 |
| ചാത്തന്നൂർ | 0 |
| ചവറ | 0 |
| ഇരവിപുരം | 0 |
| പുനലൂർ | 1 |
| ചടയമംഗലം | 2 |

| | |
|---|---|
| കുണ്ടറ | 3 |
| കുന്നത്തൂർ | 2 |
| പത്തനാപുരം | 6 |
| **ആകെ** | **24** |

(സി) നിലവിൽ കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്ത് പ്രദേശങ്ങളിൽ കുഴൽക്കിണർ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ലഭ്യമായിട്ടുള്ള അപേക്ഷകളുടെ എണ്ണം എത്രയാണെന്നും ആയതിൽ എത്ര അപേക്ഷകൾ പരിഗണിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്ലാൻ ഫണ്ട്/MLA-SDF പ്രവൃത്തികൾ ഒന്നുംതന്നെ പെൻഡിംഗ് ഇല്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾ മുഖാന്തരം ഓരോ പഞ്ചായത്തും സമർപ്പിച്ച 22 പദ്ധതികളിൽ 7 എണ്ണം പൂർത്തീകരിച്ചു. 15 അപേക്ഷകൾ പെൻഡിംഗിലാണ്.

**ഭൂജല വകുപ്പിന് കൈവശമുള്ള കുഴൽക്കിണർ നിർമ്മാണ യന്ത്രം**

243(3001) ശ്രീ. നജീബ് കാന്തപുരം: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജല വകുപ്പിനുകീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കുഴൽക്കിണർ നിർമ്മാണ യന്ത്രം നിലവിലുണ്ടോയെന്ന് വിശദമാക്കുമോ?

ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഏതെല്ലാം ജില്ലകൾക്കാണ് പുതുതായി കുഴൽക്കിണർ നിർമ്മാണ യന്ത്രങ്ങൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വകുപ്പിൽ പുതുതായി ലഭിച്ച കുഴൽക്കിണർ നിർമ്മാണ യന്ത്രങ്ങൾ തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കണ്ണൂർ ജില്ലകൾക്കാണ് അനുവദിച്ചിട്ടുള്ളത്.

(സി) കുഴൽക്കിണർ നിർമ്മാണത്തിനായി ഭൂഗർഭജല വകുപ്പിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ജലസ്രോതസ്സുകളുടെ സംഭരണശേഷി വർധിപ്പിക്കാൻ നടപടി**

244(3002) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>
<u>ശ്രീ. എ. രാജ:</u>
<u>ശ്രീ. കെ. ബാബു (നെന്മാറ):</u>
<u>ഡോ. സുജിത് വിജയൻപിള്ള:</u> സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് ലഭ്യമാകുന്ന ജലത്തെ സംരക്ഷിച്ചും ജലസ്രോതസ്സുകളുടെ സംഭരണശേഷി വർധിപ്പിച്ചും ജലത്തിന്റെ ശാസ്ത്രീയമായ വിനിയോഗത്തിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

നദികളിലും അവയുടെ കൈവഴികളിലും ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ തടയണകൾ എന്നീ വിവിധോദ്ദേശ നിർമ്മിതികളിലൂടെ മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി സംരക്ഷിച്ചുവരികയും ഡാമുകൾ/തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്കുസമീപം അടിഞ്ഞുകൂടിയ ചെളി/എക്കൽ/മണൽ/ മറ്റുമാലിന്യങ്ങൾ എന്നിവ നീക്കംചെയ്ത് സംഭരണശേഷി പുനഃസ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. "സംയോജിത നീർത്തടപ്ലാനുകളിൽ"

നിർദേശിച്ചിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/തോടുകൾ എന്നിവ " റിഡ്ജ്-ടു-വാലി" സമീപനത്തോടെ പുനരുദ്ധരിച്ച് സംഭരണശേഷി കൂട്ടി ജലസേചന സൗകര്യവും ഭൂജലപോഷണവും വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സൗഹൃദവസ്തുക്കളുപയോഗിച്ച് ചെറുതടയണകൾ നിർമ്മിക്കുക, വലിയ തോടുകളിൽ ചരിവ് കണക്കാക്കി അടുത്തടുത്തായി തടയണകൾ നിർമ്മിക്കുക, കയർഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്തി പുല്ല് വച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക തുടങ്ങിയ പ്രവർത്തനങ്ങൾ മുഖേന ജലസംരക്ഷണം വർധിപ്പിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടുകൂടി സന്നദ്ധപ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചു വരുന്നു. "ഇനി ഞാനൊഴുകട്ടെ" എന്ന പദ്ധതി ഇതിനുദാഹരണമാണ്.

ജലവിഭവ ഉപയോഗ കാര്യക്ഷമത (Water Use Efficiency) വർധിപ്പിക്കുന്നതിന് ശ്രീ. കെ. എം. മാണി ഊർജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ട്

പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതുവഴി ജലം പാഴാകുന്നത് നിയന്ത്രിക്കാനും കൂടുതൽ സ്ഥലത്ത് ജലലഭ്യത ഉറപ്പുവരുത്താനും കഴിയും.

കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ഭാഗമായി വരുന്ന ജലസ്രോതസ്സുകളിലെ കിണറുകൾ, ഗ്യാലറികൾ എന്നിവയിലെ ചെളിയും മണലും നീക്കംചെയ്യുന്ന പ്രവൃത്തി നടപ്പാക്കി ജലസ്രോതസ്സുകളിൽ മതിയായ ജലലഭ്യത ഉറപ്പാക്കുന്നു. വരൾച്ചാ മാസങ്ങളിൽ പുഴകളിലെ/ നദികളിലെ ജലം വലിയ തോതിൽ സമുദ്രത്തിലേയ്ക്ക് ഒഴുകി പോകാതിരിക്കുന്നതിനും സമുദ്രജലം നദിയുടെ ഉയർന്നപ്രദേശങ്ങളിലേയ്ക്ക് എത്തിച്ചേരുന്നത് തടയുന്നതിനും നദികൾക്ക് കുറുകെ താൽക്കാലിക ബണ്ടുകളും സ്ഥിരതടയണകളും നിർമ്മിക്കാറുണ്ട്. അതുകാരണം നദികളിലെ ജലനിരപ്പ് ഉയരുകയും ജലസ്രോതസ്സുകളുടെ സംഭരണശേഷി ചെറിയൊരളവുവരെ വർധിക്കുകയും ചെയ്യുന്നുണ്ട്.

ഭൂജലം സംരക്ഷിക്കുന്നതിന്റെ ഭാഗമായി 'ഭൂജല സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ളക്കൊയ്ത്തിലൂടെ തുറന്ന കിണർ/ മഴക്കുഴികൾ/

കുഴൽക്കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണം, ചെറിയ തടയണയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2016-17 മുതൽ 2023-24 വരെ 1051 ഭൂജല സംപോഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ടും മറ്റു വകുപ്പുകളുടെ ഏകോപനം സാധ്യമാക്കിക്കൊണ്ടും 32757 കി.മീ. നീളത്തിൽ നീർച്ചാലുകളും 3350 കുളങ്ങളും പുനരുജ്ജീവിപ്പിച്ച് ജലസംഭരണം സാധ്യമാക്കാനും അതോടൊപ്പം നീർച്ചാലുകളിൽ മഴക്കാല നീരൊഴുക്ക് സുഗമമാക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ 4982 കുളങ്ങളും 17179 കിണറുകളും നിർമ്മിക്കുകയും 8576 കിണറുകളിൽ റീചാർജിംഗ് സംവിധാനം ഏർപ്പെടുത്തുകയും നീർച്ചാലുകളിൽ 538 സ്ഥിരം തടയണകളും 59743 താൽക്കാലിക തടയണകളും നിർമ്മിച്ചിട്ടുണ്ട്.

(ബി) ജലവിഭവ ഉപയോഗ കാര്യക്ഷമത വർധിപ്പിക്കുന്നതിനും മൈക്രോ ഇറിഗേഷൻ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കാർഷിക വിളകളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും നാണ്യവിളകളുടെ പ്രോത്സാഹനത്തിനും ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും ജലനഷ്ടം കുറയ്ക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാർ വളരെയധികം ഊന്നൽ നൽകുന്ന പദ്ധതിയാണ് ശ്രീ. കെ. എം. മാണി ഊർജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ആദ്യപടിയായി ജലസേചന വകുപ്പും കൃഷി വകുപ്പും സംയോജിതമായി വിവിധ ഘടകങ്ങളെ ആസ്പദമാക്കി കണ്ടെത്തിയ 21 പ്രവൃത്തികളിൽ വിശദമായ മൂല്യനിർണ്ണയത്തിനുശേഷം 15 പ്രവൃത്തികൾ തിരഞ്ഞെടുത്തു. അതിൽ 5 എണ്ണം പൈലറ്റ് പദ്ധതികളായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

നിലവിൽ പാലക്കാട് ജില്ലയിലും വയനാട് ജില്ലയിലുമായി 6 കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ KIIDC മുഖാന്തരം

പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി, കോഴിക്കോട്, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി 8 പ്രവൃത്തികൾ പുരോഗമിക്കുന്നു. നിലവിൽ വയനാട് ജില്ലയിലെ ദാസനക്കര മൈക്രോ ഇറിഗേഷൻ പദ്ധതി കൂടാതെ വയനാട് ജില്ലയിലെ തന്നെ നാല് ഫേസുകളിലായി നിർവഹിക്കുന്ന വാഴവറ്റ മൈക്രോ ഇറിഗേഷൻ പദ്ധതി, കോട്ടയം ജില്ലയിലെ കുറവിലങ്ങാട് മൈക്രോ ഇറിഗേഷൻ പദ്ധതി എന്നിവയുടെ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി മൂന്നാറിലെയും സമീപപ്രദേശങ്ങളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ് സ്കേപ്പ് പ്രോജക്ടിന്റെ തുടർച്ചയായി ഇടുക്കി ജില്ലയിലെ കരിമ്പ് കർഷകരെ സഹായിക്കുന്നതിനും അവിടെ മെച്ചപ്പെട്ട മൈക്രോ ഇറിഗേഷൻ സംവിധാനമൊരുക്കുന്നതിനുമുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) മഴക്കുഴികൾ വ്യാപകമാക്കുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുമോ; വിശദമാക്കുമോ?

ഭൂജല സംരക്ഷണം, സംപോഷണം, വിനിയോഗം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ സെമിനാറുകൾ' 'ഭൂജലത്തിന്റെ നിയന്ത്രണവും, ക്രമീകരണവും' എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് സംഘടിപ്പിച്ചുവരുന്നു. ഓരോ ജില്ലയിലും 5 വീതം സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നു.

**ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടി**

245(3003) ശ്രീ. അൻവർ സാദത്ത്: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുത്ത ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന വിവരം ജലവിഭവ വകുപ്പിൽ ലഭ്യമാണോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽനിന്നും ഭൂജലവകുപ്പിൽ ലഭ്യമാകുന്ന അപേക്ഷകളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

(ബി) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി ഓരോ പ്രദേശത്തിന്റെയും സ്വഭാവമനുസരിച്ച് പ്രത്യേക കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി ജലജീവൻ മിഷൻ, അമൃത്, കിഫ്ബി, സ്റ്റേറ്റ്പ്ലാൻ തുടങ്ങിയ പദ്ധതികളിലുൾപ്പെടുത്തി പരമാവധി സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജല വിതരണം സുഗമമായി നടത്തിവരുന്നു. ബാക്കിയുള്ള പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. കൂടാതെ ഉയർന്ന പ്രദേശങ്ങളിൽ വാൽവുകൾ ക്രമീകരിച്ച് ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂജല സംരക്ഷണവും സംപോഷണവും എന്ന പ്ലാൻ പദ്ധതി സംസ്ഥാനത്ത് ഭൂജല വിതാനം ഉയർത്തുന്നതിനായി ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു. ഭൂജല വിതാനം കുറഞ്ഞ മേഖലകളിൽ, ശാസ്ത്രീയമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഠനങ്ങൾ നടത്തി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ റീ-ചാർജ് പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ളക്കൊയ്ത്തിലൂടെ തുറന്ന കിണർ/മഴക്കുഴികൾ/കുഴൽക്കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണം, ചെറിയ തടയണയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിലൂടെ വകുപ്പ് ലക്ഷ്യമിടുന്നു. 2016-17 മുതൽ 2023-24 വരെ ഭൂജല വകുപ്പ് 1051 വിവിധ ഭൂജല സംപോഷണ പ്രവൃത്തികൾ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 6 കോടി രൂപ പ്രസ്തുത പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. മുഴുവൻ തുകയ്ക്കുമുള്ള 181 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 76 പദ്ധതികൾ ജില്ലകളിൽ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**ജൽജീവൻ മിഷൻ പദ്ധതി പ്രവൃത്തികൾക്ക് കരാറുകാർക്കുള്ള കുടിശ്ശിക**

246(3004) ശ്രീ. ചാണ്ടി ഉമ്മൻ: സർ, താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തികൾക്കായി സംസ്ഥാനവും കേന്ദ്രവും ചെലവിട്ട ഫണ്ടിന്റെ വിശദാംശങ്ങൾ ഇനം തിരിച്ചറിയിക്കുമോ; പദ്ധതി പൂർത്തിയാക്കുന്നതിനായി ഇനിയും നൽകേണ്ട സംസ്ഥാന വിഹിതം എത്രയാണെന്നറിയിക്കാമോ?

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തികൾക്കായി സംസ്ഥാനവും കേന്ദ്രവും ചെലവിട്ട ഫണ്ടിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 44714.80 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ജൽജീവൻ മിഷൻ പദ്ധതിക്കായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡപ്രകാരം ചെലവിന്റെ 50% കേന്ദ്രവും ബാക്കി 50% സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗുണഭോക്തൃ വിഹിതവുമാണ്. ഇതുവരെ സംസ്ഥാനവിഹിതമായി 4866.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ജലസംരക്ഷണവും ജലഗുണനിലവാരവും മെച്ചപ്പെടുത്താൻ നടപടി**

247(3005) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലസംരക്ഷണവും ജലഗുണനിലവാരം മെച്ചപ്പെടുത്തലും പ്രോത്സാഹിപ്പിക്കുന്നതിനായി ജലസാക്ഷരത വർധിപ്പിക്കാൻ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ജലസംരക്ഷണവും ജലഗുണനിലവാരം മെച്ചപ്പെടുത്തലും പ്രോത്സാഹിപ്പിക്കുന്നതിനായി ജലസാക്ഷരത വർധിപ്പിക്കുന്നതിന് നിരവധി പരിപാടികൾ വിവിധതലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. എല്ലാ വർഷവും ലോക ജലദിനത്തോടനുബന്ധിച്ച് സ്കൂളുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലും ബോധവൽക്കരണ പരിപാടികൾ നടപ്പാക്കാറുണ്ട്. ജലസേചന വകുപ്പ്, ഭൂജലവകുപ്പ്, വാട്ടർ അതോറിറ്റി, ജലനിധി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, സന്നദ്ധ സംഘടനകൾ, സാമൂഹിക/സാംസ്കാരിക സംഘടനകൾ

എന്നിവയുടെ പങ്കാളിത്തത്തോടെയാണ് ഈ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത്.

ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മറ്റ് സാമൂഹിക/സാംസ്കാരിക സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പലപ്പോഴായി സൂക്ഷ്മതലത്തിൽ നിരവധി ജലസംരക്ഷണ പരിപാടികൾ നടപ്പാക്കാറുണ്ട്.

കേരളീയം 2023 പരിപാടിയോടനുബന്ധിച്ചും ഇത്തരം ജലസാക്ഷരത പ്രദാനം ചെയ്യുന്ന നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ജലവിഭവ മേഖലയിലെ വിവിധ സ്ഥാപനങ്ങൾ, ദേശീയ/അന്തർദേശീയതലത്തിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ള വ്യക്തിത്വങ്ങൾ, ജലവിഭവ മേഖലയിലെ മറ്റ് പ്രഗല്ഭർ, വിദ്യാഭ്യാസം/സാമൂഹികം/മറ്റ് മേഖലയിലെ പ്രതിനിധികൾ, വിദ്യാർഥികൾ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളത്തിലെ ജലവിഭവ മേഖലയെക്കുറിച്ചുള്ള ഒരു സമഗ്ര സെമിനാർ കേരളീയം 2023 പരിപാടിയോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 227 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയാക്കിയിട്ടുള്ളതും 208 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിച്ചുവരികയും ചെയ്യുന്നു. ജലബജറ്റ് തയ്യാറാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന കാലയളവിൽ ജലലഭ്യത ഉറപ്പാക്കാനുതകുന്ന തരത്തിൽ ജലസുരക്ഷാ പ്ലാൻ തയ്യാറാക്കിവരുന്നു.

നീർച്ചാലുകൾ ഉൾപ്പെടുന്ന നീർച്ചാൽ ശൃംഖലകൾ പൂർണ്ണമായും വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കുന്നതിന് സഹായകരമായ രീതിയിൽ 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന പേരിൽ ഒരു ക്യാമ്പയിൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ഐ.ടി. മിഷന്റെ കൂടി സഹകരണത്തോടെയും ഈ പ്രദേശങ്ങളിലെ 230 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ രേഖപ്പെടുത്തുന്ന പ്രവർത്തനം 210 ഇടങ്ങളിലും ഇതിനകംതന്നെ

ജനകീയമായി പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 1044 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ചെറുനീർത്തടങ്ങളെ ആസ്പദമാക്കി 'നീരുറവ് ' പദ്ധതിയുടെ പ്രവർത്തനം ഹരിത കേരളം മിഷന്റെകൂടി നേതൃത്വത്തിൽ കൂടുതൽ വിപുലമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി 32757 കിലോമീറ്റർ തോടുകളും 3350 കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കൂടാതെ 4982 കുളങ്ങളും 17179 കിണറുകളും നിർമ്മിക്കുകയും 8576 കിണറുകളിൽ റീചാർജിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തോട് പുനരുജ്ജീവിപ്പിക്കുന്നതിനോടൊപ്പം 59743 താൽക്കാലിക തടയണകളും 538 സ്ഥിരം തടയണകളും

നിർമ്മിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പുനരുജ്ജീവിപ്പിക്കുന്ന തോടുകളുടെ പാർശ്വസംരക്ഷണം കയർ ഭൂവസ്ത്രമുപയോഗിച്ച് ബലപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതുകൂടാതെ 22.1 കി.മീ. പുഴകളും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഒരു ഹയർ സെക്കണ്ടറി സ്കൂളിൽ വീതം പ്രാദേശിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. 2017 മുതൽ നാളിതുവരെ സംസ്ഥാനത്താകെ ആർ.കെ.ഐ. ഫണ്ട് വിനിയോഗിച്ച് 313 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിക്കുകയും 43 ലാബുകൾ പ്രവർത്തനസജ്ജമാകുകയും ചെയ്തു. രണ്ടു പദ്ധതികളുടെയും ഭാഗമായി സംസ്ഥാനത്താകെ നിലവിൽ 234 ലാബുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ ജൽജീവൻ പദ്ധതികൾ**

248(3006) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വിഭാഗം, പി.എം.ജി.എസ്.വൈ. പദ്ധതി എന്നിവ മുഖേന ഫണ്ട് അനുവദിച്ച് ടെൻഡർ ചെയ്തിട്ടുള്ള എത്ര റോഡുകളിലാണ് ജൽജീവൻ മിഷൻ പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ പൂർവസ്ഥിതിയിലാക്കുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ബാലുശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഫണ്ട് അനുവദിച്ച കോട്ടൂർ, നടുവണ്ണൂർ, ഉണ്ണികുളം എന്നീ പഞ്ചായത്ത് റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റീസ്റ്റൊറേഷൻ നടത്തേണ്ടത് PWD ആണ്. അതിനുള്ള തുക PWD-യിൽ അടവാക്കിയിട്ടുണ്ട്.

PMGSY പദ്ധതിപ്രകാരം ഫണ്ട് അനുവദിച്ചിട്ടുള്ള നടുവണ്ണൂർ, കോട്ടൂർ പഞ്ചായത്തിലൂടെയുള്ള നടുവണ്ണൂർ-വാകയാട് റോഡ്, വാകയാട് HS-പാലേരിമുക്ക് റോഡ് എന്നീ റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. PMGSY ആവശ്യപ്പെട്ടപ്രകാരമുള്ള തുക അടവാക്കുന്നതിന് കാലതാമസം വരുമെന്നതിനാൽ 08-02-2024-ന് കോട്ടൂർ പഞ്ചായത്തിൽ ചേർന്ന യോഗ തീരുമാനപ്രകാരം റോഡുകളിൽ GSB, WMM വരെയുള്ള പുനർനിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രവൃത്തി 20 ദിവസത്തിനകം പൂർത്തീകരിക്കുന്നതാണ്.

ഉണ്ണികുളം പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള വട്ടോളി-ഇയാട്-കുണ്ടായി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 30.60 ലക്ഷം രൂപ അടവാക്കുന്നതിന് ഡിമാൻഡ് ലെറ്റർ തന്നിട്ടുണ്ടെങ്കിലും ഫണ്ട് ലഭ്യമാക്കുന്നതിന് കാലതാമസം വരുന്നതിനാൽ പ്രസ്തുത റോഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

പനങ്ങാട് പഞ്ചായത്തിലെ ബാലുശ്ശേരി കരിമ്പയിൽ വയലട-തലയാട് PWD റോഡിൽ അനുമതി ലഭിച്ച 5/700-6/800 വരെയുള്ള ഭാഗത്ത് 400

മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കാനുണ്ട്. ഈ റോഡിൽ പൈപ്പ് സ്ഥാപിച്ച ഭാഗത്ത് താൽക്കാലിക റെസ്റ്റോറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പനങ്ങാട് പഞ്ചായത്തിലെ മഞ്ഞപാലം - തയ്യൽപീടിക - റോഡ്/PMGSY 680 മീറ്റർ പൈപ്പ് സ്ഥാപിക്കാനുണ്ട്. പൈപ്പ് ലൈനുകൾ സ്ഥാപിച്ച ഭാഗത്ത് താൽക്കാലിക റെസ്റ്റോറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പെർമനന്റ് റെസ്റ്റോറേഷൻ മൺസൂൺ കഴിയുന്നതോടുകൂടി പൂർത്തിയാക്കുന്നതാണ്.

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഉള്ളിയേരി പഞ്ചായത്തിൽ PMGSY-യുടെ അധീനതയിലുള്ള പുത്തഞ്ചേരി-ഉള്ളൂർ റോഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ 1 കോടി 88 ലക്ഷം രൂപ റോഡ് റീസ്റ്റോറേഷൻ ചാർജായി അടയ്ക്കേണ്ടതുണ്ട്. ഈ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് PMGSY-ലേക്ക് അടവാക്കുന്നതാണ്. പ്രസ്തുത റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാകേണ്ടതുണ്ട്.

**തിരുവമ്പാടി മണ്ഡലത്തിലെ ജൽജീവൻ മിഷൻ**

249(3007) <u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിപ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശം പഞ്ചായത്തുതിരിച്ച് വിശദമാക്കുമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ജൽജീവൻ പദ്ധതിപ്രകാരം കാരശ്ശേരി ഗ്രാമപഞ്ചായത്ത്, കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്, കോടഞ്ചേരി ഗ്രാമപഞ്ചായത്ത് എന്നീ പഞ്ചായത്തുകളിലാണ് പ്രവൃത്തികൾ നടന്നുവരുന്നത്. നിലവിൽ പ്രവർത്തനക്ഷമമായ മാവൂരിലെ 72MLD WTP (വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്)-യിൽനിന്നും പ്രവൃത്തി പുരോഗമിക്കുന്ന 100 MLD WTP-യിൽനിന്നുമാണ് പദ്ധതിക്കായുള്ള ജലമെത്തിക്കുന്നത്. മാവൂരിൽനിന്നും 600 എം.എം. വ്യാസമുള്ള ട്രാൻസ്മിഷൻ മെയിനിൽക്കൂടി ശുദ്ധീകരിച്ച ജലം കാരശ്ശേരി പഞ്ചായത്തിൽ പ്രവൃത്തി പുരോഗമിക്കുന്ന 50 ലക്ഷം സംഭരണശേഷിയുള്ള MBSR (മാസ്റ്റർ ബാലൻസിംഗ് സർവീസ് റിസർവോയർ)-ൽ എത്തിച്ച് സംഭരണിയിൽനിന്നും കാരശ്ശേരി, കൊടിയത്തൂർ (ഭാഗികം) പഞ്ചായത്തുകളിൽ വിതരണം ചെയ്യുന്നു. ടി

സംഭരണിയിൽനിന്നും 500 എം.എം. വ്യാസമുള്ള ട്രാൻസ്മിഷൻ മെയിനിലൂടെ ജലം തിരുവമ്പാടി പഞ്ചായത്തിൽ നിർമ്മാണം പുരോഗമിക്കുന്ന 12LL OHSR (ഉന്നതതല സംഭരണി) കൂടരഞ്ഞി പഞ്ചായത്തിൽ സ്ഥാപിക്കേണ്ട 75000 ലിറ്റർ ഭൂതല സംഭരണിയിലേയ്ക്കും എത്തിക്കുന്നു. കൊടിയത്തൂർ പഞ്ചായത്തിലേയ്ക്കുള്ള ഒരു ഭാഗം ജലം നിർമ്മാണം പുരോഗമിക്കുന്ന 100 MLD WTP-ൽ നിന്നുമാണ് ലഭ്യമാക്കുന്നത്. കൂടാതെ ചാത്തമംഗലത്തിനും സമീപ 7 പഞ്ചായത്തിലേയ്ക്കുള്ള ശുദ്ധജലവിതരണ പദ്ധതിയിലുൾപ്പെടുത്തി പുതുപ്പാടി ഗ്രാമപഞ്ചായത്തിലേയ്ക്ക് ജലമെത്തിക്കുന്നു.

**പുതുപ്പാടി – ഗ്രാമ പഞ്ചായത്ത്**

ഭരണാനുമതി തുക = 12927.14 ലക്ഷം രൂപ

ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെ എണ്ണം = 14017

**തിരുവമ്പാടി – ഗ്രാമപഞ്ചായത്ത്**

ഭരണാനുമതി തുക = 5490.65 ലക്ഷം രൂപ

ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെ എണ്ണം = 7693

**കാരശ്ശേരി – ഗ്രാമപഞ്ചായത്ത്**

ഭരണാനുമതി തുക = 8770.53 ലക്ഷം രൂപ

ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെ എണ്ണം = 8022

**കൊടിയത്തൂർ പഞ്ചായത്ത്**

ഭരണാനുമതി തുക =6731.97 ലക്ഷം രൂപ

ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെ എണ്ണം =6768

**കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്**

ഭരണാനുമതി തുക = 3311.83 ലക്ഷം രൂപ

ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെ എണ്ണം = 3338

**കോടഞ്ചേരി പഞ്ചായത്ത്**

ഭരണാനുമതി തുക = 8566.92 ലക്ഷം രൂപ

ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെ എണ്ണം = 8162

(ബി) ഇതിൽ ഓരോ പദ്ധതിയുടെയും പ്രവർത്തനപുരോഗതി വിശദമാക്കാമോ?

പ്രവൃത്തികളുടെ പുരോഗതി ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(സി) ഇനി എത്ര പദ്ധതികൾ ടെൻഡർ ചെയ്യാനുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

തിരുവമ്പാടി പഞ്ചായത്തിലെ ഭരണാനുമതി തുക 2100 ലക്ഷം FHTC-4243 nos ടെൻഡർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൊടിയത്തൂർ പഞ്ചായത്ത്, ഭരണാനുമതി തുക 100 ലക്ഷം FHTC-25 nos ടെൻഡർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ഡി) പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും ജനങ്ങൾക്ക് അതിന്റെ ഗുണഫലം എന്നുമുതൽ ലഭ്യമാകുമെന്നും വ്യക്തമാക്കുമോ?

KSTP, PWD, KRFB റോഡുകളിൽ Permission ലഭിക്കാൻ കാലതാമസം നേരിടുന്നു. 2025 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**തൃക്കരുവ-പനയം-മൺട്രോതുരുത്ത്-പെരിനാട് സമഗ്ര കുടിവെള്ള പദ്ധതി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

250(3008) <u>ശ്രീ. എം. മുകേഷ്</u>: സർ, താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരുവ-പനയം-മൺട്രോതുരുത്ത്-പെരിനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർവഹണ പുരോഗതി അറിയിക്കുമോ; പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ഘടകപ്രവർത്തനങ്ങളാണ് ആരംഭിക്കുകയും ടെൻഡർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജൽജീവൻ മിഷൻ - തൃക്കരുവ, പനയം, പെരിനാട്, മൺട്രോതുരുത്ത് പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

1. പെരിനാട് പഞ്ചായത്തിലേയ്ക്കുള്ള 5552 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന്റെയും 70.80 കിലോമീറ്റർ വിതരണശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 880 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 32.72 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്.

2. പനയം പഞ്ചായത്തിലേയ്ക്കുള്ള 5867 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന്റെയും 55.97 കിലോമീറ്റർ വിതരണശൃംഖല സ്ഥാപിക്കുന്നതിന്റെയും 10 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 1269 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 34.70 കിലോമീറ്റർ വിതരണശൃംഖല സ്ഥാപിച്ചിട്ടുണ്ട്. ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

3. തൃക്കരുവ പഞ്ചായത്തിലേയ്ക്കുള്ള 2084 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന്റെയും 41.62 കിലോമീറ്റർ വിതരണശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 6 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 2.35 കിലോമീറ്റർ വിതരണശൃംഖല സ്ഥാപിച്ചിട്ടുണ്ട്.

4. മൺട്രോതുരുത്ത് പഞ്ചായത്തിലേയ്ക്കുള്ള 60 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന്റെയും 8 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 12

കണക്ഷനുകൾ നൽകിയിട്ടുണ്ട്. 6.03 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. മൺട്രോതുരുത്ത് പഞ്ചായത്ത് "ഹർ ഘർ ജൽ" പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുള്ളതാണ്.

5. പെരിനാട് 16 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും നിർമ്മിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എത്രയും പെട്ടെന്ന് എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവൃത്തികൾ ആരംഭിക്കാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്.

6. തൃക്കരുവയിൽ 12 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിന്റെയും നാന്തിരിക്കൽ മുതൽ പെരിനാട് ജലശുദ്ധീകരണശാലവരെ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന്റെയും പെരിനാട് ജലശുദ്ധീകരണശാല മുതൽ തൃക്കരുവവരെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന്റെയും

പ്രവൃത്തിക്കായി നിരവധിതവണ ടെൻഡർ ചെയ്തെങ്കിലും കരാറുകാർ ആരുംതന്നെ നാളിതുവരെ ഏറ്റെടുത്തിട്ടില്ല.

**വൈപ്പിൻ മണ്ഡലത്തിൽ ഡീസാലിനേഷൻ പ്ലാന്റ്**

251(3009) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ മുനമ്പം ഭാഗത്ത് ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മുനമ്പം പുലിമുട്ടിനടുത്ത് Mechanical vapour compression (MVC) Technology ഉപയോഗിച്ചിട്ടുള്ള 10 Mld ശേഷിയുള്ള ഉപ്പുവെള്ള ശുദ്ധീകരണശാല (Desalination Plant) സ്ഥാപിക്കുന്നതിനുള്ള 215 കോടി രൂപയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് ചെന്നൈയിലുള്ള National Institute of Ocean Technology (NIOT) മുഖാന്തരം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സർവെ സ്കെച്ചും മറ്റു രേഖകളും റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും ലഭ്യമാകുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്ന റീ-സർവെ സ്കെച്ചും ഗ്രൂപ്പ് സ്കെച്ചും പെർമിറ്റ് സാംഗ്ഷനും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഭൂരേഖ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

ലഭ്യമായിട്ടില്ല, പ്രസ്തുത പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ ഭൂമിയുടെ റീ-സർവെ സ്കെച്ച്, ഗ്രൂപ്പ് സ്കെച്ച്, പെർമിറ്റ് സാങ്ഷൻ എന്നിവ ലഭ്യമാക്കുന്നതിലേയ്ക്കായി 15-03-2023, 25-05-2023, 12-01-2024 എന്നീ തീയതികളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, കൊച്ചി-18-ന്റെ കാര്യാലയത്തിൽനിന്നും എറണാകുളം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുള്ളതും തുടർന്ന് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും തഹസിൽദാർ (ഭൂരേഖ), പറവൂരിന് റിപ്പോർട്ടിനായി നൽകിയിട്ടുള്ളതും ആയത് റവന്യൂ വിഭാഗത്തിന്റെ പരിഗണനയിലുമാണ്.

(സി) പ്രസ്തുത പദ്ധതിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉപ്പുവെള്ള ശുദ്ധീകരണശാലയുടെ (Desalination Plant) ഭരണാനുമതി നൽകുന്നതിലേയ്ക്കായി റവന്യൂ വകുപ്പിൽനിന്നും പ്രസ്തുത സ്ഥലത്തിന്റെ സർവെ സ്കെച്ചും മറ്റ് അനുബന്ധ രേഖകളും ലഭ്യമാക്കേണ്ടതായിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്നും ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഉടുമ്പൻചോല മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

252(3010) ശ്രീ. എം. എം. മണി: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ഓരോ പഞ്ചായത്തും തിരിച്ച് ശതമാനക്കണക്കിൽ ലഭ്യമാക്കുമോ?

ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന ജൽജീവൻ മിഷന്റെ ഭാഗമായുള്ള പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രതീക്ഷിച്ച രീതിയിൽ പ്രവർത്തന പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെയാണ് തടസ്സങ്ങൾ; വിശദാംശം നൽകാമോ?

ജൽജീവൻ മിഷൻ പദ്ധതി പുരോഗതി പ്രാപിച്ചുവരുന്നു. എന്നിരുന്നാലും ജൽജീവൻ മിഷന്റെ ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ പദ്ധതികളിലെ ചില ഘടകങ്ങളുടെ ടെൻഡറുകൾക്ക് കരാറുകാരെ ലഭിച്ചിട്ടില്ല. കൂടാതെ കെ.ആർ.എഫ്.ബി. റോഡുകൾ, കുഞ്ചിത്തണ്ണി - കജനപ്പാറ സിറ്റി - മുല്ലക്കാനം-എൻ.ആർ. സിറ്റി കുമ്പൻ പാറ, രാമക്കൽമേട്-കമ്പംമേട്ട് എന്നീ റോഡുകളും കെ.എസ്.റ്റി.പി. റോഡുകളുടെ റോഡ് കട്ടിംഗ് അനുമതിക്കായി പൊതുമരാമത്ത് റോഡുകൾക്കും റോ പോർട്ടലിൽ അപേക്ഷ സമർപ്പിച്ചിട്ടും നാളിതുവരെയായി അനുമതി ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ?

സ്ഥലം ഏറ്റെടുക്കുന്നതിനായും റോഡുകളുടെ അനുമതിക്കായും ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് സമയബന്ധിതമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

തടസ്സങ്ങൾ നീക്കുന്നതിനും മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അതത് വകുപ്പുകളുമായി നിരന്തരം ബന്ധപ്പെട്ടുവരുന്നു.

(ഡി) പദ്ധതി എപ്പോൾ പൂർത്തീകരിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

2024 മാർച്ച് മാസത്തോടുകൂടി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 2025 മാർച്ച് മാസത്തോടുകൂടി പദ്ധതി പൂർത്തീകരിക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

**വർക്കല മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ**

253(3011) <u>ശ്രീ. വി. ജോയി</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ വിശദമാക്കുമോ?

വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് അറിയിക്കുമോ?

ഭരണാനുമതി ലഭിച്ച ടെൻഡർ നടപടികൾ പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതി**

254(3012) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സീതാർകുണ്ട് തോടിനുകുറുകെ അത്തികുണ്ടിൽ ഒരു വിയർ നിർമ്മിച്ച് പൈപ്പ് മാർഗം പലകപ്പാണ്ടി വിയറിന്റെ നിലവിലുള്ള കനാൽ ശൃംഖല വഴി ചുള്ളിയാർ ഡാമിന്റെ വെള്ളം എത്തിക്കുന്നതാണ് സീതാർകുണ്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സീതാർകുണ്ട് ഡൈവേർഷൻ പദ്ധതിയുടെ സാധ്യതാപഠനം നടത്താനായി ജോയിന്റ് ഡയറക്ടർ, ജെ. ഡബ്ല്യൂ. ആർ. പാലക്കാടിനെ കോ-ഓർഡിനേറ്ററാക്കി ഒരു കമ്മിറ്റി രൂപീകരിക്കുകയും ആയതിന്റെ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കാൻ നിർദ്ദേശിക്കുകയുമുണ്ടായി. പിന്നീട് KERI, Peechi-യുടെ നിയന്ത്രണത്തിൽ വരുന്ന ഐ.ഡബ്ല്യൂ.ആർ. ഡിവിഷൻ, പാലക്കാട് തയ്യാറാക്കിയ പ്രീ ഫീസിബിലിറ്റി റിപ്പോർട്ട് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-റുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചു. കമ്മിറ്റിയിലെ ബഹുഭൂരിപക്ഷം ജീവനക്കാരും വിരമിക്കുകയും സ്ഥലംമാറി വിവിധ ഓഫീസുകളിലേയ്ക്ക് പോയിട്ടുള്ള സാഹചര്യത്തിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കമ്മിറ്റി പുനഃക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി KERI, ഡയറക്ടർ സമർപ്പിച്ച പ്രീ ഫീസിബിലിറ്റി റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രസ്തുത പദ്ധതി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം

എന്താണെന്നും പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

പുതുക്കിയ പ്രീ ഫീസിബിലിറ്റി റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ**

255(3013) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷം ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചതെന്നും ഇനി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

(എ-സി) കാസർഗോഡ് നിയോജകമണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷം ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വകയിരുത്തിയ തുകയും പ്രസ്തുത തുക ചെലവഴിച്ചത് സംബന്ധിച്ചും ചെലവഴിക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) കഴിഞ്ഞ അഞ്ചുവർഷം എം.എൽ.എ.-മാർ അടക്കമുള്ള ജനപ്രതിനിധികളിൽനിന്ന് ഏതെല്ലാം പ്രവൃത്തികൾക്കാണ് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് ജലവിഭവ വകുപ്പിന് അപേക്ഷ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത അപേക്ഷകളിൽ പരിഗണിച്ചതും പരിഗണിക്കാത്തതുമായവയുടെ വിശദാംശം നൽകാമോ?

(ഡി&ഇ) കഴിഞ്ഞ അഞ്ചുവർഷം എം.എൽ.എ.-മാരടക്കമുള്ള ജനപ്രതിനിധികളിൽനിന്ന് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് ജലവിഭവ വകുപ്പിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിച്ച അപേക്ഷകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**റോഡ് പൂർവസ്ഥിതിയിലാക്കാൻ നടപടി**

256(3014) ശ്രീമതി കാനത്തിൽ ജമീല: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയുടെ പൈപ്പിടലിന്റെ ഭാഗമായി പൊളിക്കുന്ന റോഡുകൾ പൂർവസ്ഥിതിയിലാക്കാൻ പ്രസ്തുത പദ്ധതിയുടെ കരാറുകാർക്ക് നിർദേശം നൽകിയിട്ടുണ്ടോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊളിക്കുന്ന പി.ഡബ്ല്യൂ.ഡി. റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട വകുപ്പിൽനിന്നും അനുമതി ലഭ്യമാക്കുകയും പൈപ്പ് സ്ഥാപിച്ചതിനുശേഷം നിലവിലുള്ള സർക്കാർ ഉത്തരവുപ്രകാരം റോഡ് പുനഃസ്ഥാപനം നിർവഹിക്കുകയും ചെയ്യുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പുറപ്പെടുവിച്ച വിശദമായ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത റോഡ് പൂർവസ്ഥിതിയിലാക്കുന്നതിന് പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ?

ജൽജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം PWD റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും അനുവദിച്ചിരുന്നു. എന്നാൽ 1-ഉം 2-ഉം 3-ഉം ഘട്ടങ്ങളിൽ ഭരണാനുമതി നൽകിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ അനുവദിച്ചിരുന്നുള്ളൂ. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ റ്റൈഡ് ഗ്രാന്റ് ഉപയോഗിക്കാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്.

4-ഉം 5-ഉം ഘട്ടങ്ങളിൽ ഭരണാനുമതി നൽകിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുകകൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ആറാമത് സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുനഃസ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾക്കൊഴികെ) അംഗീകാരം ലഭിക്കുകയുണ്ടായി.

**വാമനപുരം മണ്ഡലത്തിൽ ജൽജീവൻ മിഷന്റെ വിവിധ പ്രവൃത്തികൾ**

257(3015) ശ്രീ. ഡി. കെ. മുരളി: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള ഏതെല്ലാം റോഡുകളാണ് ജൽജീവൻ മിഷന്റെ വിവിധ പ്രവൃത്തികൾപ്രകാരം പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി കുഴിച്ചശേഷം പൂർവസ്ഥിതിയിലാക്കാനുള്ളത്; വിശദമാക്കാമോ?

ജൽജീവൻ മിഷന്റെ വിവിധ പ്രവൃത്തികളുടെ ഭാഗമായി വാമനപുരം നിയോജകമണ്ഡലത്തിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കാനായി കുഴിച്ചശേഷം പൂർവസ്ഥിതിയിലാക്കാനുള്ള റോഡുകളുടെയും പൂർവസ്ഥിതിയിലാക്കാനുള്ള ചുമതല ആർക്കാണെന്നും ടി പ്രവൃത്തികൾ പൂർത്തിയാകാത്തതിന്റെ കാരണവുമുൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഓരോ റോഡിന്റെയും റെസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തേണ്ടതിന്റെ ചുമതല ആർക്കാണെന്നും പ്രവൃത്തികൾ പൂർത്തിയാക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൽജീവൻ മിഷന്റെ വിവിധ പ്രവൃത്തികളുടെ ഭാഗമായി വാമനപുരം നിയോജകമണ്ഡലത്തിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കാനായി കുഴിച്ചശേഷം പൂർവസ്ഥിതിയിലാക്കാനുള്ള റോഡുകളുടെയും പൂർവസ്ഥിതിയിലാക്കാനുള്ള ചുമതല ആർക്കാണെന്നും ടി പ്രവൃത്തികൾ പൂർത്തിയാകാത്തതിന്റെ കാരണവുമുൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മണ്ഡലത്തിലുൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളുടെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ഔദ്യോഗിക ഫോൺ നമ്പരുകൾ നൽകാമോ?

**അസിസ്റ്റന്റ് എഞ്ചിനീയർ**

1. കല്ലറ പാങ്ങോട്, പനവൂർ, പുല്ലമ്പാറ പഞ്ചായത്ത് - 8289940551 - കല്ലറ സെക്ഷൻ

2. ആനാട് പഞ്ചായത്ത് - 9496583222, 8547605754 –നെടുമങ്ങാട് സെക്ഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. നന്ദിയോട് പെരിങ്ങമ്മല പഞ്ചായത്ത് -9496585222, 9496590222 പാലോട് സെക്ഷൻ

4. വാമനപുരം, നെല്ലനാട് പഞ്ചായത്ത് - 9496589222 – പ്രോജക്ട് ഡിവിഷൻ തിരുവനന്തപുരം

5. വാട്ടർ സപ്ലൈ സെക്ഷൻ ആറ്റിങ്ങൽ - 8547638357

**<u>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ</u>**

1. കല്ലറ, പുല്ലമ്പാറ, ആനാട്, നന്ദിയോട്, പാങ്ങോട്, പനവൂർ, പെരിങ്ങമ്മല -9496586222, 8547638228 - വാട്ടർ സപ്ലൈ സബ് ഡിവിഷൻ , നെടുമങ്ങാട്

2. വാമനപുരം, നെല്ലനാട് 8547638174 – പ്രോജക്ട് ഡിവിഷൻ തിരുവനന്തപുരം

3. വാട്ടർ സപ്ലൈ സബ് ഡിവിഷൻ ആറ്റിങ്ങൽ -8547638356

**<u>എക്സിക്യൂട്ടീവ് എഞ്ചിനീയർ</u>**

1. ഹെഡ് വർക്സ് ഡിവിഷൻ അരുവിക്കര – 9496000676

2. പ്രോജക്റ്റ് ഡിവിഷൻ തിരുവനന്തപുരം - 8547638031

3. വാട്ടർ സപ്ലൈ ഡിവിഷൻ ആറ്റിങ്ങൽ - 8547638069

**അമൃത് കുടിവെള്ള പദ്ധതിപ്രകാരം മുക്കം നഗരസഭയ്ക്ക്**

**അനുവദിച്ച തുക**

258(3016) ശ്രീ. ലിന്റോ ജോസഫ്: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് കുടിവെള്ള പദ്ധതിപ്രകാരം മുക്കം നഗരസഭയ്ക്ക് എത്ര തുക അനുവദിച്ചെന്നും പ്രസ്തുത പദ്ധതിപ്രകാരമുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

മുക്കം നഗരസഭയ്ക്ക് അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 12.44 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഇതിൽ 15254 മീറ്റർ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും 2710 (എണ്ണം) ഗാർഹിക ടാപ്പ് കണക്ഷനും ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ 1764.8 മീറ്റർ, 160 mm HDPE പൈപ്പ് സ്ഥാപിക്കുകയും 34 കണക്ഷൻ HTC ആയി നൽകുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ട പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പദ്ധതിയുടെ ആദ്യഘട്ട പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്നും എത്ര തുകയുടേതാണെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾക്കായി 18LL ഉപരിതല ടാങ്ക് നിർമ്മാണവും അനുബന്ധ പ്രവൃത്തികൾക്കുമായി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 5.775 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിക്കായി SMMU (സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ്, അമൃത്)-ലേയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ജൽജീവൻ പദ്ധതി കരാറുകാർക്ക് കുടിശ്ശിക നൽകാൻ നടപടി**

259(3017) <u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> സർ, താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ പദ്ധതിയുടെ കരാറുകാർക്ക് നൽകാനുള്ള തുക അനുവദിച്ച് എത്രയുംവേഗം പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 44714.80 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ജൽജീവൻ മിഷൻ പദ്ധതിക്കായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡപ്രകാരം പദ്ധതി തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ വഹിക്കേണ്ടതുണ്ട്. 2024-25 വർഷത്തിൽ കേന്ദ്രസർക്കാർ 1949.36 കോടി രൂപയാണ് കേരള സംസ്ഥാനത്തിന് വകയിരുത്തിയിട്ടുള്ളത്. അതിന്റെ ആദ്യഗഡുവായ 292.40 കോടി രൂപ ലഭിക്കുകയും ആയത് കരാറുകാർക്ക് സീനിയോറിറ്റിപ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വിഹിതത്തിന്റെ ആദ്യഗഡു 285.58 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കരാറുകാർക്ക് നൽകാനുള്ള തുക നൽകി എത്രയുംവേഗം പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## ഗുരുവായൂർ സിവറേജ് പദ്ധതി

260(3018) <u>ശ്രീ. എൻ. കെ. അക്ബർ:</u> സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ സിവറേജ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾക്കും ഫ്ലാറ്റുകൾക്കും കച്ചവട സ്ഥാപനങ്ങൾക്കും കണക്ഷൻ നൽകിയിട്ടുണ്ട്; പേരുതിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ഗുരുവായൂർ സിവറേജ് പദ്ധതിയിലുൾപ്പെടുത്തി വീടുകൾക്കൊന്നും കണക്ഷൻ നൽകിയിട്ടില്ല. ഒരു ഫ്ലാറ്റിനും 79 കച്ചവട സ്ഥാപനങ്ങൾക്കും കണക്ഷൻ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഗുരുവായൂർ നഗരത്തിലെ വാണിജ്യ സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയവയെ പൂർണ്ണമായും സിവറേജ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിലവിലുള്ള സിവറേജ് നെറ്റ്വർക്കപ്രകാരം ഗുരുവായൂരിലെ നഗരങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളിലേയ്ക്കും സിവറേജ് കണക്ഷൻ നൽകാൻ കഴിയുകയില്ല. നിലവിൽ നെറ്റ്വർക്കിന് സമീപമുള്ള എല്ലാ സ്ഥാപനങ്ങളിലും സിവറേജ് കണക്ഷനെടുക്കണമെന്നുള്ള അറിയിപ്പ് നൽകിയിട്ടുള്ളതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ സ്ഥാപന ഉടമകളുടെ മീറ്റിംഗുകൾ നടത്തി സിവറേജ് കണക്ഷൻ നിർബന്ധമായും എടുക്കണമെന്ന് അറിയിച്ചിരുന്നു.

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി പ്രത്യേക സെക്ഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പരിഗണനയിലില്ല.

(ഡി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനും ഗുരുവായൂർ നഗരസഭയുമായി ചേർന്ന് പ്രത്യേക മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

നിലവിൽ ഗുരുവായൂർ നഗരസഭയുമായി യോഗങ്ങൾ നടത്തിയാണ് പദ്ധതി നടപ്പാക്കിവരുന്നത്. പ്രത്യേക മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം**

261(3019) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശത്തെ ജലത്തിൽ ഇരുമ്പിന്റെ അംശം കൂടുതലുള്ള മഞ്ഞനിറം കലർന്ന ജലം കൂടുതലായതിനാൽ കന്നുകാലികളെ കുളിപ്പിക്കൽ, വസ്ത്രം അലക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി കുടിവെള്ളം ഉപയോഗിക്കുന്നതുമൂലം ഈ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുമെന്ന സാഹചര്യമാണെങ്കിൽപ്പോലും കൃത്യമായ അളവിൽ കുടിവെള്ളം ഉപയോഗിക്കേണ്ട ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുമോ?

തീരദേശ പ്രദേശങ്ങളിൽ ഫീൽഡ് ഓഫീസേഴ്സ് പരിശോധനകൾ നടത്തുകയും ജലദുർവിനിയോഗം ശ്രദ്ധയിൽപ്പെട്ടാൽ കുടിവെള്ളം ഉപയോഗിക്കേണ്ട ആവശ്യകതയെക്കുറിച്ച് നിർദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. കൂടാതെ 'ജലം ജീവാമൃതം' പരിപാടിയുടെ ഭാഗമായി ബോധവൽക്കരണ ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും സാമൂഹ്യ മാധ്യമങ്ങൾ വഴി ജലസംരക്ഷണ ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റി ആസ്ഥാനമായ ജലഭവനിലെയും മറ്റ് പ്രധാന

ഓഫീസുകളുടെയും ചുറ്റുമതിലുകളിൽ ജലസംരക്ഷണ ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കുടിവെള്ള പരിശോധനയ്ക്കായി ഏതെല്ലാം ലാബുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; അവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ജലഅതോറിറ്റിയുടെ കുടിവെള്ള പരിശോധനാലാബുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല.

(സി) പ്രസ്തുത മണ്ഡലത്തിൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി, കോളേജുതലങ്ങളിൽ ഇത്തരം ലാബുകൾ സജ്ജീകരിക്കാനുള്ള പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനാവശ്യമായ അവശ്യ ടെസ്റ്റുകൾ സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെയും കെമിസ്ട്രി അദ്ധ്യാപകരുടെയും സഹകരണത്തോടെ നടത്തുന്നതിനായി എം.എൽ.എ./എം.പി. ഫണ്ട് വിനിയോഗിക്കത്തക്ക രീതിയിൽ സ്കൂളുകളിൽ ലാബ് രൂപീകരിക്കുന്നതിനായി ഭൂഗർഭ ജലവകുപ്പും

കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഒരു പ്രോജക്റ്റ് തയ്യാറാക്കണമെന്ന് നിയമസഭാ സബ്ജക്ട് കമ്മിറ്റി നിർദേശിച്ചിരുന്നു. ഇതിൻപ്രകാരം കേരള വാട്ടർ അതോറിറ്റി ജില്ല തിരിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കുടിവെള്ള ലഭ്യതയുടെ പ്രശ്നം മുഖ്യധാരയിലെടുത്ത് ക്ലബ്ബുതലത്തിലും കുടുംബശ്രീതലത്തിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയുണ്ടോ?

നിലവിൽ പദ്ധതികളൊന്നും തന്നെയില്ല. എന്നിരുന്നാലും ഭാവിയിൽ കുടിവെള്ള ലഭ്യതയുടെ പ്രശ്നം മുഖ്യധാരയിലെടുത്ത് ക്ലബുതലത്തിലും കുടുംബശ്രീതലത്തിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.

(ഇ) മണ്ഡലത്തിലെ തനത് വിദ്യാഭ്യാസ പദ്ധതിയായ അക്ഷര കൈരളിയുടെ ഉപവിഭാഗമായ സയൻഷ്യയുമായി ചേർന്ന് കുടിവെള്ള ശുദ്ധതാ നിർണ്ണയ പദ്ധതി ആവിഷ്കരിക്കാൻ സാധിക്കുമോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

ഹൈസ്കൂൾ, ഹയർ സെക്കൻഡറി എന്നീ തലങ്ങളിലെ വിദ്യാർഥി-വിദ്യാർഥിനികൾക്ക് കുടിവെള്ള ശുദ്ധത നിർണ്ണയിക്കുന്നതിനുള്ള പരിശീലനം നൽകാൻ കഴിയുന്നതാണ്. കുടിവെള്ള ശുദ്ധത നിർണ്ണയിക്കുന്നതിനാവശ്യമായ സാധനസാമഗ്രികൾ (ഫീൽഡ് ടെസ്റ്റ് കിറ്റ്) വിദ്യാഭ്യാസ വകുപ്പ് മുഖേനയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കാവുന്നതും കുടിവെള്ള ശുദ്ധതാ നിർണ്ണയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന വിദ്യാർഥി-വിദ്യാർഥിനികൾക്ക് ഉചിതമായ പ്രോത്സാഹനങ്ങൾ ബന്ധപ്പെട്ടതലങ്ങളിൽ നിർണ്ണയിച്ച് നൽകാവുന്നതുമാണ്.

**കൈതപ്പോയിൽ-കോടഞ്ചേരി-അഗസ്ത്യമുഴി റോഡിന്റെ പ്രവൃത്തി**

262(3020) <u>ശ്രീ. പി. ടി. എ. റഹീം:</u> സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ജലവിഭവ വകുപ്പ് കെ.ആർ.എഫ്.ബി.-ക്ക് അടച്ച പണത്തിൽ ബാക്കിയുള്ള തുക

മറ്റൊരു റോഡിന്റെ പ്രവൃത്തിക്കായി മാറ്റി നൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഒരു സ്കീമിന്റെ കീഴിൽ അടച്ച റോഡ് റെസ്റ്റോറേഷൻ തുക അതേ സ്കീമിന്റെ കീഴിലുള്ള മറ്റൊരു വർക്കിനുകൂടി ഉപയോഗിക്കുന്നതിന് ഭരണാനുമതിയിൽ തുകയുണ്ടെങ്കിൽ തടസ്സമില്ല. വർക്കുകളുടെ പുരോഗതിക്ക് ഗുണകരമാകുന്നതിനുവേണ്ടി നിർവഹണത്തിൽ കാലതാമസം ഒഴിവാക്കാൻ ഇത്തരത്തിൽ അനുമതി കൊടുക്കാറുണ്ട്.

(ബി) പി.എച്ച്. ഡിവിഷൻ അടച്ച തുകയിൽ ബാക്കിയുള്ള സംഖ്യ പ്രോജക്ട് ഡിവിഷന് നൽകരുതെന്ന് നിർദേശം നൽകിയിട്ടുണ്ടോ?

പി.എച്ച്. ഡിവിഷൻ, കോഴിക്കോട് ഓഫീസിൽനിന്നും നിർദേശം നൽകിയിട്ടില്ല.

(സി) കോഴിക്കോട് ജില്ലയിലെ കൈതപ്പോയിൽ-കോടഞ്ചേരി-അഗസ്ത്യമുഴി റോഡിന്റെ പ്രവൃത്തിക്കായി അടച്ചതിലെ ബാലൻസ് തുക, ആർ.ഇ.സി. - കൂടത്തായി റോഡിൽ ജൽജീവൻ മിഷന്റെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി അനുമതി നൽകണമെന്ന കേരള വാട്ടർ അതോറിറ്റി

പ്രോജക്ട് ഡിവിഷന്റെ അഭ്യർഥനപ്രകാരം പ്രസ്തുത തുക ഉപയോഗപ്പെടുത്തുന്നതിന് കത്ത് നൽകാൻ പി.എച്ച്. ഡിവിഷന് നിർദേശം നൽകാമോ?

കോഴിക്കോട് ജില്ലയിലെ കൈതപ്പോയിൽ-കോടഞ്ചേരി-അഗസ്ത്യമുഴി റോഡിന്റെ പ്രവൃത്തിക്കായി അടച്ചതിലെ ബാലൻസ് തുക അതേ പദ്ധതിയിൽ ഉൾപ്പെട്ട KRFB-യുടെ പുത്തൂർ-വെളിമണ്ണ, ചാത്തമംഗലം ഓമശ്ശേരി റോഡിലേയ്ക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് അടവാക്കിയിട്ടുണ്ട്. എന്നാൽ ആർ.ഇ.സി.-കൂടത്തായി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് റോഡ് കട്ടിംഗ് അനുമതിക്കുള്ള തുക അടവാക്കണമെന്നുകാണിച്ച് കോഴിക്കോട് പ്രോജക്ട് ഡിവിഷൻ ഓഫീസിൽ ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുകയ്ക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**കായംകുളം മണ്ഡലത്തിലെ ജൽജീവൻ മിഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ**

263(3021) <u>ശ്രീമതി യു. പ്രതിഭ:</u> സർ, താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ മിഷന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി കായംകുളം മണ്ഡലത്തിൽ പല റോഡുകളുടെയും വശങ്ങൾ പൊളിച്ചത് പൂർവസ്ഥിതിയിലേയ്ക്ക് ആക്കിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൊളിച്ച റോഡുകൾ എത്രയുംവേഗം പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉണ്ട്, കായംകുളം മണ്ഡലത്തിനുകീഴിൽ ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്ന പഞ്ചായത്തുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനായി റോഡിൽ ടാർ കട്ട് ചെയ്ത ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന കരാറുകാരനെക്കൊണ്ടുതന്നെ റോഡ് റെസ്റ്റൊറേഷൻ ചെയ്യുന്ന രീതിയിലാണ് കരാർ നൽകിയിരിക്കുന്നത്. പൈപ്പ് ലൈൻ പൂർത്തീകരിച്ചിട്ടുള്ള റോഡുകളിൽ അടിയന്തരമായി റോഡ് റെസ്റ്റൊറേഷൻ പ്രവൃത്തികൾ നടത്താൻ കരാറുകാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

### നാദാപുരം നിയോജകമണ്ഡലത്തിലെ ജൽജീവൻ പദ്ധതി

264(3022) <u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ ജൽജീവൻ പദ്ധതി നടപ്പാക്കാൻവേണ്ടി പൊതുമരാമത്തിന്റെയും ത്രിതല പഞ്ചായത്തുകളുടെയും കീഴിൽ പൊളിച്ച റോഡുകളുടെ പേരുവിവരം പഞ്ചായത്ത് തിരിച്ച് നൽകുമോ?

വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത റോഡുകൾ എന്നത്തേയ്ക്ക് പുനഃസ്ഥാപിക്കുമെന്ന് പറയാമോ?

ജൽജീവൻ മിഷൻ പദ്ധതിയിൻകീഴിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി മുറിച്ച മരുതോങ്കര, കാവിലുംപാറ, എടച്ചേരി എന്നീ പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളും പൊതുമരാമത്ത് റോഡുകളും കരാറുകാരൻതന്നെ പൂർവസ്ഥിതിയിലാക്കുന്ന രീതിയിലാണ് പ്രവൃത്തികൾക്ക് കരാർ നൽകിയിരിക്കുന്നത്. അതുപ്രകാരം പൈപ്പ് ലൈൻ സ്ഥാപിക്കാനായി മുറിച്ച റോഡുകൾ അടിയന്തരമായി പൂർവസ്ഥിതിയിലാക്കാനായി കരാറുകാർക്ക് കർശനനിർദേശം നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജൽജീവൻ പദ്ധതി നടപ്പാക്കിവന്നിരുന്ന തൂണേരി, വളയം, വാണിമേൽ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാദാപുരം, നരിപ്പറ്റ, കായക്കൊടി പഞ്ചായത്തുകളിലെ പഞ്ചായത്ത് റോഡുകൾ റീസ്റ്റോറേഷൻ ചെയ്യാനുള്ള തുക ഭരണാനുമതി തുകയിൽ ഉൾപ്പെട്ടിട്ടില്ലായിരുന്നു. എന്നാൽ മേൽപ്പറഞ്ഞ പഞ്ചായത്തിലെ റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾക്ക് 26-10-2023-ൽ പുതിയ ഭരണാനുമതി ലഭിക്കുകയുണ്ടായി. അതുപ്രകാരം പ്രവൃത്തികൾ ടെൻഡർ ചെയ്തെങ്കിലും ആദ്യ ടെൻഡറിൽ ഓഫർ കിട്ടിയിരുന്നില്ല. വീണ്ടും ടെൻഡർ ചെയ്തപ്പോൾ തൂണേരി, വളയം, വാണിമേൽ, നാദാപുരം പഞ്ചായത്തുകൾക്ക് ഓഫർ ലഭിക്കുകയുണ്ടായി. വാണിമേൽ പഞ്ചായത്തിലെ റോഡ് റീസ്റ്റോറേഷൻ പ്രവൃത്തിക്ക് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. തൂണേരി, വളയം, നാദാപുരം പഞ്ചായത്തുകളിലെ പ്രവൃത്തികൾക്ക് പ്രവൃത്തി ഉത്തരവ് നൽകാനുള്ള നടപടികൾ നടന്നുവരുന്നു. കായക്കൊടി, നരിപ്പറ്റ പഞ്ചായത്തുകളിലെ പഞ്ചായത്ത് റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾ പലതവണ ടെൻഡർ ചെയ്തെങ്കിലും ഓഫർ ലഭിച്ചിട്ടില്ല. ആദ്യഘട്ടത്തിൽ ചെയ്ത പ്രവൃത്തിയുടെ ഭാഗമായി കുഴിച്ച പൊതുമരാമത്ത് റോഡുകൾ റീസ്റ്റോറേഷൻ ചെയ്യാനുള്ള തുക പൊതുമരാമത്ത് വകുപ്പിന് അടവാക്കിയിട്ടുണ്ട്. പഞ്ചായത്ത്

റോഡുകളിൽ താൽക്കാലിക റീസ്റ്റോറേഷൻ നടത്തുകയും മൺസൂൺ കഴിയുന്നതോടെ സ്ഥിരമായ റീസ്റ്റോറേഷൻ നടത്തുകയും ചെയ്യുന്നതാണ്.

**ജൽജീവൻ പദ്ധതിയിലെ കേന്ദ്ര-സംസ്ഥാന വിഹിതം**

265(3023) ശ്രീ. എൻ. ഷംസുദ്ദീൻ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജൽജീവൻ മിഷൻ പദ്ധതിക്കായി സംസ്ഥാന സർക്കാർ ഓരോ വർഷവും അനുവദിച്ച തുക എത്രയാണ്; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജൽജീവൻ മിഷൻ പദ്ധതിക്കായി സംസ്ഥാന സർക്കാർ ഓരോ വർഷവും അനുവദിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത വർഷങ്ങളിൽ ഇതേ പദ്ധതിക്കായി കേന്ദ്രസർക്കാർ അനുവദിച്ച തുകയും അവയുടെ വിനിയോഗവും സംബന്ധിച്ച പൂർണ്ണവിവരം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത വർഷങ്ങളിൽ ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയും അവയുടെ വിനിയോഗവും സംബന്ധിച്ച പൂർണ്ണ വിവരം അനുബന്ധമായി ചേർക്കുന്നു.+

## പാലാ നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

266(3024) <u>ശ്രീ. മാണി സി. കാപ്പൻ:</u> സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ ജനങ്ങൾ കുടിവെള്ളക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പാലാ നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന കുടിവെള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. UWSS to Pala - Pala Municipality

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. ARWSS to Puliyannoor–Meenachil Akalakunnam Villages- മുത്തോലി കൊഴുവനാൽ പഞ്ചായത്ത്

3. ARWSS to Laalam–Vallichira–കരൂർ പഞ്ചായത്ത്

4. ARWSS to Ramapuram–രാമപുരം പഞ്ചായത്ത്

5. RWSS to Thalanadu - തലനാട് പഞ്ചായത്ത്

ടി പദ്ധതിയിൽ മുടക്കംകൂടാതെ പമ്പിംഗ് നടത്തിയും വിതരണ ശൃംഖലയിൽ വരുന്ന അറ്റകുറ്റപ്പണികൾ തീർത്തും ടി പദ്ധതികളുടെ പരിധിയിൽവരുന്ന പ്രദേശങ്ങളിൽ കാര്യക്ഷമമായി കുടിവെള്ള വിതരണം നടത്തിവരുന്നു.

പാലാ മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പ്രവൃത്തികളുടെ വിപുലീകരണത്തിനായി അമൃത് 2.0-ൽ ഉൾപ്പെടുത്തി 5.33 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കി. ഇവയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ജനങ്ങളുടെ ദുരിതം കണക്കിലെടുത്ത് പുതിയ കുടിവെള്ള കണക്ഷനുകൾ നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

അമൃത് 2.0/ജൽജീവൻ മിഷൻ എന്നീ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുജനങ്ങളുടെ അപേക്ഷയനുസരിച്ച് കുടിവെള്ള കണക്ഷനുകൾ നൽകി വരുന്നു.

**ജൽജീവൻ മിഷൻ പദ്ധതി**

267(3025) ശ്രീ. ജി. എസ്. ജയലാൽ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച് ഓരോ ജില്ലയിലെയും പുരോഗതിയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ജില്ല തിരിച്ചുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഇതുവരെ സംസ്ഥാനത്ത് 19.83 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇത് ജൽജീവൻ മിഷൻ പദ്ധതിയിൽ അനുമതി നൽകിയ കണക്ഷനുകളുടെ 36.42% വരും. സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നൽകിയ കണക്ഷനുകൾ ഉൾപ്പെടെ നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 53.47 ശതമാനം വീടുകളിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാണ്.

ജൽജീവൻ മിഷൻ പദ്ധതിക്കായി ഇതുവരെ ആകെ 9410.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 4661.92 കോടി രൂപ കേന്ദ്ര വിഹിതവും 4748.91 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. 2024-25 സാമ്പത്തിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷത്തേയ്ക്ക് ജൽജീവൻ മിഷൻ പദ്ധതിയുടെ കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് 1949.36 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ആദ്യ ഗഡുവായി 292.4 കോടി രൂപ ലഭിച്ചിട്ടുണ്ട്. കേന്ദ്രവിഹിതമായി ലഭിച്ച തുകയ്ക്ക് ആനുപാതികമായി സംസ്ഥാനവിഹിതമായി 285.58 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ജൽജീവൻ മിഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയ വകയിൽ കരാറുകാർക്ക് നിലവിൽ 3281.28 കോടി രൂപ നൽകാനുണ്ട്.

(ബി) ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്നത് സംബന്ധിച്ച സർക്കാർ നയം വിശദമാക്കുമോ?

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ സംസ്ഥാനത്ത് 19.83 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇത് ജൽജീവൻ മിഷൻ പദ്ധതിയിൽ അനുമതി നൽകിയ കണക്ഷനുകളുടെ 36.42% വരും.

സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ കണക്ഷനുകൾ ഉൾപ്പെടെ നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 53.47% വീടുകളിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാണ്. ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 44714.79 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

പദ്ധതി നിർവഹണത്തിനാവശ്യമായ സ്ഥലം ലഭിക്കുന്നതിലും പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് മറ്റു വകുപ്പുകളിൽനിന്നും അനുമതി ലഭ്യമാകുന്നതിലെ കാലതാമസവും കാരണം പദ്ധതിയിൽ തടസ്സങ്ങൾ നേരിടുന്നുണ്ട്. പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഫണ്ടിന്റെ ലഭ്യതക്കുറവ് പദ്ധതി നിർവഹണത്തിൽ കാലതാമസം വരുത്തുന്നുണ്ട്. പദ്ധതി നിർവഹണത്തിനാവശ്യമായ ഫണ്ട് ഉറപ്പാക്കി ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി ഗ്രാമീണമേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള

കണക്ഷനുകൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് പദ്ധതി നടപ്പാക്കുന്നത്.

**പൊതുടാപ്പുകൾ**

268(3026) ശ്രീ. ചാണ്ടി ഉമ്മൻ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള കണക്ഷൻ ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

കേരളത്തിലെ നഗരപ്രദേശങ്ങളിൽ ഏകദേശം 11.65 ലക്ഷം കുടുംബങ്ങളിലും ഗ്രാമപ്രദേശങ്ങളിൽ ഏകദേശം 33.21 ലക്ഷം കുടുംബങ്ങളിലും പൈപ്പ് കണക്ഷൻ ലഭ്യമാക്കാനുണ്ട്.

(ബി) കുടിവെള്ള കണക്ഷൻ ലഭിക്കാത്ത നിരവധി കുടുംബങ്ങൾ ഉണ്ടെന്നിരിക്കെ പൊതുടാപ്പുകളുടെ എണ്ണം കുറച്ചുകൊണ്ടുവരാൻ നടപടിയെടുത്തിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് എത്ര പൊതുടാപ്പുകൾ നീക്കം ചെയ്തിട്ടുണ്ടെന്ന കണക്കുകൾ നൽകാമോ?

സംസ്ഥാനത്ത് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല. പൊതുടാപ്പുകൾ സ്ഥാപിക്കുന്നതും നിലവിലുള്ളവ നിർത്തലാക്കുന്നതും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരമാണ്.

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് കുറവുവന്ന പൊതുടാപ്പുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

<u>മാർച്ച് 2019-ലെ പൊതുടാപ്പുകളുടെ എണ്ണം (DCB പ്രകാരം)</u>

പഞ്ചായത്ത് -1,53,993

മുൻസിപ്പാലിറ്റി - 31,209

കോർപ്പറേഷൻ -19,239

<u>മാർച്ച് 2024-ലെ പൊതുടാപ്പുകളുടെ എണ്ണം (DCB പ്രകാരം)</u>

പഞ്ചായത്ത് -86,335

മുൻസിപ്പാലിറ്റി - 24,550

കോർപ്പറേഷൻ - 15,065

ടി കാലയളവിൽ കുറവുവന്ന ടാപ്പുകളുടെ എണ്ണം

പഞ്ചായത്ത് - 67,658

മുൻസിപ്പാലിറ്റി - 6,659

കോർപ്പറേഷൻ - 4,174

(സി) ഇപ്രകാരം പൊതുടാപ്പുകളുടെ എണ്ണം കുറച്ചുകൊണ്ടുവരാനുള്ള തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്ക് നയിച്ച സാഹചര്യം വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് കേരള വാട്ടർ അതോറിറ്റി തീരുമാനമെടുത്തിട്ടില്ല. പൊതുടാപ്പുകൾ സ്ഥാപിക്കുന്നതും നിലവിലുള്ളവ നിർത്തലാക്കുന്നതും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരമാണ്. പുതിയവ സ്ഥാപിക്കുന്നതിനും വിച്ഛേദന പ്രവൃത്തിക്കുമുള്ള ഡെപ്പോസിറ്റ് തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം വാട്ടർ അതോറിറ്റി നിശ്ചയിച്ച് നൽകുന്നുണ്ട്. പ്രസ്തുത തുക അടച്ചതിനുശേഷമാണ് ടി പ്രവൃത്തികൾ നടത്തുന്നത്.

**കൊണ്ടോട്ടിയിൽ കിഫ്ബി ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതി**

269(3027) ശ്രീ. ടി. വി. ഇബ്രാഹിം: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ കിഫ്ബി ഫണ്ടുപയോഗിച്ച് കുടിവെള്ളമെത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്കുവേണ്ടി സമഗ്ര കുടിവെള്ള പദ്ധതിക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 03-11-2018-ലെ ഉത്തരവുപ്രകാരം 78.5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 108.698 കോടി രൂപയുടെ കിഫ്ബിയുടെ ഫണ്ടിംഗ് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്കായി ഒരു സമഗ്ര കുടിവെള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

(ബി) എത്ര പാക്കേജുകളായിട്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്നും ഓരോ പാക്കേജിലുമുള്ള പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി 6 പാക്കേജുകളായിട്ടാണ് നടപ്പാക്കിവരുന്നത്.

**<u>പാക്കേജ്-1</u>** - 19 ദശലക്ഷം ലിറ്റർ പ്രതിദിന ശുദ്ധീകരണശേഷിയുള്ള ശുദ്ധീകരണശാലയുടെ നിർമ്മാണം, റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവ 99% പൂർത്തീകരിച്ചിട്ടുണ്ട്. ജലശുദ്ധീകരണശാലയിലേയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഡെഡിക്കേറ്റഡ് ലൈൻ സ്ഥാപിക്കുന്നതിനായി 2.06 കോടി രൂപ കെ.എസ്.ഇ.ബി.-യിലേയ്ക്ക് അടവാക്കേണ്ടതുണ്ട്. ആയതിലേയ്ക്ക് ഫണ്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്.

**<u>പാക്കേജ്-2</u>**–ചമ്മലപ്പറമ്പിൽ 6 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജല സംഭരണി, മേലങ്ങാടിയിൽ 8 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി എന്നിവയുടെ നിർമ്മാണം, ഗ്രാവിറ്റി

മെയിൻ സ്ഥാപിക്കൽ, 35.13 കിലോമീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കൽ എന്നിവയുടെ പ്രവൃത്തി –91% പൂർത്തീകരിച്ചിട്ടുണ്ട്.

<u>**പാക്കേജ് –2 എ**</u> – കുമ്പളപ്പാറയിൽ 14 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി – 99% പൂർത്തീകരിച്ചു.

<u>**പാക്കേജ് –3 എ**</u> **–** 300 എംഎംഡിഐ മുതൽ 90 എംഎം പിവിസി വരെയുള്ള വിവിധതരം പൈപ്പുകൾ ഉപയോഗിച്ച് സോൺ 1, സോൺ 2, സോൺ 3 എന്നീ ഭാഗങ്ങളിൽ 128.63 കിലോമീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി – ഇതിൽ എൻ എച്ച് 966-ൽ പൈപ്പുകൾ സ്ഥാപിക്കേണ്ട പ്രവൃത്തികളൊഴികെ മറ്റു പ്രവൃത്തികൾ 100% പൂർത്തീകരിച്ചു.

<u>**പാക്കേജ് –3 ബി**</u> - കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളുൾപ്പെടുന്ന കുമ്പളപ്പാറ, മൂച്ചിക്കുണ്ട്, ചെരുപ്പടി (സോൺ 5 എ, സോൺ 5 ബി, സോൺ 6, സോൺ 7) എന്നീ പ്രദേശങ്ങളിലേയ്ക്ക് വിതരണ ശൃംഖലയും ബൂസ്റ്റർ സ്റ്റേഷനും സ്ഥാപിക്കുന്ന പ്രവൃത്തി – ടെൻഡർ

നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് 19-03-2024-ന് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്.

<u>പാക്കേജ് –3 എ (ബാലൻസ് വർക്ക്)</u> – പാക്കേജ് 3 എ പ്രവൃത്തിയിൽ അവശേഷിക്കുന്ന എൻ.എച്ച്. 966-ലൂടെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവ എച്ച്.ഡി.ഡി. മെത്തേഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി-ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് 06-06-2024-ന് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽനിന്നും പട്ടികജാതി കോളനികളായ മൂച്ചികുണ്ട്, എൻ.എച്ച്. കോളനി എന്നിവിടങ്ങളിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും അവ എങ്ങനെയാണ് പരിഹരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയിൽ പട്ടികജാതി സങ്കേതങ്ങളായ മൂച്ചിക്കുണ്ട്, എൻ. എച്ച്. കോളനി എന്നിവയുൾപ്പെടുന്ന ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനായി പ്രത്യേകം പാക്കേജ് 3 ബി പ്രവൃത്തി

ക്രമീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് 19-03-2024-ൽ പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. ഷാംജി നഗർ, ചെരുപ്പടി, അമ്പലപ്പടി, മൂച്ചികുണ്ട് എന്നിവിടങ്ങളിൽ ബൂസ്റ്റർ സ്റ്റേഷനുകളും ഉന്നതതല ജല സംഭരണികളും നിർമ്മിച്ച് ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതാണ്. ഈ ഭാഗങ്ങളിൽ വെള്ളമെത്തിക്കുന്നതിനായി നെടിയിരുപ്പ് ഭാഗത്ത് എൻ.എച്ച്. 966 ക്രോസ്സിംഗ് നടത്തേണ്ടതുണ്ട്. ആയതിനുള്ള പ്രവൃത്തി പാക്കേജ് 3 എ ബാലൻസ് പ്രവൃത്തിയായി ക്രമീകരിച്ച് കരാറുകാരന് 06-06-2024-ന് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്.

## കാലപ്പഴക്കം ചെന്ന ശുദ്ധജല വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

270(3028) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്ന ശുദ്ധജലവിതരണ പൈപ്പുകൾ യഥാസമയം മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ

വിശദീകരിക്കാമോ; ഇവ മാറ്റുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ജൽജീവൻ മിഷൻ, അമൃത്, കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, എം.എൽ.എ.എ.ഡി.എഫ്, എം.എൽ.എ. എസ്.ഡി.എഫ്., Drought relief work, RKI, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികൾ എന്നിവ മുഖേന കാലപ്പഴക്കം ചെന്ന ശുദ്ധജല പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റുകൾ സമർപ്പിക്കുകയും ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പാക്കുകയും ചെയ്യുന്നു.

വിവിധ റോഡുകളിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നതിന് എൻ.എച്ച്.എ.ഐ., കെ.ആർ.എഫ്.ബി., എൻ.എച്ച്. (Morth), പി.ഡബ്ല്യൂ.ഡി.-യിൽനിന്നും അനുമതി ലഭിക്കുന്നതിന് കാലതാമസവും പൈപ്പ് സ്ഥാപിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി ഡിമാന്റ് നോട്ടീസുപ്രകാരമുള്ള തുക അതത് വകുപ്പുകളിലേയ്ക്ക് അടവാക്കുന്നതിനായി ഫണ്ട് ലഭിക്കുന്നതിലെ കാലതാമസവുമാണ് നിലവിൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികളിൽ നേരിടുന്ന പ്രധാന തടസ്സങ്ങൾ.

സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജലനിധി നടപ്പാക്കുന്ന സാമൂഹ്യ കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്ന പദ്ധതിയിൽ (Sustainability Support to Community Managed Water Supply Schemes) പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനം നിലച്ച കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭൂജല വകുപ്പ് നടപ്പാക്കിയ ചെറുകിട കുടിവെള്ള വിതരണ പദ്ധതികളുടെ കാലപ്പഴക്കംമൂലം ഉപയോഗിക്കാൻ സാധിക്കാത്ത ജലവിതരണ പൈപ്പുകൾ ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം വകുപ്പിന്റെ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കാറുണ്ട്. നിലവിൽ ഇപ്രകാരം ചെയ്യുന്നതിന് തടസ്സങ്ങളൊന്നും തന്നെയില്ല.

(ബി) ഇത്തരത്തിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഇടയ്ക്കിടെ പൊട്ടുന്നത് കാരണം അറ്റകുറ്റപ്പണികൾക്കായി വൻതുക

ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഇപ്രകാരം ചെലവിട്ട തുകയുടെ വിവരങ്ങൾ വർഷം തിരിച്ച് നൽകാമോ?

കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഇടയ്ക്കിടെ പൊട്ടുന്നത് കാരണം അറ്റകുറ്റപ്പണികൾക്കായി കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കേരള വാട്ടർ അതോറിറ്റി ചെലവിട്ട തുകയുടെ വിവരങ്ങൾ, വർഷം തിരിച്ചുള്ള കണക്ക് താഴെച്ചേർക്കുന്നു.

| വർഷം | തുക ലക്ഷത്തിൽ |
|---|---|
| 2019-20 | 6712.89919 |
| 2020-21 | 7166.218 |
| 2021-22 | 8170.89304 |
| 2022-23 | 9160.41336 |
| 2023-24 | 7900.96741 |
| **ആകെ** | **39111.391** |

ഭൂജലവകുപ്പ് നടപ്പാക്കിയ കുടിവെള്ള പദ്ധതികളിലൊന്നും കാലപ്പഴക്കം ചെന്ന പൈപ്പുകൾ പൊട്ടുന്നത് കാരണം അറ്റകുറ്റപ്പണികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ കാലപ്പഴക്കം ചെന്ന ശുദ്ധജലവിതരണ പൈപ്പുകളെക്കുറിച്ചും അവയുടെ ഉപയോഗ കാലാവധിയെക്കുറിച്ചുമുള്ള വിവരങ്ങൾ വകുപ്പിൽ ലഭ്യമാണോ; ഇല്ലെങ്കിൽ പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നതിൽ വകുപ്പ് നേരിടുന്ന ബുദ്ധിമുട്ട് എന്തെന്നറിയിക്കുമോ?

കാലപ്പഴക്കം ചെന്ന ശുദ്ധജല വിതരണ പൈപ്പുകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണ്. എന്നാൽ അവയുടെ ഉപയോഗ കാലാവധിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. നിലവിലുള്ള പദ്ധതികളുടെ പൈപ്പ് ലൈനുകളുടെ വിവരങ്ങൾ GIS മേപ്പിൽ അടയാളപ്പെടുത്തിവരുന്നുണ്ട്. കൂടാതെ പൈപ്പ് ലൈനുകളുടെ വിശദമായ സ്കെച്ച് തയ്യാറാക്കി സൂക്ഷിക്കാറുണ്ട്. എന്നിരുന്നാലും വിവരം ക്രോഡീകരിക്കാൻ സാധിച്ചിട്ടില്ല.

**കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക നഷ്ടം**

271(3029) ശ്രീ. കെ. ജെ. മാക്സി: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരള വാട്ടർ അതോറിറ്റിക്ക് നിലവിൽ എത്ര ലക്ഷം ഗാർഹിക പൈപ്പ് കണക്ഷനുകളാണുള്ളതെന്നും അതിൽ പ്രവർത്തിക്കാത്ത

മീറ്ററുകളുടെ എണ്ണം എത്രയെന്നും ഇതുമൂലം അതോറിറ്റിയുടെ നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കുമോ?

05/2024-ലെ ഡി.സി.ബി.പ്രകാരം ആകെ ഗാർഹിക കണക്ഷനുകളുടെ എണ്ണം: 41,87,368.

കേടായ മീറ്ററുകളുടെ എണ്ണം: 27,887.

മീറ്ററുകൾ പ്രവർത്തിക്കാത്തതുകാരണം നിയമാനുസൃതമായ സർചാർജ് ഈടാക്കുന്നതിനാൽ വാട്ടർ അതോറിറ്റിക്ക് പ്രകടമായ നഷ്ടമുണ്ടാകുന്നില്ല. ഒരു വാട്ടർ മീറ്റർ പ്രവർത്തനരഹിതമായാൽ മുൻ ആവറേജ് പ്രകാരമാണ് ബില്ല് ചെയ്യുന്നത്.

മീറ്ററുകൾ പ്രവർത്തനരഹിതമാകുമ്പോൾ മുൻമാസത്തെ റീഡിംഗ് അനുസരിച്ചുള്ള തുകയാണ് വാട്ടർ ചാർജായി കണക്കാക്കുന്നത്. അതോടൊപ്പം ആദ്യ രണ്ടുമാസം ജല ഉപഭോഗത്തിന്റെ മുൻ ശരാശരി പ്രകാരമുള്ള വാട്ടർ ചാർജിന്റെ 25 ശതമാനവും അതുകഴിഞ്ഞുള്ള രണ്ട് മാസങ്ങളിൽ 50 ശതമാനവും ആറ് മാസം കഴിഞ്ഞാൽ 100 ശതമാനവും

സർചാർജായി ഈടാക്കുന്നുണ്ട്. ഇപ്രകാരം 100 ശതമാനം സർചാർജ് ഈടാക്കുന്നതിനാൽ ഗാർഹിക വിഭാഗം കണക്ഷനുകളിലെ മീറ്ററുകൾ പ്രവർത്തനരഹിതമായാലും കാര്യമായ നഷ്ടം വരുന്നില്ല.

മീറ്റർ തകരാറിലാണെന്ന് കണ്ടെത്തിയാൽ കേടായ വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനായി ഉപഭോക്താവിന് നോട്ടീസ് നൽകും. മൂന്ന് മാസത്തിനുശേഷവും കേടായ വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കാത്ത ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അണ്ടർ വാട്ടർ ലീക്ക്, ഗാർഹിക കണക്ഷനുകളിലെ ചോർച്ച എന്നിവ കാരണം വിതരണത്തിനായുള്ള വെള്ളത്തിന്റെ എത്ര ശതമാനം പ്രതിദിനം നഷ്ടപ്പെടുന്നുവെന്ന് അറിയിക്കാമോ; ഇതുമൂലം എത്ര തുകയുടെ നഷ്ടം പ്രതിവർഷം സംഭവിക്കുന്നുണ്ടെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കുമോ?

ആകെ ഉൽപാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിന്റെ പക്കലെത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും

തമ്മിലുള്ള വ്യത്യാസത്തെ വരുമാനരഹിത ജലമായാണ് (Non - Revenue Water) കണക്കാക്കുന്നത്.

കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉൽപാദനശേഷിയും ആകെ ബില്ല് ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വരുമാനരഹിത ജലത്തിന്റെ അളവ് (Non - Revenue Water) ഏകദേശം 35 - 40 ശതമാനത്തോളമാണെന്ന് കണക്കാക്കപ്പെടുന്നു.

അതോറിറ്റിയെ സംബന്ധിച്ച് ഭൗതിക നഷ്ടവും വാണിജ്യ നഷ്ടവും വേർതിരിച്ച് നിർണ്ണയിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. എങ്കിലും ആകെയുള്ള വരുമാനരഹിത ജലത്തിൽ അണ്ടർ വാട്ടർ ലീക്കുകൾ, ഗാർഹിക കണക്ഷനുകളിലെ ചോർച്ച, ജല മോഷണം, കണക്ഷനുകളിലെ മീറ്റർ തകരാറുകൾ തുടങ്ങിയവ ഉൾപ്പെടുന്നതാണ്.

പൈപ്പ് പൊട്ടലുകൾ കാരണമുള്ള ജലച്ചോർച്ച സമയബന്ധിതമായി പരിഹരിക്കുന്നതിനായി വിവിധ സോണുകളാക്കി തിരിച്ച് റണ്ണിംഗ് കോൺട്രാക്ടും കൂടാതെ അടിയന്തര സാഹചര്യങ്ങളിൽ ബ്ലൂബ്രിഗേഡ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ പൈപ്പ്

ലൈനിലെ ചോർച്ച കണ്ടെത്തുന്നതിനായി Leak detection equipment- ഉം ഉപയോഗിച്ചുവരുന്നു. നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയിട്ടുള്ള ലീക്ക് ഡിറ്റക്ഷൻ ഉപകരണം എല്ലാ സർക്കിൾ ഓഫീസുകളിലും വാങ്ങി നൽകിയിട്ടുണ്ട്.

(സി) വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം തരംതിരിച്ച് വ്യക്തമാക്കുമോ?

കേരള ജല അതോറിറ്റിക്ക് വാട്ടർ ചാർജിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക 31-05-2024-ലെ ഡി.സി.ബി. പ്രകാരം താഴെപ്പറയും പ്രകാരമാണ്.

1. ഗാർഹികം: 264.95 കോടി രൂപ

2. ഗാർഹികേതരം: 174.28 കോടി രൂപ

3. വ്യാവസായികം: 4.16 കോടി രൂപ

4. സ്പെഷ്യൽ : 4.82 കോടി രൂപ

5. ജലനിധി : 39.51 കോടി രൂപ

6. വാട്ടർ സപ്ലൈ to മാഹി : 0.82 കോടി രൂപ

7. മറ്റിനങ്ങൾ (ശബരിമല, തൃശ്ശൂർ കോർപ്പറേഷൻ, കോട്ടയം മെഡിക്കൽ കോളേജ് etc) : 54.26 കോടി രൂപ

8. എൽ.എസ്.ജി.ഡി.(പൊതുടാപ്പുകൾ): പഞ്ചായത്ത് - 389.91 കോടി രൂപ

മുനിസിപ്പാലിറ്റി - 393.78 കോടി രൂപ

കോർപ്പറേഷൻ - 253.11 കോടി രൂപ

**ആകെ : 1579.69 കോടി രൂപ**

(ഡി) വാട്ടർ അതോറിറ്റി നിലവിൽ നഷ്ടത്തിലാണോ അതോ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റി അതിന്റെ ആരംഭകാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽനിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരുപരിധിവരെ സഹായകരമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരിഫ് അനുസരിച്ച് ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കുന്ന വാട്ടർ ചാർജാണ് ജല

അതോറിറ്റിയുടെ പ്രധാന വരുമാനമാർഗം. കേരള വാട്ടർ അതോറിറ്റി ബോർഡ് അംഗീകരിച്ച് അക്കൗണ്ടന്റ് ജനറലിന് (ഓഡിറ്റ്) സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകൾപ്രകാരം 1000 ലിറ്റർ കുടിവെള്ളത്തിന് ഉൽപാദന പ്രസരണച്ചെലവ് 24.39 രൂപയായിരുന്നു. 2023-24 വർഷത്തെ പ്രൊവിഷണൽ വരവുചെലവ് കണക്കനുസരിച്ച് ഇത് 24.82 രൂപയായി വർധിച്ചു. അതേസമയം 1000 ലിറ്റർ കുടിവെള്ളത്തിന് വരുമാനമായി ലഭിച്ചത് 19.80 രൂപയാണ്. അതായത് 1000 ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് 5.02 രൂപ നഷ്ടമുണ്ടാകുന്നു. ജലശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നത് വാട്ടർ സപ്ലൈ റെഗുലേഷൻ ആക്ട് 1986 (1986-ലെ ആക്ട് 14) അനുസരിച്ചാണ്. ആക്ടിലെ വ്യവസ്ഥകളനുസരിച്ച് കുടിവെള്ളച്ചാർജ് ഫിക്സ് ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് ലാഭമോ നഷ്ടമോ ഇല്ലാത്ത

രീതിയിലായിരിക്കണമെന്നുണ്ട്. ആക്ടിലെ സെക്ഷൻ 15 സബ് സെക്ഷൻ (iii) അനുസരിച്ച് ഗവൺമെന്റിന്റെ അനുമതിയില്ലാതെ കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ താരിഫ് പുതുക്കാൻ സാധിക്കുകയില്ല.

വർഷാവർഷം വർധിച്ചുവരുന്ന ശമ്പളം, പെൻഷൻ, വൈദ്യുതിച്ചെലവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാ തിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്കനുസൃതമായി കുടിവെള്ള ചാർജിൽ വർധനവുണ്ടാകുന്നില്ല. ഇവയെല്ലാം കേരള വാട്ടർ അതോറിറ്റി നഷ്ടത്തിലാകാൻ കാരണമാകുന്നു.

കേരള വാട്ടർ അതോറിറ്റി ബോർഡ് അംഗീകരിച്ച് അക്കൗണ്ടന്റ് ജനറലിന് (ഓഡിറ്റ്) സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത വർഷത്തെ ആകെ നഷ്ടം 1312.34 കോടി രൂപയാണ്. സഞ്ചിത നഷ്ടം 6223.76 കോടി രൂപയാണ്.

31-03-2023-ലെ വാർഷിക കണക്കുപ്രകാരമുള്ള ബാലൻസ് ഷീറ്റിന്റെയും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെയും സംക്ഷിപ്ത രൂപം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള വാട്ടർ അതോറിറ്റിയുടെ 31-03-2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകൾ (പ്രൊവിഷണൽ) പ്രകാരം നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത വർഷത്തെ ആകെ നഷ്ടം 161.28 കോടി രൂപയാണ്. സഞ്ചിത നഷ്ടം 6385.04 കോടി രൂപയാണ്.

### കുണ്ടറ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

272(3030) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കുണ്ടറ, പേരയം എന്നീ പഞ്ചായത്തുകൾക്ക് നിലവിൽ BAWSS to Kundara & adjoining villages എന്ന കുടിവെള്ള പദ്ധതിയിലെ 16 MLD ജല ശുദ്ധീകരണശാലയിൽനിന്നും കുടിവെള്ള വിതരണം നടത്തിവരുന്നു. ഇളമ്പള്ളൂർ പഞ്ചായത്തിൽ RWSS to Elampalloor എന്ന കുടിവെള്ള

പദ്ധതിയിൽ ഉൾപ്പെടുത്തി മാമച്ചൻകാവ് എന്ന സ്ഥലത്ത് കുഴൽക്കിണറും, പുനക്കന്നൂർ ഹരിജൻ കോളനിയിൽ കിണറും കൂടാതെ പുനക്കന്നൂർച്ചിറ സ്രോതസ്സാക്കി 3 MLD ജലശുദ്ധീകരണശാലയിൽനിന്നും കുടിവെള്ള വിതരണം നടത്തിവരുന്നു.

കൂടാതെ നെടുമ്പന പഞ്ചായത്തിൽ JICA പദ്ധതിയും തൃക്കോവിൽവട്ടം പഞ്ചായത്തിൽ തൃക്കോവിൽവട്ടം ജലവിതരണ പദ്ധതിയും പെരിനാട്, കൊറ്റങ്കര പഞ്ചായത്തുകളിൽ നിലവിലുള്ള 20 കുഴൽക്കിണറിൽ നിന്നുള്ള ജലവും ഉപയോഗിച്ചാണ് ജലവിതരണം നടത്തിവരുന്നത്.

കുണ്ടറ നിയോജകമണ്ഡലത്തിലെ കൊറ്റങ്കര, ഇളമ്പള്ളൂർ, തൃക്കോവിൽവട്ടം എന്നീ ഗ്രാമപഞ്ചായത്തുകളിലായി ഭൂജല വകുപ്പ് 3 കുഴൽക്കിണറുകൾ നിർമ്മിച്ച് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഞാങ്കടവ് കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പെരിനാട് കുടിവെള്ള പദ്ധതിയുടെ നിലവിലെ പ്രവർത്തനപുരോഗതി വിശദമാക്കാമോ?

പെരിനാട് പഞ്ചായത്തിലേയ്ക്കുള്ള 5552 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന്റെയും 70.8 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 880 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 32.72 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്.

പെരിനാട് 16 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും നിർമ്മിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് work order നൽകിയിട്ടുണ്ട്. എത്രയും പെട്ടെന്ന് എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവൃത്തികൾ ആരംഭിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിപ്രകാരമുള്ള പഞ്ചായത്തുതല വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കുണ്ടറ നിയോജകമണ്ഡല പരിധിയിൽ നിലവിൽ എവിടെയെല്ലാമാണ് കുടിവെള്ള ടാങ്കുകളുടെ നിർമ്മാണം നടക്കുന്നതെന്ന് വ്യക്തമാക്കുമോ; അവയുടെ നിർമ്മാണപുരോഗതി വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെരിനാട് പഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്ന പ്രവൃത്തി നടപ്പാക്കുന്നുണ്ട്. ഈ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് work order നൽകിയിട്ടുണ്ട്. എത്രയും പെട്ടെന്ന് എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവൃത്തികൾ ആരംഭിക്കാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്.

കൊറ്റങ്കര പഞ്ചായത്തിൽ മാമ്പുഴ, മേക്കോൺ എന്നീ സ്ഥലങ്ങളിലാണ് കുടിവെള്ള ടാങ്കുകളുടെ (OHSR) നിർമ്മാണപ്രവൃത്തികൾ നടക്കുന്നത്. മാമ്പുഴയിൽ പ്രവൃത്തി പുരോഗമിക്കുന്ന 3 ലക്ഷം ലിറ്റർ ജലസംഭരണിയുടെ floor slab കോൺക്രീറ്റ് പ്രവൃത്തി പൂർത്തീകരിച്ചു. മേക്കോണിൽ നിർമ്മിക്കേണ്ട 8.5 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയുടെ setout പ്രവൃത്തി നടന്നുവരുന്നു.

**മലപ്പുറം മണ്ഡലത്തിലെ ജൽജീവൻ പ്രവൃത്തികളുടെ പുരോഗതി**

273(3031) <u>ശ്രീ. പി. ഉബൈദുള്ള:</u> സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ജൽജീവൻ പദ്ധതിയുടെ നിർവഹണ പുരോഗതി വെളിപ്പെടുത്തുമോ; ഓരോ പഞ്ചായത്തിലും എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിക്കുമെന്നും അറിയിക്കുമോ; പദ്ധതിക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ച വിവരം പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

മലപ്പുറം മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) മണ്ഡലത്തിൽ പദ്ധതിക്കായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിനും വിവിധ വകുപ്പുകൾക്ക് അടയ്ക്കേണ്ട തുക എത്രയെന്ന് ഓരോ പ്രവൃത്തിയും റോഡുകളുടെ പേരും സഹിതം വിശദമാക്കാമോ; ഇതിൽ എത്ര തുക ഇതിനകം നൽകിയെന്നും ഇനി ഏതെല്ലാം റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിനാണ് തുക നൽകാനുള്ളതെന്നും ഇപ്രകാരം നൽകാനുള്ള തുക എത്രയെന്നും അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി ചേർക്കുന്നു.[+]

(സി) പദ്ധതിയുടെ ഭാഗമായി വിവിധ പൊതുമരാമത്ത് റോഡുകൾ കട്ട് ചെയ്യുന്നതിനുള്ള അനുമതി ലഭിക്കാത്തതുമൂലം പദ്ധതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വിവിധ പൊതുമരാമത്ത് റോഡുകൾ കട്ട് ചെയ്യുന്നതിനുള്ള അനുമതിക്കുവേണ്ടി ROW-യിൽ അപേക്ഷിച്ചിട്ടും അനുമതി ലഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ മലപ്പുറം ഓഫീസുമായി നിരന്തരം ബന്ധപ്പെട്ട് അനുമതി ലഭ്യമാക്കാൻ വേണ്ട നടപടി എടുക്കുന്നുണ്ട്.

**ദേശീയപാതയിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് ലൈസൻസ് ഫീ**

274(3032) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോട്ടക്കൽ മണ്ഡലത്തിൽ കാടാമ്പുഴ പോലീസ് സ്റ്റേഷൻ മുതൽ കഞ്ഞിപ്പുര മൂടാൽ ബൈപ്പാസുവരെയുള്ള ഭാഗത്തെ ദേശീയപാതയിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി റോഡ് കട്ടിംഗ് അനുമതിക്ക് എൻ.എച്ച്.എ.ഐ.-ക്ക് ലൈസൻസ് ഫീ ഇനത്തിൽ ഒടുക്കേണ്ട 4,80,24,900/-രൂപ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ വാട്ടർ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ലഭിച്ചിട്ടുണ്ട്. ജൽജീവൻ മിഷൻ (ജെ.ജെ.എം.) സ്കീമിന്റെ സീനിയോറിറ്റി ലിസ്റ്റുപ്രകാരമാണ് തുക നൽകുന്നത്. പ്രസ്തുത തുക ലഭിക്കുന്നതിനായി ജെ.ജെ.എം. സ്കീമിന്റെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിട്ടുണ്ട്. (സീനിയോറിറ്റി നമ്പർ - 2169 തീയതി 28-11-2023).

(ബി) ദേശീയപാതയുടെ നിർമ്മാണം ത്വരിതഗതിയിൽ നടക്കുന്നതിനാൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി

അടിയന്തരമായി ലൈസൻസ് ഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിക്കായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡപ്രകാരം പദ്ധതിത്തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ വഹിക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന തുക ജെ.ജെ.എം. സ്കീമിന്റെ സീനിയോറിറ്റി ലിസ്റ്റുപ്രകാരമാണ് വീതിച്ച് നൽകുന്നത്. 2024-25 വർഷത്തിൽ കേന്ദ്ര സർക്കാർ 1949.36 കോടി രൂപയാണ് പദ്ധതിത്തുകയായി സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. അതിന്റെ ആദ്യഗഡുവായ 292.40 കോടി രൂപ ലഭിക്കുകയും ആയത് സീനിയോറിറ്റി ലിസ്റ്റുപ്രകാരം നൽകിക്കഴിഞ്ഞു. സംസ്ഥാന വിഹിതത്തിന്റെ ആദ്യഗഡു 285.58 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫണ്ട് നൽകുന്ന മുറയ്ക്കാണ് കരാറുകാർക്കും മറ്റു ചെലവുകൾക്കും (റോഡ് റെസ്റ്റോറേഷൻ, ലൈസൻസ് ഫീസ്, etc) നൽകുന്നത്. നൽകാനുള്ള തുക അനുവദിച്ച് എത്രയുംവേഗം പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## പൂഞ്ഞാർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ

275(3033) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്തടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+

**പദ്ധതിയുടെ വിശദാംശങ്ങൾ**

A. എരുമേലി ഗ്രാമപഞ്ചായത്ത്

ജൽജീവൻ മിഷൻ പദ്ധതിയിൽ എരുമേലി പഞ്ചായത്തിൽ 6 പ്രവൃത്തികളാണ് പൂർത്തീകരിച്ചുവരുന്നത്. ഈ പ്രവൃത്തികളിലൂടെ 113.46 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് കുടിവെള്ളകണക്ഷൻ നൽകി ശുദ്ധജലവിതരണം ഉറപ്പാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികളിലായി 93.1 കിലോമീറ്റർ പൈപ്പ് ലൈനുകളും ഇതിനോടകം നൽകിക്കഴിഞ്ഞു.

പാക്കേജ് 1 - ടി പ്രവൃത്തിയിൽ 12.5 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതിൽ 12.4 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പ്രവൃത്തി 96% പൂർത്തീകരിച്ചു.

പാക്കേജ് 2:- ടി പ്രവൃത്തിയിൽ 27.89 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതിൽ 24.94 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പ്രവൃത്തി 90% പൂർത്തീകരിച്ചു. NH-183 A-ൽ ലൈനുകൾ സ്ഥാപിക്കാനുള്ള അനുമതി MORTH-ൽനിന്നും ലഭിക്കാത്തതിനാൽ പദ്ധതി പ്രീക്ലോസ് ചെയ്തു.

പാക്കേജ് 3:- ടി പ്രവൃത്തിയിൽ 40.89 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതിൽ 24.86 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പ്രവൃത്തി 60% പൂർത്തീകരിച്ചു. NH-183 A-ൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കാനുള്ള അനുമതി MORTH-ൽ ലഭിക്കാത്തതിനാൽ പദ്ധതി പ്രീക്ലോസ് ചെയ്തു.

പാക്കേജ് 4:- ടി പ്രവൃത്തിയിൽ 14.5 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതിൽ 12 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പ്രവൃത്തി 70% പൂർത്തീകരിച്ചു. ടി പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

പാക്കേജ് 5:- ടി പ്രവൃത്തിയിൽ 17.680 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതിൽ 95% പൂർത്തീകരിച്ചു.

പാക്കേജ് 6: ടി പ്രവൃത്തിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും കണക്ഷനുകൾ നൽകുന്നതിനുമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. റോഡ് കട്ടിംഗ് അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

പാക്കേജ് 7:- പ്രീ ക്ലോസ് ചെയ്ത് 2, 3 പാക്കേജുകളിലെ ശേഷിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് ഈ പാക്കേജ് വിഭാവനം ചെയ്തിരിക്കുന്നത്. ടി പ്രവൃത്തിയിൽ 81.17 കിലോമീറ്റർ പൈപ്പ് ലൈനുകളാണ് സ്ഥാപിക്കേണ്ടത്. പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്.

B. പാറത്തോട് ഗ്രാമപഞ്ചായത്ത്

മണിമലയാർ പ്രതിദിനം ആറ് ദശലക്ഷം ലിറ്റർ സ്ഥാപിതശേഷിയോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ടി പദ്ധതിയിൽ

151.43 കി.മീ. പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതായുണ്ട്. മണിമലയാറിന്റെ തീരത്ത് വലിയകയം എന്ന സ്ഥലത്ത് 6 മീ. വ്യാസമുള്ള വെൽ കം പമ്പ് ഹൗസ് നിർമ്മിച്ച് അവിടെനിന്നും പമ്പ് ചെയ്യുന്ന ജലം, കൂരംതൂക്ക് നിർമ്മിക്കാനുദ്ദേശിക്കുന്ന ദിവസേന 6 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയിലെത്തിക്കുകയും തുടർന്ന് ശുദ്ധീകരിച്ച ജലം കൂരംതൂക്ക് (8 ലക്ഷം ലിറ്റർ സംഭരണശേഷി), നാട്ടുകാണി (2 ലക്ഷം ലിറ്റർ സംഭരണശേഷി), ചിറഭാഗം (5.75), പാലത്തറ കട്ടച്ചൽ ഭാഗം (2LL), പാലത്തറ ടോപ്പ് (2LL) എന്നിവിടങ്ങളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജലസംഭരണികളിലെത്തിച്ച് ജലവിതരണ ശൃംഖലകൾ (118.86 കി.മീ) സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തുന്നതിനുവേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ നിർമ്മാണപ്രവൃത്തികൾക്ക് മുന്നോടിയായുള്ള സർവെ നടപടികൾ, മണ്ണ് പരിശോധന, ഘടകങ്ങളുടെ ഡിസൈൻ എന്നിവ നടന്നുവരുന്നു.

C. കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്

ടി പദ്ധതിയിൽ (ജല സംഭരണി: 24 എണ്ണം, വിതരണ ശൃംഖല: 100.75km) ജല സംഭരണിയുടെ ഡിസൈൻ ജോലികൾ നടന്നുവരുന്നു.

D. പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്

ടി പദ്ധതിയിൽ (ജല സംഭരണി: 4 എണ്ണം, വിതരണ ശൃംഖല: 102.5km) ജല സംഭരണിയുടെ ഡിസൈൻ ജോലികൾ നടന്നുവരുന്നു. വിതരണ ശൃംഖല 25km പൂർത്തീകരിച്ചു.

E. പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്

ടി പദ്ധതിയിൽ (ജല സംഭരണി: 26 എണ്ണം, വിതരണ ശൃംഖല: 119.66km) ജല സംഭരണിയുടെ ഡിസൈൻ ജോലികൾ നടന്നുവരുന്നു. ജല സംഭരണിയുടെ 10 സ്ഥലങ്ങൾ ലഭിക്കാനുണ്ട്. വിതരണ ശൃംഖല 19.3 km പൂർത്തീകരിച്ചു.

F. തീക്കോയി ഗ്രാമപഞ്ചായത്ത്

ടി പദ്ധതിയിൽ (ജല സംഭരണി: 16 എണ്ണം, വിതരണ ശൃംഖല: 133km ) ജല സംഭരണിയുടെ ഡിസൈൻ ജോലികൾ നടന്നുവരുന്നു. വിതരണ ശൃംഖല 10 km പൂർത്തീകരിച്ചു.

G. തിടനാട്

ടി പദ്ധതിയിൽ (ജല സംഭരണി: 2 എണ്ണം, വിതരണ ശൃംഖല:130.67km) ജല സംഭരണിയുടെ ഡിസൈൻ ജോലികൾ നടന്നുവരുന്നു. വിതരണ ശൃംഖല 46 km പൂർത്തീകരിച്ചു.

H. മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

പാക്കേജ് 1:- (9 MLD ജലശുദ്ധീകരണശാല, 9 മീറ്റർ വ്യാസമുള്ള കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ - 400 മീറ്റർ - 5088 മീറ്റർ വിതരണ ശൃംഖല – 135.86 km) ഡിസൈൻ ജോലികൾ നടന്നുവരുന്നു, സൈറ്റ് ക്ലിയറിംഗ് കഴിഞ്ഞു.

പാക്കേജ് 2:- ടി പദ്ധതിയിൽ (ജല സംഭരണി: 4 എണ്ണം, വിതരണ ശൃംഖല: 171.85 km ) പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. വർക്ക് ഓർഡർ നൽകി.

<u>പാക്കേജ് 3:-</u> ടി പദ്ധതിയിൽ (ജല സംഭരണി: 2 എണ്ണം, വിതരണ ശൃംഖല: 47.44 km) പ്രവൃത്തി തുടങ്ങി റിവർ ക്രോസിംഗ് പ്രവൃത്തികൾ മഴമൂലം തടസ്സപ്പെട്ടു.

<u>I. കോരുത്തോട് ഗ്രാമപഞ്ചായത്ത്</u>

<u>പാക്കേജ് 4 :</u>- ടി പദ്ധതിയിൽ (ജല സംഭരണി: 1 എണ്ണം, വിതരണ ശൃംഖല: 82.65km) ജല സംഭരണിയുടെ ഡിസൈൻ ജോലികൾ നടന്നുവരുന്നു. വിതരണ ശൃംഖല 27 km പൂർത്തീകരിച്ചു. 199 HTC നൽകിയിട്ടുണ്ട്.

<u>പാക്കേജ് 5</u>:- ടി പദ്ധതിയിൽ (ജല സംഭരണി: 2 എണ്ണം, വിതരണ ശൃംഖല: 55.05km) വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. കരാർ നടപടി പുരോഗമിക്കുന്നു.

<u>പാക്കേജ് 6</u>:- ടി പദ്ധതിയിൽ (ജല സംഭരണി: 1 എണ്ണം, വിതരണ ശൃംഖല: 63.48km) പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പൈപ്പുകൾ ഓർഡർ നൽകി.

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ 2025 ജൂൺ മാസം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**അരുവിക്കര മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

276(3034) <u>ശ്രീ. ജി. സ്റ്റീഫൻ:</u> സർ, താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ജൽജീവൻ പദ്ധതി പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷനിലുൾപ്പെടുത്തി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ പഞ്ചായത്തുതിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറ്റിച്ചൽ, പൂവച്ചൽ പഞ്ചായത്തുകളിൽ ആവശ്യമായ ജലവിതരണ ശൃംഖലകൾ സ്ഥാപിക്കലും കുടിവെള്ള കണക്ഷനുകൾ നൽകലും ഉൾപ്പെടുന്ന പ്രവൃത്തികൾ പൂർത്തിയായി വരുന്നു. കൂടാതെ മണ്ണൂർക്കര, വീരണകാവ്, പെരുങ്കുളം വില്ലേജുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിർമ്മാണം പൂർത്തിയായ ജലശുദ്ധീകരണശാലയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. വൈദ്യുതി കണക്ഷൻ ലഭ്യമായാലുടൻതന്നെ ജലശുദ്ധീകരണശാലയുടെ ട്രയൽ റൺ നടത്തി ഈ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ള ജലസംഭരണികളിൽ ശുദ്ധജലമെത്തിക്കാനാകും. തുടർന്ന് ജലവിതരണ ശൃംഖലകൾ വഴി കുറ്റിച്ചൽ, പൂവച്ചൽ പഞ്ചായത്തുകളിലെ വിവിധ മേഖലകളിൽ ശുദ്ധജലമെത്തിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാനാവും.

ഉഴമലയ്ക്കൽ പഞ്ചായത്തിലെ ഏലിയാവൂരിൽ കരമന നദിയോടുചേർന്ന് 9.0 മീ. വ്യാസമുള്ള കിണറും പമ്പ് ഹൗസും മങ്ങാട്ടുപാറയ്ക്കടുത്ത് 11.5 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, 15 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള സംപ്, 7.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജല

സംഭരണി, ആര്യനാട് പഞ്ചായത്തിലെ പള്ളിവേട്ടയിൽ 9 ലക്ഷം ലിറ്റർ, വെട്ടിച്ചാൻകുന്നിൽ 5.5 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികൾ തുടങ്ങിയവയുടെ നിർമ്മാണവും റാ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ പൈപ്പ് ലൈനുകൾ, ജലവിതരണ ശൃംഖലകൾ, പമ്പ്സെറ്റുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുന്നു. ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ ഏതാണ്ട് 50% പൂർത്തിയായിട്ടുണ്ട്. ജലശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു, 25% പൂർത്തിയായി. കിണറിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണ പ്രവൃത്തികൾ 55% പൂർത്തിയായി. സമയബന്ധിതമായി അരുവിക്കര മണ്ഡലത്തിലെ എട്ട് പഞ്ചായത്തിലെ പ്രവൃത്തികളും പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അരൂർ മണ്ഡലത്തിലെ ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ**

277(3035) <u>ശ്രീമതി ദെലീമ:</u> സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പൈപ്പുകൾ നിരന്തരം പൊട്ടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഏതെങ്കിലും ഒരു പ്രദേശത്ത് പൈപ്പ് പൊട്ടുമ്പോൾ മണ്ഡലത്തിന്റെ ബഹുഭൂരിഭാഗം പ്രദേശത്തേയ്ക്കുമുള്ള കുടിവെള്ള വിതരണം നിർത്തിവയ്ക്കുന്നത് ജനങ്ങളെ വലിയതരത്തിൽ ദുരിതത്തിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉണ്ട്. മാക്കേക്കവലയിൽ സ്ഥിതിചെയ്യുന്ന ജലശുദ്ധീകരണശാലയിൽ നിന്നും പ്രധാന ജലവിതരണ കുഴലായ പമ്പിംഗ് മെയിനിലൂടെയാണ് ജിക്ക പദ്ധതിയുടെ സോൺ-3-ൽ ഉൾപ്പെട്ടിട്ടുള്ള അരൂർ മണ്ഡലത്തിൽ കുടിവെള്ളമെത്തിക്കുന്നത്. 800 എം.എം. മുതൽ 450 എം.എം. വരെ വ്യാസമുള്ള ഈ പമ്പിംഗ് മെയിനിലൂടെ ഉന്നതതല സംഭരണിയിൽ

ശുദ്ധജലം ശേഖരിച്ചാണ് വിതരണം നടത്തുന്നത്. ടി പമ്പിംഗ് മെയിനുകളിൽ കേടുപാടുകൾ സംഭവിച്ചാൽ ഉന്നതതല സംഭരണിയിലേയ്ക്ക് ജലമെത്തിക്കാൻ മറ്റ് മാർഗങ്ങൾ ഒന്നുംതന്നെ നിലവിലില്ല. അരൂർ മുതൽ തങ്കിക്കവല വരെയുള്ള 20 കി.മീ. ഭാഗത്ത് പമ്പിംഗ് മെയിനുകളും പ്രധാന വിതരണ കുഴലുകളും ദേശീയപാതയുടെ ഇരുവശങ്ങളിലുമായി നിലവിലുണ്ട്. ദേശീയപാതയുടെ വീതികൂട്ടലുമായി ബന്ധപ്പെട്ട് ഭാരമുള്ള വാഹനങ്ങൾ റോഡിലൂടെ നിരന്തരമായി കടന്നുപോകുമ്പോൾ പൈപ്പുകളിലേയ്ക്ക് അമിത സമ്മർദം ഉണ്ടാകുന്നതാണ് പൈപ്പുകൾ പൊട്ടുന്നതിന് കാരണമായിട്ടുള്ളത്. ആയത് അതീവ ശ്രദ്ധചെലുത്തി അടിയന്തരമായി പരിഹരിച്ച് ജലവിതരണം പുനഃസ്ഥാപിക്കുന്നുണ്ട്.

അരൂർ നിയോജകമണ്ഡലത്തിലേയ്ക്ക് വാൽവുകൾ ക്രമീകരിച്ച് ജലം ഉന്നതതല സംഭരണിയിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി വാൽവുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. കൂടാതെ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ദേശീയപാതയുടെ ഇരു വശങ്ങളിലുമായി സ്ഥാപിച്ചിരിക്കുന്ന ജലവിതരണ കുഴലുകളും വാൽവുകളും

മാറ്റി സ്ഥാപിക്കുന്ന മുറയ്ക്ക് അരൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുന്നതാണ്.

(സി) 2023 ജനുവരി മുതൽ 2024 മെയ് മാസംവരെ അരൂർ മണ്ഡലത്തിലെ ജപ്പാൻ കുടിവെള്ളത്തിനായുള്ള പ്രധാന പൈപ്പ് എത്ര തവണ പൊട്ടിയെന്നും പൊട്ടിയതിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ?

അരൂർ മണ്ഡലത്തിൽ നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് 21 തവണ പൈപ്പുകൾ പൊട്ടിയിട്ടുണ്ട്. നാഷണൽ ഹൈവേ നിർമ്മാണപ്രവൃത്തിയുമായി ബന്ധപ്പെട്ട് അമിതഭാരമുള്ള വാഹനങ്ങൾ റോഡിലൂടെ നിരന്തരമായി കടന്നുപോകുമ്പോൾ പൈപ്പുകളിലേയ്ക്ക് അമിത സമ്മർദമുണ്ടാകുന്നതാണ് പൈപ്പുകൾ പൊട്ടുന്നതിന് കാരണമായിട്ടുള്ളത്.

(ഡി) മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് നിലവിൽ കുടിവെള്ള ശേഖരണ ടാങ്ക് ഇല്ലാത്തതെന്നും പ്രസ്തുത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

തുറവൂർ പഞ്ചായത്തിൽ നിലവിൽ കുടിവെള്ള ടാങ്കില്ല. തുറവൂർ പഞ്ചായത്തിലേയ്ക്കുള്ള ജലസംഭരണിയുടെ പ്രൊപ്പോസൽ 13-07-2023-ന് കൂടിയ 6-ാമത് SLSSC-യിൽ സമർപ്പിച്ചെങ്കിലും ഈ പഞ്ചായത്തിൽ ഒറിജിനൽ ഭരണാനുമതിപ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കിയതിനാൽ അനുമതി ലഭ്യമാക്കാനായിട്ടില്ല.

(ഇ) തുറവൂർ പഞ്ചായത്തിൽ കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

തുറവൂർ പഞ്ചായത്തിൽ നിലവിൽ കുടിവെള്ള ടാങ്കില്ല. തുറവൂർ പഞ്ചായത്തിലേയ്ക്കുള്ള ജലസംഭരണിയുടെ പ്രൊപ്പോസൽ 13-07-2023-ന് കൂടിയ 6-ാമത് SLSSC-യിൽ സമർപ്പിച്ചെങ്കിലും ഈ പഞ്ചായത്തിൽ ഒറിജിനൽ ഭരണാനുമതിപ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കിയതിനാൽ അനുമതി ലഭ്യമാക്കാനായിട്ടില്ല.

**ഞാങ്കടവ് കുടിവെള്ള പദ്ധതി**

278(3036) <u>ശ്രീ. എം മുകേഷ്:</u> സർ, താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പാക്കിവരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കാമോ; പദ്ധതി എപ്പോഴത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം കോർപ്പറേഷനും സമീപ പഞ്ചായത്തായ കൊറ്റങ്കരക്കും വേണ്ടി കിഫ്ബി/അമൃത് ധനസഹായത്തോടെ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയാണിത്. കിഫ്ബിയിൽ ഉൾപ്പെടുത്തി 235 കോടി രൂപയും അമൃത് 1.0-ൽ ഉൾപ്പെടുത്തി 104.42 കോടി രൂപയും അമൃത് 2.0-ൽ ഉൾപ്പെടുത്തി 236.05 കോടി രൂപയും ഉൾപ്പെടെ ആകെ 575.4 കോടി രൂപയാണ് ഈ പദ്ധതിക്കായി ഭരണാനുമതി നൽകിയിരിക്കുന്നത്.

കൊല്ലം കോർപ്പറേഷനിലെ 4,11,336 ജനങ്ങളുടെയും കൊറ്റങ്കര പഞ്ചായത്തിലെ 47,456 ജനങ്ങളുടെയും വരുന്ന 30 വർഷത്തെ ജല ആവശ്യകത കണക്കാക്കി പ്രതിദിനം 100 ദശലക്ഷം ലിറ്റർ ശേഷിയിലാണ് പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. പ്രവർത്തനപുരോഗതി അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഞാങ്കടവ് പദ്ധതിയിൽപ്പെടുന്ന പമ്പ് സെറ്റ് ഉൾപ്പെടുന്ന (Sl. No. 5) പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

NH183-ൽ എലമ്പല്ലൂർ മുതൽ നന്ത്രിക്കൽവരെ ഒരു കിലോ മീറ്റർ പൈപ്പ് ഇടുന്ന പ്രവൃത്തിക്ക് (Sl. No. 4) NH MoRTH-ൽനിന്നും അനുമതി ലഭ്യമാകാത്തതിനാൽ മൈക്രോ ടണലിംഗ് മാർഗമുപയോഗിച്ച് പൈപ്പ് ഇടുന്നതിനുള്ള പ്രൊപ്പോസൽ പുതുക്കിയ ഫണ്ടിംഗ് അനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേല്പറഞ്ഞ ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്കും പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിച്ച് പൈപ്പ് ഇടുന്നതിനുള്ള NH MoRTH-ന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്കും ഈ പദ്ധതി പൂർത്തീകരിക്കാവുന്നതാണ്.

**മഞ്ചേശ്വരം മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

279(3037) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ജൽജീവൻ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരം പഞ്ചായത്ത് തിരിച്ച് കണക്ക് സഹിതം ലഭ്യമാക്കുമോ?

മഞ്ചേശ്വരം, വോർക്കാടി, പുത്തിഗെ, എൻമകജെ, കുമ്പള, മംഗൽപ്പാടി എന്നീ 6 പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയും മീഞ്ച, പൈവളിഗെ എന്നീ പഞ്ചായത്തുകളിൽ ജലനിധിയുമാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിലെ ജൽജീവൻ പദ്ധതിക്കായി കണ്ടെത്തിയ കുടിവെള്ള സ്രോതസ്സ് സംബന്ധിച്ച വിശദാംശം പഞ്ചായത്തുതിരിച്ച് ലഭ്യമാക്കുമോ?

മഞ്ചേശ്വരം-വോർക്കാടി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾക്ക് മഞ്ചേശ്വരം പഞ്ചായത്തിലെ ഉപ്പള പുഴയിലെ ആനക്കൽ പ്രദേശത്തുള്ള ഇൻടേക്ക് കിണർ സ്രോതസ്സായി ഉപയോഗിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുത്തിഗെ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്ക് മുളിയാർ പഞ്ചായത്തിലെ ചന്ദ്രഗിരി പുഴയിലെ ബാവിക്കര പ്രദേശത്തെ ഇൻടേക്ക് കിണർ സ്രോതസ്സായി ഉപയോഗിക്കുന്നു.

എൻമകജെ പദ്ധതിക്ക് ഷിറിയ പുഴയിലെ അടുക്കസ്ഥല പ്രദേശത്തെ ഇൻടേക്ക് കിണർ സ്രോതസ്സായി ഉപയോഗിക്കുന്നു.

കുമ്പള-മംഗൽപ്പാടി പദ്ധതിക്ക് ഷിറിയ പുഴയിലെ പൂക്കട്ട പ്രദേശത്തെ ഇൻടേക്ക് കിണർ സ്രോതസ്സായി ഉപയോഗിക്കുന്നു.

മീഞ്ച ഗ്രാമപഞ്ചായത്തിലെ ബാളിയൂർ, ബേരിക്ക, ബുദ്രിയ, ധൂമരക്കാട്, ഏലിയാന, സന്തടുക്ക, 2 വിവിധ സ്കീമുകളിൽ നിന്നുള്ള കണക്ഷനുകൾ എന്നിവയുടെ സ്രോതസ്സായി ഉപ്പള പുഴയും ദുർഗ്ഗിപ്പള്ള സ്കീമിന് സ്രോതസ്സായി തുറന്ന കിണറും 6 മൈക്രോ സ്കീമുകൾക്കായി കുഴൽ കിണറും സ്രോതസ്സായി കണ്ടെത്തിയിട്ടുണ്ട്.

പൈവളികെ ഗ്രാമപഞ്ചായത്തിലെ പൈവളികെ പദ്ധതി, കുരുടപദവു, വിവിധ സ്കീമുകൾ, പമ്പിംഗ് മെയിൻ, വിവിധ കുടിവെള്ള പദ്ധതികൾ പാക്കേജ്-2, പൈവളികെ പാക്കേജ്-2 എന്നിവയുടെ സ്രോതസായി ഉപ്പള

പുഴയും പെർമുദെ ചേവാർ പദ്ധതിക്കായി ഷിറിയ പുഴയും 6 മൈക്രോ കുടിവെള്ള പദ്ധതികൾക്കായി കുഴൽ കിണറും സ്രോതസ്സായി കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി ജലസ്രോതസ്സ് കണ്ടെത്താൻ കഴിയാത്ത പ്രദേശങ്ങളുടെ വിശദാംശം അറിയിക്കുമോ?

മീഞ്ച, പൈവളികെ ഗ്രാമപഞ്ചായത്തുകളിൽ കണ്ടെത്തിയ ജലസ്രോതസ്സുകൾ അനുയോജ്യമാണ്. എന്നിരുന്നാലും മീഞ്ച, പൈവളികെ പഞ്ചായത്തുകളിൽ കണ്ടെത്തിയ സ്രോതസ്സുകളിൽ വേനൽ രൂക്ഷമാവുന്നതിനനുസൃതമായി ജലലഭ്യതക്കുറവ് അനുഭവപ്പെടാൻ സാധ്യതയുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിൽ പദ്ധതിക്കായി എത്ര തുക ചെലവഴിച്ചെന്ന് പഞ്ചായത്തുതിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

(ഇ) പ്രസ്തുത പദ്ധതിയിലെ കരാറുകാർക്ക് തുക നൽകാനുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരാറുകാർക്ക് തുക നൽകാനുണ്ട്. കേരള വാട്ടർ അതോറിറ്റി പദ്ധതി നടപ്പാക്കുന്നതിനായി 6 പഞ്ചായത്തുകളിൽ കരാറുകാർക്ക് നൽകാനുള്ള തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്കുള്ള ജലവിതരണം**

280(3038) ശ്രീ. പി. വി. അൻവർ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്കുള്ള ജലവിതരണം ഇപ്പോൾ എങ്ങനെയാണ് നടത്തുന്നതെന്നും ദിവസവും എത്ര സമയമാണ് പമ്പിംഗ് നടത്തുകയെന്നും അറിയിക്കാമോ; നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പ്രതിദിനം എത്ര ലിറ്റർ വെള്ളത്തിന്റെ ഉപഭോഗമുണ്ടെന്നറിയിക്കാമോ?

നിലമ്പൂർ നഗര കുടിവെള്ള പദ്ധതിയുടെ ബംഗ്ലാവ്കുന്ന് ഭൂതല ജലസംഭരണിയിൽനിന്നും അരുവാക്കോട് ഭൂതല ജലസംഭരണിയിൽ നിന്നുമുള്ള വിതരണ ശൃംഖലകളിൽ നിന്നാണ് മലപ്പുറം ജില്ലയിലെ നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് ജലവിതരണം നടത്തുന്നത്. ഇരുപത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണിക്കൂറാണ് ദിവസവും ഇരുടാങ്കിലേയ്ക്കും പമ്പിംഗുള്ളത്. ഇതിൽ ബംഗ്ലാവ്കുന്ന് ടാങ്കിൽനിന്ന് ആശുപത്രിയിലേയ്ക്ക് മാത്രമായി 75 എം.എം. ലൈൻ വഴി 24 മണിക്കൂറും ജലം ലഭ്യമാകുന്നതാണ്. എന്നാൽ അരുവാക്കോട് ടാങ്കിൽനിന്നും ടാങ്ക് ഓപ്പൺ ചെയ്യുന്ന എട്ട് മണിക്കൂർ ദിവസവും ജലം ലഭ്യമാകുന്നതാണ്. കെ.ഡബ്ല്യൂ.എ. വിതരണ ലൈനിൽനിന്ന് പ്രതിദിനം ശരാശരി 100 കിലോലിറ്റർ വെള്ളത്തിന്റെ ഉപയോഗം കാണുന്നുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിലേയ്ക്ക് മാത്രമായി വിതരണ ലൈൻ സ്ഥാപിച്ചാണോ ജലവിതരണം നടത്തുന്നതെന്നും എവിടെയൊക്കെ നിന്നാണ് ജില്ലാ ആശുപത്രിയിലേയ്ക്ക് പമ്പിംഗ് നടത്തുന്നതെന്നും വ്യക്തമാക്കാമോ?

ബംഗ്ലാവ്കുന്ന് ടാങ്കിൽനിന്ന് ആശുപത്രിയിലേയ്ക്ക് മാത്രമായി 75 എം.എം. വിതരണ ലൈൻ നിലവിലുണ്ട്. നിലമ്പൂർ നഗരകുടിവെള്ള പദ്ധതിയുടെ ബംഗ്ലാവ്കുന്ന് ഭൂതല ജലസംഭരണിയിൽനിന്നും അരുവാക്കോട്

ഭൂതല ജലസംഭരണിയിൽ നിന്നുമുള്ള വിതരണ ശൃംഖലകളിൽ നിന്നുമാണ് ജലവിതരണം നടത്തുന്നത്.

(സി) നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്കുള്ള ജലവിതരണം 2023 ജനുവരി മുതൽ എത്ര ദിവസം, എത്ര തവണ മുടങ്ങിയെന്ന് തീയതിയും അതിനുള്ള കാരണവും സഹിതം അറിയിക്കാമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു.+

(ഡി) ആശുപത്രികൾപോലെ ജലവിതരണം തടസ്സപ്പെടാൻ പാടില്ലാത്ത സ്ഥലങ്ങളിലേയ്ക്ക് സമാന്തരമായി പുതിയ പമ്പിംഗ് ലൈനുകൾ സ്ഥാപിക്കുന്നതിന് സാധിക്കുമോ?

നിലവിലുള്ള സ്കീമിന്റെ ജലലഭ്യതയനുസരിച്ചും സമാന്തരമായ പുതിയ പമ്പിംഗ് ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ തുക നിക്ഷേപിക്കുന്നതനുസരിച്ചും സാധ്യമാണ്.

(ഇ) ജലസ്രോതസും പമ്പിംഗിനുള്ള സാഹചര്യവും നിലമ്പൂർ ജില്ലാ ആശുപത്രിക്ക് സമീപമുണ്ടോയെന്ന് അറിയിക്കാമോ; ഇതിനുവേണ്ട പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശുപത്രിയുടെ ദൈനംദിന ഉപയോഗത്തിനുതകുന്ന ശുദ്ധമായ ഭൂജല സ്രോതസ്സുകൾ ജില്ലാ ആശുപത്രിക്ക് സമീപമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാരണത്താൽ ഇതിനായി പ്രൊപ്പോസലുകൾ ഒന്നുംതന്നെ തയ്യാറാക്കിയിട്ടില്ല.

**കൊച്ചി നഗരത്തിൽ എ.ഡി.ബി. വായ്പ ഉപയോഗിച്ചുള്ള കുടിവെള്ള വിതരണ പദ്ധതി**

281(3039) ശ്രീ. ജി. എസ്. ജയലാൽ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ കുടിവെള്ള വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി എടുക്കാനുദ്ദേശിക്കുന്ന എ.ഡി.ബി. വായ്പയുടെ വ്യവസ്ഥകൾ വ്യക്തമാക്കുമോ?

തിരുവനന്തപുരം നഗരത്തിലും കൊച്ചി നഗരത്തിലും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും ജലച്ചോർച്ച ഒഴിവാക്കി 24 മണിക്കൂറും ഗുണനിലവാരമുള്ള കുടിവെള്ളം വിതരണം ചെയ്യുന്നതിന് ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക് (എ.ഡി.ബി.) വായ്പയോടെ കേരള അർബൻ വാട്ടർ

സർവീസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വരുമാനരഹിത ജലത്തിന്റെ അളവ് (NRW) 20%-ൽ താഴെയായി കുറയ്ക്കുകയും ക്രമേണ സാമ്പത്തികവും സേവന സുസ്ഥിരതയും കൈവരിക്കുകയും കെ.ഡബ്ല്യു.എ. ജീവനക്കാരുടെ പ്രവർത്തനശേഷി വർധിപ്പിക്കൽ, ബില്ലിംഗ് സംവിധാനങ്ങൾ, ഉപഭോക്തൃസേവന കേന്ദ്രങ്ങൾ, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി 07-02-2020-ലെ G.O (Ms) No.13/2020/WRD പ്രകാരം നൽകിയിട്ടുണ്ട്.

ടി പദ്ധതിയിൽ ആദ്യഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും അനുബന്ധ ഘടകങ്ങളുടെ വിപുലപ്പെടുത്തലും 10 വർഷത്തേയ്ക്കുള്ള വിതരണ ശൃംഖലയുടെ പരിപാലനവും അടങ്ങുന്ന പദ്ധതിയാണ്.

എ.ഡി.ബി.-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. ആദ്യഘട്ടത്തിൽ 170 മില്യൺ ഡോളറാണ് ടി പദ്ധതിക്കായി എ.ഡി.ബി. വായ്പയായി നൽകുന്നത്.

വായ്പാ വ്യവസ്ഥകൾ അനുസരിച്ച് കുറഞ്ഞത് 30% പ്രവൃത്തികളെങ്കിലും ദർഘാസ് നടപടികൾ പൂർത്തിയാക്കി അവാർഡ് ചെയ്യുന്ന ഘട്ടമെത്തിയാൽ മാത്രമേ കേരള സർക്കാരിനും കേന്ദ്ര സർക്കാരിനും ADB-യുമായി വായ്പാ കരാറിൽ ഏർപ്പെടാൻ കഴിയുകയുള്ളൂ.

(ബി) എ.ഡി.ബി. വായ്പ ഉപയോഗിച്ചുള്ള പ്രസ്തുത കുടിവെള്ള വിതരണ പദ്ധതിയുടെ നടപടിക്രമങ്ങളും ടെൻഡർ നടപടികളും വിശദമാക്കാമോ?

ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സ് (DEA)-യുടെ സ്ക്രീനിംഗ് കമ്മിറ്റി 19-12-2017-ൽ നടന്ന 78-ാമത് യോഗത്തിൽ ADB-യിൽനിന്ന് രണ്ട് ഘട്ടങ്ങളിലായി 250 ദശലക്ഷം യു.എസ്. ഡോളറിന്റെ സാമ്പത്തിക സഹായത്തിനുള്ള കേരള സർക്കാരിന്റെ നിർദേശം അംഗീകരിച്ചു.

പദ്ധതിപ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനും കാര്യക്ഷമമായ നടത്തിപ്പിനുമായി 21-04-2020-ലെ G.O (M.S) No.31/2020/WRD പ്രകാരം വിവിധ കമ്മിറ്റികൾ (ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതലത്തിലുള്ള സ്റ്റിയറിംഗ് കമ്മിറ്റി, സംസ്ഥാന ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല എംപവേർഡ് കമ്മിറ്റി (SLEC), മുഖ്യമന്ത്രി അധ്യക്ഷനായ അപെക്സ് കമ്മിറ്റി എന്നിവയും) രൂപീകരിച്ചിട്ടുണ്ട്.

ടി പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കാൻ SLEC കമ്മിറ്റിക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കും. പദ്ധതിയുമായി ബന്ധപ്പെട്ട് നയപരമായ തീരുമാനങ്ങളെടുക്കുകയും ഭരണാനുമതി നൽകുകയും പ്രോജക്ട് കാര്യങ്ങളുടെ ക്ലിയറൻസുകൾ വേഗത്തിലാക്കുകയും നിർവഹണ ഏജൻസിയായ ജലവിഭവ വകുപ്പിന് മാർഗനിർദേശങ്ങൾ നൽകുകയും കൂടാതെ പദ്ധതി ത്വരിതപ്പെടുത്തുന്നതിനാവശ്യമായ അനുമതികൾ ലഭ്യമാക്കാൻ സഹായിക്കുന്നതും SLEC-യുടെ ചുമതലയാണ്.

കൊച്ചി കോർപ്പറേഷനിൽ ആദ്യഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും

വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയാണ്. പദ്ധതിയുടെ കാലാവധി 10 വർഷമാണ്.

ഓപ്പറേറ്റ് ഡിസൈൻ, ബിൽഡ്, ഓപ്പറേറ്റ് & മെയിന്റയിൻ വ്യവസ്ഥയിൽ ആദ്യ 7 വർഷംകൊണ്ട് നിർമ്മാണപ്രവർത്തനങ്ങളും അനുബന്ധമായുള്ള അറ്റകുറ്റപ്പണികളും പൂർത്തിയാക്കി. തുടർന്നുള്ള 3 വർഷങ്ങളിലേയ്ക്കുള്ള അറ്റകുറ്റപ്പണികൾ മൊത്തമായും പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 10 വർഷക്കാലയളവിൽ പൂർണ്ണതയിലെത്തുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിപ്രദേശത്തെ പത്തു വർഷത്തെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും ഈ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

ഈ പദ്ധതിയിൽ കുടിവെള്ള വിതരണത്തിന്റെ ചുമതല, കേരള ജല അതോറിറ്റിയുടെ മേൽനോട്ടത്തിൽ കരാറെടുക്കുന്ന കമ്പനിക്ക് ആയിരിക്കുമെങ്കിൽത്തന്നെയും മീറ്റർ റീഡിംഗ് എടുക്കൽ, റവന്യൂ പിരിക്കൽ,

ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകൽ എന്നിവ കേരള ജല അതോറിറ്റി നിർവഹിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ടി പ്രവൃത്തിയിൽ താഴെപ്പറയുന്ന performance measures അടിസ്ഥാനമാക്കി വിലയിരുത്തൽ നടത്തിയാണ് കരാറുകാരന് ഓപ്പറേഷൻ & മെയിന്റനൻസ് ബില്ലിന് പണം നൽകുന്നത്.

- ജലത്തിന്റെ ഗുണനിലവാര പരിശോധനകൾ നടത്തുക.
- വാട്ടർ ഓർഡറുകൾ നൽകുക.
- ഉപഭോക്തൃ അന്വേഷണങ്ങളോടും പരാതികളോടും പ്രതികരിക്കുക.
- കുറഞ്ഞ മർദം നിലനിർത്തുക.
- വാർഷിക അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക.
- പ്രിവന്റീവ് മെയിന്റനൻസ് പ്രോഗ്രാം നൽകുക.
- യഥാർഥ നഷ്ടങ്ങൾ നിയന്ത്രിക്കുക.
- ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റങ്ങൾ പരിപാലിക്കുക.
- പ്രതിമാസ റിപ്പോർട്ടുകൾ കൈമാറുക.

പത്തുവർഷത്തെ കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് കൊച്ചി കോർപ്പറേഷനിലെ നവീകരിച്ചതും മെച്ചപ്പെട്ടതുമായ വിതരണ ശൃംഖലയും അനുബന്ധ ഘടകങ്ങളും ബാധ്യതാരഹിതമായി കേരള ജല അതോറിറ്റിക്ക് വിട്ടുനൽകാനും ജലവിതരണ സംവിധാനത്തിന്റെ പ്രവർത്തനക്ഷമതാ സൂചികകൾ കരാറിൽ പ്രതിപാദിച്ചിരിക്കുന്ന അളവിൽ നിലനിർത്തിക്കൊണ്ട് ജലവിതരണ സംവിധാനത്തിന്റെ പരിപാലനം നടത്താൻ ജല അതോറിറ്റിക്ക് കഴിയുംവിധമാണ് ജലവിതരണ സംവിധാനത്തെ കരാറുകാരൻ തിരികെ നൽകേണ്ടതെന്ന വ്യവസ്ഥയും ഈ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

10 വർഷക്കാലയളവിൽ പൂർത്തിയാക്കുന്ന ഈ Performance Based പദ്ധതിയുടെ എസ്റ്റിമേറ്റ്, GST ഉൾപ്പെടെ 945.20 കോടി രൂപയാണ്.

ഈ പ്രവൃത്തിക്കായുള്ള ദർഘാസ് https://etenders.kerala.gov.in-ൽ ബിഡ്ഡുകൾ 22-02-2023-ന് ക്ഷണിച്ചിട്ടുള്ളതാണ്. ബിഡ് സമർപ്പണത്തിന്റെ അവസാന സമയം 26-04-2023 മുതൽ 11-05-2023, 12-05-2023 വരെയും

ഒടുവിൽ 26-05-2023, 3.00 PM IST വരെയും corrigenda വഴി മൂന്നുതവണ നീട്ടി. അതനുസരിച്ച് രണ്ടു ബിഡ്ഡർമാർ ബിഡ്ഡുകൾ സമർപ്പിച്ചു.

ഈ പദ്ധതിയുടെ കരാർ സംബന്ധമായ വ്യവസ്ഥകൾ എല്ലാംതന്നെ "ADB Procurement policy and procurement regulations for ADB borrowers issued in 2017" പ്രകാരമാകണമെന്ന് എ.ഡി.ബി. നിബന്ധനകളിൽ നിഷ്കർഷിക്കുന്നു. ലഭ്യമായ ദർഘാസുകളുടെ സാങ്കേതികവും സാമ്പത്തികവുമായ മൂല്യനിർണ്ണയത്തിന് ADB-യുടെ "No Objection" 17-08-2023-ന് ലഭിക്കുകയുണ്ടായി. ബിഡ്ഡിംഗ് ഡോക്യുമെന്റുകൾ, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് 'ഗൈഡ് ഓൺ ബിഡ് ഇവാലുവേഷൻ ജൂൺ 2018' https://wwwadborq/sites/default/files/bidevaluation-guide-ലെ പ്രസക്തമായ ക്ലോസുകൾ അനുസരിച്ചാണ് പ്രൈസ് ബിഡുകൾ വിലയിരുത്തിയത്. 23-09-2023-ന് കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനിയുമായി "Price Negotiation" നടത്താനുള്ള ADB-യുടെ അനുമതിയും ലഭിച്ചു.

തുടർന്ന് മൂല്യനിർണ്ണയ റിപ്പോർട്ടും കരാർ സംബന്ധിച്ച രേഖകളും 21-04-2020-ലെ G.O.(Ms)No.31/2020/WRD പ്രകാരം രൂപീകരിച്ച State Level Empowered Committee-യിൽ വച്ച് അന്തിമാനുമതി നൽകുന്നതിനായി 21-12-2023-ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി.

ടെൻഡറിന് അനുമതി നൽകുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

**വർക്കല മണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതി**

282(3040) ശ്രീ. വി. ജോയി: സർ, താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതിക്കായി മുൻ സർക്കാരിന്റെ കാലയളവിൽ ഇരുപത് ശതമാനം ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താമോ?

2021-22 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നതനുസരിച്ച് 07-08-2023 തീയതിയിലെ കത്തുപ്രകാരം കേരള വാട്ടർ അതോറിറ്റി

പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി 2024-25 സാമ്പത്തിക വർഷത്തിൽ പരിഗണിക്കുന്നതിലേയ്ക്കായി പുതിയ പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെടുകയും പുതിയ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുകയും ചെയ്യുന്നു.

**പേരാമ്പ്ര മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

283(3041) ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ജൽജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ?

പേരാമ്പ്ര മണ്ഡലത്തിലെ പഞ്ചായത്തുകളിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു. +

(ബി) പ്രസ്തുത മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ടി കുഴിയെടുത്ത ഗ്രാമീണ റോഡുകളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പി.ഡബ്ല്യൂ.ഡി. റോഡുകളും യഥാസമയം പൂർവസ്ഥിതിയിലാക്കാത്തതുകൊണ്ട് വർഷകാലത്ത് റോഡുകളിലുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഈ മണ്ഡലത്തിൽ ജൽജീവൻ മിഷൻ പ്രവൃത്തിയുടെ കുഴികൾ കാരണം അപകടങ്ങളൊന്നുംതന്നെ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ജൽജീവൻ മിഷൻ പദ്ധതികൾക്കായി പഞ്ചായത്ത് അധീനതയിലുള്ള റോഡുകൾ കുഴിക്കുമ്പോഴുണ്ടാകുന്ന കുഴികൾ കരാർ വ്യവസ്ഥപ്രകാരം പൂർവസ്ഥിതിയിലാക്കുന്നത് കരാറുകാരൻ തന്നെയാണ്. കരാർ വ്യവസ്ഥയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പൊതുമരാമത്ത് റോഡ്, KSTP, KRFB, NH തുടങ്ങിയ റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിന് പണം അതത് റോഡ് വിഭാഗങ്ങളിൽ അടവാക്കി റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ അതത് റോഡ് വിഭാഗം മുഖേനയാണ് നടപ്പാക്കുന്നത്. പ്രസ്തുത റോഡുകളിൽ പൈപ്പ് സ്ഥാപിച്ചതിനുശേഷം താൽക്കാലിക റെസ്റ്റോറേഷൻ പ്രവൃത്തികൾ കേരള

വാട്ടർ അതോറിറ്റിയുടെ കരാറുകാരൻ മുഖാന്തരം നടത്തുന്നുണ്ട്. ജൽജീവൻ മിഷൻ പ്രവൃത്തികളിൽ നിലവിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് റോഡ്, റിസ്റ്റോറേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

**പുതുപ്പള്ളി മണ്ഡലത്തിലെ റോഡുകൾ പൂർവസ്ഥിതിയിലാക്കാൻ നടപടി**

284 (3042) ശ്രീ. ചാണ്ടി ഉമ്മൻ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി പുതുപ്പള്ളി മണ്ഡലത്തിലെ പാമ്പാടി പഞ്ചായത്തിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി പൊളിച്ച പൊതുമരാമത്ത് റോഡുകൾ പൂർവസ്ഥിതിയിലാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഇതിൽ വാട്ടർ അതോറിറ്റിയുടെ ഫണ്ടുപയോഗിച്ച് പൂർവസ്ഥിതിയിലാക്കാനുള്ള റോഡുകൾ ഏതൊക്കെയാണെന്നും ഇതിനായുള്ള തുക ലഭ്യമാണോയെന്നും വ്യക്തമാക്കാമോ?

ജൽജീവൻ മിഷന്റെ ഭാഗമായി പുതുപ്പള്ളി മണ്ഡലത്തിലെ പാമ്പാടി പഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച 41.81 കി.മീ. പൊതുമരാമത്ത്

റോഡുകളിൽ 13.3 കി.മീ. റോഡുകൾ തിരികെ കൈമാറിയിട്ടുണ്ട്. 20.03 കി.മി. പുനരുദ്ധാരണപ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി വിംഗിന് ക്വാളിറ്റി ടെസ്റ്റ് നടത്താനുള്ള അപേക്ഷ 20-04-2024-ൽ നൽകിയിട്ടുള്ളതാണ്. ബാക്കി റോഡുകളിൽ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കേരള വാട്ടർ അതോറിറ്റി ഫണ്ടുപയോഗിച്ച് പൂർവസ്ഥിയിലാക്കാനുള്ള റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

പാമ്പാടി പഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതികൾക്കായി 67.03 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പൊതുമരാമത്ത് റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിനായി 3.39 കോടി രൂപയുടെ പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വിഭാഗത്തിൽനിന്നും കൈമാറി ലഭിച്ചതിനുശേഷം നാളിതുവരെ വാട്ടർ അതോറിറ്റി ചെയ്ത പ്രവൃത്തികൾ, തീയതി സഹിതം വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വിഭാഗത്തിൽനിന്നും കൈമാറി ലഭിച്ചതിനുശേഷം നാളിതുവരെ വാട്ടർ അതോറിറ്റി ചെയ്ത പ്രവൃത്തികൾ, തീയതി സഹിതം അനുബന്ധമായി ചേർക്കുന്നു.+

(സി) ഇതിൽ ഏതൊക്കെ റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കാനുണ്ടെന്നും ആയതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ?

പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

**ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

285(3043) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u> സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കീഴിൽ ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആലത്തൂർ മണ്ഡലത്തിൽ ജൽജീവൻ പദ്ധതി മുഖേന ഓരോ പഞ്ചായത്തിലും അനുവദിച്ച തുക എത്രയാണെന്നും എത്ര കണക്ഷൻ നൽകാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എത്ര കണക്ഷൻ ഇതിനോടകം നൽകിയെന്നും ഇതിൽ ജലം ലഭിച്ച കണക്ഷനുകൾ എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) വാട്ടർ അതോറിറ്റിയുടെ കീഴിൽ ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ജൽജീവൻ മിഷൻ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടെ അനുബന്ധമായി ചേർക്കുന്നു.+

**വാട്ടർ അതോറിറ്റിയിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികകൾ**

286(3044) ശ്രീ. റോജി എം. ജോൺ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വാട്ടർ അതോറിറ്റിയിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് വിഭാഗത്തിൽ അനുവദനീയമായ എത്ര തസ്തികകളാണുള്ളതെന്നും പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലയിൽ ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്നും വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് എന്ന തസ്തികയാണുള്ളത്. കേരള വാട്ടർ അതോറിറ്റി കൊല്ലം ജില്ലയിൽ LD/UD ക്ലാർക്ക് വിഭാഗത്തിൽ അനുവദനീയമായ തസ്തിക 88 എണ്ണമാണ്. ഇതിൽ 4 ഒഴിവുകൾ നിലവിലുണ്ട്. ടൈപ്പിസ്റ്റ് വിഭാഗത്തിൽ അനുവദനീയമായ തസ്തിക 17 എണ്ണമാണ്. ഇതിൽ നിലവിൽ ഒഴിവുകളില്ല. സൂപ്പർന്യൂമററിയിൽപ്പെട്ട ഒരാൾ ഉൾപ്പെടെ 18 പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട്.

കേരള വാട്ടർ അതോറിറ്റിയിൽ സംസ്ഥാനാടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തിവരുന്നത്.

(ബി) പ്രസ്തുത തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലോ കരാറടിസ്ഥാനത്തിലോ വർക്കിംഗ് അറേഞ്ച്മെന്റിലോ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇല്ല.

**കഴനി-പഴമ്പാലക്കോട് റോഡിൽ ജൽജീവൻ മിഷൻ പൈപ്പിടൽ പ്രവൃത്തി**

287(3045) <u>ശ്രീ. പി. പി. സുമോദ്</u>: സർ, താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ നിയോജകമണ്ഡലത്തിലെ കഴനി-പഴമ്പാലക്കോട് റോഡിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായുള്ള പൈപ്പിടൽ പ്രവൃത്തി എന്ന് ആരംഭിച്ചുവെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

പൈപ്പിടൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ നിർദേശപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 23,32,793/- രൂപ 30-04-2024-ന് കേരള വാട്ടർ അതോറിറ്റി അടച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിൽനിന്നും അനുമതി ലഭ്യമായിട്ടില്ല. അനുമതി ലഭ്യമായാൽ പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കുറ്റ്യാടി മണ്ഡലത്തിലെ ചെരണ്ടത്തൂർ ചിറയിലെ വെള്ളം പമ്പിംഗ് സംബന്ധിച്ച്**

288(3046) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിലെ വെള്ളം പമ്പ് ചെയ്യുന്നതിനായി സ്ഥാപിച്ചിട്ടുള്ള മോട്ടോറുകൾ പ്രവർത്തനക്ഷമമാണോ; മോട്ടോറുകൾക്ക് ഇടയ്ക്കിടെയുണ്ടാകുന്ന തകരാറുകൾ യഥാസമയം പരിഹരിക്കുന്നുണ്ടോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിലെ വെള്ളം പമ്പ് ചെയ്യുന്നതിനായി യഥാക്രമം 60Hp, 40Hp, 10HP മോട്ടോറുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ 60HP, 10HP മോട്ടോറുകൾ പ്രവർത്തനക്ഷമമാണ്. 40HP മോട്ടോറിന് തകരാർ സംഭവിച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മോട്ടോറുകൾ പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

മോട്ടോറുകൾക്ക് കേടുപാടുകളുണ്ടാകുന്നപക്ഷം മെക്കാനിക്കൽ വിഭാഗത്തിന്റെ സഹായത്തോടെ അറ്റകുറ്റപ്പണി നടത്തിവരുന്നു.

(സി) മോട്ടോറുകൾ സ്ഥാപിച്ചിട്ടുള്ള ശോചനീയാവസ്ഥയിലുള്ള കെട്ടിടം പുനരുദ്ധരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വെങ്ങാടിക്കൽ പമ്പിംഗ് സ്റ്റേഷൻ പുനർനിർമ്മാണം - മണിയൂർ ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തി 2024-25 ബഡ്ജറ്റിൽ (അനുബന്ധം II വാല്യം II-ൽ പേജ് 4-ൽ ക്രമനമ്പർ 69) 100/- രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്. പമ്പ് ഹൗസ് പുതുക്കിപ്പണിയുന്നതിന് സ്ഥലപരിമിതിയുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**മത്സ്യഫെഡിൽ പ്രോജക്ട് ഓഫീസർ തസ്തിക**

289(3047) <u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യഫെഡിൽ 2023-ൽ നിലവിൽ വന്ന പ്രോജക്ട് ഓഫീസർ തസ്തികയിലേയ്ക്ക് എത്രപേരെ ഇതുവരെ നിയമിച്ചിട്ടുണ്ട്; ഈ തസ്തികയിൽ

എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്ത മുഴുവൻ ഒഴിവുകളും നികത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മത്സ്യഫെഡിൽ 2023 കാലയളവിൽ കേരള പബ്ലിക് സർവീസ് കമ്മീഷനിൽനിന്ന് 63 ഉദ്യോഗാർഥികളെ നിയമിക്കുന്നതിന് അഡ്വൈസ് മെമ്മോ ലഭിച്ചതിൻപ്രകാരം 63 പേർക്ക് നിയമന ഉത്തരവ് നൽകി. അതിൽ 62 പേർ ജോലിയിൽ പ്രവേശിച്ചു. ഇതിൽനിന്ന് 8 പേർ ജോലി രാജിവച്ചു. ടി തസ്തികയിൽ നിലവിലുള്ള 31 ഒഴിവുകൾ (1 NJD, 22 Fresh, 8 Resignation) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

290(3048) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യ ലഭ്യതയിൽ കുറവ് വരുന്നുണ്ടെന്ന വിഷയം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കടൽമത്സ്യ ലഭ്യത കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോൽപാദനം കൂടുന്നതായി കാണുന്നു.

കടൽമത്സ്യ ലഭ്യത കുറയുന്നതിന് നിരവധി കാരണങ്ങൾ ശ്രദ്ധയിൽപ്പെടുകയും ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വർധിച്ച മത്സ്യബന്ധന സമ്മർദം, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നുണ്ട്. ഓഖി, പ്രളയം പോലുള്ള പ്രകൃതിദുരന്തങ്ങളും സംസ്ഥാനത്തെ മത്സ്യസമ്പത്ത് കുറയുന്നതിന് ഒരുപരിധിവരെ കാരണമായി മാറിയിട്ടുണ്ട്. കോവിഡ് പ്രതിസന്ധിമൂലം മത്സ്യബന്ധനം നടക്കാതിരുന്നതും മത്സ്യോൽപാദനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതിന് കാരണമാണ്.

അത്തരം കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഉൽപാദനം കുറയുന്നത് തടയാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് മത്സ്യ വില നിശ്ചയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ?

മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനായി 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ആക്ടിൽ മത്സ്യത്തിന്റെ അടിസ്ഥാന വില നിശ്ചയിക്കുന്നതിനും വ്യവസ്ഥയുണ്ട്.

(സി) മത്സ്യത്തിന്റെ അമിതവില നിയന്ത്രിക്കുന്നതിന് വിപണിയിൽ ഇടപെടലുകൾ നടത്തുന്നുണ്ടോ?

ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് വഴി ഫിഷ് മാർട്ടുകളും അന്തിപ്പച്ച യൂണിറ്റുകളും നടത്തുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നിവർ മത്സ്യങ്ങളുടെ മൂല്യവർധിത ഉൽപന്നങ്ങൾ തയ്യാറാക്കി വിപണനം നടത്തിവരുന്നു. മത്സ്യത്തിന്റെ അമിതവില നിയന്ത്രിക്കുന്നതിനും മത്സ്യക്കർഷകർക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ഉറപ്പുവരുത്തുന്നതിനും വിപണിയിൽ ഇടപെടലുകൾ നടത്തുന്നതിനായി ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 25 മാർക്കറ്റിംഗ് ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ മത്സ്യഫെഡ് മുഖേന സർവീസ് സഹകരണ ബാങ്ക്/സംഘങ്ങളുമായി ചേർന്ന് വിവിധ നിയോജക മണ്ഡലങ്ങളിലായി 113 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾവഴി ഉൾനാടൻ മത്സ്യത്തിന്റെ വിപണനം നടന്നുവരുന്നു.

(ഡി) ആഴക്കടൽ മത്സ്യബന്ധനത്തിലൂടെയല്ലാതെ നദികളിൽനിന്നും കായലുകളിൽനിന്നും മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന്

എന്തെങ്കിലും നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി 2022-23 വർഷത്തിൽ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് ഓഫ് ഇൻലാൻഡ് റിസോഴ്സ്-ന്റെ ഭാഗമായും ഉൾനാടൻ ജലസ്രോതസ്സുകളിൽ 148.25 ലക്ഷം കാർപ്പ്/എട്രോപ്ലസ്/ഷ്രിംപ് എന്നീ മത്സ്യവിത്തുകൾ നിക്ഷേപിച്ചു. ആയതുവഴി മത്സ്യോൽപാദനം 2021-22 വർഷത്തിലെ 1.88MT-യിൽനിന്നും 2022-23 വർഷത്തിൽ 1.91MT-യിലേയ്ക്ക് ഉയർന്നിട്ടുണ്ട്. ഇതുമൂലം മത്സ്യബന്ധന സാധ്യത കൂടുതലായി. കൂടാതെ റിസർവോയർ പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്ത് 12 ഡാമുകളിലായി 4514.10 ഹെക്ടർ പ്രദേശത്ത് 80.05 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ഇതുവഴി ഡാമുകളിലെ തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകിച്ചും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ തൊഴിൽ ദിനങ്ങളുടെയും വരുമാനത്തിന്റെയും വർധനവിന് കാരണമായി.

(ഇ) സംസ്ഥാനത്ത് ശുദ്ധജല മത്സ്യകൃഷി നടത്തുന്ന യൂണിറ്റുകൾ എത്രയെണ്ണമുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

2023-24 വർഷത്തിൽ 9482.98 ഹെക്ടർ ശുദ്ധജലപ്രദേശം അർധ ഊർജിത മത്സ്യകൃഷി, കാർപ്പ് കൃഷി, ഒരു നെല്ലും ഒരു മീനും എന്നിവയ്ക്കായി ഉപയുക്തമാക്കി. 1800 ശുദ്ധജല കൂടുകൃഷി യൂണിറ്റ്, 241 ആർ.എ.എസ്., 515 ബയോഫ്ലോക്ക്, 3475 പടുതാകുളങ്ങളിലെ മത്സ്യകൃഷി യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചു. പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 614 ആർ.എ.എസ്., 706 അലങ്കാര മത്സ്യകൃഷി യൂണിറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

(എഫ്) ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനാവിഷ്കൃത/ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കിവരുന്നു. ജനകീയ മത്സ്യകൃഷി 2023-25 പദ്ധതിപ്രകാരം മത്സ്യകൃഷി വിപുലീകരിക്കുന്നതിനായി 7125.58 ലക്ഷം രൂപയുടെ അംഗീകാരം നൽകുകയും അതിൻപ്രകാരം അർധഊർജിത മത്സ്യകൃഷി, കുളങ്ങളിലെ മത്സ്യകൃഷി, കൂടുകൃഷി,

ആർ.എ.എസ്., ബയോഫ്ലോക്, ഒരു നെല്ലും ഒരു മീനും, പടുതാകുളങ്ങളിലെ മത്സ്യകൃഷി തുടങ്ങി വിവിധതരത്തിലുള്ള കൃഷിരീതികൾ നടപ്പാക്കുകയും കരിമീൻ, വരാൽ, കാർപ്പ്, കാരി, അനാബസ് മുതലായ വിവിധതരം മത്സ്യയിനങ്ങൾ കൃഷി ചെയ്യുകയുമുണ്ടായി. തോടുകൾ, കൈവഴികൾ, കനാലുകൾ മുതലായ ജലാശയങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും ഉൽപാദനം വർധിപ്പിക്കുന്നതിനുമായി മുൻവർഷം ജലാശയങ്ങളിൽ പ്രകൃതിദത്തമായ സാമഗ്രികളുപയോഗിച്ച് തടയണകൾ നിർമ്മിച്ച് മത്സ്യവിത്ത് നിക്ഷേപിച്ച് പരിപാലിച്ച് വളർത്തിയെടുക്കുന്ന എംബാങ്ക്മെന്റ് പദ്ധതി 25 ഹെക്ടറിൽ നടപ്പാക്കി. വിവിധ ജലാശയങ്ങളിൽ 35 യൂണിറ്റ് പെൻ (വളപ്പ്) യൂണിറ്റുകൾ നിർമ്മിച്ച് മത്സ്യവിത്ത് നിക്ഷേപിച്ച് പരിപാലിച്ചുവരുന്നു.

**മത്സ്യമേഖല മെച്ചപ്പെടുത്തുന്നതിനുള്ള മുരാരി കമ്മിറ്റി ശിപാർശകൾ**

291(3049) <u>ശ്രീ. കെ. വി. സുമേഷ്</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യമേഖല മെച്ചപ്പെടുത്തുന്നതിന് നിയോഗിച്ച മുരാരി കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമാണെന്നറിയിക്കാമോ?

സംസ്ഥാനത്തെ മത്സ്യമേഖല മെച്ചപ്പെടുത്തുന്നതിന് നിയോഗിച്ച മുരാരി കമ്മിറ്റി 1996 ഫെബ്രുവരിയിൽ 21 ശിപാർശകൾ അടങ്ങിയ ഒരു റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ ചുവടെ ചേർക്കുന്നു.

1. സംയുക്ത സംരംഭം/ചാർട്ടർ/ലീസ്/ടെസ്റ്റ് ഫിഷിംഗ് വഴി മത്സ്യബന്ധനത്തിന് നൽകുന്ന എല്ലാ പെർമിറ്റുകളും ആവശ്യമായ നിയമനടപടികൾക്ക് വിധേയമായി ഉടനടി റദ്ദാക്കണം.
2. സംയുക്ത സംരംഭം/ചാർട്ടർ/ലീസ്/ടെസ്റ്റ് ഫിഷിംഗ് യാനങ്ങൾ എന്നിവയ്ക്ക് മത്സ്യബന്ധനത്തിന് ഭാവിയിൽ പുതുക്കൽ, കാലാവധി ദീർഘിപ്പിക്കൽ അല്ലെങ്കിൽ പുതിയ ലൈസൻസ്/പെർമിറ്റുകൾ എന്നിവ നൽകരുത്.

3. മത്സ്യബന്ധനത്തിനുള്ള എല്ലാ ലൈസൻസുകളും/പെർമിറ്റുകളും പൊതുരേഖകളാക്കി അതിന്റെ പകർപ്പ് രജിസ്റ്റർ ചെയ്ത അതോറിറ്റിയുടെ ഓഫീസിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

4. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ അല്ലെങ്കിൽ 20 മീറ്ററിൽ താഴെ നീളമുള്ള യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളുപയോഗിച്ച് ഇതിനകം മത്സ്യബന്ധനം നടത്തുന്നതോ അല്ലെങ്കിൽ ഇടക്കാലത്തേയ്ക്ക് മത്സ്യബന്ധനം നടത്തുന്നതോ ആയ പ്രദേശത്ത് 1 & 7 ശിപാർശകൾക്ക് വിധേയമായി 3 വർഷത്തേയ്ക്ക് മാത്രം നിലവിൽ പ്രവർത്തിക്കുന്ന മത്സ്യബന്ധന യാനങ്ങൾ ഒഴികെ 20 മീറ്ററിൽ താഴെ നീളമുള്ള ഒരു മത്സ്യബന്ധന യാനത്തെയും മത്സ്യബന്ധനം നടത്താൻ അനുവദിക്കരുത്.

5. 20 മീറ്ററിൽ താഴെ നീളമുള്ള ഇന്ത്യൻ യന്ത്രവൽകൃത ബോട്ടുകൾക്ക് ഏകദേശം 70-90 മീറ്റർവരെ ആഴത്തിൽ മത്സ്യബന്ധനം നടത്താനുള്ള ശേഷിയുള്ളതിനാൽ പടിഞ്ഞാറൻ തീരത്ത്, ഖണ്ഡിക 4-ൽ പരാമർശിച്ചിരിക്കുന്ന യാനങ്ങൾ ഒഴികെ 20 മീറ്ററിൽ കൂടുതൽ നീളമുള്ള

എല്ലാ യാനങ്ങൾക്കും തീരത്തുനിന്ന് 150 മീറ്റർ ഡെപ്ത് ലൈൻ പ്രതിനിധീകരിക്കുന്ന ദൂരപരിധിക്ക് പുറത്തായിരിക്കണം. 100 നോട്ടിക്കൽ മൈൽ വരെയുള്ള 150 മീറ്റർ ആഴം 20 മീറ്ററിൽ താഴെ നീളമുള്ള ഇന്ത്യൻ മത്സ്യബന്ധന യാനങ്ങൾക്കായി നീക്കിവയ്ക്കണം. കിഴക്കൻ തീരത്ത് കന്യാകുമാരിയിൽനിന്ന് തുടങ്ങി, 20 മീറ്ററിൽ താഴെയുള്ള ഇന്ത്യൻ യാനങ്ങൾക്ക് 100 മീറ്റർ ആഴംവരെയോ അല്ലെങ്കിൽ 50 നോട്ടിക്കൽ മൈൽവരെയോ ഏതാണോ കൂടുതൽ അകലംവരെ ഖണ്ഡിക 4-ലെ ഇളവുകൾ ഒഴിച്ച് പ്രത്യേക പ്രവേശനം ഉണ്ടായിരിക്കും. തീരത്തുനിന്നുള്ള ആഴ മേഖലയെ നിർവചിക്കുന്നത് കോർഡിനേറ്റുകൾ മുഖാന്തരമായിരിക്കും. ദേശീയ ഹൈഡ്രോഗ്രാഫിക് ഓഫീസ്/കോസ്റ്റ് ഗാർഡ്/ഫിഷറി സർവെ ഓഫ് ഇന്ത്യ എന്നിവർ ദൂരം നിർണ്ണയിക്കും.

6. ആൻഡമാൻ & നിക്കോബർ, ലക്ഷദ്വീപ് ദ്വീപുകൾ എന്നിവയെ സംബന്ധിച്ചിടത്തോളം, കരയിൽനിന്ന് 50 നോട്ടിക്കൽ മൈൽ ദൂരം 20 മീറ്ററിൽ താഴെ നീളമുള്ള ഇന്ത്യൻ യാനങ്ങൾക്ക് മാത്രമായി ഖണ്ഡിക

4-ലെ ഉപാധികളോടുകൂടി സംവരണം ചെയ്യപ്പെടും. കൂടാതെ ദൂരം നിർവചിക്കുന്നതിൽ ദ്വീപുകൾക്കിടയിലുള്ള ജലപ്രദേശത്തിന്റെ ചില ഭാഗങ്ങൾ 50 നോട്ടിക്കൽ മൈൽ പരിധിക്ക് മുകളിലാണെങ്കിൽക്കൂടി ആവശ്യമെങ്കിൽ ഇന്ത്യൻ യാനങ്ങൾക്ക് മാത്രമായി സംവരണം ചെയ്യപ്പെടും.

7. 20 മീറ്ററിൽ കൂടുതൽ നീളമുള്ള യാനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുള്ള പ്രദേശങ്ങളിൽ ട്യൂണ, ട്യൂണ പോലുള്ള മത്സ്യങ്ങൾ, കൂന്തൽ, കണവ, ആഴക്കടൽ മത്സ്യങ്ങൾ, പെലാജിക് മത്സ്യങ്ങൾ എന്നിവയ്ക്കുവേണ്ടിയുള്ള വിഭവാധിഷ്ഠിത യാനങ്ങളെ ഇവ സ്ഥിരമായി ഇന്ത്യൻ ഉടമസ്ഥതയിലുള്ള രജിസ്റ്റർ ചെയ്ത യാനങ്ങളാണെങ്കിൽ ട്യൂണ ലോംഗ് ലൈനിംഗ്, ട്യൂണ പെഴ്സ് സീനിംഗ്, സ്ക്വിഡ് ജിഗ്ഗിംഗ്, മിഡ് വാട്ടർ ട്രോളിംഗ് എന്നിവയ്ക്കായി അനുവദിക്കാം. ഇന്ത്യൻ ഉടമകൾ കുറഞ്ഞത് 51 % കടത്തിനും ഇക്വിറ്റിക്കും ബാധ്യസ്ഥരായിരിക്കും.

8. പരമാവധി സുസ്ഥിരമായ ഉൽപാദനവും വിഭവങ്ങളുടെ സംരക്ഷണത്തിന്റെ ആവശ്യകതയും കണക്കിലെടുത്ത് വിവിധ

മത്സ്യബന്ധന പ്രദേശങ്ങൾക്കുള്ള മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിശ്ചയിക്കണം.

9. നമ്മുടെ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനും കടലിലെ സംഘർഷങ്ങൾ കുറയ്ക്കുന്നതിനും മത്സ്യത്തൊഴിലാളി സമൂഹവുമായി കൂടിയാലോചിച്ച് പാർലമെന്റ് ആഴക്കടൽ മത്സ്യബന്ധന നിയന്ത്രണങ്ങൾ നടപ്പാക്കണം.

10. പരമ്പരാഗത, ചെറിയ യന്ത്രവൽകൃത, വലിയ ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ തടയുന്നതിന് കോസ്റ്റ് ഗാർഡ് കർശനമായ ജാഗ്രത പാലിക്കണം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് കോസ്റ്റ് ഗാർഡിനെ ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും അത്യാധുനിക നാവിഗേഷൻ, നിരീക്ഷണം, ആയുധങ്ങൾ എന്നിവ ലഭ്യമാക്കി സാങ്കേതികമായി നവീകരിക്കുകയും വിദേശയാനങ്ങളുടെ അനധികൃത മത്സ്യബന്ധനം തടയാനും തദ്ദേശീയ യാനങ്ങൾ പ്രവർത്തിക്കുന്ന മേഖല നിരീക്ഷിക്കുന്നതിനും ശരിയായ ചുമതല

നൽകണം. കോസ്റ്റ് ഗാർഡിന് ചുമതല നിർവഹിക്കാൻ കഴിയുന്നില്ലെങ്കിൽ, പ്രത്യേക പ്രദേശങ്ങളിൽനിന്ന് ഒഴിവാക്കപ്പെട്ട യാനങ്ങൾ നിരോധനങ്ങൾ ലംഘിക്കുന്നില്ലെന്നുറപ്പാക്കാൻ മറ്റേതെങ്കിലും സംസ്ഥാന ഏജൻസിയെയോ കേന്ദ്ര ഏജൻസിയെയോ കണ്ടെത്തുന്നതാണ്.

11. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന സാങ്കേതിക നൈപുണ്യവും ഉപകരണങ്ങളും നവീകരിക്കുന്നതിനും കൂടാതെ യന്ത്രവൽകൃത ബോട്ടുകൾക്കും ഇന്ത്യൻ ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്കും ഓരോരുത്തർക്കും കാര്യക്ഷമമായി അതത് പ്രദേശത്ത് മത്സ്യബന്ധനം നടത്താൻ കഴിയുന്ന തരത്തിൽ അത്യാധുനിക തലത്തിലേയ്ക്ക് കഴിവ് ഉയർത്താൻ ലക്ഷ്യമിട്ടുള്ള നാവിഗേഷനും മത്സ്യബന്ധന ഉപകരണങ്ങൾക്കും പരമ്പരാഗത മേഖലയ്ക്ക് മുൻഗണന നൽകി മൂന്ന് വിഭാഗങ്ങളിലേയ്ക്കും ഇളവുകളോടെ ധനസഹായം ലഭ്യമാക്കുന്നതിനും വേണ്ട സജീവമായ നടപടികൾ സർക്കാർ കൈക്കൊള്ളണം.

12.പരമ്പരാഗതവും ചെറുകിട യന്ത്രവൽകൃത മേഖലയ്ക്കും ആവശ്യമായ ഇന്ധനം കൃത്യമായി വിതരണം ചെയ്യും എച്ച്.എസ്.ഡി. (High Speed Diesel)-യും മണ്ണെണ്ണയും നൽകിയും ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ കണക്കിലെടുത്ത് സബ്സിഡി നൽകിയും സഹായിക്കണം.

13. എല്ലാത്തരം കടൽ മത്സ്യബന്ധനവും ഒരു മന്ത്രാലയത്തിനുകീഴിൽ വരണം. മറ്റ് രാജ്യങ്ങളിൽ ഇത്തരം അതോറിറ്റികൾ പ്രവർത്തിക്കുന്ന രീതിയിൽ പ്രവർത്തിക്കാനും നയങ്ങൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും ഉത്തരവാദിത്വം വഹിക്കുന്നതിനും ഒരു ഫിഷറി അതോറിറ്റി ഓഫ് ഇന്ത്യ രൂപീകരിക്കുന്നതും സർക്കാർ പരിഗണിക്കണം.

14. ഫിഷറി സർവെ ഓഫ് ഇന്ത്യ ആധുനിക സാങ്കേതികവിദ്യയും ഉപകരണങ്ങളും ഉൾപ്പെടുത്തി സാങ്കേതികമായി നവീകരിക്കണം. അതിലൂടെ എല്ലാത്തരം മത്സ്യങ്ങളുടെയും ലഭ്യത, സ്ഥലം തിരിച്ചറിയാനും മാപ്പ് ചെയ്യാനും വിവിധ സാങ്കേതികവിദ്യകളുടെ

സ്വാധീനവും പാരിസ്ഥിതിക മാറ്റങ്ങളും പഠിക്കാൻ കഴിയും. ഇതിനായി നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസികളും ഫിഷറി സർവെ ഓഫ് ഇന്ത്യയും തമ്മിൽ കൃത്യമായ ഏകോപനവും സഹകരണവുമുണ്ടാകണം.

15. ബൈക്യാച്ച് കളയുന്നതിലൂടെ മത്സ്യസമ്പത്ത് പാഴാക്കുന്നത് തടയുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ മുൻഗണന നൽകണം. മത്സ്യത്തൊഴിലാളികളുടെയും അവരുടെ സഹകരണ സംഘങ്ങളുടെയും ഉൽപന്നങ്ങൾക്ക് മൂല്യവർധനയ്ക്കായി കോൾഡ് സ്റ്റോറേജുകൾ, ഐസ് ഫാക്ടറികൾ, മത്സ്യ സംസ്കരണ സൗകര്യങ്ങൾ, മത്സ്യ ഭക്ഷണം, തീറ്റ നിർമ്മാണ യൂണിറ്റുകൾ എന്നിവയുടെ ഒരു ശൃംഖല നൽകുന്നതിലൂടെ ഇത് നേടാനാകും.

16.കിഴക്ക് പടിഞ്ഞാറൻ തീരങ്ങളിലും ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ ദ്വീപ് ഗ്രൂപ്പുകളിലും നിലവിലുള്ളതും ആധുനികവുമായ നവീകരിച്ച യാനങ്ങൾക്ക് മത്സ്യബന്ധന തുറമുഖങ്ങൾ

പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ സൃഷ്ടിക്കാവുന്നതാണ്.

17. മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി വനിതകൾക്കും അവരുടെ സഹകരണ സ്ഥാപനങ്ങൾക്കും വിപണനത്തിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വലിയ യാനങ്ങൾ നവീകരിക്കുന്നതിനും ഏറ്റെടുക്കുന്നതിനും സാമ്പത്തിക സഹായം നൽകാവുന്നതാണ്.

18. മത്സ്യം കൈകാര്യം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും പുറമെ പുതിയ ഉപകരണങ്ങൾ, വലിയ യാനങ്ങൾ, പുതിയ മത്സ്യബന്ധന സാങ്കേതിക വിദ്യകൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ മത്സ്യത്തൊഴിലാളികളെ/മത്സ്യത്തൊഴിലാളി വനിതകളെ പരിശീലിപ്പിക്കുന്നതിന് സർക്കാർ മുൻഗണന നൽകണം.

19.വ്യവസായശാലകൾ പുറന്തള്ളുന്നതും സമുദ്രത്തെ പ്രതികൂലമായി ബാധിക്കുന്നതുമായ മാലിന്യങ്ങൾ/മലിനജലം എന്നിവയുടെ ഭീഷണി നേരിടാൻ സർക്കാർ ഫലപ്രദമായ നടപടികൾ കൈക്കൊള്ളണം.

20.കമ്മിറ്റിയുടെ ശിപാർശകളിൽ സർക്കാർ ആറുമാസത്തിനകം തീരുമാനമെടുക്കണം.

21.ആഴക്കടൽ മത്സ്യബന്ധന നയം 3-5 വർഷം കൂടുമ്പോൾ കാലാനുസൃതമായി പരിഷ്കരിക്കണം.

(ബി) മുരാരി കമ്മിറ്റി ശിപാർശകൾ നടപ്പാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

കേരള സർക്കാരും മറ്റ് സംസ്ഥാനങ്ങളും നിരന്തരം സമ്മർദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ മുരാരി കമ്മിറ്റിയുടെ ആകെ 21 ശിപാർശകളിൽ 1-ഉം 7-ഉം ശിപാർശകളിൽ ഭേദഗതികൾ വരുത്തി, 21 ശിപാർശകളും കേന്ദ്രസർക്കാർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി വായ്പകൾക്ക് മൊറട്ടോറിയം**

292(3050) <u>ശ്രീമതി ഉമ തോമസ്</u>: സർ, താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളി വായ്പകൾക്ക് മൊറട്ടോറിയം അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ എത്രപേർക്ക് നാളിതുവരെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ട്രോളിംഗ് നിരോധന സമയത്ത് മാത്രമായി മത്സ്യത്തൊഴിലാളി വായ്പകൾക്ക് മൊറട്ടോറിയം അനുവദിച്ചിട്ടില്ല, എന്നാൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ്, കടാശ്വാസ ബിൽ നിയമസഭാ സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും കമ്മിറ്റി സിറ്റിംഗുകൾ പ്രഖ്യാപിക്കുകയും ചെയ്തിരുന്ന പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഒരു അടിയന്തര സമാശ്വാസ നടപടിയെന്ന നിലയ്ക്ക് അവർ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ വായ്പാ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽ നിന്നും സ്വീകരിച്ച വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നുവരുന്നതോ ആയ റിക്കവറി നടപടികൾക്ക് 2007 മുതൽ മൊറട്ടോറിയം ഏർപ്പെടുത്തുകയും തുടർന്ന് മൊറട്ടോറിയം കാലാവധി 30-06-2022 വരെ ദീർഘിപ്പിച്ച് നൽകുകയും

ചെയ്തിരുന്നു. പ്രസ്തുത കാലയളവിനുള്ളിൽ 1,35,560 അപേക്ഷകൾ കടാശ്വാസ കമ്മീഷൻ തീർപ്പാക്കിയിട്ടുണ്ട്. മൊറട്ടോറിയം ഉത്തരവ് മേൽപറഞ്ഞ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബാധകമായിരുന്നു.

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക**

293(3051) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ആകെ എത്ര തുക വകയിരുത്തിയിരുന്നുവെന്നും എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി ഇനത്തിൽ 19486 ലക്ഷം രൂപയാണ് മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും ക്ഷേമവികസന പ്രവർത്തനങ്ങൾക്കും തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി വകയിരുത്തിയിട്ടുള്ളത്. അതിൽ 19465 ലക്ഷം രൂപ

ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമെ പദ്ധതിയേതര ഇനത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്യുന്നതിനായി 25 കോടി രൂപ വകയിരുത്തുകയും റീ-അപ്രോപ്രിയേഷൻ മുഖേന ലഭ്യമായ തുകയുൾപ്പെടെ 40.94 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മണ്ണെണ്ണ സബ്സിഡി അനുവദിക്കുന്നതിന് 45 കോടി രൂപ വകയിരുത്തുകയും 17.49 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം**

294(3052) <u>ശ്രീ. എം. വിൻസെന്റ്</u>: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസാനുകൂല്യം 2024-2025 അക്കാദമിക് വർഷത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാൻ എത്ര കോടി രൂപയാണ് ആവശ്യമായി വരുന്നതെന്നും എത്ര കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്നും വിശദമാക്കുമോ?

2024-25 അക്കാദമിക് വർഷത്തിൽ ലഭിക്കുന്ന അപേക്ഷകളുടെ അർഹതയ്ക്കനുസരിച്ചുമാത്രമേ അനുവദിക്കേണ്ട തുക കൃത്യമായി കണക്കാക്കാൻ കഴിയുകയുള്ളൂ. എന്നിരുന്നാലും മുൻവർഷങ്ങളിൽ അനുവദിച്ചുനൽകിയ ആനുകൂല്യത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷം ഏകദേശം 54.04 കോടി രൂപ ആനുകൂല്യ വിതരണത്തിന് ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു.

2024-25 വർഷത്തിൽ 2405-00-121-97-00-12-NV (Non Plan) എന്ന ശീർഷകത്തിൽ 27.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പോസ്റ്റ് മെട്രിക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ 2405-00-103-80 (plan) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 928.2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) മെഡിക്കൽ പി.ജി. പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ഫീസാനുകൂല്യം അനാവശ്യ കാരണങ്ങൾ പറഞ്ഞ് ഉദ്യോഗസ്ഥർ തടഞ്ഞുവച്ചിരിക്കുന്ന പരാതികൾ പരിഹരിക്കാനായി നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

മത്സ്യത്തൊഴിലാളികളുടെ മെഡിക്കൽ പി.ജി. വിദ്യാർഥികളായ മക്കളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ തടഞ്ഞുവച്ചിട്ടില്ല. അപേക്ഷകർ സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത നിലവിലുള്ള മാർഗരേഖകൾപ്രകാരം പരിശോധിച്ച് അർഹരായവർക്ക് ആനുകൂല്യം അനുവദിച്ചുവരുന്നു.

(സി) മത്സ്യത്തൊഴിലാളികളുടെ വിവാഹിതരായ പെൺകുട്ടികൾക്ക് വിദേശ ധനസഹായ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസാനുകൂല്യങ്ങൾ തടഞ്ഞുവച്ചിരിക്കുന്നുവെന്ന പരാതി പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് ജി.ഒ.(എം.എസ്)നം. 47/2014/മ.തു.വ. പ്രകാരം പുറപ്പെടുവിച്ച നിലവിലുള്ള മാർഗനിർദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ വിവാഹിതരായ പെൺമക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് വ്യക്തമായ

പരാമർശമില്ല. ആയതിനാൽ ടി ഉത്തരവിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അനുവദിച്ചുവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ, വരുമാനപരിധി അടിസ്ഥാനമാക്കി മത്സ്യത്തൊഴിലാളികളുടെ വിവാഹിതരായ പെൺമക്കൾക്കുകൂടി അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) വിവാഹിതരായ പെൺകുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസാനുകൂല്യത്തിനായി അപേക്ഷിക്കാൻ മത്സ്യത്തൊഴിലാളിയുടെ മകളെന്ന സർട്ടിഫിക്കറ്റ് മത്സ്യത്തൊഴിലാളി ക്ഷേമനിധി-പ്രാദേശിക മത്സ്യഭവൻ ഓഫീസുകൾ നിരസിക്കുന്നത് സർക്കാർ നിർദേശം നൽകിയിട്ടാണോയെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ അനധികൃതമായി സർട്ടിഫിക്കറ്റ് നിരസിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

മത്സ്യത്തൊഴിലാളിയുടെ വിവാഹിതരായ പെൺമക്കൾക്ക് അവരുടെ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതുസംബന്ധിച്ച് രണ്ട് പരാതികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം റീജിയണൽ

ഓഫീസിൽ ലഭിച്ചിരുന്നു. ഈ രണ്ട് പരാതികളും പരിഹരിച്ചിട്ടുണ്ട്. വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിനുവേണ്ടി മത്സ്യത്തൊഴിലാളിയുടെ മകൻ/മകൾ എന്ന സർട്ടിഫിക്കറ്റ് കാലതാമസംകൂടാതെ അനുവദിക്കുന്നതിന് ഫിഷറീസ് ഓഫീസർമാർക്ക് മത്സ്യബോർഡ് രേഖാമൂലം നിർദേശം നൽകിയിട്ടുണ്ട്.

(ഇ) മത്സ്യത്തൊഴിലാളികളുടെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് തലത്തിലുള്ള മക്കളുടെ വിദ്യാഭ്യാസാനുകൂല്യം 2023-2024 അധ്യയന വർഷത്തിൽ എത്ര വിദ്യാർഥികൾക്കാണ് മത്സ്യബന്ധന വകുപ്പ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; അതിൽ പ്രൊഫഷണൽ കോഴ്സ് ചെയ്യുന്ന വിദ്യാർഥികളുടെ എണ്ണം പ്രത്യേകമായി നൽകാമോ?

2023-24 അധ്യയന വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസാനുകൂല്യ ഇനത്തിൽ പ്രീമെട്രിക് തലത്തിലുള്ള 12,693 വിദ്യാർഥികൾക്കും പോസ്റ്റ്മെട്രിക് തലത്തിലുള്ള 22,413 വിദ്യാർഥികൾക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

പോസ്റ്റ് മെട്രിക് തലത്തിൽ ആനുകൂല്യം അനുവദിച്ചതിൽ 3,167 വിദ്യാർത്ഥികൾ പ്രൊഫഷണൽ കോഴ്സ് ചെയ്യുന്നവരാണ്.

**മത്സ്യ വിപണനമേഖലയിലെ സ്റ്റാഫ് യൂണിറ്റുകളുടെ പ്രവർത്തനം**

295(3053) <u>ശ്രീ. പി. മമ്മിക്കുട്ടി</u> സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വനിതകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് സ്ഥിരമായ തൊഴിലും വരുമാനവും ലഭിക്കുന്നില്ലെന്നതാണ്. തൊഴിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനായി കൊള്ളപ്പലിശക്കാരെയും പണമിടപാടുകാരെയും ആശ്രയിക്കേണ്ടതായി വരുന്നു. ഇത് ഒഴിവാക്കി മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്ഥിരമായ തൊഴിലും വരുമാനവും

നൽകുന്നതിന് സാഫ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) മത്സ്യവിപണനമേഖലയിലെ സ്റ്റാഫ് യൂണിറ്റുകളുടെ പ്രവർത്തനം വിശദമാക്കാമോ; യൂണിറ്റുകളുടെ പ്രവർത്തനംമൂലം എന്തെല്ലാം പ്രയോജനങ്ങളാണ് മത്സ്യമേഖലയ്ക്കുണ്ടാകുന്നതെന്ന് വിശദമാക്കാമോ?

സാഫ് മുഖേന ആരംഭിച്ച ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകളിൽ മത്സ്യവിപണന യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന അംഗങ്ങളാണ് ഇതിലെ ഗുണഭോക്താക്കൾ. സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമായി കണ്ടെത്തുന്നു. സാഫിന്റെ കീഴിൽ 69 മത്സ്യവിപണന യൂണിറ്റുകളിലായി 142 മത്സ്യത്തൊഴിലാളി വനിതകൾ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ മത്സ്യമേഖലയിലെ 142 കുടുംബങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. ഇതുവഴി ഇവരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

കൂടാതെ മത്സ്യവില്പനയിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കായി കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ സി.എസ്.ആർ. ഫണ്ടുപയോഗിച്ച് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) രൂപകല്പന ചെയ്ത 20 ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിലൂടെ 43 മത്സ്യത്തൊഴിലാളി വനിതകൾക്ക് പ്രയോജനം ലഭിച്ചു. ഗുണനിലവാരമുള്ള മത്സ്യം ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും വൃത്തിയാക്കിയ മത്സ്യം വിപണനം നടത്തുന്നതിനും ഇതിലൂടെ സാധിക്കുന്നു.

**വനിതാ മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള പദ്ധതികൾ**

296(3054) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ. കെ. ആൻസലൻ:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u> സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകളെ സ്വകാര്യ ധനമിടപാടുകാരുടേയും കൊള്ളപ്പലിശക്കാരുടേയും ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(ബി) അതിൽ ദേശീയ ധനകാര്യ വികസന കോർപ്പറേഷനുകളുടെ (എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി.) സഹായത്തോടു കൂടിയുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

(എ&ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽനിന്നും മുക്തരാക്കുകയെന്ന ഉദ്ദേശ്യത്തോടെ സാഫ് മുഖേന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (J L G) പദ്ധതി നടപ്പാക്കിവരുന്നു. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്നത്. ഈ പദ്ധതിയിലൂടെ

പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം (ഒരു ഗ്രൂപ്പിന് 50000/- രൂപ) വരെ പലിശരഹിത റിവോൾവിംഗ് ഫണ്ട് നൽകുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കുമെന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പുവരുത്താൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർഘട്ടങ്ങളിൽ അനുവദിക്കുന്നു. 1050 ജെ.എൽ.ജി. യൂണിറ്റുകളിലായി 5250 മത്സ്യത്തൊഴിലാളി വനിതകൾക്ക് റിവോൾവിംഗ് ഫണ്ടനുവദിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 200 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 40 ജെ.എൽ.ജി. യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യഫെഡ് മുഖേന പലിശരഹിത വായ്പാ പദ്ധതി, മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി, ടേം വായ്പാ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. ദേശീയ ധനകാര്യ സ്ഥാപനങ്ങളായ എൻ.ബി.സി.എഫ്.ഡി.സി,

എൻ.എം.ഡി.എഫ്.സി. എന്നിവയിൽനിന്നും ടി പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ വായ്പത്തുക കണ്ടെത്തുന്നു.

(സി) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നും മത്സ്യം നേരിട്ട് മത്സ്യഫെഡ് സംഭരിക്കുന്നതുവഴി മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുള്ള സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഇടനിലക്കാരില്ലാതെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽനിന്നും മത്സ്യം നേരിട്ട് മത്സ്യഫെഡ് സംഭരിക്കുന്നതുവഴി മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ വില ലഭിക്കുന്നുണ്ട്.

**ഹരിപ്പാട് മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ**

297(3055) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശവും നിർവഹണ പുരോഗതിയും വ്യക്തമാക്കുമോ?

ഹരിപ്പാട് മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശവും നിർവഹണ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.+

(ബി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർവഹിക്കുന്ന വീയപുരം ജി.ജി.എച്ച്.എസ്.എസ്., കാർത്തികപ്പള്ളി ജി.യു.പി.എസ്. എന്നിവിടങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റ് നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

5 സ്കൂളുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തി ഒരു പാക്കേജായിട്ടാണ് ടെൻഡർ ചെയ്തതും ആരംഭിച്ചതും. ഇതിൽ കാർത്തികപ്പള്ളി, വീയപുരം എന്നീ സ്കൂളുകൾ ഒഴികെ മറ്റ് മൂന്ന് സ്കൂളുകളിൽ പ്രവൃത്തി പൂർത്തീകരിച്ചു. കാർത്തികപ്പള്ളി,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വീയപുരം സ്കൂളുകളുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാൻ വൈകിയതിനാൽ ആ സ്കൂളുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തിയിൽ നിന്ന് കരാറുകാരൻ ഒഴിവായി. ഈ സാഹചര്യത്തിൽ നിലവിലുണ്ടായിരുന്ന കരാർ 3 സ്കൂളുകളുടെ പ്രവൃത്തിയിൽ ചുരുക്കി. ബാക്കി തുകയ്ക്ക് കാർത്തികപ്പള്ളി, വീയപുരം സ്കൂളുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തി ഏർപ്പാടാക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി**

298(3056) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന ഭവന നിർമ്മാണത്തിനായി 2011 മുതൽ 2016 വരെയുള്ള ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും നിർമ്മിച്ച് നൽകിയ വീടുകൾ എത്രയെന്നും വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പുമുഖേന ഭവന നിർമ്മാണത്തിനായി 2011 മുതൽ 2016 വരെയുള്ള ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും നിർമ്മിച്ച് നൽകിയ വീടുകൾ സംബന്ധിച്ച വിവരവും അനുബന്ധമായി ചേർക്കുന്നു.+

(ബി) ലൈഫ് പദ്ധതിയിൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നൽകിയെന്നും ഈ ഇനത്തിൽ ഓരോ വർഷവും എത്ര തുക ചെലവായെന്നും വ്യക്തമാക്കുമോ?

ലൈഫ് ഭവന പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഓരോ സാമ്പത്തിക വർഷവും എത്ര ഭവനങ്ങൾ നൽകിയെന്ന വിവരം ലൈഫ് മിഷൻ തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നിരുന്നാലും ലൈഫ് ഭവന പദ്ധതി മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയാണ് നടപ്പാക്കിയിട്ടുള്ളത്. ലൈഫ് ഭവന പദ്ധതിയിലൂടെ ടി വിഭാഗങ്ങളിൽപ്പെട്ടവർക്ക് വീട് അനുവദിക്കുന്നതിനാൽ ഭവനനിർമ്മാണ ധനസഹായ ഇനത്തിൽ 4,00,000/- രൂപ ലഭിക്കുന്നു. ലൈഫ് ഭവന പദ്ധതിയിലൂടെ സംസ്ഥാനത്തെ 15290 മത്സ്യത്തൊഴിലാളി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടുംബങ്ങൾക്ക് വീട് അനുവദിച്ചതിൽ 15-06-2024 വരെ 12723 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഫിഷറീസ് വകുപ്പ് മുഖേനയുള്ള ഭവന നിർമ്മാണ പദ്ധതി നിർത്തലാക്കിയതിനുശേഷം ലൈഫ് മിഷനിലേയ്ക്ക് വകുപ്പ് തുക കൈമാറുന്നുണ്ടോ; ഉണ്ടെങ്കിൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ലൈഫ് മിഷനിലേയ്ക്ക് ഫിഷറീസ് വകുപ്പ് തുകകൾ നിലവിൽ കൈമാറുന്നില്ല.

**ട്രോളിംഗ് നിരോധന സമയത്തെ ഉപജീവനപദ്ധതി**

299(3057) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവുകളിൽ മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ

ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചെന്നും എത്രപേർക്ക് എത്ര ദിവസത്തെ ഉപജീവനം നൽകാൻ സാധിച്ചെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ?

മത്സ്യബന്ധന മേഖലയിൽ ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകിവരുന്നുണ്ട്. ഈ വർഷവും സൗജന്യ റേഷൻ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. സൗജന്യറേഷൻ നൽകുന്നതിനാവശ്യമായ നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകിവരുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും 1500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ആയതിൽ മേയ് മാസം നൽകേണ്ടതായ 1500 രൂപ

അനുവദിക്കുകയും ജില്ലകളിൽ ആയത് വിതരണം ചെയ്തുവരികയും ചെയ്യുന്നു. ബാക്കി തുക ജൂൺ, ജൂലൈ മാസങ്ങളിലായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം അനുവദിച്ച തുക, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നീ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കൂടാതെ സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി/ അനുബന്ധ മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കുന്ന, സാമ്പത്തിക സഹായ പദ്ധതിയാണ് 'തണൽ' പദ്ധതി. ഫിഷറീസ്-തൊഴിൽ വകുപ്പുകളുടെ സംയുക്തസംരംഭമായ ഈ പദ്ധതിപ്രകാരം FIMS-ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും 1000/- രൂപ പ്രതിവർഷം പഞ്ഞമാസത്തിൽ ധനസഹായം നൽകുന്നു. ഈ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിന്റെ കാലയളവിൽ വിനിയോഗിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**അപകടങ്ങളിൽപ്പെട്ട് മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്നത്**

300(3058) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങൾ ജോലി സംബന്ധമായി വാഹനാപകടങ്ങളിൽപ്പെട്ട് മരണപ്പെടുന്ന സമയത്ത് പ്രസ്തുത അംഗത്തിന് ഡ്രൈവിംഗ് ലൈസൻസ് ഇല്ലായിരുന്നുവെന്ന കാരണത്താൽ ആനുകൂല്യം നിഷേധിക്കുന്നത് ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ വാഹനാപകടങ്ങളിൽപ്പെട്ട് മരണപ്പെടുന്ന സമയത്ത് പ്രസ്തുത വ്യക്തിയാണ് വാഹനം ഓടിച്ചിരുന്നതെങ്കിൽ ഡ്രൈവിംഗ് ലൈസൻസില്ലായിരുന്നുവെന്ന കാരണത്താൽ ഇൻഷ്വറൻസ് കമ്പനി ഇൻഷ്വറൻസ് ആനുകൂല്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിഷേധിക്കാറുണ്ട്. ബാധകമായ നിയമം പാലിക്കാത്ത സാഹചര്യങ്ങളിലുണ്ടാകുന്ന അപകടമരണങ്ങളിൽ ആനുകൂല്യം അനുവദിക്കാൻ വ്യവസ്ഥയില്ലെന്നാണ് ഇൻഷുറൻസ് കമ്പനികളുടെ നിലപാട്.

(ബി) ഇത്തരം കുടുംബങ്ങൾക്ക് മാനുഷിക പരിഗണന നൽകി ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ വാഹനാപകടങ്ങളിൽപ്പെട്ട് മരണപ്പെടുന്ന സമയത്ത് പ്രസ്തുത വ്യക്തിയാണ് വാഹനം ഓടിച്ചിരുന്നതെങ്കിൽ ഡ്രൈവിംഗ് ലൈസൻസില്ലായിരുന്നുവെന്ന കാരണത്താൽ ഇൻഷുറൻസ് കമ്പനി ഇൻഷുറൻസ് ആനുകൂല്യം നിഷേധിക്കാറുണ്ട്. ബാധകമായ നിയമം പാലിക്കാത്ത സാഹചര്യങ്ങളിലുണ്ടാകുന്ന അപകടമരണങ്ങളിൽ ആനുകൂല്യം അനുവദിക്കാൻ വ്യവസ്ഥയില്ലെന്നാണ് ഇൻഷുറൻസ് കമ്പനികളുടെ നിലപാട്.

## അപകടത്തിൽപ്പെട്ട് തകരുന്ന മത്സ്യബന്ധന യാനങ്ങൾ

301(3059) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അപകടത്തിൽപ്പെട്ട് തകരുന്ന മത്സ്യബന്ധന യാനങ്ങൾ പുനർനിർമ്മിക്കുന്നതിന് സർക്കാർ വായ്പ അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ മാനദണ്ഡപ്രകാരമാണ് വായ്പ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ എത്രപേർക്ക് ഇത്തരത്തിലുള്ള സഹായം അനുവദിച്ചിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ?

അപകടത്തിൽപ്പെട്ട് തകരുന്ന മത്സ്യബന്ധന യാനങ്ങൾ പുനർനിർമ്മിക്കുന്നതിന് നിലവിൽ വായ്പകളൊന്നുംതന്നെ ഫിഷറീസ് വകുപ്പിൽനിന്നും അനുവദിക്കുന്നില്ല.

എന്നാൽ അപകടത്തിൽപ്പെട്ട് ഭാഗിക നഷ്ടം സംഭവിച്ച മത്സ്യബന്ധന യാനങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (CMDRF)നിന്നും

08-02-2020-ലെ സ.ഉ.(കൈ)നം.48/2020/റവ. പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി പരമാവധി 1,00,000/- രൂപവരെയും (ഒരു ലക്ഷം രൂപ), പൂർണ്ണനഷ്ടം സംഭവിച്ച മത്സ്യബന്ധന യാനങ്ങൾക്ക് 2,00,000/- രൂപ വരെയും (രണ്ട് ലക്ഷം രൂപ) നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.

കൂടാതെ 18-06-2023-ലെ സ.ഉ.(കൈ)നം.6/2023/DMD പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ (SDRF)നിന്നും ഭാഗികനഷ്ടം സംഭവിച്ച മത്സ്യബന്ധന യാനങ്ങൾക്ക് പരമാവധി 6000/- രൂപയും (ആറായിരം രൂപ) പൂർണ്ണനഷ്ടം സംഭവിച്ച മത്സ്യബന്ധന യാനങ്ങൾക്ക് 15000/- രൂപയും (പതിനയ്യായിരം രൂപ) നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.

മാത്രമല്ല, ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന മത്സ്യബന്ധന യാനങ്ങളുടെ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ളതും അപകടസമയത്ത് സാധുവായ ഇൻഷുറൻസ് കവറേജുള്ളതുമായ മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് ക്ലെയിം ലഭ്യമാക്കിവരുന്നുമുണ്ട്.

## മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ പുനരുദ്ധാരണം

302(3060) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രപേർക്ക് സഹായം നൽകിയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളി കോളനികളിൽ കാലപ്പഴക്കം ചെന്നതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങളുടെ പുനർനിർമ്മാണത്തിനായി ഭവനം ഒന്നിന് 4 ലക്ഷം രൂപാ നിരക്കിൽ അർഹതയുടെ അടിസ്ഥാനത്തിൽ അനുവദിച്ചുനൽകുന്ന പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ പ്രാതിനിധ്യം ലഭിക്കുന്നതിനായി 2023-24 വർഷം മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യവും

മാനവവിഭവശേഷി വികസനവും പദ്ധതിയിലുൾപ്പെടുത്തി വാസയോഗ്യമല്ലാത്ത അതിശോചനീയാവസ്ഥയിലുള്ള ഫിഷർമെൻ കോളനികളിലെ 184 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായി 736 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് നിർവഹണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം അത്തരത്തിലുള്ള 125 ഭവനങ്ങൾകൂടി പുനർനിർമ്മിക്കുന്നതിനുള്ള 500 ലക്ഷം രൂപയുടെ പദ്ധതി ഫിഷറീസ് ഡയറക്ടർതലത്തിൽ തയ്യാറാക്കിവരുന്നു.

**തീരസദസ്സ് പദ്ധതി**

303(3061) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരസദസ്സ് പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തീരമേഖലയിലെ മത്സ്യത്തൊഴിലാളികളുമായി സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിൽ മനസ്സിലാക്കുന്നതിനും പരിഹാരനടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾ അവരിലേയ്ക്കെത്തിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ തീരദേശ നിയോജകമണ്ഡലങ്ങളിലുമായി 47 കേന്ദ്രങ്ങളിൽ 'തീരസദസ്സ്' എന്ന പരിപാടി സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ജനപ്രതിനിധികളെയും വിവിധ വകുപ്പ് മേധാവികളെയും പങ്കെടുപ്പിച്ച് 2023 ഏപ്രിൽ 23 മുതൽ മേയ് 25 വരെയുള്ള ദിവസങ്ങളിലാണ് പരിപാടി സംഘടിപ്പിച്ചത്. തീരദേശ മേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രശ്നങ്ങളും പരാതികളും വിശകലനം ചെയ്തുകൊണ്ടും പരിഹാരങ്ങൾ നിർദേശിച്ചുകൊണ്ടുമുള്ള സമഗ്രമായ ഒരു പരിപാടിയെന്ന നിലയിലാണ് തീരസദസ്സ് വിഭാവനം ചെയ്തിരുന്നത്. പരിപാടിയുടെ ആദ്യഭാഗത്ത് അതത് പ്രദേശത്തെ

ജനപ്രതിനിധികളുമായി ചർച്ച നടത്തി പ്രാദേശികമായുള്ള പ്രശ്നങ്ങളും വികസനസാധ്യതകളും വിശകലനം ചെയ്തു. തുടർന്ന് തീരസദസ്സ് നടന്നു. തീരസദസ്സിലൂടെ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിക്ക് നേരിട്ട് മത്സ്യത്തൊഴിലാളികളുമായി സംവദിക്കുന്നതിനും വിവിധ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും ഉടനടി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ അവിടെ വച്ചുതന്നെ പരിഹരിക്കാനും സാധിച്ചിട്ടുണ്ട്.

എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി മാറ്റൽ, വി.എച്ച്.എഫ്. മറൈൻ റേഡിയോ ലഭ്യമാക്കൽ, സഹകരണ സംഘങ്ങളിൽനിന്നും എടുത്ത വായ്പയ്ക്ക് പലിശയിളവനുവദിക്കൽ, ചികിത്സാ സഹായം, അപകടമരണ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കൽ, മത്സ്യഫെഡ് വഴിയുള്ള ലോൺ, ജി.ആർ.എഫ്.ടി.എച്ച്.എസ്സ്.- കളിൽ മികച്ച സൗകര്യം ലഭ്യമാക്കൽ തുടങ്ങി തീരദേശ ജനതയുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി അപേക്ഷകൾ തീരസദസ്സിൽ ലഭ്യമാകുകയുണ്ടായി. ആയതിൽ ഭൂരിഭാഗവും പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

തീരസദസ്സിൽ ചികിത്സാധനസഹായം, ഫണ്ട് ബോർഡ് ഇൻഷ്വറൻസ് ആനുകൂല്യം, സാഫ് വഴിയുള്ള ആനുകൂല്യം എന്നിവയുൾപ്പെടെ ആകെ 7,99,51,961/-രൂപയുടെ (ഏഴ് കോടി തൊണ്ണൂറ്റിയൊമ്പതു ലക്ഷത്തി അൻപത്തൊന്നായിരത്തി തൊള്ളായിരത്തി അറുപത്തിയൊന്ന് രൂപ) ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

ഫിഷറീസ് വകുപ്പ് 2016-17, 2017-18 വർഷങ്ങളിൽ നടപ്പാക്കിയ ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി നൽകുന്ന പദ്ധതിയിൽ രണ്ടാംഘട്ടവും മൂന്നാംഘട്ടവും പൂർത്തിയാക്കി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭൂമിയുടെ ആധാരം തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് തീരസദസ്സിൽ സമർപ്പിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പണി പൂർത്തീകരിച്ച് അപേക്ഷകൻ സ്ഥലത്ത് താമസമാക്കി 1 വർഷം പൂർത്തിയാക്കിയെന്ന് ഉറപ്പുവരുത്തിയശേഷം പ്രമാണത്തിന്റെ അസ്സൽ തിരികെ നൽകുന്നതിന് 04-12-2023-ലെ സ.ഉ. (സാധാ) നം. 976/2023/മ.തു.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യത്തൊഴിലാളി കോളനി നവീകരണം സംബന്ധിച്ച് തീരസദസ്സിൽ ലഭ്യമായ പരാതികൾ പരിശോധിച്ച് കാലപ്പഴക്കവും ശോചനീയാവസ്ഥയും കൊണ്ട് വാസയോഗ്യമല്ലാത്ത വീടുകളുടെ പുനർനിർമ്മാണത്തിന് വീടൊന്നിന് 4 ലക്ഷം രൂപ നിരക്കിൽ 184 വീടുകൾ പുനർനിർമ്മിക്കുന്നതിന് 736 ലക്ഷം രൂപയുടെ ഭരണാനുമതി 2023-24-ൽ നൽകുകയും പദ്ധതി നടപ്പാക്കുന്നതിനായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതികളിന്മേൽ പരിഹാരനടപടികൾ സ്വീകരിക്കുന്നതിനായി ടി പരാതികൾ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് കൈമാറി നൽകിയിട്ടുണ്ട്.

കടൽഭിത്തി നിർമ്മാണം, ഭവന പുനരുദ്ധാരണം, പുനർഗേഹം പദ്ധതിയുടെ ധനസഹായത്തുക വർധിപ്പിക്കൽ, കടാശ്വാസ കാലപരിധി ഉയർത്തൽ, CRZ പരിധി ലഘൂകരിക്കൽ, പട്ടയം ലഭ്യമാക്കൽ, ലൈഫ് പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നൽകൽ തുടങ്ങിയ

അപേക്ഷകളിൽ നയപരമായ തീരുമാനം ആവശ്യമുള്ളതിനാൽ അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യത്തൊഴിലാളി മേഖലയിലെ വിവിധ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിന് 47 തീരദേശ മണ്ഡലങ്ങളിലും സന്ദർശനം നടത്തുകയും മത്സ്യത്തൊഴിലാളികളുടെ വിഷമങ്ങൾ നേരിട്ട് കേൾക്കുകയും തീരദേശ മേഖലയിൽ നടപ്പാക്കേണ്ട ഭാവിവികസന പദ്ധതികൾ സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങൾകൂടി സ്വീകരിക്കുകയും ചെയ്തത് തീരമേഖലയിൽ പുത്തൻ അനുഭവമായി മാറുകയും ഈ മേഖലയ്ക്ക് വലിയ പ്രതീക്ഷ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട്; ബാക്കിയുള്ള അപേക്ഷകൾ കാലതാമസംകൂടാതെ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

തീരസദസ്സ് പരിപാടിയുടെ ഭാഗമായി 9 തീരദേശ ജില്ലകളിലായി ആകെ 25150 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അതിൽ 20596 അപേക്ഷകൾ

തീർപ്പാക്കിയിട്ടുണ്ട്. ബാക്കി 4554 അപേക്ഷകൾ ഇതര വകുപ്പുകളുമായി ബന്ധപ്പെട്ടവയാണ്. പ്രസ്തുത അപേക്ഷകൾ തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് കൈമാറുകയും ടി അപേക്ഷകളിന്മേൽ വേഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് അതത് വകപ്പുകളുമായി ബന്ധപ്പെട്ട് നടപടികൾ വേഗത്തിലാക്കുന്നതിന് ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പുദ്യോഗസ്ഥർക്ക് ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തി വരുംവർഷങ്ങളിലും മത്സ്യത്തൊഴിലാളികൾക്ക് സഹായകമായ ഇത്തരം സദസ്സുകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

തീരദേശ മേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രശ്നങ്ങളും പരാതികളും വിശകലനം ചെയ്തുകൊണ്ടും പരിഹാരങ്ങൾ നിർദേശിച്ചുകൊണ്ടുമുള്ള സമഗ്രമായ ഒരു പരിപാടിയെന്ന നിലയിലാണ് തീരസദസ്സ് വിഭാവനം ചെയ്തിരുന്നത്. തീരസദസ്സിൽ ഉടനടി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ അവിടെ വച്ചുതന്നെ പരിഹരിക്കുകയും

പരാതികൾ/നിർദേശങ്ങൾ സ്വീകരിക്കുകയും കഴിയുന്നത്ര ആനുകൂല്യങ്ങളുടെ വിതരണം നടത്താനും പ്രസ്തുത പരിപാടിയുടെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്.

ഇത്തരം പരിപാടികൾ ഇനിയും സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പ്രധാനമന്ത്രി മത്സ്യസമ്പാദന യോജന**

304(3062) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി മത്സ്യസമ്പാദന യോജന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ ഏതൊക്കെ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനാണ് ഇതുവരെ ഫണ്ട് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രധാനമന്ത്രി മത്സ്യസമ്പാദന യോജന പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം, മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബർ, കോഴിക്കോട് ജില്ലയിലെ പുതിയാപ്പ, കൊയിലാണ്ടി ഫിഷിംഗ് ഹാർബറുകൾ എന്നിവയുടെ

ആധുനികവൽക്കരണം, ആലപ്പുഴ ജില്ലയിലെ കായംകുളം, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ, മലപ്പുറം ജില്ലയിലെ പൊന്നാനി, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി എന്നീ ഫിഷിംഗ് ഹാർബറുകളുടെ ഡ്രെഡ്ജിംഗ് പ്രവൃത്തികൾ എന്നിവയ്ക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 161.11 കോടി രൂപയുടെ ഭരണാനുമതി 29-03-2023-ലെ സ.ഉ.(സാധാ) നം.273/2023/മതുവ പ്രകാരം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ 10 പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ 60% തുക കേന്ദ്ര സർക്കാരും 40% തുക സംസ്ഥാന സർക്കാരും വഹിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി തോട്ടപ്പള്ളി ഹാർബർ വികസനത്തിന് രൂപം നൽകിയിട്ടുണ്ടോ; എന്തൊക്കെ വികസന പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളതെന്നറിയിക്കാമോ; എത്ര രൂപയുടെ ഡി.പി.ആർ. ആണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളത്; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ?

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന (PMMSY)-യിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി രൂപരേഖയിന്മേൽ കേന്ദ്ര ഏജൻസിയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എഞ്ചിനീയറിംഗ് ഫോർ ഫിഷറി (CICEF)-യിൽനിന്നും 19-11-2023-ൽ ടെക്നിക്കൽ കമന്റ്സ് ലഭ്യമാകുകയും ആയതിനുള്ള മറുപടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും 25-01-2024-ൽ CICEF-ന് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി രൂപരേഖയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല.

**കോട്ടയം മുനിസിപ്പാലിറ്റിയിലെ കോടിമതയിൽ മത്സ്യസംഭരണ വിതരണ കേന്ദ്രം**

305(3063) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മുനിസിപ്പാലിറ്റിയിലെ കോടിമതയിൽ മത്സ്യസംഭരണ വിതരണ കേന്ദ്രം (ബേസ് സ്റ്റേഷൻ) തുടങ്ങുന്നതിന് മത്സ്യബന്ധന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് എന്തെങ്കിലും പ്രവർത്തനം നടത്തിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര രൂപ ചെലവഴിച്ചെന്നും ഏത് സ്ഥാപനത്തിനാണ് പ്രവൃത്തി നൽകിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

കോട്ടയം കോടിമതയിൽ ബേസ് സ്റ്റേഷൻ തുടങ്ങുന്നതിന് മത്സ്യഫെഡിന്റെ ഫണ്ടാണ് ഉപയോഗിച്ചത്. സൈഡ് വാളും ലാൻഡ് ഫില്ലിംഗിനുംകൂടി 25,94,109/- രൂപ ചെലവഴിച്ചു. മെസ്സേഴ്സ് കെ.ആർ.ബി. അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി നൽകിയിരുന്നത്.

(ബി) പ്രസ്തുത മുനിസിപ്പാലിറ്റിയിൽ ബേസ് സ്റ്റേഷനുവേണ്ടി സ്ഥലം അനുവദിക്കുന്നതിന് മത്സ്യഫെഡ് കോട്ടയം മുനിസിപ്പാലിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മുനിസിപ്പാലിറ്റിയിൽ ബേസ് സ്റ്റേഷനുവേണ്ടി സ്ഥലം അനുവദിക്കുന്നതിന് കോട്ടയം ബേസ് സ്റ്റേഷൻ അസിസ്റ്റന്റ് മാനേജർ

കോട്ടയം മുനിസിപ്പാലിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(സി) ബേസ് സ്റ്റേഷന് മത്സ്യഫെഡിന്റെ ഫണ്ടുപയോഗിച്ച് പ്രാരംഭപ്രവർത്തനം നടത്തിയ കോട്ടയം മുനിസിപ്പാലിറ്റിയുടെ സ്ഥലം മത്സ്യഫെഡിന് കൈമാറ്റം ചെയ്തുകിട്ടിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ബേസ് സ്റ്റേഷന് മത്സ്യഫെഡിന്റെ ഫണ്ടുപയോഗിച്ച് പ്രാരംഭപ്രവർത്തനം നടത്തിയ കോട്ടയം മുനിസിപ്പാലിറ്റിയുടെ സ്ഥലത്തിന് പെർമിസ്സീവ് സാങ്ഷൻ ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ബേസ് സ്റ്റേഷൻ സംബന്ധിച്ച് ഉദ്യോഗസ്ഥർ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ?

കോട്ടയം ബേസ് സ്റ്റേഷൻ അസിസ്റ്റന്റ് മാനേജർ പ്രസ്തുത ബേസ് സ്റ്റേഷൻ സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) മത്സ്യഫെഡിലെ ഏത് ഉദ്യോഗസ്ഥന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ബേസ് സ്റ്റേഷന്റെ പ്രവൃത്തിക്ക് തുക ചെലവഴിച്ചിട്ടുള്ളത്; ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ?

കോട്ടയം ബേസ് സ്റ്റേഷൻ അസിസ്റ്റന്റ് മാനേജരുടെ കത്തിന്റെ അടിസ്ഥാനത്തിൽ സൈഡ് വാളും ലാൻഡ് ഫില്ലിംഗും ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തു. നെഗോസിയേഷൻ കഴിഞ്ഞ് ഭരണസമിതി അംഗീകരിച്ച തുകയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുകയും ബിൽ തുക നൽകുകയും ചെയ്തിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

## മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള ക്ഷേമപദ്ധതികൾ

306(3064) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും സാമ്പത്തിക, സാമൂഹ്യനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഏതൊക്കെ പദ്ധതികളിലൂടെയാണ് ധനസഹായം നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) കടൽ രക്ഷാപ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവുമാക്കുന്നതിനും കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള യാനങ്ങളുടെ വിവരങ്ങൾ അറിയുന്നതിനും വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക പ്ലാൻ

307(3065) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സ്പെഷ്യൽ കോംപണന്റ് പ്ലാൻ (എസ്.സി.പി.), ട്രൈബൽ സബ് പ്ലാൻ (ടി.എസ്.പി.) എന്നിവയുടെ മാതൃകയിൽ പ്രത്യേക പ്ലാൻ നിലവിലുണ്ടോ?

മത്സ്യമേഖലയ്ക്കായി ഇത്തരത്തിൽ പ്രത്യേക പ്ലാനുകളൊന്നുംതന്നെ നിലവിലില്ല.

(ബി) ഇല്ലെങ്കിൽ മത്സ്യത്തൊഴിലാളികൾക്കായി പ്രസ്തുത മാതൃകയിൽ പ്രത്യേക പ്ലാൻ രൂപീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ആദിവാസി ഊരുകളിൽ ഫിഷറീസ് വകുപ്പുമുഖേന നടപ്പാക്കുന്ന മാതൃകാ പദ്ധതികൾ**

308(3066) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആദിവാസി ഊരുകളിൽ ഫിഷറീസ് വകുപ്പുമുഖേന ഏതെങ്കിലും മാതൃകാ പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ പേരും വിശദാംശങ്ങളും ചെലവഴിക്കുന്ന തുകയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ ആദിവാസി ഊരുകളിൽ ഫിഷറീസ് വകുപ്പുമുഖേന മാതൃകാ പദ്ധതികളൊന്നുംതന്നെ നടപ്പാക്കുന്നില്ല. എന്നാൽ ഫിഷറീസ് വകുപ്പ് മുഖാന്തരം നടപ്പാക്കുന്ന PMMSY പദ്ധതിപ്രകാരം Backyard Ornamental Unit, Re-circulatory Aqua Culture System (RAS) എന്നീ പദ്ധതികളും ജനകീയ മത്സ്യകൃഷി (JMK) പദ്ധതിപ്രകാരം നിലവിലുള്ള കുളങ്ങൾക്ക് മത്സ്യക്കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതിയും പട്ടികവർഗ കോളനികളിലെ പൊതുകുളങ്ങളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം പദ്ധതിയും പഞ്ചായത്ത്

പദ്ധതിയിലുൾപ്പെടുത്തി അര സെന്റിൽ കുളം കുഴിച്ച് മീൻ വളർത്തുന്ന പദ്ധതിയായ 'മുറ്റത്തൊരു മീൻതോട്ടം' പദ്ധതിയും നടപ്പാക്കിവരുന്നു.

1. ബാക്ക്‌യാർഡ് ഓർണമെന്റൽ പദ്ധതിപ്രകാരം 3 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന അലങ്കാര മത്സ്യ യൂണിറ്റ് സ്ഥാപിക്കുകയും 60% സബ്‌സിഡി ഇനത്തിൽ 1,80,000/-രൂപ ഗുണഭോക്താവിന് ലഭിക്കുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം അങ്ങാടിപ്പുറം പഞ്ചായത്തിൽ എസ്.ടി. ഗുണഭോക്താവായ ശ്രീ. കുട്ടൻ എന്ന വ്യക്തി മേൽ യൂണിറ്റ് നടത്തിവരുന്നുണ്ട്.

2. റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS) പദ്ധതിപ്രകാരം ആകെ 7.50 ലക്ഷം രൂപ പദ്ധതിച്ചെലവ് വരുന്ന പദ്ധതിയിൽ ഫിഷറീസ് വകുപ്പ് മുഖാന്തരം പദ്ധതിയുടെ 60% തുകയായ 4.5 ലക്ഷം രൂപ ഗുണഭോക്താവിന് നൽകുന്നു. മേൽ പദ്ധതിപ്രകാരം മൂത്തേടം പഞ്ചായത്തിലെ ഉച്ചക്കുളം കോളനിയിലെ ശ്രീ. ബാലൻ എന്ന വ്യക്തിക്ക് അനുവദിച്ചിരുന്നു. ഈ പദ്ധതി പട്ടികവർഗ വകുപ്പുമായി സംയോജിച്ച് ഗുണഭോക്തൃ വിഹിതമായ 40% തുക (3 ലക്ഷം രൂപ) പട്ടികവർഗ വകുപ്പിൽനിന്നും ലഭ്യമാക്കി

ഫിഷറീസ് വകുപ്പ് മുഖേന നൽകുന്നതാണ്. ടി വ്യക്തിക്ക് വനാവകാശ നിയമപ്രകാരം ലഭിച്ച 13.25 സെന്റ് സ്ഥലത്ത് പദ്ധതി നടത്താൻ മുന്നോട്ട് പോയെങ്കിലും മേൽ സ്ഥലത്ത് ഉച്ചക്കുളം കോളനിയിലെ മറ്റു വ്യക്തികൾ വീട് വച്ച് താമസം തുടങ്ങിയതിനാൽ ടി പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല. ഈ കോളനിയിൽത്തന്നെയുള്ള മറ്റൊരു സ്ഥലത്ത് പദ്ധതി തുടങ്ങുന്നതിന് അനുമതി തേടുകയും ഇതുസംബന്ധിച്ച നടപടികൾ പൂർത്തീകരിച്ച് വരികയും ചെയ്യുന്നു. പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതാണ്.

3. ചാലിയാർ പഞ്ചായത്തിലെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മുറ്റത്തൊരു മീൻതോട്ടം പദ്ധതിപ്രകാരം വിവിധ പ്രദേശങ്ങളിൽ 18 യൂണിറ്റുകൾക്ക് 100% സബ്സിഡിയോടുകൂടി മത്സ്യക്കുഞ്ഞുങ്ങൾ (യൂണിറ്റിന് 1000/- രൂപ വീതം) നൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തോടുകൂടിയാണ് ഇവ നടപ്പാക്കുന്നത്.

JMK പദ്ധതിപ്രകാരം നിലവിലുള്ള 5 കുളങ്ങളിൽ നിക്ഷേപിക്കുന്നതിന് 5000 മത്സ്യവിത്തുകളും നൽകിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിലെ നിലമ്പൂർ മത്സ്യഭവനുകീഴിൽ മൂത്തേടം ഗ്രാമപഞ്ചായത്തിലെ ഉച്ചക്കുളം ആദിവാസി കോളനിയിൽ മത്സ്യം വളർത്തൽ പദ്ധതിക്ക് ഫിഷറീസ് വകുപ്പ് ഫണ്ടനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് നൽകിയതെന്നറിയിക്കാമോ; മത്സ്യം വളർത്തൽ പദ്ധതി പട്ടികവർഗ വകുപ്പുമായി സംയോജിച്ചാണോ ചെയ്യുന്നതെന്നും ഫണ്ട് നൽകുന്നതിന്റെ വകുപ്പുകളുടെ അനുപാതം എത്രയാണെന്നും അറിയിക്കാമോ?

റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS) പദ്ധതിപ്രകാരം ആകെ 7.50 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതിയിൽ ഫിഷറീസ് വകുപ്പ് മുഖാന്തരം പദ്ധതിയുടെ 60 ശതമാനം തുകയായ 4.5 ലക്ഷം രൂപ ഗുണഭോക്താവിന് നൽകുന്നു. മേൽ പദ്ധതിപ്രകാരം മൂത്തേടം പഞ്ചായത്തിലെ ഉച്ചക്കുളം കോളനിയിലെ ശ്രീ. ബാലൻ എന്ന വ്യക്തിക്ക് അനുവദിച്ചിരുന്നു. ഈ പദ്ധതി പട്ടികവർഗ വകുപ്പുമായി സംയോജിച്ച് ബാക്കിവരുന്ന ഗുണഭോക്തൃവിഹിതമായ 40 ശതമാനം തുകയായ 3 ലക്ഷം രൂപ പട്ടികവർഗ വകുപ്പിൽനിന്നും ലഭ്യമാക്കി ഫിഷറീസ് വകുപ്പുമുഖേന നൽകുന്നതാണ്. ടി

വ്യക്തിക്ക് വനാവകാശ നിയമപ്രകാരം ലഭിച്ച 13.25 സെന്റ് സ്ഥലത്ത് പദ്ധതി നടത്താൻ മുന്നോട്ടുപോയെങ്കിലും മേൽ സ്ഥലത്ത് ഉച്ചക്കുളം കോളനിയിലെ മറ്റു വ്യക്തികൾ വീടുവച്ച് താമസം തുടങ്ങിയതിനാൽ ടി പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല. ഈ കോളനിയിൽത്തന്നെയുള്ള മറ്റൊരു സ്ഥലത്ത് പദ്ധതി തുടങ്ങുന്നതിന് അനുമതി തേടുകയും ഇതുസംബന്ധിച്ചുള്ള നടപടികൾ പൂർത്തീകരിച്ച് വരികയും ചെയ്യുന്നു. പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതാണ്.

(സി) ജില്ലയിലെ ഉൾവനങ്ങളിലെ ആദിവാസി ഊരുകളോടനുബന്ധിച്ചുള്ള പുഴകളിലും ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 2021-22 വർഷത്തിൽ ആദിവാസി ഊരുകളിലെ ജനങ്ങൾക്ക് പുഴകളിലെ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിന്റെ ഭാഗമായി ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിലായി 5 ലക്ഷം കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ഇതിന്റെ സംരക്ഷണത്തിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ്

ഇൻലാൻഡ് പട്രോളിംഗ്, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു. പട്ടികവർഗ കോളനികളിലെ പൊതുകുളങ്ങളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തിവരുന്നു.

**മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതി**

309(3067) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ച് നൽകാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്?

ഈ സർക്കാരിന്റെ കാലത്ത് 'പുനർഗേഹം' പദ്ധതി ഒഴികെയുള്ള എല്ലാ ഭവന പദ്ധതികളും ലൈഫ് മിഷനിലൂടെയാണ് നടപ്പാക്കുന്നത്. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗത്തിലുള്ള

കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന 'പുനർഗേഹം' പദ്ധതിയാണ് ഫിഷറീസ് വകുപ്പ് നടപ്പാക്കുന്നത്.

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നറിയിക്കാമോ;

(സി) ഈ പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ച് നൽകുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?

(ബി&സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഇ) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ ഭരണതലത്തിൽ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

(ഡി&ഇ) മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളിലെ അംഗങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പാക്കിവരുന്നു. 2024-25 വർഷത്തിൽ മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിപ്രകാരം 509/- രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. അപകടമരണത്തിനും അപകടംമൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്. കൂടാതെ ടി പദ്ധതിയിൽ മരണാനന്തര ചടങ്ങുകൾക്കായി 5000/- രൂപയും (അയ്യായിരം രൂപ) മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 100000/- രൂപ (ഒരു ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ്

പരിരക്ഷ ലഭിക്കും. പദ്ധതി നടപ്പാക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായി.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി മത്സ്യബോർഡ് മുഖാന്തരം ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നുണ്ട്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപകടമരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധനവേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5000/- രൂപ വീതം ഒരാൾക്ക് (പരമാവധി 10000/- രൂപ) |
| അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25000/- രൂപ (പരമാവധി) |
| ശവസംസ്കാര ചെലവ് | 2500/- രൂപ |

ഈ പദ്ധതിക്കാവശ്യമായ പ്രീമിയം തുക പൂർണ്ണമായും സംസ്ഥാന സർക്കാരാണ് അനുവദിക്കുന്നത്. 2023-24 വർഷത്തിൽ പ്രീമിയം ഇനത്തിൽ 11.19 കോടി രൂപ അനുവദിച്ചിരുന്നു. 2024-25 വർഷവും പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മത്സ്യബോർഡ് ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലുള്ള ഇൻഷ്വറൻസ് പോളിസിക്ക് 2024 ഡിസംബർ 15 വരെ പ്രാബല്യമുണ്ട്. ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിലൂടെ കുടുംബത്തിന്റെ ആശ്രയമായിരുന്ന മത്സ്യത്തൊഴിലാളിയുടെ വേർപാടിൽ ആ കുടുംബത്തിന് ഒരു സഹായമാകുന്നു.

**മത്സ്യബന്ധന അപകടങ്ങളെക്കുറിച്ച് ശാസ്ത്രീയപഠനം**

310(3068) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 20 വർഷമായി സംസ്ഥാനത്തിന്റെ തീരമേഖലയിൽ എത്ര മത്സ്യത്തൊഴിലാളികളാണ് മത്സ്യബന്ധനത്തിനിടയിൽ മരണപ്പെട്ടതെന്ന് വിശദമാക്കാമോ?

ലഭ്യമായ വിവരങ്ങൾപ്രകാരം 2017-ലെ ഓഖി ദുരന്തത്തിൽ മരണപ്പെട്ട 51 മത്സ്യത്തൊഴിലാളികളും കാണാതായ 94 മത്സ്യത്തൊഴിലാളികളും ഉൾപ്പെടെ 1196 മത്സ്യത്തൊഴിലാളികളാണ് സംസ്ഥാനത്തിന്റെ തീരമേഖലയിൽ കഴിഞ്ഞ 20 വർഷത്തിനിടയിൽ മത്സ്യബന്ധനത്തിനിടയിൽ മരണപ്പെട്ടത്.

(ബി) ഇക്കാലയളവിൽ മുതലപ്പൊഴിയിൽ മത്സ്യബന്ധന അപകടങ്ങളിൽപ്പെട്ട് എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ പൊഴിമുഖത്തുണ്ടായ അപകടങ്ങളിൽ മരണപ്പെട്ടവരെയും കാണാതായവരെയും സംബന്ധിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മുതലപ്പൊഴിയിലെ മത്സ്യബന്ധന അപകടങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മത്സ്യബന്ധന തുറമുഖം അപകടരഹിതമാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 22-08-2022-ലെ സ.ഉ. (സാധാ) നം. 660/2022/മ.തു.വ പ്രകാരം പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനെ ചുമതലപ്പെടുത്തുകയും തുടർന്ന് സെൻട്രൽ വാട്ടർ & പവർ റിസർച്ച് സ്റ്റേഷൻ ഉദ്യോഗസ്ഥർ നേരിട്ട് ഡാറ്റാ കളക്ഷൻ നടത്തി മത്സ്യത്തൊഴിലാളികൾ, ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള പ്രദേശവാസികളുമായി ചർച്ച നടത്തി. ആയതുപ്രകാരം മാതൃകാപഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ടുപ്രകാരം തെക്കുഭാഗത്തുനിന്നും അഴിമുഖത്തേയ്ക്ക് മണ്ണടിഞ്ഞ് കൂടുന്നത് തടയുന്നതിനുവേണ്ടി തെക്കെ പുലിമുട്ടിന്റെ നീളം 425 മീറ്റർ വർധിപ്പിച്ച് അഴിമുഖം വടക്ക് ഭാഗത്തേയ്ക്ക് മാറ്റുന്നവിധത്തിലാണ് പുലിമുട്ടിന്റെ രൂപകല്പന നൽകിയിട്ടുള്ളത്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മത്സ്യബന്ധന അപകടങ്ങൾ ഒഴിവാക്കുന്നതിന് ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കൂടുതൽ ബലവത്തായ എഫ്.ആർ.പി. യാനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി 320 എഫ്.ആർ.പി. യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കി. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന (PMMSY)-യിൽ ഉൾപ്പെടുത്തി 'Providing FRP Boats Replacement and Nets for traditional fishermen', എന്ന പദ്ധതിപ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം യൂണിറ്റ് വിലയുള്ള 100 എഫ്.ആർ.പി. യാനങ്ങൾ നൽകുന്നതിന് 500 ലക്ഷം രൂപയുടെ പദ്ധതി മത്സ്യഫെഡ് മുഖേന പൂർത്തീകരിച്ചുവരുന്നു. പദ്ധതി ചെലവിന്റെ 24% (120 ലക്ഷം രൂപ) കേന്ദ്രവിഹിതവും 16% (80 ലക്ഷം രൂപ) സംസ്ഥാനവിഹിതവും 60% (300

ലക്ഷം രൂപ) ഗുണഭോക്തൃവിഹിതവുമാണ്. 2022-23 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന (PMMSY)-യിൽ ഉൾപ്പെടുത്തി 100 FRP യാനങ്ങൾ നൽകുന്നതിന് 500 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ലകളിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തി പദ്ധതി പൂർത്തീകരിച്ചുവരുന്നു.

സ്വന്തം നിലയിൽ മത്സ്യബന്ധന യാനങ്ങൾ മാറ്റുന്നതിനോ നവീകരിക്കാനോ കഴിയാതെ ദൈനംദിന ഉപജീവനത്തിനായി തടിനിർമ്മിത മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന യാനങ്ങളെ ആധുനികവൽക്കരിക്കുന്നതിലേയ്ക്കായി 2023-24 സാമ്പത്തിക വർഷം 10 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. പദ്ധതിയിൽ ഉൾപ്പെടുത്തി മരത്തടിയിൽ നിർമ്മിച്ചതും 40 അടിയിൽ താഴെ മൊത്തം നീളമുള്ളതും, 200 HP-യിൽ താഴെ പ്രൊപ്പൽഷനുള്ളതുമായ പരമ്പരാഗത യാനങ്ങളെ സ്റ്റീൽ നിർമ്മിതമായ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളായി നവീകരിക്കുന്നതിന് പദ്ധതിപ്രകാരം 50% നിരക്കിൽ

പരമാവധി 15 ലക്ഷം രൂപവരെ ഒരു യൂണിറ്റിന് സബ്സിഡി നൽകി 22 യാനങ്ങൾ നിർമ്മാണം ആരംഭിക്കുകയും 2 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ ഇൻകോയിസ്‌വഴി യഥാസമയം ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ, കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നൽകിവരുന്നുണ്ട്. ഇതുകൂടാതെ കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്കെത്തിയെന്ന് ഉറപ്പാക്കാനും കടൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു.

**മൽസ്യബന്ധന/വിതരണമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി**

311(3069) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യബന്ധന/വിതരണമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാണോ എന്ന് വ്യക്തമാക്കാമോ?

അംഗങ്ങളാണ്. 2023-24 വർഷത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 236992 മത്സ്യത്തൊഴിലാളികളും 79598 അനുബന്ധ തൊഴിലാളികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ക്ഷേമനിധിയിൽ മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളികൾ അംഗങ്ങളാകണമെങ്കിൽ ആരുടെ സർട്ടിഫിക്കറ്റാണാവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ?

18 വയസ്സ് പൂർത്തിയായ, മത്സ്യബന്ധനം മുഖ്യഉപജീവനമാർഗമായി സ്വീകരിച്ചവർക്കാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ മത്സ്യത്തൊഴിലാളി അംഗത്വം നൽകുന്നത്.

18-നും 60-നും ഇടയിൽ പ്രായമുള്ളവരും മറ്റ് ക്ഷേമബോർഡുകളിൽ അംഗത്വമില്ലാത്തവരും രണ്ട് വർഷമെങ്കിലും തുടർച്ചയായി മത്സ്യബന്ധന അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടുന്നവരുമായ തൊഴിലാളികൾക്കാണ് അനുബന്ധ തൊഴിലാളി അംഗത്വം നൽകുന്നത്. അനുബന്ധ തൊഴിലാളി അംഗത്വം ലഭിക്കുന്നതിന് കഴിഞ്ഞ 2 വർഷങ്ങളായി അതത് ജില്ലകളിൽ പ്രവർത്തിച്ചുവരികയാണെന്ന് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അല്ലെങ്കിൽ ഫിഷറീസ് വകുപ്പിലെ സബ് ഇൻസ്പെക്ടർ (ഫിഷറീസ് ഓഫീസർ) തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റാണ് ആവശ്യമായിട്ടുള്ളത്.

(സി) പ്രസ്തുത ക്ഷേമനിധി ബോർഡിൽ അംഗമാകാൻ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ അധിവസിക്കുന്ന

തൊഴിലാളികൾക്ക് സാധിക്കുമോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകാൻ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ അധിവസിക്കുന്ന തൊഴിലാളികൾക്ക് സാധിക്കുന്നതാണ്.

(ഡി) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്ക് സാക്ഷ്യപത്രം നൽകാൻ അനുമതി നൽകാത്തതാണ് കാരണമെങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതി (1999) - ലെ ഖണ്ഡിക 4(1) (സി)-യിലെ വ്യവസ്ഥയനുസരിച്ച് അനുബന്ധ തൊഴിലാളികളുടെ അംഗത്വത്തിനുള്ള അപേക്ഷയിൽ തൊഴിൽ പരിചയം സാക്ഷ്യപ്പെടുത്തുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അല്ലെങ്കിൽ തൊഴിലുടമ അല്ലെങ്കിൽ ഫിഷറീസ് വകുപ്പിലെ സബ് ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥൻ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതുമൂലം കോർപ്പറേഷൻ,

മുനിസിപ്പാലിറ്റി പരിധിയിലുള്ള അപേക്ഷകരുടെ തൊഴിൽ പരിചയം സാക്ഷ്യപ്പെടുത്തുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് അനുബന്ധത്തൊഴിലാളികൾ അറിയിച്ചിരുന്ന സാഹചര്യത്തിൽ അനുബന്ധത്തൊഴിലാളി പദ്ധതിയിൽ തൊഴിൽ പരിചയം സാക്ഷ്യപ്പെടുത്തുന്നതിനായി സെക്രട്ടറി (കോർപ്പറേഷൻ/മുൻസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത്) അല്ലെങ്കിൽ തൊഴിലുടമ അല്ലെങ്കിൽ ഫിഷറീസ് വകപ്പിലെ ഫിഷറീസ് ഓഫീസർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥൻ എന്നാക്കി അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതിയിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി കുടുംബങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്; ക്ഷേമനിധി ബോർഡിൽ അംഗമായ എല്ലാ തൊഴിലാളികൾക്കും ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) തൊഴിൽ വകുപ്പുമായി സഹകരിച്ച് ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന തണൽ പദ്ധതി എപ്പോഴാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; ഇതുവരെ എന്തെല്ലാം ആനുകൂല്യങ്ങൾ ഏതെല്ലാം മേഖലയിലെ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടെന്നും; ഇപ്പോൾ ഈ പദ്ധതി നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ?

2012-13 കാലഘട്ടത്തിലാണ് തണൽ പദ്ധതി ആരംഭിച്ചത്. മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളികൾക്കാണ് തണൽ പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകിവരുന്നത്. പ്രസ്തുത പദ്ധതി നിലവിൽ തുടർന്നുവരുന്നു.

കഴിഞ്ഞ 5 വർഷങ്ങളിലെ ഗുണഭോക്താക്കളുടെ എണ്ണവും അനുവദിച്ച തുകയും താഴെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 2019-20 | 158939 | 9,53,63,400 |
| 2020-21 | 57143 | 2,00,00,000 |

| | | |
|---|---|---|
| 2021-22 | 40534 | 4,05,34,000 |
| 2022-23 | 50000 | 5,00,00,000 |
| 2023-24 | 100630 | 10,06,29,971 |

**പൂഞ്ഞാർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ**

312(3070) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സുഭിക്ഷ കേരളം 2020-21, 2021-22 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി തിടനാട്, കൂട്ടിക്കൽ, എരുമേലി, മുണ്ടക്കയം, പാറത്തോട് എന്നീ പഞ്ചായത്തുകളിൽ വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.

സുഭിക്ഷ കേരളം, വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് പദ്ധതികൾപ്രകാരം 2020-21, 2021-22 വർഷങ്ങളിൽ നൽകിയ സഹായങ്ങളുടെയും ജനകീയ മത്സ്യകൃഷി 2020-21, 2021-22, 2022-23 പദ്ധതി സഹായങ്ങളുടെയും പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന പദ്ധതി സഹായങ്ങളുടെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

2024-25 സാമ്പത്തിക വർഷത്തിൽ ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം നിലവിൽ ഫിഷറീസ് വകുപ്പിൽനിന്നും അടിസ്ഥാനസൗകര്യത്തിന് സബ്സിഡി ലഭിച്ച കർഷകർക്ക് മത്സ്യവിത്തും മത്സ്യത്തീറ്റയും ലഭിക്കുന്ന പദ്ധതിയും മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരമുള്ള പദ്ധതികളും പ്രധാനമന്ത്രി മത്സ്യസമ്പാദയോജന പദ്ധതിപ്രകാരം ആർ.എ.എസ്., ബയോഫ്ലോക്ക്, അലങ്കാരമത്സ്യവിത്ത് ഉൽപാദന യൂണിറ്റ് എന്നീ പദ്ധതികളും നടപ്പാക്കാനുദ്ദേശിക്കുന്നു.

(ബി) പൂഞ്ഞാർ മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂഞ്ഞാർ മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി നിലവിൽ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

**മത്സ്യ സംസ്കരണമേഖലയിലെ ആധുനികവൽക്കരണം**

313(3071) <u>ശ്രീ. ഇ. കെ. വിജയൻ:</u>

<u>ശ്രീ. വി. ആർ. സുനിൽകുമാർ:</u>

<u>ശ്രീമതി സി. കെ. ആശ:</u>

<u>ശ്രീ. സി. സി. മുകുന്ദൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന മത്സ്യസംസ്കരണ മേഖലകളിൽ സാധ്യമായ എല്ലാ സ്രോതസ്സുകളും പ്രയോജനപ്പെടുത്തി തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്തെ മത്സ്യബന്ധന മത്സ്യസംസ്കരണ മേഖലകളിൽ സാധ്യമായ എല്ലാ സ്രോതസ്സുകളും പ്രയോജനപ്പെടുത്തി തൊഴിൽസാധ്യതകൾ വർധിപ്പിക്കുന്നതിന് സാഫ്, കേരള സംസ്ഥാന

തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നീ ഏജൻസികൾ വഴി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) മത്സ്യത്തെ ഒരു ഭക്ഷ്യവസ്തുവെന്ന നിലയിൽ ആരോഗ്യപരമായ ചുറ്റുപാടുകളിൽ സംസ്കരിച്ച് വിപണനം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

മത്സ്യത്തെ ഒരു ഭക്ഷ്യവസ്തുവെന്ന നിലയിൽ ആരോഗ്യപരമായ ചുറ്റുപാടുകളിൽ സംസ്കരിച്ച് വിപണനം നടത്തുന്നതിന് സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നീ ഏജൻസികൾ വഴി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1) **സാഫ്:** സാഫിന്റെ മത്സ്യസംസ്കരണ യൂണിറ്റുകൾ ഹാർബറിൽനിന്നും നേരിട്ട് ശേഖരിക്കുന്ന മത്സ്യം ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കി ആകർഷകമായി പാക്ക് ചെയ്താണ് വില്പന നടത്തുന്നത്. സാഫ് തീരമൈത്രി ബ്രാന്റിൽ ലഭ്യമാക്കുന്ന ഉണക്കമത്സ്യങ്ങൾ കേന്ദ്ര ഏജൻസിയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(CIFT)യിൽ ക്വാളിറ്റി ടെസ്റ്റ് നടത്തിയാണ് വിപണിയിൽ എത്തിക്കുന്നത്. ഈ ഉൽപന്നങ്ങൾക്ക് എക്സ്പോർട്ട് ക്വാളിറ്റി ഉറപ്പുവരുത്തിയിട്ടുണ്ട്.

2. **കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ:-** കൊല്ലം ശക്തികുളങ്ങരയിൽ പ്രവർത്തിച്ചുവരുന്ന മത്സ്യസംസ്കരണ യൂണിറ്റിൽ വൃത്തിയായ അന്തരീക്ഷത്തിൽ തികച്ചും ശുചിത്വപൂർണ്ണമായി വിവിധ മത്സ്യയിനങ്ങൾ സംസ്കരിച്ച് മൂല്യവർധിത മത്സ്യഉൽപന്നങ്ങളാക്കി വിവിധ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഗുണഭോക്താക്കൾക്ക് എത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് സൗരോർജ ഡ്രയറിൽ ഉണക്കിയെടുത്ത് വിവിധ മൂല്യവർധിത മത്സ്യഉൽപന്നങ്ങൾ 'ഡ്രിഷ് കേരള'എന്ന ബ്രാന്റിൽ തദ്ദേശ വിപണിയിലും വിദേശ വിപണിയിലും എത്തിച്ചുവരുന്നു.

3) **മത്സ്യഫെഡ്:** മായം കലരാത്ത ശുദ്ധമായ മത്സ്യം ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനായി മത്സ്യഫെഡിന് 9 ജില്ലകളിൽ മത്സ്യം സംഭരിക്കുന്ന കേന്ദ്രങ്ങൾ (ബേസ് സ്റ്റേഷൻ) പ്രവർത്തിക്കുന്നുണ്ട്. ശുദ്ധമായ മത്സ്യം സംഭരിച്ച് ശുചിത്വമുള്ള ചുറ്റുപാടിൽ സംസ്കരിച്ച് മത്സ്യഫെഡിന്റെ ഫിഷ്

മാർട്ടുകൾ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ (MIFP) മത്സ്യസംസ്കരണം നടത്തി റെഡി ടു ഈറ്റ്, റെഡി ടു കുക്ക് വിഭവങ്ങളായ വിവിധതരം മത്സ്യ അച്ചാറുകളും ഫിഷ് കട്‌ലറ്റ്, ചെമ്മീൻ റോസ്റ്റ്, ചെമ്മീൻ ചമ്മന്തിപ്പൊടി എന്നീ ഉൽപന്നങ്ങൾ നിർമ്മിക്കുകയും മത്സ്യഫെഡിന്റെ വിവിധ ഔട്ട് ലെറ്റുകൾ വഴി ടി ഉൽപന്നങ്ങളുടെ വിപണനം നടത്തിവരികയും ചെയ്യുന്നു.

(സി) മത്സ്യസംസ്കരണ മേഖലയിൽ പ്രത്യേകിച്ച് പീലിംഗ് ഷെഡുകളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ തൊഴിൽ സാഹചര്യം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

സംസ്ഥാനത്തെ പ്രധാനപ്പെട്ട മത്സ്യ സംസ്കരണ കേന്ദ്രമായി പ്രവർത്തിക്കുന്ന പീലിംഗ് ഷെഡുകളെ സംബന്ധിച്ച് ഫിഷറീസ് വകുപ്പ് ഒരു പഠനം നടത്തിയിട്ടുണ്ട്. 2.5 ലക്ഷം പേർ പ്രത്യക്ഷമായും പരോക്ഷമായും ജോലിചെയ്യുന്ന ഇവിടെ 90 ശതമാനത്തോളം വനിതകളാണ് ജോലി ചെയ്തുവരുന്നത്. പീലിംഗ് തൊഴിലാളികൾ ജോലി സമയം മുഴുവൻ നിലത്ത്

ഇരുന്നുകൊണ്ടോ അല്ലെങ്കിൽ നിന്നുകൊണ്ടോ ആണ് ജോലി ചെയ്യുന്നത്. ഇത് പലപ്പോഴും വിവിധ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് ഗർഭാശയരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത മേഖലയിൽ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഒരു നൂതന വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

അരൂർ - ചന്തിരൂർ പ്രദേശത്തെ മൽസ്യ വ്യവസായമേഖലയുടെ സുഗമമായ പ്രവർത്തനത്തിന് പൊതുമലിനജല സംസ്കരണപ്ലാന്റ് സ്ഥാപിക്കുന്നതിന് 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ജലജന്യരോഗങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ സംസ്കരണപ്ലാന്റ് സ്ഥാപിക്കുന്നതിന് അരൂർ-ചന്തിരൂർ കോമൺ എഫ്ലുവന്റ് പ്ലാന്റ് ഫോർ ട്രീറ്റ്മെന്റ് സൊസൈറ്റി (ACCEPT Society) രൂപീകരിക്കുകയും ഇതിലേയ്ക്കായി ചന്തിരൂർ പുത്തൻതോടിന് സമീപം 79 സെന്റ് സ്ഥലം ആലപ്പുഴ ജില്ലാ കളക്ടറുടെ പേരിൽ വാങ്ങിയിട്ടുമുണ്ട്. പദ്ധതി

നിർവഹണത്തിന് കമ്പനീസ് ആക്ടുപ്രകാരം രജിസ്ട്രാർ ഓഫ് കമ്പനീസിനുകീഴിൽ ജില്ലാ കളക്ടർ മാനേജിംഗ് ഡയറക്ടറായി ACCEPT Environment Solution Pvt Ltd ചെയ്തിട്ടുണ്ട്. കമ്പനിയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായ INKEL ചന്തിരൂർ പുത്തൻതോടിന് സമീപം കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 16,00,95,915 /- രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

സാഫ് നടപ്പാക്കുന്ന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിൽ 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃവിഹിതവുമാണ്. ജില്ലകളിൽനിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനം നൽകുകയും ബാങ്ക് ലോൺ

ലഭ്യമാക്കുകയും ചെയ്യുന്നു. മാറിവരുന്ന തൊഴിൽ സാഹചര്യത്തിനും സാങ്കേതികവിദ്യയ്ക്കും അനുസരിച്ച് യൂണിറ്റുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനായി നൂതന ഉപകരണങ്ങളെപ്പറ്റി അവബോധം നൽകി അവ വാങ്ങുന്നതിന് ധനസഹായം നൽകുന്നു.

**ട്രോളിംഗ് നിരോധനകാലത്തെ മത്സ്യബന്ധനം**

314(3072) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനകാലത്ത് മത്സ്യബന്ധനം നടത്താൻ ഏതുതരത്തിലുള്ള യാനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ട്രോൾ വലകൾ ഉപയോഗിക്കുന്ന യന്ത്രവൽകൃത ട്രോൾ ബോട്ടുകൾക്ക് മാത്രമാണ് സംസ്ഥാന തീരക്കടലിൽ ജൂൺ 10 മുതൽ ജൂലൈ 31 വരെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. നിയമവിധേയമായ മറ്റ് എല്ലാ മത്സ്യബന്ധനരീതികളും കേരളതീരത്ത് അനുവദനീയമാണ്.

(ബി) അനുമതിയില്ലാത്ത യാനങ്ങൾ ട്രോളിംഗ് നിരോധനം ലംഘിച്ചുകൊണ്ട് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അനുമതിയില്ലാത്ത യാനങ്ങൾ ട്രോളിംഗ് നിരോധനം ലംഘിച്ചുകൊണ്ട് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതായി സംസ്ഥാനത്ത് ഒരിടത്തുനിന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ട്രോൾ ബോട്ട് ഉടമസ്ഥരുടെയും അതിലെ തൊഴിലാളികളുടെയും പൂർണ്ണമായ സഹകരണത്തോടെയാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നത്.

(സി) എങ്കിൽ അപ്രകാരം മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന യാനങ്ങൾക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

9 തീരദേശ ജില്ലകളിലും ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമലംഘനമില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി തീരദേശ ജില്ലകളിൽ പെട്രോൾ ബോട്ടുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നുണ്ട്.

നിയമലംഘനങ്ങൾ കണ്ടെത്തിയാൽ പ്രസ്തുത യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് കെ.എം.എഫ്.ആർ. ആക്ടുപ്രകാരമുള്ള പിഴ അടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മത്സ്യബന്ധന മേഖലയിൽ ജോലിയെടുക്കുന്നവർക്ക് ട്രോളിംഗ് നിരോധനംമൂലം തൊഴിൽ നഷ്ടമുണ്ടാകുന്ന സാഹചര്യത്തിൽ അവർക്കായി എന്തെങ്കിലും സമാശ്വാസ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനമേഖലയിൽ ട്രോളിംഗ് നിരോധനകാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യറേഷൻ നൽകിവരുന്നുണ്ട്. ഈ വർഷവും സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം

നൽകിവരുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ആയതിൽ മേയ് മാസം നൽകേണ്ടതായ ആദ്യ ഗഡു 1500 രൂപ അനുവദിക്കുകയും ജില്ലകളിൽ തുക വിതരണം ചെയ്തുവരുകയും ചെയ്യുന്നു. ബാക്കി തുക ജൂൺ, ജൂലൈ മാസങ്ങളിലായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുള്ള സഹായ പദ്ധതികൾ**

315(3073) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹികസുരക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം സഹായ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹികസുരക്ഷ ഉറപ്പാക്കുന്നതിനും നടപ്പാക്കുന്ന സഹായപദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഉൾനാടൻ മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കി മത്സ്യത്തൊഴിലാളികളുടെ വരുമാനം മെച്ചപ്പെടുത്തുന്നതിന് നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികൾ എന്തെല്ലാം; വിശദീകരിക്കുമോ?

ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി 2022-23 വർഷത്തിൽ Conservation and Management of Inland Resources-ന്റെ ഭാഗമായി ഉൾനാടൻ ജലസ്രോതസ്സുകളിൽ 148.25 ലക്ഷം carp/etroplus/ shrimp എന്നീ മത്സ്യവിത്തുകൾ നിക്ഷേപിച്ചു. ആയതുവഴി മത്സ്യോൽപാദനം 2021-22 വർഷത്തിലെ 1.88 MT-ൽ നിന്നും 2022-23 വർഷത്തിൽ 1.91 MT-ലേയ്ക്ക് ഉയർന്നിട്ടുണ്ട്. മത്സ്യബന്ധന സാധ്യത കൂട്ടുന്നതിനും ഇതുകാരണമായി. കൂടാതെ Reservoir Project-ന്റെ ഭാഗമായി സംസ്ഥാനത്ത് 12 റിസർവോയർ/ഡാമുകളിലായി 4514.10 ഹെക്ടർ പ്രദേശത്ത് 80.05 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ഇതുവഴി റിസർവോയർ/ഡാമുകളിലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകിച്ചും SC/ST വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ തൊഴിൽ ദിനങ്ങളുടെയും വരുമാനത്തിന്റെയും വർധനവിനും കാരണമായി.

PMMSY പദ്ധതിയിലുൾപ്പെടുത്തി അഡാക്ക് മുഖേന ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി എന്നീ റിസർവോയറുകളിൽ 400 കേജുകൾ സ്ഥാപിച്ച് മത്സ്യകൃഷി നടത്തിവരുന്നു.

തോടുകൾ, കനാലുകൾ, കൈവഴികൾ, അരുവികൾ തുടങ്ങി മത്സ്യകൃഷിക്കനുയോജ്യമായതും നിലവിൽ ഉപയുക്തമാക്കാത്തതുമായ പൊതുജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുകയും അതുവഴി മത്സ്യോൽപാദനം വർധിപ്പിക്കുകയും മത്സ്യകർഷകർക്കും തൊഴിലാളികൾക്കും സുസ്ഥിര വരുമാനം ഉറപ്പാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ ഇത്തരം ജലാശയങ്ങളിൽ വല വളപ്പുകൾ നിർമ്മിച്ചും പരിസ്ഥിതി സൗഹൃദരീതിയിൽ താൽക്കാലിക ചിറകൾ (തടയണകൾ) കെട്ടിയും തദ്ദേശീയ മത്സ്യവിത്തുകൾ നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ വളർത്തിയെടുക്കുന്നതിന് എംബാങ്ക്മെന്റ് പദ്ധതി ലക്ഷ്യമിടുന്നു.

ആയതിലേയ്ക്ക് ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 492 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 25 ഹെക്ടർ ജലാശയത്തിലും 35 വലവളപ്പുകളിലും മത്സ്യകൃഷി നടത്തിയിട്ടുണ്ട്.

ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനും 2023-24 വർഷം 370 ലക്ഷം രൂപയുടെ Integrated Fishery Resource Management in Inland Aquatic Eco System എന്ന പദ്ധതിപ്രകാരം 148.25 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ വാമനപുരം നദിയിലും വേമ്പനാട്, അഷ്ടമുടി, കുറ്റ്യാടി, കടലുണ്ടി, ചേറ്റുവ, അഞ്ചരക്കണ്ടി കായലുകളിലും നിക്ഷേപിച്ചു. 200 ലക്ഷം രൂപയുടെ റിസർവോയർ പദ്ധതിയുടെ ഭാഗമായി മണിയാർ, പമ്പ, പൊന്മുടി, മാട്ടുപ്പെട്ടി, ഇരട്ടയാർ, ആനയിറങ്ങൽ, മീങ്കര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിങ്ങൽക്കുത്ത്, ഷോളയാർ (ലോവർ) എന്നീ റിസർവോയറുകളിൽ 4514.10 ഹെക്ടർ പ്രദേശത്ത് 80.05 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. പദ്ധതിയുടെ ഭാഗമായി വേമ്പനാട് കായലിൽ 20 മത്സ്യസംരക്ഷണ കേന്ദ്രങ്ങളും 17 കക്ക സംരക്ഷണകേന്ദ്രങ്ങളും സ്ഥാപിച്ച് സംരക്ഷിച്ചുവരുന്നു.

ഇതുവഴി ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ വർധിക്കുകയും വരുമാനം മെച്ചപ്പെടുകയും ചെയ്യുന്നു.

**പൊന്നാനി ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലെ വെൽനെസ്സ് സെന്റർ**

316(3074) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പൊന്നാനി ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ വിഭാവനം ചെയ്തിട്ടുള്ള വെൽനെസ് സെന്റർ ആരംഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) മലപ്പുറം ജില്ലയിൽ പൊന്നാനി ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ വെൽനെസ് സെന്റർ ആരംഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

**ഉൾനാടൻ മത്സ്യകൃഷി നേരിടുന്ന പ്രതിസന്ധികൾ**

317(3075) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യത്തിന്റെ പ്രധാന സ്രോതസ്സായ പുഴകളിലേയും കായലുകളിലേയും ആവാസവ്യവസ്ഥയിലുണ്ടായിട്ടുള്ള തകർച്ച പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി 'കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് ഓഫ് ഇൻലാൻഡ് റിസോഴ്സ്' എന്ന സംസ്ഥാന സർക്കാർ പദ്ധതിയുടെ ഭാഗമായി ഉൾനാടൻ ജലസ്രോതസ്സുകളിൽ എല്ലാ വർഷങ്ങളിലും കാർപ്പ്, കരിമീൻ തുടങ്ങിയ മത്സ്യങ്ങളുടെയും ചെമ്മീനുകളുടെയും വിത്തുകൾ നിക്ഷേപിച്ചുവരുന്നു. ടി പദ്ധതിയുടെ ഭാഗമായി കായലുകളിൽ 26 മത്സ്യസംരക്ഷണ കേന്ദ്രങ്ങളും 20 കക്ക സംരക്ഷണകേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ആയതുവഴി മത്സ്യ/കക്ക

ഉൽപാദനം വർധിപ്പിക്കുന്നതിനും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിലും വരുമാനവും ഉറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുംവേണ്ടി രൂപീകരിച്ച 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് (Kerala Inland Fisheries and Aquaculture Act)-ലെ വ്യവസ്ഥകളുടെ ലംഘനം തടയുന്നതിന് കായൽ പട്രോളിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പാക്കിവരുന്നു. 2024-25 വർഷത്തിൽ 'ഇന്റഗ്രേറ്റഡ് ഫിഷറി റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാൻഡ് അക്വാട്ടിക് ഇക്കോ സിസ്റ്റംസ്' എന്ന പദ്ധതിയും 'ഇൻലാൻഡ് വാട്ടർ പട്രോളിംഗ് ആൻഡ് ഇംപ്ലിമെന്റേഷൻ ഓഫ് കേരള ഇൻലാൻഡ് ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ആക്ട്' എന്ന പദ്ധതിയും നടപ്പാക്കാൻ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് പുഴകളിലും നദികളിലും മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തുന്നതിനും പുഴകളിലെയും കായലുകളിലെയും ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിച്ചേർന്ന് വേമ്പനാട് കായലിന്റെ കൈത്തോടുകളിലെ

എക്കലും ചെളിയും മാറ്റി ആഴം കൂട്ടുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉൾനാടൻ മത്സ്യകൃഷി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയായ മത്സ്യരോഗങ്ങളുടെ ദ്രുതഗതിയിലുള്ള വ്യാപനം തടയുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ജലജീവി ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉൾനാടൻ മത്സ്യകൃഷി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയായ മത്സ്യരോഗങ്ങളുടെ ദ്രുതഗതിയിലുള്ള വ്യാപനം തടയുന്നതിനും ജലജീവികളുടെ നശീകരണം നിയന്ത്രിക്കുന്നതിനും സംസ്ഥാനത്ത് മത്സ്യ രോഗങ്ങളുടെ നിരീക്ഷണം. രോഗനിർണ്ണയം, പ്രതിരോധപ്രവർത്തനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനുമായി പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, പാലക്കാട് ജില്ലയിലെ മലമ്പുഴ, മലപ്പുറം ജില്ലയിലെ ഉണ്ണ്യാൽ, കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹിൽ, വയനാട് ജില്ലയിലെ തളിപ്പുഴ, എന്നിവിടങ്ങളിലായി 7 അക്വാട്ടിക് അനിമൽ ഹെൽത്ത് സർവൈലൻസ്

ലാബുകൾ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ടി ലാബുകളിൽ മത്സ്യ/ചെമ്മീനുകളുടെ വൈറസ് രോഗനിർണ്ണയത്തിനായുള്ള പി.സി.ആർ. ടെസ്റ്റുകളും ബാക്ടീരിയ രോഗനിർണ്ണയത്തിനുള്ള മൈക്രോബയോളജി ടെസ്റ്റുകളും മത്സ്യകൃഷി ചെയ്യുന്ന ജലം, മണ്ണ് എന്നിവയുടെ രാസഭൗതിക ഗുണങ്ങൾ തുടങ്ങിയ എല്ലാ പരിശോധനകളും നടത്തുന്നതിനുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിനുപുറമേ എറണാകുളം ജില്ലയിലെ തേവരയിലും കൊല്ലം ജില്ലയിലെ ഓടയത്തുമായി രണ്ട് റീജണൽ ലാബുകളും പനങ്ങാട് കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയിൽ (കുഫോസ്) ഒരു റെഫറൽ ലാബും പ്രവർത്തിച്ചുവരുന്നു. നാഷണൽ സർവൈലൻസ് പ്രോഗ്രാം ഓൺ അക്വാട്ടിക് അനിമൽ ഹെൽത്ത് ഡിസീസ് (NSPAAD) എന്ന പദ്ധതിയുടെ ഭാഗമായി കുഫോസ് റെഫറൽ ലാബ് കർഷകർ റിപ്പോർട്ട് ചെയ്യുന്ന മത്സ്യരോഗങ്ങൾ പരിശോധിച്ച് പ്രതിവിധികൾ നിർദേശിക്കുന്നു. ഇതിനായി കുഫോസിലെയും ഫിഷറീസ് വകുപ്പിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ വായ്പകൾക്ക് മൊറട്ടോറിയം**

318(3076) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനസമയത്ത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മത്സ്യബന്ധന മേഖലയിൽ ട്രോളിംഗ് നിരോധനകാലത്ത് ട്രോൾ ബോട്ടുകളിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും പീലിംഗ് തൊഴിലാളികളുമാണ് സാധാരണയായി പ്രതിസന്ധിയിലാകുന്നത്. നിയമപരമായി അനുവദനീയമായ മറ്റെല്ലാതരത്തിലുമുള്ള മത്സ്യബന്ധന രീതികളും കേരളതീരത്ത് ഈ സമയത്ത് അനുവദിച്ചിട്ടുണ്ട്. ട്രോൾ ബാൻ കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന ട്രോൾ ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ

തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യറേഷൻ നൽകിവരുന്നുണ്ട്. ഈ വർഷവും സൗജന്യറേഷൻ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. സൗജന്യറേഷൻ നൽകുന്നതിനാവശ്യമായ നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. സമ്പാദ്യസമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകിവരുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ആയതിൽ മേയ് മാസം നൽകേണ്ടതായ 1500 രൂപ അനുവദിക്കുകയും ജില്ലകളിൽ ആയത് വിതരണം ചെയ്തുവരുകയും ചെയ്യുന്നു. ബാക്കി തുക ജൂൺ, ജൂലൈ മാസങ്ങളിലായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികളുടെ വായ്പകൾക്ക് മൊറട്ടോറിയം അനുവദിക്കാൻ സർക്കാർ ഇടപെടൽ നടത്തുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(സി) ട്രോളിംഗ് നിരോധനസമയത്ത് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സ്വയം തൊഴിലിനായി പ്രത്യേക സഹായം ലഭ്യമാക്കുമോ?

ട്രോളിംഗ് നിരോധന സമയത്ത് മാത്രമായി മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സ്വയംതൊഴിലിനായി പ്രത്യേകമായി സഹായങ്ങൾ ലഭ്യമാക്കുന്നില്ല. എന്നാൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മുഴുവൻ സമയ സ്വയംതൊഴിലിനായി ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എല്ലാ വർഷവും സാഫ് മുഖേന ഗ്രാന്റ് അനുവദിച്ചുവരുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75% ഗ്രാന്റും 20% ബാങ്ക് ലോണും 5% ഗുണഭോക്തൃ വിഹിതവുമാണ്. തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനം നൽകുന്നു. രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിര ആസ്തികൾ വാങ്ങുന്നതിന്

ഒന്നാംഗഡു ധനസഹായവും പ്രവർത്തനമൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും സ്ഥിരംതൊഴിലിനും സാധിക്കുന്നു. സംരംഭങ്ങളുടെ സുസ്ഥിരനിലനിൽപ്പിനായി മറ്റ് ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 500 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ**

319(3077) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പുവഴി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്നും നിലവിൽ അവയുടെ പ്രവർത്തനപുരോഗതി സംബന്ധിച്ചും വിശദീകരിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ മാത്രമായി ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പുതിയ പദ്ധതികൾക്കൊന്നും ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് മുൻവർഷങ്ങളിൽ ഫിഷറീസ് വകുപ്പുവഴി പൊതുവായി ഭരണാനുമതി നൽകിയ പദ്ധതികൾ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പാക്കിവരുന്നുണ്ട്. ആയതിന്റെ പ്രവർത്തന പുരോഗതി ചുവടെച്ചേർക്കുന്നു.

വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന "പുനർഗേഹം" പദ്ധതിയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ, ഹോസ്ദുർഗ്, പുഞ്ചാവി മത്സ്യഗ്രാമങ്ങളിലായി 64 പേരുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും ഭവന നിർമ്മാണം പുരോഗതിയിലുമാണ്.

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികളും അനുബന്ധ മത്സ്യത്തൊഴിലാളികളും (സ്ത്രീകൾ) 2021-22 സാമ്പത്തിക വർഷം 1253 പേരും 2022-23 സാമ്പത്തിക വർഷം 1030 പേരും 2023-24 സാമ്പത്തിക വർഷം 1123 പേരും പദ്ധതിയിൽ അംഗമായിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഐസ് ബോക്സ് വിതരണം പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 24 മത്സ്യത്തൊഴിലാളികളും 2023-24 സാമ്പത്തിക വർഷം 11 മത്സ്യത്തൊഴിലാളികളും ഗുണഭോക്തൃവിഹിതം ഒടുക്കി പദ്ധതിയിൽ അംഗമായിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടൽസുരക്ഷാ ഉപകരണമായ GPS നൽകുന്ന പദ്ധതിയിൽ 2022 വർഷം 6 പേരും 2023 വർഷം 2 പേരും ഗുണഭോക്തൃവിഹിതം അടച്ച് പദ്ധതിയിൽ അംഗമായിട്ടുണ്ട്.

പരമ്പരാഗത യാനങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 44 പേരും 2023-24 (ON GOING)-ൽ 36 പേരും പദ്ധതിയിൽ അംഗമായിട്ടുണ്ട്.

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപാദനം ത്വരിതപ്പെടുത്തുന്നതിനുമായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന (PMMSY) പദ്ധതികൾപ്രകാരം മുന്നൂറോളം മത്സ്യകർഷകർ വിവിധയിനം മത്സ്യകൃഷിയിൽ അംഗമായിട്ടുണ്ട്.

കൂടാതെ വിവിധ ഏജൻസികൾ മുഖേന താഴെപ്പറയുന്ന പദ്ധതികളും നടപ്പാക്കുന്നു.

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**സാഫ്**

\+ .നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാഫ് മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്കായി Alternative & Supportive Livelihood Opportunity to fisher women of Kerala പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)**

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃവിഹിതവുമാണ്. സംരംഭങ്ങളുടെ സുസ്ഥിരനിലനിൽപ്പിനായി പലിശരഹിത വർക്കിംഗ് ക്യാപ്പിറ്റൽ, റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഇംപ്രൂവ്മെന്റ്, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനം, ബ്രാൻഡിംഗ് & മാർക്കറ്റിംഗ് യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ, കമ്മ്യൂണിറ്റി വെൽനെസ്സ് പ്രോഗ്രാം മറ്റ് ഘടകങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്**

തലച്ചുമടായി മത്സ്യം വിൽക്കുന്നവരും പീലിങ്, മത്സ്യ അനുബന്ധ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുമായ മത്സ്യത്തൊഴിലാളി വനിതകളെ കൊള്ളപ്പലിശക്കാരുടെയും പണമിടപാടുകാരുടെയും ഭീമമായ പലിശയിൽനിന്ന് മുക്തരാക്കുന്നതിനായി ജെ.എൽ.ജി. പദ്ധതിയിലുൾപ്പെടുത്തി പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10,000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50,000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകിവരുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് തുടർഘട്ടങ്ങളിൽ ഒരു ലക്ഷം രൂപവരെ അനുവദിക്കുന്നു.

**തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്**

ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ തനത് രുചിയോടെ തയ്യാർ ചെയ്യുന്നതിനായി തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് പദ്ധതി നടപ്പാക്കി. 5 പേരടങ്ങുന്ന ഒരു Seafood Restaurant രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ (പദ്ധതിയുടെ 75%) വരെ ഗ്രാന്റായി അനുവദിച്ചു. പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റില ലഭ്യമാണ്.

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസന പദ്ധതിയിൽ ആരംഭിച്ച യൂണിറ്റുകളെല്ലാം ലാഭത്തിൽ പ്രവർത്തിക്കുന്നു. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് അനുവദിച്ച റിവോൾവിംഗ് ഫണ്ട് കൃത്യമായി തിരിച്ചടച്ചുവരുന്നു. 2 സീഫുഡ് റെസ്റ്റോറന്റ് യൂണിറ്റുകൾ ആരംഭിച്ചതിൽ അജാനൂർ പരിധിയിൽപ്പെട്ട ഒരു യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല. യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജെ.എൽ.ജി. എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പുവഴി ഭരണാനുമതി നൽകിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

**മത്സ്യഫെഡ്**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. <u>ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി.)</u>

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യമുണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതിവഴി നൽകിവരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാപദ്ധതി, പലിശരഹിത വായ്പാപദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പാക്കിവരുന്നത്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കാൻ സംഘങ്ങൾ തീരദേശ ലേലം നടപ്പാക്കിവരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേലസമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുമായി ഐ.എഫ്.ഡി.പി.

പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധനവായ്പ നൽകിവരുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 88 ഗുണഭോക്താക്കൾക്ക് 55.18 ലക്ഷം രൂപ വിതരണം ചെയ്തു.

2. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.)/ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പാപദ്ധതികൾ

(എ) മൈക്രോഫിനാൻസ് വായ്പ

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയംസഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി.-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപവരെ 5% പലിശ നിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു. ഈ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 361 ഗുണഭോക്താക്കൾക്കായി 70.75 ലക്ഷം രൂപ വിതരണം ചെയ്തു.

(ബി) ടേം വായ്പകൾ

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകിവരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശരഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പ 6 ശതമാനം പലിശ നിരക്കിൽ 5 വർഷക്കാലാവധിയിൽ വിതരണം ചെയ്തുവരുന്നു. ഈ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ഗുണഭോക്താവിന് 1 ലക്ഷം രൂപ വിതരണം ചെയ്തു.

(സി) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാപദ്ധതി

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശരഹിത വായ്പ വിവിധഘട്ടങ്ങളിലായി വിതരണം ചെയ്തുവരുന്നു. ആദ്യവായ്പ 10,000/- രൂപ ഒരു വർഷക്കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20,000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശരഹിത വായ്പാ

വിതരണത്തിനാവശ്യമായ വായ്പാത്തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽനിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശത്തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചുനൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 498 ഗുണഭോക്താക്കൾക്കായി 99.6 ലക്ഷം രൂപ വിതരണം ചെയ്തു.

3. വലകൾക്കുള്ള സബ്സിഡി പദ്ധതി

10 എച്ച്.പി.-യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് വലയുടെ വിലയുടെ 25% പരമാവധി 10,000/- രൂപവരെ സബ്സിഡി നൽകിവരുന്നു. ഈ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 33 ഗുണഭോക്താക്കൾക്കായി 5.97 ലക്ഷം രൂപ വിതരണം ചെയ്തു.

4. നാടൻ വള്ളങ്ങളുടെ നവീകരണം

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി.-യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം എഞ്ചിന്റെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകിവരുന്നു. ഈ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 7 ഗുണഭോക്താക്കൾക്കായി 1.7 ലക്ഷം രൂപ വിതരണം ചെയ്തു.

5. സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി

ഭരണ സമിതിയുള്ളതും പ്രവർത്തനക്ഷമത കുറഞ്ഞതുമായ സംഘങ്ങൾക്ക് വരുമാനം ഉറപ്പാക്കുന്നതിനുതകുന്ന പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി രൂപീകരിച്ച പ്രത്യേക ശാക്തീകരണ പദ്ധതിയാണിത്. മത്സ്യഫെഡിന്റെ തനത് ഫണ്ടിൽനിന്നും വായ്പ നൽകിയാണ് പദ്ധതി നടപ്പാക്കുന്നത്. ഈ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘത്തിന് 2 ലക്ഷം രൂപ വിതരണം ചെയ്തു.

പ്രവർത്തന പുരോഗതി

ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി.) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസനപദ്ധതി (ഐ.എഫ്.ഡി.പി.) 79% തിരിച്ചടവ്.

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.)-യുടെ ധനസഹായത്തോടെയുള്ള മൈക്രോഫിനാൻസ് വായ്പാപദ്ധതി 94% തിരിച്ചടവ്.

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.)-യുടെ ധനസഹായത്തോടെയുള്ള ടേം വായ്പാ പദ്ധതി 100% തിരിച്ചടവ്.

മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിനായി നൽകി വരുന്ന പലിശരഹിത വായ്പാപദ്ധതി 100% തിരിച്ചടവ്.

സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി 100% തിരിച്ചടവ്.

6. <u>സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി</u>

കാഞ്ഞങ്ങാട് മണ്ഡലത്തിൽ 268 മത്സ്യത്തൊഴിലാളികൾക്ക് 17.12 ലക്ഷം രൂപ മണ്ണെണ്ണ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

**വിദ്യാതീരം പദ്ധതി**

320(3078) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാതീരം പദ്ധതിയിലൂടെ കടലോര മേഖലയിൽനിന്ന് എത്രപേരെ ഡോക്ടറാക്കാൻ കഴിഞ്ഞുവെന്നും ആയതിന് ചെലവായ തുകയെത്രയാണെന്നും അറിയിക്കാമോ?

വിദ്യാതീരം പദ്ധതിയിലൂടെ കഴിഞ്ഞ 8 വർഷക്കാലയളവിലായി 533 പേർക്ക് പരിശീലനം നൽകുകയും 84 പേർക്ക് എം.ബി.ബി.എസ്.-നും 63 പേർക്ക് ബി.ഡി.എസ്. / ബി.എ.എം.എസ്. / ബി.എച്ച്.എം.എസ്. / ബി.വി.എസ്.സി. എന്നീ മെഡിക്കൽ ബിരുദ കോഴ്സുകൾക്കും 79 പേർക്ക് മറ്റ് കോഴ്സുകൾക്കും പ്രവേശനം ലഭിച്ചു.

വിദ്യാതീരം മെഡിക്കൽ എൻട്രൻസ് പരിശീലനത്തിന്റെ ഈ കഴിഞ്ഞ കാലയളവിലെ ഫലങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പരിശീലത്തിൽ ഏർപ്പെട്ട വിദ്യാർഥികളുടെ എണ്ണം | എം.ബി.ബി.എസ്. | ബി.ഡി.എസ്./ ബി.എ.എം.എസ്./ ബി.എച്ച്.എം. എസ്./ ബി.വി.എസ്.സി. | മറ്റു കോഴ്സുകൾ | ആകെ |
|---|---|---|---|---|---|
| 2015-16 | 47 | 11 | 4 | | 15 |
| 2016-17 | 33 | 7 | 2 | 14 | 23 |
| 2017-18 | 50 | 6 | 8 | 8 | 22 |
| 2018-19 | 56 | 10 | 4 | 11 | 25 |
| 2019-20 | 84 | 15 | 14 | 11 | 40 |
| 2020-21 | 61 | 11 | 8 | 8 | 27 |
| 2021-22 | 90 | 15 | 8 | 3 | 26 |
| 2022-23 | 112 | 9 | 15 | 24 | 48 |
| ആകെ | 533 | 84 | 63 | 79 | 226 |

ടി വിദ്യാർഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്നതിനായി 4,76,72,490/- രൂപ ചെലവഴിച്ചു.

ഇതുകൂടാതെ 2023-24 വർഷത്തിൽ 103 വിദ്യാർഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകിയിരുന്നു. പരീക്ഷാഫലം പുറത്തുവന്നപ്പോൾ ടി വിദ്യാർഥികൾ മികച്ച വിജയം കൈവരിച്ചിട്ടുള്ളതായി കാണാൻ

കഴിഞ്ഞിട്ടുണ്ട്. ഇവരുടെ പരിശീലനത്തിനായി 1,02,69,140/- രൂപ അനുവദിച്ചിരുന്നു.

നാളിതുവരെ മെഡിക്കൽ എൻട്രൻസ് പരിശീലനത്തിനായി ആകെ 636 വിദ്യാർത്ഥികൾക്കായി 5,79,41,630/- രൂപ ചെലവായിട്ടുണ്ട്.

**ട്രോളിംഗ് കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ധനസഹായം**

321 (3079) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്?

സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യറേഷൻ നൽകുന്നതിന് ഭരണാനുമതി നൽകി

ഉത്തരവായിട്ടുണ്ട്. സൗജന്യ റേഷൻ നൽകുന്നതിനാവശ്യമായ നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. പഞ്ഞമാസക്കാലമായ ട്രോൾബാൻ കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും 4500/- രൂപ ധനസഹായം നൽകുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ആയതിൽ മേയ് മാസം നൽകേണ്ടതായ 1500 രൂപ അനുവദിക്കുകയും ജില്ലകളിൽ ആയത് വിതരണം ചെയ്തുവരുകയും ചെയ്യുന്നു. ബാക്കി തുക ജൂൺ, ജൂലൈ മാസങ്ങളിലായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ട്രോളിംഗ് കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായം വർധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

## മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണ പദ്ധതി

322(3080) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ഡോ. മാത്യൂ കുഴൽനാടൻ:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി വകുപ്പ് മുഖേന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗത്തിലുമുള്ള കുടുംബങ്ങളെയും സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി വകുപ്പിന്റെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് മുഖേന നടപ്പാക്കുന്നു. പ്രസ്തുത പദ്ധതിപ്രകാരം വ്യക്തിഗത ഭവനങ്ങളും ഫ്ലാറ്റുകളുമുൾപ്പെടെ 2646 കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതി പ്രവർത്തനത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ

നിധിയിൽനിന്നും 250 കോടി രൂപയും സംസ്ഥാന വിഹിതത്തിൽനിന്നും 153.75 കോടി രൂപയും ഉൾപ്പെടെ 403.75 കോടി രൂപ നാളിതുവരെ അനുവദിക്കുകയും 371.50 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി വകുപ്പ് നടത്തിവന്നിരുന്ന പദ്ധതിയെ ലൈഫ് ഭവനപദ്ധതിയിൽ ലയിപ്പിച്ചിട്ടുണ്ടോ?

ഉണ്ട്. 'പുനർഗേഹം' ഭവന നിർമ്മാണപദ്ധതി ഫിഷറീസ് വകുപ്പ് മുഖേന നടത്തുകയും ചെയ്യുന്നു.

(സി) എങ്കിൽ ഇതുകാരണം മത്സ്യത്തൊഴിലാളികൾക്ക് മുൻകാലങ്ങളിൽ നൽകിക്കൊണ്ടിരുന്നത്രയും വീടുകൾപോലും നൽകാൻ സാധിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ലൈഫ് പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അർഹരായ

എല്ലാ കുടുംബങ്ങൾക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്.

ലൈഫ് ഭവനപദ്ധതി മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയാണ് നടപ്പാക്കിയിട്ടുള്ളത്. ലൈഫ് ഭവന പദ്ധതിയിലൂടെ ടി വിഭാഗങ്ങളിൽപ്പെട്ടവർക്ക് വീട് അനുവദിക്കുന്നതിനാൽ ഭവനനിർമ്മാണ ധനസഹായ ഇനത്തിൽ 4,00,000/- രൂപ ലഭിക്കുന്നു. മാത്രവുമല്ല ലൈഫ് ഭവന പദ്ധതിയിലൂടെ സംസ്ഥാനത്തെ 15290 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് അനുവദിച്ചതിൽ 15-06-2024 വരെ 12723 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർക്കും പട്ടികജാതി, പട്ടികവർഗ, അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കും പരിഗണന നൽകി ഭവനനിർമ്മാണ ധനസഹായം അനുവദിച്ചുവരികയാണ്.

## മത്സ്യബന്ധന യാനങ്ങൾ ആധുനികവൽക്കരിക്കാൻ നടപടി

323(3081) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന യാനങ്ങൾ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

മത്സ്യബന്ധന യാനങ്ങൾ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിലേയ്ക്കായി 2023-24 സാമ്പത്തിക വർഷം 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി മരത്തടിയിൽ നിർമ്മിച്ചതും 40 അടിയിൽ താഴെ മൊത്തം നീളമുള്ളതും 200 എച്ച്.പി.-യിൽ താഴെ പ്രൊപ്പൽഷനുള്ളതുമായ യാനങ്ങളെ സ്റ്റീൽ നിർമ്മിതമായ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളായി ഘട്ടംഘട്ടമായി മാറ്റുന്നതിന്/നവീകരിക്കുന്നതിനാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്.

സ്വന്തം നിലയിൽ മത്സ്യബന്ധന യാനങ്ങൾ മാറ്റുന്നതിനോ നവീകരിക്കുന്നതിനോ കഴിയാതെ ദൈനംദിന ഉപജീവനത്തിനായി തടിനിർമ്മിത മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രയോജനം ചെയ്യും. പദ്ധതിപ്രകാരം 50% നിരക്കിൽ പരമാവധി 15.00 ലക്ഷം രൂപവരെ ഒരു യൂണിറ്റിന് സബ്സിഡി നൽകും. പദ്ധതിപ്രകാരം 22 യാനങ്ങൾ നിർമ്മാണം ആരംഭിക്കുകയും 2 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. യന്ത്രവൽകൃത ബോട്ടുകളിൽ 50% നിരക്കിൽ പരമാവധി 8000/- രൂപവരെ ഒരു യൂണിറ്റിന് സബ്സിഡി നൽകി ശുദ്ധജല ടാങ്ക് ഘടിപ്പിക്കുന്നതും ഘടകങ്ങളിൽ ഉൾപ്പെടുന്നു. 136 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായി.

'മത്സ്യബന്ധനയാനങ്ങളുടെ ആധുനികവൽക്കരണം' 2023-24 പദ്ധതിയിലുൾപ്പെടുത്തി 836 മത്സ്യബന്ധനയാനങ്ങളിൽ VHF മറൈൻ റേഡിയോ ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതുവരെ ആകെ

500 VHF മറൈൻ റേഡിയോകൾ യാനങ്ങളിൽ ഘടിപ്പിച്ചുകഴിഞ്ഞു. 336 എണ്ണം ഘടിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

'മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം' പദ്ധതിയിലുൾപ്പെടുത്തി 2023-24-ൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഫിഷ് ഫൈൻഡർ ഉള്ള 550 മൗണ്ടിംഗ് ജി.പി.എസ്.-കളും നൽകിയിട്ടുണ്ട്. നൂതനമായ സോണാർ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ജി.പി.എസ്.-കൾ മത്സ്യങ്ങളുടെ സാന്നിധ്യം കൃത്യമായി കണ്ടുപിടിക്കാൻ സഹായിക്കുന്നതിലൂടെ ഇന്ധനം ലാഭിക്കുന്നതിനും സഹായിക്കുന്നു. 'ആഴക്കടൽ മത്സ്യബന്ധനവും കടൽസുരക്ഷാ ഉപകരണങ്ങളും' പദ്ധതിപ്രകാരം 2021-22-ൽ 777 (377 മൗണ്ടിംഗ് ജി.പി.എസ്.-ഉം, 400 ഹാൻഡ് ഹെൽഡ് ജി.പി.എസ്.-ഉം) ജി.പി.എസ്.-കളും 2022-23-ൽ 548 ജി.പി.എസ്.-കളും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കും അതുവഴി ആഴക്കടലിൽ

നിന്നുള്ള അധികവിഭവങ്ങൾ പരമ്പരാഗതമേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേയ്ക്കുമായി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും വാങ്ങുന്നതിന് 75% സബ്സിഡി നൽകുന്ന പദ്ധതി നടപ്പാക്കി, 116 പേർ പദ്ധതിപ്രകാരം ഗുണഭോക്താക്കളായിട്ടുണ്ട്.

(ബി) അപകടങ്ങൾമൂലം തകരുന്ന യാനങ്ങൾ നന്നാക്കുന്നതിന് സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ലഭ്യമാക്കുന്നുണ്ട്. അപകടത്തിൽപ്പെട്ട് ഭാഗികനഷ്ടം സംഭവിച്ച മത്സ്യബന്ധനയാനങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (CMDRF) നിന്നും 08-02-2020-ലെ സ.ഉ.(കൈ)നം.48/2020/റവ. ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി പരമാവധി 1,00,000/- (ഒരു ലക്ഷം രൂപ) രൂപവരെയും പൂർണ്ണനഷ്ടം സംഭവിച്ച മത്സ്യബന്ധന യാനങ്ങൾക്ക് 2,00,000/- രൂപവരെയും (രണ്ട് ലക്ഷം രൂപ) നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.

കൂടാതെ 18-06-2023-ലെ സ.ഉ.(കൈ)നം.6/2023/DMD പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ (SDRF) നിന്നും ഭാഗികനഷ്ടം സംഭവിച്ച മത്സ്യബന്ധന യാനങ്ങൾക്ക് പരമാവധി 6000/- (ആറായിരം) രൂപയും പൂർണ്ണനഷ്ടം സംഭവിച്ച മത്സ്യബന്ധന യാനങ്ങൾക്ക് 15,000/- (പതിനയ്യായിരം) - രൂപയും നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.

മാത്രമല്ല, അപകടസമയത്ത് ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന മത്സ്യബന്ധന യാനങ്ങളുടെ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള സാധുവായ ഇൻഷ്വറൻസ് കവറേജുള്ള മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് ക്ലെയിം ലഭ്യമാകുന്നതുമാണ്.

(സി) മണ്ണെണ്ണയിൽ ഓടുന്ന യാനങ്ങൾക്കുപകരം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള യാനങ്ങൾ നൽകാൻ തയ്യാറാകുമോ; വിശദമാക്കുമോ?

മണ്ണെണ്ണയുടെ വിലവർധനവും ലഭ്യതക്കുറവും മലിനീകരണവും പരിഗണിച്ച് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും

സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്കുപകരം പെട്രോൾ, എൽ.പി.ജി. തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ആധുനിക എഞ്ചിനുകൾ മത്സ്യബന്ധന മേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പാക്കിവരുന്നു.

പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്കുപകരം എൽ.പി.ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എൽ.പി.ജി. കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി പരീക്ഷണാടിസ്ഥാനത്തിൽ 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽനിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ എൽ.പി.ജി. കിറ്റുകൾ വിതരണം ചെയ്യുകയും LOT അടിസ്ഥാനത്തിലുള്ള എൽ.പി.ജി. കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തിയതിന്റെ ഭാഗമായി വിതരണോദ്ഘാടനം 22-01-2023-ന് നിർവഹിച്ചു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് എൽ.പി.ജി. ഉപയോഗിക്കുന്നത്

മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായിച്ചേർന്ന് 21-01-2023-ന് എൽ.പി.ജി. കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു. മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ 75% സബ്സിഡിയോടുകൂടി എൽ.പി.ജി. എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് മത്സ്യഫെഡ് മുഖാന്തരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ 1000 മണ്ണെണ്ണ എഞ്ചിനുകൾ 50% (പരമാവധി 50,000/-രൂപ) സബ്സിഡിയോടുകൂടി പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയതുപ്രകാരം മത്സ്യഫെഡ് മുഖാന്തരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ 377 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്.

ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എം.-കളും ഘട്ടംഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എം.-കളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിനായുള്ള സ്ഥലമെടുപ്പ് നടപടികൾ**

324(3082) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിനായുള്ള ഒന്നാംഘട്ട സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിലേയ്ക്കുള്ള വഴിയും പാർക്കിംഗ് ഏരിയയും നിർമ്മിക്കുന്നതിനായി സ്ഥലമേറ്റെടുക്കുന്നതിന് 24-07-2018-ലെ സ.ഉ. (സാധാ)നം.610/2018/മതുവ പ്രകാരം ഭരണാനുമതി നൽകുകയും 03-02-2024-ലെ സ.ഉ.(സാധാ)നം.75/2024/മതുവ പ്രകാരം സ്ഥലമേറ്റെടുക്കുന്നതിന് 237.54 ലക്ഷം രൂപ അനുവദിക്കുകയും തുടർന്ന്

02-03-2024-ലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 794 പ്രകാരം 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തു. സ്ഥലമുടമകളിൽനിന്നും സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരത്തുക നൽകി സ്ഥലമേറ്റെടുത്ത ഒന്നാംഘട്ട വികസനം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണത്തിനാവശ്യമായ സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് ഫിഷ് ലാൻഡിംഗ് സെന്ററിലേയ്ക്കുള്ള വഴി, പാർക്കിംഗ് ഏരിയ, യാർഡ് ലൈറ്റ് എന്നിവ ഉൾപ്പെടെയുള്ള ഒന്നാംഘട്ട വികസനത്തിനാവശ്യമായ പദ്ധതി രൂപരേഖ തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. ഭരണാനുമതി നൽകിയതിനുശേഷം ഒരു വർഷം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത ഫിഷ് ലാൻഡിംഗ് സെന്ററിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി സ്ഥലമേറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഫിഷ് ലാൻഡിംഗ് സെന്ററിന്റെ രണ്ടാംഘട്ട വികസനത്തിനായി 8.575 സെന്റ് സ്ഥലംകൂടി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിവരുന്നു.

**കെ.എസ്.പുരം ഫിഷറീസ് ഓഫീസിന്റെ പ്രവർത്തനപരിധി**

325(3083) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന കെ.എസ്.പുരം ഫിഷറീസ് ഓഫീസിന്റെ പ്രവർത്തനപരിധി വിശദമാക്കാമോ?

കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന കെ.എസ്.പുരം ഫിഷറീസ് ഓഫീസിന്റെ പ്രവർത്തനപരിധി കൊല്ലം

ജില്ലയിലെ കരുനാഗപ്പള്ളി മത്സ്യഗ്രാമം, കുന്നത്തൂർ താലൂക്കിലെ ഉൾനാടൻ പ്രദേശങ്ങളുൾപ്പെട്ട കരുനാഗപ്പള്ളി ഉൾനാടൻ മത്സ്യഗ്രാമം, മരുതൂർകുളങ്ങര മത്സ്യഗ്രാമം (മറൈൻ), കുലശേഖരപുരം മത്സ്യഗ്രാമം (മറൈൻ) എന്നിവയാണ്.

(ബി) എല്ലാ പ്രവൃത്തിദിവസങ്ങളിലും തുറന്നുപ്രവർത്തിച്ചിരുന്ന കെ.എസ്.പുരം ഫിഷറീസ് ഓഫീസ് നിലവിൽ അത്തരത്തിൽ പ്രവർത്തിക്കാത്തതിനുള്ള കാരണം അറിയിക്കുമോ?

കെ.എസ്.പുരം ഫിഷറീസ് ഓഫീസറായിരുന്ന ശ്രീമതി അനുപമ ജെ. 15-02-2024 മുതൽ 12-08-2024 വരെ (180 ദിവസത്തെ) മാതൃത്വ അവധിയിൽ പ്രവേശിച്ചിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 31-05-2024-ൽ അവസാനിച്ചതിനെത്തുടർന്ന് മാതൃവകുപ്പിലേയ്ക്ക് വിടുതൽ ചെയ്തിരുന്നു. തുടർന്ന് കെ.എസ്.പുരം ഫിഷറീസ് ഓഫീസർ തസ്തികയിലുണ്ടായ ഒഴിവിൽ ചെറിയഴീക്കൽ ഫിഷറീസ് ഓഫീസർ ശ്രീ. ഷാജി.എസ്.-ന് കെ.എസ്.പുരം ഫിഷറീസ് ഓഫീസിന്റെ അധികച്ചുമതല നൽകിയിട്ടുണ്ട്.

ചെറിയഴീക്കൽ ഫിഷറീസ് ഓഫീസർക്ക് കുഴിത്തുറ ഫിഷറീസ് ഓഫീസിന്റെയും പൂർണ്ണ അധികച്ചുമതലയുണ്ട്. മൂന്ന് ഫിഷറീസ് ഓഫീസുകളുടെ ചുമതലയുള്ളതിനാൽ ബുധൻ, ശനി ദിവസങ്ങളിലാണ് കെ.എസ്.പുരം ഫിഷറീസ് ഓഫീസ് നിലവിൽ തുറന്നുപ്രവർത്തിക്കുന്നത്.

(സി) പ്രസ്തുത ഓഫീസ് എല്ലാ പ്രവൃത്തിദിവസവും പ്രവർത്തിക്കാത്തതുകാരണം കരുനാഗപ്പള്ളി, ശാസ്താംകോട്ട എന്നീ താലൂക്കുകളിലെ വിവിധ പഞ്ചായത്തുകളിൽനിന്ന് വിവിധ ആവശ്യങ്ങൾക്ക് ഓഫീസിലെത്തുന്ന തൊഴിലാളികൾ സേവനം കിട്ടാതെ തിരികെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഓഫീസ് എല്ലാ പ്രവൃത്തി ദിവസങ്ങളിലും പ്രവർത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

(സി&ഡി) കെ.എസ്.പുരം ഫിഷറീസ് ഓഫീസ് എല്ലാ ദിവസവും തുറന്നുപ്രവർത്തിക്കാത്തതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റൊരു ഫിഷറീസ് ഓഫീസർക്ക് അധികച്ചുമതല നൽകിയിരിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട്

ഉണ്ടാകാത്തതരത്തിൽ ഓഫീസ് തുറന്നുപ്രവർത്തിക്കുന്ന തീയതി ഓഫീസിനുമുന്നിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസ് എല്ലാ പ്രവൃത്തി ദിവസങ്ങളിലും പ്രവർത്തിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ രൂപരേഖ**

326(3084) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എഫ്.ആർ. ആക്ടുപ്രകാരം സംസ്ഥാന, ജില്ല, ഗ്രാമ തലങ്ങളിൽ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കാമോ?

സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനും കെ.എം.എഫ്.ആർ. ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ടി ടി ആക്ട് 2017-ൽ ഭേദഗതി ചെയ്ത്

നിർദിഷ്ട ഗസറ്റ് വിജ്ഞാപനംവഴി ഒരു ത്രിതല സംവിധാനമായി ചുവടെ ചേർക്കുന്ന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായിട്ടുണ്ട്.

a. ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ

b. ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

c. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

അപ്രകാരം സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ (എസ്.എഫ്.എം.സി.) 9 തീരദേശ ജില്ലകളിൽ ജില്ലാതല മാനേജ്മെന്റ് കൗൺസിലുകൾ (ഡി.എഫ്.എം.സി.) 222 മത്സ്യഗ്രാമങ്ങളിൽ 211 മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകളും രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. ബാക്കിയുള്ള പതിനൊന്ന് മത്സ്യഗ്രാമങ്ങൾക്കും വില്ലേജ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ രൂപരേഖ നൽകാമോ?

കൗൺസിലുകളുടെ അധികാരങ്ങളും കർത്തവ്യങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കൗൺസിൽ തീരദേശമേഖലയ്ക്ക് എന്തെല്ലാം ഗുണങ്ങളാണ് ഉണ്ടാക്കുകയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ തുടങ്ങിയ ത്രിതല കൗൺസിലുകൾ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കിയാണ് കേരളത്തിൽ രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും അതിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനും ത്രിതല കൗൺസിലുകൾക്ക് പരിഹാരം കണ്ടെത്താൻ കഴിയാത്തതായ വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നു. ഇന്ത്യയിൽത്തന്നെ ആദ്യമായാണ് ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള ടി ത്രിതല സംവിധാനം രൂപീകരിച്ചിട്ടുള്ളത്. കൂടാതെ കൗൺസിലുകൾ മുഖേന തീരദേശ മേഖലയിൽ നടത്തിവരുന്ന ബോധവൽക്കരണത്തിന്റെ ഭാഗമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിന്റെ ആവശ്യകത, മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, മത്സ്യബന്ധന യാനങ്ങളിൽ സൂക്ഷിക്കേണ്ട സുരക്ഷാ ഉപകരണങ്ങൾ, മത്സ്യബന്ധനത്തിൽ പാലിക്കേണ്ടതായ നിയമങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് മുൻകയ്യെടുക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടനയിൽ സുപ്രധാന പങ്കുവഹിക്കുന്ന മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിനും മത്സ്യമേഖലയിലെ അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ ഒഴിവാക്കി ഭാവിതലമുറയ്ക്ക് ഉപയോഗപ്രദമാകുന്ന തരത്തിലാണ് ടി ത്രിതല സംവിധാനം പ്രവർത്തിക്കുന്നത്. ത്രിതല കൗൺസിലുകളുടെ പ്രധാന കർത്തവ്യമായ ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണത്തോടുകൂടി ഓരോ വില്ലേജ് തലത്തിലുമുള്ള പ്ലാൻ തയ്യാറാവുകയും ആയത് മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്നതുമാണ്.

**മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ**

327(3085) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്‌കുമാർ ജോസഫ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലോൺ അനുവദിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങളാരംഭിക്കാൻ പ്രത്യേക പദ്ധതി രൂപീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സാഫ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

<u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.)</u>

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75% ഗ്രാന്റും 20% ബാങ്ക് ലോണും 5% ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽനിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനം നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു.

സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തനമൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ

ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനും ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. സാഫിന്റെ കീഴിൽ 1780 ചെറുകിട തൊഴിൽസംരംഭങ്ങൾ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ യൂണിറ്റുകളുടെ വിറ്റുവരവ് 136.52 കോടി രൂപയാണ്.

സാഫ് യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി പലിശരഹിത വർക്കിംഗ് ക്യാപിറ്റൽ, റിവോൾവിംഗ് ഫണ്ട്, സാങ്കേതികവിദ്യാ നവീകരണം, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ, ബ്രാൻഡിംഗ് & മാർക്കറ്റിങ്ങ് യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ, കമ്മ്യൂണിറ്റി വെൽനെസ്സ് പ്രോഗ്രാം എന്നീ ഘടകങ്ങളും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ ചെറുകിടസംരംഭങ്ങൾ ആരംഭിക്കുന്നതിനായി 'ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം' എന്ന പദ്ധതിയുടെ പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ തയ്യാറാക്കിവരുന്നു. ഈ

പദ്ധതിയിൽ മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഹെൽത്ത് ആൻഡ് വെൽഫയർ സെന്റർ**

328(3086) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിൽ ഹെൽത്ത് ആൻഡ് വെൽഫയർ സെന്റർ ആരംഭിക്കുന്നതിന് സ്ഥലം ആവശ്യപ്പെട്ട് കോഴിക്കോട് കോർപ്പറേഷന്റെ അപേക്ഷ ഫിഷറീസ് വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സെന്റർ ആരംഭിക്കുന്നതിന് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. കോഴിക്കോട് നഗരസഭ വാർഡ് 67-ലെ തോപ്പയിൽ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററിനുവേണ്ടി കോഴിക്കോട് ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ അധീനതയിലുള്ള 10 സെന്റ് ഭൂമി (റീ സർവെ നമ്പർ

456/1) കോഴിക്കോട് നഗരസഭയ്ക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ (F and P - A2/67/2024 - F and P) ഭൂമി വിട്ടുനൽകുന്നതിനുള്ള ശിപാർശയോടെ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. ഫയൽ നിലവിൽ സർക്കാരിലെ റവന്യൂ (പി) വകുപ്പിന്റെ പരിഗണനയിലാണ്.

**തീരദേശ സംരക്ഷണത്തിനായി ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി**

329(3087) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ സംരക്ഷണത്തിനായി ആവിഷ്കരിച്ച ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുണ്ടോ; പദ്ധതി ഫലം കണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഇതിനോടകം 200 മീറ്ററിൽ ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതി സ്ഥാപിച്ചിട്ടുണ്ട്.

തുടർന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (NIOT), ചെന്നൈ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) എന്നിവർ സംയുക്തമായി നടത്തിയ പ്രാഥമിക നിരീക്ഷണത്തിൽ തീരസംരക്ഷണത്തിന് അനുയോജ്യമായ നൂതന മാർഗമായി പ്രസ്തുത പദ്ധതിയെ വിലയിരുത്തിയിട്ടുണ്ട്. കേരളത്തിൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പൂന്തുറ പ്രദേശത്ത് പരീക്ഷണാടിസ്ഥാനത്തിൽ സജ്ജമാക്കിയ ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതിമൂലം തീരത്ത് കടലാക്രമണം കുറയുകയും സുരക്ഷിതത്വം അനുഭവപ്പെടുകയും ചെയ്യുന്നതിനാൽ പ്രസ്തുത പദ്ധതി തീരസംരക്ഷണത്തിന് അനുയോജ്യമാണെന്ന് കാണുന്നു.

(ബി) പരീക്ഷണം വിജയകരമാണെങ്കിൽ സംസ്ഥാനത്തെ തീരദേശ മേഖലകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; എങ്കിൽ അതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൂന്തുറ കൂടാതെ വലിയതുറ പ്രദേശത്തുകൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള 150 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പൂന്തുറയിലെ പദ്ധതി പൂർത്തിയാക്കിയശേഷം കൂടുതൽ വിലയിരുത്തൽ നടത്തി പദ്ധതി മറ്റു പ്രദേശങ്ങളിൽ നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ നടപടി**

330 (3088) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യൂ ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ താഴെപ്പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ലക്ഷ്യമിടുന്നു.

1. തീരപ്രദേശങ്ങളിലെ ഫിഷർമെൻ കോളനികളിലെ വാസയോഗ്യമല്ലാത്ത ഭവനങ്ങളുടെ പുനർനിർമ്മാണം.

2. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ തീരദേശ ജില്ലകളിലെ തെരഞ്ഞെടുത്ത 9 തീരദേശ മത്സ്യഗ്രാമങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കുന്ന PMMSY സഹായത്തോടുകൂടിയുള്ള മാതൃകാ മത്സ്യഗ്രാമം പദ്ധതി.

3. വിദ്യാതീരം പദ്ധതിയിലുൾപ്പെടുത്തി അസാപ്പിന്റെ സഹായത്തോടുകൂടി മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുട്ടികളുടെ നൈപുണ്യ വികസനത്തിനായി Marine structural Fitter & fabricator, Technician, Rescue Diver എന്നീ കോഴ്സുകളിൽ സ്കിൽ ട്രെയിനിംഗ് പദ്ധതി.

4. തീരദേശത്തെ 10 ഫിഷറീസ് സ്കൂളുകളിൽ കെ-ഡിസ്കുമായി ചേർന്ന് YIP (Young Innovator Programme).

5. മത്സ്യത്തൊഴിലാളികൾക്ക് വിവിധ സർക്കാർ പദ്ധതികളെക്കുറിച്ചും കടൽ സുരക്ഷയെക്കുറിച്ചും ബോധവൽക്കരണം നൽകുന്നതിനായി അവയർനെസ്സ് ക്യാമ്പുകൾ.

6. മത്സ്യഭവൻതലത്തിൽ 'സാമീപ്യം' എന്നപേരിൽ മത്സ്യഗ്രാമങ്ങളെ ഉൾപ്പെടുത്തി അദാലത്തുകൾ.

7. മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണത്തിനായി അവരെ സ്വയംപര്യാപ്തതയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പുമായിച്ചേർന്ന് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കുന്ന സ്നേഹതീരം പദ്ധതി.

8. ഒരു കുടുംബത്തിൽ ഒരാൾക്ക് തൊഴിൽ ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ സാഫ് മുഖേന സൂക്ഷ്മതൊഴിൽ സംരംഭങ്ങൾ.

9. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും വിപണനസൗകര്യം ഒരുക്കുന്നതിനും എല്ലാ മത്സ്യബന്ധന തുറമുഖങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി മത്സ്യത്തൊഴിലാളികളുടെകൂടി പങ്കാളിത്തം ഉറപ്പാക്കുന്ന ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ.

10. മത്സ്യത്തൊഴിലാളി വനിതകളുടെ സംരംഭകത്വശീലം പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ തനതായ മത്സ്യരുചികൾ

ജനസമക്ഷം എത്തിക്കുന്നതിനും കേരള സീഫുഡ് കഫെ എന്നപേരിൽ പദ്ധതി.

11. കടലിലെ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനുമായി എല്ലാ മത്സ്യഗ്രാമങ്ങളിലെയും തീരമേഖലയിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതി.

12. മത്സ്യത്തൊഴിലാളി സമൂഹത്തെ മുഖ്യധാരയിലെത്തിക്കുന്നതിനും അവരുടെ വൈജ്ഞാനിക കഴിവുകളുടെയും സാങ്കേതിക നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിലുറപ്പിക്കുന്നതിനുമായി നോളജ് എക്കോണമി മിഷനും ഫിഷറീസ് വകുപ്പും സംയുക്തമായ 'തൊഴിൽതീരം' പദ്ധതി.

13. കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മാലിന്യമുക്തമാക്കി സ്വാഭാവിക ആവാസവ്യവസ്ഥ വീണ്ടെടുത്ത് മത്സ്യസമ്പത്തിന്റെ പുനരുജ്ജീവനത്തിനും മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിയായ മത്സ്യസമ്പത്ത് വർധനവിനും ഉതകുന്ന 'ശുചിത്വസാഗരം സുന്ദരതീരം' പദ്ധതി.

14. കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്ക് കടൽസുരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണവും സുരക്ഷാ ഉപകരണങ്ങളും.

15. മത്സ്യം കേടുകൂടാതെ കരയ്ക്കെത്തിച്ച് ഗുണനിലവാരം നഷ്ടമാകാതെ വിപണനം ചെയ്യുന്നതിന് സഹായകമായ പദ്ധതികൾ.

16. മത്സ്യബന്ധനത്തിന് നിലവിൽ ഉപയോഗിക്കുന്ന ഇന്ധനക്ഷമത കുറഞ്ഞ മണ്ണെണ്ണ എഞ്ചിനുപകരം പെട്രോൾ, LPG എഞ്ചിനുകൾക്ക് ധനസഹായം.

17. കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പുൾപ്പെടെ ആശയവിനിമയം നടത്താൻകഴിയുന്ന ട്രാൻസ്പോണ്ടറുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ സൗജന്യമായി നൽകുന്ന പദ്ധതി.

(ബി) മത്സ്യത്തൊഴിലാളികളുടെ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കാൻ ഒരു സമിതിയെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ**

331(3089) ശ്രീ. വി. ജോയി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും മത്സ്യബന്ധന യാനങ്ങളുടെ ഉടമസ്ഥത മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും ഊന്നൽ നൽകി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും സാമ്പത്തിക-സാമൂഹ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നിരവധി വികസന-ക്ഷേമ പദ്ധതികൾ നടപ്പാക്കി ധനസഹായം നൽകിവരുന്നുണ്ട്; അവ ചുവടെ ചേർക്കുന്നു.

1. സമ്പാദ്യ സമാശ്വാസപദ്ധതി.

2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ

3. വിദ്യാഭ്യാസ സഹായ പദ്ധതികൾ.

4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷുറൻസ് പദ്ധതി.

5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽസുരക്ഷാ പദ്ധതി.

6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.

7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി. ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.

8. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവീസ്)

9. മത്സ്യത്തൊഴിലാളികൾക്ക് തുടർചികിത്സാ ധനസഹായം നൽകുന്നതിനായി സാന്ത്വനതീരം പദ്ധതി.

10. ഓഖി പുനരധിവാസ പദ്ധതികൾ.

11. മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി.

12. മത്സ്യത്തൊഴിലാളി കോളനി നവീകരണം.

13. മണ്ണെണ്ണ സബ്സിഡി.

സംസ്ഥാനത്ത് കടൽക്ഷോഭംമൂലം ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള തീരദേശ നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായുള്ള ബൃഹത്പദ്ധതിയാണ് പുനർഗേഹം. തീരദേശത്ത് വേലിയേറ്റരേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുൾപ്പെടെ മുഴുവൻ കുടുംബങ്ങളെയും സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ.**

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാലുണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം

3. വിവാഹ ധനസഹായ പദ്ധതി.

4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

5. വാർധക്യകാല പെൻഷൻ.

6. അപകടംമൂലമുണ്ടാകുന്ന താൽക്കാലിക അവശതകൾക്ക് ആശ്വാസ ധനസഹായ പദ്ധതി.

7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി.

8. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്.

9. കുടുംബ സംവിധാന പദ്ധതി.

10. മാരകരോഗ ചികിൽസാ പദ്ധതി.

11. ചെയർമാൻസ് റിലീഫ് ഫണ്ട്.

12. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി.

13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി.

14. വിധവാ പെൻഷൻ.

15. കായികവിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി.

16. ബോർഡിന്റെ പ്രത്യേക ധനസഹായം.

മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും മത്സ്യബന്ധന യാനങ്ങളുടെ ഉടമസ്ഥത മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും ഊന്നൽ നൽകി വിവിധ പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നു.

ആഴക്കടൽ മത്സ്യബന്ധനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത ആഴക്കടൽ മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന (PMMSY)-യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ

യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ നടപ്പാക്കിവരുന്നു. പദ്ധതി തുകയുടെ 24% (288 ലക്ഷം രൂപ) കേന്ദ്ര വിഹിതവും 16% (192 ലക്ഷം രൂപ) സംസ്ഥാന വിഹിതവും ബാക്കി 60% (720 ലക്ഷം രൂപ) ഗുണഭോക്തൃ വിഹിതവുമാണ്.

പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിപ്രകാരം ഒരു യൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന ബോട്ടിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സബ്സിഡിയായി കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുംകൂടി നൽകുന്നത് 48 ലക്ഷം (40%) രൂപയാണ് (കേന്ദ്ര വിഹിതം 28.8 + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). എന്നാൽ കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധനയാനത്തിന്റെ വില 1.50 കോടി രൂപയാണ്. ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതമാണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ

വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റായി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. അധിക ഗ്രാന്റായി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾക്ക് ആകെ 306 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ഉഡുപ്പി കൊച്ചിൻ ഷിപ്പ് യാർഡിന്റെ മാൽപ്പെ കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 ബോട്ടുകൾ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്ത് മത്സ്യബന്ധനം നടത്തിവരുന്നു. ബാക്കിയുള്ള 4 യാനങ്ങളുടെ നിർമ്മാണം ഉഡുപ്പി കൊച്ചിൻ ഷിപ്പ് യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണശാലയിൽ പൂർത്തിയായി വിതരണത്തിന് തയ്യാറായിട്ടുണ്ട്.

ഓഖി ദുരന്തത്തിൽ മത്സ്യബന്ധന യാനങ്ങൾ പൂർണ്ണമായും അപകടത്തിൽപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 120 എഫ്.ആർ.പി. മത്സ്യബന്ധന യൂണിറ്റുകൾ സൗജന്യമായി നൽകുന്നതിന് ബ്ലൂ

റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 988 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിൽ 194 ലക്ഷം രൂപ കേന്ദ്രവിഹിതവും 794 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ് (CMDRF). ഓരോ എഫ്.ആർ.പി. ബോട്ടുകൾക്കും 25 HP-യുടെയും 9.9 HP-യുടെയും രണ്ട് എഞ്ചിനുകളും ജി.പി.എസ്., എക്കോസൗണ്ടർ, ലൈഫ് ബോയ്, റോപ്പ്, ഫ്ലോട്ട് എന്നിവയും നൽകുന്നു.

മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി. മൽസ്യബന്ധന യൂണിറ്റുകൾ 40% സബ്സിഡിയിൽ വിതരണം ചെയ്യുന്നതിന് 2018-19 സാമ്പത്തിക വർഷം ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 412 ലക്ഷം രൂപയുടെ പദ്ധതി മത്സ്യഫെഡുവഴി നടപ്പാക്കിയിരുന്നു. പദ്ധതിത്തുകയുടെ 40% (172 ലക്ഷം രൂപ) ആണ് സബ്സിഡിയായി അനുവദിച്ചത്. ഇതിൽ 98.88 ലക്ഷം രൂപ കേന്ദ്രവിഹിതവും 73.12 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. 200 മത്സ്യത്തൊഴിലാളികൾക്കാണ് ഈ പദ്ധതിപ്രകാരം 2 ലക്ഷം രൂപ വിലവരുന്ന എഫ്.ആർ.പി. മൽസ്യബന്ധന യൂണിറ്റുകൾ അനുവദിച്ചുനൽകിയത്.

2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപ ചെലവുവരുന്ന 100 എഫ്.ആർ.പി. മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എഫ്.ആർ.പി. യാനത്തിനുപുറമെ എഞ്ചിൻ, മത്സ്യബന്ധന വലകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുന്നവയാണ് ഒരു യൂണിറ്റ്. ഇതിൽ 120 ലക്ഷം രൂപ കേന്ദ്രവിഹിതവും 80 ലക്ഷം രൂപ സംസ്ഥാന വിഹിതവും 300 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡുവഴി പൂർത്തീകരിച്ചുവരുന്നു. കൂടുതൽ സുരക്ഷിതമായ എഫ്.ആർ.പി. യാനങ്ങൾ നൽകുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ ആത്മവീര്യവും ആത്മവിശ്വാസവും വർധിപ്പിക്കുകയും സാമൂഹിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുകയും മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന യാനങ്ങളുടെ ഉടമസ്ഥരാക്കി തീർക്കുകയുമാണ് ഈ പദ്ധതിയിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്.

2022-23 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപ ചെലവുവരുന്ന 100 എഫ്.ആർ.പി. മൽസ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്നതിന് 500 ലക്ഷം രൂപയുടെ പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പാക്കിവരുന്നു. ഇതിൽ 120 ലക്ഷം രൂപ കേന്ദ്രവിഹിതവും 80 ലക്ഷം രൂപ സംസ്ഥാന വിഹിതവും 300 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി പദ്ധതി പൂർത്തീകരിച്ചുവരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വലകൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന “Suitable components for fishing gears” എന്ന പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ ഒരു തുടർപദ്ധതിയാണിത്. പദ്ധതിപ്രകാരം വിലയുടെ 50% അല്ലെങ്കിൽ 10,000/- രൂപ ഇവയിൽ ഏതാണോ കുറവ് ആയത് 10 HP-യിൽ താഴെയുള്ള OBM ഘടിപ്പിച്ച യാന ഉടമസ്ഥരായ മത്സ്യത്തൊഴിലാളികൾക്കാണ് നൽകിവരുന്നത്. 2024-25 പദ്ധതിപ്രകാരം 40 ലക്ഷം രൂപയാണ് പദ്ധതി

വിഹിതം. 400 മത്സ്യത്തൊഴിലാളികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

'Motorisation of country crafts' എന്ന പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40 HP വരെയുള്ള എഞ്ചിൻ വാങ്ങുന്നതിന് പരമാവധി 30,000/- രൂപവരെ സബ്സിഡി അനുവദിക്കുന്നുണ്ട്. 60 ലക്ഷം രൂപയാണ് പദ്ധതി തുക. 200 മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയിലൂടെ സബ്സിഡി അനുവദിക്കുന്നുണ്ട്. 2024-25 പദ്ധതിപ്രകാരം 40 HP വരെ എഞ്ചിൻ കപ്പാസിറ്റിയുള്ള ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്കാണ് സബ്സിഡി അനുവദിക്കുന്നത്.

മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും മത്സ്യബന്ധന യാനങ്ങളുടെ ഉടമസ്ഥത മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് ദേശീയ സഹകരണ കോർപ്പറേഷന്റെ (എൻ.സി.ഡി.സി.) ധനസഹായത്തോടെ മത്സ്യഫെഡുവഴി സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി.)

നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൻകീഴിൽ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന യാനങ്ങളും എഞ്ചിനുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വായ്പയായി വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരം 40 വർഷമായി 23 പദ്ധതികളിലൂടെ ആകെ 638.01 കോടി രൂപ വിവിധ മത്സ്യബന്ധന ഉപകരണങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി മുഖാന്തരം 50,350 ഗ്രൂപ്പുകൾ മത്സ്യബന്ധന യാനങ്ങളുടെ ഉടമസ്ഥരായി മാറുകയും ഏകദേശം 1,10,000 തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി.-യിൽ നിന്നുള്ള 15% കേന്ദ്ര സബ്സിഡിയും സംസ്ഥാന സർക്കാരിൽ നിന്നുള്ള 10% സബ്സിഡിയും ചേർത്ത് ആകെ 25% ഈ പദ്ധതിയുടെ സബ്സിഡി വിഹിതമായിരുന്നു. എന്നാൽ 2018-19 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാരിൽ നിന്നുള്ള 10% സബ്സിഡിക്ക് പകരമായി പലിശരഹിതമായിട്ടാണ് ഈ വായ്പ നൽകുന്നത്.

മത്സ്യത്തൊഴിലാളികൾ അടയ്ക്കേണ്ട പലിശ സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതത്തിലൂടെ അനുവദിച്ചുനൽകുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസരംഗത്തെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ഉന്നമനത്തിനും വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുമായി ഫിഷറീസ് വകുപ്പ് വിവിധ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടത്തിവരുന്നു. ഫിഷറീസ് വകുപ്പിനുകീഴിൽ 10 ജി.ആർ.എഫ്.ടി. ഹൈസ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. റസിഡൻഷ്യൽ രീതിയിലുള്ള സ്കൂളായതിനാൽ ടി വിദ്യാർഥികൾക്ക് സൗജന്യ താമസ-ഭക്ഷണ സൗകര്യങ്ങൾ, സൗജന്യ യൂണിഫോം തുടങ്ങിയവ ലഭ്യമാണ്. ഓരോ കുട്ടികൾക്കും പ്രത്യേകം ശ്രദ്ധ നൽകുന്നതിനായി സ്കൂളുകളിൽ വാർഡൻ, കെയർ ടേക്കർ എന്നിവരെ നിയമിച്ചിട്ടുണ്ട്. ഈ

സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്രനടപടികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടത്തിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർഥികളെ ഉന്നതപഠനത്തിന് പ്രാപ്തമാക്കുന്നതിനായി വിദ്യാതീരം പദ്ധതിപ്രകാരം സൗജന്യ മെഡിക്കൽ എൻട്രൻസ് പരിശീലനം, NIT/IIT എൻട്രൻസ് പരിശീലനം, സിവിൽ സർവീസ് പരിശീലനം എന്നിവ തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നു.

കൂടാതെ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രീമെട്രിക്, പോസ്റ്റ്മെട്രിക് തലങ്ങളിലായി വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നു. ട്യൂഷൻ ഫീ, സ്റ്റൈപ്പന്റ്, മെസ് ഫീ, ഹോസ്റ്റൽ ഫീസ്, ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി എന്നിവ അർഹതയ്ക്കനുസരിച്ച് നൽകിവരുന്നു. 2023-24-ൽ മത്സ്യത്തൊഴിലാളി വിദ്യാർഥികളുടെ ആനുകൂല്യത്തിനായി 32.02 കോടി രൂപ വകയിരുത്തി അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ റീ അപ്രോപ്രിയേഷൻ മുഖേന ലഭ്യമായ 16 കോടി രൂപയും വിദ്യാഭ്യാസാനുകൂല്യത്തിനായി അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം

വിദ്യാഭ്യാസാനുകൂല്യത്തിനായി നോൺ പ്ലാൻ ഫണ്ടിൽ 27.5 കോടി രൂപയും പ്ലാൻ ഫണ്ടിൽ 9.28 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വിവിധ വിദ്യാഭ്യാസ അവസരങ്ങളെപ്പറ്റി മനസ്സിലാക്കുന്നതിനായി തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് പ്രോഗ്രാം എല്ലാ വർഷവും നടത്തിവരുന്നു. മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുക്കുന്ന പദ്ധതിപ്രകാരം 2018-19-ൽ 11 പേർക്കും 2019-20- ൽ 13 പേർക്കും 2020-21-ൽ 14 പേർക്കും 2021-22-ൽ 13 പേർക്കും 2022-23-ൽ 12 പേർക്കും 2023-24-ൽ 13 പേർക്കും പഠനാവശ്യത്തിന് ധനസഹായം നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനനിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ടി.വി പ്രൊജക്ടർ, ഇന്റർനെറ്റ്, പ്രിന്റർ എന്നീ ആധുനിക പഠനസഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് പ്രതിഭാതീരം എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(സി) തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

തീരദേശ ആശുപത്രികളുടെ നവീകരണത്തിലൂടെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ കേരള തീരദേശത്തെ ആരോഗ്യമേഖലയിലെ "അടിസ്ഥാന സൗകര്യവികസനം" BIF and HDF എന്ന പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിവരുന്നു. പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മികച്ച ആരോഗ്യ പരിരക്ഷ, തീരദേശ മേഖലകളിലുള്ള OP/IP സംവിധാനങ്ങളുടെ നിലവാരമുയർത്തൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വിവിധ ആയുർവേദ ആശുപത്രികൾ, CHC, PHC എന്നിവയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**പറവൂർ ചില്ലക്കൽ ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

332(3090) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ പരവൂർ ചില്ലക്കൽ ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണത്തിനായുള്ള CRZ അനുമതി ലഭിച്ചിട്ടുണ്ടോ; പദ്ധതി നടപ്പാക്കുന്നതിന് കാലതാമസം നേരിടുമോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ?

(എ&ബി) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ പരവൂർ ചില്ലക്കൽ ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണത്തിനായി ഗ്രോയിൻ പ്രവൃത്തി ടെൻഡർ ചെയ്തുവെങ്കിലും ക്വാട്ട് ചെയ്ത തുക അധികമായതിനാൽ അംഗീകാരം നൽകുകയുണ്ടായില്ല. അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തി CRZ സ്റ്റാറ്റസ് റിപ്പോർട്ടും പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും ലഭ്യമാക്കിയിരുന്നു. CRZ ക്ലിയറൻസ് ലഭിച്ചിട്ടില്ല.

സമയപരിധിക്കകം ആരംഭിക്കാൻ കഴിയാത്തതിനാൽ നബാർഡ് XXVI ട്രാഞ്ചേയിലുൾപ്പെട്ട പദ്ധതി റദ്ദാക്കുന്നതാണെന്ന് ധനകാര്യ (എൻ.സി.എ.) വകുപ്പ് അറിയിച്ചിട്ടുണ്ട്.

**വള്ളിക്കുന്ന് മണ്ഡലത്തിൽ മിനിഹാർബർ നിർമ്മിക്കാൻ നടപടി**

333(3091) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ആനങ്ങാടി ഫിഷ് ലാൻഡിംഗ് സെന്ററിനോടുചേർന്ന് ഒരു മിനിഹാർബർ നിർമ്മിക്കുന്നത് സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ ആനങ്ങാടി ഫിഷ് ലാൻഡിംഗ് സെന്ററിനോടുചേർന്ന് മിനിഹാർബർ നിർമ്മിക്കുന്നത് സംബന്ധിച്ച സാധ്യതാപഠനങ്ങൾ നടത്തിയിട്ടില്ല.

(ബി) കടലുണ്ടി, ആനങ്ങാടി പ്രദേശങ്ങളിലെ രണ്ടായിരത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾക്കും ഇരുന്നൂറോളം വരുന്ന ബോട്ടുകൾക്കും

ഉപകാരപ്രദമാകുംവിധത്തിൽ മിനിഹാർബർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ആലപ്പുഴ മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്താൻ പദ്ധതി**

334(3092) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിപ്രകാരം ആലപ്പുഴ മണ്ഡലത്തിൽ 2020 മുതൽ നാളിതുവരെ ഭരണാനുമതി ലഭിച്ച റോഡുകളും അവയുടെ നിലവിലെ സ്ഥിതിയും ഭരണാനുമതി ലഭിക്കാനുള്ള റോഡുകളുടെ വിശദവിവരവും ലഭ്യമാക്കാമോ?

തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിപ്രകാരം ആലപ്പുഴ മണ്ഡലത്തിൽ 2020 മുതൽ നാളിതുവരെ ഭരണാനുമതി നൽകിയ റോഡുകളും അവയുടെ നിലവിലെ സ്ഥിതിയും ഭരണാനുമതി നൽകാനുള്ള റോഡുകളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി വകുപ്പിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

റോഡുകളുടെ വിവരം തയ്യാറാക്കിവരുന്നു.

**മത്സ്യഫെഡ് മൊബൈൽ ആപ്ലിക്കേഷനുകൾ**

335(3093) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ മത്സ്യഫെഡ് ഏതൊക്കെ മൊബൈൽ ആപ്ലിക്കേഷനുകൾ തയ്യാറാക്കിയിട്ടുണ്ട്; അവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

മത്സ്യഫെഡ് 3 മൊബൈൽ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കിയിട്ടുണ്ട്. മത്സ്യവിപണനം ആരംഭിച്ച 2017 കാലഘട്ടത്തിൽ മത്സ്യത്തിന്റെ ലഭ്യത, വിലവിവരങ്ങൾ എന്നിവ അറിയുന്നതിനായി തയ്യാറാക്കിയ (FIAMA എന്ന) മൊബൈൽ ആപ്ലിക്കേഷനാണ് ആദ്യത്തേത്.

പിന്നീട് തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ഓൺലൈൻ മത്സ്യവിപണനം ആരംഭിച്ചപ്പോൾ ആയതിനായി മറ്റൊരു ഓൺലൈൻ ആപ്ലിക്കേഷൻ (FRESHMEEN) തയ്യാറാക്കുകയുണ്ടായി. എന്നാൽ ഓൺലൈൻ മത്സ്യവിപണനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനായി എല്ലാ ഹാർബറുകളിലേയും മീൻ ലഭ്യത, വിലവിവരങ്ങൾ എന്നിവ അറിയാൻ കഴിയുന്നരീതിയിലുള്ള ഒരു സോഫ്റ്റ്‌വെയർ നിർമ്മാണഘട്ടത്തിലാണ്.

(ബി) പ്രസ്തുത ആപ്ലിക്കേഷനുകൾ തയ്യാറാക്കിയത് വകുപ്പിലെ ജീവനക്കാരാണോ കമ്പനികൾ ആണോ; വിശദമാക്കാമോ?

പ്രസ്തുത മൊബൈൽ ആപ്ലിക്കേഷനുകൾ തയ്യാറാക്കിയത് വകുപ്പിലെ ജീവനക്കാരല്ല. 'മത്സ്യഫെഡ് ഫ്രഷ് മീൻ" മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയത് M/s സ്റ്റീവ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ്. നിലവിൽ നിർമ്മാണഘട്ടത്തിലുള്ള മത്സ്യവിപണന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നത് M/s വെലോസിറ്റ് ഇൻഫോലാബ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ്.

(സി) പ്രസ്തുത ആപ്ലിക്കേഷനുകൾ തയ്യാറാക്കാനായി എത്ര രൂപ മത്സ്യഫെഡിന് ചെലവായി; ആയത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ?

ആദ്യമായി തയ്യാറാക്കിയ FIAMA മൊബൈൽ ആപ്ലിക്കേഷന് 96,000/- രൂപയും പിന്നീട് തയ്യാറാക്കിയ FRESHMEEN ആപ്ലിക്കേഷന് 5,00,000/- രൂപയും ചെലവായിട്ടുണ്ട്. ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന സമ്പൂർണ്ണ മത്സ്യവിപണനത്തിനായിട്ടുള്ള (മത്സ്യസംഭരണം മുതൽ വിപണനം വരെയുള്ളത്) വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷനുൾപ്പെടെ തയ്യാറാക്കുന്നതിന് ആകെ ചെലവ് 25,00,000/- രൂപയാണ്. ഇതിൽ 18,25,000/- രൂപ കമ്പനിക്ക് ഇതിനകം നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ എത്ര ആപ്ലിക്കേഷനുകൾ പ്രവർത്തിക്കുന്നുണ്ട്; പ്രവർത്തനരഹിതമായ ആപ്ലിക്കേഷനുകൾ എത്രയെണ്ണം; അവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

FIAMA, 'മത്സ്യഫെഡ് ഫ്രഷ് മീൻ' എന്നീ മൊബൈൽ ആപ്ലിക്കേഷനുകൾ പുതിയ Android version ഫോണുകളിൽ കൃത്യമായി

പ്രവർത്തിക്കാത്തതിനാൽ ഗൂഗിൾ പ്ലേസ്റ്റോറിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്. എന്നാൽ mathsyafedfreshmeen.com എന്ന വെബ്സൈറ്റ് മുഖാന്തരം 'മത്സ്യഫെഡ് ഫ്രഷ് മീൻ' സോഫ്റ്റ് വെയർ നിലവിൽ ഉപയോഗിക്കാൻ സജ്ജമാണ്.

**മട്ടന്നൂർ മണ്ഡലത്തിൽ മത്സ്യഫെഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

336(3094) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് മുഖാന്തരം നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ?

<u>ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരം നടപ്പാക്കുന്ന വിവിധ ഘടക പദ്ധതികൾ</u>

പൊതുകുളങ്ങൾ - 47 എണ്ണം

ആകെ വിസ്തീർണ്ണം - 1.388 ഹെക്ടർ

സ്വകാര്യ കുളങ്ങൾ - 100 എണ്ണം

ആകെ വിസ്തീർണ്ണം - 37.96 ഹെക്ടർ

പടുതാക്കുളം - 45 യൂണിറ്റ്

ബയോഫ്ലോക്ക് - 20 യൂണിറ്റ്

കൂടുകൃഷി - 30 യൂണിറ്റ്

മുറ്റത്തൊരു മീൻതോട്ടം - 5 യൂണിറ്റ്

സെമി ഇന്റൻസീവ് തിലാപ്പിയ - 50 സെന്റ്

സെമി ഇന്റൻസീവ് അനാബസ് - 50 സെന്റ്

പ്രധാനമന്ത്രി മത്സ്യസമ്പദ യോജനപ്രകാരം നടപ്പാക്കുന്ന വിവിധ ഘടക പദ്ധതികൾ

റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (ആർ.എ.എസ്.) - 4 യൂണിറ്റ്

ബയോഫ്ലോക്ക് - 4 യൂണിറ്റ്

അലങ്കാര മത്സ്യകൃഷി - 9 യൂണിറ്റ്

(ബി) മത്സ്യഫെഡുവഴി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ?

മത്സ്യഫെഡുവഴി കണ്ണൂർ ജില്ലയിൽ മട്ടന്നൂർ നഗരസഭയിൽ ഉരുവച്ചാൽ എന്ന സ്ഥലത്ത് ഫിഷ് ബൂത്ത് നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

**കോഴിക്കോട് വെള്ളയിൽ മത്സ്യഭവൻ സ്ഥാപിക്കാൻ നടപടി**

337(3095) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ മത്സ്യഭവൻ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ?

ഉണ്ട്. വെള്ളയിൽ മത്സ്യഭവൻ സ്ഥാപിക്കുന്നതിന് 2024-25 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ?

അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്നറിയിക്കാമോ?

വെള്ളയിൽ മത്സ്യഭവൻ നിർമ്മാണത്തിനായി സംസ്ഥാന ബഡ്ജറ്റ് പ്രകാരം പൊതുമരാമത്ത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോഴിക്കോട് ജില്ലാ ഓഫീസും പൊതുമരാമത്ത് വകുപ്പും സംയുക്തമായി മത്സ്യഭവൻ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള അടിയന്തര നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കുരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ-ഹാച്ചറിയുടെ നിർമ്മാണം**

338(3096) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കീരമ്പാറ പഞ്ചായത്തിലെ കുരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ-ഹാച്ചറിയുടെ നിർമ്മാണവുമായി

ബന്ധപ്പെട്ട് ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കോതമംഗലം മണ്ഡലത്തിലെ കീരമ്പാറ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയിൽ (കുരികുളം മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറി) നബാർഡിന്റെ RIDF-Tranche XXV പദ്ധതിയിലുൾപ്പെടുത്തി നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങളിൽ എസ്റ്റിമേറ്റനുസരിച്ച് നടത്തേണ്ട നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുവരെ 24 നേഴ്സറി കുളങ്ങൾ (20mX10mX1.8m) പൂർത്തിയായിട്ടുണ്ട്. ഇവയുടെ വൈദ്യുതീകരണവും എയറേഷൻ വർക്കുകളും പൂർത്തീകരിക്കേണ്ടതുണ്ട്. മാതൃമത്സ്യങ്ങളെ (Brood fish) പാർപ്പിക്കുന്ന രണ്ട് കുളങ്ങളിൽ (36mX20mX1.8m) ഒന്നിന്റെ പ്രവർത്തനം ഭാഗികമായി പൂർത്തിയായിട്ടുണ്ട്. ഹാച്ചറിയിലേയ്ക്കുള്ള 400 മീറ്റർ ഇന്റർലോക്ക് റോഡ് പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത ഹാച്ചറി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പൂർണ്ണമായി പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഹാച്ചറിയുടെ നിർമ്മാണപ്രവർത്തനം നബാർഡിന്റെ ധനസഹായത്തോടെ ഇറിഗേഷൻ, ഫിഷറീസ് എന്നീ വകുപ്പുകൾ ചേർന്നാണ് നടത്തുന്നത്. ഹാച്ചറിയിൽ 24 നേഴ്സറിക്കുളങ്ങൾ പൂർത്തിയായ സാഹചര്യത്തിൽ ഭാഗികമായി മീൻക്കുഞ്ഞുങ്ങളുടെ പരിപാലനം തുടങ്ങാനും എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ മുതലായ ജില്ലകളിലെ സർക്കാരിന്റെ പദ്ധതികൾക്കും കൂടാതെ പൊതുജനങ്ങൾക്കും മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ 20 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഹാച്ചറിയിൽ പരിപാലിച്ച് ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. 2024-25-ലെ ഉൽപാദനലക്ഷ്യം 50 ലക്ഷം ആണ്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷി**

339(3097) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യകർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സേവനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

കുന്നത്തുനാട് മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജനകീയ മത്സ്യകൃഷി പദ്ധതിക്ക് (JMK) കീഴിൽ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ശുദ്ധജല കൂടുകൃഷി, കുളങ്ങളിലെ ശുദ്ധജലമത്സ്യ കൃഷി, പടുതാക്കുളങ്ങളിലെ മത്സ്യകൃഷി (വരാൽ, ആസാംവാള), പരമ്പരാഗത കാർപ്പ് മത്സ്യകൃഷി എന്നീ കൃഷിരീതി പദ്ധതികളും പ്രധാൻമന്ത്രി മത്സ്യസമ്പദ യോജന (PMMSY) പദ്ധതിയുടെ കീഴിൽ മീഡിയം സ്കെയിൽ ഓർണമെന്റൽ, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യകൃഷി, സംയോജിത അലങ്കാര മത്സ്യകൃഷി എന്നീ കൃഷിരീതികൾ

സബ്സിഡിയോടുകൂടി നടപ്പാക്കിവരുന്നു. കൂടാതെ മത്സ്യകൃഷി സംബന്ധിച്ച സങ്കേതിക പരിശീലനവും നൽകിവരുന്നു.

(ബി) പ്രസ്തുത സേവനം ലഭ്യമാക്കിയിട്ടുള്ള മണ്ഡലത്തിലെ പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

ഐക്കരനാട്, പൂതൃക്ക, തിരുവാണിയൂർ, കുന്നത്തുനാട്, മഴുവന്നൂർ, വടവുകോട്, പുത്തൻകുരിശ്, കിഴക്കമ്പലം എന്നിവയാണ് പ്രസ്തുത സേവനം ലഭ്യമാക്കിയിട്ടുള്ള കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | പദ്ധതികൾ |
|---|---|---|
| 1 | ഐക്കരനാട് | പരമ്പരാഗത കാർപ്പ് മത്സ്യകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യകൃഷി |
| 2 | പൂതൃക്ക | പരമ്പരാഗത കാർപ്പ് മത്സ്യകൃഷി, ശുദ്ധജല മത്സ്യകൃഷി |
| 3 | തിരുവാണിയൂർ | ശുദ്ധജല മത്സ്യകൃഷി |
| 4 | കുന്നത്തുനാട് | പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യകൃഷി |
| 5 | മഴുവന്നൂർ | പരമ്പരാഗത കാർപ്പ് മത്സ്യകൃഷി, മീഡിയം സ്കെയിൽ ഓർണമെന്റൽ, സംയോജിത അലങ്കാര മത്സ്യകൃഷി, ശുദ്ധജല കുളങ്ങളുടെ നിർമ്മാണം, |

| | | |
|---|---|---|
| | | ശുദ്ധജല കൂടുകൃഷി |
| 6 | വടവുകോട്, പുത്തൻകുരിശ് | പരമ്പരാഗത കാർപ്പ് മത്സ്യകൃഷി, പടുതാക്കുളങ്ങളിലെ മത്സ്യകൃഷി (വരാൽ, ആസാംവാള) |
| 7 | കിഴക്കമ്പലം | പരമ്പരാഗത കാർപ്പ് മത്സ്യകൃഷി |

**പെരുവണ്ണാമൂഴി ഡാമിൽ നടപ്പാക്കിവരുന്ന മത്സ്യകൃഷി**

340(3098) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ടിസിപ്പേറ്ററി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഫിഷറീസ് ഇൻ സെലക്റ്റഡ് റിസർവോയേഴ്സ് ഓഫ് കേരള പദ്ധതിപ്രകാരം കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ഡാമിൽ നടപ്പാക്കിവരുന്ന മത്സ്യകൃഷിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എത്രപേർക്ക് വരുമാനമാർഗമാകുമെന്നാണ് കണക്കാക്കുന്നത്; വിശദമാക്കാമോ?

(എ&ബി) മത്സ്യോൽപാദനം വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് ഏജൻസിയായ അഡാക്ക് മുഖാന്തരം പി.എം.എം.എസ്.വൈ. പദ്ധതിപ്രകാരം പെരുവണ്ണാമൂഴി റിസർവോയറിൽ കൂടുമത്സ്യകൃഷി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം 6X4X4 മീറ്റർ വലിപ്പമുള്ള 100 കൂടുകളാണ് പെരുവണ്ണാമൂഴിയിൽ സ്ഥാപിച്ചിട്ടുള്ളത്. പെരുവണ്ണാമൂഴി എസ്.സി./എസ്.ടി. ഫിഷർമെൻ സഹകരണ സംഘത്തിലെ 100 അംഗങ്ങളാണ് ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ. പ്രസ്തുത പദ്ധതിയിൽനിന്നും 30-05-2024 വരെ 24.49 ടൺ മത്സ്യം വില്പന നടത്തി 46.98 ലക്ഷം രൂപ വരുമാനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

341(3099) <u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യലഭ്യത അഞ്ചുവർഷം കൊണ്ട് ഇരട്ടിയാക്കുക എന്ന ഉദ്ദേശ്യത്തോടെ എന്തെങ്കിലും പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) ഉണ്ട്. 25 ഹെക്ടർ പ്രദേശത്ത് എംബാങ്ക്മെന്റ് പദ്ധതിയും 35 യൂണിറ്റ് വല വളപ്പുകളിലെ മത്സ്യകൃഷി പദ്ധതിയും മുൻവർഷം നടപ്പാക്കി. 9894.98 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷിയും 7952 യൂണിറ്റ് ബയോ ഫ്ളോക്ക്, ആർ.എ.എസ്., കൂടുകൃഷി, പടുതാകുളങ്ങളിലെ കൃഷി എന്നിവ നടപ്പാക്കി. പി.എം.എം.എസ്.വൈ. പദ്ധതിപ്രകാരം 744 ബയോഫ്ളോക്ക്, 614 ആർ.എ.എസ്., 664 ഓരുജല കൂട് യൂണിറ്റുകൾ, 640 കല്ലുമ്മേക്കായ കൃഷി യൂണിറ്റുകൾ, 706 അലങ്കാര മത്സ്യകൃഷി യൂണിറ്റ്, 176.9 ഹെക്ടർ പ്രദേശത്ത് ഓരുജലകൃഷി എന്നിവ നടപ്പാക്കിവരുന്നു.

വിവിധ ശാസ്ത്രീയ കൃഷിരീതികൾ നടപ്പാക്കിയതിലൂടെ ഉൾനാടൻ മത്സ്യോൽപാദനം 2019-2020-ൽ 2.05 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2023-2024-ൽ 2.51 ലക്ഷം മെട്രിക് ടണ്ണായി വർധിച്ചു. 2019-2020-ൽ

മത്സ്യകൃഷിയിലൂടെ 25,081 മെട്രിക് ടൺ ആയിരുന്ന ഉൽപാദനം 2023-2024-ൽ 40,852 മെട്രിക് ടണ്ണായി വർധിച്ചു.

**കരീപ്പുഴ ഫിഷ് മാർക്കറ്റിന്റെ നിർമ്മാണം**

342(3100) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന കരീപ്പുഴ ഫിഷ് മാർക്കറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ കരീപ്പുഴ ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതി നൽകി കിഫ്ബിയിൽനിന്നും പാക്കേജ്, പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് എന്നിവയ്ക്ക് അംഗീകാരം ലഭ്യമാക്കിയശേഷം പ്രവൃത്തി നടപ്പാക്കുന്നതിന് ടെൻഡർ ചെയ്യുന്നതാണ്.

**അമ്പലപ്പുഴ മണ്ഡലത്തിലെ വിവിധ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം**

343(3101) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലുൾപ്പെടുന്ന ആലപ്പുഴ നഗരസഭയിലെ വലിയകുളം മത്സ്യമാർക്കറ്റ്, പുന്നപ്ര വടക്ക് പഞ്ചായത്തിലെ പറവൂർ മത്സ്യമാർക്കറ്റ് എന്നിവയുടെ നിർമ്മാണത്തിന് പണം അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; ഓരോയിടത്തും എന്തൊക്കെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

അമ്പലപ്പുഴ മണ്ഡലത്തിലുൾപ്പെടുന്ന ആലപ്പുഴ നഗരസഭയിലെ വലിയകുളം മത്സ്യമാർക്കറ്റ്, പുന്നപ്ര വടക്ക് പഞ്ചായത്തിലെ പറവൂർ മത്സ്യമാർക്കറ്റ് എന്നിവയുടെ നിർമ്മാണത്തിന് നിലവിൽ തുക അനുവദിച്ചിട്ടില്ല.

(ബി) പുന്നപ്ര ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നിലവിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്

പ്രവർത്തനസജ്ജമാക്കാൻ എന്തുനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉണ്ട്; നിലവിൽ പുന്നപ്ര ഫിഷ് ലാൻഡിംഗ് സെന്ററിന്റെ തീരം കടൽക്ഷോഭത്തിൽ നഷ്ടപ്പെട്ടിട്ടുള്ളതിനാൽ വള്ളങ്ങൾ കരയ്ക്കടുപ്പിക്കുന്നതിന് സാധിക്കുന്നില്ല. ഫിഷ് ലാൻഡിംഗ് സെന്ററിന്റെ തെക്കുഭാഗത്ത് ഇറിഗേഷൻ വകുപ്പുമുഖേന ഗ്രോയിനുകളുടെ നിർമ്മാണം നടക്കുന്നുണ്ട്. വടക്കുഭാഗത്തുകൂടി ഗ്രോയിൻ നിർമ്മിച്ചുകഴിഞ്ഞാൽ തീരം നഷ്ടപ്പെടുന്നത് ഒരുപരിധിവരെ തടയാൻ സാധിക്കുന്നതാണ്.

ഫിഷ് ലാൻഡിംഗ് സെന്ററിനുള്ളിലെ കെട്ടിടങ്ങളുടെ നവീകരണം 2024-25 സാമ്പത്തിക വർഷത്തിൽ തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മത്സ്യബന്ധനവും സംസ്കരണവും വിപണനവും ആദായകരമാക്കാൻ നടപടി**

344(3102) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മത്സ്യം തദ്ദേശീയമായി ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മുഴുവൻ മത്സ്യവും തദ്ദേശീയമായി ലഭിക്കുന്നില്ല. 2022-23 വർഷത്തിലെ സംസ്ഥാനത്തെ ആകെ മത്സ്യോൽപാദനം 9,20,523 മെട്രിക് ടണ്ണാണ് (കടൽ മത്സ്യോൽപാദനം 6,90,945 + ഉൾനാടൻ മത്സ്യോൽപാദനം 2,29,578). പ്രസ്തുത വർഷത്തിൽ 2,18,629 മെട്രിക് ടൺ മത്സ്യം സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യപ്പെട്ടു. ആയത് കിഴിച്ച് ആകെ ആഭ്യന്തര മത്സ്യലഭ്യത 7,01,894 മെട്രിക് ടൺ ആയിരുന്നു. 2022-23 വർഷത്തിൽ സംസ്ഥാനത്തെ വാർഷിക ആളോഹരി മത്സ്യഉപഭോഗം 27.08 കിലോഗ്രാം ആണ്. ഇതുപ്രകാരം സംസ്ഥാനത്ത് ദൈനംദിനം ഏകദേശം 2521 ടൺ മത്സ്യമാണ് ആവശ്യമായി വരുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ ശരാശരി ദൈനംദിന മത്സ്യലഭ്യത 1923 ടണ്ണായിരുന്നു. ആയതനുസരിച്ച്

2022-23 വർഷത്തിൽ കേരളത്തിൽ 2,08,270 മെട്രിക് ടൺ മത്സ്യത്തിന്റെ കുറവുണ്ടായി. ആയത് ഇതര സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടകം എന്നിവിടങ്ങളിൽ നിന്നുമാണ് കേരളത്തിലേയ്ക്കെത്തുന്നത്.

(ബി) മത്സ്യബന്ധനമേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിൽ പങ്കാളികളാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത ആഴക്കടൽ മത്സ്യബന്ധനരീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ.-യിലുൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

പ്രധാനമന്ത്രി മത്സ്യസമ്പദാ യോജനപ്രകാരം ഒരു യൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന ബോട്ടിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സബ്സിഡിയായി കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുംകൂടി നൽകുന്നത് 48 ലക്ഷം (40%) രൂപയാണ് (കേന്ദ്ര വിഹിതം 28.8 + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). എന്നാൽ കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.50 കോടി രൂപയാണ്. ഇതിൽ സബ്സിഡി 48 ലക്ഷം രൂപ കഴിച്ച് ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃവിഹിതമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ പ്രസ്തുത തുക കണ്ടെത്താൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃവിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റായി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും സർക്കാർതലത്തിൽ ഉത്തരവായിട്ടുണ്ട്. അധിക

ഗ്രാന്റായി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾക്ക് ആകെ 306 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.

ആഴക്കടൽ മത്സ്യബന്ധനയാന നിർമ്മാണം സംബന്ധിച്ച് 08-12-2022-ന് ഉഡുപ്പി കൊച്ചിൻ ഷിപ്പ് യാർഡിന് Letter of Intent നൽകുകയും കൊച്ചിൻ ഷിപ്പ് യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 യാനങ്ങളുടെ രജിസ്ട്രേഷനും ഇൻഷ്വറൻസ് നടപടികളും പൂർത്തിയാക്കി ഗുണഭോക്തൃക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്ത് മത്സ്യബന്ധനം നടത്തിവരുന്നു. ബാക്കിയുള്ള 4 യാനങ്ങളുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ് യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണശാലയിൽ പൂർത്തീകരിച്ച് വിതരണത്തിന് തയ്യാറായിട്ടുണ്ട്.

പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന 2023-24 പദ്ധതിപ്രകാരം 10 ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മത്സ്യബന്ധനവും മത്സ്യത്തിന്റെ സംസ്കരണവും വിപണനവുമുൾപ്പെടെ ആദായകരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കുംവേണ്ടി 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾപ്രകാരം വിജ്ഞാപനം ചെയ്തതും അല്ലാത്തതുമായ ഹാർബർ/ഫിഷ് ലാൻഡിംഗ് സെന്റർ/മാർക്കറ്റ് എന്നിവിടങ്ങളിൽ മത്സ്യലേലം നിർവഹിക്കുന്നതിന് അനുമതിപത്രം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഹാർബർ/ഫിഷ് ലാൻഡിംഗ് സെന്റർ/മാർക്കറ്റ് ശരിയായ നടത്തിപ്പിനും പരിപാലനത്തിനുമായി ഹാർബർ/ഫിഷ് ലാൻഡിംഗ് സെന്റർ/മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി

രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ അനുമതിയോടെ ലേലം ഒഴിവാക്കിക്കൊണ്ട് മത്സ്യത്തിന്റെ ആദ്യവില്പനയും അനുബന്ധപ്രവർത്തനങ്ങളും നടത്തുന്നതിനും മത്സ്യലേലത്തിലും വില്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യപ്രവണതകളെ നിയന്ത്രിക്കുന്നതിനും മത്സ്യത്തിന്റെ അടിസ്ഥാനവില കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതിനും ഹാർബർ/ഫിഷ് ലാൻഡിംഗ് സെന്റർ/മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിക്ക് അധികാരം നൽകുന്നുണ്ട്. ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് വഴി ഫിഷ് മാർട്ടുകളും അന്തിപ്പച്ച യൂണിറ്റുകളും നടത്തുന്നുണ്ട്. മത്സ്യം സുലഭമായ കാലങ്ങളിൽ ശേഖരിച്ച് കോൾഡ് സ്റ്റോറേജുകളിൽ സംഭരിച്ച് മത്സ്യത്തിന്റെ അടിസ്ഥാനവില നിലനിർത്തുന്നതിന് കോൾഡ് സ്റ്റോറേജ് പ്രവർത്തിക്കുന്നതിന് അനുമതിപത്രം നൽകുന്നതിനും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് നടപ്പിൽ വരുന്നതോടുകൂടി ഇടനിലക്കാരെ ഒഴിവാക്കി

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കാനും ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് മുക്തമാകുന്നതിനും സഹായകമാവുന്നതാണ്. ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവസംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം, പരിവഹന സൗകര്യം എന്നിവയുടെ പ്രവർത്തനം നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതാണ്. സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റിയുടെ പ്രവർത്തനം ശക്തമാകുന്നതോടുകൂടി പൊതുജനങ്ങൾക്ക് ലഭിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പൂർണ്ണമായും ഉറപ്പാക്കാവുന്നതുമാണ്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നിവർ മുഖേന മത്സ്യങ്ങളുടെ മൂല്യവർധിത ഉൽപന്നങ്ങൾ തയ്യാറാക്കി വിപണനം നടത്തിവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

345(3103) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ അടുത്തകാലത്തായി തുടർച്ചയായുണ്ടാകുന്ന കള്ളക്കടൽ പ്രതിഭാസം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

തുടർച്ചയായുണ്ടാകുന്ന കള്ളക്കടൽ പ്രതിഭാസം വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ട്. കേരള തീരത്ത് കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം (INCOIS) മുഖാന്തരം അറിയിപ്പ് ലഭ്യമാക്കുന്ന സാഹചര്യത്തിൽ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിക്കുന്നതിനും കടലിൽ പോകരുതെന്ന് അറിയിപ്പ് ലഭ്യമായാൽ ആയതും അനുസരിച്ച് സമയബന്ധിതമായി ആവശ്യമായ ജാഗ്രതാ നിർദേശങ്ങൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും പത്ര മാധ്യമങ്ങളിലൂടെയും നൽകുന്നുണ്ട്. കൂടാതെ തീരപ്രദേശത്തെ ആരാധനാലയങ്ങളിലൂടെയും മൈക്ക് അനൗൺസ്മെന്റ്വഴിയും മുന്നറിയിപ്പ് നൽകിവരുന്നു.

മത്സ്യബന്ധനയാനങ്ങൾ (ബോട്ട്, വള്ളം മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുന്നതിനും വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകടസാധ്യത ഒഴിവാക്കുന്നതിനും മത്സ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും മുന്നറിയിപ്പ് നൽകുന്നുണ്ട്. തീരപ്രദേശത്ത് ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റിന്റെയും കോസ്റ്റൽ പോലീസിന്റെയും പട്രോളിംഗ് കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ തീരദേശ ജില്ലകളിലും റസ്ക്യൂ ബോട്ടുകളെയും കടൽസുരക്ഷാ സ്ക്വാഡുകളെയും ലൈഫ് ഗാർഡുമാരെയും സജ്ജീകരിച്ചിട്ടുള്ളതുകൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മറൈൻ ആംബുലൻസുകളും സജ്ജമാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കള്ളക്കടൽ പ്രതിഭാസത്തെത്തുടർന്ന് മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുകയോ മത്സ്യബന്ധന ഉപകരണങ്ങൾക്ക് നാശനഷ്ടം സംഭവിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എങ്കിൽ ഇപ്രകാരം നാശനഷ്ടമുണ്ടായവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി&സി) കള്ളക്കടൽ പ്രതിഭാസത്തെത്തുടർന്ന് മുതലപ്പൊഴിയിൽ 3 അപകടങ്ങളിലായി 5 മത്സ്യത്തൊഴിലാളികൾക്ക് പരിക്കേറ്റിട്ടുണ്ട്.

31-05-2024-നുണ്ടായ കള്ളക്കടൽ പ്രതിഭാസത്തെത്തുടർന്നുണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ മത്സ്യബന്ധനയാനങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങൾ, വീടുകൾ എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. എല്ലാംകൂടി ഏകദേശം 1,86,27,375/- രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ടെന്ന് പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്.

സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫണ്ട് (SDRF)/മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ തയ്യാറാക്കി വരികയാണ്.

## കപ്പലിടിച്ച് മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

346(3104) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനുപോകുന്ന തൊഴിലാളികൾ ബോട്ടപകടങ്ങളിൽപ്പെട്ട് മരണമടഞ്ഞാൽ എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് സർക്കാർ നൽകുന്നത്; വ്യക്തമാക്കാമോ?

മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ബോട്ടപകടങ്ങളിൽപ്പെട്ട് മരണം സംഭവിച്ചാൽ ആശ്രിതർക്ക് ധനസഹായമായി 10 ലക്ഷം രൂപയും മരണാനന്തര ചടങ്ങുകൾക്കായി 15,000/- രൂപയും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുമുഖേന നൽകിവരുന്നു. മത്സ്യഫെഡിൽ ഇൻഷ്വറൻസ് എടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് കാലയളവിനുള്ളിൽ മരണം സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് ധനസഹായമായി 10 ലക്ഷം രൂപയും നൽകിവരുന്നു.

(ബി) കപ്പൽച്ചാൽ ലംഘിച്ചുവന്ന കപ്പലിടിച്ച് പൊന്നാനിയിൽ മരണമടഞ്ഞ രണ്ട് മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

കപ്പൽച്ചാൽ ലംഘിച്ചുവന്ന കപ്പലിടിച്ച് പൊന്നാനിയിൽ മരണമടഞ്ഞ രണ്ട് മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുമുഖേന ധനസഹായമായി 10 ലക്ഷം രൂപ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മരണമടഞ്ഞ രണ്ട് മത്സ്യത്തൊഴിലാളികളും മത്സ്യഫെഡിന്റെ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടില്ലാത്തതിനാൽ മത്സ്യഫെഡ് വഴിയുള്ള ഇൻഷ്വറൻസ് ആനുകൂല്യം നൽകാൻ നിർവാഹമില്ല. എന്നിരുന്നാലും മരണമടഞ്ഞ രണ്ട് മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസനിധിയിൽനിന്നും 5000/- രൂപ വീതവും പരിക്കേറ്റ 4 മത്സ്യത്തൊഴിലാളികൾക്കായി 2500/- രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

(സി) നിയമവിരുദ്ധമായി കപ്പൽച്ചാൽ ലംഘിച്ചതിനാൽ കപ്പൽ കമ്പനിക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് അപകടത്തിൽ പരിക്കേറ്റ മത്സ്യത്തൊഴിലാളികളുടെ മൊഴിയെടുക്കുകയും തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

**പുതിയങ്ങാടി പാലക്കോട് അഴിമുഖത്തെ പുലിമുട്ട് നിർമ്മാണം**

347(3105) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി പാലക്കോട് അഴിമുഖത്തെ പുലിമുട്ട് നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി പാലക്കോട് അഴിമുഖത്തെ പുലിമുട്ടിന്റെ പാലക്കോട് ഭാഗം

(നോർത്ത് സൈഡ്) നീളം 365 മീറ്റർ ആണ്. അതിൽ ചെയിനേജ് 0 മുതൽ 100 മീറ്റർ വരെ മുഴുവനായും ചെയിനേജ് 100 മുതൽ 280 മീറ്റർ വരെ ഭാഗികമായും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

സൗത്ത് ചൂട്ടാട് ബ്രേക്ക് വാട്ടർ നീളം 210 മീറ്റർ ആണ്. ഇതിൽ ചെയിനേജ് 0 മുതൽ 100 മീറ്റർ വരെ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. പുലിമുട്ടിന്റെ നിർമ്മാണം ഏകദേശം 40% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നിലവിലെ വർക്ക് ഷെഡ്യൂൾപ്രകാരം 15-02-2025-ന് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയം**

348(3106) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി കാര്യനിർവഹണ സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) സാംസ്കാരിക സമുച്ചയത്തിന്റെ പ്രവർത്തനമാരംഭിച്ച് ഒരു വർഷമാകുന്ന ഘട്ടത്തിൽ ടി സ്ഥാപനത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് സഹായകരമായി ഭരണനിർവഹണ സംവിധാനം രൂപപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം ജില്ലയിലെ ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി 13-10-2023-ലെ സ.ഉ.(സാധാ)നം. 546/2023/സാം.കാ.വ. പ്രകാരം ജില്ലാ കളക്ടർ ചെയർമാനായ ഒരു താൽക്കാലിക സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സമുച്ചയ നടത്തിപ്പും പരിപാലനവുമായി ബന്ധപ്പെട്ട് ഡി.റ്റി.പി.സി. മാതൃകയിൽ ഡി.സി.പി.സി.-

യായി ഉയർത്തി ദേശീയ/അന്തർദേശീയ സാംസ്കാരിക കേന്ദ്രങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി കരട് ബൈലോയിൽ ക്യൂറേറ്റർ കമ്മിറ്റി, ജീവനക്കാരുടെ നിയമനം, ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. സമുച്ചയത്തിന്റെ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങൾക്കായി സാംസ്കാരിക അധ്യക്ഷ കാര്യാലയത്തിലെ ഒരു ജൂനിയർ സൂപ്രണ്ട്, ഒരു ക്ലറിക്കൽ സ്റ്റാഫ്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവരെ റൊട്ടേഷൻ വ്യവസ്ഥയിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ, സമുച്ചയത്തിന്റെ കാവലിനായി കെക്സോൺ മുഖാന്തരവും ക്ലീനിംഗിനായി കുടുംബശ്രീ മുഖാന്തരവും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

## സാംസ്കാരിക അവബോധം വർധിപ്പിക്കുന്നത് ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ

349(3107) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർഥികളിൽ സാംസ്കാരിക അവബോധം വർധിപ്പിക്കുന്നത് ലക്ഷ്യമിട്ട് സാംസ്കാരികകാര്യ വകുപ്പ് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വിദ്യാർഥികളിൽ സാംസ്കാരിക അവബോധം വർധിപ്പിക്കുന്നത് ലക്ഷ്യമിട്ട് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

1. വൈലോപ്പിള്ളി സംസ്കൃതിഭവൻ നോഡൽ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് ബാലകേരളം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. സാംസ്കാരിക വകുപ്പധ്യക്ഷ കാര്യാലയം മുഖേന 'സമം-സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം' എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ വിദ്യാർഥികൾക്കായി സംവാദമത്സരം സംഘടിപ്പിക്കുന്നുണ്ട്.

3. ബാലഭവനുകൾ മുഖേന വിവിധ പരിപാടികൾ നടത്തിവരുന്നു.

4. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന സാഹിത്യ ക്യാമ്പുകളുൾപ്പെടെ വിവിധ മത്സരങ്ങൾ നടത്തിവരുന്നു. കുട്ടികളിൽ

സാഹിത്യ പുസ്തകങ്ങൾ എത്തിക്കുന്നതിന്റെ ഭാഗമായി അക്ഷരയാത്ര, പുസ്തക നിറവ്, വായന നിറവ് എന്നീ പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

5. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന വിദ്യാർഥികൾക്കായി സെമിനാറുകൾ, വിവിധ പുസ്തകങ്ങളുടെ പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു.

6. പ്രവാസ ലോകത്തെ വിദ്യാർഥികളിൽ മലയാള ഭാഷയും സംസ്കാരവും പ്രചരിപ്പിക്കുന്നതിനും വിദ്യാർഥികളിൽ സാംസ്കാരിക അവബോധം ഉണ്ടാക്കുന്നതിനും വായന മത്സരം, ദേശീയോദ്ഗ്രഥന ഗാനരചനാ മത്സരം, സാഹിത്യരചനാ മത്സരങ്ങൾ എന്നിവ നടത്തിവരുന്നു. 'റേഡിയോ മലയാളം' ഇന്റർനെറ്റ് റേഡിയോ , 'ഭൂമി മലയാളം' മാസിക , 'പൂക്കാലം' വെബ് മാസിക എന്നിവയിലൂടെ വിദ്യാർഥികൾക്ക് സർഗാത്മക രചനകൾ പ്രസിദ്ധീകരിക്കാനുള്ള അവസരം നൽകുന്നു.

7. കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് മലയാളത്തിൽ വിജ്ഞാനകോശം വാല്യങ്ങൾ പ്രസിദ്ധീകരിക്കുകയും

'അറിവരങ്ങ് ' എന്ന പേരിൽ എല്ലാ വർഷവും ക്വിസ്, ഉപന്യാസ മത്സരങ്ങൾ നടത്തുകയും ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ റഫറൻസ് ലൈബ്രറിയായി പ്രവർത്തിക്കുകയും ചെയ്യുന്നു.

8. കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് 'പ്രചോദനത്തിന്റെ പ്രവാചകർ' എന്ന ദൃശ്യപരമ്പരയും 'ബുക്ക് കഫേ,' 'ബുക്ക്കോർണർ' എന്നിവയും ആരംഭിച്ചു.

9. കേരള സാഹിത്യ അക്കാദമി യുവജനങ്ങൾക്കായി കഥ, കവിത, നിരൂപണം തുടങ്ങിയവയിൽ ശില്പശാലകൾ സംഘടിപ്പിക്കുന്നു.

10. ശ്രീനാരായണ അന്തർദേശീയ പഠന തീർഥാടന കേന്ദ്രം 'മഹാ ഗുരുവിനെ അറിയാൻ' എന്ന ഏകദിന പഠനപരിപാടിയും 'കുട്ടികളും ശ്രീനാരായണ ഗുരുവും' എന്ന പരിപാടിയും സംഘടിപ്പിക്കുന്നുണ്ട്.

11. വിദ്യാർഥികൾക്കിടയിൽ സാംസ്കാരിക അവബോധം സൃഷ്ടിക്കാൻ കേരള കലാമണ്ഡലം, മാർഗി, ഗുരുഗോപിനാഥ് നടനഗ്രാമം, ഫോക്‌ലോർ അക്കാദമി, ഭാരത് ഭവൻ, മഹാകവി മൊയീൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, വാസ്തുവിദ്യാഗുരുകുലം,

കെ.എസ്.എഫ്.ഡി.സി., ചലച്ചിത്ര അക്കാദമി എന്നീ സ്ഥാപനങ്ങൾ വിവിധ പരിപാടികൾ നടത്തിവരുന്നു.

(ബി) ഇതര സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി സർക്കാർ സംഘടിപ്പിക്കുന്ന സാംസ്കാരിക വിനിമയ പരിപാടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഇതര സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി പൈതൃകോത്സവങ്ങൾ സംഘടിപ്പിച്ചുവരുന്നു. കേരള-ഡൽഹി പൈതൃകോത്സവം, കേരള-തെലുങ്കാന പൈതൃകോത്സവം എന്നിവ സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. ചെന്നൈ, ബംഗളൂരു, മുംബൈ തുടങ്ങിയ നഗരങ്ങളിൽ സാഹിത്യ അക്കാദമി സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഡൽഹി, ചെന്നൈ, ഹൈദരാബാദ് എന്നിവിടങ്ങളിൽ പ്രവാസി അമേച്വർ നാടകോത്സവവും ചെന്നൈ സൗത്ത് സോൺ കൾച്ചറൽ സെന്ററുമായി സഹകരിച്ച് പാലക്കാട് വെള്ളിനേഴിയിൽ വച്ച് ഫോക്ക് ഫെസ്റ്റിവലും കേരള സംഗീതനാടക അക്കാദമി നടത്തിയിട്ടുണ്ട്.

കഥക് നൃത്തം, അറബന മുട്ട്, ഒപ്പന-മഴപ്പാട്ട്, കഥക് നൃത്തം-മഴപ്പാട്ടുകൾ ഉൾക്കൊള്ളുന്ന 'മൺസൂൺ ഫെസ്റ്റ്'' 2024 ജൂലൈ ആദ്യവാരം ഭാരത് ഭവനിൽ നടക്കും. ഭാരത് ഭവൻ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ സഹകരണത്തിൽ ഇന്ത്യൻ വസന്തോത്സവം, ഇന്ത്യൻ ഗ്രാമോത്സവം എന്നീ പേരുകളിൽ വിവിധ സംസ്ഥാനങ്ങളിലെ തനത് കലാരൂപങ്ങളുടെ അവതരണം ഓഗസ്റ്റ്-ഡിസംബർ മാസങ്ങളിലായി സംഘടിപ്പിച്ചുവരുന്നു.

28 സംസ്ഥാനങ്ങളിലെയും 8 കേന്ദ്രഭരണ പ്രദേശങ്ങളിലെയും തനത് കലാരൂപങ്ങൾ അണിനിരത്തി നമ്മുടെ ഐക്യതയും അഖണ്ഡതയും നാനാത്വവും പ്രകടമാക്കുന്ന കലാരൂപങ്ങളുടെ അവതരണമാണ് ലോക് രംഗ് സമഭാവന മഹോത്സവം. മൺമറഞ്ഞുപോയ കലാരൂപങ്ങൾ സംരക്ഷിക്കാനും ഉണർത്താനും ഐലന്റ് ഫെസ്റ്റ് 2024 എന്ന പരിപാടിയിലൂടെ ഇന്ത്യൻ ദ്വീപുകളിൽ പാരമ്പര്യ കലാവതരണങ്ങൾ നടത്തുന്നു. കേരളത്തിന്റെ തനത് കലാരൂപങ്ങളും സംസ്കാരവും നാനാത്വത്തിൽ ഏകത്വം തുടങ്ങി പൊതുസമൂഹത്തിന് ഉപകരിക്കുന്ന പ്രമേയങ്ങളെ അടിസ്ഥാനമാക്കി വിവിധ

സംസ്ഥാനങ്ങളിൽ മൾട്ടിമീഡിയ സാംസ്കാരിക വിനിമയ വിരുന്നായ 'കേരളത്തനിമ' എന്ന പരിപാടിയും ഭാരത് ഭവൻ നടത്തുന്നുണ്ട്.

മുൻവർഷങ്ങളിൽ ഡൽഹി, പൂനെ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ മലയാള ചലച്ചിത്രമേളകൾ ചലച്ചിത്ര അക്കാദമി സംഘടിപ്പിച്ചിരുന്നു. ഡൽഹിയിൽ പ്രതിവാര മലയാള സിനിമാപ്രദർശനം സംഘടിപ്പിക്കുന്ന ഒരു പദ്ധതി നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കേരള സംഗീത നാടക അക്കാദമി വഴി കലാകാരന്മാർക്ക് നൽകിവന്നിരുന്ന അവാർഡുകൾ**

350(3108) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംഗീത നാടക അക്കാദമി വഴി കലാകാരന്മാർക്ക് നൽകിവന്നിരുന്ന ഏതൊക്കെ അവാർഡുകളാണ് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ നിർത്തലാക്കിയിട്ടുള്ളതെന്ന വിശദാംശം നൽകുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ അവാർഡുകളും നിർത്തലാക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേരള സംഗീതനാടക അക്കാദമിയുടെ ആരംഭം മുതൽ നൽകിവരുന്ന അവാർഡുകളൊന്നും ഇതുവരെ നിർത്തലാക്കിയിട്ടില്ല.

(സി) കലാകാരന്മാരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് നിർത്തലാക്കിയിട്ടുണ്ടോ വിശദാംശം നൽകുമോ?

കലാകാരന്മാരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ഇതുവരെ സംഗീതനാടക അക്കാദമി വഴി നടപ്പാക്കിയിട്ടില്ല. എന്നാൽ കലാകാരന്മാരായിട്ടുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പും സ്റ്റൈപ്പന്റും നൽകുന്ന പദ്ധതി ഇപ്പോഴും നിലവിലുണ്ട്.

(ഡി) പാവപ്പെട്ട കലാകാരന്മാരെ സംരക്ഷിക്കുന്നതിനുള്ള നാമമാത്രമായ സഹായങ്ങൾ നിർത്തലാക്കിയ മേല്പറഞ്ഞ നടപടികൾ പിൻവലിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ?

പാവപ്പെട്ട കലാകാരന്മാരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളൊന്നും നിർത്തലാക്കിയിട്ടില്ല. എന്നാൽ കലാകാരന്മാർക്കുള്ള അപകട വൈദ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**ജസ്റ്റിസ് ഹേമ കമ്മീഷൻ ശിപാർശകൾ**

351(3109) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാമേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ-സി) ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി 31-12-2019-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സിനിമാനയം രൂപീകരിക്കുന്നതിനുള്ള കരട് തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് 15-07-2023-ലെ സ.ഉ.(സാധാ.) നം. 357/2023/സാം.കാ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കരട് സിനിമാനയം തയ്യാറാക്കുമ്പോൾ ജസ്റ്റിസ് കെ. ഹേമ കമ്മിറ്റിയുടെ ശിപാർശകൾകൂടി

പരിശോധിച്ച് ഉചിതമായ നിർദേശങ്ങൾ അതിൽ ഉൾക്കൊള്ളിക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

**പൂവച്ചൽ ഖാദർ പാർക്കിന്റെ നിർമ്മാണം**

352(3110) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ സ്ഥാപിക്കുന്ന പൂവച്ചൽ ഖാദർ സ്മാരക പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) സാങ്കേതികാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിയുടെ തുടർ നടപടികൾ ത്വരിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കവിയും മലയാള ചലച്ചിത്ര ഗാനരചയിതാവുമായ പൂവച്ചൽ ഖാദറിന്റെ സ്മരണാർഥം പൂവച്ചൽ ഖാദർ സ്മാരകപാർക്ക് പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്നതിന് 11-06-2024-ലെ സ.ഉ.(സാധാ)നം. 306/2024/സാം.കാ.വ പ്രകാരം 50 ലക്ഷം രൂപയുടെ പുതുക്കിയ

ഭരണാനുമതി നൽകിയിട്ടുണ്ട്. പൂവച്ചൽ ഗ്രാമപഞ്ചായത്തിൽനിന്ന് ആദ്യഗഡു അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കേരള പൂരക്കളി അക്കാദമി പ്രവർത്തനഫണ്ട്**

353(3111) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പിനുകീഴിലുള്ള കേരള പൂരക്കളി അക്കാദമിക്ക് ഏതെങ്കിലും വിഭാഗത്തിൽപ്പെടുത്തി പ്രവർത്തനത്തിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2024-2025 സാമ്പത്തിക വർഷം കേരള പൂരക്കളി അക്കാദമിക്ക് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(എ&ബി) സ്ഥാപനം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## നാദാപുരം മണ്ഡലത്തിൽ നാട്ടരങ്ങ് പദ്ധതി

354(3112) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ ഉപകേന്ദ്രത്തിൽ നാട്ടരങ്ങ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. നാട്ടരങ്ങിന്റെ നിർമ്മാണത്തിനായി നാദാപുരം വില്ലേജിലെ റീസർവെ നം.20/2-ൽപ്പെട്ട 7.4 ആർ സ്ഥലം സബ് സെന്ററിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം

355(3113) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി പ്രവർത്തിക്കുന്ന എത്ര സാംസ്കാരിക സ്ഥാപനങ്ങളുണ്ട്; അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി പ്രവർത്തിക്കുന്ന 4 സാംസ്കാരിക സ്ഥാപനങ്ങളുണ്ട്. വിശദവിവരം ചുവടെച്ചേർക്കുന്നു:

1. മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരകം

2. തുളു സാഹിത്യ അക്കാദമി

3. പാർഥി സുബ്ബ യക്ഷഗാന അക്കാദമി

4. മഹാകവി പി. കുഞ്ഞിരാമൻ നായർ മെമ്മോറിയൽ ട്രസ്റ്റ്, അജാനൂർ

(ബി) തുളു അക്കാദമി, ഗോവിന്ദപൈ സ്മാരകം, യക്ഷഗാന അക്കാദമി എന്നീ സ്ഥാപനങ്ങൾക്ക് ഇതുവരെ നൽകിയ സാമ്പത്തിക സഹായം എത്രയാണെന്ന് അറിയിക്കാമോ?

പ്രസ്തുത വിവരം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇവയുടെ ഭാവിപ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുമോ; വ്യക്തമാക്കാമോ?

നടപ്പ് വർഷം ഉള്ള സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരകത്തിന്റെ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ പ്രത്യേക ധനസഹായമായും 37,500/- രൂപ വാർഷിക ധനസഹായമായും വകയിരുത്തിയിട്ടുണ്ട്. യക്ഷഗാന അക്കാദമിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ടി സ്ഥാപനം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**കേന്ദ്ര സർക്കാർ നടപ്പാക്കാൻ നിർദേശിച്ചിട്ടുള്ള സാംസ്കാരിക പദ്ധതികൾ**

356(3114) ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സാംസ്കാരികരംഗത്ത് നടപ്പാക്കുന്നതിനായി നിർദേശിച്ചിട്ടുള്ള ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

കേന്ദ്രസർക്കാർ സാംസ്കാരികരംഗത്ത് നടപ്പാക്കുന്നതിനായി സാംസ്കാരിക വകുപ്പുമുഖേന നിർദേശിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും നിലവിലില്ല.

(ബി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്രസർക്കാർ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിലെ സംസ്ഥാനവിഹിതം എത്രയാണ്; വ്യക്തമാക്കാമോ?

(ബി&സി) ബാധകമല്ല.

**കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണറൈയ്ക്കു സ്മാരകം**

357(3115) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണറൈയ്ക്കു സ്മാരകമായി കാസർഗോഡ് കന്നഡ അക്കാദമി സ്ഥാപിക്കുന്നതിന് ബജറ്റിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഏത് വർഷം; എത്ര രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

കന്നഡ ഭാഷാ മഹാകവി ഡോ. കയ്യാർ കിഞ്ഞണ്ണറൈ സ്മാരക സാംസ്കാരിക ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം ബജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിനുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയോ എന്നും ഏതെല്ലാം കാര്യങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും അല്ലെങ്കിൽ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ ഇതുവരെ എന്തെങ്കിലും പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ പ്രവർത്തനത്തിന് എപ്പോൾ തുടക്കം കുറിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) ടി ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പും തയ്യാറാക്കിയ 2.5 കോടി

രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സമർപ്പിച്ചിട്ടുണ്ട്. ഈ സ്മാരക മന്ദിരം സ്ഥാപിക്കുന്നതിന് ബദിയടുക്ക വില്ലേജിലെ റീ സർവ്വേ നം. 1447/1 ബി, 1499 -ൽപ്പെട്ട 30 സെന്റ് റവന്യൂ ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ജില്ലയിൽ ഈ പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ?

സ്മാരക നിർമ്മാണത്തിന്റെ നിർവഹണച്ചുമതല കാസർഗോഡ് ജില്ലാ പഞ്ചായത്തിനാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ സാംസ്കാരികകാര്യ വകുപ്പ് പ്രവൃത്തികൾ**

358(3116) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ സാംസ്കാരികകാര്യ വകുപ്പുമുഖേന ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സാംസ്കാരികകാര്യ വകുപ്പുമുഖേനയുള്ള പ്രവൃത്തികൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ സംഘടനകൾക്കാണ് സാംസ്കാരികകാര്യ വകുപ്പിൽനിന്നും ഗ്രാന്റിനത്തിൽ ധനസഹായം നൽകിയിട്ടുള്ളതെന്ന് തുകയടക്കമുള്ള വിശദവിവരം ലഭ്യമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ സാംസ്കാരികകാര്യ വകുപ്പിൽനിന്നും ഗ്രാന്റിനത്തിൽ മൂന്ന് സ്ഥാപനങ്ങൾക്കാണ് ധനസഹായം നൽകിവരുന്നത്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**കേരളീയം പരിപാടിയുടെ ഭാഗമായി സാംസ്കാരിക വകുപ്പിനുവന്ന ചെലവുകൾ**

359(3117) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയം പരിപാടിയുടെ ഭാഗമായി സാംസ്കാരിക വകുപ്പിനുവന്ന ചെലവുകളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളീയം പ്രോഗ്രാമിന്റെ ഭാഗമായി സാംസ്കാരിക വകുപ്പ് ഡയറക്ടർ കൺവീനറായ കൾച്ചറൽ കമ്മിറ്റിക്ക് രണ്ടുഘട്ടങ്ങളിലായി ഇതേവരെ 3,14,80,575/- (മൂന്ന് കോടി പതിനാല് ലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) രൂപ അനുവദിക്കുകയും ആയതിൽ നിന്നും 3,14,67,804/- (മൂന്ന് കോടി പതിനാല് ലക്ഷത്തി അറുപത്തി ഏഴായിരത്തി എണ്ണൂറ്റി നാല് രൂപ മാത്രം) രൂപ ഇതേവരെ ചെലവാകുകയും ചെയ്തിട്ടുണ്ട്.

(ബി) കേരളീയത്തിൽ നടത്തിയ കലാപരിപാടികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇനംതിരിച്ച് നൽകാമോ?

കേരളീയത്തിന്റെ ഭാഗമായുള്ള കലാപരിപാടികൾക്ക് വിവിധ വേദികളിലായി 3,14,80,575/- (മൂന്ന് കോടി പതിനാല് ലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂറ്റി എഴുപത്തി അഞ്ച് രൂപ മാത്രം) രൂപയ്ക്ക് അനുമതി ലഭ്യമായിരുന്നു. (തുക വിവരങ്ങൾ വേദി തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കേരളീയത്തിൽ പരിപാടി നടത്തിയ കലാകാരന്മാർക്ക് പ്രതിഫലം ലഭിക്കാത്തതിനാൽ ലോക കേരള സഭയോട് അവർ സഹകരിക്കില്ലെന്ന തീരുമാനം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കലാകാരന്മാർ ലോക കേരള സഭയുമായി സഹകരിക്കില്ലെന്ന വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മഹാകവി മോയിൻ കുട്ടി വൈദ്യർ സ്മാരക മാപ്പിള കലാ അക്കാഡമി**

360(3118) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക മാപ്പിള കലാ അക്കാഡമിക്ക് 2023-24 സാമ്പത്തിക വർഷത്തിൽ നോൺ ഗ്രാന്റിനത്തിൽ എത്ര തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഗ്രാന്റിനത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ നോൺ ഗ്രാന്റിൽനിന്നും എത്ര തുക എത്ര തവണകളായി നൽകിയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ 29.5 ലക്ഷം രൂപയും 2022-23 സാമ്പത്തിക വർഷത്തെ നാലാം ഗഡു തുകയായി അനുവദിച്ചതും തൻവർഷം മാറിനൽകാതെ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും അനുവദിച്ചതുമായ 7.5 ലക്ഷം രൂപയുമുൾപ്പെടെ ആകെ 37 ലക്ഷം രൂപ 5 ഗഡുക്കളായി സ്ഥാപനത്തിന് വിതരണം ചെയ്തിട്ടുണ്ട്.

(സി) അക്കാഡമിക്ക് 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സാംസ്കാരികകാര്യ (എ) വകുപ്പിൽനിന്നും തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. പകർപ്പുകൾ അനുബന്ധം I, II, III, & IV ആയി ചേർക്കുന്നു.+

(ഡി) പ്രസ്തുത തുക ഇതുവരെ അക്കാഡമിക് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശീർഷകത്തിൽ നീക്കിയിരിപ്പില്ലാത്തതിനാലും ബജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക അനുവദിച്ചതിനാലും ട്രഷറി നിയന്ത്രണം കാരണവും പദ്ധതിയേതര ഇനത്തിലെ 17.25 ലക്ഷം രൂപയും 10 ലക്ഷം രൂപയും റിലീസ് ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല.

(ഇ) മാപ്പിള കലാ അക്കാദമിക്ക് മുമ്പ് ലഭിച്ചതിൽനിന്ന് ബജറ്റ് വിഹിതം കുറയുകയും അനുവദിച്ച വിഹിതംതന്നെ മുഴുവൻ നൽകാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് അക്കാദമിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുവെന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) എങ്കിൽ 2023-24 വർഷത്തെ ബാക്കിത്തുകകൂടി അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ലെനിൻ രാജേന്ദ്രൻ സ്മാരക കോംപ്ലക്സ് നിർമ്മാണം**

361(3119) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കടയിൽ ലെനിൻ രാജേന്ദ്രൻ സ്മാരക തിയേറ്റർ കോംപ്ലക്സും സാംസ്കാരിക കേന്ദ്രവും നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

അന്തരിച്ച വിഖ്യാത ചലച്ചിത്രകാരൻ ലെനിൻ രാജേന്ദ്രന്റെ നാമധേയത്തിൽ തിയേറ്ററും സാംസ്കാരിക കേന്ദ്രവും നിർമ്മിക്കുന്ന പദ്ധതിക്കായി ആദ്യം കണ്ടെത്തിയ സ്വകാര്യഭൂമി വിട്ടുകിട്ടാത്തതിനെത്തുടർന്ന് മാറനല്ലൂർ വില്ലേജിൽ മറ്റ് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്തിയിരുന്നു. സാംസ്കാരിക വകുപ്പിന് ഭൂമി ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം നൽകിയിട്ടുണ്ട്. കെ.എസ്.എഫ്.ഡി.സി. ലഭ്യമാക്കിയ

സ്കെച്ച് ഉൾപ്പെടെയുള്ള പ്രീ ഡി.പി.ആർ. പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം**

362(3120) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ഗ്രാമപഞ്ചായത്തിൽ വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പുമുഖേന സ്വീകരിച്ച നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത സാംസ്കാരിക കേന്ദ്രത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം അനന്തമായി നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

എങ്കിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

(എ-സി) തലശ്ശേരി താലൂക്കിലെ പാട്യം അംശം ദേശത്ത് 2.15 ഏക്കർ സ്വകാര്യ ഭൂമി വാഗ്ഭടാനന്ദന്റെ പേരിൽ നിർമ്മിക്കുന്ന സമുച്ചയത്തിനായി സാംസ്കാരിക വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ പാട്യം വില്ലേജിലെ റീസർവ്വേ നം. 24/9, 24/8, 25/6, 25/7 ഉൾപ്പെട്ട പാട്യം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 0.3887 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കെ.എസ്.എഫ്.ഡി.സി. മുഖേന കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. അംഗീകരിച്ച് ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## സിനിമ സെസ്സ്

363(3121) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമ സെസ്സ് ഏർപ്പെടുത്തിയത് എന്നുമുതലാണെന്നും ഇത് ഏതുനിരക്കിൽ എപ്രകാരമാണ് ഈടാക്കി വരുന്നതെന്നും അറിയിക്കാമോ;

(ബി) സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേയ്ക്ക് കൈമാറുന്നതിന് വേണ്ടിയാണോ ഈ തുക ഈടാക്കുന്നതെന്നും എങ്കിൽ ഇത് കൈമാറുന്നത് എപ്രകാരമാണെന്നും വ്യക്തമാക്കുമോ?

(എ&ബി) 16-01-2013-ലെ കേരള ഗസറ്റ് 135 പ്രകാരം പ്രസിദ്ധീകരിച്ച നോട്ടിഫിക്കേഷൻ 15-01-2013-ലെ G.O.(MS)No.15/13/LSGD പ്രകാരം സെസ്സ് പിരിച്ചുതുടങ്ങി. 1961-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദ നികുതി ആക്ടിലെ (1961-ലെ 20) 3 സി വകുപ്പുപ്രകാരം നിധിയിലേയ്ക്ക് കൊടുക്കേണ്ടതായ, 25 രൂപയിൽ കവിയുന്ന ഓരോ സിനിമാ

ടിക്കറ്റിൽനിന്നും 3 രൂപ നിരക്കിൽ തിയേറ്റർ ഉടമകൾ വസൂലാക്കുന്ന സെസ്സ് സമാഹരിച്ച് എല്ലാ മാസവും 15-ാം തീയതിക്കുമുമ്പായി ഇതിലേയ്ക്കായി നിശ്ചയിച്ചിട്ടുള്ള ബാങ്കിന്റെ ശാഖയിൽ നിധിയുടെ അക്കൗണ്ട് ഹെഡിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ക്ഷേമനിധി ബോർഡ് നിശ്ചയിച്ചിരിക്കുന്നപ്രകാരം ഒടുക്കേണ്ടതും അതുസംബന്ധിച്ച വിവരം സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. എന്നാൽ 2017-ൽ ജി.എസ്.ടി. നിലവിൽ വന്നശേഷം 2017 ജൂലൈ മുതൽ തിയേറ്ററുകൾ നേരിട്ട് ക്ഷേമനിധി ബോർഡിന്റെ കാനറ ബാങ്ക് ശാഖയിലെ സെസ്സ് അക്കൗണ്ടിൽ അടച്ചുവരുന്നു.

(സി) സിനിമ സെസ്സ് ഈടാക്കി തുടങ്ങിയതുമുതൽ നാളിതുവരെ ആകെ എത്ര തുകയാണ് പിരിച്ചെടുത്തിട്ടുള്ളതെന്നും ഇതിൽ എത്ര രൂപയാണ് ക്ഷേമനിധിയിലേയ്ക്ക് കൈമാറിയതെന്നും വ്യക്തമാക്കാമോ?

സിനിമ സെസ്സ് ഇനത്തിൽ ലഭ്യമായ തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സിനിമ സെസ്സ് പിരിച്ചെടുത്തശേഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്നതിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

സിനിമ സെസ്സ് പിരിച്ചെടുത്തശേഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുള്ള തിയേറ്ററുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+ 18-01-2024-ലെ തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ് നമ്പർ സ.ഉ.(സാധാ) നം.137/2024/എൽ.എസ്.ജി.ഡി. പ്രകാരം തിയേറ്റർ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള രേഖകളിലൊന്നായി കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ No Due Certificate ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ഷേമനിധി ബോർഡിൽ നിന്നുള്ള No Due Certificate സമർപ്പിക്കുന്ന തിയേറ്ററുകൾക്കുമാത്രമേ നിലവിൽ ലൈസൻസ് പുതുക്കി നൽകുന്നുള്ളൂ.

(ഇ) സെസ്സ് തുക അടയ്ക്കാത്ത സ്ഥാപനങ്ങളിൽനിന്നും പിഴ ഈടാക്കുന്നതിന് തീരുമാനം എടുക്കുകയുണ്ടായോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെസ്സ് അടയ്ക്കാത്ത സ്ഥാപനങ്ങളിൽനിന്നും പലിശയടക്കം കുടിശ്ശിക ഈടാക്കുന്നതിന് ക്ഷേമനിധി ആക്ടിൽ വ്യവസ്ഥയുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**പുതുക്കാട് മണ്ഡലത്തിൽ കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കുന്ന തിയേറ്റർ പ്രോജക്ടിന്റെ നിർമ്മാണം**

364(3122) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ അളഗപ്പനഗർ പഞ്ചായത്തിലെ ആമ്പല്ലൂരിൽ കിഫ്ബി ധനസഹായത്തോടുകൂടി കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കുന്ന തിയേറ്റർ പ്രോജക്ടിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

പുതുക്കാട് മണ്ഡലത്തിലെ അളഗപ്പനഗർ പഞ്ചായത്തിലെ തിയേറ്റർ സമുച്ചയത്തിന്റെ സ്ട്രക്ച്ചറൽ വർക്ക്, ബ്ലോക്ക് വർക്ക്, പ്ലാസ്റ്ററിംഗ് വർക്ക്, റൂഫിംഗ് വർക്ക് മുതലായവ പൂർത്തീകരിച്ചു. സ്റ്റെപ്പ് റാക്കിംഗ്, സംപ് ടാങ്ക്,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെപ്റ്റിക് ടാങ്ക് മുതലായവയുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും പ്രസ്തുത തിയേറ്റർ പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിർമ്മാണ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ?

(ബി&സി) തിയേറ്റർ സമുച്ചയം നിർമ്മിക്കാനുദ്ദേശിക്കുന്ന 62.25 സെന്റ് ഭൂമിയിൽ 7.25 സെന്റ് ഭൂമി കൂടി റവന്യൂ വകുപ്പിൽനിന്ന് ലഭിക്കാനുണ്ട്.

(ഡി) പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിനും നിർമ്മാണത്തിനുണ്ടായിട്ടുള്ള കാലതാമസം അവസാനിപ്പിച്ച് ഉടൻ പൂർത്തിയാക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത തിയേറ്റർ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്. 2024

ഡിസംബർ മാസത്തോടെ പ്രവർത്തനസജ്ജമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ബഹദൂർ അനുസ്മരണ സിനിമ തിയേറ്റർ**

365(3123) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ചിൽ കൊടുങ്ങല്ലൂരിന്റെ അനശ്വര കലാകാരൻ ബഹദൂറിന്റെ പേരിൽ സിനിമാ തിയേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തും ഇപ്രാവശ്യവും കത്തുകൾ നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രദേശത്തിന്റെ പ്രാധാന്യവും സാംസ്കാരിക തനിമയും കണക്കിലെടുത്ത് ബഹദൂറിന്റെ പേരിൽ സിനിമാ തിയേറ്റർ സ്ഥാപിക്കാനുള്ള നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ചിൽ അനശ്വര കലാകാരൻ ബഹദൂറിന്റെ പേരിൽ സിനിമാ തിയേറ്റർ നിർമ്മിക്കുന്ന വിഷയം

അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യത, ഫണ്ടിന്റെ ലഭ്യത, വാണിജ്യസാധ്യത എന്നിവ കണക്കിലെടുത്ത് ഉചിതമായ പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സൗണ്ട് മിക്സിംഗ് ലാബ്**

366(3124) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സ്ഥാപിച്ചിട്ടുള്ള സൗണ്ട് മിക്സിംഗ് ലാബ് നിലവിൽ പ്രവർത്തനക്ഷമമാണോ; അല്ലെങ്കിൽ എത്രകാലമായി ഈ ലാബ് തകരാറിലാണെന്ന് അറിയിക്കാമോ?

ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ആരംഭകാലത്ത് പഴയ സാങ്കേതികവിദ്യയോടുകൂടി നിർമ്മിച്ച സൗണ്ട് മിക്സിംഗ് തിയേറ്റർ (മിക്സിംഗ് ലാബ്) 2017-ൽ നവീന സാങ്കേതികവിദ്യയായ ഡോൾബി അറ്റ്മോസ് സൗണ്ട് മിക്സിംഗിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ചില സാങ്കേതിക കാരണങ്ങൾകൊണ്ട് അത്

പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടില്ല. പക്ഷേ, അവിടെ സ്ഥാപിച്ചിരുന്ന 5.1/7.1 സൗണ്ട് മിക്സിംഗ് തിയേറ്റർ മറ്റൊരു കെട്ടിടത്തിലുള്ള 'ദൃശ്യ' എന്ന തിയേറ്ററിലേയ്ക്ക് മാറ്റിസ്ഥാപിച്ച് ഒരു തടസ്സവും കൂടാതെ ഇപ്പോഴും പ്രവർത്തിക്കുന്നു.

(ബി) എത്ര തുക മുടക്കിയാണ് പ്രസ്തുത ലാബ് സ്ഥാപിച്ചിട്ടുള്ളത്?

1980-കളുടെ പ്രാരംഭഘട്ടത്തിൽ സ്ഥാപിതമായതിനാൽ നിർമ്മാണച്ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

(സി) തകരാറ് പരിഹരിച്ച് ലാബ് അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ?

മെയിൻ റിക്കോർഡിംഗ് തിയേറ്റർ നൂതന സാങ്കേതികവിദ്യയായ അറ്റ്മോസ് സൗണ്ട് മിക്സിംഗ് തിയേറ്ററാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

**കലാകാരന്മാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ**

367(3125) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും കേരള സംഗീത നാടക അക്കാദമിവഴി കലാകാരന്മാർക്ക് നൽകിയിരുന്നതുമായ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഈ സർക്കാർ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഇൻഷ്വറൻസ് പരിരക്ഷയിൽ എത്ര രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളതെന്ന വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായ കലാകാരന്മാരുടെ എണ്ണം വെട്ടിക്കുറച്ചിട്ടുണ്ടോ; 2011-16 സർക്കാരിന്റെ കാലത്ത് എത്ര പേർക്കാണ് നൽകിയിരുന്നതെന്നും നിലവിൽ എത്രപേർക്കാണ് നൽകുന്നതെന്നും വിശദമാക്കാമോ; ഗുണഭോക്താക്കളുടെ എണ്ണം വെട്ടിക്കുറയ്ക്കാനുള്ള കാരണം വ്യക്തമാക്കാമോ?

(എ&ബി) കേരള സംഗീത നാടക അക്കാദമി 2011 മുതൽ 642 കലാകാരന്മാർക്ക് അപകട വൈദ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിരുന്നു. പിന്നീടത് 900 ആയി വർധിപ്പിച്ചു. ഓരോ വർഷവും പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ നിശ്ചയിച്ച് കരാർ ഒപ്പിടുകയാണ് ചെയ്യുന്നത്. 2023-2024-ൽ 1253 പേർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയുണ്ടായി. 2 ലക്ഷം രൂപ അപകട ഇൻഷ്വറൻസും മെഡിക്ലെയിമിന് ഒരു ലക്ഷം രൂപയുമാണ് 2023 ഫെബ്രുവരി 2 വരെ ഉണ്ടായിരുന്നത്. ക്ലെയിമുകൾ താരതമ്യേന കുറവായിരുന്നതുകൊണ്ട് അപകടങ്ങൾക്കെന്നപോലെ മെഡിക്ലെയിമിനും 2 ലക്ഷം രൂപ അനുവദിക്കണമെന്ന് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയോട് ആവശ്യപ്പെട്ടതുകൊണ്ട് കഴിഞ്ഞ ഒരേയൊരു വർഷമാണ് മെഡിക്ലെയിമിന് പരീക്ഷണാടിസ്ഥാനത്തിൽ 2 ലക്ഷം രൂപ അനുവദിച്ചത്. ലൈഫ് സർട്ടിഫിക്കറ്റ് നൽകിയ 840 പേർക്ക് ഇൻഷ്വറൻസ് പുതുക്കുന്നതിനുതന്നെ 31 ലക്ഷം രൂപ ആവശ്യമായി വന്നു. 2 ലക്ഷം രൂപ തന്നെ മെഡിക്ലെയിം തുടർന്നാൽ അതിൽ പകുതിപ്പേർക്കുമാത്രമേ പുതുക്കാൻ കഴിയൂ

എന്നതുകൊണ്ടാണ് കൂടുതൽ പേർക്ക് ഇൻഷ്വറൻസ് അനുവദിക്കുകയെന്ന താൽപ്പര്യം മുൻനിർത്തി കഴിഞ്ഞവർഷംവരെ നിലവിലിരുന്ന ഒരു ലക്ഷത്തിന്റെ മെഡിക്ലെയിം എന്ന വ്യവസ്ഥ കരാറിൽ വയ്ക്കേണ്ടിവന്നത്. ഇൻഷ്വറൻസ് പദ്ധതി എന്നത് ഓരോ വർഷവും പുതുക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. 2025 ഫെബ്രുവരി 2 വരെ ഈ കരാർപ്രകാരം മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ. 2025 ഫെബ്രുവരി 3 മുതൽ നടപ്പാക്കുന്ന കരാറിൽ മെഡിക്ലെയിം 2 ലക്ഷം രൂപയാക്കി വർധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) കലാകാരന്മാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ വെട്ടിക്കുറച്ച നടപടി പിൻവലിക്കുന്നതിനും അർഹതപ്പെട്ട മുഴുവൻ കലാകാരന്മാർക്കും ആനുകൂല്യം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അർഹതപ്പെട്ട മുഴുവൻ കലാകാരന്മാർക്കും ആനുകൂല്യം നൽകുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## മുളയ്ക്കൽ ചട്ടമ്പിസ്വാമികളുടെ സ്മാരകം

368(3126) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിച്ചൽ പഞ്ചായത്തിലെ മുളയ്ക്കലിൽ ചട്ടമ്പിസ്വാമികളുടെ സ്മാരകം നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്തായെന്ന് വിശദമാക്കാമോ?

27-02-2024-ലെ സ.ഉ.(സാധാ)നം.105/2024/CLAD പ്രകാരം തിരുവനന്തപുരം മലയിൻകീഴിലെ മച്ചേൽ സ്ഥിതിചെയ്യുന്ന ചട്ടമ്പിസ്വാമികളുടെ മാതൃഭവനം സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനായി 67 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ 19(1) പ്രഖ്യാപന കാലാവധി 08-08-2024-ന് പൂർത്തിയാകുന്നതാണ്. പ്രസ്തുത തീയതിവരെ 12% അധികവർധനവ് കണക്കാക്കിയതുപ്രകാരം 70,35,319/- രൂപയാണ് അവാർഡ് പാസാക്കുന്നതിലേയ്ക്ക് ആവശ്യമായി വരുന്നത്. ടി പദ്ധതിയുമായി

ബന്ധപ്പെട്ട് എൽ.എ. കോസ്റ്റിനത്തിൽ ആകെ ആവശ്യമായ 70,35,319/- രൂപയിൽനിന്നും ആകെ അനുവദിച്ച 62,50,000/- രൂപ കിഴിച്ച് ബാക്കി ആവശ്യമായ 7,85,319/- രൂപകൂടി ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി അനുവദിച്ച് നൽകുന്നതുസംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; അതിനുള്ള അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടില്ല. ഭൂമി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കലാകാര പെൻഷൻ**

369(3127) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാര പെൻഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് അഹമ്മദ് കുട്ടി.പി (മാവണ്ടിയൂർ മൗലവി), പുതുക്കുടി വീട്, അധികാരപ്പടി, എടയൂർ

നോർത്ത്, മലപ്പുറം എന്നയാൾ സമർപ്പിച്ച അപേക്ഷയുടെ (എ 4/1887/23/സാം.വ.) നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) അപേക്ഷയിന്മേൽ സാംസ്കാരികകാര്യ വകുപ്പ് ഡയറക്ടേറ്റ് സ്വീകരിച്ച നടപടി വിശദമാക്കുമോ; പ്രസ്തുത അപേക്ഷ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ;

(സി) അപേക്ഷകന് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) കേരള ഫോക്‌ലോർ അക്കാദമി ശിപാർശ ചെയ്ത് ലഭ്യമാക്കിയ ശ്രീ. അഹമ്മദ് കുട്ടി. പി (മാവണ്ടിയൂർ മൗലവി) എന്നയാളുടെ അപേക്ഷ സാംസ്കാരികകാര്യ വകുപ്പ് ഡയറക്ടറുടെ 19-06-2024-ലെ എ 4-1887/23/സാം.വ. കത്തുപ്രകാരം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**യുവജനക്ഷേമ ബോർഡ് നടപ്പാക്കിവരുന്ന പദ്ധതികൾ**

370(3128) **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡുവഴി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണ്; വിശദീകരിക്കാമോ;

(ബി) നിലവിൽ നടപ്പാക്കിവരുന്ന ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ?

(എ&ബി) **1) ശാസ്ത്രക്വിസ്** - വിദ്യാർഥികളിൽ ശാസ്ത്ര - ചരിത്ര ബോധവും യുക്തിചിന്തയും വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി ഹൈസ്കൂൾതല വിദ്യാർഥികൾക്കായി ശാസ്ത്രക്വിസ് സംഘടിപ്പിച്ചു.

**2) മണിനാദം ജില്ലാതലം മത്സരം –** നാടൻപാട്ട് കലാകാരനായ കലാഭവൻ മണിയുടെ സ്മരണാർഥം നാടൻപാട്ട് ജില്ലാതല മത്സരം സംഘടിപ്പിച്ചു.

**3) ലഹരിവിരുദ്ധ കലാജാഥ പര്യടനം –** മയക്കുമരുന്നിനെതിരെ യുവതികളുടെ കലാജാഥയുടെ പര്യടനം സംഘടിപ്പിച്ചു.

**4) ജനസഭ** - ലോക ലഹരിവിരുദ്ധദിനമായ ജൂൺ 26-ന് ലഹരിവിരുദ്ധ പ്രതിജ്ഞയും അനുബന്ധപരിപാടികളും സംഘടിപ്പിച്ചു.

**5) വിവാഹപൂർവ കൗൺസിലിംഗ് ക്ലാസ്സ് –** വനിതാ ശാക്തീകരണം ലക്ഷ്യമിട്ട് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അവളിടം ക്ലബ്ബുകളുടെ സഹകരണത്തോടെ വിവാഹിതരാകുന്ന വനിതകൾക്കായി വിവാഹപൂർവ കൗൺസിലിംഗ് സംഘടിപ്പിച്ചു.

**6) നീന്തൽ പരിശീലനം** - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ടീം കേരളയുടെ നേതൃത്വത്തിൽ ദേശാഭിമാനി ക്ലബ്ബുമായി സഹകരിച്ച് നീന്തൽ പരിശീലനം സംഘടിപ്പിച്ചു.

**7) ജില്ലാ സെവൻസ് ഫുട്ബോൾ ടൂർണമെന്റ്** - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജില്ലാതല സെവൻസ് ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിൽ യുവജനകാര്യ വകുപ്പുവഴി നടപ്പാക്കിയ പദ്ധതികളും പ്രോഗ്രാമുകളും ഏതൊക്കെയാണെന്ന് അറിയിക്കുമോ?

ജനസഭ, അവളിടം ക്ലബ്ബ് - വിവാഹ കൗൺസിലിംഗ്, നീന്തൽ പരിശീലനം, സെവൻസ് ഫുട്ബോൾ മത്സരം, ലഹരിവിരുദ്ധ കലാജാഥാ പരിശീലനം, കേരളോത്സവം, ലോക കപ്പ് ഫുട്ബോൾ, ബിഗ്സ്ക്രീൻ പ്രദർശനവും വിളംബര ജാഥയും, വനിതാ ദിനാചരണം, പരിസ്ഥിതി ദിനാചരണം, യുവശക്തി പദ്ധതി.

(ഡി) സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന് എന്നിവയുടെ വൻതോതിലുള്ള ഉപയോഗവും കുറ്റകൃത്യങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനായും യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന് എന്നിവയുടെ വൻതോതിലുള്ള ഉപയോഗവും കുറ്റകൃത്യങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനായും യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി കേരള

സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ അവളിടം വനിതാ ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ കലാജാഥ സംഘടിപ്പിച്ചു. ഇക്കാര്യത്തിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മ രൂപീകരിച്ച് കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ തുടങ്ങി യുവജന പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

**സംസ്ഥാനത്തെ തൊഴിൽരഹിതരായ യുവജനങ്ങൾ**

371(3129) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങളുടെ എണ്ണം ഏകദേശം എത്രയാണെന്ന കണക്കുകൾ ലഭ്യമാക്കുമോ?

സംസ്ഥാനത്തെ എല്ലാ യുവജനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് നിയമംമൂലം

നിർബന്ധമാക്കിയിട്ടില്ല. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2024 മാർച്ച് 31 വരെ 26,55,736 ഉദ്യോഗാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് തൊഴിൽരഹിതരായ എത്ര യുവജനങ്ങളുണ്ടായിരുന്നു; ഇവരിൽ എത്രപേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2024 ഏപ്രിൽ വരെ പി.എസ്.സി. മുഖേന ആകെ 86031 ഉദ്യോഗാർഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിയമംമൂലം നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാവരും തൊഴിൽരഹിതരാകണമെന്നുമില്ല. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2024 മാർച്ച് 31 വരെ 26,55,736

ഉദ്യോഗാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2021 ജൂൺ മുതൽ 2024 മാർച്ച് വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെട്ട ഒഴിവുകളിന്മേൽ 37,390 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന യുവജന കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ ജോബ് ഫെസ്റ്റിന്റെ ഭാഗമായി 2247 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിച്ചു.

(സി) ഈ സർക്കാരിന്റെ കാലത്ത് തൊഴിൽ തേടി അന്യസംസ്ഥാനങ്ങളിലേയ്ക്കോ വിദേശത്തേയ്ക്കോ പോയ യുവജനങ്ങളുടെ കണക്കുകൾ സൂക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് തൊഴിൽതേടി അന്യസംസ്ഥാനങ്ങളിലേയ്ക്കോ വിദേശത്തേയ്ക്കോ പോയ യുവജനങ്ങളുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

ചോദ്യം നമ്പർ 2806, 2900 2989 ലഭ്യമല്ല. 2910-ാം നമ്പർ ചോദ്യം ഒഴിവാക്കിയിരിക്കുന്നു.

**അനുബന്ധം - 2**

**(1) ഭാരതപ്പുഴയിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് പുഴയുടെ സുഗമമായ ഒഴുക്ക് തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച ശ്രീ. പി. നന്ദകുമാർ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടി.**

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിലും തുടർന്ന് കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുതുക്കിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ ഭാരതപ്പുഴ ഉൾപ്പെടെയുള്ള നദികളിൽനിന്നും മണൽ നീക്കം ചെയ്യൽ പ്രവർത്തനങ്ങൾ 2016 മുതൽ നിർത്തിവച്ചിരിക്കുകയാണ്.

ബഹുമാനപ്പെട്ട സുപ്രീംകോടതി 27-02-2012-ന് പുറപ്പെടുവിച്ച ദീപക് കുമാർ Vs. ഹരിയാന സംസ്ഥാന വിധിയുടെയും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ 05-09-2013-ൽ പുറപ്പെടുവിച്ച OA No.171/2013

വിധിയുടെയും അടിസ്ഥാനത്തിൽ, നദികളിൽനിന്നും മണൽ ഖനനം ചെയ്യുന്നതിന് പാരിസ്ഥിതികാനുമതി (Environmental Clearance) നിർബന്ധമാണ്. അതിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനും മണൽ വാരൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ കർശനമായി നിരീക്ഷിക്കുന്നതിനുമായി കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2016-ൽ സസ്റ്റൈനബിൾ സാൻഡ് മൈനിങ് മാനേജ്മെന്റ് ഗൈഡ്‌ലൈൻസ് (SSMMG-2016), 2020-ൽ എൻഫോഴ്സ്മെന്റ് ആൻഡ് മോണിറ്ററിംഗ് ഗൈഡ്‌ലൈൻസ് ഫോർ സാൻഡ് മൈനിങ് (EMGSM-2020) എന്നിങ്ങനെ രണ്ട് ഗൈഡ്‌ലൈനുകൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഗൈഡ്‌ലൈനുകൾ പ്രകാരം State Environment Impact Assessment Authority (SEIAA)-ൽനിന്നും 5 ഹെക്ടറിൽ കുറവ് വിസ്തീർണ്ണമുള്ള കടവുകൾക്ക് മണൽ ഖനനത്തിനായുള്ള പാരിസ്ഥിതികാനുമതി ലഭിക്കുന്നതിന്, SEIAA അംഗീകരിച്ച ഡിസ്ട്രിക്റ്റ് സർവെ റിപ്പോർട്ട് (ഡി.എസ്.ആർ.), ജില്ലാ ജിയോളജിസ്റ്റ് അംഗീകരിച്ച മൈൻ പ്ലാൻ, പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട്, ഫാറം IM-ലുള്ള അപേക്ഷ

എന്നിവയും 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള കടവുകൾക്ക് മേൽപ്പറഞ്ഞവ കൂടാതെ എൻവയോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് (EIA), എൻവയോൺമെന്റ് മാനേജ്മെൻറ് പ്ലാൻ (EMP), പബ്ലിക് ഹിയറിങ് നടത്തിയതിന്റെ റിപ്പോർട്ട് എന്നിവയും സമർപ്പിക്കേണ്ടതുണ്ട്.

ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ 14-10-2020-ലെ OA.No.40/2020/EZ നമ്പർ കേസിൽ മണൽ ഖനനത്തിനുള്ള പാരിസ്ഥിതികാനുമതിക്കാവശ്യമായ ഡിസ്ട്രിക്റ്റ് സർവെ റിപ്പോർട്ട് തയ്യാറാക്കേണ്ടത് National Accreditation Board of Education and Training (NABET) അല്ലെങ്കിൽ Quality Council of India (QCI)-യുടെ അംഗീകൃത കൺസൾട്ടന്റുകൾ മുഖേന ആയിരിക്കണമെന്നും വിധിക്കുകയുണ്ടായി.

പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ, 14-02-2022-ലെ സ.ഉ. (സാധാ) നം. 694/2022/RD പ്രകാരം ഭാരതപ്പുഴ ഒഴുകുന്ന പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകൾ ഉൾപ്പെടെ സംസ്ഥാനത്തെ 11 ജില്ലകളുടെ ഡിസ്ട്രിക്റ്റ് സർവെ റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനം കേന്ദ്രസർക്കാർ സ്ഥാപനമായ CSIR-

NIIST (National Institute of Interdisciplinary Sciences and Technology) മുഖേന ആരംഭിച്ചു.

CSIR- NIIST സമർപ്പിച്ച പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളുടെ കരട് ഡിസ്ട്രിക്റ്റ് സർവെ റിപ്പോർട്ടുകൾ, കേന്ദ്രസർക്കാർ ഗൈഡ്‌ലൈനുകൾ പ്രകാരം നടത്തേണ്ട പബ്ലിക് കൺസൽട്ടേഷൻ നടപടികളുടെ ഭാഗമായി, പൊതുജനങ്ങളുടെ അഭിപ്രായം അറിയിക്കുന്നതിനായി 30 ദിവസത്തേയ്ക്ക് ജില്ലകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രസ്തുത വിഷയം സംബന്ധിച്ച അറിയിപ്പ് പത്രപ്പരസ്യം മുഖേന നൽകുകയും ചെയ്തു.

തുടർന്ന് ഡി.എസ്.ആർ.-ൽ ഉൾപ്പെട്ട ഖനന സാധ്യതയുള്ള സൈറ്റുകളിൽ ആർ.ഡി.ഒ. അധ്യക്ഷനായും മൈനിങ് ആൻഡ് ജിയോളജി, ഇറിഗേഷൻ, വനം, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ വകുപ്പുകളിലെ വിദഗ്ധ അംഗങ്ങൾ ഉൾപ്പെട്ടതുമായ സബ്ഡിവിഷണൽ കമ്മിറ്റി രൂപീകരിച്ച് സ്ഥലപരിശോധന നടത്തിയതിനുശേഷം ഡി.എസ്.ആർ. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖേന SEIAA-യുടെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി.

SEIAA-യുടെ ടെക്നിക്കൽ ബോഡിയായ SEAC (State Level Expert Appraisal Committee) പരിശോധിക്കുകയും SEIAA-യുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്ത മലപ്പുറം ജില്ലയുടെ ഡി.എസ്.ആർ. 13-02-2024-ൽ ജില്ലയുടെ വെബ്സൈറ്റിലും ഐ.എൽ.ഡി.എം. വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 10-05-2024-ൽ തൃശ്ശൂർ, പാലക്കാട് ജില്ലകളുടെ ഡി.എസ്.ആർ. SEIAA അംഗീകരിച്ചിട്ടുണ്ട്. SEIAA-യുടെ നിർദേശങ്ങൾകൂടി ഉൾപ്പെടുത്തി ഈ രണ്ട് ജില്ലകളുടെയും അന്തിമ ഡി.എസ്.ആർ. പ്രസിദ്ധീകരിക്കുന്നതിനുമുമ്പുള്ള പരിഷ്കരിക്കൽ പ്രവർത്തനം CSIR-NIIST-ൽ പുരോഗമിക്കുകയാണ്.

SEIAA അംഗീകരിച്ച ഡി.എസ്.ആർ. പ്രകാരം മണൽ ലഭ്യത കണ്ടെത്തിയിട്ടുള്ള സൈറ്റുകളിൽ സ്ഥലപരിശോധന നടത്തി, മണൽ കൊണ്ടുപോകുന്നതിനുള്ള റോഡ് സൗകര്യം ഉൾപ്പെടെയുള്ള സാധ്യതകൾ വിലയിരുത്തി കടവുകൾ ഡീമാർക്കേറ്റ് ചെയ്യേണ്ടതുണ്ട്. പ്രസ്തുത പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലാണ് പാരിസ്ഥിതികാനുമതി (EC)

ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ട കടവുകളുടെ എണ്ണം നിശ്ചയിക്കേണ്ടത്.

5 ഹെക്ടറിൽ കുറവ് വിസ്തീർണ്ണമുള്ള കടവുകൾ ഡീമാർക്കേറ്റ് ചെയ്ത് സർവെ മാപ്പുകൾ തയ്യാറാക്കുന്ന പ്രവർത്തനം ഭാരതപ്പുഴ ഒഴുകുന്ന പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ പുരോഗമിക്കുകയാണ്. ഡീമാർക്കേഷൻ പൂർത്തിയായാൽ മൈനിങ് ആൻഡ് ജിയോളജി വകുപ്പിൽനിന്നും ഓരോ മൈനിങ് സൈറ്റിനും Letter of Intent (LoI) ലഭിക്കേണ്ടതുണ്ട്. തുടർന്ന് മൈനിങ് സൈറ്റുകളുടെ മൈനിങ് പ്ലാൻ തയ്യാറാക്കി ജില്ലാ ജിയോളജിസ്റ്റിന്റെ അംഗീകാരത്തോടെ SEIAA-ൽ സമർപ്പിച്ച് പാരിസ്ഥിതികാനുമതി (EC) നേടാനാകും. പാരിസ്ഥിതികാനുമതി ലഭിച്ചാൽ ഉടൻ ഭാരതപ്പുഴയിലെ കടവുകളിൽനിന്നും നിയമാനുസൃതമുള്ള മണൽ ഖനനം ആരംഭിക്കാൻ കഴിയുന്നതാണ്.

ഇപ്രകാരം, ഭാരതപ്പുഴ ഉൾപ്പെടെയുള്ള നദികളിൽനിന്നും 2024 മുതൽ മണൽ വാരൽ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സംസ്ഥാനസർക്കാർ തീവ്രശ്രമം നടത്തിവരികയാണ്.

(2) ചെമ്മനത്തുകര ഐ.എച്ച്.ഡി.പി. നഗർ നിവാസികൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി സി. കെ. ആശ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടി

വൈക്കം നിയോജകമണ്ഡലത്തിൽപ്പെട്ട ചെമ്മനത്തുകര ഐ.എച്ച്.ഡി.പി. നഗറിലെ നിവാസികൾക്ക് പട്ടയം നൽകുന്നതിന് വന്നിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിലേക്കാണ് സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്.

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ ടി.വി. പുരം പഞ്ചായത്തിൽ ചെമ്മനത്തുകര ഐ.എച്ച്.ഡി.പി. നഗറിൽ 3.92 ഏക്കർ പട്ടികവർഗ വികസന വകുപ്പ് മുഖേന വാങ്ങുകയും 35 പ്ലോട്ടുകളായി തിരിക്കുകയും ഭൂരഹിതരായ 35 കുടുംബങ്ങൾക്ക് അനുവദിക്കുകയും ചെയ്തു. ടി പ്ലോട്ടുകളിൽ 22 എണ്ണം പട്ടികവർഗ വികസന വകുപ്പ് അനുവദിച്ചവർക്കും 6 പ്ലോട്ടുകൾ ദീർഘനാളുകളായി കയറി താമസിക്കുന്നവർക്കുവേണ്ടിയും 3 പ്ലോട്ടുകൾ താൽക്കാലിക ഷെഡ്ഡിൽ താമസിക്കുന്നവർക്കും 4 പ്ലോട്ടുകൾ ഒഴിഞ്ഞുകിടക്കുന്നതുമാണ്.

ചെമ്മനത്തുകര ഐ.എച്ച്.ഡി.പി. നഗറിൽ താമസിച്ചുവരുന്ന 31 കുടുംബങ്ങൾക്കും പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചുവരികയാണ്. പ്രസ്തുത സ്ഥലം റവന്യൂ പുറമ്പോക്കല്ലെന്നുള്ളതാണ് പട്ടയം നൽകുന്നതിന് കാലതാമസമുണ്ടാകാൻ കാരണം. പട്ടികവർഗ വികസന വകുപ്പ് ഭൂമി വാങ്ങിയത് ഐ.റ്റി.ഡി.പി. ഓഫീസറുടെ പേരിലാണെന്നതാണ് സാങ്കേതിക തടസ്സത്തിന് കാരണം. ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കാഞ്ഞിരപ്പള്ളി ഐ.റ്റി.ഡി.പി. ഓഫീസറുടെ പേരിലായതിനാൽ വസ്തു പതിച്ചുനൽകുന്നതിന് ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം നടപടി കൈക്കൊള്ളേണ്ടതുണ്ട്.

ഇത്തരത്തിൽ ഭൂമി വിട്ടൊഴിഞ്ഞ് ലഭിച്ചശേഷം ഐ.റ്റി.ഡി.പി. നൽകുന്ന ലിസ്റ്റുപ്രകാരം അർഹതപ്പെട്ടവർക്ക് 2024 മാർച്ച് മാസത്തിൽ പട്ടയം നൽകാമെന്ന് റവന്യൂ വകുപ്പും ഐ.റ്റി.ഡി.പി.-യും തമ്മിലുള്ള യോഗത്തിൽ ധാരണയായിരുന്നു. എന്നാൽ അർഹരായവരുടെ പട്ടികയും

നിരാക്ഷേപ പത്രവും കൈമാറുന്നതിന് ഐ.റ്റി.ഡി.പി.-യിൽ വന്ന കാലതാമസവും കൈവശക്കാർ അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന കാലതാമസവും പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തിരക്കുകളും കാരണമാണ് സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കാനാകാത്തത്. കൂടാതെ ഓരോ കൈവശക്കാർക്കും വ്യത്യസ്തങ്ങളായ രണ്ട് പ്ലോട്ടുകൾ വീതം അനുവദിക്കുന്നതിനുള്ള ഐ.റ്റി.ഡി.പി. അധികൃതരുടെ ശിപാർശ കാരണം സർവെ നടപടികൾക്കും താമസമുണ്ടായി.

നിലവിൽ മേൽപ്പറഞ്ഞ 3.92 ഏക്കർ ഭൂമി ചെമ്മനത്തുകര ഐ.എച്ച്.ഡി.പി. കോളനി നിവാസികൾക്ക് പട്ടയം അനുവദിക്കുന്നതിനായി വിട്ടുനൽകുന്നതായി ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ രേഖാമൂലം പാലാ റവന്യൂ ഡിവിഷണൽ ഓഫീസറെ അറിയിച്ചിട്ടുള്ളതാണ്. ഭൂമി വിട്ടൊഴിയൽ നടപടിയുടെ ആദ്യഘട്ടമായ വസ്തു സർവെ ചെയ്യുന്ന നടപടി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഇതിന്റെ സർവെ സ്കെച്ച് അടിയന്തരമായി ലഭ്യമാക്കി നോട്ടീസ് പ്രസിദ്ധപ്പെടുത്തി ആക്ഷേപം ഇല്ലാത്തപക്ഷം ഭൂമി വിട്ടൊഴിയൽ നടപടി പൂർത്തീകരിച്ച് റവന്യൂ

ഡിവിഷണൽ ഓഫീസർ നടപടിക്രമം തയ്യാറാക്കുന്നതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമി തരിശിലേയ്ക്ക് മാറ്റി പട്ടയനടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പട്ടയം നൽകാൻ കഴിയും.

(3) നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. പി. വി. അൻവർ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടി

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ നിലമ്പൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി 14-06-2013-ലെ G.O(Rt) No.3359/2013/RD പ്രകാരം റവന്യൂ ഭരണാനുമതി ലഭ്യമായിരുന്നതാണ്. നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിനായി മൊത്തം 17.8050 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. ഏറ്റെടുക്കേണ്ട ആകെ ഭൂമിയെ 7 ബ്ലോക്കുകളായി തിരിച്ച് 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമാണ് നടപടികൾ ആരംഭിച്ചത്.

അർത്ഥനാധികാരിയിൽനിന്നും 35,20,00,000/- രൂപ (മുപ്പത്തിയഞ്ച് കോടി ഇരുപത് ലക്ഷം രൂപ മാത്രം) അനുവദിച്ചിരുന്നു. വർക്ക് ബ്ലോക്ക് 1, 2

പൂർണ്ണമായും വർക്ക് ബ്ലോക്ക് 3-ന്റെ 7.1441 ഹെക്ടർവരെയുമുള്ള ഭൂമി ഭാഗികമായും ഏറ്റെടുക്കുകയും നഷ്ടപരിഹാര തുകയായി 35,17,77,170/- രൂപ (മുപ്പത്തിയഞ്ച് കോടി പതിനേഴ് ലക്ഷത്തി എഴുപത്തിയേഴായിരത്തി ഒരുന്നൂറ്റി എഴുപത് രൂപ മാത്രം) നൽകിയിട്ടുണ്ട്. 2,22,830/- രൂപ ഒന്നാംഘട്ടത്തിൽ ബാക്കിയുണ്ട്.

നിശ്ചിത സമയപരിധിക്കുള്ളിൽ നഷ്ടപരിഹാര തുക അനുവദിക്കുന്നതിനുള്ള ഫണ്ട് അർഥനാധികാരിയിൽനിന്ന് ലഭ്യമാകാതിരുന്നതിനാൽ പ്രസ്തുത പദ്ധതി കാലഹരണപ്പെടുകയും ചെയ്തു. തുടർന്ന് സർക്കാർ നിർദേശത്തിന്റെയും ലീഗൽ ഒപ്പീനിയന്റെയും അടിസ്ഥാനത്തിൽ വർക്ക് ബ്ലോക്ക് 3-ൽ ബാക്കിയുള്ളതും 4-7 വരെയുള്ള വർക്ക് ബ്ലോക്കുകളിലെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 2013-ലെ RFCT LARR പ്രകാരം 4(1) വിജ്ഞാപനം 02-02-2023-ൽ പ്രസിദ്ധീകരിച്ച് ഏറ്റെടുക്കാൻ ബാക്കിയുള്ള 10.6609 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടി ആരംഭിച്ചു. മേൽ പദ്ധതിയുടെ 11(1) വിജ്ഞാപനം

06-01-2024-ൽ പ്രസിദ്ധീകരിച്ചു. അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ മലപ്പുറം എൽ.എ. ജനറൽ സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിൽ പുരോഗമിച്ചുവരികയാണ്. മേൽപ്രവൃത്തിക്കായി അർഥനാധികാരി 50,00,000/- രൂപ (അമ്പത് ലക്ഷം രൂപ മാത്രം) കണ്ടിജൻസി ചാർജിനത്തിൽ അനുവദിച്ചിട്ടുണ്ട്.

2013-ലെ RFCT LARR ആക്ട് പ്രകാരം അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട്, ആർ.ആർ. പാക്കേജ്, 19(1)പ്രഖ്യാപനം, അവാർഡ് എന്നീ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്.

170 സർവെ നമ്പരുകളിൽനിന്നായി 250 കൈവശക്കാർ ഉൾപ്പെട്ട ഭൂമിയിൽ ബി.വി.ആർ. തയ്യാറാക്കുന്ന നടപടിയാണ് നിലവിൽ പുരോഗമിക്കുന്നത്. ഇത് ജൂലൈ മാസം 15-ഓടെ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. നടപടികൾ പൂർത്തീകരിച്ച് നഷ്ടപരിഹാരത്തുക അർഥനാധികാരി മുമ്പാകെ സമർപ്പിക്കും.

അർഥനാധികാരി നഷ്ടപരിഹാരത്തുക അനുവദിക്കുന്നമുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ഏത് ആശങ്കയും പരിഹരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു. ഈ വിഷയത്തിൽ അടിയന്തരമായി ബഹുമാനപ്പെട്ട അംഗത്തെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിളിച്ചുചേർത്ത് നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ സ്ഥലപരിമിതി പരിഹരിക്കുന്നതിനുള്ള നടപടി സംബന്ധിച്ച ശ്രീ. കെ. ആൻസലൻ എം.എൽ.എ.-യുടെ സബ്മിഷന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ മറുപടി

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലെ നെയ്യാറ്റിൻകര, കുളത്തൂർ സർക്കാർ ആർട്സ് & സയൻസ് കോളേജ് 2014-15 മുതൽ കുളത്തൂർ ടെക്നിക്കൽ ഹൈസ്കൂളിന്റെ ഭൂമിയിൽ സ്കൂളിനുവേണ്ടി നിർമ്മിച്ച ഇരുനില കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കോളേജിന്റെ പ്രവർത്തനത്തിന്

സ്വന്തമായി ഭൂമി ലഭ്യമായിട്ടില്ല. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി 07-07-2023-ന് ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. ടി യോഗത്തിൽ കോളേജിന്റെ കെട്ടിടം നിർമ്മിക്കുന്നതിനായി കുളത്തൂർ പ്രദേശത്ത് അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിന് നിർദേശിക്കുകയും കുളത്തൂരിലുള്ള ഇന്റഗ്രേറ്റഡ് പവർ ലൂം സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം കോളേജ് കെട്ടിടം നിർമിക്കുന്നതിന് ലഭ്യമാകുമോയെന്ന് പരിശോധിക്കാനും തീരുമാനിച്ചു. പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇന്റഗ്രേറ്റഡ് പവർ ലൂം സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള 5 ഏക്കർ സ്ഥലം കുളത്തൂർ കോളേജിനുവേണ്ടി ലഭ്യമാക്കുന്നതിനായി കൈത്തറി-വസ്ത്ര ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി.

എന്നാൽ, ഇന്റഗ്രേറ്റഡ് പവർ ലൂം സൊസൈറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്ന സാഹചര്യത്തിലും എൻ.സി.ഡി.സി.-യിൽനിന്നും സംഘമെടുത്ത ലോണിന്റെ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നതിനാലും ഭൂമി

വിട്ടുനൽകുന്നത് സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാകുമെന്നതിനാലും പൊതുയോഗ തീരുമാനമില്ലാതെ ഏകപക്ഷീയമായി സംഘം വക ഭൂമി ഏറ്റെടുക്കാൻ നിയമ തടസ്സമുള്ളതിനാലും വസ്തു ഏറ്റെടുക്കുന്നതിനുള്ള നിർദേശം പ്രായോഗികമല്ലെന്ന് സംഘം രജിസ്ട്രാർകൂടിയായ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

NAAC അംഗീകാരം, സ്ഥിരമായ അഫിലിയേഷൻ തുടങ്ങിയവ കരസ്ഥമാക്കാൻ 5 ഏക്കർ ഭൂമി ആവശ്യമാണ്. നെയ്യാറ്റിൻകര-കുളത്തൂർ മേഖലയിൽ കോളേജ് ക്യാമ്പസ് സജ്ജീകരിക്കാൻ അനുയോജ്യമായ ഭൂമിയാണ് ഇന്റഗ്രേറ്റഡ് പവർ ലൂം സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ളതെന്നതിനാൽ വ്യവസായകേന്ദ്രം രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി വ്യവസായ വകുപ്പുമായി കൂടിയാലോചിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## (5) വാടാനപ്പിള്ളി ബീച്ച് ടൂറിസം പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി

വാടാനപ്പിള്ളി ബീച്ച് ടൂറിസം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചാണ് ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ.-യുടെ സബ്മിഷൻ. ബീച്ച് ടൂറിസത്തിന് ഏറ്റവും സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. വിവിധ പദ്ധതികളിലൂടെ ടൂറിസം വകുപ്പ് ബീച്ച് ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ബീച്ച് സാഹസിക ടൂറിസം പദ്ധതികൾ വ്യാപകമാക്കുന്നതിന് ടൂറിസം വകുപ്പ് പദ്ധതികൾ നടപ്പാക്കുന്നത് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുകൂടിയാണ്. പുതിയ ബീച്ച് ഡെസ്റ്റിനേഷനുകൾ കണ്ടെത്തുകയും വികസിപ്പിക്കുകയും ചെയ്യുകയെന്നത് കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഗുണകരമാകുന്ന ഒന്നാണ്. നിലവിലുള്ള കേന്ദ്രങ്ങളിലെ തിരക്ക് കുറയ്ക്കാനും കൂടുതൽ സഞ്ചാരികൾക്ക് എത്തിച്ചേരാനും ഇതുവഴി സാധിക്കും. വാടാനപ്പിള്ളി ബീച്ച് ടൂറിസത്തെ ഈ നിലയിലാണ് ടൂറിസം വകുപ്പ് സമീപിക്കുന്നത്.

2022-23 ബഡ്ജറ്റിൽ 10 കോടി രൂപ അടങ്കൽ തുക അനുവദിച്ച പദ്ധതിയാണ് വാടാനപ്പിള്ളി ബീച്ച് ടൂറിസം പദ്ധതി. എം.എൽ.എ.-യുടെ മുൻകൈയിൽ ഇതിനുള്ള പ്രാഥമികപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ വാടാനപ്പിള്ളി ബീച്ച് ടൂറിസം പദ്ധതിക്കുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയാണ് ചെയ്യുന്നത്. പദ്ധതിരേഖ സമയബന്ധിതമായി തയ്യാറാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ടൂറിസം സെക്രട്ടറിക്ക് നിർദേശം നൽകാം.

(6) കണ്ണമംഗലം പൊതുവായിൽ, ഷാപ്പ് പാലങ്ങളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. കെ. പ്രേംകുമാർ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ രണ്ട് പാലം പ്രവൃത്തികൾ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സബ്മിഷൻ. ഈ പാലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എം.എൽ.എ. നേരിൽ സംസാരിച്ചതും തുടർന്ന് ചില നടപടികൾ സ്വീകരിക്കുകയും ചെയ്തതാണ്. കണ്ണമംഗലം

പൊതുവായിൽ പാലം ഒറ്റപ്പാലം മണ്ഡലത്തിൽ അമ്പലപ്പാറ-മണ്ണൂർ റോഡിലാണ് സ്ഥിതിചെയ്യുന്നത്. നിലവിൽ ഈ പാലം വളരെ ഇടുങ്ങിയതാണ്. ഇത് പുനഃനിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഉടൻ ഭരണാനുമതി നൽകും. ഇതിന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്.

അമ്പലപ്പാറ-മണ്ണൂർ റോഡിൽത്തന്നെയാണ് കണ്ണമംഗലം ഷാപ്പ് പാലവും സ്ഥിതിചെയ്യുന്നത്. ഈ പാലവും വളരെ ഇടുങ്ങിയതാണ്. കണ്ണമംഗലം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിനനുസരിച്ച് തുടർനടപടികൾ ആലോചിക്കാം.

*******